വിശ്വകൊങ്കണി
സാഹിത്യം - 10

ചൂള



विमला वी पै
विश्व कोंकणी
साहित्य पुरस्कार

Award Winning Novel

മഹാബളേശ്വർ സൈൽ

An inscription in Konkani at the foot of one of the largest monolithic statues in the world. The statue of Lord Gomateshwara was created around 983 A.D. by Chamundaraya, a Minister of the Ganga King, Rajamalla.

2

3

മഹാബളേശ്വർ സൈൽ

ചൂള

വിവർത്തനം :

ഡോ. എൽ. സുനീതാ ബായ്

കൊങ്കണി ഭാസ് അനി സംസ്കൃതി പ്രതിഷ്ഠാൻ
വിശ്വ കൊങ്കണി കേന്ദ്രം
കൊങ്കണി ഗാംവ്, ശക്തിനഗർ, മംഗളൂർ - 575 016

9

CHOOLA
(Novel)

Konkani Original by :
Mahabaleshwar Sail

Malayalam Translation by:
Dr.L.Suneetha Bai

© Konkani Language and Cultural Foundation (R)
First Edition : December 2011

Publishers :
Konkani Language and Cultural Foundation (R)
World Konkani Centre, Konkani Gaon,
Shakthinagar, Mangalore - 575 016
Email: baraya@vishwakonkani.org

Printed at : Viani Printings, Ernakulam

Price : ₹200.00

ISBN 978-81-922856-7-2

Copies available at :
P.G. Kamath Foundation (R)
'Puduma', Parinamam Road, Kaloor
Ernakulam - 682 017
E-mail: pgkamat.foundation@gmail.com

ശ്രീ. മഹാബളേശ്വർ സൈൽ (1943 –) കൊങ്കണി ഭാഷയിലെ പേരുകേട്ട കഥാകൃത്തും നോവലിസ്റ്റുമാണ്. കൊങ്കണി നോവൽ സാഹിത്യത്തിൽ പുതിയ പ്രവണതകളുടെ വക്താവായി അദ്ദേഹം നിലക്കൊള്ളുന്നു. ഗോവയുടെ അതിർത്തിയിൽ കിടക്കുന്ന ഉത്തരകർണ്ണാടകത്തിലെ കാളീ നദീതീരത്തു താമസിക്കുന്ന ജനങ്ങളുടെ ജീവിതത്തെ ചിത്രീകരിക്കുന്ന അദ്ദേഹത്തിന്റെ 'തരംഗാം' എന്ന ചെറുകഥാ സമാഹാരത്തിന് 1993–ലെ കേന്ദ്ര സാഹിത്യ അക്കാദമിയുടെ പുരസ്കാരം ലഭിച്ചിട്ടുണ്ട്. കാർവാറിലെ കുശവരുടെ ജീവിതത്തെക്കുറിച്ചു പറയുന്ന 'ഹാവ്ഠൺ' എന്ന നോവൽ വളരെ പ്രാധാന്യമർഹിക്കുന്നു. ഇതിന് ഒരു ലക്ഷം രൂപയുടെ 'വിമല വി. പൈ വിശ്വകൊങ്കണി സാഹിത്യ പുരസ്കാരം' 2010–ൽ ലഭിച്ചു. ഈ നോവലാണ് ഇവിടെ 'ചൂള' എന്ന പേരിൽ മലയാളത്തിൽ ഡോ. എൽ. സുനീതാ ബായ് പരിഭാഷപ്പെടുത്തിയിരിക്കുന്നത്.

കൊച്ചി സർവകലാശാലയിൽനിന്ന് ഹിന്ദി വിഭാഗം മേധാവിയായി വിരമിച്ച ഡോ. എൽ. സുനീതാ ബായ് (1944 –) ഒരു കൊങ്കണി നിഘണ്ടു പ്രസിദ്ധീകരിച്ചിട്ടുണ്ട്. വിവിധ ഗവേഷണ പ്രബന്ധങ്ങളും വിവർത്തനങ്ങളുമായി പതിനെട്ട് പുസ്തകങ്ങൾ ഇവരുടേതായിട്ടുണ്ട്. ഭാരതീയ അനുവാദ പരിഷത്തിന്റെ 2005–2006–ലെ 'ദ്വിവാഗീശ് പുരസ്കാരം' ഇവർക്ക് ലഭിച്ചിട്ടുണ്ട്.

PREFACE

Shri Mahabaleshwar Sail is a prolific writer in Konkani. Shri Sail has acquired a place in the frontline of Konkani – nay Indian languages by his Novels, Short Stories, plays etc., and has received several national awards. His literature has been translated into other Indian languages.

Last year in 2010 Konkani Language & Cultural Foundation instituted Vimala V.Pai Vishwa Konkani Sahitya Puraskar for the 'Best Konkani Book'. And '**Hawthan**' Konkani Novel written by Shri.Mahabaleshwar Sail was adjudged as **the Best Konkani Book of the year 2010**. He was honoured at a gala function at Madgaon, Goa, by Hon. Chief Minister of Goa Shri.Digambar Kamath and felicitated by renowned Oriya writer Dr.Prafulla Kumar Mohanty, Bhuvaneshwar.

Konkani Language & Cultural Foundation has formed **Vishwa Konkani Sahitya Akademi** to promote and develop Konkani literature, especially translation of Konkani literature to other Indian Languages and English and also from other languages to Konkani as well. This will help Konkani literature to attain a place of honour at national and International levels and bring Konkani writers to the forefront worldwide.

World Konkani Sahitya Akademi members hail from Mumbai, Goa, Karnataka and Kerala who are writers with great literary works to their credit. World Konkani Sahitya Akademi has already published 8 value based books, translation works and also published dictionaries, Encyclopedias and received acclaim from litterateurs.

'Hawthan' the Best, Konkani Book of the year 2010 is now got translated into English, Kannada and Malayalam. **The English version named 'The Kiln' is already translated by Smt.Vidya Pai, Kolkata, and the Malayalam version 'Choola' in your hands is translated by Dr.L.Suneeta Bai, Kochi.**

I have great hopes that within a few years hence, with the help and advice from the members of World Konkani Sahitya Akademi, Vishwa Konkani Sahitya (literature) will surely create a landmark in the Indian literary world. Konkani Language & Cultural Foundation and World Konkani Sahitya Akademi at World Konkani Centre are indebted to Smt. Shalini M.Sail for giving Copyright voluntarily.

We thank Shri.Payyanur Ramesh Pai, our member, for the help and advice for bringing out translation of 'Hawthan' to English, Malayalam and Kannada languages.

We say 'Devu Baren Koro' to **Viani Printers, Ernakulam, for the nice printing of the book 'CHOOLA'** and Shri.Dilip Borkar, Bimb Prakashan, Agasim, Goa the publishers of 'Hawthan' to permit us to take the design of **'HAWTHAN'** to all the three translators and publications.

Lastly, I shall place on record our sincere **Pranams to Sri.T.V.Mohandas Pai** for establishing Smt. Vimala V.Pai Vishwa Konkani Sahitya Puraskar and help publishing 3 translations of 'HAWTHAN' Konkani novel in English, Kannada and Malayalam.

'Devu Baren Koro'

BASTI VAMAN SHENOY
President
Konkani Language & Cultural Foundation (R)

MANGALORE
18.12.2011

പരിഭാഷക്കൊരു മുഖവുര

മഹാബളേശ്വർ സൈൽ കൊങ്കണി ഭാഷയിലെ പേരുകേട്ട കഥാകൃത്തും നോവലിസ്റ്റുമാണ്. കൊങ്കണി നോവൽ സാഹിത്യത്തിൽ പുതിയ പ്രവണതകളുടെ വക്താവായി അദ്ദേഹം നിലനിൽക്കുന്നു. അദ്ദേഹത്തിന്റെ സാഹിത്യം മിക്കവാറും ഇപ്പോൾ പൂർണ്ണാവസ്ഥ യിലെത്തി എന്നുവേണം പറയാൻ. ഗോവയുടെ അതിർത്തിയിൽ കിടക്കുന്ന ഉത്തര കർണ്ണാടകത്തിലെ കാളീ നദീതീരത്തു താമ സിക്കുന്ന ജനങ്ങളുടെ ജീവിതത്തെ ചിത്രീകരിക്കുന്ന അദ്ദേഹത്തിന്റെ 'കാളീഗംഗ' എന്ന നോവലിനു ശേഷം കാർവാറിലെ കുശവരുടെ ജീ വിതത്തെപ്പറ്റി പറയുന്ന 'ഹാവ്ഠൺ' എന്ന നോവൽ വളരെ പ്രാധാ ന്യമർഹിക്കുന്നു. ഈ നോവലിന് 2010-ലെ 'വിമല വി. പൈ വിശ്വ കൊങ്കണി പുരസ്കാരം' ലഭിച്ചു. ഈ നോവലാണ് ഇവിടെ 'ചൂള' എന്ന പേരിൽ മലയാളത്തിൽ പരിഭാഷപ്പെടുത്തിയിരിക്കുന്നത്.

ഭാരതീയസങ്കല്പം അനുസരിച്ച് കൃഷി ഭൂമിപൂജയാണ്. ഭക്ഷണം പ്രാണപൂജയും. മനുഷ്യന്റെ ജീവിതത്തിൽ ഈ രണ്ടിന്റെയും പ്രസ ക്തി മഹാബളേശ്വർ സൈൽ രചിച്ച കൊങ്കണി നോവലിൽ വളരെ ഭം ഗിയായി എടുത്തു കാണിച്ചിരിക്കുന്നു. കൊങ്കണി സാഹിത്യത്തിലെ നൂതന പ്രവണതകളുടെ ഒരു ശക്തിപ്രവാഹം ഈ നോവലിൽ നമുക്കു കാണാൻ സാധിക്കും. ഇതിലെ പ്രതിപാദ്യം ഒരു ഗവേഷകന്റെ മന സ്സിനെയാണ് കാണിക്കുന്നത്. കുശവന്റെ എളിയ ജീവിതം ഇവിടെ ഗൗരവത്തോടെയും, സഹാനുഭൂതിയോടെയും ചിത്രീകരിച്ചിരിക്കുന്നു. കുശവരുടെ പവിത്രമായ ജീവിതത്തിന്റെ പ്രധാനമായ ഭാഗമാണ് ചൂള എന്നുള്ള കാര്യം ഈ നോവലിൽ ശക്തിയായി പറഞ്ഞിരിക്കുന്നു. ആ ഗോളവൽക്കരണത്തിന്റെ ഫലമായി ഭാവങ്ങളുടെ, ബന്ധങ്ങളുടെ, ഫാ ഷന്റെ, രാജനീതിയുടെ, സംസ്കാരത്തിന്റെ, എന്നു വേണ്ട ജീവിത ത്തിന്റെ എല്ലാ മണ്ഡലങ്ങളിലും പുതിയ മാനങ്ങൾ കണ്ടു തുടങ്ങി. പാവപ്പെട്ട കുടുംബങ്ങൾക്ക് ജീവിതം ഭാരമായി തീർന്നു. എല്ലായി ടത്തും വന്നു ചേർന്ന വ്യാപാരവൽക്കരണം മനുഷ്യത്വത്തേയും, മൂല്യങ്ങളേയും നശിപ്പിച്ചുകഴിഞ്ഞു. ഇവയെല്ലാം വീണ്ടെടുത്ത് പരമ്പ രാഗത ജീവിതമൂല്യങ്ങളെ പ്രതിഷ്ഠിക്കാനും, സംസ്കാരത്തെ പുതിയ വെളിച്ചത്തിൽ ചിത്രീകരിച്ച് അതിന്റെ മഹത്വത്തെ മനസ്സിലാക്കാ നുമുള്ള പ്രയത്നം 'ഹാവ്ഠൺ' എന്ന നോവലിൽ കാണാം. ശവദാഹം പോലും യന്ത്രവൽക്കരിച്ച ഈ യുഗത്തിൽ മൺകലങ്ങൾ മരണാ വശ്യത്തിന് ഉപയോഗിക്കുന്ന കാര്യം വീണ്ടും വീണ്ടും പറഞ്ഞ് പരമ്പര യെ ഓർമ്മിക്കലാണ് ഇവിടെ നടന്നിട്ടുള്ളത്. കുലം, കുലദൈവം,

കുലമഹിമ, കുലത്തൊഴിൽ ഇവയെക്കെ നിലനിർത്തണമെന്നുള്ള സന്ദേശം തുടക്കം മുതൽ അവസാനം വരെ ധ്വനിപ്പിച്ചിരിക്കുന്നത് കാണാം. കുശവരുടെ കഷ്ടപൂർണ്ണമായ ജീവിതവും വ്യവസായവും, അവർ അനുഭവിക്കുന്ന ദുഃഖങ്ങളും ദാരിദ്ര്യവും ജീവിതം ദുഷ്കരമാക്കുന്ന അവരുടെ വിശ്വാസങ്ങളുമെല്ലാം ഈ നോവലിലൂടെ ചിത്രീകരിക്കപ്പെട്ടിരിക്കുന്നു.

ജീവിതമൂല്യങ്ങളെല്ലാം നഷ്ടപ്പെട്ട് കഷ്ടതകളുടെ മഹാസാഗരത്തിൽ കിടന്ന് ഇളകിമറിയുന്ന മനുഷ്യനെ കര പറ്റിക്കാനായി സൈൽ തന്റെ നോവലിൽ ആദർശകഥാപാത്രങ്ങളെ സൃഷ്ടിക്കുന്നു. ഇവയിൽ എറ്റവും പ്രാധാന്യമർഹി ക്കുന്നതാണ് നമ്മുടെ പഴയ പരമ്പരയെ ഓർമ്മിപ്പിക്കുമാറ് കുശത്തെരുവിൽ നിൽക്കുന്ന പഴക്കമേറിയ മാവ്. കുശവർ ഇതിനെ പുരാണപുരുഷൻ, മൂലപുരുഷൻ എന്നൊക്കെ പറയുന്നു. അഞ്ചു പേർ കൈകോർത്തു പിടിച്ചാലും എത്താത്ത വണ്ണമുള്ള വൃക്ഷം, അതിനു മുകളിൽ ശാഖകൾ പടർന്ന് ആകാശം മുട്ടെ വളർന്നിരിക്കുന്നു. ഈ ശാഖകൾ കുശത്തെരുവു മുഴുവൻ വ്യാപിച്ച് തണൽ പരത്തുന്നു. ഇതിന്റെ പഴക്കം വിളിച്ചറിയിക്കാവുന്നതല്ല. ഈ മാവ് നമ്മുടെ പ്രാചീന സംസ്കാരത്തിന്റെ പ്രതീകമായി നോവൽ മുഴുവനും വ്യാപിച്ചിരിക്കുന്നു. എന്നാൽ ദാരിദ്ര്യം അകറ്റുവാനായി നിസ്സഹായരായ കുശവർ ഇത് ഇരുപത്തിനാലായിരം രൂപയ്ക്ക് വിൽക്കുന്നു.

സീതായ എന്ന കഥാപാത്രം കുശത്തെരുവിലുള്ളവർക്കെല്ലാം ഒരു താങ്ങും, തണലുമാണ്. ചെറുപ്പത്തിൽ തന്നെ അവരുടെ ഭർത്താവ് മരിച്ചു. ഒരുപാട് കഷ്ടതകൾ സഹിച്ച് മകനെ വളർത്തി വലുതാക്കിയപ്പോൾ മണ്ണിടിഞ്ഞു വീണ് അവനും മരിച്ചു. എല്ലാം നഷ്ടപ്പെട്ട സീതായ കുശത്തെരുവിലെ അമ്മയും, ചേച്ചിയുമായി ജീവിതം മുന്നോട്ടു കൊണ്ടുപോയി. ശിവറാമിന് അവർ പ്രേരണയായി. അവർ പറഞ്ഞു, 'എന്തിനാണ് കരയുന്നത്? നീ ഒരു പുരുഷ നാണ്. വേറെ കലമുണ്ടാക്കൂ.' നല്ലതും ചീത്തയും തിരിച്ചറിഞ്ഞ് നല്ലതു മാത്രം സ്വീകരിക്കുവാനുള്ള സന്മനസ്സ് അവർക്കുണ്ട്. ആർക്കെങ്കിലും എന്തെങ്കിലും സങ്കടമോ വിഷമമോ വന്നാൽ ഒരമ്മയുടെ സ്ഥാനത്തു നിന്നുള്ള അവരുടെ സമാധാനിപ്പിക്കൽ ശ്രദ്ധേയമാണ്. ശാസ്ത്രം പാലിക്കുന്നവർക്ക് പതിനേഴു വിഘ്നങ്ങളുണ്ടാകുമെന്ന് അവർക്കറിയാം. എന്നാലും ശാസ്ത്രം തെറ്റിച്ചാൽ ഒരിക്കലും നന്നാകുകയില്ലെന്ന് അവർ വിശ്വസിക്കുന്നു.

മൺകലങ്ങളുടെ നിർമ്മാണത്തിലും, വിൽപ്പനയിലും സ്ത്രീകളുടെ പങ്ക് ഇവിടെ പ്രധാനപ്പെട്ടതാണ്. പുരുഷന്മാരുടെ അലസമായ

ജീവിതരീതിയും, സ്ത്രീകളുടെ മേൽ അവരുടെ മേധാവിത്വവും, അതിന്റെ ദുർവശങ്ങളും ഈ നോവലിൽ ഭംഗിയായി ചിത്രീകരിച്ചിരിക്കുന്നു. സ്ത്രീകളുടെ അസുരക്ഷിതമായ ജീവിതവും തൊഴിലും, പുരുഷന്മാർ അവരുടെ നേരെ കാണിക്കുന്ന അശ്രദ്ധയുമെക്കെ ഇവിടെ നന്നായി കാണാം. ഭർത്താവിനാൽ ഉപേക്ഷിക്കപ്പെട്ട് നിവൃത്തിയില്ലാതെ വേശ്യയായി കഴിയുന്ന ബായ്ജ എന്ന കഥാപാത്രം ഇതിന് ഒരു ഉദാഹരണമാണ്. സുന്ദരിയായ ഗുണായ മൺവിളക്കുകൾ വിൽക്കാൻ ഇറങ്ങിയപ്പോൾ അവൾക്ക് സംഭവിക്കുന്ന ദുരന്തവും കുശവസമൂഹത്തിൽ സ്ത്രീകളുടെ അസുരക്ഷിതത്വത്തെയാണ് കാണിക്കുന്നത്. തീയിൽ കുരുത്തത് തീയിൽ തന്നെ അവസാനിക്കുന്നു എന്നാണ് ഇവിടെ ഗുണായയുടെ ജീവിതം കാണിക്കുന്നത്.

സത്യത്തിൽ 'ഹാവ്ഠൺ' നോവലിസ്റ്റിന്റെ ഭാവനകളുടെയും, വിലപ്പെട്ട വിചാരങ്ങളുടെയും ഒരു കലവറ തന്നെയാണ്. ഇതിൽ മുഖ്യമായും കൃഷിക്കാരും കുശവരും അവരുടെ സമ്പന്നവും ദരിദ്രവുമായ ജീവിതങ്ങളും ചിത്രീക രിച്ചിരിക്കുന്നു. രണ്ടു വർഗ്ഗങ്ങളും മണ്ണിനെ ആശ്രയിച്ചു കഴിയുന്നു. കൃഷിക്കാർ മണ്ണിൽ കൂമ്പു മുളപ്പിക്കുന്നു, കുശവർ മണ്ണു ചൂടാക്കി കലമുണ്ടാക്കുന്നു. കൃഷിക്കാർ മുളയേയും തണുപ്പിനേയും, സർഗ്ഗാത്മകതയേയും കാണിക്കുമ്പോൾ കുശവർ ചൂളയേയും, ചൂടിനേയും, നാശത്തിനേയും കാണിക്കുന്നു. കുശവരുടെ ദു:ഖവും ദാരിദ്ര്യവും ഇവിടെ മുന്നിട്ടു നിൽക്കുന്നു. ജീവിതാനുഭവങ്ങളിൽ നിന്ന് സമ്പാദിച്ച അനേകം രത്നങ്ങൾ നോവലിസ്റ്റ് ഇവിടെ നിരത്തുന്നു. ഉദാ ഹരണത്തിനായി രണ്ടെണ്ണം എടുത്തു പറയാം.

1. നഗ്നത മാത്രമുള്ള ഗ്രാമത്തിൽ അലക്കുകാരന്റെ ആവശ്യമില്ല.

2. മന്ത്രങ്ങൾകൊണ്ട് കുഞ്ഞുണ്ടാകുമെങ്കിൽ പുരോഹിതന് ഭാര്യയെന്തിന് ?

ഇവ നോവലിന്റെ മാറ്റു കൂട്ടുന്നു എന്നതിന് യാതൊരു സംശയവുമില്ല. ഇതുപോലെ നമ്മുടെ സംസ്കാരത്തെ കാണിക്കുന്ന പല ഉത്സവങ്ങളും ഈ നോവലിൽ ചിത്രീകരിച്ചിട്ടുണ്ട്. ഇവയിൽ എറ്റവും പ്രാധാന്യമർഹിക്കുന്നത് കുശവനുണ്ടാക്കുന്ന ഗണപതിവിഗ്രഹവുമായി ബന്ധമുള്ള വിനായക ചതുർത്ഥിയാണ്.

ഇത്തരം വിലപ്പെട്ട കൃതികൾ ഒരു ഭാഷയിൽ നിന്ന് മറ്റൊരു ഭാഷയിലേക്ക് പകർന്നു കൊടുക്കുന്നത് വളരെ ആവശ്യമുള്ള ഒരു കാര്യമാണ്. 'ഹാവ്ഠൺ' എന്ന കൊങ്കണി നോവലിന്റെ മലയാളം പരിഭാഷയാണ് ഈ പുസ്തകത്തിലൂടെ വായനക്കാരുടെ മുമ്പിൽ വെക്കുന്നത്. മംഗലാപുരത്തെ വിശ്വ കൊങ്കണി കേന്ദ്രത്തിന്റെ ആഭിമു

ഖ്യത്തിൽ ശ്രീ ബസ്തി വാമന ശേണായിയുടെ ആഗ്രഹപ്രകാരമാണ് ഈ പരിഭാഷ തയ്യാറാക്കിയിരിക്കുന്നത്. കുശവരുടെ ജീവിതം ആധികാരികമായി ചിത്രീകരിക്കുന്ന ആദ്യത്തെ നോവലാണ് 'ചൂള' എന്ന് വേണമെങ്കിൽ പറയാം. കാർവാറിലെന്നപോലെ കേരളത്തിലും വേളാർ സമുദായത്തിൽപെട്ട ആളുകളെ കാണാം. ഹാവ്ഠന്റെ മലയാളം പരിഭാഷയിലൂടെ രണ്ടു പ്രദേശങ്ങളിലും ഉള്ള കുശവരുടെ ജീവിതം താരതമ്യപ്പെടുത്തി പഠനം നടത്തുവാൻ സാധിക്കും എന്ന് ഞാൻ വിശ്വസിക്കുന്നു.

കൊങ്കണി ഭാഷ കേരളത്തിൽ മലയാളവുമായി വളരെ അടുത്തിരിക്കുന്നതിനാൽ കൊങ്കണി നോവലിന്റെ മലയാളം പരിഭാഷ ഒരിക്കലും അസ്ഥാനത്താണെന്ന് പറയാൻ വയ്യ. ഈ പരിഭാഷയിലൂടെ കൊങ്കണി സംസ്കാരം മലയാളി കൾക്ക് എളുപ്പത്തിൽ പകർന്നു കൊടുക്കുവാൻ സാധിക്കും. ഈ കാഴ്ചപ്പാടിൽ ഹാവ്ഠന്റെ മലയാളം പരിഭാഷ വളരെ പ്രസക്തമാണ്.

'ഹാവ്ഠൺ' കുശവരും, അവരുടെ വ്യവസായവും, ജീവിതവുമായി ബന്ധപ്പെട്ട നോവലായതിനാൽ മണ്ണും, മൺകലങ്ങളും. കുശത്തെരുവും, അവിടത്തെ ജീവിതവുമായി ബന്ധപ്പെട്ട സാങ്കേതിക പദങ്ങൾ പരിഭാഷക്കു വേണ്ടി കണ്ടു പിടിക്കുകയെന്നുള്ളത് വളരെ ബുദ്ധിമുട്ടുള്ള ഒരു കാര്യമായിരുന്നു. ഈപദങ്ങളെ കണ്ടുപിടിച്ച് ഉചിതമായ സ്ഥലത്ത് അവയെ പ്രയോഗിക്കാനായി എനിക്ക് കഴിഞ്ഞത് ഇതിന്റെ പിന്നിൽ പല വ്യക്തികളുടെയും സഹായസഹകരണങ്ങൾ ഉണ്ടായിരുന്നതു കൊണ്ടാണ്. ഇവരിൽ ഗോവയിലെ ശ്രീ ഗുരുദാസ് പൈ, പ്രിയദർശിനി താട്കോട്കാർ, കൊച്ചിയിലെ കുഞ്ഞപ്പൻ, ഭാരതി, പാലക്കാട്ടെ വിനി എന്നിവരോട് ഞാൻ വളരെയധികം കടപ്പെട്ടിരിക്കുന്നു.

"ഹാവ്ഠൺ" എന്ന കൊങ്കണി നോവലിന്റെ മലയാളം പരിഭാഷ തയ്യാറാക്കി അത് പ്രസാധനം ചെയ്ത് ശ്രീ മഹാബളേശ്വർ സൈൽ എന്ന കൊങ്കണി നോവലിസ്റ്റിനെ മലയാളഭാഷയുടെ ആസ്വാദകർക്ക് പരിചയപ്പെടുത്തി കൊടുക്കാനുള്ള ഈ സുവർണ്ണാവസരം എനിക്ക് ലഭിച്ചത് ഞാൻ ഭാഗ്യമായി കരുതുന്നു. ഇതിൽ എനിക്ക് വളരെ സന്തോഷമുണ്ട്.

ഡോ. എൽ. സുനീതാ ബായ്
റിട്ടയേർഡ് പ്രൊഫസർ
വൃന്ദാവൻ, കാക്കനാട് പി. ഒ.
കൊച്ചി-682030

ചൂള

ഉച്ചവെയിലിന്റെ കാഠിന്യം കൊണ്ട് അന്നത്തെ നട്ടുച്ച കറുത്ത് കരിഞ്ഞിരിക്കുന്നതായി തോന്നി. പടിഞ്ഞാറെ ദിക്കിൽ ആകാശത്തിനു തൊട്ടു താഴെയായി രാവിലെ മുതൽ കണ്ടു തുടങ്ങിയ കറുത്ത നിറം മാറുന്നില്ലായിരുന്നു, അനങ്ങുന്നില്ലായിരുന്നു, കറുത്ത ഒരു പാമ്പിനെ പോലെ അത് പറ്റിപ്പിടിച്ചിരുന്നു. കാറ്റാണെങ്കിൽ ശാൽമലിയിൽ നിന്നു അപ്പൂപ്പൻതാടി മുകളിലേക്കു ഊതിവിട്ടാലും പറക്കാത്തപരുവത്തിലായിരുന്നു.

എന്നാലും കുശവത്തെരുവിലെ എല്ലാ പണികളും തടസ്സം കൂടാതെ നടന്നു. അവർ ചക്രം തിരിക്കുന്നുണ്ടായിരുന്നു, മൺപാത്രങ്ങൾ മെനഞ്ഞെടുക്കുന്നുണ്ടായിരുന്നു, മെനഞ്ഞെടുത്ത പാത്രങ്ങൾ വെയിലത്ത് ഉണക്കാൻ വെക്കുന്നുണ്ടായിരുന്നു, പിന്നെ ഉപ്പു മാങ്ങയും കൂട്ടി കഞ്ഞി കുടിക്കുന്നുണ്ടായിരുന്നു. പുരുഷൻ വാതിൽക്കൽ നിന്നു കൊണ്ട് ഒരു പ്രാവശ്യം പറഞ്ഞു, 'ഈ വർദ്ധിക്കുന്ന ചൂട് നല്ലതിനല്ല. ദൈവമേ, മഴ പെയ്യുന്നില്ലല്ലോ! ശരീരം നിറയെ വിയർപ്പു തുള്ളികൾ. കാറ്റാണെങ്കിൽ എള്ളോളമില്ല.'

വൈശാഖമാസം പിറന്നു. രോഹിണിനാൾ ഉദിക്കാൻ ഇനിയും സമയമുണ്ട്. ആകാശത്തിലിതെന്തു കോലാഹലമാണ്! കാറ്റും വെയിലും പിടിച്ചു നിറുത്തിയ പോലെ....

ഉച്ചസമയം കഴിഞ്ഞു. എവിടെയോ എന്തോ അനങ്ങിത്തുടങ്ങി. തേങ്ങോലകൾ ചലിച്ചു തുടങ്ങി. പറമ്പിൽ നിൽക്കുന്ന മാവിൻതുമ്പത്തെ ഇലകൾ ഒരു വശത്തു നിന്നു മറുവശത്ത് എത്തി. ഇലകളുടെ "ശൊ ശൊ" എന്ന ശബ്ദം മാത്രം.

ഉടനെ കാറ്റിന് ചൂടു കൂടി. അതിന്റെ വേഗത വർദ്ധിച്ചു. കാറ്റിനൊപ്പം മഴത്തുള്ളികളും തലയിൽവീണു തുടങ്ങി. ചക്രത്തിൽ വെച്ച മൺകലത്തിന്റെ കഴുത്തിനു രൂപം നൽകി മെനഞ്ഞെടുക്കുന്ന കുശവരും വിശ്രമിച്ചു തുടങ്ങി. കയ്യിലെ കലംതല്ലിയും അതിന്റെ കല്ലും അവർ നിലത്തു വെച്ചു. തലേന്ന് ഉണ്ടാക്കിയ പച്ചചട്ടികൾ നിലത്തു ഉണക്കാൻ വെച്ചിരുന്നു. സ്ത്രീകളുടെ ബഹളമായിരുന്നു. അവർ കുട്ടയും, വട്ടിയും കൊണ്ടുവന്ന് ഉണക്കാൻ വെച്ച ചട്ടികൾ പെറുക്കിത്തുടങ്ങി. യശവന്തിന്റെ പത്നി ഗോകുൾ പച്ച മൺകലങ്ങൾ പെറുക്കിക്കൊണ്ടിരിക്കുമ്പോൾ അവ വികൃതമായി. ഉണങ്ങിയ ഒരു മൺകലം നിലത്ത്

വീണുടഞ്ഞു. യശവന്ത് അടുക്കളയിൽ നിന്ന് ഭാര്യയെ ശകാരിച്ചു :

"ക്ഷമകെട്ട ചൂളച്ചീ, എന്താ നിന്റെ കൈ തളർന്നു പോയോ? നല്ലൊരു കലം പൊട്ടിച്ചു കളഞ്ഞല്ലോ.. ഒരെണ്ണം മെനഞ്ഞെടുക്കാൻ പെടുന്ന പാട്."

"നിങ്ങൾ അവിടെന്താ ചുരുണ്ടുകൂടിയിരിക്കുന്നത്, ചന്തിക്ക് കുരുവുണ്ടോ? എഴുന്നേറ്റ് ഒരു കൈ സഹായിച്ചാലെന്താ ചത്തു പോകുമോ ....?".

യശവന്ത് നിശ്ശബ്ദനായി എഴുന്നേറ്റു. അയാൾ ഭാര്യയെ സഹായിച്ചു തുടങ്ങി. മുൻവശത്തെ വീട്ടുതിണ്ണയിൽ നിൽക്കുന്ന പുരുഷൻ നടുവിനു കൈ താങ്ങി സംസാരിക്കുന്നുണ്ടായിരുന്നു.

"ഞാനൊന്നു പറയട്ടെ, പെട്ടെന്നു കുളത്തിൽ നിന്നു മണ്ണു കൊണ്ടുവന്ന് പൊട്ടിയ കലം ശരിയാക്കൂ. മഴ പെയ്തു കുളം നിറഞ്ഞാൽ എന്തു ചെയ്യും, പോയി കുളത്തിൽ ചാടുമോ? ചന്തിക്ക് തല്ലിയാലല്ലാതെ ഇവരുടെ തലച്ചോറ് പ്രവർത്തിക്കുകയില്ല."

യശവന്ത് പറഞ്ഞു, "മണ്ണു കൊണ്ടുവന്നാലും പൊടി കൊണ്ടുവന്നാലും കുശവന് മഴക്കാലത്ത് തന്റെ സ്വന്തം കുടൽ ചിരണ്ടിയിട്ടു വേണം വല്ലതും കഴിക്കാൻ." വിശപ്പു സഹിക്കൂ, പക്ഷെ വിശപ്പു ചോദിക്കുന്നു എരുമ. "അതൊക്കെ പോകട്ടെ. അസമയത്ത് ഒരു മഴ, അതങ്ങനെ പെയ്യുകയും ചെയ്യും തോരുകയും ചെയ്യും."

കാറ്റടിക്കുന്നത് നിലച്ചു. എല്ലായിടത്തും ഇരുണ്ടു കൂടി കറുപ്പു വ്യാപിച്ചു. ആകാശത്തിലെ ഇരുട്ട് ഭൂമിയിലും കണ്ടു തുടങ്ങി. ക്ഷണത്തിൽ മഴ, ചെറുതായി പൊടിഞ്ഞു. പെട്ടെന്ന് വലുതായി. ദൂരെയുള്ള വയലുകളിൽ കൃഷിക്കാർ കലപ്പ പൂട്ടിത്തുടങ്ങി. കലപ്പയും, കൃഷിയിടങ്ങളും, കൃഷിക്കാരുടെ സ്ഥലങ്ങളുമെല്ലാം മഴയുടെ യവനികക്കുള്ളിൽ മറഞ്ഞു പോയി. മുമ്പിലുള്ള വഴിയിൽകാണുന്ന മലകളിൽ നിന്ന് പുക ഉയരുന്നതു പോലെ തോന്നി.

കുശക്കുടിയിലെ സ്ത്രീകളും പുരുഷന്മാരും താടിക്ക് കയ്യും കൊടുത്ത് തങ്ങളുടെ വീടിന്റെ മുമ്പിലുള്ള തിണ്ണയിലിരുന്നു. അവർ ഉൽകണ്ഠയോടും ഭയത്തോടും കൂടി മഴയെ നോക്കിക്കണ്ടു. ഭൂമി, മണ്ണ്, ചെടികൾ, മരങ്ങൾ, കുട്ടികൾ, എല്ലാം മഴയെ നോക്കിക്കണ്ട് തൃപ്തിയടയുമ്പോൾ കുശവന്റെ മുഖത്തുമാത്രം, നാളത്തെ കഞ്ഞിക്കു വകയില്ലല്ലോ എന്നതിന്റെ..... വിശപ്പിന്റെ....... ഉൽകണ്ഠ!! മഴ അധികമായാൽ കുളത്തിൽ വെള്ളം നിറയും, കളിമണ്ണെടുക്കുവാൻ സാധിക്കുകയില്ല. മഴയുള്ളപ്പോൾ മൺകലം ഉണക്കാൻ പ്രയാസം.

ഇതിനിടയിൽ എങ്ങോ ദൂരെ നിന്നു പാടത്തു കൂടി ഒരു പെൺകുട്ടി

നനഞ്ഞു വരുന്നത് അവർ കണ്ടു. ഒക്കത്ത് ഒരു കുട്ടിയുമുണ്ട്. മഴയെ കൂട്ടാക്കാതെ ശിവരാമ് കുശത്തെരുവിൽ വന്നു നിന്നു. കണ്മുകളിൽ കൈ വെച്ച് അയാൾ സൂക്ഷിച്ചു നോക്കി. മുമ്പ് തോളിൽ കയറി കളിച്ചു കൊണ്ടിരുന്ന കുട്ടിയെ അയാൾ തിരിച്ചറിഞ്ഞു.

"ആഹാ...., ഇതു നമ്മുടെ ഘനശ്യാമിന്റെ മകൾ സുനന്ദയല്ലേ? എടാ, ഇവൾ കരഞ്ഞുകൊണ്ടാണല്ലോ വരുന്നത്. എന്താണാവോ കാര്യം?"

അവൾ അരികത്ത് വന്നു.. മഴത്തുള്ളികളും അവളുടെ കണ്ണുനീരും ഒരുമിച്ചൊഴുകി. മഴ കൊണ്ടു അവൾ അടിമുടി നനഞ്ഞിരുന്നു.. നെറ്റിയിലെ കുങ്കുമം മാഞ്ഞിരിക്കുന്നു. അവളുടെ മട്ടു കണ്ട് എന്തോ കുഴപ്പമുണ്ടെന്നു തോന്നി. കുഞ്ഞാണെങ്കിൽ നനഞ്ഞ കുട്ടിക്കുരങ്ങിനെപ്പോലെ അമ്മയെ കെട്ടിപ്പിടിച്ചിരുന്നു. അവൾ കുശത്തെരുവിലെത്തി. തേങ്ങിക്കരഞ്ഞു കൊണ്ട് അവളുടെ അച്ഛന്റെ വീട്ടിനുള്ളിലേക്കു കടന്നു പോയി.

മഴപെയ്തുകൊണ്ടിരിക്കെ കുശക്കുടിയിൽ വാർത്ത പരന്നു. 'ഘനശ്യാമിന്റെ മകൾ സുനന്ദ ഭർത്താവിന്റെ വീട്ടിൽനിന്നു ഓടിവന്നിരിക്കുന്നു. ഉറക്കെ കരഞ്ഞുകൊണ്ട് അച്ഛന്റെ വീട്ടിൽ പോയി.'

ഓരോ വീട്ടിൽ നിന്നും ഒന്നോ രണ്ടോ പേർ ഘനശ്യാമിന്റെ വീട്ടിലേക്ക് വിവരമറിയാൻ പോയിത്തുടങ്ങി. സ്ത്രീകളും പുരുഷന്മാരുമായി പത്തിരുപതു പേർ നനഞ്ഞു വന്ന് വീട്ടിനുള്ളിൽ തള്ളിക്കയറി.

അവളുടെ പിതാവ് ഘനശ്യാം മെലിഞ്ഞ് കറുത്ത്, മുമ്പിലോട്ട് അൽപം കുനിഞ്ഞ്, നടുവ് കൈകൊണ്ടു താങ്ങി അകത്തും പുറത്തുമായി ഉലാത്തിക്കൊണ്ടിരുന്നു. അയാൾ ഒരു ജോലിയും ചെയ്യാതെ പിറുപിറുത്തുകൊണ്ടിരുന്നു. ഇടയ്ക്കിടെ ശിവ ശിവ എന്ന് പറഞ്ഞു കൊണ്ടിരുന്നു. അമ്മ രുക്മിണി കൊച്ചുമോനെ തന്റെ സാരിത്തുമ്പു കൊണ്ട് തുടച്ച് ഭർത്താവിനെ കുറ്റപ്പെടുത്തി. "വേണ്ടാ വേണ്ടാ പെണ്ണിനെ കൊടുക്കേണ്ടാ എന്നു പറഞ്ഞിട്ടും ഇയാൾ അവളെ സഹോദരിയുടെ മകനെ കൊണ്ട് കെട്ടിച്ചു. സഹോദരിയാണെങ്കിലോ ഒരു രാക്ഷസി... വഴക്കാളി. നിങ്ങളും അവളും ഒരേ വിത്തല്ലേ?. നിങ്ങളും ഇപ്പോൾ നടുവൊടിഞ്ഞ് ആമയെപ്പോലെ ഇരിക്കുന്നില്ലേ?. മുമ്പൊക്കെ വടി കൊണ്ട് എന്നെ അടിക്കുമായിരുന്നില്ലേ?"

അപ്പോൾ ഘനശ്യാം ഉറക്കെ പിറുപിറുത്തു. 'ആദ്യമായി നീ ഇവിടെ വന്നപ്പോൾ ചണ്ടികയെപ്പോലെ അവളുമായി വഴക്കു കൂടുമായിരുന്നു. അവൾ കരഞ്ഞു കൊണ്ടും നിന്നെ പ്രാകിക്കൊണ്ടും നിന്റെ അടുത്തു നിന്നു പോകുമായിരുന്നു. പെണ്ണിനെ കൊടുത്തെങ്കിലും....."

ഗോപാൽ ഇതിനിടയ്ക്കു ചൂടായി. 'മകൾ നനഞ്ഞു കുതിർത്ത്

ഇറയത്തിരുന്ന് കരയുന്നു. നിങ്ങളെന്താ ഇങ്ങനെ വഴക്കിടുന്നത്?' അയാൾ പിന്നീട് സുനന്ദയോടായി ചോദിച്ചു, "നിനക്കെന്തു പറ്റി എന്താ ഒറ്റയ്ക്ക്?"

ഒരുത്തി തുണി കൊണ്ട് അവളുടെ തല തോർക്കുന്നുണ്ടായിരുന്നു. കരഞ്ഞു കൊണ്ട് സുനന്ദ പറഞ്ഞു, 'ചേട്ടാ, അവരെന്നെ തല്ലുന്നു, ഭർത്താവും, അമ്മായി അമ്മയും, രണ്ടുപേരും! എനിക്ക് അവർ തവിടു കഞ്ഞിയാണ് തരുന്നത്. ഞാൻ എന്തു ചെയ്താലും കുറ്റമാണ്. എന്റെ മണ്ണിൽ മുഴുവനും കല്ലാണത്രെ. അവർ പറയുന്നു, ഞാൻ തൊട്ടാൽ ചൂളയിലെ കലം പൊട്ടിപ്പോകുമത്രെ! എന്നെ ചൂളക്ക് അടുത്തു പോലും പോകാൻ സമ്മതിക്കുന്നില്ല. അടുപ്പിൽ തൊടാൻ പോലും അനുവാദമില്ല.'

"നീ സദ്ഗുണസമ്പന്നയാണല്ലോ. എന്തൊരു കഷ്ടകാലമാണീ വന്നു കൂടിയിരിക്കുന്നത്?" ഒരു സ്ത്രീ പറഞ്ഞു.

"ഇക്കൊല്ലം ഒരു കൊങ്കണിയുടെ ഒരു കണ്ടി വയലിൽ പണിക്കു പോയി. എനിക്ക് പണി അറിയില്ലെന്നു പറഞ്ഞ് ഭർത്താവ് വയലിൽ നിന്നു വീടു വരെ എന്നെ തല്ലിക്കൊണ്ടു വന്നു."

കേട്ടവരെല്ലാം രോഷം കൊണ്ടു. അവർ ബഹളമുണ്ടാക്കി. എല്ലാവരും ഒരുപോലെ പറഞ്ഞു തുടങ്ങി "ചെറുപ്പത്തിൽ കൂകി വിളിക്കുന്നവനും ഭ്രാന്തനുമായിരുന്നു. അമ്മാവന്റെ വീട്ടിൽ വന്നാൽ രാവും പകലുമെല്ലാം മാവിൽ കയറുമായിരുന്നു. കശുമാവിന്റെയും മാവിന്റെയും ചുവട്ടിൽ പോകുമ്പോൾ ശരീരത്തിൽ ആകമാനം കുരുക്കൾ ഉണ്ടാകുമായിരുന്നു. ഒച്ചവെച്ച് സംസാരിക്കുമായിരുന്നു."

"ഭ്രാന്തൻ, അച്ഛൻ മദ്യപാനിയുമായിരുന്നു. കുടിച്ചു കുടിച്ചു മരിച്ചു. മകൻ കള്ളനുമായി."

"അമ്മ കസ്തൂരി. പണ്ടു മുതലേ ഏഷണി പറയും. ഒരിക്കൽ കലം വിൽക്കാൻ പോയപ്പോൾ അവൾ ചട്ടിയെടുത്ത് നാട്ടിലെ ഒരുവന്റെ തലയിലടിച്ചു പൊട്ടിച്ചു. നാട്ടുകാർ വടികളുമായി വന്ന് അവരെ നാട്ടിൽ നിന്നും ഓടിച്ചു. ഇനി ആ ഗ്രാമത്തിൽ വന്നുകൂടാ എന്ന് വിലക്കും കൽപിച്ചു."

"അച്ഛനാണെങ്കിൽ വീട്ടുമര്യാദയൊന്നും പാലിക്കുന്നില്ല. സഹോദരന്റെ മകൾക്കു നല്ലതും ചീത്തയുമെല്ലാം അയാൾ നോക്കി നടത്തേണ്ടതല്ലേ?"

കൂട്ടത്തിൽ പ്രായംചെന്ന സീതായ എല്ലാവരേയും തള്ളി മാറ്റി മുന്നോട്ടു വന്നു.

“മോളു നനഞ്ഞു വന്നിരിക്കുന്നു. നിങ്ങളെന്താ സംസാരിച്ചിരിക്കു ന്നേ? അവളുടെ നെറ്റിയിൽ കുങ്കുമം തൊട്ടാട്ടെ”

സീതായ സുനന്ദയുടെ കൈ പിടിച്ച് അവളെ എഴുന്നേൽപ്പിച്ചു. അവളെ അകത്തേക്ക് കൂട്ടിക്കൊണ്ടു പോയി.

‘‘രുക്മിണീ, അവൾക്കുടുക്കുവാൻ ഒരു ഉണങ്ങിയ തുണി കൊടുക്കൂ, ഇത്തിരി കുങ്കുമവും.” പിന്നെ അവർക്ക് ദേഷ്യം വന്നു. ‘ഈ കസ്തൂരിയെന്താണീ കാണിക്കുന്നത്? ഞാനിതു കാണുന്നുണ്ട്. നാളത്തെ ഒറ്റ ദിവസം, മറ്റെന്നാൾ ഇവളെ ഞാൻ കൊണ്ടുപോകും. ആ കലാവതിയുടെ മുടിക്കെട്ടു പിടിച്ചൊന്നു വലിക്കും, നോക്കിക്കോ. ഇവൾക്കെന്തെങ്കിലും പറ്റിയാൽ കുഴി കുത്തി ഞാൻ മൂടിക്കളയും. കണസഗീർ ഗ്രാമത്തിലെ കൊങ്കണികളുടെ നാട്ടുകൂട്ടം വിളിച്ചു കൂട്ടി അവരെ ഞാൻ ഗ്രാമത്തിൽ നിന്നു പുറത്താക്കിക്കളയും.’

ഘനശ്യാം കരഞ്ഞു കൊണ്ട് പറഞ്ഞു. “മൂന്നു നാലു തവണ അവ ൾ മകനു വേണ്ടി പെണ്ണന്വേഷിച്ചു വന്നു. ഇപ്പോൾ മൂന്നു വർഷമായി, ഒരിക്കൽ പോലും അവൾ ഇതിലെ വന്നില്ല.”

“വരാനെങ്ങനെ സാധിക്കും, അവൾ എങ്ങനെ മുഖം കാണിക്കും? വരണ്ടാ.... വരുന്നതിനു മുമ്പുതന്നെ വാതം പിടിച്ചു കിടപ്പായിക്കോളും.”

രുക്മിണിയുടെ വാടിയ കറുത്ത മുഖത്ത് അവളുടെ കണ്ണുകളിലെ തിളയ്ക്കുന്ന ദേഷ്യം പ്രകടമായിരുന്നു.

സുനന്ദ പുറത്തിറങ്ങിക്കൊണ്ട് പറഞ്ഞു, “എന്തിനാ അമ്മേ അതൊ ക്കെ പറയുന്നത്? എന്റെ തലയിലെഴുത്ത് ഞാൻ അനുഭവി ക്കുന്നു.”

സുനന്ദ അത്രയും സ്നേഹമുള്ളവളും ശാന്തസ്വഭാവക്കാരിയും ആയിരുന്നു. അവളുടെ കൈകളും കാലുകളും വല്ലാതെ മെലിഞ്ഞി രുന്നു. നടുഭാഗം തടിച്ചിരുന്നു. അതുകൊണ്ട് അവൾക്ക് ജോലി ചെയ്യാൻ പ്രയാസമായിരുന്നു. സഹോദരന്റെ മകളാണെന്നു പറഞ്ഞ് കസ്തൂരി അവളെ വേണ്ടവണ്ണം നോക്കുമെന്നു എല്ലാവരും വിചാരിച്ചു. അല്ലെങ്കിൽ തന്നെ അവളുടെ കള്ളനും കുടിയനുമായ മകന് ആരാ പെണ്ണു കൊടുക്കുവാൻ തയ്യാറാകുക?

മൂന്നാം ദിവസം രാവിലെ തന്നെ സീതായ സുനന്ദയേയും കൊണ്ട് കണസഗീർ ഗ്രാമത്തിലേക്ക് പുറപ്പെട്ടു. തന്റെ ‘ചര് ചര’ എന്നു ശബ്ദിക്കുന്ന ചെരുപ്പ് കാലുകളിലിട്ട് സുനന്ദയോടു പറഞ്ഞു ‘നടക്കൂ പോകാം, നീ പേടിക്കേണ്ടാ’.

സീതായ അവളേയും കൊണ്ടു പോകുന്ന സമയത്ത് കുശത്തെ രുവിലെ മുഴുവൻ ആൾക്കാരുടേയും ഉൽകണ്ഠ മാറി. എല്ലാ കാര്യങ്ങളും നേരെയാക്കാതെ അവരിനി തിരിച്ചു വരികയില്ല.

2

ഇടിവെട്ടോടു കൂടി മഴ തുടങ്ങി. കുറച്ചു പെയ്തതിനു ശേഷം നിന്നു. പിറ്റേ ദിവസം അതിന്റെ അടയാളം പോലും കണ്ടില്ല. ഉച്ചയായപ്പോഴേക്കും മഴവെള്ളം മുഴുവനും വറ്റിപ്പോകുകയും കാറ്റിൽ പൊടി പറക്കുകയും ചെയ്തു. പിൻവശത്തെ പർവ്വതനിരകളിൽ തണുപ്പ് മുമ്പെന്ന പോലെ വന്നുകൂടി. വെയിലിൽ മഴയിലെ വെള്ളത്തുള്ളികൾ തീ പോലെ വെട്ടിത്തിളങ്ങി. ചുറ്റുമുള്ള വയലുകളിൽ കൃഷിക്കാർ കിളയും, നടലുമോക്കെ നടത്തുന്നതിലേക്ക് കാളകളെ പൂട്ടി. സ്ത്രീകൾ കട്ടകൾ ഉടച്ചും പേറ്റിയും പാടത്തു നിറയ്ക്കാനുള്ള വളം തയ്യാറാക്കുന്നുണ്ടായിരുന്നു അവർ ചെയ്യുന്ന ജോലിയുടെ 'ഘട ഘട' ശബ്ദം അവിടെ മുഖരിതമായി.

കുശവർക്കും തിരക്കായി. കുളം നിറയുന്നതിനു മുമ്പായി മഴക്കാലത്ത് പണിയാനുള്ള മണ്ണ് സംഭരിക്കണം. ഈ കുളത്തിലെ മണ്ണ് വളരെ നല്ലതാണ്. അവരുടെ പൂർവ്വികർ മണ്ണ് പരിശോധിച്ച് മനസ്സിലാക്കി ഇവിടെ താമസം തുടങ്ങിയതായിരിക്കണം. ഇവിടത്തെപ്പോലെ പത്തിരുപത് മൈൽ വിസ്താരമുള്ള സ്ഥലത്ത് മൺകലങ്ങൾ ഉണ്ടാക്കാനുള്ള വെണ്ണ പോലെയുള്ള നല്ല മണ്ണ് വേറെ എങ്ങുമില്ല.

രാവിലെ വളരെ വൈകി അവർ കുട്ടയും മൺവെട്ടിയും കൊണ്ട് മണ്ണെടുക്കാൻ കുളത്തിലേക്ക് പോയി. സത്യത്തിൽ എല്ലാ കുശവരും രാവിലെ എഴുന്നേൽക്കുന്നത് തന്നെ വൈകിയാണ്. കൃഷിക്കാരായ കൊങ്കണികൾ അവരെ എന്നും കളിയാക്കുമായിരുന്നു. കൃഷിക്കാർ വിറകുകെട്ടുകളുമായി കാട്ടിലൂടെ കുന്നിറങ്ങി വരുമ്പോൾ ഇവരുടെ സ്ത്രീകൾ കാട്ടിലേക്ക് പോകുന്നത് കാണാം. കൃഷിക്കാരുടെ കാളകൾക്ക് കലപ്പ കെട്ടി നാല് കുടവ* കണ്ടം കിളച്ച് കഴിയുമ്പോഴേക്കും കുശവർ എഴുന്നേറ്റ് പല്ല് തേക്കുന്നത് കാണാം. കുശവർ വളരെ വൈകി മാത്രമേ ഉറങ്ങാറുള്ളൂ എന്നത് ഒരു സത്യമാണ്. രാത്രിയിലെ തണുപ്പിൽ വളരെയധികം സമയം വരെ അവർ മൺകലങ്ങൾ ഉണ്ടാക്കിക്കൊണ്ടിരിക്കും. തണുപ്പത്ത് അടിയുടെ 'ടോക് ടോക്' ശബ്ദം പ്രതിധ്വനിക്കും. എന്തു ചെയ്യണമെന്നറിയാത്ത സ്ത്രീകൾ പുറത്തുമകത്തുമായി അവരെ നോക്കി നിൽക്കുകയും, ബീഡി കത്തിച്ചു കൊടുക്കുകയും മൺകലം നനക്കാനുള്ള വെള്ളം കൊടുക്കുകയും ചെയ്തുകൊണ്ടിരുന്നു.

---

*ധാന്യത്തിന്റെ ഒരു അളവ് (എട്ടു സേർ)

നിറഞ്ഞതോ വറ്റിയതോ ആയ കുളക്കരയിൽ എത്തുമ്പോഴേക്കും മനസ്സിൽ സന്തോഷം നിറയും. നൂറു മുഴം കുറുകെയും അഞ്ഞൂറു മുഴം നീളത്തിലും കിടക്കുന്ന കുളം. താഴോട്ടുള്ള വഴിയിൽ പൊക്കം കുറഞ്ഞ കയ്യാല. മുകളിൽ നിന്നുള്ള വഴി കുന്നിൻചരിവിലൂടെ ഇറങ്ങി കുളം വരെ നീണ്ടു കാണുന്നു. മധ്യഭാഗത്ത് സ്വൽപ്പം കൃഷിസ്ഥലം. അവിടെ തുറസ്സായ സ്ഥലത്ത് നല്ല പ്രകാശവും എല്ലായ്പോഴും ഒരു തരം ഊർജ്ജസ്വലതയും കാണാം. അത് മനുഷ്യന്റെയല്ല, നാലു ചുറ്റും ചലിച്ചു കൊണ്ടിരുന്ന ഞണ്ടുകളുടേതായിരുന്നു. അവ എന്തൊക്കെയോ ശബ്ദമുണ്ടാക്കി ഓടുമായിരുന്നു. ആരുമില്ലാത്തപ്പോൾ ആളുകളെ വിളിച്ചുണർത്തുന്ന തരത്തിൽ 'ടിക്ടിംവ്', 'ടിക്ടിംവാക്' എന്നുള്ള ശബ്ദത്തോടെ ഏതോ പക്ഷികൾ തലക്കു മീതെ പറക്കും. കുളത്തിൽ വെള്ളമുണ്ടെങ്കിലും ഇല്ലെങ്കിലും ഇവയെല്ലാം ആണ്ടുമുഴുവൻ അവിടെ കാണും. കുളത്തിലോട്ട് എത്തിനോക്കുന്നതുപോലെ തോന്നിക്കുന്ന കുന്നുകൾ കൂടെക്കൂടെ മാറിക്കൊ ണ്ടിരിക്കുന്ന തങ്ങളുടെ രൂപഭംഗി കുളത്തിൽ തന്നെ ഉപേക്ഷിക്കും.

കുളത്തിലേക്ക് താഴെ നിന്നുള്ള വഴിയിലെ വരമ്പ് പൊക്കം കുറഞ്ഞതായിരുന്നു. അതിന്റെ പടിഞ്ഞാറെ വശത്തു കൂടി ഒരു അരുവി ഗ്രാമത്തിലേക്ക് ഒഴുകിക്കൊണ്ടിരുന്നു. അക്കാരണത്താൽ കുളത്തിലേ വെള്ളം മാഘമാസത്തിൽ തന്നെ വറ്റുമായിരുന്നു. ഫാൽഗുനത്തിൽ മുഴുവൻ കുളത്തിന്റെ അടിത്തട്ട് വിണ്ടുകീറിയിരിക്കും. അപ്പോൾ കുളത്തിലേക്ക് കുശവരുടെ പോക്കും വരവും മാത്രമേ ഉണ്ടായിരിക്കുകയുള്ളൂ. കുളം വറ്റുമ്പോൾ തന്നെ കൃഷിക്കാരൻ അവന്റെ മൃഗങ്ങളും തൊഴുത്തുമെല്ലാം ഉപേക്ഷിച്ച് ഗ്രാമത്തിലേക്ക് പോകും. കുശവനാണെങ്കിൽ കുളം വറ്റുമ്പോഴേക്കും മൺകലങ്ങൾ ഉണ്ടാക്കുവാനുള്ള മണ്ണു കിട്ടും.

പുരുഷൻ, പുരുഷന്റെ ഭാര്യ ജാനകി, അവരുടെ മകൾ വിമല, മാത്രമല്ല, ശിവരാമ്, ശിവരാമിന്റെ ഭാര്യ ആബോലെം, ഇവർ ഒരുമിച്ചു കുളക്കരയിൽ വന്നെത്തി. അവർ മണ്ണെടുക്കാൻ കുഴിച്ചു കൊണ്ടിരിക്കുമ്പോൾ കുന്നിന്റെ മുകളിൽ നിന്ന് ആരുടെയോ ശബ്ദം കേട്ടു. പക്ഷെ ആ വഴി നേരെയല്ലായിരുന്നു. ഇടയ്ക്ക് ഒരു മുളങ്കാട് നിൽക്കുന്നു. അത് വളരെ വലുതായിരുന്നു. വെട്ടുകയാണെങ്കിൽ ഏകദേശം നാന്നൂറ് മുളകൾ വരെ കിട്ടും. ചുറ്റുമുള്ള മുള്ളുകൾ കാരണം അടുത്തു പോയി വാക്കത്തി കൊണ്ട് ഒരു മുളയോ, മുളംകൂമ്പോ വെട്ടിയെടുക്കാൻ ബുദ്ധിമുട്ടായിരുന്നു. മുള്ളുകൾ കൊണ്ട് മുളങ്കാട് വളർന്നുകൊണ്ടേയിരിക്കും. പുരുഷനും, ശിവരാമും സ്ത്രീകളെ അവിടെ തന്നെ നിർത്തി മുളങ്കാടിന്റെ ഒരു വശത്തുകൂടി മുകളിലത്തെ വഴിയിലൂടെ

ശബ്ദം കേട്ടിടത്തേക്ക് പോയി. അവിടെ ദൂരെ മൂന്നു വെളുത്ത മനുഷ്യർ നിൽക്കുന്നത് അവർ കണ്ടു ത്രികോണാകൃതി യിലുള്ള ഒരു ചട്ടക്കൂട് വെച്ച് അതിന്മേൽ ഒരു ചെറിയ യന്ത്രം ഘടിപ്പിച്ചു. ഒരാൾ കൊടിയുമായി ദൂരെ നിന്നിരുന്നു.

ശിവരാമ് ചോദിച്ചു , 'എന്താ ചെയ്യുന്നത് ?'

'കുളത്തിന്റെ ചുറ്റുമുള്ള സ്ഥലം സർവ്വേ നടത്തുകയാണ്.' അയാൾ കന്നഡയിൽ സംസാരിക്കുന്നുണ്ടായിരുന്നു. ശിവരാമിന് കന്നഡ അറിഞ്ഞുകൂടാ. പറയുന്നത് കുറെയൊക്കെ മനസ്സിലാകും. വന്നയാൾക്ക് കൊങ്കണി ഭാഷ സംസാരിക്കാൻ വശമില്ലായിരുന്നു. പറഞ്ഞാൽ കുറെയൊക്കെ മനസ്സിലാകും. ബാക്കിയുള്ളവർക്കും കൊങ്കണി സംസാരിക്കാൻ പക്ഷേ അറിഞ്ഞുകൂടാ. എന്നാൽ പറഞ്ഞാൽ മനസ്സിലാകും.

'സർവ്വേ എന്തിനാണ്' ശിവരാമ് ചോദിച്ചു.

'ഇവിടെ അണക്കെട്ട് പണിയുന്നുണ്ട്.' ഇത് പറഞ്ഞയാൾ കറുത്തിരുണ്ട് തടിച്ചാണ്. ഇയാളും പേന കൊണ്ട് എഴുതിക്കൊണ്ടിരിക്കുന്നയാളും ഒരു പോലെയായിരുന്നു. അവർ കന്നഡ കൊഞ്ചിക്കൊഞ്ചി പറഞ്ഞു കൊണ്ടിരുന്നു. കൊടി പിടിച്ചയാൾ അപ്പോൾ അവിടെയെത്തി. അയാൾ കൊങ്കണിയാണ്.

അയാൾ പറഞ്ഞു, 'നിങ്ങളറിഞ്ഞില്ലേ? കുളത്തിന് താഴെയുള്ള വഴിയിൽ നെടുകെ പൊക്കത്തിൽ ഒരു മതിൽ പണിയുന്നു. അപ്പോൾ നദിയിലെ പൊടിമണ്ണും മുകളിലോട്ടു പോരും. കുളം മേയ് മാസത്തിലും വക്ക് വരെ നിറഞ്ഞിരിക്കും.'

'കുളം ഒരിക്കലും വറ്റുകയില്ലെന്നാണോ പറഞ്ഞു വരുന്നത്?', പുരുഷൻ ഭയം കൊണ്ടു ചോദിച്ചു.

ഛരീ, ഛരീ, അങ്ങനെയാണെങ്കിൽ പാലം പണിയുന്നതിനെന്തു പ്രസക്തി? ആ വെള്ളം കൊണ്ട് ഗ്രാമത്തിലെ താഴ്ന്ന സ്ഥലമെല്ലാം വേനൽകാലങ്ങളിൽ കൃഷിക്കുപകരിക്കും.'

'പണി എപ്പോൾ തീരും?'

'പറയാൻ പറ്റുകയില്ല. സർക്കാർ കാര്യമല്ലേ? വേഗം നടക്കും.'

ശിവരാമിന്റെ മുഖം വാടി. അയാൾ പറഞ്ഞു, 'ഞങ്ങൾ കുശവരാണ്. കുളത്തിന്റെ അടിത്തട്ടിലുള്ള മണ്ണു മാത്രമാണ് കുശവന്റെ മൂലധനം. അതില്ലാതായാൽ ഞങ്ങൾ മണ്ണു തിന്നേണ്ടി വരും... ചക്രം പ്രവർത്തിക്കുമ്പോൾ എന്താ ഞങ്ങളുടെ മാംസമിട്ടു പണിയാൻ പറ്റുമോ?' അയാൾ മോഹം അടക്കി നിർത്തി. 'ഇത്രയും കാലം സഹിച്ചു. ഇപ്പോൾ ചങ്കത്തു കയറിയിരിക്കാനാ ഭാവം.'

'നേരത്തെ തന്നേ നിങ്ങൾ എം.എൽ.എ യെയും, മന്ത്രിയെയും കണ്ട് പറയണമായിരുന്നു.'

'ഞങ്ങൾ കുശവർ, ഞങ്ങളുടെ ദു:ഖം ആരു കേൾക്കാനാ. ഞങ്ങൾ വലിയവരല്ലല്ലോ, കളിമൺകട്ടകളെപ്പോലെ എല്ലാവരും ചവുട്ടി മെതിക്കുന്നവർ?'

'ഇനി ഒന്നും നടക്കുകയില്ല, ഒന്നും നടക്കുകയില്ല', എന്നു പറഞ്ഞ് കൊടിയും കൊണ്ട് അയാൾ പോയി.

ശിവരാമും പുരുഷനും തങ്ങളുടെ ഭാരിച്ച മനസ്സുമായി കുളക്കരയിലെത്തി. കുളം വറ്റിയിരിക്കുന്നു. കുളത്തിനടിത്തട്ടിൽ വരണ്ടു പൊട്ടിയ മൺകട്ടകൾ. വരണ്ടുണങ്ങിയ മണ്ണ്. കലമുണ്ടാക്കാൻ ഇത്തരം മണ്ണാണ് വേണ്ടത്. ഇത് ഉണക്കിപ്പൊടിച്ച് കുന്നിലെ ചുമന്ന മണ്ണും കുറേശ്ശെ ചേർക്കും. പിന്നെ വെള്ളം നനച്ച് കുതിർത്ത് കുഴച്ച് വെണ്ണപ്പരുവത്തിലാക്കും. അത് ചക്രത്തിൽ വെച്ച് ലിംഗാകൃതിയിലാക്കി ചക്രം തിരിച്ച് കലത്തിന്റെ കഴുത്ത് മെനഞ്ഞെടുക്കും.

അവർ തളർന്ന കൈകൾ കൊണ്ട് കൂന്താലിയുടെ സഹായത്താൽ മണ്ണ് കുത്തിയിളക്കി, കട്ടകൾ പെറുക്കിയെടുത്ത ശേഷം കുട്ടകളിലാക്കി സ്ത്രീകളുടെ തലയിൽ വെച്ചു കൊടുത്തു. അതിനു ശേഷം മറ്റൊരാളുടെ സഹായത്തോടെ ചുമട് സ്വന്തം തലയിലെടുത്തു. കൂന്താലി ചുമടിനൊപ്പം വെച്ചു. മൺവെട്ടി തോളിലും. 'ശിവരാമ് കുളത്തിൽ വർഷം മുഴുവനും വെള്ളം നിറഞ്ഞു നിന്നാൽ പിന്നെ ഞങ്ങൾ എവിടെ പോകും?'

'എവിടെ പോകാനാ?' സ്ത്രീകളേയും, കുഞ്ഞുങ്ങളേയും കൊണ്ട് ഈ കുളത്തിൽ തന്നെ ചാടി മരിക്കും.'

'ഇല്ല , വേറെയേതെങ്കിലും നാട്ടിൽ?'

'അതിന് മണ്ണുണ്ടായിട്ടു വേണ്ടേ? കുശത്തെരുവ് മുഴുവനും പൊക്കിയെടുത്ത് എവിടെ പോകാനാ? ആരുടെയെങ്കിലും വയറ്റത്തടിക്കാനോ? അല്ലെങ്കിൽ തന്നെ എല്ലായിടത്തും കുശവർ വളരെയധികം ക്ഷീണിതരാണ്....' ശിവരാമിന്റെ വാക്കുകൾ പെട്ടെന്ന് തൊണ്ടയിൽ തടഞ്ഞു.

ഈ വാർത്ത ആദ്യമായി നാട്ടിലറിയിച്ചത് സ്ത്രീകളാണ്. ഓരോ വീട്ടിലും നെഞ്ചിടിപ്പ് കൂടിത്തുടങ്ങി. അവർക്ക് തോന്നി, കുളത്തിൽ വെള്ളം പൊങ്ങും. അതോടെ ഞങ്ങളുടെ വീടുകളും വെള്ളത്തിലാകും.

സന്ധ്യാസമയത്ത് കുറെ പുരുഷന്മാർ ഗ്രാമത്തിൽ പോയി മദ്യപിച്ചു. ശങ്കരൻ മീൻ വാങ്ങാൻ മാജാള ഗ്രാമത്തിലെ ചന്തയിലേക്ക് പോയി. അയാൾ മടങ്ങുമ്പോൾ മനോവ്യഥയോടെയാണ് വന്നത്. മീൻ

ഉമ്മറത്തു വെച്ച് അയാൾ ചൂളയുടെ അടുത്ത് വന്നു നിന്നു. അയാൾ ബഹളമുണ്ടാക്കി, 'നിങ്ങളുടെ കയ്യിൽ മണ്ണു പൊടിക്കുന്ന കലം തല്ലിയില്ലേ? വരമ്പിൽ ഒരു ട്രക്ക് മണ്ണടിച്ചാൽ തലയടിച്ചു പൊട്ടിക്കണം. ട്രക്ക് മറിച്ചിടണം. നടക്കട്ടെ യുദ്ധം. ചോര കൊണ്ട് കുളം നിറയണം. പിശുക്കന്മാരായ കൃഷിക്കാർ കൃഷി ചെയ്യും, തെങ്ങ് നനയ്ക്കും. നമ്മുടെ വായിൽ മണ്ണ്. ഒന്നും നടക്കില്ല. ഇനിയിപ്പോ ചോരക്കളി തന്നെ വേണം.'

ഗോപാൽ ദൂരെ നിന്നു കേട്ടുകൊണ്ടിരുന്നു. അടുത്ത് വന്ന് അയാൾ പറഞ്ഞു, 'കള്ളിന്റെ ബലത്തിലുള്ളമദ്യത്തിന്റെ ശക്തികൊണ്ടുള്ള നിന്റെ ഈ അർഥമില്ലാത്ത വാക്കുകൾ. പഞ്ചായത്തിലെ ഉദ്യോഗസ്ഥൻ കുശക്കുടിയിൽ വന്നാൽ നീ ഒളിച്ച് അടുപ്പിനകത്ത് ചെന്നിരിക്കുന്ന വനല്ലേ? നീയെങ്ങനെ ട്രക്ക് മറിച്ചിടും?'

'ഗോപാൽ, നീ എന്നോടിത് പറയരുത് 'കളി എന്നോട് വേണ്ടാ. നീ എത്ര പുലികളെ കൊന്നിട്ടുണ്ടെന്ന് എനിക്കറിയാം. ഒരിക്കൽ ഒരു കൃഷിക്കാരന്റെ പെണ്ണ് ചെരുപ്പൂരിക്കൊണ്ട് നിന്നെ ഓടിച്ചതല്ലേ. നീ ഓടി വന്ന് സ്വന്തം ഭാര്യയുടെ ചേലയ്ക്കകത്ത് ഒളിച്ചവനല്ലേ. കുറ്റിക്കാട്ടിൽ ഒളിച്ചിരുന്ന് നീ ഞണ്ടിനെ കൊന്നിട്ടില്ലേ.'

'എടാ, ശങ്കർ, കൂടുതലൊന്നും പറയല്ലേ. അടിച്ച് അണപ്പല്ലെടുത്ത് കയ്യിൽ തരും'

'ഇനിയും പറയും. നിനക്ക് ചെയ്യാനുള്ളതെല്ലാം ചെയ്തോളൂ' കുറ്റാന്വേഷണത്തിനായി ആളെ കൊണ്ടുവാ. നിന്നെയുൾപ്പെടെ എല്ലാവരേയും ഞാൻ വിലയ്ക്ക് വാങ്ങും. കൃഷിക്കാരന്റെ ഈ ഭൂമിയെല്ലാം ഞാൻ വാങ്ങും. ഏഴു ജോഡി കാളകളെ പൂട്ടും. നിന്നെപ്പോലെ അടുപ്പത്ത് പാത്രം വെച്ച് അരിക്കായി ഞാൻ അന്യരുടെ വീട്ടിൽ പോയി യാചിക്കാറില്ല.'

അവിടെ വലിയ ബഹളമായി. രണ്ടുപേരും തമ്മിൽ അടിപിടിയും യുദ്ധവുമുണ്ടായി. കുറച്ചു പേർ മദ്യപിച്ചു വന്ന് ദു:ഖിച്ചിരിക്കുന്ന പോലെ സീതായയുടെ പുരയിടത്തിന്റെ അതിർവരമ്പത്ത് മിണ്ടാതെ ഇരിക്കുന്നുണ്ടായിരുന്നു. ദു:ഖം പങ്കിട്ടു കൊണ്ട് അവർ പതുക്കെ സംസാരിച്ചു. ഇപ്പോൾ അവരും എഴുന്നേറ്റു. ഇപ്പോഴാണ് മദ്യം അവരുടെ തലയ്ക്കു പിടിച്ചത്. അവരും ആ ബഹളത്തിൽ ചേർന്നു. രണ്ടിലേതെങ്കിലും ഒരു ചേരിയിൽ കൂടിയിട്ട് ബഹളം വക്കാൻ തുടങ്ങി. ഒരാൾ പറഞ്ഞു, 'ഞങ്ങൾ നേരെ ബാംഗ്ലൂർക്ക് പോകും. മന്ത്രിയുടെ കഴുത്തിന് പിടിച്ചു ചോദിക്കും. ഇനി വരുന്ന ഇലക്ഷന് വോട്ടു ചോദിക്കാൻ വന്നാൽ തല്ലി പുറത്താക്കുമെന്നു പറയും.'

അപ്പോൾ സീതായയും ആ ബഹളത്തിൽ പങ്കു ചേർന്നു. അവർ

പറഞ്ഞു, 'നിങ്ങൾ തിരഞ്ഞെടുപ്പിന് വോട്ടു ചെയ്യാൻ വിളിച്ചാൽ അടയാളം കുത്താനറിഞ്ഞുകൂടായെന്നും വിരലമർത്താനറിയില്ലെന്നും അതുകൊണ്ടു തന്നെ പോകാൻ മടിയാണെന്നും പറയണം. ബാംഗ്ലൂരിലെ വാർത്ത മനസ്സിലാക്കുകയും വേണം. കഴുത്തിൽ കാളക്കയർ കെട്ടി നിങ്ങളെ ബാംഗ്ളൂരിൽ കൊണ്ടു പോകേണ്ടി വരും.'

'നാളെ നമ്മുടെ മണ്ണ് മുഴുവൻ വെള്ളത്തിനടിയിലായാൽ എന്തു ചെയ്യും?'

'സംഭവിക്കേണ്ടത് സംഭവിക്കും. ഇപ്പോൾ തന്നെ നെഞ്ചത്ത് കയറിയിരിക്കുന്നില്ലേ? സർക്കാർകാര്യം ഇനിയും പന്ത്രണ്ട് വർഷമെടുക്കും.'

മദ്യത്തിന്റെ ശക്തി കുറഞ്ഞ വിവരമറിയാതെ എല്ലാവരും മിണ്ടാതെ അവനവന്റെ വീട്ടിലേക്ക് പോയി.

3

കുശവൻ ഒരു ജാതിയല്ല, വെറും ഒരു വ്യവസായം മാത്രം. ഈ വ്യവസായത്തെ ആശ്രയിച്ച് അവരുടെ ജാതി നിശ്ചയിച്ചു. ഈ മാജാള ഗ്രാമത്തിൽ തന്നെ കുശവരുടെ ചാളയിൽ മൂന്നു ജാതിയിൽ പെട്ടവർ ഉണ്ട്. ഇന്ന് അവർ തങ്ങളുടെ ജാതിവ്യത്യാസമെല്ലാം മറന്ന് ഒന്നായി മാറിയിരിക്കുന്നു. ബന്ധു-ബാന്ധവം, ആഹാരം എല്ലാം ഒരുമിച്ചാണ് നടത്തുക. ഇതു വരെ അവർ ജാതിമാഹാത്മ്യത്തെ മാനിച്ചു കൊണ്ടിരുന്നു. കുടുംബത്തിലെ പൂർവ്വികരുടെ വമ്പത്തം പറഞ്ഞുനടന്നിരുന്നു.

'ഭഗത്' എന്ന കുലനാമത്താൽ ഒരു ജാതിയുണ്ടായിരുന്നു. അവർ സ്വയം ക്ഷത്രിയ വർഗ്ഗത്തിൽപെട്ട കുശവരാണെന്ന് വിശ്വസിച്ചിരുന്നു. മുമ്പ് അവർ കാൺകോൺ, പാളൊളെം എന്നീ സ്ഥലങ്ങളിൽ വസിച്ചിരുന്നു. കാൺകോണിലെ മല്ലികാർജുൻ അവരുടെ കുലദൈവമായിരുന്നു. നിങ്ങൾ ഈ കുശവപ്പണി എന്നു തുടങ്ങി, ഇവിടെ എപ്പോൾ എത്തി എന്നൊക്കെ ചോദിച്ചാൽ അവർക്ക് തിട്ടമായി ഒന്നും തന്നെ പറയാനില്ല. കുടുംബത്തിലെ ഒരുവൻ എങ്ങനെ അമ്പഴത്തിൽ നിന്നു വീണ് മരിച്ചു എന്ന് പ്രായമുള്ളവർ പറയും. അമ്പഴത്തിൽ നിന്ന് വീണു മരിക്കുന്നത് അവലക്ഷണമായി അവർ കരുതുന്നുണ്ടായിരുന്നു. മരിച്ച് പതിനൊന്നാം നാൾ പിണ്ഡം വെച്ചപ്പോൾ ഒരു കാക്ക മാത്രം പിണ്ഡം കാലിൽ വെച്ച് ഗ്രാമമുഖ്യന്റെ വീടിന്റെ മേൽക്കൂരയിൽ ചെന്നിരുന്നു. ഗ്രാമം മുഴുവൻ ഭയന്നു. പുരോഹിതനെ ചെന്നു കണ്ട് പ്രശ്നം വെച്ചപ്പോൾ അദ്ദേഹം പറഞ്ഞു, 'അമ്പഴത്തിൽ നിന്ന്

വീണുണ്ടായ അപശകുനമാണ് മരണം. ഗ്രാമത്തിൽ വിപത്ത്. ആദ്യമായി മരണം ഗ്രാമമുഖ്യന്റെതായിരിക്കും. അയാളുടെ അസ്ഥികൾ തുണിയിൽ പൊതിഞ്ഞെടുത്ത് അയാളുടെ കുലത്തിലെ മുഴുവൻ ആളുകളോടും ഗ്രാമത്തിനു പുറത്തു പോകാൻ പറയണം.'

അങ്ങനെ അവരെ ഗ്രാമത്തിൽ നിന്ന് പുറത്താക്കിയപ്പോൾ അവർ അവിടെ നിന്ന് കഷ്ടപ്പെട്ട് പ്രയാണം ചെയ്ത് ഈ സ്ഥലത്തെത്തി. ഇടത്താവളത്തിൽ വെച്ച് അവർ കുശവപ്പണി പഠിച്ചു കാണണം.

ഇനിയൊരു കൂട്ടരുണ്ടായി. അവരുടെ കുലപ്പേർ സുകേർകാർ. തങ്ങൾ ബ്രാഹ്മണരാണെന്ന് അവർ വിശ്വസിച്ചിരുന്നു. പിന്നെ ഒരിക്കൽ ഗ്രാമത്തിൽ ക്ഷാമമുണ്ടായപ്പോൾ രാജാവ് ദരിദ്രർക്കും താഴ്ന്ന ജാതിക്കാർക്കുമായി അന്നദാനം നടത്തി. അക്കൂട്ടത്തിൽ പല താഴ്ന്ന ജാതി വർഗ്ഗത്തിൽ പെട്ട ആളുകൾ വന്ന് ആഹാരം കഴിച്ചു. ഒരു ദിവസം ഈ ബ്രാഹ്മണരുടെ ഒരു പൂർവ്വികൻ വിശപ്പടക്കാൻ വയ്യാതെ താഴ്ന്ന ജാതിക്കാരുടെ പന്തിയിലിരുന്ന് ആഹാരം കഴിച്ചു. ഇത് മനസ്സിലായപ്പോൾ അയാളുടെ ജാതിയിൽപെട്ട ആളുകൾ അയാളെ കൂട്ടത്തിൽ നിന്ന് പുറത്താക്കി. അയാളുമായുള്ള സമ്പർക്കം, ആഹാരം, സംസാരം, നാട്ടുനടപ്പ് എല്ലാം തന്നെ നിർത്തി. അവർ കാണുമ്പോഴൊക്കെ അയാളുടെ നേരെ കാർക്കിച്ചു തുപ്പും.

പൂർവ്വികൻ വല്ലാതെ വിഷമിച്ചു. ഗ്രാമത്തിനു പുറത്ത് കുശവരുടെ വീടുകളിൽ അയാൾ ആശ്രയം തേടി. അപ്പോഴും ഒരു നല്ല കാര്യമു ണ്ടായി. കുശവർ ദരിദ്രരായിരുന്നു. എങ്കിലും ആരും തന്നെ അവർക്ക് ഭ്രഷ്ട് കൽപിച്ചില്ല. ചില സമയങ്ങളിൽ അവരുടെ കൈകൾ കൊണ്ട് വിളമ്പിയത് കഴിക്കുകയും ചെയ്യുമായിരുന്നു. അവർ അവിടെ വെച്ച് കുശവപ്പണി പഠിച്ചിരിക്കണം. ഇപ്പോൾ അവർ ബ്രാഹ്മണത്വം മറന്നു. കൊങ്കണി സംസാരിക്കുന്ന കുശവനുമായി അവർ സംബന്ധം ചെയ്യുന്നു. എന്നാൽ അവരുടെ ശരീരത്തിന്റെ തൊലിവെളുപ്പ് ഇപ്പോഴും കാണാം.

മൂന്നാമത്തെ കുടുംബം ദെവ്ളി കുശവന്റെതാണ്. ഇവിടെ അവരുടെ മൂന്നു വീടുകളുണ്ട്. പണ്ട് അവർ ഗോവയിൽ ഏതോ അമ്പലം വക സ്ഥലത്ത് താമസമാക്കിയിരുന്നു. അവരുടെ പൂർവ്വികരുടെ അമ്മ അമ്പലത്തിലെ ജീവനക്കാരിയായിരുന്നു. പകൽസമയത്ത് അവർ അമ്പലത്തിലെ എല്ലാ പണികളും ചെയ്യും. അമ്പലം മുഴുവൻ അടിച്ചു വൃത്തിയാക്കും. വിളക്കുകൾ, പഞ്ചപാത്രങ്ങൾ കഴുകി വെടിപ്പാക്കും. രാത്രി സേഠ്, ശേണായി, എന്നിവരെ വീട്ടിൽ സ്വീകരിക്കും. ഇതിനു ശേഷം പൂർവ്വികന്റെ സഹോദരിയും അനുഗ്രഹം തേടി അമ്പലത്തിലെ ദാസിയായി. പൂർവ്വികന് ഇതെല്ലാം കണ്ട് ജീവിതം മടുത്തു. അയാൾ ഭ്രാന്തനെപ്പോലെ കുറച്ചു ദിവസം അമ്പലത്തിനു ചുറ്റും നടക്കുന്നു.

അമ്പലമുറ്റത്തു തന്നെ ഉറങ്ങി. ഒരു ദിവസം എല്ലാം ഉപേക്ഷിച്ച് അയാൾ കുശവരുടെ കൂട്ടത്തിൽ കൂടി. ഗ്രാമത്തിന് പുറത്ത് അവരുടെ തെരുവിൽ താമസിച്ചു തുടങ്ങി. അവിടെ വെച്ച് കുശവപ്പണി വശത്താക്കി. ചക്രത്തിന് മേൽ ലിംഗരൂപത്തിലുള്ള കളിമണ്ണ് വെച്ചിട്ട് മൺകലത്തിന്റെ കഴുത്ത് ശരിയാക്കിയെടുക്കുന്നതിൽ വൈദഗ്ധ്യം നേടി. വ്രതം, പരിപോഷണം, പിതൃതർപ്പണം, ഭൂതദയ എന്നിവയിൽ പ്രാവീണ്യം നേടി. ഒരു ദിവസം രാവിലെ എഴുന്നേറ്റ് അയാൾ അമ്മയോടു പറഞ്ഞു, 'എന്റെ അമ്മേ, ഇനി നമ്മൾ ഇവിടെ താമസിക്കേണ്ട. നാട്ടുകാർ നമ്മളെ വിലകെട്ടവരായി കരുതുന്നു. പുരുഷന്മാർക്ക് പുരുഷത്വമി ല്ലെന്നു പറയുന്നു. വേറെ എവിടേക്കെങ്കിലും പോകാം. വയറുനി റക്കാനുള്ള വിദ്യ എന്റെ കയ്യിലുണ്ട്. നിങ്ങളെ ഞാൻ സംരക്ഷിക്കാം. അനിയത്തിയേയും കൊണ്ടുപോകാം.'

അമ്മ അയാളുടെ കൂടെ പോകുവാൻ തയ്യാറായി. പക്ഷെ സഹോ ദരി വരികയില്ലെന്നു പറഞ്ഞു. അന്നേ ദിവസം അവളുടെ ഒരു ബ്രാ ഹ്മണൻ വീട്ടിലുണ്ടായിരുന്നു. രണ്ടു പേരും പൂർവ്വികരെ ചൊല്ലി വഴക്കിട്ടു. അയാൾ സഹോദരിയുടെ നാഭിക്ക് കുത്തി അവളെ താഴെ യിട്ടു. അമ്മയേയും കൊണ്ട് ഗ്രാമം വിട്ടു. കുറെ വർഷം അമ്മ അയാളുടെ കൂടെ ഉണ്ടായിരുന്നു എന്ന് പറയപ്പെടുന്നു. പിന്നെ അവർ കഴുത്തിൽ തുളസിമാല അണിഞ്ഞ് കൈത്താളവുമായി ഭജന നടത്തി കീർത്തനങ്ങൾ പാടി നടന്നുവത്രെ. ഗ്രാമത്തിലെ ആളുകൾ അവിടെ കൂടുമായിരുന്നു. കുശവരുടെ തെരുവിന്റെ പടിഞ്ഞാറു വശം ചേർന്ന് ഇലഞ്ഞിമരത്തിന്റെ ചുവട്ടിൽ കുംഭാകൃതിയിലുള്ള ഒരു ചെറിയ ഗോപുരമുണ്ട്. അതിനെ ഗുണ്ണെയുടെ ഗോപുരമെന്നു പറയുന്നു. ശ്രാവണമാസത്തിൽ കുശവസ്ത്രീകൾ അതിനെ പൂജിക്കും. പൂർവ്വികന്റെ അമ്മയുടെ പേര് ഗുണ്ണെ എന്നായിരുന്നുവത്രേ.

തങ്ങളുടെ ഇടയിൽ ഈ ജാതികളെല്ലാം എന്നു വരെ നിലനി ന്നുവെന്നുള്ളത് അവർക്കിപ്പോൾ അറിഞ്ഞുകൂടാ. പുറമെയുള്ളവർക്ക് ഒന്നും അറിയില്ല. അവരെല്ലാവരും ഇപ്പോൾ ഒരു വീട്ടിലെ അംഗങ്ങ ളെപ്പോലെ ഒരുമയോടെ കഴിയുന്നു. പൊതുവായ ഒരു സാമാന്യ ജീവിതം നയിക്കുന്നു. എത്ര വഴക്കുണ്ടാക്കിയാലും ജാതിയുടെ പേര് പോലും പറയുന്നില്ല. ആദ്യമൊക്കെ അവർക്കിടയിൽ വിവാഹബന്ധ ങ്ങളുണ്ടായി. ഇപ്പോൾ അവ വളരെ കുറവാണ്. തങ്ങളുടെ പെൺ മക്കൾക്കും ആൺമക്കൾക്കും പുറമെ നിന്നുള്ള ബന്ധം മാത്രം അവർ ഇഷ്ടപ്പെടുന്നു.

സാമാന്യം എല്ലാ സുഖദു:ഖങ്ങളിലും അവർ ഒരുമിച്ചു പങ്കു ചേരുന്നു. ദാരിദ്ര്യം അനുഭവിക്കാനുള്ള ശക്തി കിട്ടാനായി അവർ

പരസ്പരം കൂടുതൽ അടുക്കുന്നു. എന്നാലും ഔദാസീനജന്യമായ ദുഷിച്ച സമൂഹവും സമൂഹത്തിന്റെ അമർഷവും ദു:ഖവും വെറുപ്പുമൊക്കെ ഇവിടെ ബാക്കിയുണ്ട്. അവർ മദ്യപിക്കും വഴക്കടിക്കും പരസ്പരം ശപിക്കും. എങ്കിലും പിന്നെയും ഒത്തുകൂടി തോളത്ത് കയ്യിട്ടു നടക്കും. സർക്കാർ കുളത്തിൽ വെള്ളം കെട്ടിനിർത്തി മണ്ണെല്ലാം വെള്ളത്തിൽ ഒഴുക്കാനാണ് ഭാവമെന്ന നാട്ടുവർത്തമാനം ഇടക്കിടയ്ക്ക് പൊന്തിവരുന്നുണ്ട്. അത് കുശവരുടെ ചെവിയിലെത്തിയാൽ മതി അവരെല്ലാം ത്രിസന്ധ്യാസമയത്ത് സങ്കടപ്പെട്ട് ഒരുമിച്ചു കൂടുന്നത് കാണാം.

ദൈവമേ ! മണ്ണു കിട്ടിയില്ലെങ്കിൽ മുണ്ടു മുറുക്കി നടക്കേണ്ടി വരും. ആർക്കെങ്കിലും അസുഖമാണെന്നറിഞ്ഞാൽ അവന്റെ വീട്ടിൽ ഒരുമിച്ചു കൂടി രാവേറെ കാത്തിരിക്കും. ഏതു വീട്ടിലായാലും വിവാഹം , മരണം എന്നിവ തങ്ങളുടെ തന്നെയാണെന്ന് അവർ വിശ്വസിക്കുന്നു.

4

സീതായ വീടിനു മുന്നിലുള്ള മാവിന്റെ തണലിലിരുന്ന് മൺവിളക്കുകൾ നിർമ്മിച്ചു കൊണ്ടിരുന്നു. ആദ്യം മണ്ണിന്റെ ഉരുള ഓലയിൽ വെച്ച് കശക്കിക്കുഴയ്ക്കും. പിന്നെ അതുകൊണ്ട് വിളക്കുണ്ടാക്കും. വൃത്താകൃതിയിലുള്ളതും തിരിയുടെ ഭാഗം മുമ്പോട്ടു തള്ളി നിൽക്കുന്നതുമായ വിളക്കു നിർമ്മിക്കുമ്പോൾ അവർ മനസ്സിൽ വിചാരിക്കും., ദേവപൂജക്ക് ആളുകൾ വിധവയുടെ ഛായ പോലും വർജ്യമായി കരുതുന്നു. എന്നാൽ വിധവയുണ്ടാക്കിയ മൺവിളക്ക് ദൈവകാര്യത്തിന് ഉപയോഗിക്കുന്നു.. വിധവയായ സീതായ നിർമിച്ച മൺവിളക്കും, വാമനഭട്ടിന്റെ വിധവയായ അമ്മ നിർമ്മിച്ച ജോടിവിളക്കും ദൈവത്തിന് ആരതി ഉഴിയുവാൻ ഉപയോഗിക്കുന്നു.

ഈ ചിന്തയിൽ അവർ പെട്ടെന്ന് ചിരിച്ചു. അവരുടെ വെളുത്ത മുഖത്തുള്ള ചുളിവുകൾ അനങ്ങുന്നതു പോലെ തോന്നി. അവർ ആത്മഗതമായി പറഞ്ഞു: പൂർവ്വികർ ശാസ്ത്രമാണെന്ന് പറഞ്ഞ് മൺകോപ്പകളും മൺവിളക്കുകളും ഉണ്ടാക്കുന്ന വ്യവസായം വിധവകൾക്കായി മാറ്റി വെച്ചത് നന്നായി. അല്ലെങ്കിൽ തവിടു തിന്നു ജീവിക്കേണ്ട അവസ്ഥ വന്നേനെ. ഞാൻ തവിടു കഴിക്കാതിരുന്നത് നന്നായി. അല്ലെങ്കിൽ വിധവയായ മരുമകൾക്കും അവളുടെ മൂന്നു കുട്ടികൾക്കും തിന്നാൻ എന്തു കൊടുക്കുമായിരുന്നു. കുശവന്റെ ചക്രത്തിന്മേൽ സ്ത്രീകൾ കൈ വെക്കാൻ പാടില്ല, ചക്രം തിരിച്ച് അതിൽ മൺകലത്തിന്റെ

കഴുത്ത് നിർമ്മിക്കാനും പാടില്ല, അടിച്ച് അത് ശരിയാക്കാൻ കലം തല്ലിയോ കല്ലോ എടുക്കുവാൻ പാടില്ല. അതിന്റെ അരിക് നിർമ്മിക്കുവാൻ പാടില്ല. ഒരു വിധവ മൺപാത്രത്തിന്റെ കഴുത്ത് ചക്രത്തിൽവെച്ച് ശരിയാക്കുക എന്നു പറഞ്ഞാൽ ഒരു കുട്ടിക്ക് ജന്മം നൽകുന്ന പോലെയത്രെ! ഞങ്ങളുടെ കയ്യും കാലും കെട്ടിയിട്ടിരിക്കുകയാണ്. എന്നാലും ഞങ്ങൾ പൂർവികർ ഉണ്ടാക്കിയ നിയമങ്ങൾ പാലിക്കുന്നു. ശരിക്കും പാലിക്കുന്നു. മരുമകളേയും അവർക്കിഷ്ടമുള്ള വിധം വിധവയാക്കി. കഴുത്തില്ലാത്ത, ആകൃതിയില്ലാത്ത പാത്രങ്ങൾ തയ്യാറാക്കി പോന്നു.

സീതായ ഗ്രാമത്തിലെ ധൈര്യമുള്ള ഒരു പെണ്ണായിരുന്നു. മരിച്ച വീട്ടിലും കല്യാണവീട്ടിലും അവരില്ലാതെ ഇല പോലും അനങ്ങുമായിരുന്നില്ല. വയറ്റാട്ടി സമയത്ത് എത്തിയില്ലെങ്കിൽ അവർ പ്രസവമെടുക്കും. അവരുടെ കൈകൾ ശാസ്ത്രമെന്ന ചരടു കൊണ്ട് കെട്ടിയിട്ടിരിക്കുകയാണ്. അല്ലെങ്കിൽ മകൻ മരിച്ചപ്പോൾ മച്ചിൻപുറത്ത് കയറ്റി വെച്ച ചക്രം താഴെയിറക്കി അതിൽ അവർ മൺകലത്തിന്റെ കഴുത്ത് ശരിയാക്കുമായിരുന്നു. അവ ചൂളയിൽ വെച്ച് ചുട്ടെടുക്കുമായിരുന്നു. അവർ ഓർക്കുന്നു, വിവാഹത്തിന് മുമ്പ് കുട്ടിയായിരുന്നപ്പോൾ അച്ഛന്റെ സാന്നിധ്യത്തിൽ അവർ ചക്രം പ്രവർത്തിപ്പിക്കും. ചക്രത്തിനു നടുവിലുള്ള മണ്ണിൽ കൈ വെക്കുമ്പോൾ തന്നെ ആളുകൾ അപകടമാണെന്ന് പറഞ്ഞിരുന്നു. സീതായ ഗർഭം ധരിച്ചെന്നുവരെ പറഞ്ഞു.

അവരുടെ മരുമകൾ താര, പുറത്തെ ഉമ്മറപ്പടിയിൽ ഇരുന്ന് വ്യാകുലപ്പെട്ട് ദൂരെയെങ്ങോ നോക്കിയിരിക്കും. അവളുടെ ഇളയകുഞ്ഞ് അമ്മയുടെ മടിയിൽ മിണ്ടാതെ കിടക്കും. അച്ഛൻ മരിക്കുമ്പോൾ അവൾക്ക് മൂന്നു മാസം പ്രായമായിരുന്നു. സത്യം പറഞ്ഞാൽ അച്ഛന്റെ മരണശേഷം അവൾ അമ്മയുടെ വാത്സല്യവും മുലപ്പാലും കിട്ടാതെയാണ് വളർന്നത്. ആരെങ്കിലും അവളെ ബലമായി അമ്മയുടെ മടിയിൽ കൊണ്ടുവെച്ചു കൊടുത്താൽ അമ്മ ഭ്രാന്തിയെപ്പോലെ തള്ളി താഴെയിടുമായിരുന്നു.

സൂര്യൻ ഉദിച്ച് ഉയർന്നെങ്കിലും ഈ വീട്ടിലെ ഇരുട്ട് ഇപ്പോഴും മാറിയിട്ടില്ല. ആ ഇരുട്ട് വീട്ടിൽ മാത്രമല്ല മനസ്സിലും നിഴൽ പോലെ വ്യാപിച്ചിരിക്കുന്നു. ആ നിഴൽ നഖങ്ങൾ കൊണ്ട് മാന്തിക്കീറാൻ തയ്യാറായ പോലെ തോന്നി. രാഘോബ ചൂളയൊരുക്കുന്നുണ്ടായിരുന്നു. മൺകലങ്ങൾ അട്ടിയായി അടുക്കി വെച്ച് മുകളിൽ കൂടി പുല്ല് കൂട്ടിയിട്ട് കളിമണ്ണു കൊണ്ട് മെഴുകുകയായിരുന്നു. കുശത്തെരുവിലെ കുറെ കുട്ടികൾ അവിടെ ബഹളം വെക്കുന്നുണ്ടായിരുന്നു. സീതായയുടെ കൊച്ചുമകനും അക്കൂട്ടത്തിലുണ്ടായിരുന്നു.

കുട്ടികളുടെ ആ കോലാഹലത്തിനുപോലും താരയുടെ മനസ്സു മാറ്റി

അവളെ ദേഷ്യംപിടിപ്പില്ല. പഴയ ഓർമ്മയുടെ ദു:ഖം ഒരു പാറക്കല്ലായി അവളുടെ ഹൃദയത്തിൽ ഉറച്ചിരുന്നു. സീതായ യുടെ മകൻ ജയവന്ത് മരിച്ചിട്ട് ഇന്നേക്ക് മൂന്നര വർഷമാകുന്നു. എന്നിട്ടും മരുമകൾ ഇന്നേവരെ ആ ഞെട്ടലിൽ നിന്ന് മുക്തയായിട്ടില്ല. അവൾ ജോലിയോ ന്നും ചെയ്യുന്നില്ല. ചെയ്യാൻ തുടങ്ങിയാലും പല ചിന്തകളിലും അക പ്പെട്ട് ഭ്രാന്തിയെപ്പോലെ മിണ്ടാതെ ഇരിക്കും. ചിലപ്പോൾ സന്ധ്യാസ മയത്ത് മൂന്നുകുട്ടികളേയും കെട്ടിപ്പിടിച്ച് കരഞ്ഞു തുടങ്ങും. പുലി ഒരു ഇരയെ കൊല്ലുന്നതിലും കഷ്ടം അതിനെ വലിച്ചിഴച്ചു കൊണ്ടു പോകുന്നതാണ്.

സീതായക്ക് ഒന്നും പിടികിട്ടുന്നില്ല. അവർ നെഞ്ചിൽ ഒരു മന്ന് തൂക്കമുള്ള കല്ല് കയറ്റി വെച്ചതു പോലെയാണ്. ഒരേ ഒരു മകൻ മരിച്ച ദു:ഖം അടക്കിപ്പിടിച്ച് മരുമകളേയും കുഞ്ഞുങ്ങളേയും പോറ്റാൻ പാടു പെടുന്നു. കണ്ണുനീർ അടക്കിപ്പിടിച്ച് അവർ മരുമകളോടു പറഞ്ഞു, 'പോയവൻ അവന്റെ വഴിക്ക് പോയി. കരഞ്ഞതു കൊണ്ടോ തല തല്ലിയതു കൊണ്ടോ തിരിച്ചു വരുമോ? വളർത്താൻ കുഞ്ഞുങ്ങളില്ലേ? അവനവന്റെ വിധി ഇതാണെന്നു കരുതി ഉറച്ചു നിൽക്കുക. സങ്കടം സഹിക്കുക തന്നെ വേണം.'

മരുമകൾ എല്ലായ്പ്പോഴും ക്ഷതമേറ്റ മൃഗത്തെപ്പോലേ 'ചീം, ചീം' എന്ന് ശബ്ദമുണ്ടാക്കി അമ്മായിഅമ്മയുടെ നേർക്ക് ആക്രോശിച്ചു, 'എന്തു സങ്കടം? നിങ്ങൾ കുശവർ കളിമണ്ണു ചുട്ട് കലമുണ്ടാക്കുന്നു, പാപം ചെയ്യുന്നു. എന്റെ അച്ഛൻ കൃഷിക്കാരൻ. കളിമണ്ണിൽ നിന്ന് തളിരുണ്ടാക്കുന്നു. കളിമണ്ണു തിന്നാനായി എന്തിനാ എന്നെ ഇവിടെ കെട്ടിക്കൊണ്ട് വന്നത്? നിങ്ങളുടെ മകനെ കളിമണ്ണ് വിഴുങ്ങിയല്ലോ ? സ്വന്തം മകൻ വെളുത്ത ബ്രാഹ്മണനല്ലേ, നിങ്ങളെപ്പോലെ കറുത്തി രുണ്ട എലിയല്ലെന്ന് ഞങ്ങളോടു പറഞ്ഞ് അഹങ്കരിക്കുമായിരുന്നു. നിങ്ങൾ മകനെ വെച്ച് അഹങ്കരിച്ചു. ദൈവം അതില്ലാതാക്കി.'

സീതായ ചിലപ്പോൾ മിണ്ടാതിരിക്കും. എങ്കിലും മരുമകൾ ശരീരം പുതച്ചിരിക്കുമ്പോൾ അവളുടെ നേരെ പോട്ടിത്തെറിക്കും. 'തല തല്ലി തലയിലെഴുത്ത് നീ മാറ്റും അല്ലേ? ജനിച്ചപ്പോൾ തന്നെ ഇ വിധ വാത്വം നീ കൂടെ കൊണ്ടുവന്നതാണ്. അല്ലെങ്കിൽ പിന്നെ ഈ വീട്ടിൽ തന്നെ എങ്ങനെയെത്തി? അവൻ മാത്രം എന്തു കൊണ്ട് മരിച്ചു? ഇപ്പോൾ ചിരിച്ചു കൊണ്ട് നേരിടാൻ വയ്യെങ്കിൽ കരഞ്ഞു കോണ്ടു തന്നെ അനുഭ വിച്ചു തീർക്കണം. ഈ ബന്ധത്തിൽ കുട്ടികളില്ലേ? അവരെ ആരാ നോക്കുക?'

മരുമകൾ താര ഒന്നും ചെയ്യാതെ ഇരിക്കുന്നവളല്ല. മരുമകളും അമ്മായിഅമ്മയും മണ്ണു ശേഖരിക്കാൻ കുളത്തിലും മലയിലും പോകു

മായിരുന്നു. ആ മണ്ണു കൊണ്ടുവന്ന് ഉണക്കാനിടും. മരുമകൾ കലംതല്ലി കൊണ്ട് മണ്ണ് അടിച്ച് പരത്തി മൃദുവാക്കുമായിരുന്നു. അവൾ മുറത്തി ലിട്ട് അത് പേറ്റും. നനയ്ക്കും. അമ്മായിഅമ്മ ഉണ്ടാക്കിയ വറവുചട്ടി , ദോശക്കല്ല്, മൺകോപ്പകൾ, മൺവിളക്കുകൾ, മൺവീപ്പകൾ എല്ലാം കുട്ടയിൽ നിറച്ച് വിൽക്കാൻ കൊണ്ടുപോകും. എന്നാൽ ചവുട്ടി മെതിച്ച കളിമണ്ണ് അവൾ തൊടില്ല. ഒരു വിളക്കു പോലും ഉണ്ടാക്കില്ല. അവൾ തണുത്ത മട്ടിലുള്ള സ്ത്രീയാണ്. അവളുടെ നടത്തം, ഇളക്കം, ജോലി ചെയ്യാനുള്ള കയ്യനക്കം, എല്ലാം തണുത്ത മട്ടിൽ തന്നെ. പതിന്നാലാം വയസ്സിൽ അവളുടെ വിവാഹം കഴിഞ്ഞു. പതിനാറാം വയസ്സിൽ ആദ്യ ത്തെ കുഞ്ഞു പിറന്നു. ഇരുപ ത്തിനാലാം വയസ്സിൽ ഭർത്താവ് മരിച്ചു.

മരുമകളുടെ മൊഞ്ചുള്ള മണവാട്ടിയുടെ രൂപം ഇന്നും അവരുടെ കൺമുമ്പിലുണ്ട്. ഒരു ദിവസം സന്ധ്യക്ക് അവൾ മകന്റെ കൂടെ വീട്ടുമുറ്റത്തെത്തി. തലയിൽ നിറയെ പൂക്കൾ, നെറ്റിയിൽ വലിയ കുങ്കുമപ്പൊട്ട്, അതിൽ പതിഞ്ഞിരിക്കുന്ന അക്ഷതം, അരക്കെട്ടിൽ തെറുത്തു വെച്ച ഒമ്പതുവാര സാരിയുടെ അരിക്, മണവാട്ടിയായ മരുമ കളെ കൈ പിടിച്ച് വീട്ടിൽ കയറ്റുമ്പോൾ അവൾ ഒരു സുന്ദരിക്കുട്ടി യാണെന്ന് അവർക്ക് തോന്നി. സീതായ സ്വന്തം വയറ്റിൽ പിറന്ന കുട്ടി യെക്കാൾ കൂടുതൽ സ്നേഹം പിന്നീട് അവൾക്ക് കൊടുത്തു. സീതാ യക്ക് മൂന്നു തവണ ഗർഭമലസിപ്പോയതിനുശേഷം സന്തതികൾ ഉണ്ടാകുകയില്ലെന്ന് വിചാരിച്ചിരിക്കുന്ന അവസരത്തിൽ ഉണ്ടായ ഓരേ ഒരു മകനായിരുന്നു...

മാസക്കുളി തെറ്റിയപ്പോൾ തന്നെ സീതായ വളരെ ഭയന്നു പ്രാണനും കൊക്കിലെടുത്ത് കഴിഞ്ഞുകൂടി. അവരുടെ അമ്മായിഅമ്മ മാത്രം അവരെ നന്നായി നോക്കുമായിരുന്നു. ഉറങ്ങാൻ പുതിയ പായ, അതിന് വിരിപ്പിന്റെ ആവശ്യമില്ല. അതിന് ഭർത്താവിന്റെ കാലോ കയ്യോ തൊട്ടുകൂടാ... ഊണ് കഴിക്കുന്നതിനു മുമ്പ് നിലത്ത് ചാണകം മെഴുകും, പിന്നെ അവിടെ വാഴയിലയിട്ട് ചോറു വിളമ്പും...

വെന്ത ചോറും കറിയും ചീരക്കറിയല്ലെങ്കിൽ ഇളം മത്തങ്ങാ ക്കറി........... ഇത് തുടർന്നു കൊണ്ടേയിരിക്കുമ്പോൾ തന്നെ ഒരു ദിവസം പെട്ടെന്ന് അവളുടെ വസ്ത്രങ്ങളിൽ ചുവന്ന നിറം. പിന്നെ ഒരു ഞെട്ടൽ. വീടു മുഴുവൻ ഞെടുക്കത്തിലായി. പക്ഷേ ഒടുവിലത്തെ ഈ ഗർഭത്തിന് ഒരു കോട്ടവും തട്ടിയില്ല....

അങ്ങനെ പ്രസവിച്ച ഒറ്റ സന്തതിയാണ് അവളുടെ ഹൃദയം കീറി മുറിച്ചിട്ട് മരിച്ചു പോയത്. ഒരു ദിവസം രാവിലെ മകൻ ജയവന്തും മരുമകളും കയ്യിൽ തൂമ്പയും കുട്ടയുമായി കളിമണ്ണെടുക്കുവാൻ കുന്നി ന്മേൽ പോയി. മൺകലമുണ്ടാക്കാൻ കുന്നിലെ ചുവന്ന മണ്ണും കുള

ത്തിലെ കളിമണ്ണും വേണം. കുന്നിലെ മണ്ണ് തേനീച്ചക്കൂടു പോലെ ചുവന്നു മഞ്ഞളിച്ച് മണമുള്ളതായിരുന്നു. അരിച്ചെടുത്താൽ ഒരു കല്ലു പോലും കിട്ടുകയില്ല. ആ കുന്ന് പർവതത്തിന്റെ തുണ്ട് പകുത്തെടുത്തതുപോലെ ഗ്രാമത്തിലേക്കുള്ള പാതയരികിൽ നീണ്ടു കിടപ്പുണ്ടായിരുന്നു.

കുന്നിന്റെ ഒരു ഭാഗത്ത് കുശവർ മണ്ണ് തുരന്നെടുത്ത കുഴി നാട്ടുകാരും അടുപ്പുണ്ടാക്കുവാനും മുറ്റം മെഴുകുവാനും അവിടെ നിന്ന് മണ്ണെടുക്കും. കുഴി ദിവസം തോറും വലുതായിക്കൊണ്ടിരുന്നു.

മഞ്ഞുകാലം. രാവിലെ എഴുന്നേറ്റ് നോക്കുമ്പോൾ മുഴുവൻ പ്രദേശവും മുൻവശത്തു നിൽക്കുന്ന പർവതവും കുന്നുകളും കോടമഞ്ഞു കൊണ്ട് മൂടിയിരുന്നു. അത് ആകാശത്ത് നിന്ന് പൊഴിഞ്ഞു വീണ തുള്ളികൾ പോലെ തോന്നിച്ചു. ഈ പ്രദേശത്ത് വളരെ ദൂരെ വരെ ഗ്രാമമുണ്ടെന്ന് തോന്നുകയില്ല. പാടത്ത് കൃഷിക്കാരൻ കാളകളെ പൂട്ടുന്ന ഒച്ചയും കേൾക്കാനില്ല. എല്ലായിടത്തും നനവുള്ള തണുപ്പ് മാത്രം.

ജയവന്തും താരയും പുകമഞ്ഞ് മാറിത്തുടങ്ങുമ്പോൾ തന്നെ പുറപ്പെട്ടു. ഇതെന്തു പറ്റി, സൂര്യൻ ഉദിച്ചിട്ടും തണുപ്പു കുറയുന്നില്ല. അവർ തണുപ്പു കൊണ്ട് വിറച്ച് കുന്നിൽ എത്തി. അവിടെ കുറച്ചു ചൂട് ഉണ്ടായിരുന്നു. മണ്ണു തുരന്നെടുത്ത ഭാഗത്ത് സ്വല്പം കൂടി ചൂടുതോന്നിച്ചു. ജയവന്ത് ഗുഹക്കകത്ത് കയറി കൈക്കോട്ടു കൊണ്ട് മണ്ണെടുത്തു തുടങ്ങി. കൂന്താലി കൊണ്ട് കുത്തി അയാൾ കുട്ടയിൽ മണ്ണെടുത്തു. താര ഗർത്തത്തിനു പുറത്ത് നിന്നു. പെട്ടെന്നു മുകളിൽ നിന്നു മണ്ണിടിഞ്ഞു വീണ് ആ കൊടുംദുരന്തമുണ്ടായി. നൂറു ചുമടോളം ഭാരം വരുന്ന മണ്ണ് മുകളിൽ നിന്ന് മുൾചെടിക്കൂട്ടമുൾപ്പെടെ താഴോട്ടുവന്നു. ജയവന്ത് ആ മൺകൂമ്പാരത്തിനകത്ത് അകപ്പെട്ടു. അയാളുടെ മുഴുവൻ ശരീരവും മണ്ണുകൊണ്ട് മൂടി.... അവൾ ഉറക്കെ നിലവിളിച്ചു. നെഞ്ചത്തടിച്ച് വാവിട്ടു കരഞ്ഞു. ആരെയെങ്കിലും വിളിക്കണോ അതോ തനിച്ചിരുന്ന് കരയണോ. എന്തുചെയ്യണമെന്ന് മനസ്സിലായില്ല. അവളുടെ നേർത്ത സ്വരം നെഞ്ച് പിളർന്ന് അവിടം മുഴുവൻ പരന്നു.

താഴെ വഴിയരികിലുള്ള വയലിൽ രണ്ടു കർഷകർ വരമ്പ് ശരിയാക്കുന്നുണ്ടായിരുന്നു. മറ്റാരാണ് കാളകളെ പൂട്ടിയതെന്നറിയാൻ അവർ ഓടിയെത്തി. അവർ മൺവെട്ടി കൊണ്ട് മണ്ണ് നീക്കി. പക്ഷെ വൈകിപ്പോയി. ജയവന്ത് മണ്ണിനടിയിൽ കിടന്ന് ശ്വാസം മുട്ടി മരിച്ചു. ഒടുവിൽ പുറത്തെടുത്തത് വിറകുപോലെയുള്ള അയാളുടെ ശരീരമായിരുന്നു...

സീതായയുടെ വീടിന്റെ നെടുംതൂൺ ക്ഷണത്തിൽ ഒടിഞ്ഞു വീണു. ശേഷിച്ചത് നട്ടെല്ല് വളഞ്ഞ ആ കിളവി മാത്രം. പ്രാവിനെപ്പോലെ 'ചീം ചീം' എന്ന് കരയുന്ന വിധവയായ മരുമകളും അവളുടെ ഒന്നുമറിയാത്ത മൂന്നു കുട്ടികളും. ഉള്ളിന്റെ ഉള്ളിൽ സീതായയും ഒന്നിരുന്ന മട്ടാണ്. എന്നാൽ താൻ മുട്ടിന്മേലടിച്ച് ചൂളയിൽ വെയ്ക്കുന്ന ചട്ടി പൊട്ടി കഷ്ണങ്ങളാകുന്നതുപോലെ സ്വന്തം ജീവിതം തന്നെ തകരുന്നുവെന്ന് അവളറിഞ്ഞു.

ഒന്നര മണിക്കൂർ കൊണ്ട് അവർ കുറെ മൺവിളക്കുകളും, മൺകോപ്പകളും ഒരുക്കൂട്ടി. ഉമ്മറപ്പടിയിൽ ഇരിക്കുന്ന മരുമകളെ വിളിച്ച് അവ വെയിലത്തുണക്കാൻ പറഞ്ഞു. അവളാകട്ടെ തന്റെ ശരീരത്തിൽ കിടക്കുന്ന കൊച്ചിനെ താഴെയിറക്കി കുട്ട കൊണ്ടുവന്ന് എല്ലാം പെറുക്കി അതിനകത്താക്കി. കുട്ടയിൽ വിളക്കുകളും കോപ്പകളും നിറയ്ക്കുമ്പോൾ അവൾ വിചാരിച്ചു, 'ഇവ വക്കില്ലാത്ത കലങ്ങളാണ്. എന്തിനാ നമ്മളിതുണ്ടാക്കുന്നതാവോ?'

'കലത്തിന്റെ കഴുത്ത് ഉണ്ടാക്കിയാൽ ഞങ്ങളുടെ വയറ്റിൽ ഗർഭമുണ്ടാകുമെന്ന് അവർക്ക് പേടിയാണ്.'

'ഛേ! ഛേ!' ഇത് ഭ്രാന്താണ്—' എന്നു പറഞ്ഞ് താര കുട്ടയെ ടുത്ത് വെയിലത്തേക്ക് പോയി..

5

ആ വഴിയിലൂടെ ദുൽബ കടന്നു വന്നു. സീതായയുടെ വീട് കുശവത്തെരുവിൽ കയറിവരുന്ന വഴിയരികിലാണ്. ദുൽബ ആ വഴിയെ വരുമ്പോഴൊക്കെ സീതായയുടെ പറമ്പിന്റെ അതിർത്തിയിൽ ഇരുന്ന് വരുന്നവരേയും പോകുന്നവരേയും നോക്കും. ആരേയാ നോക്കുന്നേ ദുൽബാ, എന്നു ചോദിച്ചാൽ അയാൾ പറയും, 'ഞാൻ കൂട്ടത്തിൽ ഒടുവിലത്തെ കുട്ടിയല്ലേ? എന്റെ അമ്മ മൺകലങ്ങൾ വിൽക്കാൻ കൊണ്ടുപോകുമ്പോൾ വളരെ വൈകി സന്ധ്യ കഴിഞ്ഞേ എത്താറുള്ളൂ. എന്റെ കുട്ടിക്കാലത്ത് ഞാൻ അമ്മയുടെ വരവും കാത്ത് ഇരിയ്ക്കാറുണ്ടായിരുന്നു. അമ്മ വരാൻ വൈകിയാൽ കരഞ്ഞു തുടങ്ങും. ഇപ്പോൾ അമ്മ ജീവിച്ചിരിപ്പില്ല. എന്നാലും പഴയ ഓർമ്മകൾ മായുന്നില്ല.'

ദുൽബക്ക് ഇപ്പോൾ എന്തോ അസുഖമുണ്ട്. കഴിഞ്ഞ മൂന്നു

കൊല്ലങ്ങളായി അവന് ശരിയായ ഉറക്കം ഇല്ല. ആദ്യം അവന്റെ ശരീരത്തിന്റെ നിറം കറുപ്പായി. പിന്നെ മൊത്തത്തിൽ ചുവന്ന നിറം വന്നു. ഇപ്പോൾ അതും മാറി, അരണയുടെ വയറു പോലെ വെളുത്ത നിറമാണ്. ഉച്ചിയിലെ രോമവും ഇല്ലാതായി. ശേഷമുള്ളത് മുള്ളു പോലെ എഴുന്നു നിൽക്കുന്നു. തലയ്ക്ക് വെളിവില്ലാതെ എന്തൊക്കെയോ സംസാരിക്കും. കഴിഞ്ഞ ദിവസം ഗോപാൽ കലങ്ങൾ ചൂളയിൽ നിന്നെടുത്തപാടെ അതിൽ നിന്ന് ഒരെണ്ണം അവൻ എടുത്തു കൊണ്ടു പോയി. എടാ, എടാ, ആ കലം എങ്ങോട്ടേക്കാ എടുത്തുകൊണ്ട് പോകുന്നതെന്നു ചോദിച്ചപ്പോൾ അവൻ പറഞ്ഞു:

'എന്റെ ചിതയിലേക്ക് ഉടയ്ക്കാൻ വേണ്ടി.' ആരുടെയോ ചൂളയിലെ, വലക്കൂട്ടിലെ കലം ചോദിക്കാതെ എടുക്കുന്നോ? ആരെങ്കിലും ശുഭകാര്യത്തിനോ അശുഭകാര്യത്തിനോ കലം കൊണ്ടുപോകാൻ വന്നാൽ തന്റെ കലവും കൊണ്ട് അവൻ മുമ്പിൽ നില്ക്കും. എന്നിട്ട് പറയും, 'ഇതാ, കലം പിടിച്ചോ, വിഷം വാങ്ങി തിന്നാൻ എന്തെങ്കിലും തരൂ.'

ഇരുപത് ഇരുപത്തിയെന്നു വർഷം മുമ്പായിരുന്നു അവന്റെ വിവാഹം. അന്ന് അവന്റെ പ്രായം പതിനാറു വയസ്സ്. ആളുകൾ പറയുന്നത് ഇങ്ങനെയാണ്: ഒരു ദിവസം അവൻ സ്നേഹമുള്ള തന്റെ ഭാര്യയുടെ അടുത്തേക്ക് പോയി. അവൻ അവളെ ബലാൽസംഗം ചെയ്തു. അവൾക്ക് രക്തസ്രാവമുണ്ടായി. അത് നിന്നതേയില്ല. അങ്ങനെ അവൾ മരിച്ചു പോയി. സീതായ ഇടക്കിടയ്ക്ക് പറയും, ആ കൊച്ച് രാത്രി മുഴുവൻ കോസടിയിൽ അനങ്ങാതെ കിടന്നു. രാവിലെ അമ്മായി അമ്മ വന്നു നോക്കുമ്പോൾ രക്തം കോസടിയിലൂടെ ഒഴുകി പുറത്തേക്ക് വരുന്നു.

ഇപ്പോൾ അവൻ സീതായയുടെ പറമ്പിനടുത്ത് താനെന്നും ഇരിക്കുന്ന സ്ഥലത്ത് വന്നിരുന്ന് ഉറക്കെ സംസാരിച്ചു തുടങ്ങി, 'എന്റെ ചേട്ടത്തിയമ്മ എന്നെ പകൽ സമയത്ത് വരുന്ന ചെകുത്താൻ എന്നു വിളിക്കുന്നു. ഞാൻ അടുത്തെത്തി പോയാൽ അവർ മൂക്കു പൊത്തുന്നു. ചേട്ടന് ഞാൻ കാലനാണെന്നും ഭൂമിക്കു ഭാരമാണെന്നും പറയുന്നു. സീതായ അമ്മേ നല്ലവർ പെട്ടെന്ന് മരിക്കും. അല്ലാത്തവർ എന്നെപ്പോലെ കിടന്ന് നരകിക്കും അല്ലേ.?'

അപ്പോൾ ഒരു അപരിചിതൻ വയലിലൂടെ കൂടി സാവധാനം നടന്ന് കുശവക്കുടിയുടെ ഭാഗത്തേക്ക് വരുന്നതുകാണായി. വർഷങ്ങളായി അസമയത്ത് ആരെങ്കിലും വരുന്നതു കാണുമ്പോൾ സീതായക്ക് ഭയമാണ്. ഈ സമയത്ത് വരുന്നവൻ അധികവും മരണവാർത്ത കൊണ്ടേ വരാറുള്ളൂ എന്നവൾക്കറിയാം. അയാൾ വന്ന് സീതായയുടെ

മുമ്പിൽ നിന്നു. അവർക്ക് അയാളെ തിരിച്ചറിഞ്ഞു. സാവന്ത് കോളനിയിലെ ശാംബിന്റെ മകൻ രാം ആണ് വന്നത്. അവർ ചോദിച്ചു, 'എന്തു പറ്റിയെടാ രാം!'

'ഞങ്ങളുടെ ബന്ധത്തിലുള്ള നീലകൺഠ് സാവന്ത് ഇന്നു രാവിലെ എന്നന്നേക്കുമായി ഞങ്ങളെ വിട്ടു പിരിഞ്ഞു. സന്ധ്യക്ക് ശവസംസ്കാരം നടക്കും. മകളേയും ഭർത്താവിനേയും കൂട്ടിക്കൊണ്ടുവരാൻ ഒരാളെ പനജിക്ക് വിട്ടിട്ടുണ്ട്. ഉച്ചയോടെ അവരെത്തും.'

'നല്ലൊരു മനുഷ്യനായിരുന്നു. അഞ്ചു സഹോദരിമാർക്ക് ഒരേഒരു സഹോദരൻ. അച്ഛനാണെങ്കിൽ ചെറുപ്പത്തിൽ തന്നെ മരിച്ചു. നീലകണ്ഠ് കച്ച കെട്ടി ഒറ്റയ്ക്ക് അഞ്ചു സഹോദരിമാരേയും വിവാഹം കഴിപ്പിച്ച് അയച്ചു.'

'ഇതു വരെ ആരൊക്കെയെത്തി? അവർ സഹോദരനു വേണ്ടി വിലപിക്കുന്നുണ്ടാകും.'

സീതായ അയാളെ യശവന്തിന്റെ അടുത്തേക്ക് പറഞ്ഞു വിട്ടു. അവർ പറഞ്ഞു, 'ഇന്നലെയാണ് അവൻ ചൂളയിൽ നിന്ന് മൺകലങ്ങൾ താഴെ ഇറക്കി വെച്ചത്. അവിടെ മൺകലങ്ങൾ ഉണ്ടാകും.'

രാം പോയി യശവന്തിന്റെ അടുത്തു നിന്ന് രണ്ടു മൺകലങ്ങൾ കൊണ്ടുവന്നു. ഒരെണ്ണം വരളി കത്തിക്കാനുള്ളത്, രണ്ടാമത്തേത് വെള്ളം നിറച്ച് ചിതക്ക് ചുറ്റം വെള്ളം തളിക്കാനുള്ളത്.

രാം പോകാനിറങ്ങി. ദുൽബ ഇരുന്നിടത്തു തന്നെ ഉണ്ടായിരുന്നു. രാം പോകുമ്പോൾ അയാൾ പറഞ്ഞു, 'എന്തുമാകട്ടെ മനുഷ്യന് മരണമുള്ള കാലം കുശവന് വിശപ്പു മാറ്റാൻ കഞ്ഞിക്ക് വകയുണ്ടാകും. ശവം ചിതയിൽ വെക്കുമ്പോൾ രണ്ടു കലം, മരിച്ച പതിനൊന്നാം നാൾ മൂന്നു കലം. സീതായ അമ്മേ മനുഷ്യർ ഇങ്ങനെ എന്നും മരിച്ചു കൊണ്ടേയിരിക്കണമെന്ന് കുശവൻ പ്രാർത്ഥിക്കണം.'

സീതായ അവനെ ശകാരിച്ചു. 'ദുൽബാ, നീ നിന്റെ മാത്രം മരണം ഇച്ഛിച്ചാൽ മതി. മറ്റുള്ളവരുടെ മരണത്തിന് കാത്തു നിൽക്കണ്ട' എന്നാൽ സീതായക്കും അറിയാമായിരുന്നു, കുശത്തെരുവിൽ ആളുകൾ ശുഭകാര്യത്തിനും അല്ലാത്തതിനും മൺകലങ്ങൾ വാങ്ങാൻ വന്നാൽ ഇശ്വരൻ വരുന്നതു പോലെയാണ്. അധികവും മഴക്കാലങ്ങളിൽ. ഇടയ്ക്കു കയറി കലം വേണോ എന്ന് ചോദിക്കുന്നത് ശരിയല്ല. എന്നാലും അവർ തന്റെ ആവശ്യത്തിനു വേണ്ടി വഴിയരികെ നിന്നു കൊണ്ട് അല്ലെങ്കിൽ ജനാലയിൽ കൂടി പതുക്കെ ചോദിക്കു മായിരുന്നു, 'അമ്മാവാ, മൺകലം വേണോ?'

6

ശിവറാമും പുരുഷന്റെ മകൻ സഖാറാമും കുശവത്തെരുവിന്റെ നടുക്കുള്ള മാവിന്റെ ചുവട്ടിലിരുന്ന് നാടകത്തിലെ സംഭാഷണം പരിശീലിക്കുകയായിരുന്നു. ഉത്സവത്തിന്റെ ഭാഗമായി ഭാണ്ടീശിട്ടയിൽ നാടകമുണ്ട്. അതിൽ സഖാറാമിന് ഒരു വേഷമുണ്ട്. അയാൾ ശിവറാമിന്റെ മുമ്പിലിരുന്ന് സംഭാഷണം ഉറക്കെ ചൊല്ലി കേൾപ്പിച്ചു. ശിവറാം അവന്റെ വേഷം ശ്രദ്ധിച്ചു. നല്ല പരിജ്ഞാനമുള്ളവനെപ്പോലെ അവന് പല നിർദ്ദേശങ്ങളും കൊടുത്തു. ഇടക്കിടയ്ക്ക് അവരുടെ സംഭാഷണവുമായി ബന്ധപ്പെട്ട യുഗ്മഗാനവും കേൾക്കാം. ശിവറാം ചെറുപ്പത്തിൽ ദശാവതാരനാടകങ്ങളിലും ചരിത്ര നാടകങ്ങളിലും വേഷമിടുമായിരുന്നു. ഇപ്പോൾ സാമൂഹികനാടകങ്ങളിൽ പങ്കെടുക്കുന്നു. ഇവിടെ തൊണ്ടയടക്കിപ്പറയുന്ന സംഭാഷണമല്ല കാണുക. നേരത്തെ പഠിച്ച വാചകങ്ങൾ അയാൾ ഉച്ചത്തിൽ വിളിച്ചുപറഞ്ഞു. ഇരുവരുടേയും ചേർന്നുള്ള ആ സ്വരം ഉച്ചനേരത്തെ തണുപ്പിൽ തെരുവ് മുഴുവനും മുഴങ്ങുന്നുണ്ടായിരുന്നു. കുശവത്തെരുവിന് ദൈവാനുഗ്രഹം കിട്ടിയ പോലെ തോന്നി. ആളുകൾക്കാണെങ്കിൽ നല്ല ആനന്ദമായിരുന്നു.

ശിവറാമിന്റെ വാചകങ്ങൾ ഉച്ചസ്വരത്തിലുള്ളതും ഭംഗിയുള്ളതും ആയിരുന്നെങ്കിലും അയാൾക്ക് സഖാറാമിന്റെ സ്വരം ഇഷ്ടമായിരുന്നു. സഖാറാം ജന്മനാ നല്ലൊരു കലാകാരനാണ്. അയാൾ തന്റെ ഒരു 'സുവർണ്ണ മധ്യമം' ഉണ്ടാക്കി. അതിൽ മാധുര്യവും ഝണത്കാരവുമുണ്ടായിരുന്നു. ഇക്കാരണത്താൽ അയാൾ നല്ലൊരു നാടക കലാകാരനാണെന്ന് പല നാടുകളിലും അറിയപ്പെട്ടിരുന്നു. പല നാടുകളിൽ നിന്നുള്ള ആളുകൾ പല വേഷങ്ങളും അഭിനയിക്കാൻ അയാളെ അന്വേഷിച്ചു വന്നു. അരുവിക്കപ്പുറത്തുള്ള നാട്ടുവഴിയിൽ സൈക്കിളോ മോട്ടോർസൈക്കിളോ വെച്ച് തോടും വയലും താണ്ടി സഖാറാമിനെ അന്വേഷിച്ച് ആളുകൾ വരുമായിരുന്നു. വേഷങ്ങൾ, നായകൻ, വില്ലൻ, വിദൂഷകൻ, സ്ത്രീ ഇങ്ങനെയൊക്കെയായിരിക്കും. അയാൾ നന്നായി പാടുകയും ചെയ്യും. അയാൾ വട്ടമുഖത്തോടു കൂടി വെളുത്ത് സൗന്ദര്യമുള്ളവനായിരുന്നു. ശരീരത്തിന് നൃത്തത്തിന്റെ വഴക്കമുണ്ടായിരുന്നു. പതിനാലാം വയസ്സിലാണ് ആദ്യമായി മുഖത്ത് ചായം തേച്ചത്. ഇരുപത്തിയൊന്നായപ്പോൾ നാൽപതിൽ പരം നാടകങ്ങളിൽ അഭിനയിച്ചു.

ചിലപ്പോൾ വീട്ടിൽ തന്നെ നാലഞ്ചു ദിവസം നൃത്തമുണ്ടാകും. അമ്മക്ക് ഉൽകണ്ഠയായിരുന്നു. അച്ഛൻ വഴക്കു പറയും. മടങ്ങിവരു

മ്പോൾ വീട്ടിൽ കയറ്റുകയില്ല. കാലുകൾ തല്ലിയൊടിക്കും എന്നു പറയും. മാജാളയിലെ ചന്തയിൽ പോയി തിരിച്ചു വരുമ്പോൾ കാണുന്നവർ തന്റെ മകനെ പ്രശംസിക്കുന്നതു കേൾക്കാം. ആളുകൾ തല കുലുക്കിക്കൊണ്ട് പറയും.

'നിങ്ങൾ ജന്മം കൊടുത്ത അവൻ രത്നക്കല്ലാണ്. ഏതു വേഷമാണ് ഇടുന്നത്!'

മഴ തുടങ്ങിയാൽ പിന്നെ മിണ്ടാതെ വീട്ടിൽ തന്നെ കിടക്കും. അമ്മയും അച്ഛനും പറഞ്ഞതെല്ലാം ചെയ്യും. ദീപാവലി കഴിഞ്ഞാലുടൻ അയാളുടെ മൂക്കു വികസിക്കും, പുറമെ നിന്ന് കാറ്റു വലിച്ച് കയറ്റുംപോലെ. ശരീരത്തിൽ നിറം പുരട്ടും. ഉത്സവസ്ഥലങ്ങളിലും, മേളകളിലും ചുറ്റി നടക്കും. നാടകങ്ങൾ കാണും, അഭിനയിക്കുകയും ചെയ്യും. അയാളെ കണ്ടുകിട്ടുക പ്രയാസമായിരുന്നു.

അമ്മയും അച്ഛനും പറയും, 'അവൻ പാഴായിപ്പോയി. സ്വൽപ്പം ഇരുണ്ട് എലിക്കുഞ്ഞിനെപ്പോലെ അയിരുന്നെങ്കിൽ വയസ്സു കാലത്ത് ഒരു ആശ്രയമായേനേ...'

ഒരു ദിവസം ഉച്ച തിരിഞ്ഞ് കുശവത്തെരുവിലേക്ക് അങ്ങ് ദൂരെ വയലിൽ നിന്ന് ഒരു പെൺകുട്ടി വരുന്നതു കണ്ടു. കയ്യിൽ പേഴ്സ്, വെയിലിന് കുട, ശരീരത്തിൽ നിന്ന് കൂടെക്കൂടെ വഴുതിപ്പോകുന്ന സാരി, ചുവന്ന ബ്ളൗസ്. അവൾ അടുത്തു വന്ന് അവിടെ നിൽക്കുന്ന സീതായയുടെ മരുമകൾ താരയോടായി പറഞ്ഞു,

'എനിക്ക് സഖാറാമിനെ ഒന്നു കാണണം.'

താര പകച്ചുനിന്നു. ഒന്നും പറയാതെ ഉൽകണ്ഠയോടെയും, വിസ്മയത്തോടെയും നോക്കി നിന്നു. പിന്നെ പെട്ടെന്ന് മുന്നോട്ടാഞ്ഞ് അവൾ ആ പെൺകുട്ടിയുടെ ബ്ളൗസിൽ തൊട്ടു. പെൺകുട്ടി പേടിച്ച് പുറകോട്ടു മാറി. താര ചോദിച്ചു:

'നീ എന്നും സുഗന്ധ സോപ്പു കൊണ്ടാണോ കുളിക്കുന്നത്?'

കുറച്ചു മാറി ചൂളയുടെ അടുത്ത് ധർമ്മുവിന്റെ മകൻ പ്രേമാനന്ദ് നിൽക്കുന്നുണ്ടായിരുന്നു. അവൻ ആശ്ചര്യത്തോടെ മിഴിച്ചു നോക്കിക്കൊണ്ടിരുന്നു. താര അയാളോടായി പറഞ്ഞു:

'സഖാറാമിനെ കാണാൻ വന്നിരിക്കുകയാണ്. അവൻ അവിടെയുണ്ടെങ്കിൽ വിളിച്ചോണ്ടുവാ.'

പിൻവശത്തെ മാവിൽ നിന്ന് വലിയ ഒരു വെളുത്ത കൊക്ക് ചിറകടിച്ച് 'പടപട' ശബ്ദമുണ്ടാക്കി തലക്കു മുകളിലൂടെ പറന്നു പോയി. ആരോ തലയിൽ അള്ളിപ്പിടിച്ചിരിക്കുന്നതുപോലെ തോന്നി

പ്രേമാനന്ദിന്. അയാൾ ഓടിച്ചെന്ന് സഖാറാമിനെ വിളിച്ചു കൊണ്ടു വന്നു. പിന്നെ എല്ലാവരും എഴുന്നേറ്റ് അരികിലോട്ട് മാറി നിന്നു. കുശവക്കുടിയുടെ പ്രവേശനകവാടത്തിൽ പടിക്കല്ലുകൾ രണ്ടിഞ്ച് തള്ളിനിൽപ്പുണ്ട്. എന്നായാലും തെരുവിന് ഒരു വേലി ആവശ്യമാണ്. ഇപ്പോഴതില്ല. പൊക്കിവെച്ച കല്ലുകൾ അതേ പടി അവിടെ നിന്നു. ആ പെൺകുട്ടി ഈ കല്ലിൻമേൽ ചാരി നിന്നു. അവർ രണ്ടുപേരും അവിടെ നിന്ന് സംസാരിച്ചു തുടങ്ങി.

കുശവക്കുടിയിലെ ആളുകളൊക്കെയും ദൂരെ നിന്ന് നോക്കുന്നുണ്ടായിരുന്നു. കൂട്ടത്തിൽ സഖാറാമിന്റെ അമ്മയും അച്ഛനും ഉണ്ട്. അവർക്ക് മകനോട് ദേഷ്യവും കൂട്ടത്തിൽ അഭിമാനവും തോന്നി. എന്നാൽ മുന്നോട്ടു കയറി സംസാരിക്കാനുള്ള ധൈര്യമില്ലായി രുന്നു.

പലർക്കും തോന്നി, ഈ പെൺകുട്ടിയെ എവിടേയോ കണ്ടിട്ടുള്ളതു പോലെ. ഉടനെ യശവന്തിന്റെ ഇളയ മകൻ നരശീം (നരസിംഹ്) എല്ലാവരും കേൾക്കേ പറഞ്ഞു, "ശീലയാണവൾ! അഭിനേത്രി! ഇക്കഴിഞ്ഞ 'യാതനചക്ര' എന്ന നാടകത്തിൽ വളരെ നന്നായി അഭിനയിച്ചിട്ടുള്ളവളാണ്". അപ്പോൾ മറ്റുള്ളവർ പറഞ്ഞു, 'അതെ, അവൾ തന്നെ. വേഷമിട്ട മുഖം പലവട്ടം കണ്ടിട്ടുണ്ട്.'

ഒരു മണിക്കൂറോളം അവർ സംസാരിച്ചു കൊണ്ട് നിന്നു. പിന്നെ സഖാറാം കുശവക്കുടിയുടെ നേരെ കൈ ചൂണ്ടി പറഞ്ഞു, 'വഴി വരെ കൊണ്ട് വിട്ടിട്ടു വരാം.' അത് പറഞ്ഞത് എല്ലാവരോടും കൂടിയായി രുന്നു.

അവൾ പോയി. ആളുകളെല്ലാം കുശവക്കുടിയുടെ അരികിലേക്ക് ചേർന്നുനിന്നു. അവർ തമ്മിൽ കുശുകുശുക്കുന്നുണ്ടായിരുന്നു. 'ഒറ്റയ്ക്കു കാണാൻ വന്നിരിക്കുന്നത് കണ്ടോ? നല്ല കഴിവുണ്ട്, ധൈര്യവും!

'മധുരമുള്ള സംസാരം'

'നാടകത്തിന്റെ കാര്യമായിരിക്കും'

'വിവാഹമൊന്നും കഴിഞ്ഞില്ലല്ലോ?'

ഇത് കേട്ട് അച്ഛനും പുരുഷനും പൊങ്ങച്ചം പറഞ്ഞു, 'വിവാഹം കഴിക്കുകയാണെങ്കിൽ ആരാണ് തടസ്സം പറയുന്നത്?'

ഇത് കേട്ടപ്പോൾ സീതായ പറഞ്ഞു, 'നിന്റെ കളിമണ്ണ് അവൾ കുഴച്ചു തരുമല്ലോ, കലങ്ങളുടെ ചുമടും തലയിലേറ്റി വിൽക്കാൻ നടക്കുമല്ലോ?'

7

ഇയ്യിടെയായി കിളിച്ചുണ്ടൻ മാങ്ങ പഴുത്തു തുടങ്ങി. പകൽ മുഴുവനും മരത്തിന്റെ ചുവട്ടിൽ കുട്ടികളുടെ കോലാഹലം. അണ്ണാനും കാക്കകളും ഏത് മാങ്ങാക്കുലയിൽ കൊത്തുന്നുവോ അതും നോക്കി കുട്ടികൾ ആ വശത്തേക്ക് ഓടും. എവിടെയെങ്കിലും 'ഢും' എന്ന് മാമ്പഴം വീണ ശബ്ദം കേട്ടാൽ എല്ലാവരും അവിടെ ഓടിയെത്തും. പകൽസമയത്ത് കുട്ടികളും, രാത്രിയിൽ പ്രായമായവരും. രാത്രികാലങ്ങളിൽ കയ്യിൽ ചുരൽകൊട്ടയുമെടുത്ത് പ്രായമായവർ മാങ്ങ പെറുക്കുവാൻ പോകും.

ഒരു രാത്രി മാങ്ങ പെറുക്കിക്കൊണ്ടിരുന്ന ഒരു സ്ത്രീ 'ഭൂതം, ഭൂതം' എന്ന് പറഞ്ഞു കൊണ്ട് സ്വന്തം വീട്ടിലേക്ക് ഓടിക്കയറി. സ്വബോധം വന്ന് വീട്ടുകാർ ചോദിച്ചപ്പോൾ പറഞ്ഞു, 'ഞാൻ മാങ്ങ പെറുക്കുമ്പോൾ ഭൂതം എന്റെ പുറകെ തന്നെ മാങ്ങ പെറുക്കുന്നു. ഞാൻ കുനിയുമ്പോൾ അതും കുനിയും. ഞാൻ എഴുന്നേറ്റു നിൽക്കുമ്പോൾ അതും എഴുന്നേൽക്കും...'

ഈ സമയത്ത് ധർമ്മുവിന്റെ ഭാര്യ തുളസി വാതിൽക്കൽ വന്നുനിന്നു. സ്വതവേ അവൾ കറുത്തിട്ടാണ്, സാരിയും കറുത്തത്. തലയിലെ മുടി പറന്ന് നിവർന്ന് നിൽക്കുന്നു. അവൾ പറഞ്ഞു, 'ഞാൻ ഇവളുടെ കൂടെയാണ് മാങ്ങ പെറുക്കിക്കൊണ്ടിരുന്നത്. പക്ഷെ ഇവൾ ഇടയ്ക്കു തന്നെ 'ഭൂതം, ഭൂതം' എന്നു വിളിച്ചു കൊണ്ട് ഓടിപ്പോന്നു.'

ആ ചുറ്റുവട്ടത്ത ആ മാവ് നാലുചുറ്റുമുള്ള പ്രദേശത്ത് ഒരു അത്ഭുതം തന്നെയായിരുന്നു. അഞ്ചു പേർ കൈകോർത്തു പിടിച്ചാലും എത്താത്ത വണ്ണ മുള്ള വൃക്ഷം. അതിനു മുകളിൽ രണ്ടു ശാഖകൾ. അവ പടർന്ന് ആകാശം മുട്ടേ വളർന്നിരുന്നു. അത് കുശക്കുടി മുഴുവൻ തണൽ പരത്തുന്നുണ്ടായിരുന്നു. ചൂടു കൂടുതലുള്ള ദിവസങ്ങളിൽ ഈ തണലും, തണുപ്പും കുശവനിൽ സ്വന്തം വീടിന്റ പ്രതീതി ഉളവാക്കി. പുരുഷന്മാർ രാവും പകലും ഇവിടെ തന്നെ കഴിയുമായിരുന്നു. മരത്തിനു ചുവട്ടിൽ മാമ്പഴം ചീഞ്ഞുകിടന്നു. ഇയ്യിടെ മാവിന്റെ ചുവട്ടിൽ മനുഷ്യരുടെയല്ല, അണ്ണാൻ, പക്ഷികൾ മുതലായവയുടെ ഉത്സവമായിരുന്നു. ആളുകൾ അണ്ണാൻ കടിച്ച മാങ്ങ കൂടുതൽ സ്വാദുള്ളതാണെന്ന് പറഞ്ഞുകൊണ്ടിരുന്നു. ആ വൃക്ഷം ആര് എപ്പോൾ നട്ടു, അതോ തനിയെ മുളച്ചു വന്നോ എന്ന് ആർക്കും അറിഞ്ഞുകൂടാ. എന്നാൽ ആ മരം എട്ടു വീടുകളിലേയും കുശവരുടെ പൊതു

സ്വത്തായിരുന്നു. എന്നു വച്ചാൽ ഈ കുശവർ അവിടെ വന്നതു മുതൽ അല്ലെങ്കിൽ അതിനു മുമ്പ് തന്നെ ഈ മരം ഉണ്ടായിരുന്നിരിക്കണം.

മരത്തിൽ കയറി മാങ്ങപറിക്കുന്നത് ആപൽക്കരമാണ്. പഴുത്ത് താഴെ വീഴുന്ന മാമ്പഴം മാത്രമേ തിന്നാൻ കിട്ടുകയുള്ളൂ. മാമ്പഴം മധുരമുള്ളതും തേനൂറുന്നതും സ്വൽപം നാരുള്ളതും ആയിരുന്നു. അത് ചപ്പിത്തിന്നാനേ പറ്റൂ. കുട്ടികൾ മണിക്കൂറിടവിട്ട് മാമ്പഴം ചപ്പി തിന്നുകൊണ്ടിരിക്കും. നാട്ടിൽ എങ്ങും കിട്ടാത്ത അവസരത്തിൽ പോലും ഈ മാവിൽ മാങ്ങയുണ്ടാകും. ഈ മാവിന്റെ രൂപമൊന്നു വേറെ തന്നെ. നിവർന്നു നിൽക്കുന്ന പുരാണപുരുഷനെപ്പോലെ തോന്നിക്കും.

ഗ്രാമത്തിലെ കൃഷിക്കാർ വൃക്ഷത്തിന്റെ ചുവട്ടിൽ ചുറ്റി നടക്കും ആധികാരികമായി മാങ്ങപറിക്കുകയും ചെയ്യും. അവർ പറയും ഈ പ്രദേശം ഞങ്ങളുടെ പൂർവ്വികർ നിങ്ങൾക്കു താമസിക്കാൻ മാത്രം നല്കിയതാണ്.

കാർത്തികമാസത്തിൽ ഒരു ദിവസം രണ്ടു മുക്കുവർ കുശത്തെരുവിൽ വന്നു. വന്ന ഉടനെ അവർ കൈകൾ കൊണ്ട് വൃക്ഷത്തിന്റെ തടിയിൽ 'ടപ്, ടപ്' എന്നു മുട്ടി നോക്കി. 'പൊള്ളയല്ലെന്നു തോന്നുന്നു' അവിടെ യശവന്ത് നിൽക്കുന്നുണ്ടായിരുന്നു. അവർ ചോദിച്ചു, 'മരം വിൽക്കുന്നുണ്ടോ? ഞങ്ങൾക്ക് തോണി ഉണ്ടാക്കുവാനാണ്.'

യശവന്ത് മറുപടിയൊന്നും പറഞ്ഞില്ല. വരാന്തയിൽ ഇരുന്ന് മൺകലങ്ങൾ മെനഞ്ഞുകൊണ്ടിരുന്ന ഘനശ്യാമിനേയും ശിവറാമിനേയും കൂട്ടിക്കൊണ്ടു വന്നു.

'മുക്കുവർ മാവുവേണമെന്ന് പറഞ്ഞ് വന്നിരിക്കുന്നു', ഗോപാലൻ മുക്കുവരുടെ നേരെ കൈ കാണിച്ചു കൊണ്ട് പറഞ്ഞു, 'ഇല്ല, മരം ഞങ്ങൾ തരികയില്ല. കുശവരുടെ പൊതു ഉടമസ്ഥതയിലുള്ള ഒരേ ഒരു സ്വത്താണിത്. വർഷം മുഴുവനും കുട്ടികൾ ഇതിലെ കണ്ണിമാങ്ങക്കു വേണ്ടി കൊതിക്കുന്നു. കുട്ടികൾക്കും, മുതിർന്നവർക്കും ഈ മാവ് ഒരുപോലെ ഇഷ്ടമുള്ളതാണ്. ഇതിനോടുള്ള കൊതി കാരണം വിവാഹം കഴിച്ചു പോയ സ്വന്തം പെൺമക്കൾ പോലും വീട്ടിലേക്ക് ഓടിയെത്തും.'

ശിവറാരാമ് പറഞ്ഞു,'ഞങ്ങൾക്ക് തണൽ നൽകിക്കൊണ്ട് നിൽക്കുന്നത് നിങ്ങൾ കാണുന്നില്ലേ? ആ തണൽ ഞങ്ങൾ എങ്ങനെ വിറ്റു തിന്നും? ഇതു വരെ യാചിക്കാൻ പോയിട്ടില്ല. ഗ്രീഷ്മം മുഴുവനും ഈ തണലാണ് ഞങ്ങളുടെ വീട്.'

'ഞങ്ങൾ നല്ല വില തരാം.' അതിലെ ഒരു മുക്കുവൻ തന്റെ ചെറിയ

ട്രൗസറിന്റെ കീശയിൽ രണ്ടു മൂന്നു തവണ തൊട്ടുകാണിച്ചു. പ്രായമായ ഘനശ്യാമാകട്ടെ വളരെ ശുദ്ധാത്മാവും എപ്പോഴും പിറു പിറുത്തു കൊണ്ടിരിക്കുന്ന മനുഷ്യനുമാണ്. അയാൾ പെട്ടെന്ന് ചൂടായി, 'ലക്ഷം നൽകിയാലും വൃക്ഷം വിൽക്കുകയില്ല. ഞങ്ങളുടെ മൂലപുരുഷന്റെ നേരെ കോടാലി പ്രയോഗിക്കാൻ നോക്കുന്നോ ?

'മുക്കുവർ മിണ്ടാതെ സ്ഥലം വിട്ടു. പോകുമ്പോൾ അതിലെ ഒരാൾ പറഞ്ഞു, ' ഞങ്ങൾ എന്താ ബലമായി കൊണ്ടുപോകുമോ? നിങ്ങളുടെ കൂട്ടത്തിലുള്ള ഒരാൾ തന്നെ കാണിച്ചു തന്നതാണ്. ഈ മരം വിൽക്കാനുണ്ടെന്ന് അയാൾ പറഞ്ഞു.'

8

പേര് ധർമ്മു. പക്ഷെ അയാൾ എപ്പോഴൊക്കെ ധർമ്മത്തെ മാനിച്ചു എന്നാരും നോക്കിയില്ല. മദ്യം ഇഷ്ടം പോലെ മോന്തുകയും വല്ലവരുടെയും ഉമ്മറപ്പടിയിൽ ചെന്നിരിക്കുകയും ചെയ്യും. തുട പുറത്തുകാട്ടി നിരന്തരം ചൊറിഞ്ഞു കൊണ്ടിരിക്കും. വായിൽ ഉമിനീർ വളരെ നേരം വരെ വെച്ചുകൊണ്ടിരിക്കും. പിന്നെ തോന്നിയ സ്ഥലത്ത് തുപ്പിക്കളയും. ആരുടെയെങ്കിലും മുറ്റത്തോ, ഇറമ്പത്തോ ചുമന്ന നിറമുള്ള തുപ്പൽ വീഴുമായിരുന്നു. സ്ത്രീകളുടെ അരക്കെട്ടിൽ സൂക്ഷിച്ചു നോക്കിക്കൊണ്ട് പറയും, "ഭർത്താവ് നല്ലവണ്ണം പാലും നെയ്യുമൊക്കെ കൊടുത്ത് വളർത്തുന്നതു കൊണ്ടാണ് ബ്രാഹ്മണിയെ പ്പോലെ നിങ്ങളുടെ അരക്കെട്ടിൽ ഈ ചുളിവുകൾ കാണുന്നത്. എന്തുമാകട്ടെ നിങ്ങളുടെ ഭർത്താവ് കലമുണ്ടാക്കാൻ സമർഥനാണ്. പശുവും പാൽക്കാരനുമൊത്തു ചേർന്നാൽ പശുവിന് എല്ലായപ്പോഴും ചിന പിടിക്കുമെന്ന് അറിഞ്ഞുകൂടേ?"

അയാളുടെ നാവുള്ളിടത്ത് ആരും അടുക്കില്ല. വഴക്കിടാൻ തുടങ്ങിയാൽ അയാൾ അശ്ലീല വാക്കുകൾ പറഞ്ഞു കൊണ്ടിരിക്കും. വഴക്കു കൂടാൻ കാരണമുണ്ടാക്കി നാക്കിന്റെ ചോറി ച്ചിൽ മാറ്റും. കൂടെ മദ്യവും കഴിക്കും. ചിലപ്പോൾ അയാൾ മദ്യം കഴിച്ച തിന്റെ കുഴപ്പമാണോ അതോ വെറുതെയുണ്ടാക്കുന്ന കലഹമാണോ എന്നറിയാൻ പറ്റുന്നില്ലായിരുന്നു. അയാൾക്ക് ഭാര്യയും പ്രായമായ രണ്ടു കുട്ടികളും ഉണ്ട്. എന്നിട്ടും അയാൾക്കെന്നും ഉത്സവമാണെന്ന് ആളുകൾ പറയും, അയാളുടെ പീഡനം സഹിക്ക വയ്യാതെ അമ്മ കാഞ്ഞിരക്കുരു കഴിച്ച് ആത്മഹത്യ ചെയ്തു. ആശ്ചര്യമെന്നു പറയട്ടെ അയാളുടെ മുത്തശ്ശി – അച്ഛന്റെ അമ്മ – ഇന്നും ജീവനോടെയുണ്ട്.

തൊണ്ണൂറ് തികഞ്ഞ ആ വൃദ്ധ ഏതെങ്കിലും വീട്ടിൽ പോയി എന്തെങ്കിലും വാങ്ങി കഴിച്ച് ജീവിക്കും. വടി കുത്തി നടന്ന് ആടി ആടി കൃഷിക്കാരുടെ കോളനിയിൽ പോയി യാചിച്ച് എന്തെങ്കിലും കഴിയ്ക്കും.

ധർമ്മു മദ്യം നിറക്കുന്ന വലിയ കലങ്ങൾ ഉണ്ടാക്കാൻ വിരുതനായിരുന്നു. അധികവും വലിയ മൺകലങ്ങളാണ് അയാൾ ഉണ്ടാക്കിയിരുന്നത്. മനുഷ്യനോളം പൊക്കം വരുന്ന ഈ വലിയ കലങ്ങൾ വലിയ കുഴി കുത്തി അതിലിട്ട് ശരിയാക്കി ആ ഒരു കലം മാത്രം ചൂളയിൽ വെച്ച് നിന്നു കൊണ്ടു തന്നെ തീ കത്തിച്ചു ചുട്ടെടുക്കും. ചെറിയ മൺപാത്രങ്ങളുണ്ടാക്കുവാൻ അയാളുടെ കൈ ഒട്ടും വഴങ്ങുകയില്ലായിരുന്നു. അയാൾ മെനഞ്ഞെടുത്ത മൺകലങ്ങൾ നേരെ ആഗോംദ്, പാലോളേം, സാദോൾശെം, ഗാംവഡോഗർ എന്നീ ഗ്രാമങ്ങൾ വരെ എത്തും. അരുവിയുടെ വഴിയിൽ നിന്ന് മോട്ടർസൈക്കിളിന്റെ ശബ്ദം കേട്ടാലുടൻ ധർമ്മു ഓടിയോടി കുശത്തെരുവിന്റെ മുന്നിലെത്തും. അവർ ഏതു വഴിയെ വന്നു എന്നുള്ളത് അയാൾ ശബ്ദം കൊണ്ട് മനസ്സിലാക്കും. കൃത്യമായി അവരെ പിടികൂടും. പതിനഞ്ചു ദിവസം കൊണ്ട് പാത്രം തയ്യാറാകും. പിന്നെ അത് അരുവിയുടെ മറുവശത്തുള്ള വഴി വരെ തലയിൽ വെച്ച് ചുമന്നു കൊണ്ടുപോയി പിക് അപ് വാനിൽ വെക്കും.

മദ്യപിച്ച് രാത്രി വളരെ വൈകുന്നതു വരെ മൺകലങ്ങളുണ്ടാക്കും. കുശത്തെരുവിൽ വലിയ കലങ്ങളുണ്ടാക്കുന്നത് താൻ മാത്രമാണെന്ന് പോങ്ങച്ചം പറയും. ഗ്രാമത്തിൽ പോകുമ്പോൾ ഇയാൾ ജനങ്ങളോടു പറയും, 'ഈ കുശവർക്ക് കളിമണ്ണ് കുഴയ്ക്കാനും, അടിച്ചു പരത്താനും അറിഞ്ഞുകൂടാ. ഇവർ ചട്ടികൾ മാത്രം ഉണ്ടാക്കും. ഒരു വലിയ പാത്രം അടിച്ചു പരത്തുകയാണെങ്കിൽ ഇവരുടെ കശേരു തകർന്നു പോകും. പുരുഷന്മാരുടെ പണിയാണിത്.'

ശിവറാമ് കുശവപ്പണിയിൽ വിരുതനായിരുന്നു. ചക്രം തിരിച്ച് അതിനു മേൽ കളിമണ്ണു വെച്ച് സുന്ദരമായ കഴുത്തോടുകൂടിയ കലങ്ങൾ അയാൾ ഉണ്ടാക്കുമായിരുന്നു. ചക്രം തിരിയുന്ന താളത്തിൽ തന്നെ അയാളുടെ കൈകൾ തിരിയുകയും ഒരു കല രൂപമെടുക്കുകയും ചെയ്യും. അയാളുടെ കൈകൾ കളിമണ്ണിലല്ലെങ്കിലും ഒരു തരത്തിൽ സംഗീതമുണ്ടാക്കുന്നവയായിരുന്നു. അവയിൽ നിന്ന് ഒരു മൂർത്ത സ്വരം മുകളിൽ വരും. വെള്ളം ചൂടാക്കാൻ , നെല്ലു പുഴുങ്ങാൻ പറ്റിയ രീതിയിൽ അയാൾ കലങ്ങൾ, ഉണ്ടാക്കിയിരുന്നു. എന്നാൽ ചൂളയിൽ വലിയ പാത്രം ഒരിക്കലും നിർമ്മിച്ചിരുന്നില്ല. കുനിഞ്ഞു നിന്നുകൊണ്ട് ചെയ്യുന്ന ആ പണി കുറച്ച് പ്രയാസമുള്ളതായിരുന്നു

എന്നുള്ളത് ശരി തന്നെ, അയാൾക്കു തോന്നുമായിരുന്നു. ഏറ്റെടുക്കുകയാണെങ്കിൽ എനിക്കതും ചെയ്യാൻ സാധിക്കും. വലിയ ആകാരവും വയറും ഉണ്ടെന്നിരിക്കിലും അതും ഒരു മൺകലം തന്നെയല്ലേ.

ഒരു ദിവസം ഒരു മോട്ടർസൈക്കിൾ അരുവിയുടെ അക്കരെ നടവഴിയിൽ വന്നു നിന്നത് കുശവർ കണ്ടു. ആദ്യം മോട്ടർസൈക്കിളിന്റെ ശബ്ദം കേട്ടു. പിന്നെ അത് അവിടെ നിൽക്കുന്നത് കണ്ടു. ധർമ്മു സന്തോഷത്തോടെ കുശത്തെരുവിന്റെ അരികിൽ വന്നു നിന്നു. ഇപ്പോൾ ഇനിയൊരു പാത്രം. ഒരു പാത്രമെന്നാൽ പതിനഞ്ചു ഇരുപതു ദിവസത്തേക്കുള്ള ഉപജീവനമാർഗ്ഗം. മദ്യത്തിന്റെയും ബീഡിയുടെയും വ്യവസ്ഥയും. എനിക്കു ഗണപതിയുടെ പ്രതിമകളുണ്ടാക്കാൻ അറിയില്ലെന്ന് ഇവർ പറയുന്നു.

ഞാനുണ്ടാക്കിയ പാത്രങ്ങളിൽ ഗോവയിലെ ആൾക്കാർ ആയിരത്തോളം കുടം മദ്യം ശേഖരിച്ചിട്ടുണ്ടാവണം.

മോട്ടർസൈക്കിളിൽ വന്ന ഇരുവരും അരുവി കടന്നു വന്നു. ധർമ്മു മുമ്പിൽ നിന്നിരുന്നു. അവർ എന്തെങ്കിലും പറയുന്നതിനു മുമ്പ് തന്നെ ധർമ്മു പറഞ്ഞു, 'വലിയ കലമല്ലേ? ഞാൻ ഉണ്ടാക്കുന്നുണ്ട്. ഈ തെരുവിൽ വലിയ കലം നിർമ്മിക്കുവാൻ എനിക്കു മാത്രമേ അറിയൂ.'

'ശിവറാമിനെ കാണണമായിരുന്നു. ഞങ്ങൾ പാലോളെയിൽ നിന്ന് വന്നവരാണ്. അയാളുടെ ചെറിയമ്മയുടെ അനിയത്തിയുടെ മകനാണ് ഞങ്ങളെ ഇവിടെ പറഞ്ഞു വിട്ടത്. അയാൾ ഞങ്ങളുടെ അയൽപക്കത്താണ്. എന്റെ അമ്മാവൻ നല്ല വലിയ കലമുണ്ടാക്കിത്തരും എന്ന് പറഞ്ഞിരുന്നു.'

'ഛേ! ഛേ!അവനത് ഉണ്ടാക്കുകയില്ല. അവന് അത് ചെയ്യാൻ കഴിയുകയില്ല.'

'അവന്റെ ചെറിയമ്മയുടെ സഹോദരിയുടെ മകനല്ലേ പറഞ്ഞത്? നിങ്ങൾ അയാളുടെ വീടൊന്നു പറഞ്ഞു തരൂ.'

ധർമ്മു അയാളുടെ വീട്ടിൽ പോകുന്ന വഴിയുടെ നേരെ ചൂണ്ടിക്കൊണ്ട് പറഞ്ഞു, 'മുമ്പിൽ ഒരു കുടിൽ പോലെ കാണുന്നില്ലേ? അതാണ് വീട്.'

അവർ ശിവറാമിന്റെ വീട്ടിലുള്ള വഴിയിലൂടെ നടന്നു. ധർമ്മു പിന്നെയും പറഞ്ഞു, 'അയാൾ ഉണ്ടാക്കുന്ന കലം ഒരു മാസത്തിനുള്ളിൽ പൊട്ടിപ്പോകും. കണ്ടോളൂ.... തെങ്ങു കയറുന്നവർ, തെങ്ങിൽ കയറുമ്പോൾ അര മാത്രം മറയ്ക്കുന്നു. ഒരു ചാൺ നീളമുള്ള ട്രൗസർ ഇടും. പുറത്തേക്ക് പോകുമ്പോൾ മോടിയുള്ള പാന്റും, ബൂട്ടും ഇട്ടു നടക്കും.'

അവർ ശിവറാമിന്റെ വീടുമുറ്റത്ത് ചെന്നു നിന്നു. അയാൾ വരാന്തയിലിരുന്ന് കലം ഉണ്ടാക്കിക്കൊണ്ടിരിക്കുകയായിരുന്നു.... 'നിങ്ങളുടെ ചെറി യമ്മയുടെ സഹോദരിയുടെ മകൻ സഹദേവനാണ് ഞങ്ങളെ പറഞ്ഞു വിട്ടത്, ഒരു വലിയ മൺകലമുണ്ടാക്കണമെന്നു പറയാൻ. ഞങ്ങൾ പാലോളെ ഗ്രാമത്തിൽ നിന്നു വരുന്നു.' സഹദേവ ന്റെ പേര് കേട്ടപ്പോൾ ശിവറാമിന് സന്തോഷമായി. 'പരസ്പരം കണ്ടിട്ട് എത്രയോ നാളായി. കുറെ മുമ്പ് ഒരു വർഷം ഉത്സവത്തിന് വന്നതാണ്. എല്ലാവർക്കും സുഖമല്ലേ? ട്രക്ക് വാങ്ങിയെന്ന് കേട്ടു. അച്ഛനാണെങ്കിൽ കുശവപ്പണി നിർത്തി.' അയാൾ അവർക്കിരിക്കുവാൻ വേണ്ടി തിണ്ണയിൽ പായ വിരിച്ചു. തങ്ങൾക്കൊരു വലിയ മൺകലം വേണമെന്നു പറഞ്ഞപ്പോൾ തന്നെ ശിവറാമിന് സന്തോഷമായി. അയാളുടെ തോളുകൾ പിടച്ചു തുടങ്ങി. ഇതിനു മുമ്പ് ഞാൻ ചെറുതും വലുതുമായി പല മൺ കലങ്ങളും നിർമ്മിച്ചിട്ടുണ്ട്. വളരെ വലിയ കലങ്ങൾ നിർമ്മിച്ചിട്ടില്ല. അച്ഛൻ ഉണ്ടാക്കുമ്പോൾ കണ്ടിട്ടുണ്ട്. അദ്ദേഹത്തെ സഹായിച്ചിട്ടുമുണ്ട്. അയാൾ പറഞ്ഞു, 'പതിനഞ്ചു ദിവസം കൊണ്ട് ഞാൻ വലിയ കലമുണ്ടാക്കാം. മനസ്സുവെച്ച് നിർമ്മിക്കാം. പത്തു വർഷം വരെ ഒരന ക്കവും ഉണ്ടാകുകയില്ല. ഞങ്ങളുടെ കുളത്തിലെ കളിമണ്ണ് വളരെ നല്ലതാണ്. മയപ്പെടുത്തുന്ന തനുസരിച്ച് ദേവമൂർത്തിയുണ്ടാകുന്നു.'

അവരിലൊരാൾ അതിവാചാലനും പ്രകാശമുള്ള കണ്ണുകളോടു കൂടിയവനും ആയിരുന്നു. അയാൾ പറഞ്ഞു, 'ഇപ്പോൾ ആളുകൾ മദ്യം സൂക്ഷിക്കാൻ ചെമ്പുപാത്രമുപയോഗിക്കുന്നുണ്ട്. ഞങ്ങൾ സമ്മതിക്കു കയില്ല, മൺകലത്തിലെ വീഞ്ഞിന്റെ രുചി അറിയുന്നവർക്കേ മനസ്സി ലാകൂ. ആരോഗ്യത്തിനും നല്ലതാണ്. ഗോവയിൽ ബ്രാഹ്മണക്രിസ് ത്യാനികൾ മൺകലത്തിലെ വീഞ്ഞ് രുചിയുള്ളതാണെന്ന് കരുതുന്നു. ഞങ്ങളുടെ അപ്പൂപ്പനും അച്ഛനും മൺകലത്തിൽ തന്നെയാണ് വീഞ്ഞ് സൂക്ഷിച്ചിരുന്നത്. ഞങ്ങളും അതിനെ അനുകരിക്കും. വിറക് അൽപം കൂടുതൽ വേണമെന്നുള്ളത് സത്യം.'

ശിവറാമ് പറഞ്ഞു, 'ചെമ്പുപാത്രം, സ്റ്റീൽപാത്രം, പ്ളാസ്റ്റിക് പാത്രം ഇവയെല്ലാം കുശവന്റെ വയറ്റത്തടിക്കാനുള്ള കണ്ടുപിടുത്തങ്ങളാണ്. ഈ വ്യവസായം ഇപ്പോൾ നഷ്ടത്തിലാണ്.'

പതിനഞ്ചു ദിവസം കഴിഞ്ഞ് കലം കൊണ്ടുപോകാൻ പിക് അപ് വാനുമായി വരാം എന്നു പറഞ്ഞ് അവർ പോയി. ഏതു ദിവസമാണെ ന്നും കൃത്യം പറഞ്ഞു. ശിവറാമ് മനസ്സിൽ പറഞ്ഞു, ഇവർക്കു ഞാൻ സ്വർണം കൂട്ടി പാത്രമുണ്ടാക്കി കൊടുക്കും.

അവർ പോയപ്പോൾ തന്നെ ധർമ്മു മുറ്റത്തു വന്നു നിന്നു. 'ശിവറാമ്,

വന്നവരെ ഞാനറിയും. അവർ നല്ലവരല്ല. വഴക്കിടാൻ ഏറ്റവും മുന്നിലാണ്. പൈസ കിട്ടുവാൻ ബുദ്ധിമുട്ടുണ്ടാകും. അവരുടെ വലയിൽ പെടരുത് കേട്ടോ'.

ശിവറാമ് ഒരേ സ്വരത്തിൽ കലമുണ്ടാക്കുന്നുണ്ടായിരുന്നു. ഇടയ്ക്കു വെച്ച് അയാൾ ജോലി പെട്ടെന്ന് നിർത്തി. അയാൾ ധർമ്മുവിനോട് തണുത്ത മട്ടിൽ പറഞ്ഞു,'എന്റെ മരുമകനാണ് അവരെ അയച്ചത്. നീ ഇടയ്ക്കു കയറി സംസാരിക്കേണ്ടാ' മുന്നോട്ട് അൽപം കുനിഞ്ഞ് പുറത്തു ചാടിയ പോലെയുള്ള കണ്ണുകളും ഒഴുക്കൻ താടിയുമുള്ള ധർമ്മു എന്ന മൂങ്ങ മുറ്റത്തു നിന്ന് പോകുന്നതായി ശിവറാമിന് തോന്നി.

9

പിറ്റേ ദിവസം തന്നെ ശിവറാമ് ഭാര്യ അമ്പോലെയും കൂട്ടി ആദ്യമായി മലയിലേക്ക് പോയി. അവിടെ നിന്ന് മണമുള്ള നല്ല ചുമന്ന മണ്ണ് അഞ്ചു ചുമട് കൊണ്ടുവന്നു. അന്നേ ദിവസം സന്ധ്യക്ക് കുളത്തിൽ പോയി അത്രയും തന്നെ കളിമണ്ണ് എടുത്തു കൊണ്ടുവന്നു. മണ്ണ് നന്നായി ഉണങ്ങിയതായിരുന്നു. എന്നിരുന്നാലും അയാൾ ഒരു തവണ അത് വെയിലത്തു വെച്ച് ഉണക്കി. പിന്നെ കലംതല്ലി കൊണ്ട് ചെറുതായി അടിച്ചു പൊടിച്ച് അരിച്ചെടുത്തു. നല്ല മണമുള്ള മണ്ണ്. അത് പകുതിക്ക് പകുതി കൂട്ടിച്ചേർത്ത് കുഴച്ചെടുത്ത് ഒരു വലിയ കലത്തിൽ വെള്ളത്തിലിട്ടു വെച്ചു. രാത്രി മുഴുവനും മനുഷ്യനോളം പൊക്കമുള്ള ഈ ചുമന്ന കലം കൺമുമ്പിൽ മിന്നിക്കൊണ്ടിരുന്നു. അടുപ്പിൽ ചുമ്മാടിന്റെ സഹായത്തോടെ താങ്ങി വെച്ച ഭാഗത്ത് വലിയൊരു കറുത്ത അടയാളം.

രണ്ടു ദിവസം മുഴുവൻ മണ്ണ് നനച്ചു വെച്ച് അതിൽ നിന്ന് കുറച്ചെടുത്ത് ചക്രത്തിന്റെ മധ്യഭാഗത്ത് ആവശ്യമുള്ള വീതിയിൽ പരത്തി ലിംഗാകൃതിയിലുള്ള മണ്ണ് മെനഞ്ഞെടുത്ത് കലത്തിന്റെ കഴുത്തുണ്ടാക്കി. മണ്ണ് അധികം ഉണങ്ങുന്നത് നന്നല്ല. അത് കലമുണ്ടാക്കാൻ പാകത്തിലുള്ളതായിരിക്കണം. കലത്തിന്റെ പൊക്കം എത്ര വേണമെന്നുള്ള അളവ് അയാളുടെ മനസ്സിൽ വന്നില്ല. ധർമ്മുവിനോട് ചോദിച്ച് ഒരു പ്രയോജനവുമില്ലായിരുന്നു. അയാൾ കള്ളം പറയും. ശിവറാമ് എഴുന്നേറ്റു. വൃദ്ധനായ പാണ്ഡുദാദിന്റെ അടുത്തെത്തി. വൃദ്ധനായതിനാൽ അദ്ദേഹത്തിന്റെ കേൾവിശക്തി കുറഞ്ഞു പോയി. കണ്ണുകളിൽ കട്ടിയുള്ള കണ്ണാടി വെച്ചിരുന്നു. അതിന്റെ ഒരു കാൽ ഒടിഞ്ഞു പോയതിനാൽ കയർ കൊണ്ടു കെട്ടി ചെവിയിൽ ഉടക്കി വെക്കുമായിരുന്നു.

അദ്ദേഹത്തിന്റെ മക്കൾ വിശ്രാമും, ഗോപാലും ഒരേ വീട്ടിൽ വെവ്വേറെ താമസിച്ചിരുന്നു. ഇളയ മരുമകൾ വളരെയധികം സ്നേഹമുള്ളവളായിരുന്നു. മൂത്തവൾ ആഹാരം തയ്യാറാക്കുന്നതിനു മുമ്പ് അവൾ വേഗം ആഹാരമുണ്ടാക്കി 'അച്ഛൻ ഉണ്ണാൻ വരണം' എന്ന് പറഞ്ഞ് അച്ഛനെ കൂട്ടിക്കൊണ്ടുപോകും. പാണ്ഡുദാദ് ആദ്യം വിളിക്കുന്നവളുടെ കൂടെ മിണ്ടാതെ പോയിരിക്കും. ചിലപ്പോൾ കഞ്ഞി ഒരാളുടെ, കറി മറ്റെയാളുടെ, ഇങ്ങനെ അവർ തന്ന ചോറ് കഴിക്കും. ഒരുത്തി ചോറു വിളമ്പും മറ്റേവൾ ഓടിവന്ന് മീൻകഷ്ണങ്ങൾ വിളമ്പും. പണ്ട് അദ്ദേഹം അധികവും ഢുമട് (ഒരു വാദ്യം) ഉണ്ടാക്കുമായിരുന്നു. ഢുമട് പാണ്ടു എന്നാണ് അദ്ദേഹം ഗ്രാമത്തിൽ അറിയപ്പെട്ടിരുന്നത്.

ശിവറാമ് പാത്രത്തിന്റെ ഉയരത്തെപ്പറ്റി ചോദിച്ചപ്പോൾ ശിവറാമിന് തന്നെ കേൾക്കാൻ പറ്റാത്ത വിധം അദ്ദേഹം തന്റെ കുരുങ്ങിയ ശബ്ദത്തിൽ ഉറക്കെ പറഞ്ഞു, 'ശിവറാമ് കുശത്തെരുവിൽ നീ പേരുകേട്ട കുശവനാണ്. നിന്റെ നെഞ്ചോളം വരുന്ന കലം ഇരിക്കട്ടെ.'

മുറ്റത്തിനപ്പുറത്ത് തണലിൽ വലിയൊരു കുഴിയുണ്ടാക്കി ശിവറാമ് കലം നിർമ്മിച്ചു തുടങ്ങി. ഇറ്റിറ്റു വീഴുന്ന വെള്ളം കൊണ്ട് കളിമണ്ണ് നനയ്ക്കുന്നുണ്ടായിരുന്നു. മണ്ണ് പരത്തി വലതു കയ്യിലെ വടി കൊണ്ട് അടിക്കും. ഇടതു കയ്യിൽ കല്ലുണ്ടായിരുന്നു.

കലം വയറിന്റെ പൊക്കത്തിലാകുന്നതുവരെ അയാൾ ഇരുന്ന് കൊണ്ടു തന്നെ കുഴിയിൽ വെച്ച് തിരിച്ചു കൊണ്ടിരുന്നു. അതിനു ശേഷം മാത്രമാണ് അയാൾ എഴുന്നേറ്റു നിന്നത്. അയാൾ കുനിഞ്ഞു നിന്ന് കലമുണ്ടാക്കിത്തുടങ്ങി. ഒരു കയ്യിൽ കലംതല്ലി, മറുകയ്യിൽ കല്ല്. ഇറ്റിറ്റു വീഴുന്ന വെള്ളത്തുള്ളികൾ കൊണ്ട് മണ്ണ് നനയ്ക്കാൻ അയാൾക്ക് ഇടക്കിടയ്ക്ക് കുനിയേണ്ടി വന്നിരുന്നു. ഇരുന്നിരുന്ന് കുശവന്റെ നട്ടെല്ല് നടുവിന്റെ ഭാഗത്ത് മൃദുവായിത്തുടങ്ങി. കുനിഞ്ഞു പണിയെടുക്കുക വളരെ കഠിനമായിരുന്നു. കലത്തിന്റെ മുകൾഭാഗം നെഞ്ചിന്റെ ഉയരത്തിലെത്തി.

ശിവറാമ് കലമുണ്ടാക്കി. ഒരാളിന്റെയത്ര ഉയരമുള്ള പച്ചക്കലം. സുന്ദരമായ, വീതിയുള്ള, വട്ടക്കഴുത്തോടു കൂടിയ കലം. നാലു വശവും വ്യാപിച്ച വയറോടു കൂടിയത്, രഥത്തിലെ താഴികക്കുടംപോലെ, അമ്പലത്തിലെ കലശം പോലെ! ശിവറാമ് വളരെ പ്രയാസപ്പെട്ടാണ് ഇതുണ്ടാക്കിയത്. തുടർച്ചയായി ഒന്നര ദിവസം ശ്രദ്ധ മുഴുവനും കലം നിർമ്മിക്കുന്നതിലായിരുന്നു.

അയാൾ അത് മൂന്നു ദിവസം ഇളം വെയിലിൽ വെച്ച് ഉണക്കി. നാലാം ദിവസം ചൂളയിൽ വെച്ചു. മൂന്നാലു തവണ അടുപ്പിന്റെ മുമ്പിൽ

പതുക്കെ പതുക്കെ കുടങ്ങൾ വെച്ച് ചൂള ചൂടായപ്പോൾ അതിനകത്തുള്ള പുല്ലിനും, പൊടിവിറകിനും തീ കൊളുത്തി. ചിമ്മിണിയിൽ കൂടി പുക മുകളിലോട്ട് പോയിത്തുടങ്ങി.

പിന്നെ എന്തു പറ്റി? എവിടേയോ തെറ്റി. കലം ചൂടാകുമ്പോൾ അകത്തു കൂടി എന്തോ 'പടപട' ശബ്ദം കേട്ടു തുടങ്ങി. തീയിൽ മക്കച്ചോളത്തിന്റെ മലർ പൊട്ടിവിടരും പോലെ. ശിവരാമിന് ആശ്ചര്യം തോന്നി. ഈശ്വരാ! ഇതെന്തു പറ്റി? എവിടേയോ തെറ്റി. അയാൾക്ക് ഭയം കൊണ്ട് നെഞ്ചിടിപ്പുണ്ടായി. അയാൾ ഗോപാലിനേയും, ശങ്കറിനേയും, വിശ്രാമിനേയും വിളിച്ചു. ധർമ്മുവും അവിടെയെത്തി. കുശത്തെരുവ് മുഴുവനും അവിടെ ഒന്നിച്ചു ചേർന്നു. അവർ ഊഹിച്ചു. അടുപ്പിന്റെ മുൻഭാഗത്ത് നിന്ന് പുറത്തേക്ക് തീ ആളിക്കത്തുന്നുണ്ടായിരുന്നു. അതിന്റെ ചൂട് അവിടെ കൂടിയിരുന്നവരുടെ മുഖത്ത് ശക്തിയായി അടിച്ചതുകൊണ്ട് മുഖം ചുമന്നു. ധർമ്മുവിന്റെ മുഖത്ത് ഇത് കൂടുതലായി കണ്ടു. മുകളിലുള്ള മാവു മാത്രം അതിന്റെ ഇരുണ്ട തണലുമായി തെരുവ് മുഴുവൻ പന്തലിച്ചു നിന്നു. മൺകലം അകത്തു നിന്ന് ഒരു പ്രത്യേകതരം ശബ്ദം ഉണ്ടായിക്കൊണ്ടിരുന്നു.

യശവന്ത് ചോദിച്ചു, 'ശിവറാമ്, മണ്ണ് കൃത്യമായി കലർത്തി കുഴച്ചതല്ലേ?'

ശിവറാം പറഞ്ഞു, 'മലയിലെ മണ്ണും കുളത്തിലെ മണ്ണും പകുതിക്ക് പകുതി ചേർത്ത് കുഴച്ചെടുത്തതാ. മണ്ണ് വെണ്ണ പോലെ മയപ്പെടുത്തിയിരുന്നു. കലം തല്ലി ഉപയോഗിക്കുമ്പോൾ മൃദുവായി അത് ചലിച്ചുകൊണ്ടിരുന്നു.'

ഗോപാൽ പറഞ്ഞു, 'ഇത് യജ്ഞകാര്യത്തിലെന്ന പോലെയാണെന്നാണ് ഞാൻ പറയുന്നത്. എന്തെങ്കിലും ദോഷം വന്നിട്ടുണ്ടെങ്കിൽ അടുപ്പ് തകർന്ന് കഷ്ണങ്ങളായി പോകുമത്രെ!'

ശിവറാമ് ഛേ, ഛേ, എന്ന് പറഞ്ഞു. 'എന്റെ അടുപ്പിലെ മൺകലം ഒരിക്കലും പൊട്ടിപ്പോയിട്ടില്ല.'

അടുപ്പിൽ കലത്തിന്നടിയിൽ വച്ചിരുന്ന ചുമ്മാട് മാറിയപ്പോൾ 'തട തട' എന്ന ശബ്ദം കേൾക്കാമായിരുന്നു. ഘനശ്യാമ് പറഞ്ഞു. 'മുമ്പൊരിക്കൽ സൈരു അടുപ്പ് കത്തിച്ചപ്പോൾ അത് ചൂടാകുന്നതിന് മുമ്പ് തന്നെ അടുപ്പിലെ പൊടിവിറകിനും പുല്ലിനും തീ പിടിച്ചു. പിന്നെ നോക്കുമ്പോൾ അടുപ്പിനകത്ത് മൂന്നു വലസഞ്ചികൾ നിറയെ കലത്തിന്റെ കഷ്ണങ്ങൾ മാത്രം കാണപ്പെട്ടു. ഈ കാര്യം സൈരു മരിക്കു ന്നതു വരെ ഓർമ്മിച്ചു പറയുമായിരുന്നു.'

ഒടുവിൽ ചൂളയിൽ കളിമണ്ണ് പുരട്ടിയ പുല്ലിന്റെ ചുരുളിൽ തീ പിടിച്ച

പ്പോൾ കലം പുറത്തു വന്നു. നോക്കുമ്പോൾ കലത്തിന്റെ വശങ്ങൾ മുഴുവൻ ചെത്തിമാറ്റിയ പോലെ കണ്ടു. കലത്തിന്റെ കഴുത്തും പൊട്ടി യിരിക്കുന്നു. വളരെ വിരൂപമായ അവസ്ഥയിൽ കലം കണ്ട് ശിവറാമ് ദു:ഖിതനായി. അയാൾ പറഞ്ഞു 'പതിനഞ്ചു ദിവസം കൊണ്ട് അവ ർക്ക് കലം നൽകാമെന്നാണല്ലോ ഞാൻ പറഞ്ഞത്. കഴിഞ്ഞ എട്ടൊ ൻപതു ദിവസം ഇതും വച്ചു കൊണ്ടിരിക്കുന്നു. ഈശ്വരാ! ഞാൻ വാക്കു പാലിക്കാത്തവനാകില്ലേ?'

ക്രമേണ ആളുകൾ ഓരോരുത്തരായി ഒഴിഞ്ഞു തുടങ്ങി. പോകു മ്പോൾ ശങ്കർ പറഞ്ഞു, 'ഇത് കലിയുഗമാണ്. തുക്കാറാം പണ്ട് പറഞ്ഞിട്ടുണ്ട്, കലിയുഗത്തിൽ മണ്ണിലെ ഞാഞ്ഞൂളിന് പുറംവശത്ത് പല്ല് മുളക്കും. അല്ലെങ്കിൽ പിന്നെ ചൂളക്കുള്ളിൽ കലംതല്ലിയും കൊണ്ട് ആരാ ഇരിക്കുന്നത്?'

സീതായയും ഇത്രയും നേരം അവിടെ നിൽക്കുന്നുണ്ടായിരുന്നു. അവർ പറഞ്ഞു, 'മനുഷ്യന് തെറ്റ് പറ്റുന്നു. അത് പിന്നെ ദൈവത്തിന്റെ പേരിൽ ചാർത്തുന്നു. എന്തിനാ കരയുന്നത്? നീ ഒരു പുരുഷനാണ്. വേറെ കലം ഉണ്ടാക്കൂ.'

ധർമ്മു കുറെ നേരമായി അവിടെത്തന്നെ ഉണ്ടായിരുന്നു. പരിഹസിച്ച് ചിരിച്ചും കൊണ്ട് അവൻ ഇതെല്ലാം കാണുന്നുണ്ടായിരു ന്നു. അവൻ പറഞ്ഞു, 'പോയത് പോയി. കൈയ്ക്കു ബലമില്ല. വിജയി ക്കുകയില്ലെന്നു കണ്ട് ഇനിയെങ്കിലും ഈ പണി വിട്ടു കളയൂ. ഇത് നിങ്ങൾക്ക് അവലക്ഷണമാണ്. നാളെ ഞങ്ങൾ ഈ ചൂളയിൽ കലം വെയ്ക്കണമോ?'

ശിവറാമ് അയാളുടെ നേരെ ദേഷ്യത്തിൽ ഒന്നു നോക്കി. അയാ ളാകട്ടെ ഓരോ ചുവടു വെച്ച് തോളൊടിഞ്ഞ കുറുക്കനെപോലെ നടന്നു തുടങ്ങി.

പിറ്റേദിവസം ശിവറാമ് ജോത്സ്യനെ കണ്ട് അക്ഷതം മന്ത്രിച്ചു വാങ്ങി. ജോത്സ്യൻ പറഞ്ഞ പ്രകാരം കുറച്ച് അക്ഷതം വീട്ടിനകത്തും, വീടിന് മുകളിലും ബാക്കി ചൂളക്കു ചുറ്റും വിതറി.

ഇനി ഏഴു ദിവസങ്ങൾ ബാക്കിയുണ്ട്. അയാൾ പുതിയ കലം ഉണ്ടാ ക്കാൻ തുടങ്ങി. പുതിയ മണ്ണെടുത്ത് അടിച്ചു പരത്തി, കുഴച്ചു, കലർ ത്തി. മനസ്സിൽ തന്നെ പറഞ്ഞു. 'ഞാൻ വാക്കു പാലിക്കും എന്റെ വാക്ക് പാഴാകില്ല.'

മണ്ണ് കൂട്ടി കലർത്തി എന്നും ചെയ്യുന്നപോലെ ഇറമ്പത്ത് വലി യൊരു കലത്തിൽ വെച്ചു. ഇടക്ക് ഒരു ദിവസം മാത്രം. പിറ്റേ ദിവസം രാവിലെ മണ്ണിന്റെ മണം അറിയാൻ പോയപ്പോൾ അവിടെ കലത്തിന

ടുത്ത് ഉപ്പു ചിതറിക്കിടക്കുന്നത് കണ്ടു. വെളുത്ത് മഞ്ഞ കലർന്ന ഒരു ഉപ്പുകട്ട കലത്തിനടുത്ത് കിടക്കുന്നത് അയാൾ കണ്ടു. മണ്ണിനു മുകളിൽ വെള്ളത്തിന്റെ വെളുത്ത പാടയും കണ്ടു. ശിവറാമ് സ്വാദ് നോക്കിയപ്പോൾ മുഴുവനും ഉപ്പുരസം. അത് ധർമ്മു ചെയ്തതാണെന്ന് അയാൾക്ക് മനസ്സിലായി. അയാൾ പെട്ടെന്ന് എല്ലാവരേയും വിളിച്ചുവരുത്തി അത് കാണിച്ചു. സീതായയേയും വിളിച്ചു വരുത്തി. 'കണ്ടോളൂ, ഉപ്പാണ്. മണ്ണിലും ഉപ്പ് ചേർത്തിട്ടുണ്ട്. ആദ്യത്തെ കലത്തിന്റെ മണ്ണിലും അവൻ ഇത് തന്നെ ചെയ്തു.'

ശിവറാമ് അവനെ വളരെ മോശമായ വാക്കുകൾ കൊണ്ട് ശകാ രിച്ചു. അവന്റെ വീട്ടിലേക്ക് പോയി. പുറകെ അനേകം പേർ ഉണ്ടായിരുന്നു.

അവൻ വീട്ടിൽ ഇല്ലായിരുന്നു. ഭാര്യ പറഞ്ഞു, 'എവിടെ പോയി എന്നറിഞ്ഞുകൂടാ. ഇന്നു വരുമെന്ന് തോന്നുന്നില്ല' അവിടെ നിൽക്കുന്ന പത്ത് പന്ത്രണ്ട് വയസ്സ് പ്രായമുള്ള ഒരു കുട്ടി പറഞ്ഞു, 'നിങ്ങൾ വരുന്ന ഒച്ച കേട്ടപ്പോൾ തന്നെ അയാൾ കലങ്ങളും കൊണ്ട് ഇപ്പോൾ അരുവിയുടെ അരികിലെ വഴിയിൽ കൂടി പോയതേയുള്ളൂ. 'പിന്നെ ഓടിപ്പോയി വീടിന്റെ പുറകിൽ നിന്ന് അയാൾ കാണിച്ചുകൊടുത്തു. 'ദാ നോക്കൂ, അയാൾ ഓടിപ്പോകുകയാണ്.'

എല്ലാവരും കണ്ടു. കയ്യിൽ കലങ്ങളുമായി അയാൾ കുന്തി കുന്തി ഓടുകയായിരുന്നു. വരമ്പത്തുള്ള സുരി വൃക്ഷങ്ങളും, മാവുകളും, തുറന്ന വയലുകളും ഇടക്കിടയ്ക്ക് വെയിലിന്റെ തിളക്കവും. ആ വെയിലത്ത് അയാൾ ഒരു നീണ്ട കറുത്ത കറ പോലെ കാണാമായിരുന്നു. എന്നാൽ ദൂരെ നിന്നുതന്നെ ശിവറാമ് അയാളെ ശകാരിച്ചു. സീതായ പറഞ്ഞു, 'മുഴുത്ത പാതകിയാണവൻ. അമ്മക്കും അച്ഛനും ആഹാരം കൊടുക്കാതെ പട്ടിണിക്കിട്ട് കൊന്നു. ഒരു മുത്തശ്ശിയുണ്ട്. അവർ ഗ്രാമത്തിൽ ഭിക്ഷയെടുത്ത് ജീവിക്കുന്നു. അവന്റെ ഭാര്യ ദേവകി ഒരു കൊച്ചു പെണ്ണ്. ദേഷ്യം വന്നാൽ നീർക്കോലിയെ പോലെ നിലത്ത് കിടന്ന് പിടക്കുന്നു. അവളുടെ അരക്കിട്ട് ഒരടി കൊടുക്കണമായിരുന്നു.'

ധർമ്മുവിന്റെ മൂത്ത മകൻ പ്രേമാനന്ദിന് പതിനാറു വയസ്സായി. അവൻ അവിടെത്തന്നെ ആത്തച്ചക്കയുടെ മരത്തിൽ ചാരി നിൽക്കുന്നുണ്ടായിരുന്നു. അവന്റെ കണ്ണുകൾ നിറഞ്ഞു തുടങ്ങി, മുഖം ചുമന്നു. വീർപ്പു മുട്ടുമ്പോളെന്നപോലെ അവൻ ശ്വാസം വലിക്കുന്നുണ്ടായിരുന്നു. അവന് ദേഷ്യംവന്നതോ അതോ നാണംകൊണ്ടോ എന്ന് അറിഞ്ഞുകൂടായിരുന്നു.

രാത്രി കുറെ വൈകി ധർമ്മു കുശക്കുടിയിലെത്തി. കള്ളിന്റെ മയക്കത്തിലായിരുന്നു. കാലുകൾ നിലത്തുറച്ചിരുന്നില്ല. മയക്കത്തിൽ തന്നെ അസ്പഷ്ടമായി എന്തൊക്കേയോ പറഞ്ഞുകൊണ്ടിരുന്നു.

'കലമല്ലേ പൊട്ടിപ്പോയത്..... ഭാര്യ ഒളിച്ചോടിപ്പോയില്ലല്ലോ ..... എനിക്ക് നൂറു ലക്ഷത്തിന്റെ ലോട്ടറിയടിക്കും. ഞാൻ കൃഷിക്കാരുടെ നിലങ്ങളെല്ലാം വിലക്ക് വാങ്ങും. കുളത്തിൽ അണ കെട്ടി കൃഷിസ്ഥലം നനക്കും..... പിന്നെ നിങ്ങൾക്ക്, കുശവർക്ക് ഉലക്ക മാത്രം..... മണ്ണുമില്ല, മൺകലവുമില്ല....എന്റെ കാൽക്കൽ വന്നു വീഴും.... ദണ്ഡന മസ്കാരം......'

അയാളുടെ ശബ്ദം കേട്ട് ശിവറാമ് വാതിൽ തുറന്ന് പുറത്തു വരാൻ തുടങ്ങുമ്പോൾ തന്നെ ഭാര്യ അയാളെ തടഞ്ഞു നിർത്തി. അവൾ പറഞ്ഞു, 'മദ്യപാനിയുടെ അടുത്തു പോകുന്നത് കുറ്റാരോപണത്തിന് കാരണമാകും. സ്വയമേ മരിച്ചാലും വിരൽ കുത്തിയിട്ട് കൊന്നതാണെന്ന് പറയും.'

ഇനി ശിവറാമിന് അഞ്ചു ദിവസം മാത്രമേയുള്ളൂ. പാലോളെക്കാർക്ക് കൊടുത്ത വാക്ക് വൃഥാ പോകുമെന്ന് അയാൾ വിഷമിക്കുന്നുണ്ടായിരുന്നു. അയാൾ ഗോപാലിനേയും, യശവന്തിനേയും തന്നെ സഹായിക്കാൻ വേണ്ടി വിളിച്ചു വരുത്തി.

മൂന്നു പേരും മണ്ണ് കുഴച്ച് മയപ്പെടുത്തി പുതുതായി കലമുണ്ടാക്കിത്തുടങ്ങി. അത് ഉണക്കി ചൂടാക്കാൻ വേണ്ടി ചൂളയിൽ വെച്ചു.

പാലോളെക്കാർ പിക് അപ് വാൻ വഴിയിൽ തന്നെ നിർത്തിയിട്ട് പാടത്തിലൂടെ നടന്ന് വരികയായിരുന്നു. അപ്പോൾ തന്നെ അടുപ്പിൽ കലത്തിന്മേൽ വെച്ച പുൽച്ചുരുളിന് തീ പിടിച്ചു. ചുരുൾ കത്തിച്ച ഏതാനും ക്ഷണത്തിൽ തന്നെ കലം തയ്യാറായി. യശവന്ത് കഴുത്തിന്മേൽ പിടിച്ച് കലം പതുക്കെ പുറത്തെടുത്തു. ചൂളയിൽ തീ ഇപ്പോഴും പുകയുന്നുണ്ടായിരുന്നു. കലം അടുപ്പിനു പുറത്ത് തണുക്കാൻ തുടങ്ങി. വയറു വീർത്ത് ചുമന്ന നിറത്തോടു കൂടിയ ഉറപ്പുള്ള ഒരു മൺകലം. ഇതു കണ്ട് ശിവറാമിന്റെ ഹൃദയം സന്തോഷം കൊണ്ട് നിറഞ്ഞു.

ഗോപാൽ വിരലുകൾ കൊണ്ട് പാത്രത്തിന്മേൽ മുട്ടി ശബ്ദമുണ്ടാക്കി പാലോളെക്കാരോട് പറയുന്നുണ്ടായിരുന്നു, 'മൺകലമാണെന്ന് പറയേണ്ടാ, ചെമ്പുപാത്രമാണിത് . ഇരുപതു വർഷം വരെ യാതൊന്നും സംഭവിക്കുകയില്ല.'

10

രാവിലെ വെയിൽ തെളിഞ്ഞപ്പോൾ രാഘോബയുടെ ഭാര്യ അപരൂപേം ഒരു ചുമന്ന സാരിയുടുത്ത് എവിടെയോ പോകാൻ ഇറങ്ങി. ചുമന്ന സാരിയുടെ അറ്റം കാൽപാദം വരെ മൂടിയിരുന്നു. ചുമന്ന ബ്ളൗസും

ധരിച്ചിരുന്നു. തലയിൽ ചുമന്ന ചെമ്പരത്തിപ്പൂവും. നെറ്റിയിൽ ഒരു രൂപാ വട്ടത്തിൽ കുങ്കുമം.... ആകെയൊരു ചുമന്ന തിളക്കം. അവൾ വെളു ത്തിട്ടല്ല, ചുമന്നു കറുത്തിട്ടായിരുന്നു. രാവിലത്തെ തിളങ്ങുന്ന വെയിലിൽ അവൾ വെയിലിനെ ചവുട്ടിതാഴ്ത്തിപ്പോകുന്ന പോലെ തോന്നി. സീതായ മുറ്റത്തിരുന്ന് കലംതല്ലി കൊണ്ട് മൺകട്ടകൾ പൊടിക്കുന്നുണ്ടായിരുന്നു. അവർ ചോദിച്ചു, 'അപരൂപേം എവിടേക്കാ? വളരെ സുന്ദരിയായിരിക്കുന്നു. ദേവിയെപ്പോലെയുണ്ട്.'

'പോയിട്ട് ദേവി അമ്മയുടെ പല്ലവ് നിറച്ചിട്ട്* വരാം. ഓരോ ബുധനാഴ്ചയും ഏഴു സുമംഗലികളുടെ പല്ലവ് നിറയ്ക്കാം എന്ന് നേർച്ച നേർന്നിട്ടുള്ളതാണ്.... ചുമന്ന വസ്ത്രം ധരിച്ചിട്ടു വേണം ഈ ചടങ്ങ് നിറവേറ്റാൻ.'

'പൊക്കോളൂ, ദേവിയുടെ കൂടെ നീ നന്നായി ശോഭിക്കും. നീ പറയു ന്നത് ദേവി കേൾക്കും'

ഇത് ആരോ ഭ്രാന്ത് പറഞ്ഞതാണെന്ന് സീതായക്ക് മനസ്സിലായി. അവർക്ക് ദയ തോന്നി. കഴിഞ്ഞ ആറു വർഷമായി അവൾ ഒരു കുഞ്ഞി നുവേണ്ടി കൊതിക്കുന്നു. വെയിലത്ത് നടക്കുന്ന അവളെ അവർ നന്നാ യി നോക്കി. അവൾ മുമ്പ് തടിച്ചുരുണ്ട് വലിയ ഒരു പാന പോലെയാ യിരുന്നു. ഇപ്പോൾ നന്നായി മെലിഞ്ഞിട്ടുണ്ട്. ചുമന്ന സാരി അവളെ കയ്യിലൊതുക്കിപ്പിടിച്ച പോലെയുണ്ട്. മുമ്പ് തലയിൽ കലങ്ങൾ നിറച്ച വലക്കൂടുമായി കലങ്ങൾ വിൽക്കാൻ പോകുമ്പോൾ അവൾ പറക്കുന്ന തായി തോന്നുമായിരുന്നു. ഇപ്പോൾ കാലുകളിൽ ആ വേഗതയില്ല.

അപരൂപേംയുടെ ഭർത്താവ് രാഘോബ തലയിൽ പച്ച കലങ്ങളുടെ ചുമടുമായി ഭാര്യയുടെ തൊട്ടു പുറകിൽ വന്നു. അയാൾ മൺകലങ്ങൾ കുശത്തെരുവിന്റെ ഒരു വശത്ത് ഉണക്കാൻ വെക്കുകയായിരുന്നു. സീതായ മനസ്സിൽ വിചാരിച്ചു, രാഘോബ ഇന്നു വരെ ചക്രത്തിൽ എത്രയോ കഴുത്തുകൾ ഉണ്ടാക്കി, അവ കലത്തിന്മേൽ ഘടിപ്പിക്കാൻ വേണ്ടി എത്രയോ കലങ്ങളുണ്ടാക്കി, അവയെല്ലാം ചൂളയിൽ ചുട്ടെടു ത്തു, എന്നാലും ആറു വർഷങ്ങളായിട്ടും ഭാര്യയുടെ വയറ്റിൽ ഗർഭമു ണ്ടാക്കുവാൻ അയാൾക്ക് പറ്റിയില്ല. അപരൂപേം കുഞ്ഞിന് വേണ്ടി കൊതിക്കുന്നു; കുഞ്ഞുണ്ടാകണമെന്ന് അതിയായി ആഗ്രഹിക്കുന്നു, ആരെന്തു പറഞ്ഞാലും ആ വിധികളൊക്കെ പാലിക്കുന്നു, ദേവീദേവ ന്മാരുടെ കാൽക്കൽ ശരണം പ്രാപിക്കുന്നു. എല്ലാ വർഷവും ഇവിടത്തെ മാവിൽ നിറയെ മാങ്ങയുണ്ടാകുമ്പോൾ രാത്രികാലങ്ങളിൽ അപരൂപേം

*സുമംഗലിയുടെ സാരിയുടെ പല്ലവ് നാളികേരം, അരി എന്നിവ കൊണ്ട് നിറക്കുന്ന ഒരു ചടങ്ങ്. ഇത് മംഗല്യത്തിനും ആഗ്രഹസിദ്ധിക്കും വേണ്ടി സ്ത്രീകൾ അനുഷ്ഠിക്കുന്ന ഒരു ചടങ്ങാണ്.

പതുക്കെ മരത്തിന്റെ ചുവട്ടിൽ വന്ന് തന്റെ സാരിത്തലപ്പ് എടുത്തു മാറ്റി, ബ്ളൗസിന്റെ ബട്ടൺ ഊരി നെഞ്ചും, പുറവും മാവിന്മേൽ ഉരയ്ക്കുന്നു. അവളുടെ നെഞ്ചും, പുറവും ചുമന്നു തടിക്കുന്നു....

രാവിലെ പോയ അപരൂപേം ഉച്ചനേരത്ത് വളരെ വൈകിയിട്ടും തിരിച്ചു വന്നില്ല. രാഘോബ അവളെ കാത്ത് തെരുവിൽ നിൽക്കുന്നു ണ്ടായിരുന്നു. അയാൾ ഉറക്കെ വിളിച്ചു പറഞ്ഞു, 'സീതായ അമ്മേ, അവൾ വന്നില്ലല്ലോ? പല്ലവ് നിറച്ചിട്ട് ദേവിയുമായി വഴക്കിടാൻ നിൽക്കുന്നുണ്ടാകും അല്ലേ?'

സീതായ വീടിന്റെ ഇറമ്പത്തു നിന്ന് തല പുറത്തു നീട്ടി പറഞ്ഞു, 'ദേവിയുടെ പക്കൽ നിന്ന് കുഞ്ഞിനേയും കോണ്ടേ അവൾ വരികയുള്ളൂ, നോക്കിക്കോ. ഇനി നീ ദു:ഖിക്കേണ്ടാ.'

'സീതായ അമ്മേ, അവൾക്ക് ഭ്രാന്താണ്. കുഞ്ഞും കുന്ത്രാണ്ടവും ദാ, നോക്കൂ കുശവന്റെ കുട്ടികൾ പൊടിയിൽ കിടന്നുരുളുന്നത്. വയറാണെങ്കിൽ ചുക്കിച്ചുളിഞ്ഞിരിക്കുന്നു. മലവിസർജ്ജനത്തിന് ഇരിക്കുമ്പോൾ കുടവ* നിറയെ പുഴുക്കളെ വിസർജ്ജിക്കുന്നു.'

സീതായയുടെ മുറ്റത്തിനപ്പുറത്ത് കുറെ കുട്ടികൾ കളിക്കുന്നുണ്ടായിരുന്നു. അവരുടെ അമ്മമാർ തലയിൽ മൺകലങ്ങളുടെ വലക്കൂടുമേന്തി കലങ്ങൾ വിൽക്കാൻ പോകുമ്പോൾ കുട്ടികൾ കുശക്കുടിയുടെ അരികിൽ വന്ന് തേങ്ങിത്തേങ്ങിക്കരയും. പിന്നെ അവിടെത്തന്നെയുള്ള പൊടിയിൽ കിടന്ന് ഉരുളും. വളരെ വൈകി അവരുടെ അച്ഛൻ കയ്യിൽ വടിയുമായി വന്ന് അവരെ ശകാരിച്ച് കഞ്ഞി കൊടുക്കാൻ വേണ്ടി വിളിച്ചുകൊണ്ടുപോകും.

വെയിലാറിയപ്പോൾ അപരൂപേം വന്നു. വിശപ്പും ദാഹവും കൊണ്ട് അവളുടെ തൊണ്ടയിൽ 'ഹും, ഹും, സൊ' ശബ്ദം കേൾക്കാമായിരുന്നു. കൃഷിക്കാർ ഉഴുതിട്ട വയലിൽ കൂടി നടന്നു വരുമ്പോൾ അവളുടെ സാരിയിൽ നിറയെ പൊടി പറ്റിയിരുന്നു. മുടി അത്രയും വിടർന്ന് പറന്നു. മുടിയിൽ നിന്ന് നെറ്റിയിൽ വിയർപ്പു തുള്ളികൾ ഒലിച്ചിറങ്ങിയിരുന്നു. മുഖത്ത് ആരോ തല്ലിയതു പോലെ കാണപ്പെട്ടു. രാവിലെ പോകുമ്പോഴുണ്ടായിരുന്ന ഉത്സാഹം കാണാനില്ലായിരുന്നു.

ഭർത്താവ് ചോദിച്ചു, 'ഇത്രയും നേരം എവിടെയായിരുന്നു? ആഗ്രഹം കൊണ്ട് തന്നെ നീ മരിക്കും.'

അവൾ പറഞ്ഞു, 'ദേവി മാതാവിന്റെ കാൽക്കലായിരുന്നു. ഇപ്പോൾ ഫലം തന്നില്ലെങ്കിൽ ഞാൻ നിങ്ങളുടെ പേരും ചൊല്ലി എന്റെ ശരീര

---

*എട്ടു സേർ കൊള്ളുന്ന ധാന്യമളക്കുവാനുള്ള പാത്രം

ത്തിൽ തീയിടും.'

'നിന്റെ ഈ ഭ്രാന്ത്. വിത്ത് നല്ലതാണെങ്കിൽ ആദ്യത്തെ മഴക്കു തന്നെ കിളിർക്കും. ഈശ്വരനും വേണ്ടാ, പൂവിതളും വേണ്ടാ. മൂലത്തിൽ തന്നെ പാറയാണെങ്കിൽ ആർക്ക് എന്തു ചെയ്യാൻ പറ്റും? ഈശ്വരന് നമ്മളെ വേണ്ടാ. അങ്ങോട്ടെന്തിന് പോകണം? സീതായ അമ്മേ, ഞാൻ പറഞ്ഞാൽ അവൾ കേൾക്കുകയില്ല. നിങ്ങൾ തന്നെ പറയൂ.'

സീതായ ചുണ്ടനക്കി പതുക്കെ പതുക്കെ പറഞ്ഞു, 'മന്ത്രങ്ങൾ കൊണ്ട് കുഞ്ഞുങ്ങൾ ഉണ്ടാകുമെങ്കിൽ പുരോഹിതന് ഭാര്യയെന്തിന്?'

ഉച്ചകഴിഞ്ഞു, ആകാശത്തിലെ നീല നിറം മാറി. അത് കറുത്തിരുണ്ടതായി തോന്നി. ചൂടിന് കാഠിന്യം കൂടി. അപരൂപേം പോയി മരത്തിന്റെ ചുവട്ടിൽ തണലിൽ ഇരുന്നു. ജീവൻ നഷ്ടപ്പെട്ടതു പോലെ.

സീതായ വഴിയിലോട്ടൊന്നു നോക്കി, ഇത്രയും വലിയ ഈ വൃക്ഷം ഗ്രാമം മുഴുവനും വ്യാപിച്ചിരിക്കുകയാണ്. തണൽ തരുന്നു. വർഷം തോറും മാങ്ങ കൊണ്ടു നിറയുന്നു. എന്നാൽ ഈ തണലിൽ രാഘോബയും, അയാളുടെ ഭാര്യയും ഇങ്ങനെ വന്ധ്യത കൊണ്ട് വീർപ്പു മുട്ടുന്നത് കണ്ട് അവർക്കെന്തോ പോലെ തോന്നി. അവർ മനസ്സിൽ പറഞ്ഞു, ഈശ്വരാ, ഒരു കണ്ണിമാങ്ങ അവരുടെ ഞെട്ടിലും കായ്ക്കട്ടെ ! സീതായ കണ്ടു, കൃഷിക്കാരൻ ശാംബ് കയ്യിൽ ചാണകവുമായി മുമ്പിലുള്ള അതിർത്തി കടന്ന് കുശത്തെരുവിലേക്ക് വരുന്നു. അവൾ മനസ്സിൽ പറഞ്ഞു, ഇയാൾക്ക് വയലിൽ കൊണ്ടുപോകുവാൻ തീ വേണമെന്നു തോന്നുന്നു... ദിവസം മുഴുവനും ബീഡി വലിക്കുകയല്ലേ ...

അയാൾ ചാണകം കൊണ്ടുപോയി രാവിലെ ഘനശ്യാമ് കെടുത്തി വെച്ച ചൂളയിൽ അവശേഷിച്ച തീക്കനലുകളുടെ മുകളിൽ ഇട്ട് ഊതിക്കൊണ്ടിരിക്കേ സീതായയോട് പറഞ്ഞുതുടങ്ങി.

ആ വാക്കുകൾ മുഴുവൻ തെരുവിനും വേണ്ടിയായിരുന്നു. അയാളുടെ ശബ്ദവും ഉത്സാഹത്തോടെ ഉയർന്നു കേട്ടു.

'കുളം ഉൾപ്പെട്ട സ്ഥലത്ത് തീർച്ചയായും അണക്കെട്ട് പണിയും എന്ന് ഇന്നലെ കാർവാറിൽ നിറഞ്ഞ സദസ്സിൽ എം. എൽ. എ. പറഞ്ഞു. പിന്നെ വെള്ളമൊഴുകുവാൻ തടസ്സമില്ല. ഭൂമിക്കടിയിൽ കൂടിയും വെള്ളം ഒഴുകി വരും. കിണറുകളെല്ലാം എല്ലായപ്പോഴും നിറഞ്ഞിരിക്കും. ഇനി പരിസരത്തുള്ള ഈ പാടങ്ങളിൽ എന്നും പച്ചപ്പ് കാണാം.'

'ഞങ്ങളുടെ മണ്ണ് മുങ്ങിപ്പോകുകയില്ലേ?' അടുത്തു തന്നെ നിന്ന ഗോപാൽ ചോദിച്ചു.

'ഒന്നുകൊണ്ടും ഭയപ്പെടേണ്ടാ. വയലുകൾ ഉണ്ടാകുമല്ലോ എല്ലാവരേയും കൃഷിയിടങ്ങൾ രക്ഷിക്കും.'

'കൃഷിയിടങ്ങൾ നിങ്ങളുടേതല്ലേ? ഞങ്ങളുടേതല്ലല്ലോ?'

'ഞങ്ങളുടെതല്ല. ആരാണോ കഷ്ടപ്പെടുന്നത് അവരുടേതാണ്. മൂന്നു വിളകൾ, വർഷം മുഴുവനും ജോലി.'

ശാംബ് പോകാൻ തുടങ്ങി.

മൂന്നു നാല് കുശവർ ഒരിടത്തു കൂടി നിന്നു.

'വയലുകൾ കഷ്ടപ്പെടുന്നവരുടേയാണത്രേ. ഈ കൃഷിക്കാർ പരമപിശുക്കരാണ്. വയലിന്റെ അതിർത്തി ഒരിഞ്ചു പോലും വിട്ടുകൊടുക്കാതെ കൊല്ലും കൊലയും നടത്തുന്നു. ഇവർ വയലുകൾ ഞങ്ങൾക്ക് വിട്ടുതരും അല്ലേ!'

'കുളങ്ങൾ നിറഞ്ഞാൽ കുശവർ തന്നത്താൻ അവരുടെ വയലുകളിൽ പണിയെടുക്കാൻ ചെല്ലും. അവർക്ക് ആനന്ദമാണ്. കള പറിക്കാനും, നടാനും, വിളവെടുക്കാനും ഞങ്ങളുടെ സ്ത്രീകൾ പോയാൽ അവരുടെ നടുവൊടിയും വരെ ജോലി ചെയ്യിക്കും. മാത്രമല്ല , ഇതിനു പുറമെ അലർച്ചയും, ശകാരിക്കലും.'

'അതെ അതെ. പുറത്ത് മുറ്റത്ത് കൂട്ടിയിടുന്ന കത്തിക്കാനുള്ള പുൽ കെട്ടുകൾ ചുട്ടടുപ്പിലിടാനായി ചോദിച്ചാൽ ഉടനെ കലം വേണമെന്ന് പറയും. കുശത്തെരുവുള്ള ഈ സ്ഥലം ഞങ്ങളുടെ പൂർവ്വികർ നിങ്ങൾക്ക് താമസിക്കാൻ മാത്രം നൽകിയതാണെന്ന് കാരണമില്ലാതെ വീണ്ടും വീണ്ടും ഉറപ്പിച്ചു പറയും.'

'അവർക്കെന്തു നഷ്ടം? കുളത്തിൽ അണക്കെട്ടുണ്ടാക്കുന്നത് സർക്കാരല്ലേ? നമ്മൾ എം.എൽ.എ.യോട് പറയണം'

'അയാൾ വെറും വോട്ടുകളുടെ ഉടമസ്ഥനാണ്. വോട്ടു ചോദിക്കാൻ വരുമ്പോൾ നന്നായി കൊങ്കണിയിൽ സംസാരിക്കും. കാർവാറിൽ മാത്രം കന്നഡ, കൊങ്കണി അറിയാത്ത മാതിരി. അയാളുടെ കന്നഡ അവിടെ ആർക്കറിയാം? അയാൾക്ക് മുഖങ്ങൾ രണ്ടാണ്, രണ്ടും യഥാർഥമല്ല.'

'ഞങ്ങൾ ഏതെങ്കിലും നല്ല മനുഷ്യനേയും കൊണ്ട് പോകണം.'

'നല്ല മനുഷ്യൻ ആരാ? ഏതെങ്കിലും കൊങ്കണി കൃഷിക്കാരനെ കൊണ്ടുപോകാം. അവൻ ഇവിടെയൊന്ന് സംസാരിക്കും, അവിടെ വേറൊന്ന്. അവരിൽ ആർക്കാണ് അണക്കെട്ട് വേണ്ടാത്തത്? ഞങ്ങളെപ്പോലെയുള്ള കുശവർക്ക് അമ്മയുമില്ല, അച്ഛനുമില്ല.'

ആ ത്രിസന്ധ്യക്ക് വീണ്ടും ഒരു തവണ ഇരുട്ടിൽ നിന്ന് പുറത്തു വന്ന മാതിരി കുശത്തെരുവിൽ നിശ്ശബ്ദതയോടു കൂടിയ നൈരാശ്യം വ്യാപിച്ചു. ആളുകൾ ഈ നിരാശയും കൊണ്ട് അവരവരുടെ വീടുകളി

ലേക്ക് പോയി.

കുശവരിൽ പുരുഷന്മാർ സ്ത്രീകളേക്കാൾ അലിവുള്ള മനസ്സുള്ള വരാണെന്ന് സീതായക്കറിയാം. എവിടെയെങ്കിലും ഇത്തിരി വിഷമം നേരിടേണ്ടി വന്നാൽ അവർ സ്വയമേവ ഉള്ളിലേക്ക് വലിയും. നിശ്ശബ്ദ രായി കണ്ണു നിറഞ്ഞ് കാണപ്പടും. അവർ മുറ്റത്തു നിന്ന് ഉറക്കെ വിളിച്ചു പറഞ്ഞു,

'പുലി ഇന്നും കാട്ടിൽ തന്നെയാണ്. പക്ഷെ നിങ്ങളുടെ മുമ്പിൽ പുലിയുടെ മാന്തിക്കീറൽ നടന്നുകൊണ്ടിരിക്കുന്നു. വിട്ടു കളയൂ. വരിക യാണെങ്കിൽ കഴുത്തു വെച്ചു കൊടുക്കാം. അല്ലെങ്കിൽ കഴുത്ത് വെട്ടാം. വനത്തിലെ പുലിയെക്കാൾ മനസ്സിലെ പുലിയാണ് ആദ്യം കൊന്നു തിന്നുക.'

11

രാമചന്ദർ മൺകലങ്ങളുടെ ചുമട് പൊക്കി ഭാര്യയുടെ തലയിൽ വെച്ചു കൊടുത്തു. തലയിൽ ഭാരം വന്നപ്പോൾ ആനന്ദി കുറച്ചൊന്ന് മുമ്പോട്ടും പുറകോട്ടും ആടിത്തുടങ്ങി. പിന്നെ ആ വലിയ ചുമട് ശരി യാക്കി തലയിൽ വെച്ചു. വെളുത്തു മെലിഞ്ഞ ആനന്ദിയുടെ തലയിൽ പർവ്വതം പോലെയുള്ള ചുമട്. എന്നാലും അവൾ ചുറുചുറുക്കോടെ മുന്നോട്ടു നടന്നു കൊണ്ടിരുന്നു. അപ്പോൾ തന്നെ അതേ വഴിയെ ശങ്ക റിന്റെ ഭാര്യ ദേവകിയും വന്നു. രണ്ടുപേരും കൂടിയാണ് കലങ്ങൾ വിൽ ക്കാൻ പോയത്. അവർ കുശത്തെരുവിന്റെ അതിരിൽ എത്തിയപ്രോൾ കൃഷിക്കാരനായ പുണ്ഡലികിന്റെ മകൻ കിശോർ മറുവശത്തുള്ള വ ഴിയിലൂടെ പോകുന്നതിനിടയിൽ അവിടെ നിന്ന് കുശവരോട് പറഞ്ഞു,

'ഇന്നലെ രാത്രി രാജീവ് ഗാന്ധിയെ ബോംബിട്ടു കൊന്നു. മഹാദേ വിന്റെ വീട്ടിലെ ടി. വി. യിൽ ഇന്നു രാവിലെ അത് കാണിച്ചു'

സീതായ മുറ്റത്തിറങ്ങി വന്ന് ചോദിച്ചു, 'അയാൾ ഇന്ദിരാഗാന്ധി യുടെ മകനല്ലേ?'

'അതെ അതെ' എന്നു പറഞ്ഞ് കിശോർ നടന്നു തുടങ്ങി.

'ആരാണെടാ ആ പാപികളായ ശത്രുക്കൾ? എന്തൊരു ദുഷ്ടപ്രവൃ ത്തിയാ?' എന്നു പറഞ്ഞ് മനസ്സു വേദനിച്ച് സീതായ വീട്ടിനകത്തേക്ക് കയറി. എന്നാൽ കുശവർക്ക് ഈ വാർത്തയെപ്പറ്റി അറിവില്ലായിരുന്നു. ചക്രം തിരിക്കലും കലമുണ്ടാക്കലും, മണ്ണു പൊടിക്കലുമായി അവർ തങ്ങളുടെ ജോലിയിൽ മുഴുകിയിരുന്നു..........

ആനന്ദിയും ദേവകിയും കൂടി കലം വിൽക്കാൻ പോയി. പാടത്തിലൂടെ നടന്നുപോകുമ്പോൾ ദൂരെനിന്ന് അവരുടെ തലയിലെ വലക്കൂട് മാത്രം കാണാമായിരുന്നു. വെയിലിന് ഇപ്പോൾ ചൂട് കൂടിത്തുടങ്ങി. വെയിൽ മൂക്കുന്നതിനു മുമ്പ് ഏതെങ്കിലും ഗ്രാമത്തിലെ തണലിൽ കൊണ്ടുപോയി ചുമട് ഇറക്കി വെക്കണമായിരുന്നു. ഉച്ചഭക്ഷണം, കഞ്ഞിയോ ചോറോ എവിടെയെങ്കിലും കിട്ടും. കുശവിയെ പല ഗ്രാമത്തിലെയും ആളുകൾ പേര് പറഞ്ഞാൽ അറിയുമായിരുന്നു. കഴിഞ്ഞ തവണ ഹൾഗ്യാ ഗ്രാമത്തിലെ ഒരു സ്ത്രീ ആനന്ദിയോട് പറഞ്ഞു, 'എന്താടീ ആനന്ദീ, കുറെക്കാലം ഈ വഴിയെ കണ്ടില്ലല്ലോ! ഗർഭമോ മറ്റോ ഉണ്ടായിരുന്നില്ലല്ലോ, എന്താ?'

ആനന്ദി കുറച്ചൊന്നു ലജ്ജിച്ചു നിന്നു. 'ഛേ, ഛേ, ഉള്ളവരുടെയെണ്ണം തന്നെ കൂടുതൽ. ഇനിയെന്തിനാ .... ഗ്രാമങ്ങളിൽ നടന്നെന്നുവെച്ച് മുമ്പത്തെപ്പോലെ ഇപ്പോൾ കലങ്ങൾക്ക് ചിലവില്ല. ആളുകൾക്ക് ഇപ്പോൾ പകിട്ടാണ് വേണ്ടത്'

കുശവി തലയിലെ വലക്കൂട് മുറ്റത്ത് ഇറക്കി വെച്ച് ഒരു ചട്ടി അല്ലെങ്കിൽ ഒരു ചെറിയ കുടമെടുത്ത് ഏതെങ്കിലും ഒരു നല്ല മനുഷ്യന്റെ വീടിനു മുന്നിൽ വെച്ച് കുശലപ്രശ്നങ്ങൾ നടത്തി, നാട്ടുവർത്തമാനവും പറഞ്ഞ്, ചോറും കഴിച്ച് മുന്നോട്ടു നടന്നകന്നു.

ഈ ഗ്രാമത്തിലെ കൃഷിക്കാരന്റെ ഒരു മകളെ ഗോപശിട്ട ഗ്രാമത്തിലേക്ക് വിവാഹം കഴിച്ച് അയച്ചു. ഏതെങ്കിലും കുശവി കോളനിയുടെ വശത്തു കൂടി കലങ്ങളുടെ ചുമടുമായി പോകുന്നത് കണ്ടാൽ ഉടൻതന്നെ ആ പെൺകുട്ടിയുടെ അമ്മ അംബീക് ഓടിവന്ന് ചോദിക്കും. 'എടീ , നീ ഇന്ന് ഗോപശിട്ടയിൽ പോകുമോ ? പോവുകയാണെങ്കിൽ ഞങ്ങളുടെ ജായുവിന്റെ വിശേഷങ്ങളും അറിഞ്ഞുവരണം. ഇവിടെ എല്ലാവർക്കും സുഖമാണെന്നു പറയണം.'

ഇന്നും അവർ വലക്കൂടുകളുമായി പോകുന്ന സ്ത്രീയെ കണ്ട് ഓടി വന്നു. 'ഗോപശിട്ടയിൽ പോകുമോ?'

ആനന്ദി 'അതെ, പോകും.' എന്നു പറഞ്ഞപ്പോൾ അവൾ ഉൽകണ്ഠയോടെ തന്റെ മകളുടെ വിശേഷവും അന്വേഷിച്ചു വരണമെന്നു പറഞ്ഞു. 'സ്കൂളിൽ ഒഴിവ് കിട്ടുമ്പോൾ ഇളയ സഹോദരനെ അയക്കാമെന്നും പറയണം.'

'ഓ ശരി.'

'കുട്ടിയെ നന്നായി നോക്കണമെന്ന് പറയൂ.'

'ശരി.'

സത്യം പറഞ്ഞാൽ ഈ നാട്ടിലെ കുശവികൾ ഗോപശിട്ടയിലെത്തു

മ്പോൾ ജായുവിന്റെ മുറ്റത്തുപോകാതെ തിരിച്ചു വരികയില്ലായിരുന്നു.

അവളുടെ വീടിനു ചുറ്റും തണലും, തണുപ്പും ഉണ്ടായിരുന്നു. അവിടത്തെ ചെടികളും, മരങ്ങളും പച്ചപ്പോടെ നന്നായി വളരുമായിരുന്നു. പനകളാണെങ്കിൽ കായ്ക്കുലകളുടെ ഭാരം കൊണ്ട് കുനിഞ്ഞു നിന്നിരുന്നു. കിണറ്റിൽ വെള്ളം കൈ കൊണ്ടെടുക്കുവാൻ പാകത്തിൽ ഉയർന്നിരുന്നു. ജായുവാണെങ്കിൽ സ്വന്തം നാട്ടിൽ നിന്ന് ആരെങ്കിലും വരുന്നത് കണ്ടാൽ സന്തോഷം കൊണ്ട് അവരെ ആലിംഗനം ചെയ്യും. അവളുടെ വീടിന്റെ തിണ്ണയിൽ അഞ്ചു മിനിട്ട് നേരം ഇരുന്നാൽ തന്നെ ഉറക്കം തൂങ്ങും.

ആനന്ദിയും ദേവകിയും വലക്കൂടുകളുമായി വേഗം വേഗം നടക്കുന്നുണ്ടായിരുന്നു. നടക്കുമ്പോൾ ചുമടിന്റെ ഭാരം അരക്കെട്ടിൽ കൂടുതലായി അനുഭവപ്പെട്ടു. തന്നിമിത്തം നട്ടെല്ലും വേദനിച്ചു. തലയിൽ നിന്നും മുടിയിൽ നിന്നും വിയർപ്പ് നെഞ്ചു വഴി താഴോട്ട് ഒഴുകി. അവർ കിതച്ചു കൊണ്ടിരുന്നു. ദു:ഖം മറക്കുവാനായി നാട്ടുവർത്തമാനം പറഞ്ഞും കേട്ടും നടന്നു.

ദേവകി പറയും, 'വിവാഹം കഴിഞ്ഞപ്പോഴാണല്ലോ ഞാനും എന്റെ അമ്മായിഅമ്മയും ഒരുമിച്ച് കലം വിൽക്കാനിറങ്ങിയിരുന്നത്. ആളുകൾ തലയിൽ കലങ്ങൾ കണ്ട് വിളിച്ചു കൊണ്ടുപോയി കലങ്ങൾ വാങ്ങും. സൂര്യൻ മറഞ്ഞു തുടങ്ങിയപ്പോൾ രണ്ടു വലക്കൂടുകൾ നിറയെ കലങ്ങൾ വിറ്റ് ഞങ്ങൾ വീട്ടിലെത്തും. നെല്ല്, അരി, എന്തു തന്നാലും ഞങ്ങൾ വാങ്ങും. മടങ്ങി വരുമ്പോൾ തലയിൽ നെല്ലിന്റെ, അരിയുടെ പൊതികൾ ഉണ്ടാകും.'

'രണ്ടു വലക്കൂടുകൾ പോയിട്ട് അര വലക്കൂടു കലങ്ങൾ പോലും ഇപ്പോൾ വിറ്റു പോകുന്നില്ല. പൊട്ടുന്ന ഈ മൺകലങ്ങൾ ഇപ്പോൾ ആർക്കു വേണം ? ഉപജീവനത്തിനു വേണ്ടി കുശവർ അവയുണ്ടാക്കും. കുശവരെപ്പോലെ ഭാഗ്യം കെട്ട ജാതി വേറെയില്ല, പേണ്ണേ നമ്മുടെ പുരുഷന്മാർ ഗ്രാമത്തിനു പുറത്തു പോയി വേറെ ജോലികൾ ചെയ്യേണ്ടിയിരിക്കുന്നു.!!'

'അവർ വേറെയെന്തു ജോലി ചെയ്യും? അവർ സ്വയം മണ്ണിന്റെ തന്നെ ഉരുളകളായി തീർന്നിരിക്കുന്നു. കലംതല്ലിയല്ലാതെ വേറെയെന്തെങ്കിലും പിടിക്കാനറിയാമെങ്കിലല്ലേ? കൃഷിക്കാരുടെ കൂടെ വയലിൽ ജോലി ചെയ്യാനായി സ്ത്രീകളെ പറഞ്ഞു വിടും. തനിച്ചാണെങ്കിൽ കളിമണ്ണും കുഴച്ചു കൊണ്ടിരിക്കും.'

'നടക്കുമ്പോൾ വായു കയറി കഴുത്തു വരെ നിറയുന്നു. തലയിലെ ഭാരം താഴെയിടാൻ തോന്നുന്നു.'

'നടക്കു വേഗം നടക്കൂ. വെയിൽ കൂടുന്നു. ഇരുട്ടാകുന്നതിനു മുമ്പ് വീട്ടിൽ എത്തണം. അമ്മായിഅമ്മ ഉണ്ടായിരുന്നപ്പോൾ ഒരു ദിവസം എന്തു പറ്റിയെന്നറിയാമോ? അരുവിയുടെ കടത്ത് കടന്ന് ഉയരത്തിലുള്ള ഗ്രാമത്തിൽ ഞങ്ങൾ കലങ്ങൾ വിൽക്കാൻ പോയി. മടങ്ങി വരുമ്പോൾ അൻസോടിയിൽ എത്തിയപ്പോഴേക്കും ഇരുട്ടായി. പിന്നെ രാത്രി അവിടത്തെ ഒരു വീട്ടുവരാന്തയിൽ കഴിച്ചു കൂട്ടി. അന്ന് എന്റെ വിവാഹം കഴിഞ്ഞതേയുള്ളൂ. മീശയുള്ള ഒരു മനുഷ്യൻ പുറത്തും അകത്തുമായി ഉലാത്തുന്നുണ്ടായിരുന്നു. അമ്മായിഅമ്മക്കു ഭയമായി. അവർ എന്നേയും കക്ഷത്തിലിറുക്കി രാത്രി മുഴുവനും കഴിച്ചു കൂട്ടി.'

രണ്ടു രണ്ടര മണിക്കൂർ നടന്ന് അവർ ഹൺകോണിൽ എത്തി. അവിടെ 'അമ്മാവാ ഒന്നു പിടിച്ചോളൂ' എന്ന് ആവശ്യപ്പെട്ട് ഒരു മനുഷ്യന്റെ സഹായത്തോടെ വലക്കൂടുകൾ ഇറക്കി താഴെ വെച്ചു. കുറച്ചു നേരം അവർ അവിടെ ഇരുന്നു. വെയിലത്തും മഴയത്തും കഴുകിയെടുത്ത പോലെ തളർന്നു വാടിയ രണ്ട് സ്ത്രീകൾ , മുപ്പത്തിയഞ്ചുകാരികൾ. ആനന്ദി കുറച്ചു വെളുത്തിട്ട് കാണാൻ ചെറുപ്പം. എന്നാൽ ദേവകി അൽപം കറുത്ത് ഇരുനിറക്കാരി. അവരുടെ ശരീരത്തിൽ മാംസമില്ലായിരുന്നു. കാലു മുതൽ കഴുത്തുവരെ ഉറപ്പുള്ള എല്ലുകളുടെ നിവർന്നു നിൽക്കുന്ന അസ്ഥിപഞ്ചരം. ഈ സ്ത്രീകൾ വലക്കൂടുകൾ നാലു ഗ്രാമങ്ങൾക്കപ്പുറത്ത് നിന്ന് ചുമന്ന് കൊണ്ടുവന്നു എന്ന് തോന്നുകയില്ല.

ദേവകി പറഞ്ഞു, 'രണ്ടു പേരും ഒരേ ഗ്രാമത്തിൽ പോയി എന്തു ചെയ്യാനാണ് ? രണ്ടു വലക്കൂടുകൾ പോലും വിറ്റു പോകുകയില്ല. പണ്ട് ഒരേ ഗ്രാമത്തിൽ ഒരാൾ ഒരു വഴിക്കു പോകുമെങ്കിൽ രണ്ടാമത്തേവൾ വേറൊരുവഴിക്കു പോകും. വരുമ്പോൾ ഒഴിഞ്ഞ വലക്കൂടുകളുമായി വരും. ഇപ്പോഴാണെങ്കിൽ ഒരു ഗ്രാമത്തിൽ ഒരു വലക്കൂടുപോലും വിറ്റു കിട്ടാൻ പ്രയാസം.'

'ഞാൻ മുമ്പിൽ പോകാം, ഗോപശിട്ടയിൽ. ജായുവിന്റെ വീട്ടിലും പോകാം. നീ സന്ധ്യക്ക് മഹാദേവിന്റെ ചായക്കടയുടെ മുമ്പിൽ വന്നാൽ മതി. ഞാൻ വൈകിയാലും അവിടെത്തന്നെ നിൽക്കണം.', ആനന്ദി പറഞ്ഞു.

ഒരു വഴിപ്പോക്കന്റെ സഹായത്തോടെ അവർ രണ്ടുപേരും വലക്കൂടുകൾ വീണ്ടും പൊക്കി തലയിൽ വെച്ചു. അവർ രണ്ടുപേരും ഒരുമിച്ച് നടന്ന് കുറച്ചു മുന്നോട്ടു പോയി. അവിടെ വഴിയുടെ താഴെ വയൽക്കരയിലുള്ള ഒരു വീട്ടിൽ ഉച്ചത്തിൽ വീട്ടുകാരുടെ കരച്ചിൽ കേട്ടു. ദേവകി ആരോടോ ചോദിച്ചു, അയാൾ പറഞ്ഞു, 'കേശവിന്റെ അച്ഛൻ

ഇപ്പോൾ മരിച്ചു. കഴിഞ്ഞ രണ്ടു വർഷമായി കിടപ്പായിരുന്നു.'

ആനന്ദി തെല്ലൊന്ന് ഞെട്ടി. 'ദേവകി ചേച്ചി , നിങ്ങൾ ഗ്രാമത്തിലേക്ക് പോകുകയല്ലേ. ആ വീടിന് മുന്നിൽ കൂടി തന്നെ പോകൂ. അവർക്ക് രണ്ട് കലങ്ങൾ വേണ്ടി വരും.'

'ഇല്ലെടി പെണ്ണേ, ഞാൻ പോകുന്നില്ല. എനിക്കത് ശരിയാണെന്ന് തോന്നുന്നില്ല.'

ദേവകി തന്റെ വഴിയിൽ താഴെയുള്ള ഗ്രാമത്തിലിറങ്ങി. ആനന്ദി മുന്നോട്ടുള്ള വഴിയിലൂടെ ഗ്രാമത്തിലേക്ക് നീങ്ങിത്തുടങ്ങി. ആ ഗ്രാമം കാട്, വയലുകൾ, വീടുകൾ എന്നിവ ഇടകലർന്നുള്ളതായിരുന്നു. എവിടേയാണ് വയലുകൾ കഴിഞ്ഞ് കാട് തുടങ്ങുന്നതെന്നും, എപ്പോഴാണ് വീടുകൾ കാണുന്നതെന്നും പറയാൻ പറ്റുകയില്ല. പർവ്വതങ്ങളിൽ നിന്നും, കുന്നുകളിൽ നിന്നും പല തരത്തിലുള്ള ശബ്ദങ്ങൾ മുഴങ്ങുമ്പോഴും, ഗ്രാമം കാണാതാകുമ്പോഴും മനസ്സിന് ഭയം കൊണ്ട് ഉൽകണ്ഠ ഉണ്ടാകുമായിരുന്നു. ഗോപശിട്ടയിൽ എത്താൻ ഒരു മണിക്കൂർ കൂടി മുമ്പോട്ടു നടക്കണം. ആനന്ദി കിതപ്പ് അടക്കിപ്പിടിച്ച് മുന്നോട്ട് നീങ്ങിക്കൊണ്ടിരുന്നു.

ദേവകിയാകട്ടെ ഗ്രാമത്തിലിറങ്ങി കോളനിയിലേക്ക് പോകുകയായിരുന്നു. അപ്പോൾ ഒരു പുരുഷൻ ഓടിയെത്തി. 'രണ്ടു കലങ്ങൾ തരൂ. ഇപ്പോൾ ഇത് വാങ്ങാൻ വേറെയെവിടെപ്പോകാനാണ്? അങ്ങ് ദൂരെ ഭഗത് വാഡയിൽ പോകേണ്ടി വരും.'

'എന്തിനാണ്, മരിപ്പിന് വേണ്ടി ശ്മശാനത്തിൽ കൊണ്ടുപോകാനാണോ?'

'അതെ അതെ. കുശവത്തി ഗ്രാമത്തിൽ വന്നിട്ടുണ്ടെന്ന് എന്നോടാരോ പറഞ്ഞു.'

'ഇപ്പോഴും വലക്കൂട് അഴിച്ചിട്ടു പോലുമില്ല. ആദ്യത്തെ വിൽപന മരണാവശ്യത്തിന് വേണ്ടിയാണോ? ഗ്രാമത്തിൽ ആളുകൾ എന്തു പറയും? അവ ഗ്രാമത്തിൽ തന്നെ വിറ്റുപോകേണ്ടവയല്ലേ?'

'അത് സാരമില്ല, ഒന്നും സംഭവിക്കുകയില്ല. ...' അയാൾ വലക്കൂട്ടിൽ കൈ വെച്ചു.

ദേവകി വലക്കൂട് താഴെയിറക്കി. പിന്നെ മനസ്സില്ലാ മനസ്സോടെ രണ്ടു കലങ്ങൾ എടുത്തു കൊടുത്തു. ആ മനുഷ്യൻ വേഗത്തിൽ തന്റെ കീശയിൽ നിന്ന് ഇരുപതിന്റെ ചുമന്ന രണ്ടു നോട്ടുകളെടുത്തു കൊടുത്തു. വലക്കൂട് അവളുടെ തലയിൽ വീണ്ടും വെച്ചു കൊടുക്കുകയും ചെയ്തു. പോകുമ്പോൾ അയാൾ പറഞ്ഞുകൊണ്ടിരുന്നു.... 'ഒന്നും

പേടിക്കാനില്ല. ആരോടും പറയേണ്ട. മരണം എവിടേയാ ഇല്ലാത്തത്, ആർക്കാണ് മരണം ഉണ്ടാകാത്തത്?'

ദേവകിയുടെ മനസ്സിൽ ദു:ഖമുണ്ടായിരുന്നു. എന്നാലും ചുമന്ന ആ നോട്ടുകൾ കണ്ട് അവൾ തെല്ലൊന്ന് സമാധാനിച്ചു.

ആനന്ദി ഹൺകോൺ ഗ്രാമം കടന്നപ്പോൾ തന്നെ ഒരു കാട് കുറുകെ വന്നു. സവങ്കളിയിലെ കാട്. ഭയം എന്നുമുള്ളതു പോലെ തന്നെ. ആ കാട് കടന്നാലുടൻ അതിനോടു ചേർന്നു കിടക്കുന്ന ഒരു ഗ്രാമമുണ്ട്. ഇത് വളരെ ആശ്വാസം നൽകുന്നതായിരുന്നു. കാട്ടിലെ വഴിയിൽ കാൽ വെക്കും വരെ അവൾ ഒറ്റക്കായിരുന്നു. പിന്നെ അവളുടെ മുമ്പിൽ വൃദ്ധനായ ഒരു മനുഷ്യൻ പോകുന്നത് കണ്ടു. ദുരെ നിന്ന് അയാൾ പുറം തിരിഞ്ഞ് നോക്കി. ആനന്ദി അടുത്തെത്തും വരെ അയാൾ അവിടെ തന്നെ നിന്നു. അയാൾ കയ്യുള്ള ബനിയൻ ധരിച്ചിരുന്നു. മുട്ടുവരെയെത്തുന്ന ധോത്തിയും ഉടുത്തിരുന്നു. തോളിൽ ഒരു പുതപ്പും ഉണ്ടായിരുന്നു.

'നീ മാജാളയിലെ കുശവത്തിയല്ലേ. മൺകലങ്ങളുടെ ഈ വലക്കൂടുകളുമായി നിങ്ങൾ എവിടെ നിന്ന് എവിടെ വരെ എത്തുന്നു? നിങ്ങളുടെ പുരുഷന്മാർ ഇരുന്നിടത്തിരുന്ന് കലമുണ്ടാക്കുന്നു. ഭാരം മുഴുവനും നിങ്ങളുടെ തലയിൽ. നിങ്ങളുടെ ഗ്രാമത്തിലെ കലങ്ങൾ വളരെ നല്ലവയാണ്. ഞങ്ങളുടെ നാട്ടിൽ അധികവും നിങ്ങളുടെ കലങ്ങളാണ് വാങ്ങുന്നത്. അയാൾ ഉറക്കെ സംസാരിച്ചിരുന്നു, അത് കേട്ടാൽ കാട്ടിലെ കന്നുകാലികളുടെ കഴുത്തിൽ കെട്ടിയ മണി കിലുങ്ങുന്ന ശബ്ദം പോലെ തോന്നുമായിരുന്നു.

'അമ്മാവൻ എവിടത്തുകാരനാണ് ? എവിടെ നിന്നു വരുന്നു? കൂട്ടിന് ആരെങ്കിലും കിട്ടുമോ എന്ന് ഞാൻ അന്വേഷിക്കുകയായിരുന്നു.'

'ഞാൻ ഗോപശിട്ടയിലുള്ള മായംഗിണിയിലെയാണ്. ഹൺകോണിലെ ബാലാജി നായ്ക് തന്റെ തൊഴുത്തിൽ മേൽതട്ട് ഇട്ടു. അത് മുറുക്കിക്കെട്ടാൻ സാംപട്വാൽ* വേണമായിരുന്നു. ഒരു വലിയ കെട്ട് തന്നെ എത്തിച്ചുകൊടുത്തിട്ടാണ് ഞാൻ വരുന്നത്. സാംപട്വാൽ എന്നാലെന്തെന്ന് കുശവർക്കറിയില്ല. ഇത് കാട്ടിൽ ഇഷ്ടം പോലെ വളരുന്ന ഒരു വള്ളിയാണ്. പടർന്ന് മരത്തിൽ കയറും. നല്ല ഉറപ്പുള്ളതാണ്. ആനയെ കെട്ടിയാൽ പോലും പൊട്ടുകയില്ല. വീടിന്റെയോ, തൊഴുത്തിന്റെയോ മേൽതട്ട് ഈ വള്ളി കൊണ്ട് മുറുക്കി കെട്ടിയാൽ നൂറു വർഷം വരെ അനങ്ങുകയില്ല. മായംഗിണിയിലെ കാടുകളിൽ ഇത് വളരെ അധികമുണ്ട്.'

---

*മുറുക്കിക്കെട്ടാൻ ഉപയോഗിക്കുന്ന ഒരു തരം കാട്ടുവള്ളി

അയാൾ ഉറക്കെ സംസാരിച്ചു കൊണ്ടിരുന്നു. ആനന്ദി 'അതെ അമ്മാവാ', 'ഇങ്ങനെയാണമ്മാവാ' എന്നൊക്കെ മാത്രം പറയുന്നുണ്ടായിരുന്നു. അയാളുടെ പ്രൗഢിയുള്ള ആ കൂട്ടുകെട്ടിൽ അവൾ കലങ്ങളുടെ ചുമടിന്റെ ഭാരം പൂർണ്ണമായും മറന്നു. ഗോപശിട്ടയിൽ എത്തിയപ്പോൾ അയാൾ കാട്ടിലെ ഒരു വഴിയിലേക്ക് തിരിഞ്ഞു പോയി. പോകുമ്പോൾ അയാൾ പറഞ്ഞു,

'നീ പോക്കോളൂ, നടന്നോളൂ, പേടിക്കാനൊന്നുമില്ല. ഇത് പാൽക്കാരുടെ ഗ്രാമമാണ്. ഇവർ ഗോപാലകരാണ്.'

ഗ്രാമത്തിലെത്താൻ ഇനി പത്തു മിനിട്ട് നടന്നാൽ മതിയാകും. വഴിയിലാണെങ്കിൽ ഒരു ജീവിപോലുമില്ല. പക്ഷെ ആനന്ദിക്ക് ഭയം തോന്നിയില്ല. ഒറ്റക്കുള്ള ആ യാത്രയിൽ ശരീരത്തിൽ തണുപ്പു കയറിയപോലെ തോന്നി. അവൾക്ക് അപ്പോൾ പെട്ടെന്ന് ഗുണായയുടെ ഓർമ്മ വന്നു. ഗ്രാമത്തിൽ അവരെപ്പറ്റി ഒരുപാട് പറയുന്നുണ്ട്..........

....പണ്ടൊരിക്കൽ കുശത്തെരുവിൽ ഗുണായ എന്ന് പേരുള്ള ഒരു സുന്ദരി ഉണ്ടായിരുന്നു. അവളുടെ അമ്മവീട് നേതുർലെയിലാണ്. ഒമ്പത് വയസ്സ് പ്രായമുള്ളപ്പോൾ അച്ഛൻ അവളുടെ വിവാഹം കഴിപ്പിച്ച് അവളെ തോളത്ത് വെച്ച് ഭർത്താവിന്റെ വീട്ടിൽ കൊണ്ടാക്കി. അവൾ വെളുത്തിട്ടായിരുന്നു. പ്രായമായപ്പോൾ അധികം സുന്ദരിയായി. കുശത്തെരുവിൽ ദേവസുന്ദരി നടക്കും പോലെ തോന്നി. അടുത്ത് തന്നെയുള്ള സുബദള്ളി ഗ്രാമത്തിൽ വിളക്കുകളുടെ ഉത്സവമായിരുന്നു. ഭർത്താവ് കുട്ടകൾ നിറയെ മൺവിളക്കുകൾ നിറച്ച് അവളോട് പറഞ്ഞു. 'ഇവ കൊണ്ടുപോയി സുബദള്ളിയിലെ ഓരോ വീട്ടിലേയും സ്ത്രീകൾക്ക് കൊടുക്കൂ. മൺകലത്തിലിടുന്ന അരിയും, നാളികേരവും, പൈസയും ശരിയല്ലേ എന്ന് നോക്കി കൊണ്ടുവരണം.'

ഗുണായ സുബദള്ളി ഗ്രാമത്തിന്റെ അതിർത്തി കടന്നപ്പോൾ തന്നെ ബലിഷ്ഠരും, തെമ്മാടികളുമായ രണ്ടു പുരുഷൻമാർ കയ്യിൽ വാക്കത്തിയും കൊണ്ട് അവളുടെ വഴി തടഞ്ഞു. അവർ അവളെ കുറ്റിച്ചെടികളുടെ ഇടയിൽ വലിച്ചിഴച്ചു കൊണ്ടുപോയി. തലയിൽ വെച്ച മൺവിളക്കുകളുടെ ചുമട് കരുതിക്കൂട്ടി ഇറക്കിവെച്ച ശേഷം അവളെ അവർ ബലാൽസംഗം ചെയ്തു. ഗുണായ അലമുറയിട്ട് കരഞ്ഞു. പിന്നെ ദേഷ്യം കോണ്ട് അവരെ അടിച്ചു. അവൾ മൺവിളക്കുകളുടെ ആ ചുമടെടുത്ത് അതിലെ ഓരോവിളക്കും ഗ്രാമത്തിലെ മഹാസതിയായ മൈതാനത്തിലുള്ള സതിയുടെ കല്ലിൽ അടിച്ചു പൊട്ടിച്ചു. സതിയുടെ കാൽക്കൽ മൺവിളക്കു കഷ്ണങ്ങളുടെ കൂമ്പാരമായി.

പിന്നെ അവൾ ക്ഷേത്രമൈതാനത്ത് പോയിനിന്നു. ഗ്രാമത്തിലേക്കുള്ള വഴിയിൽ നിന്നു കൊണ്ട് ഇരുകൈകളുമുയർത്തി ഗ്രാമത്തെ

ശപിച്ചു. 'ഈ ഗ്രാമം ഒരിക്കലും നന്നാകുകയില്ല.'

പിന്നെ അവൾ കീറിയ വസ്ത്രവുമായി വീട്ടിലേക്ക് മടങ്ങി. അവൾ അമ്മായിഅമ്മയോട് ചോദിച്ചു:

'അമ്മേ, മാംസം വേവിച്ച് അശുദ്ധമായ കലം ശുദ്ധമാകുന്നതെങ്ങനെ?'

'അത് തീയിൽവെച്ച് കത്തിച്ചെടുത്താലേ ശുദ്ധമാകൂ.'

അന്നു രാത്രിതന്നെ ഗുണായ സ്വന്തം ശരീരത്തിൽ തീ കൊളുത്തി ജീവൻ വെടിഞ്ഞു.

അതിനുശേഷം ഗ്രാമവും അമ്പലവും കാലക്രമേണ നശിച്ചു പോയി എന്ന് പറയപ്പെടുന്നു. ആ ഗ്രാമം തന്നെ മണ്ണടിഞ്ഞു പോയി. ഇന്ന് അതിന്റെ അവശിഷ്ടം പോലുമില്ല.

ഇതു തന്നെയാണ് ഒടുവിൽ ഉണ്ടായത്. അതിനുശേഷം ആരും ഒരിക്കലും കുശവിയെപ്പറ്റി വേണ്ടാത്തതൊന്നും പറഞ്ഞില്ല, വക്രദൃഷ്ടിയോടെ അവളെ നോക്കിയതുമില്ല. അവൾ ഭയമില്ലാതെ ഗ്രാമങ്ങളിൽ നടക്കുന്നു..... ഗുണായയുടെ പേരും എടുത്തുപറയുന്നു.

ആനന്ദി ഇങ്ങനെ പലതും വിചാരിച്ച് നടന്ന് നടന്ന് പുളിമരത്തിന്റെ ചുവട്ടിൽ വന്നെത്തി. തന്നെയാരെങ്കിലും വിളിക്കുന്നുണ്ടോ എന്നു നോക്കി പടിക്ക് പുറത്തു തന്നെ നിന്നു. കലങ്ങളുടെ ഇത്ര വലിയ വലക്കൂട് കണ്ടിട്ടും ആരും അവളെ വിളിച്ചില്ല. കുശത്തെരുവിൽ പരിചയക്കാരുടെ വീടുകൾ ഉണ്ടായിരുന്നു. എന്നാൽ ആരുടേയും പടിക്കൽ ചെന്ന് കലങ്ങൾ അവരുടെ തലയിൽ കെട്ടി വെക്കുന്നത് അവൾക്ക് ശരിയാണെന്ന് തോന്നിയില്ല. എന്നാലും 'കലം വേണോ' എന്ന് അവൾ വിളിച്ചു ചോദിച്ചു.

അവൾക്ക് പരിചയമുള്ള ഒരു സ്ത്രീ പുറത്തു വന്നു. അവളെ മുറ്റത്ത് വിളിച്ച് വലക്കൂട് ഇറക്കിവെച്ചു. 'വെയിൽ വളരെ കൂടുതലായി. നീ വിയർപ്പു കൊണ്ട് നനഞ്ഞിരിക്കുന്നല്ലോ?' എന്നു പറഞ്ഞ് ആ സ്ത്രീ അവൾക്ക് വെള്ളം നിറഞ്ഞ ഒരു ഗ്ളാസ് കൊണ്ടു കൊടുത്തു. ആനന്ദി അതിൽ നിന്ന് അൽപം വെള്ളം കുടിച്ച ശേഷം ബാക്കി വെള്ളം കൊണ്ട് മുഖവും കണ്ണുകളും കഴുകി. ആ സ്ത്രീ പറഞ്ഞു, 'ഇപ്പോൾ മൺകലത്തിൽ ഭക്ഷണം പാകം ചെയ്താൽ എന്റെ മകൻ ശിവാനന്ദ് വഴക്കു പറയും. എല്ലാ മൺകലങ്ങളും എടുത്ത് മച്ചിൻമുകളിൽ വെച്ചിട്ടുണ്ട്. ഓരോ പ്രാവശ്യവും അവൻ വാസ്കോയിൽ നിന്ന് വരുമ്പോൾ സ്റ്റീലിന്റെ ഒരു പാത്രം വീതം കൊണ്ടുവരും.'

'മൺകലത്തിൽ പാകം ചെയ്ത ആഹാരം ശരീരത്തിന് നല്ലതാണ്, സ്വാദിഷ്ടവുമാണ്.'

‘ഞങ്ങൾ ഇപ്പോൾ മൺകലത്തിൽ മീൻകറി മാത്രം ഉണ്ടാക്കുന്നു. അതിന് നല്ല സ്വാദുണ്ടാകും.’

ആ സ്ത്രീ ഒരു കലം വാങ്ങി. ആനന്ദി ചിന്തിച്ചു, മുമ്പ് ആളുകൾ വലക്കൂടിനെ ചുറ്റിപ്പറ്റി നടക്കുമായിരുന്നു. തന്നത്താൻ കലമെടുത്ത് വില പറയും. കണ്ണടച്ച് വില തരുമായിരുന്നു. ഇപ്പോൾ ആളുകൾ മൺ കലങ്ങളെ തുച്ഛമായി കരുതുന്നു. വില പറഞ്ഞാൽ ഞെട്ടുന്നു.

ഒരു സ്ത്രീ കഞ്ഞിയുണ്ടാക്കാനാണെന്നു പറഞ്ഞ് ഒരു കലം വാങ്ങി ച്ചു. ഇനിയോരുത്തി ചോറുണ്ടാക്കാൻ പാന വാങ്ങിച്ചു. വാങ്ങു മ്പോൾ അവർ പറഞ്ഞു, ഞങ്ങൾ ഇപ്പോൾ മൺകലങ്ങളിൽ പാകം ചെയ്യാറില്ല. എന്നാൽ അതിഥികൾ അധികം പേർ വരുമ്പോൾ അടുപ്പ ത്ത് വെക്കാൻ എളുപ്പമാണ്.

മൂന്നു കലങ്ങൾ അവിടെ തന്നെ ചിലവായി. വില പേശി പേശി മുപ്പത്തിരണ്ട് രൂപ കിട്ടി. അവൾ വലക്കൂട് മുറുക്കി കെട്ടി തലയിൽ വെച്ചു, അടുത്ത കോളനിയിൽ പോകാൻ വേണ്ടി.വലക്കൂട് തലയിൽ എടുക്കുമ്പോൾ അവൾ പറഞ്ഞു, ‘ഇന്ദിരാഗാന്ധിയുടെ മകനെ ശത്രു ക്കൾ ബോംബിട്ടു കൊന്നു എന്ന് പറയുന്നു.’

‘അതെ, ആ നെറി കെട്ടവർ തുലയട്ടെ, എന്തൊരു ചണ്ഡാളന്മാരാ അവർ.’

വേറൊരുത്തി പറഞ്ഞു, ‘മുകളിലത്തെ വഴിയിൽ ആരോ സംസാ രിക്കുന്നത് കേട്ടു. അവർ രാവണന്റെ ലങ്കയിലെ ആളുകളാണ ത്രെ!’

ആനന്ദി പോകാൻ തുടങ്ങി. കൃത്യമായി അവൾ ജായുവിന്റെ പടിക്ക ടുത്തു വന്നു നിന്നു. പടിക്കടുത്തു തന്നെ അകത്ത് നല്ലൊരു ചെമ്പരത്തി ച്ചെടി പൂത്തിരുന്നു. കൈപത്തിയോളം വലിപ്പമുള്ള നിറഞ്ഞ ചുമന്ന നിറമുള്ള പൂക്കൾ. അവിടെ തന്നെ പുറകിൽ വാഴപ്പുറ്റ് ഉണ്ടായിരുന്നു. അതിന്റെ ഇലകൾ വിസ്താരവും പച്ചപ്പും ഉള്ളവയായിരുന്നു. അവ യുടെ തണുപ്പുള്ള തണൽ അവിടെ ഉണ്ടായിരുന്നു. ആനന്ദി ഒരു ചെമ്പരത്തിപ്പൂവ് പറിച്ചെടുത്തു. അത് കയ്യിൽ പിടിച്ച് അവൾ മുറ്റ ത്തെത്തി. ജായുവിന്റെ അമ്മായി അമ്മ ഉമ്മറപ്പടിക്ക് സമീപം ഇരിക്കുന്നുണ്ടായിരുന്നു. അവർ വിളക്കിൽ എണ്ണ ഒഴിച്ച് തിരി ശരിയാ ക്കി.. ആനന്ദിയെ കണ്ടിട്ട് അവർ പറഞ്ഞു. ‘ജായു, നിന്റെ വീട്ടിൽ നിന്ന് ഒരാൾ വന്നിരിക്കുന്നു.’

ജായു വീട്ടിനകത്തു നിന്ന് ഓടി വന്നു. അവളുടെ മുടി കുളിച്ചു വന്ന പാടെ നനഞ്ഞതായിരുന്നു. മുടി അഴിച്ചിട്ടിരുന്നു. അവൾ വേഗ ത്തിൽ ആനന്ദിയുടെ തലയിൽ നിന്ന് വലക്കൂടുകൾ ഇറക്കി വെച്ചു. ആനന്ദി കയ്യിലെ പൂവ് മുടിയിൽ ചൂടി. ജായു വീട്ടിലേയും. നാട്ടിലേയും

വിശേഷങ്ങൾ ചോദിച്ചറിഞ്ഞു. അവളുടെ കണ്ണുകളിൽ നിന്ന് അശ്രുക്കൾ ഒഴുകി. ഉൽകണ്ഠയോടെ. അവൾ പറഞ്ഞു,

'നിങ്ങളുടെ കുശത്തെരുവിൽ വിനായകചതുർത്ഥിക്ക് ഗണപതി വിഗ്രഹത്തിന് വേണ്ടി മണ്ണ് തയ്യാറാക്കി നിറം മുക്കുന്നതു വരെ പലപ്പോഴും ഞാൻ വരാറുണ്ടായിരുന്നു. അമ്മയുടെ കൂടെ വയലിൽ പോയാൽ അമ്മ സീതായച്ചിറ്റമ്മയുടെ വീട്ടിൽ പോയി സംസാരിച്ചിരിക്കും. ഞാൻ ആ സമയത്ത് വാസന്തിയുടെ കൂടെ കളിച്ചു കൊണ്ടിരിക്കും. ഗോപാൽ മാമ് ഞങ്ങൾക്ക് മാട്ടുപ്രഥമ ഉത്സവത്തിന് ബലീമദേവ്* ഉണ്ടാക്കി ത്തരും. അമ്മായി അമ്മ മുരടനക്കുന്ന ശബ്ദം കേട്ട് പെട്ടെന്ന് ബോധം തെളിഞ്ഞ പോലെ ജായു എഴുന്നേറ്റ് വീട്ടിനകത്തു പോയി കുറച്ച് ചായയിട്ട് കൊണ്ടു വന്നു.

അവൾ പറഞ്ഞു, 'വെള്ളം അടുപ്പത്ത് ഉണ്ടായിരുന്നു. കുറച്ചു തേയിലയിട്ടു, പഞ്ചസാരയും ചേർത്തു. ആനന്ദിച്ചേച്ചി , നിങ്ങൾക്കറിയാമോ, ഇന്ന് എന്റെ അമ്മായി അപ്പന്റെ ശ്രാദ്ധമാണ്. പുരോഹിതൻ വരുന്നതേയുള്ളൂ. അദ്ദേഹം ചന്ദനത്തിരിയും, ധൂപവുമൊക്കെ കൊണ്ടുവരുവാൻ കടയിലേക്ക് പോയിട്ടുണ്ട്. ചേച്ചി ഇങ്ങനെ ചെയ്യൂ, ആദ്യം നിങ്ങൾ നാട് ചുറ്റി വരൂ, പിന്നെ ഇവിടെ നിന്ന് ഊണ് കഴിക്കാം. നിങ്ങൾ എന്റെ അമ്മവീട്ടിൽ നിന്ന് ശരിയായ സമയത്തു തന്നെ എത്തിയിരിക്കുന്നു. ഊണ് കഴിച്ചിട്ടു വേണം പോകുവാൻ.'

'ശരി', ആനന്ദി പറഞ്ഞു. വലക്കൂട് തലയിലെടുത്തു. പുറകോട്ടു തിരിഞ്ഞു പോകുമ്പോൾ അവൾ കണ്ടു — ജായുവിന്റെ തെങ്ങിൻ തടത്തിൽ പ്ലാസ്റ്റിക്ക് കുടവും, ചെമ്പുപാത്രവും കിടക്കുന്നു. അവൾ മനസ്സിൽ പറഞ്ഞു, 'ഈ അവലക്ഷണങ്ങൾ ഈ കാട്ടിലെ ഗ്രാമങ്ങളിലും എത്തിയല്ലോ....'

ജായുവിന്റെ ഭർത്താവിന് രണ്ടു സഹോദരന്മാരുണ്ട്. ഒരാൾ ഗോവയിൽ മാസ്റ്ററാണ്, രണ്ടാമത്തേവൻ ഭട്കലിൽ പോലീസും. ജായുവിന്റെ ഭർത്താവു മാത്രം പാടത്ത് കൃഷി ചെയ്തും, കരിമ്പുകൃഷി ചെയ്തും വീട്ടിൽ തന്നെ കഴിയുന്നു. ആ വീട്ടിലും ചുറ്റുപാടും കാണുന്ന സന്തോഷം ജായുവിന്റെ വീട്ടിൽ വരുന്നവർ വളരെ അധികം ഇഷ്ടപ്പെടുന്നു. അത് വീട്ടിലെ അംഗങ്ങളിൽ മാത്രമല്ല, അവിടത്തെ വൃക്ഷങ്ങളിലും, സസ്യങ്ങളിലുമൊക്കെ കാണാം.

ആനന്ദി രണ്ടു മണിക്കൂർ നേരം കലങ്ങൾ വിൽക്കാനായി തെരുവുകളിൽ കയറി ഇറങ്ങി. അവൾ കലം വിൽക്കുന്നതിൽ വളരെ സാമർഥ്യമുള്ളവളായിരുന്നു. കലം മുകളിലോട്ടെറിഞ്ഞ് കൈ കൊണ്ട്

*ബലരാമൻ

പിടിക്കുകയും കൈകളിലെടുത്ത് വിരലുകൾ കൊണ്ട് കൊട്ടി 'ഖൺ ഖൺ' ശബ്ദമുണ്ടാക്കി ആളുകളുടെ ശ്രദ്ധ ആകർഷിക്കുകയും ചെയ്തിരുന്നു എന്നിട്ട് പറയും, 'മൺകലമല്ല ചേച്ചി, ചെമ്പുകലമാണ്. ഞങ്ങളുടെ നാട്ടിലെ മണ്ണല്ലേ. അടിക്കുന്തോറും അത് ചുമന്ന നിറമുള്ള താകുന്നു. ഞങ്ങളുടെ പുരുഷന്മാർ അടിച്ചു പരത്തുന്നതല്ലേ, അത് ചൂടാക്കലും ശരിയായ പാകത്തിലാണ്. മൺകലത്തിൽ വെച്ച ചോറ് വളരെയധികം രുചിയുള്ളതാണ്. ആരോഗ്യത്തിനും നല്ലത്.'

എന്നാൽ ആളുകൾക്ക് ഇപ്പോൾ മൺകലങ്ങളോട് പ്രതിപത്തിയില്ല. ഓരോ വീട്ടിലും പ്ളാസ്റ്റിക്, സ്റ്റീൽ പാത്രങ്ങളുടെ തിളക്കം കാണാം. എല്ലാവരും ഇപ്പോൾ മൺകലങ്ങളുടെ ഉപയോഗം ഒരു കുറച്ചിലായി കാണുന്നു. മൺകലങ്ങളുടെ സ്ഥാനം ഇപ്പോൾ മച്ചിൻമുകളിലാണ്. യുവാക്കളുടെ പ്രതികരണം ഇങ്ങനെയാണ്. അവർ സ്ത്രീകളെ പരിഹ സിച്ച് പറയും, 'എന്താടീ കവിളത്ത് കരി പുരണ്ടിരിക്കുന്നത്? മൺകലം തേച്ച് വൃത്തിയാക്കുകയായിരുന്നോ?'

അവൾ പകുതിയോളം കലങ്ങൾ വിറ്റു തീർത്തു. വിത്ത് വിതക്കു ന്നതിനു മുമ്പ് കൃഷിയിടങ്ങളിൽ സ്ഥലപൂജയുണ്ട്. കൾസാവാഡയി ലെ നാലു വീട്ടുകാർ ഒരെണ്ണത്തിന് പന്ത്രണ്ട് രൂപാ നിരക്കിൽ ഓരോ പാന വീതം വാങ്ങിച്ചു.

അവൾ ജായുവിന്റെ വീട്ടിലേക്ക് മടങ്ങിയപ്പോൾ വലക്കൂടിന് ഭാരം കുറഞ്ഞു. എങ്കിലും കുറെ നല്ല കലങ്ങൾ ബാക്കിയുണ്ടായിരുന്നു. രണ്ടു കൂജകൾ, ഒരു ചട്ടി, മൂന്നു ചെറിയ കുടങ്ങൾ രണ്ടു പാനകൾ.....

പുരോഹിതൻ വന്ന് ശാസ്ത്രവിധി കഴിഞ്ഞ് പോയി. ഊണു കഴി ക്കാൻ വന്നവർ കഴിച്ചു പോയി. ജായു അവളെ അകത്തെ ചായ്പിൽ കൊണ്ടുപോയി ഇരുത്തി ശ്രാദ്ധത്തിന്റെ സദ്യ വിളമ്പി. അവൾ അക ത്തും, പുറത്തും എല്ലാം നോക്കിക്കൊണ്ടിരുന്നു. വീണ്ടും വിണ്ടും വന്ന് അവൾക്ക് വിളമ്പിക്കൊടുത്തുകൊണ്ടിരുന്നു. കുശത്തെരുവിലെ അവ ളുടെ ആൾക്കാരും ഊണു കഴിക്കാൻ എത്തിയിരുന്നു.

ആനന്ദി ഊണുകഴിച്ച് പോകാനായി ഇറങ്ങി. ഹൺകോണിൽ ദേവകി കാത്തു നിൽക്കും. വലക്കൂട് തലയിൽ വെച്ചു കൊടുക്കുമ്പോൾ ജായുവിന് എന്തു തോന്നും എന്നുള്ളതൊന്നും ചിന്തിക്കാതെ അവളുടെ ഹൃദയം സന്തോഷംകൊണ്ട് നിറഞ്ഞു തുളുമ്പി. അവൾ കൈ നീട്ടി ജായുവിന്റെ കവിളിൽ ഒന്നുതൊട്ടു.

'അമ്മയെ പോലെ നീയും ഗുണവതി തന്നെ. അമ്മയോട് എന്തു പറയണം?'

'എല്ലാവരും സുഖമായിരിക്കുന്നു എന്നു പറയൂ. അവധിക്ക് എട്ടു

ദിവസം ബാളുവിനെ ഇങ്ങോട്ട് പറഞ്ഞു വിടണമെന്ന് പറയണം. മാങ്ങ യുടെയും, ചക്കയുടെയും കാലമാണല്ലോ ഇനി വരുന്നത്.'

അപ്പോൾ ആനന്ദി വലക്കൂട്ടിൽ നിന്ന് എടുത്തു മാറ്റിവെച്ച ഒരു കല ത്തിന്മേൽ അവളുടെ ദൃഷ്ടി എത്തി. 'ചേച്ചി, ഇതെന്തിനാ മാറ്റി വെച്ചത്?'

'നിനക്കു വേണ്ടി'

'വേണ്ടാ, നീ കൊണ്ടുപൊക്കോളൂ.' ഭർത്താവും പറഞ്ഞു, 'മൺകല ങ്ങൾ കഴുകിയും തുടച്ചും വെക്കാൻ ആർക്കാണ് സമയം?' അവ വീട്ടിന കത്ത് അധികപ്പറ്റാണ്. അവർ വന്നാലും ചോദിക്കും - ചേട്ടത്തിയമ്മേ, ഇതെന്തിനാണ്?' ജായു ആ മൺകലമെടുത്ത് ആനന്ദിയുടെ കയ്യിൽ കൊടുത്തു.

'നിങ്ങൾ കൊണ്ടുപോകൂ, വഴിയിൽ ആരെങ്കിലും വാങ്ങും.'

ആനന്ദി നടന്നു തുടങ്ങി. അവൾക്ക് വല്ലാതായി. കലം എടുത്തിരു ന്നെങ്കിൽ അവൾക്ക് സന്തോഷമായേനെ. അകത്തു പോയി വേഗം ഒന്നു രണ്ടു തേങ്ങ കൊണ്ടുവന്ന് ജായു വലക്കൂട്ടിലെ കലത്തിനകത്ത് വെച്ചു. പൊതിക്കാത്ത തേങ്ങ അവൾ ധൃതി പിടിച്ച് പൊതിക്കുന്നുണ്ടാ യിരുന്നു. തിടുക്കം കാരണം വാക്കത്തി കയ്യിൽ കോള്ളുമോ എന്ന് ആനന്ദിക്ക് പേടിയായി. അവൾ ദേവബിംബത്തെ എന്ന പോലെ ജായു വിനെ നോക്കിക്കൊണ്ടു നിന്നു.

ഞാൻ കൊടുത്ത കലം അവൾ വാങ്ങിച്ചില്ല. എന്നെ നിസ്സാരമാക്കി തള്ളി. ആ കലത്തിന് ഓരോ ക്ഷണവും ഭാരം കൂടുന്നതു പോലെ അവൾക്ക് തോന്നി. അത് കൈ കൊണ്ട് എറിഞ്ഞു പൊട്ടിച്ചാലെന്താ യന്ന് അവൾക്ക് തോന്നി. ഒരുത്തി ഒരു കലത്തിന് മൂന്ന് ആടോവ്* തന്നു. അവൾ അത് വലക്കൂട്ടിലുള്ള കലത്തിനകത്ത് വെച്ചു. രണ്ടാമ ത്തേവൾ ഇനി വരുമ്പോൾ പൈസ കൊണ്ടുപോകാമെന്ന് പറഞ്ഞു. ആനന്ദി പറഞ്ഞു, 'അടുത്ത തവണ വരാൻ പറ്റുമോ എന്നാരു കണ്ടു? ഉള്ളത് തരൂ.' അവൾ പെറുക്കിയെടുത്ത് ആറു രൂപ തന്നു. ആനന്ദി പറഞ്ഞ വില പതിനഞ്ചു രൂപയായിരുന്നു. കലം ഇത്ര കുറഞ്ഞ വില യ്ക്ക് കൊടുക്കുവാൻ അവൾക്ക് പറ്റുകയില്ലായിരുന്നു. ഇടക്കിടയ്ക്ക് അവൾക്ക് ദേഷ്യവും വരുമായിരുന്നു. ഈ കലങ്ങൾ തിരിച്ചു കൊണ്ടു പോകുന്നതിലും നല്ലത് ഇവിടെ വെച്ച് തന്നെ അടിച്ചുപൊട്ടിക്കുന്നതാണ് എന്നവൾക്കു തോന്നി. അവൾ വീട്ടിലേക്കുള്ള വഴിയിലേക്ക് കയറിയപ്പോൾ ഇരുപത്തി രണ്ടെണ്ണത്തിൽ നിന്ന് ബാക്കി ആറെണ്ണം തലയിൽ വെച്ചിരുന്നു. വഴിയിൽ വെച്ച് ആരോ ഒരാൾ പറഞ്ഞു,

---

*ധാന്യത്തിന്റെ ഒരു അളവ്

'നാലു മണിക്കുള്ള പുല്ലു നിറച്ച വണ്ടി കദ്രെയിൽ നിന്ന് വരാനുള്ള സമയമായി. ബസ്സിൽ പൊക്കോളൂ.'

കുശവത്തി കലങ്ങളും കൊണ്ട് ബസ്സിൽ കയറുന്നത് എന്നു മുതൽക്കാ? അവൾ വേഗത്തിൽ നടന്നു. ഈ അസമയത്ത് വഴിയിൽ ആരും തന്നെ ഇല്ലായിരുന്നു. ഇടക്കിടയ്ക്ക് ഒന്നോ രണ്ടോ കാറുകൾ പോകുന്നത് കണ്ടു. പിന്നെ എല്ലാം തന്നെ ശാന്തം. ആനന്ദി സ്വയം സമാധാനിച്ചു. എന്റെ തലയിൽ കലങ്ങളുണ്ട്, എനിക്കൊരു പേടിയും ഇല്ല. ഈ കലങ്ങൾ ഭൂതപ്രേതങ്ങൾക്കായി ചരു ഉണ്ടാക്കുന്നു. മരിച്ച വർക്കു വേണ്ടി പിണ്ഡം പാകം ചെയ്യുന്നു. എനിക്ക് ഒട്ടും പേടിയില്ല.

സൂര്യൻ പടിഞ്ഞാറേ ചക്രവാളത്തിലേക്ക് ഇറങ്ങിത്തുടങ്ങി. വിളക്കിന്റെ തിരി അണയുമ്പോൾ കൂടുതൽ പ്രകാശിക്കുന്നതു പോലെ ഇറങ്ങുന്ന വെയിൽ കൂടുതൽ ചൂടുള്ളതായിരുന്നു. അക്കാരണത്താൽ ഉടുവസ്ത്രങ്ങൾക്കകത്ത് വിയർപ്പ് ഒഴുകിയിറങ്ങി ചൂട് കൂട്ടുന്നുണ്ടായി രുന്നു. മലയുടെ നാലു വശത്തും വെളുത്തു നേരിയ പുക പടർന്നു. ചൂടുള്ള ആ പുക വഴിയുടെ ഇരുവശവുമുള്ള ചെടികളിൽ തങ്ങി നിന്നു. അവിടം വെയിൽ കൊണ്ട് തേച്ചു മിനുക്കിയ പോലെ കാണപ്പെട്ടു. വളരെ ദൂരെ വരെ വെയിൽ ആഴത്തിൽ ഇറങ്ങിച്ചെന്നതു പോലെയും തോന്നി. അന്തരീക്ഷത്തിൽ പടർന്നു നിൽക്കുന്ന വൃക്ഷങ്ങളുടെ ശാഖ കൾ മൃഗങ്ങളുടെ നഖങ്ങളോടു കൂടിയ അള്ളിപ്പിടിക്കുന്ന പാദങ്ങൾ പോലെ കാണപ്പെട്ടു.

പൂർണ്ണമായ ഒറ്റപ്പെടൽ, എതു ഗുഹയിൽ എന്താണ് ഒളിച്ചിരി ക്കുന്നത് എന്നൊന്നും അറിഞ്ഞുകൂടാ. പക്ഷേ ആനന്ദിക്ക് ഒട്ടും ഭയം തോന്നിയില്ല. ഒറ്റ ഓട്ടത്തിൽ തന്നെ അവൾ ഒരു മണിക്കൂറിനുള്ളിൽ ഹൺകോണിലെത്തി. ദേവകി അവളെയും കാത്ത് അവിടെ നിൽക്കു ന്നുണ്ടായിരുന്നു. അവളുടെ വലക്കുട്ടിലും വിറ്റു പോകാത്ത ഏഴു കല ങ്ങൾ ഉണ്ടായിരുന്നു.

അവർ കുശത്തെരുവിലെത്തിയപ്പോൾ സന്ധ്യക്ക് വിളക്കു വെക്കുന്ന സമയം കഴിഞ്ഞു പോയി. ഇരുട്ടിൽ അന്യോന്യം തിരിച്ചറിയുവാൻ പ്ര യാസമായിരുന്നു. വലക്കൂട്ടിൽ കലങ്ങൾ കണ്ട് ആനന്ദിയുടെ അമ്മായി അമ്മ പറഞ്ഞു, 'വലക്കൂട് കൊണ്ടുപോയ പോലെ തിരിച്ചു കൊണ്ടു വന്നല്ലോ? വിൽക്കാൻ പോയതാണോ അതോ നാടു ചുറ്റാൻ പോയതാ ണോ? ഞങ്ങൾ കെട്ടു കണക്കിന് കലങ്ങൾ വിറ്റവരല്ലേ?'

ആനന്ദിക്ക് ദേഷ്യം വന്നു. അവൾ പെട്ടെന്ന് അമ്മായി അമ്മയുടെ നേരെ ചൂടായി. 'നിങ്ങളുടെ പുരാണത്തിലെ പാഴ്കഥകൾ പറയേണ്ടാ. ഇക്കാലത്ത് നിങ്ങളുടെ മൺകലക്കഷ്ണങ്ങൾ ആർക്ക് വേണം.

മൺകലം ചിലവാകണമെങ്കിൽ ഇപ്പോൾ ശ്മശാനത്തിന്റെ പടിക്കൽ തന്നെ പോയിരിക്കണം, ആളുകളെ ചരു ഉണ്ടാക്കാൻ പഠിപ്പിക്കുവാൻ. നിങ്ങളുടെ ചൂളകൾ ഇക്കാലത്ത് ഒഴിഞ്ഞു കിടക്കും.'

ഇത് കേട്ട് അമ്മായി അമ്മ വലിയ ഒച്ചപ്പാടുണ്ടാക്കി. 'എടീ മൂധേവീ, ചൂള ഒഴിഞ്ഞു കിടക്കുമെന്ന് പറയുന്നോ? അവലക്ഷണം. നിന്റെ നാവിൽ തീക്കനൽ വെക്കണം.'

ഭർത്താവ് രാമചന്ദറും പെട്ടെന്ന് ക്ഷോഭിച്ചു – 'നിന്റെ വായ ഞാൻ അടപ്പിക്കും. വിളക്ക് വെക്കുന്ന ഈ സമയത്ത് ഞങ്ങളുടെ വയറായ ഈ ചൂള ഒഴിഞ്ഞു കിടക്കുമെന്ന് പറഞ്ഞു അല്ലേ?'

ആനന്ദി ചാക്കിന്റെ ചുമ്മാടുമായി അടുക്കളയിൽ ഇരുന്നു. അവളുടെ ഇളയ മകൻ മടിയിൽ വന്നു കിടന്നു.

12

ഗ്രീഷ്മകാലം വന്നുകഴിഞ്ഞു. ഭൂമി നാലു വശത്തു നിന്നും ചൂടായിത്തുടങ്ങി. കുശത്തെരുവിൽ നിൽക്കുന്ന മാവിന്റെ തണലിൽ ഇപ്പോഴും ചൂടു കയറിയില്ല. കുശത്തെരുവിലെ ആളുകൾ വെയിലിനു വേണ്ടി ആകാശത്തേക്ക് നോക്കുകയായിരുന്നു. അവർക്ക് മാവിനോടായിരുന്നു ദേഷ്യം. എന്നാൽ ശാഖകളിൽ തൂങ്ങിക്കിടക്കുന്ന കണ്ണിമാങ്ങാക്കുലകൾ കണ്ടാൽ മനസ്സിൽ സന്തോഷം തോന്നിയിരുന്നു. ഇനി കുറച്ചു ദിവസത്തേക്ക് ഇവിടെ ഉത്സവമാണ്. ഗ്രാമത്തിലെ മുഴുവൻ പക്ഷികളും അണ്ണാന്മാരും കാക്കകളും വേറെ പക്ഷികളും താമസം ഉറപ്പിക്കാൻ ഈ വൃക്ഷത്തിൽ വന്നുകൂടും. കുട്ടികൾ വൃക്ഷത്തിനെ ചുറ്റിപ്പറ്റി നടക്കും. ഒരു മാമ്പഴം താഴെ വീഴുമ്പോൾ അതെടുക്കുവാൻ വേണ്ടി വലിയ കോലാഹലം തന്നെ ഉണ്ടാകും. സ്ത്രീകൾ രാത്രിയിലും അല്ലാത്തപ്പോഴും കയ്യിൽ ചെറിയ വള്ളിക്കുട്ടകളുമായി വൃക്ഷത്തിനു ചുവട്ടിൽ നടക്കും. മുഴുവൻ ആളുകളും മാമ്പഴം ചപ്പിക്കുടിച്ച് സന്തോഷിക്കും. ഈ വൃക്ഷത്തിന് ഒരു പ്രത്യേകതയുണ്ട്. എത്ര കല്ലെറിഞ്ഞാലും കുല വരെ എത്തുന്നില്ല. അതിന്റെ വേരും തടിയും രണ്ടു മാറളവ് വണ്ണമുള്ളതും ആറ് ആൾ പൊക്കമുള്ളതുമാണ്. അതിൽ കയറാൻ ആർക്കും പറ്റുകയില്ല. എന്നാൽ എല്ലാ മാങ്ങയും പഴുത്ത് താഴെ വീഴും...

എന്നാൽ കണ്ണിമാങ്ങ പിടിക്കുന്ന സമയത്ത് തന്നെ ഈ മാവിന്റെ ചുവട്ടിൽ ഒരു അനിഷ്ടം സംഭവിച്ചു. യശവന്തിന്റെ പതിനാറ് വയസ്സുള്ള

മകൻ സദാനന്ദ് വീട് വിട്ടു പോയി. ദേഷ്യം കൊണ്ട് അവൻ ചൂളയിൽ നിന്ന് പുറത്തെടുത്ത പാടെ ഏതാനും കലങ്ങൾ ഒരു വടി കൊണ്ട് അടിച്ചു പൊട്ടിച്ചു.

അമ്മ ഗോകുൽ മകനെ കാണാത്ത മനോവിഷമം കൊണ്ട് എട്ടു ദിവസമായി കിടപ്പിലായിരുന്നു. ഖാനാപൂർകാർ മാസ്റ്റർ വന്ന് അവരോട് അഞ്ചാറ് വാക്കുകൾ പറഞ്ഞു. അത് കേട്ടപ്പോൾ അവർക്ക് സമാധാനമായി. അവർ എഴുന്നേറ്റിരുന്നു. കയ്യിൽ കലംതല്ലിയെടുത്ത് മൺകട്ടകൾ ഉടച്ച് പൊടിക്കുവാൻ തുടങ്ങി. മൺകട്ടകളിൽ കലംതല്ലി കൊണ്ട് അടിക്കുമ്പോൾ കരഞ്ഞു കൊണ്ട് ഇങ്ങനെ പറയും, 'എന്റെ മകൻ എത്ര നല്ലവനാണ്, മെട്രിക് പാസ്സായി.... തുടർന്നു പഠിക്കുവാൻ കോളേജിൽ പോകണമെന്ന് പറയുകയുണ്ടായി.... സൈക്കിൾ വേണമെന്ന് പറഞ്ഞതാണ്.... ഞങ്ങൾക്ക് പുസ്തകങ്ങൾ പോലും വാങ്ങിച്ചു കൊടുക്കുവാൻ സാധിച്ചില്ല..... ഞങ്ങളുടെ വയറു പോലും നിറഞ്ഞിരുന്നില്ല..... അപ്പോൾ അവൻ കോപിക്കുമായിരുന്നു....'

അവളുടെ മകൻ സദാനന്ദ് വെളുത്ത് സുന്ദരനായിരുന്നു. വൃത്തിയും, വെടുപ്പും ചിട്ടയുമുള്ളവനായിരുന്നു. സ്കൂളിൽ നിന്നു വന്നാലുടൻ കുടവും കൊണ്ട് കിണറ്റിനരികെ പോയി കുളിച്ചു മടങ്ങും. മണ്ണിൽ കയ്യിട്ടാൽ കൃത്യമായി അത് കഴുകി കളയും. പതിമൂന്നു വയസ്സായപ്പോൾ തന്നെ അവൻ ചക്രം പ്രവർത്തിപ്പിക്കുന്നതിൽ വൈദഗ്ധ്യം നേടി. കഴിഞ്ഞ വിനായകചതുർത്ഥിക്ക് ഗണപതിയുടെ മനോഹരമായ നാലു വിഗ്രഹങ്ങൾ അവൻ ഉണ്ടാക്കി. ആരും പറയാതെ തന്നെ അവൻ അത് ചെയ്തു. അച്ഛനും മകനും അവ തലയിലെടുത്ത് മാജാളയിലെ ചന്തയിൽ സൊയ്റു മേസ്ത്രിയുടെ കടയിൽ വിൽക്കാൻ വെച്ചു. രണ്ടെണ്ണം വിറ്റു പോയി. രണ്ടെണ്ണം ബാക്കിയായി. മേസ്ത്രി പറഞ്ഞു, 'ചായമിട്ട് കണ്ണുകൾ വരച്ച ഗണപതി വിഗ്രഹത്തെ വെച്ചു കൊണ്ടിരിക്കുന്നത് ശരിയല്ല. അശുദ്ധമാകാതെ സൂക്ഷിക്കണം. നിങ്ങൾ കൊണ്ടു പൊക്കോളൂ. വിനായകചതുർത്ഥിയുടെ മൂന്നാം ദിവസം തന്നെ അച്ഛൻ ഒരെണ്ണം പുറത്തു കൊണ്ടുപോയി കുളത്തിൽ മുക്കിയിട്ടു. രണ്ടാമത്തേത് കടലാസ്സിൽ പൊതിഞ്ഞ് പാണ്ടികശാലയിൽ കൊണ്ടുവെച്ചു. ചൂളയുടെ വഴിയിൽ കുശവർക്ക് പൊതുവായ ഒരു പാണ്ടികശാല ഉണ്ടായിരുന്നു. പകൽസമയത്ത് കുറെ കുശവർ അവിടെ വെളിച്ചത്തിരുന്ന് കാറ്റും കൊണ്ട് കലമുണ്ടാക്കുക പതിവായിരുന്നു. അവിടെ ആരോ കലംതല്ലികളും മൺകട്ടകളും നിറച്ചിട്ടിരുന്നു. അവിടെത്തന്നെ ഒരു മൂലയിൽ മാഘമാസത്തിലെ ചതുർത്ഥി ദിവസം ആർക്കെങ്കിലും വേണമെങ്കിൽ കൊടുക്കാമെന്ന് തീരുമാനിച്ചുകൊണ്ട് യശവന്ത് ഗണപതിവിഗ്രഹവും വെച്ചു.

എന്നാൽ അവിടെ കളിക്കുന്ന കുട്ടികൾ ആ വിഗ്രഹത്തെ അപമാനിച്ചു. പൊതിഞ്ഞ കടലാസ്സ് കീറി കളഞ്ഞപ്പോൾ അതിന്റെ കൈകളും, കാലുകളും, തുമ്പിക്കൈയുമൊക്കെ പുറത്തുവന്നു. ആരുമില്ലാത്ത സമയത്ത് അവിടെ നായ്ക്കളും വന്നു കിടന്നു.

അച്ഛൻ ഒരു വിഗ്രഹം കുളത്തിൽ കൊണ്ടിട്ടപ്പോൾ തന്നെ സദാനന്ദിന് ദേഷ്യം വന്നു. അവൻ നിരാശനായി. അവന് ഈ വിഗ്രഹത്തിന്റെ അവസ്ഥ സഹിക്കാനായില്ല. അത് അവന്റെ മനസ്സിനെ വിഷമിപ്പിച്ചു. ഒരു ദിവസം ആ രണ്ടാമത്തെ വിഗ്രഹവും അവൻ കൃഷിക്കാരന്റെ വയലിലുള്ള കിണറ്റിൽ മുക്കിയിട്ടു. അച്ഛൻ ചോദിച്ചപ്പോൾ അവൻ പറഞ്ഞു, 'നായ മൂത്രം ഒഴിച്ച വിഗ്രഹം നിങ്ങൾ ചതുർത്ഥിപൂജക്കെടുക്കുമോ?' അയാളുടെ സംസാരത്തിൽ ദേഷ്യവും, ശ്വാസം മുട്ടലുമൊക്കെ ഉണ്ടായിരുന്നു.

കുശവഗ്രാമത്തിൽ മെട്രിക് പാസ്സായ ഒരേ ഒരുത്തനായിരുന്നു സദാനന്ദ്. കുശവരുടെ ദാരിദ്ര്യത്തേയും, അറിവില്ലായ്മയേയും, വൃത്തിഹീനതയേയും കൂട്ടാക്കാതെയാണ് അവൻ മെട്രിക് വരെ പഠിച്ചത്. അതിന് വളരെ കഷ്ടപ്പെടേണ്ടി വന്നു. ഒരു കുടയില്ല, മഴ നനഞ്ഞ് പുസ്തകങ്ങൾ ശരീരത്തോട് ചേർത്ത് പിടിച്ച് ഓടി സ്കൂളിലെത്തി അതുപോലെ മടങ്ങുകയും ചെയ്യും.

നാട്ടിലെ ഒരു സ്കൂളിൽ ഏഴാം ക്ളാസ്സു വരെ പഠിച്ചു. എട്ടാം ക്ളാസ്സിൽ പേര് ചേർക്കാൻ പോയപ്പോൾ അവിടെ കൃഷിക്കാരുടെ കുറെ കുട്ടികൾ അവന്റെ ചുറ്റും കൂടി. അവരുടെ കൂടെ അവൻ ആദ്യം പഠിച്ച സ്കൂളിലെ ഒന്നു രണ്ടു കുട്ടികളും ഉണ്ടായിരുന്നു. അവർ സദാനന്ദിന്റെ ചുറ്റും പ്രദക്ഷിണം വെച്ച് പാടിത്തുടങ്ങി —'കുശവന്റെ മണ്ണിൽ കല്ല്, കലത്തിന് വന്നു പൊട്ട്.' അവിടെ നിന്ന് എങ്ങനെയെങ്കിലും സ്കൂളിലെ ആപ്പീസിൽ ചെന്നെത്തിയപ്പോൾ ആദ്യമായി 250 രൂപാ അടയ്ക്കണമെന്നും ആദ്യത്തെ ദിവസം തന്നെ യൂണിഫോം ധരിച്ചു വരണമെന്നും പറഞ്ഞു.

സത്യം പറഞ്ഞാൽ ആ സ്കൂളിൽ ചേരണമെന്നുള്ള സദാനന്ദിന്റെ ആഗ്രഹം തന്നെ ഇല്ലാതായി. കൃഷിക്കാരുടെ കുട്ടികൾ അവരുടെ ദുരഹങ്കാരം കൊണ്ട് മുമ്പുള്ളതിനേക്കാൾ കൂടുതലായി കൂടെക്കൂടെ അവനെ പ്രകോപിപ്പിച്ചു കൊണ്ടിരുന്നു. അച്ഛനാണെങ്കിൽ ഇനി സ്കൂളിൽ പോകണ്ടാ എന്നു പറഞ്ഞിരുന്നു. അപ്പോൾ അവന് ഖാനാപൂർകാർ മാസ്റ്ററുടെ ഓർമ്മ വന്നു. അദ്ദേഹം ബെൽഗാംവിലെയാണ്. കുന്നിൻ മുകളിലെ കോട്ടയിലെ ഒരു ഹൈസ്കൂളിൽ ലളിതകലകൾ പഠിപ്പിക്കുന്ന മാസ്റ്റർ ആയിരുന്നു. അദ്ദേഹവും ഒരു കുശവൻ തന്നെയായിരുന്നു. കണസഗിരിയിലെ ഒരു കുശവപ്പെണ്ണിനെ വിവാഹം കഴിക്കുക

യും ചെയ്തിരുന്നു. കുന്നിൻമുകളിലെ മാമായി ദേവീക്ഷേത്രത്തിലെ ഉത്സവത്തിൽ വെച്ച് അടുത്തു നിന്ന് അവൻ അദ്ദേഹത്തെ കണ്ടു. താൻ ഏഴാംക്ളാസ്സിലെ പരീക്ഷ എഴുതിയെന്ന് പറഞ്ഞപ്പോൾ തന്നെ അദ്ദേഹം സദാനന്ദിനോട് പറഞ്ഞു, 'നീ ഞങ്ങളുടെ സ്കൂളിൽ വരൂ. എന്തു തന്നെ വന്നാലും ഞാൻ നോക്കിക്കൊള്ളാം. പഠിപ്പ് ഉപേക്ഷിക്കരുത്.'

സദാനന്ദ് കുന്നിൻപുറത്തെ സ്കൂളിൽ തന്നെ പോയി. ഖാനാപൂർകാർ മാസ്റ്റർ ആരുടേയോ പക്കൽ നിന്ന് പഴയ പുസ്തകങ്ങൾ അവന് വാങ്ങിച്ചു കൊടുത്തു. സ്കൂളിൽ അടക്കേണ്ട തുക കുറേശ്ശെയായി അടച്ചു തീർത്തു. ഖാനാപൂർകാർ മാസ്റ്റർ അവന് വേണ്ടതായ എല്ലാ കാര്യങ്ങളും സ്നേഹത്തോടെ നോക്കി ചെയ്തുകൊണ്ടിരുന്നു.

സ്കൂൾ വീട്ടിൽ നിന്ന് അഞ്ചു മൈൽ ദൂരെയായിരുന്നു. രാവിലെയും വൈകിട്ടുമായിരുന്നു സ്കൂൾ. ഇടക്ക് മൂന്നു മണിക്കൂർ വിശ്രമവേള. മറ്റു കുട്ടികളും, അദ്ധ്യാപകരും ഉച്ചക്ക് ഭക്ഷണം കഴിക്കാൻ പോകും. ഖാനാപൂർകാർ മാസ്റ്ററും സൈക്കിളിൽ കണസഗിരിയിലേക്ക് പോകും. സദാനന്ദിന് വീട്ടിൽ പോയി വരുവാൻ ബുദ്ധിമുട്ടായിരുന്നു. തുടക്കത്തിൽ രണ്ടു തവണ ഖാനാപൂർകാർ മാസ്റ്റർ അവനെ സൈക്കിളിൽ പുറകെ ഇരുത്തി കൊണ്ടുപോയി. പിന്നെ സ്കൂളിന് ഉച്ചക്ക് ഒഴിവുണ്ടാകുമ്പോൾ തന്നെ സദാനന്ദ് ഒളിച്ചിരുന്നു തുടങ്ങി. മാസ്റ്ററും അവനെ കാത്തുനിന്നില്ല. എല്ലായിടത്തും ഒന്നു രണ്ടു ദിവസങ്ങൾ മാത്രമേ സ്നേഹം കാണിക്കുകയുള്ളൂ എന്ന് അവനറിയാമായിരുന്നു.

രാവിലെ ആറരക്ക് അവൻ വീട്ടിൽ നിന്ന് പുറപ്പെടും. അമ്മ ചപ്പാത്തിയോ, പത്തിരിയോ ഉണ്ടാക്കി കൊടുക്കും. അത് ചുരുട്ടി തുണിയിൽ പൊതിഞ്ഞ് പുസ്തകങ്ങളുടെ കൂടെ സഞ്ചിയിലിട്ട് ഓടിത്തുടങ്ങും. ഓടിയോടി അടുത്ത ഗ്രാമത്തിലെത്തും. അവിടെ നിന്ന് രണ്ടു പേർ അവന്റെ ക്ളാസ്സിൽ പഠിക്കുന്നവരുണ്ടായിരുന്നു. അവരുടെ കൂടെ നടന്ന് അവൻ സ്കൂളിൽ എത്തും. സ്കൂളിൽ പോകാൻ തുടങ്ങുമ്പോൾ അച്ഛൻ കലങ്ങൾ നിറഞ്ഞ വലക്കൂട് അവന്റെ തലയിൽ വെച്ചു കൊടുത്തു കൊണ്ട് പറയും, മാജാളയിലെ ചന്തയിൽ ഇന്നയാളിന്റെ വരാന്തയിൽ വെച്ച് പോക്കോളൂ. അങ്ങനെ സ്കൂളിൽ എത്താൻ വൈകും. വഴി കുറെ നീണ്ടതായിരുന്നു. ഓടിത്തുടങ്ങിയാൽ മൺകലങ്ങൾ 'ഖോൾ ഖോൾ' എന്ന ശബ്ദമുണ്ടാക്കും.

ഉച്ചസമയം നല്ലതല്ലായിരുന്നു. അവൻ സ്കൂളിന്റെ വരാന്തയിൽ ഇരിക്കും, എഴുന്നേല്ക്കും, ഉലാത്തും, മുഷിയുമ്പോൾ പുസ്തകം തുറക്കും. പുസ്തകത്തിൽ മനസ്സ് ഉറയ്ക്കുകയില്ലായിരുന്നു. എന്താണെന്നറിഞ്ഞുകൂടാ. ഇതു വരെ കുട്ടികൾ നിറഞ്ഞ് നിന്ന സ്കൂളിന്റെ മുറ്റം

ഇപ്പോൾ ഒഴിഞ്ഞ് ഭയാനകമായി തോന്നും. അവിടത്തെ വിരസമായ ശാന്തത മൃഗങ്ങൾ നഖങ്ങൾ കൊണ്ട് മാന്താൻ വരുന്ന പോലെ തോന്നുമായിരുന്നു. നിശ്ശബ്ദമായ സ്കൂളിൽ പിൻവശത്ത് ഏതോ ക്ളാസ്സിൽ മാസ്റ്റർ ഇപ്പോഴും പഠിപ്പിച്ചു കൊണ്ടിരിക്കുന്ന ശബ്ദം മുഴങ്ങി കേൾക്കാമായിരുന്നു. സ്കൂളിന് മുമ്പിൽ ഒരു വലിയ വടവൃക്ഷമുണ്ടായിരുന്നു. അതിന്മേൽ എത്രയോ വേരുകൾ മുളച്ച് ഭൂമിയിലേക്ക് ഇറങ്ങിയിരുന്നു. അവയിൽ തൂങ്ങി അവൻ ആടുമായിരുന്നു. മരത്തിന്മേൽ കയറി ഒന്നു രണ്ടു ശാഖകളിൽ ചാടി കറങ്ങിനടക്കുകയും ചെയ്യും. രണ്ടു വേരുകൾ ഒരുമിച്ചു കെട്ടി ഒരു ഇരിപ്പടം ഉണ്ടാക്കി. അതിന്മേൽ ഇരുന്ന് അവൻ സന്തോഷിക്കും. മുറ്റത്തിരുന്ന് പാട്ടുകൾ പാടും. സ്പൂണുകൾ തമ്മിലടിച്ച് ശബ്ദമുണ്ടാക്കും. പക്ഷികളുടെ പുറകെ ഓടും. കുശത്തെരുവിനു മുമ്പിൽ ഉള്ളിലേക്കുള്ള വഴിയരികിൽ ദരിദ്രരുടെ ഒരു ചെറിയ വീട് ഉണ്ടായിരുന്നു. ആ വീട്ടിൽ നരച്ച് കട്ടപിടിച്ചിരിക്കുന്ന മുടിയോടു കൂടിയ ഒരു വൃദ്ധ താമസിച്ചിരുന്നു. അവർ ജീവനെ വെറുത്ത് ശരീരത്തിന്റെ കാര്യം അന്വേഷിക്കാതെ ഇരിക്കുന്നതു പോലെ തോന്നി. ഒരു ദിവസം അവർ കഞ്ഞി ഒഴിച്ച കിണ്ണവുമായി വടവൃക്ഷത്തിന്റെ ചുവട്ടിൽ സദാനന്ദിന്റെ അടുത്തേക്ക് വന്നു, 'വാങ്ങൂ മോനെ കുറച്ച് കഞ്ഞി കുടിച്ചോ.'

സദാനന്ദ് എന്തു ചെയ്യണമെന്നറിയാതെ കുറച്ചുനേരം മിണ്ടാതെ നിന്നു.'മാജാളയിലെ കുശവന്റെ മകനാണല്ലോ നീ. ഞാനറിയും. മുമ്പ് ഞങ്ങൾ ഗോവയിലേക്ക് പോകുമ്പോൾ ആ വഴിക്കായിരുന്നു പോയിക്കൊണ്ടിരുന്നത്, നിങ്ങളുടെ തെരുവിന്റെ ഒരു വശത്തു കൂടി. അവിടെ നിന്ന് മുമ്പിലോട്ടു പോയി മലനിര കടന്നാൽ പിന്നെ പൈംഗീൺ പ്രദേശം. പിടിച്ചോളൂ, മോനെ!'

സദാനന്ദിന് എന്തു തോന്നിയെന്ന് അറിഞ്ഞുകൂടാ. അവൻ ആ കിണ്ണം വാങ്ങി അതിലെ കഞ്ഞി ഒറ്റ വലിക്ക് കുടിച്ചു. ബാക്കിയുള്ള വറ്റും കഴിച്ചു. പിന്നെ തല ഉയർത്തിയപ്പോൾ അവന്റെ കണ്ണുകൾ നിറഞ്ഞിരുന്നു. 'ഇവിടെയുമവിടെയും ഇങ്ങനെ ചുറ്റി നടക്കുന്നതെന്താ? വീട്ടിൽ വന്ന് തണലത്ത് ഇരിക്കൂ. ഞങ്ങളുടെ വീടിനു പുറകെ കിണറുണ്ട്.'

പിറ്റേ ദിവസം മുതൽ അവൻ അവരുടെ വീട്ടിൽ ചെന്നിരുന്നു തുടങ്ങി. അമ്മ തന്നു വിടുന്ന ചപ്പാത്തിയും അവിടെയിരുന്നു തിന്നും. അവർ കഞ്ഞി തന്നാൽ അതും കുടിക്കും. വീട്ടിൽ ദാരിദ്ര്യം, എല്ലായിടത്തും കീറിയ പഴയ വസ്ത്രങ്ങൾ വിരിച്ചിട്ട പോലെ തോന്നി. ഗോവ മുഴുവൻ ജയിലിനകത്തായപ്പോൾ ഇരുപതു വയസ്സോളം പ്രായമായ അവരുടെ മകൻ എവിടെയോ, ഏതോ ചരക്കെടുക്കാൻ ഗോവയിൽ

പോയി. വരുന്ന വഴി പോർത്തുഗീസ് പടയാളികൾ അടുത്ത് വന്ന് സംസാരിച്ചപ്പോൾ അയാൾ ചരക്ക് അവിടെത്തന്നെയിട്ട് ഓടിക്കളഞ്ഞു. പട്ടാളക്കാർ പുറകിൽ നിന്ന് വെടിവെച്ചു. അയാൾ അവിടെവെച്ച് മരിച്ചു. അയാളുടെ ശരീരംപോലും ഇവിടെ ആർക്കും കാണാൻ പറ്റിയില്ല. സ്വന്തം മകൻ തിരിച്ചുവരുമെന്ന് വിചാരിച്ച് അമ്മ ഏറെ സമ യം ദുഃഖിച്ചു കാത്തിരുന്നു. ഗോവ സ്വതന്ത്രമായ ഉടൻ അവർ ഗോവ യിലെ ഓരോ ഗ്രാമവും അരിച്ചു പെറുക്കി. അവരുടെ മകനെ കാൾശീ, പൈംഗീൺ എന്നീ പ്രദേശങ്ങളുടെ അടുത്ത് വെച്ചാണ് കൊന്നതെന്ന സത്യം ഗോവയിലെ പോലീസുകാരുടെ അടുത്തു നിന്ന് പിന്നെ അവർ ക്ക് അറിയാൻ കഴിഞ്ഞു. പട്ടാളക്കാർ അവന്റെ മൃതശരീരം അവിടെ തന്നെ കാട്ടിൽ അടക്കം ചെയ്തു. അതിനുശേഷം ഏഴെട്ടു വർഷങ്ങൾ കടന്നു പോയി. പോർത്തുഗീസുകാർ നാണം കെട്ട് ഗോവയിൽ നിന്ന് പോയി. എല്ലാം അറിഞ്ഞ അമ്മ ഭ്രാന്തിയായി. അവർ എന്നും ഗോവയി ലേക്കുള്ള വഴിയിൽ കണ്ണും നട്ട് ദുഃഖിതയായി ഇരിക്കുന്നു.

സദാനന്ദ് എന്നും ഉച്ചനേരത്ത് അവരുടെ അടുത്ത് പോയി ഇരിക്കും, അവരുമായി സംസാരിക്കും. ക്രമേണ അവരുടെ മുടിയിൽ, ശരീരത്തിലെ പഴയ വസ്ത്രങ്ങളിൽ, വീട്ടിനകത്ത് അങ്ങിങ്ങായി കിടക്കുന്ന അഴുക്കു നിറ ഞ്ഞ സാധനങ്ങളിൽ വൃത്തിയും, അടുക്കും ചിട്ടയും വന്നുതുടങ്ങി. സദാനന്ദിനും ഒരു തണൽ കിട്ടിയ പോലെ യായി. അവർക്ക് ചെറിയ ഒരു കൃഷിസ്ഥലം ഉണ്ടായിരുന്നു. അവർ അത് ഭാഗം വെച്ചില്ലായിരുന്നു. വീടിന് പുറത്ത് കായ്ഫലമുള്ള രണ്ടു മൂന്നു തെങ്ങുകൾ നിൽക്കുന്നുണ്ടായി. അവൻ അമ്മ തന്നുവിട്ട പത്തി രി കഴിക്കാൻ തുടങ്ങുമ്പോൾ അവർ കുറച്ചു കഞ്ഞി വിളമ്പുമാ യിരുന്നു.

ഈ ദിവസങ്ങളിൽ ആരെങ്കിലും പതുക്കെ പതുക്കെ സ്നേഹ ത്തോടെ സംസാരിച്ചാൽ, സ്നേഹത്തോടെ ശരീരത്തിൽ തൊട്ടാൽ സദാനന്ദിന് കരച്ചിൽ വരുമായിരുന്നു. അവന്റെ ഉള്ളിൽ കുടൽവരെ പറിച്ചെടുക്കുന്ന വീട്ടിനകത്തെ ദാരിദ്ര്യം, സ്കൂളിലെ മറ്റു കുട്ടികളുടെ തിളക്കം, ആ സ്ത്രീയുടെ സ്നേഹം, ഇവയുടെ കോലാഹലമായിരുന്നു.

ക്ലാസ്സിൽ അവൻ കുനിഞ്ഞ് പാവമായിരിക്കും. ശരീരത്തിൽ കിട ക്കുന്ന കീറിപ്പറിഞ്ഞ വസ്ത്രം കാരണം അവന് ലജ്ജ തോന്നിയിരുന്നു. സ്കൂളിൽ തിങ്കളാഴ്ചയും, ശനിയാഴ്ചയും, രണ്ടു ദിവസം യൂണിഫോം ഇടുന്ന പതിവുണ്ടായിരുന്നു. വെളുത്ത ഷർട്ടും നീല ഹാഫ് പാന്റ്റും. അവന് അഴുക്കു നിറഞ്ഞ ഒരു വെള്ള ഷർട്ട് മാത്രമേ ഉണ്ടായിരുന്നുള്ളൂ. ഏതെങ്കിലും നിറത്തിലുള്ള ഹാഫ് പാന്റ്റും, മുകളിൽ വെള്ളഷർട്ടും. .... ഹെഡ്മാസ്റ്റർ ശകാരിച്ചാൽ ഖാനാപൂർകാർ മാസ്റ്റർ പറഞ്ഞു

മനസ്സിലാക്കുമായിരുന്നു. ഹെഡ്മാസ്റ്റർ നല്ല ഉറച്ച ശരീരമുള്ളവനായിരുന്നു. മുറം പോലെയുള്ള തന്റെ കൈ നീട്ടിയിട്ട് അതും വീശിക്കൊണ്ട് പറയും, 'ഇല്ല, ഇല്ല, അങ്ങനെ പറ്റുകയില്ല.' അപ്പോൾ തന്നെ എല്ലാം മറന്നു കളയും, മറവിയുടെ രോഗമുള്ള പോലെ.

സദാനന്ദ് ചിലപ്പോൾ ആലോചിക്കും, ഈ ബ്രാഹ്മണരുടെ, കൊങ്കണികളുടെ കുട്ടികൾ ഇത്രയും ധാർഷ്ട്യം കാണിക്കുന്നതെന്തിന്? എന്തു കൊണ്ടാണവർ ഇത്ര അധികം ചിരിക്കുന്നത്? അവരുടെ വീട്ടിൽ ഭക്ഷ്യധാന്യങ്ങളും, ചോറും ധാരാളം ഉണ്ടെന്നു തോന്നും, മേശക്കകത്ത് നോട്ടുകെട്ടുകളും. അവർക്ക് മണ്ണു പൊടിക്കുകയും, കുഴക്കുകയും ഒന്നും ചെയ്യേണ്ടല്ലോ. അവരുടെ അമ്മമാർക്ക് തലയിൽ മൺകുടങ്ങൾ വെച്ച് വിൽക്കാൻ പോകേണ്ട ആവശ്യവുമില്ല. ഇങ്ങനെ ചിന്തിക്കുമ്പോഴും അവന് കരച്ചിൽ വരുമായിരുന്നു.

അച്ഛൻ എപ്പോഴും ഒന്നു തന്നെ പറയും, കുശവന്റെ മകൻ പഠിച്ചിട്ട് എന്തു ചെയ്യാനാണ്? ഒടുവിൽ മണ്ണുകുഴച്ച് അടിച്ചു പരത്താനല്ലേ? പഠിച്ചെന്നു വെച്ച് ആരാ നിനക്ക് മുൻഗണന തരിക? കുശവൻ കുശവൻ തന്നെ. അവന് മുക്തിയില്ല.

പഠിക്കുവാൻ ഇരുന്നാൽ അച്ഛൻ ഉറക്കെ സംസാരിച്ച് എഴുന്നേൽക്കും. മൺകൂമ്പാരമില്ലെങ്കിൽ ഉണ്ടാക്കി വെച്ച മൺകഴുത്തുകൾ കൊണ്ടുവരും. മണ്ണെണ്ണയില്ലെന്ന് പറഞ്ഞ് വീട്ടിനകത്ത് രാത്രി ഒരു ചിമ്മിണി വിളക്ക് മാത്രമായിരിക്കും കത്തിക്കുക. അച്ഛൻ കലമുണ്ടാക്കുമ്പോൾ അത് കൂടെ കൊണ്ടുവെക്കും. അവിടെ തന്നെ സദാനന്ദ് പഠിക്കാനായി ഇരിക്കും. പിന്നെ അച്ഛന്റെ നിരാശാഭരിതമായ വാക്കുകൾ എന്നുമുണ്ടാകും.

'ഞാഞ്ഞൂൾ സർപ്പത്തിന്റെ വീട്ടിൽ അതിഥിയായി പോയി. അവിടെയെത്തി പാടെ വിറച്ചുതുടങ്ങി.' എന്നാലും അവൻ ഓരോ പരീക്ഷയിലും നല്ല മാർക്കോടു കൂടി ജയിക്കുമായിരുന്നു. ആദ്യത്തെ നാലഞ്ചു പേരുകളിൽ അവനുമുണ്ടാകും.

അമ്മക്കാകട്ടെ പഠിപ്പിനെക്കറിച്ച് ഒന്നും തന്നെ അറിഞ്ഞുകൂടാ. അവർക്കു തോന്നും, തന്റെ മകൻ ചെയ്യുന്നതെല്ലാം ഭംഗിയായി ചെയ്യും. അവന് തെറ്റു പറ്റുകയില്ല. എന്റെ മകൻ! അവൻ തങ്കക്കട്ടിയാണ്! അവർ അവന്റെ പുറകെ ഉണ്ടാകും. പക്ഷെ അവരുടെ കൈകൾക്ക് ശക്തി ഉണ്ടായിരുന്നില്ല. ഭർത്താവിനു മുമ്പിൽ അവരുടെ ആഗ്രഹങ്ങൾ ഒന്നും തന്നെ വിലപ്പോവില്ല.

മെട്രിക്കിന് പഠിക്കുമ്പോൾ ഒരു ദിവസം ക്ലാസ്സിലെ ഒരു പെൺകുട്ടി അയാളോട് ചോദിച്ചു, 'സദാനന്ദ് നിങ്ങൾക്ക് കലമുണ്ടാക്കാൻ അറിയാം

അല്ലേ?'

അതെ, മൺകലമുണ്ടാക്കാൻ അറിയാം. ഗണപതിയുടെ വിഗ്രഹവും ഉണ്ടാക്കും. ആളുകൾ വിനായകചതുർത്ഥിക്ക് ഞാൻ ഉണ്ടാക്കിയ വിഗ്രഹം പൂജക്കെടുക്കാറുണ്ട്!' ആ പെൺകുട്ടിയുടെ പൂച്ചക്കണ്ണുകൾ നക്ഷത്രങ്ങളെപ്പോലെ തിളങ്ങി. പിന്നെ അവൾ ചോദിച്ചു , 'നീ കീറിയ അഴുക്കൻ വസ്ത്രങ്ങൾ എന്തിന് ധരിക്കുന്നു? നിങ്ങൾ ദരിദ്രരാണോ?'

സദാനന്ദ് ഒന്നും പറഞ്ഞില്ല.

'നിനക്ക് കൂടുതൽ മാർക്ക് എങ്ങനെയാണ് കിട്ടുന്നത്?'

'ഈശ്വരൻ തരുന്നതാ.'

'നിങ്ങളുണ്ടാക്കിയ ഗണപതിയാണോ?' അവൾ ഉറക്കെ ചിരിച്ചു.

പിന്നെ എട്ടു ദിവസംവരെ ചിരിയോടുകൂടിയ നക്ഷത്രം പോലെ തിളങ്ങുന്ന ആ പെൺകുട്ടിയുടെ കണ്ണുകൾ അവന്റെ മനസ്സിൽ വരും. ചിരി കാതുകളിൽ മുഴങ്ങും. സത്യം പറഞ്ഞാൽ കുശവർ നാളിതുവരെ ആയിരക്കണക്കിന് ഗണപതി വിഗ്രഹങ്ങൾ ഉണ്ടാക്കി. എന്നാൽ ഒരെണ്ണം പോലും അവർക്ക് സ്വന്തമായി ഉണ്ടായിരുന്നില്ല.

അവൻ മെട്രിക്ക് ഒന്നാം ക്ളാസ്സിൽ പാസ്സായി. അതിനുശേഷം ഒരു വർഷം മുഴുവനും വീട്ടിൽ തന്നെ കഴിച്ചുകൂട്ടി. കാർവാറിലെ കോളേജിൽ പോകണമെന്ന് പറഞ്ഞിട്ട് അച്ഛൻ ഒന്നും തന്നെ ചെവിക്കൊണ്ടില്ല. പണം ചിലവാകുമെന്നുള്ള ഒരേ വിചാരം. പിന്നെ അയാൾ മനസ്സിലാക്കി വെച്ചതും അതു തന്നെ. കുശവർ പഠിച്ച് ഒന്നും നേടാനില്ല. ആരും അവർക്ക് മുൻഗണന കൊടുക്കുകയുമില്ല. കുശവർ മണ്ണു ചവിട്ടി പാകപ്പെടുത്തണം. മുമ്പ് സ്കൂളിൽ പോകുമ്പോൾ ഗുരവ്, ദെവ്ളി എന്ന വർഗ്ഗത്തിൽപെട്ട കൃഷിക്കാരുടെ കുട്ടികൾ അവിടെ പഠിക്കുന്നുണ്ടായിരുന്നു. അവരുമൊത്ത് അവൻ കശുമാങ്ങയും, കൊത്തമല്ലിയുമൊക്കെ പറിക്കും. മലയിൽ കൂടി നടക്കും, വാളൻപുളി, ഞാവൽപഴം മുതലായവ പറിക്കും. ഇപ്പോൾ അതൊന്നുമില്ലാതായി. അവൻ അങ്ങനെ ഏകാന്തപ്രിയനും വെറുപ്പുള്ളവനുമായി. അച്ഛൻ എന്തു പറഞ്ഞാലും കേൾക്കാത്ത മാതിരി പോകും. എതിരു പറയും. പിന്നെ അച്ഛനും ശകാരിക്കും,

'നാലു പുസ്തകം പഠിച്ചു എന്നു വിചാരിച്ച് ആകാശത്തെ തൊട്ടു എന്ന് കരുതേണ്ട. കുശവന്റെ കുലം മണ്ണു തന്നെയാണ്. എടാ, നെറികെട്ടവനേ, നിനക്ക് കളിമണ്ണെന്നു പറഞ്ഞാൽ അവജ്ഞയാണ് അല്ലേ? ചെറുപ്പം മുതൽ തന്നെ നിന്നെ കുളത്തിലേക്ക് കൊണ്ടുപോയി മണ്ണു നിറച്ച കുട്ടകൾ തലയിൽ വെച്ച് തരണമായിരുന്നു. എനിക്ക് തെറ്റ് പറ്റി. സ്കൂളിലേക്ക് നിന്നെ പറഞ്ഞു വിട്ടു.'

എന്നാൽ പഠിക്കാനായി കാർവാറിലെ കോളേജിൽ പോകണമെന്ന് അവന് ഒരേ ഒരു വാശിയായിരുന്നു. അച്ഛനും ചിലപ്പോഴൊക്കെ ഈ വിധത്തിൽ പൊട്ടിത്തെറിക്കുമായിരുന്നു. അച്ഛൻ അവനോട് ചോദിക്കാം, 'എടാ, ഒരു വർഷത്തേക്ക് എന്തു ചിലവ് വരും?'

'രണ്ടു ജോടിയെങ്കിലും പുതിയ ഉടുപ്പുകൾ വേണം. പുസ്തകങ്ങൾ, ഫീസ്, പോകാനും വരാനും സൈക്കിൾ .... പന്ത്രണ്ട് മൈൽ ദൂരമുണ്ട്.'

ഇത് കേട്ട് അച്ഛൻ കണ്ണു മിഴിച്ചു നോക്കി. 'സൈക്കിളില്ലാതെ പറ്റുകയില്ല അല്ലേ?'

'ദിവസവും ബസ്സിൽ പോയാൽ വലിയ തുകയാകും. ഇപ്പോൾ തന്നെ സൈക്കിൾ, പുസ്തകങ്ങൾ വാങ്ങിയില്ലെങ്കിലും തുടക്കത്തിൽ തന്നെ ഒരു ആയിരം, ആയിരത്തി അഞ്ഞൂറു രൂപ വേണ്ടി വരും.'

'അവിടെ താമസിക്കുവാൻ സർക്കാർ വക ഹോസ്റ്റൽ ഉണ്ടെന്നാണല്ലോ പറയുന്നത്? ആഹാരമാണെങ്കിൽ സൗജന്യം.'

അത് പുലയനും, ചെമ്മാനും മാത്രം. നമ്മൾ ഉയർന്ന ജാതിക്കാരാണ്.'

അച്ഛൻ ഉമിനീറ് തെറിക്കത്തക്ക വിധത്തിൽ ചിരിച്ചു. 'കുശവർ ഉയർന്ന ജാതിക്കാർ! എന്ത് അനുഭവിക്കാനാണ് അവരെ ഈ ഉയർന്ന ജാതിയിൽ പെടുത്തിയിരിക്കുന്നത്? നിനക്കറിയാമോ?'

അടുത്തുള്ള പുലയച്ചാളയിൽ സർക്കാർ തൂൺ നാട്ടി വിളക്കിട്ടിരിക്കുന്നു. ഞങ്ങളോടാണെങ്കിൽ ഇവിടെ മൂന്നു തൂണുകളുടെ ചിലവ് അടക്കുവാൻ പറയുന്നു. ആർക്കാണ് അടക്കാൻ പറ്റുക? ആരാണ് അതിനുവേണ്ടി അവരോട് വഴക്കിനു പോകുന്നത്?' സദാനന്ദിന്റെ ഭാവിയിലെ പഠിത്തത്തിന്റെ കാര്യം വീട്ടിൽ എന്നും പ്രശ്നമായിരുന്നു. അവൻ ചിലവിന്റെ കണക്കു പറഞ്ഞപ്പോൾ വീടിന്റെ അടിത്തറ മുഴുവൻ ഇടിഞ്ഞു പോയ പോലെ തോന്നി.

കുശവന്റെ കാലം മോശമായി എന്നുള്ളത് സത്യം തന്നെ. എട്ടു ദിവസം കൊണ്ട് ഒരു ചുമട് മൺകലങ്ങൾ തയ്യാറാക്കി അവ വിറ്റു പോയാൽ ഇരുന്നൂറോ, ഇരുന്നൂറ്റി അമ്പതു രൂപായോ കിട്ടും. ആളുകൾ മൺകലങ്ങൾ വാങ്ങുന്നത് ലജ്ജാവഹമായി കരുതുന്നു. അത്യാവശ്യം വരുമ്പോൾ മാത്രം മൺകലങ്ങൾ അന്വേഷിച്ചു വരും. അതും കുറഞ്ഞ വിലക്ക്. തലയിൽ ഏറ്റി കൊണ്ടുപോയ മൺകലങ്ങൾ അതുപോലെ തിരിച്ചു വരുമായിരുന്നു. കിട്ടുന്ന പണം കൊണ്ട് ചില്ലറ ധാന്യങ്ങളും, അരിയും, ഉപ്പും, മുളകും വാങ്ങും. മീൻ വാങ്ങിയാൽ കയ്യിൽ ബാക്കി ഒന്നും തന്നെ ഉണ്ടാകുകയില്ല. മൂന്നു മാസത്തെ മഴക്കാലം കാലനെപ്പോലെ പിന്തുടരുന്നു. ശരീരത്തിലെ വസ്ത്രം പഴകി പൊടിഞ്ഞാലും

ഉടുക്കാൻ പുതിയ വസ്ത്രം കിട്ടുകയില്ല. പഠിപ്പിനെ പോലെയുള്ള ആവശ്യമില്ലാത്ത കാര്യങ്ങൾക്ക് ആരാ പണം ചിലവാക്കുക? കുശവൻ തന്റെ കുട്ടികളെ ആദ്യമൊക്കെ തല്ലി ഉത്സാഹത്തോടെ സ്കൂളിലേക്ക് പറഞ്ഞു വിടും. മൂന്നു നാലു ക്ലാസ്സ് പഠിച്ചു കഴിഞ്ഞാൽ അവർ ഉഴപ്പും. സ്കൂൾ എപ്പോഴാ വിടുന്നത് എന്നു പോലും അവർക്കറിഞ്ഞു കൂടാ. സ്കൂളിൽ പോകുന്ന കുട്ടികളിലും ഭേദപ്പെട്ടവർ കയ്യിൽ കൂന്താലിയെടുത്ത് മണ്ണിനായി കുളത്തിൽ വരുന്ന കുട്ടികളായിരുന്നു. അവരാണ് കൂടുതൽ പ്രശംസിക്കപ്പെടുന്നത്. ഈ ദുരിതാവസ്ഥയെ തരണം ചെയ്ത് മുന്നോട്ടു പോകാനായിരുന്നു സദാനന്ദൻ വിചാരിച്ചത്. ഈ അറിവും വിശ്വാസവും അവന് ആരാണ് നൽകിയത്? അത് അവന്റെ ജന്മസ്വഭാവമാകാം. അല്ലെങ്കിൽ പഠിച്ച് പഠിച്ച് കിട്ടിയതായിരിക്കാം.

മുംബയിൽ നിന്നോ, പുണെയിൽ നിന്നോ ആരെങ്കിലും വന്നാൽ അവൻ അവരുടെ കൂടെ പോകും. അവൻ പറയും, 'ഞാൻ കുശത്തൊരുവിലെ യശവന്തിന്റെ മകനാണ്. മെട്രിക് പാസ്സായി. നിങ്ങളുടെ കൂടെ വരാം. അവിടെ ചെറിയ ജോലി ചെയ്ത് ജീവിക്കാം.' അധികം പേരും താമസിക്കാനുള്ള അസൗകര്യം പറഞ്ഞ് അവനെ നിരുത്സാഹപ്പെടുത്തുമായിരുന്നു. ഒരു തരത്തിൽ മുംബയ്കാർ എന്ന് പൊങ്ങച്ചം കാട്ടുന്നത് അവനവന്റെ തന്നെ അഹങ്കാരം കാണിക്കലാണ്.

ഒരു ദിവസം അവൻ മുംബയിൽ നിന്നു വന്ന ദേവരായ നായ്ക്കിനെ കാണാൻ പോയപ്പോൾ അയാൾ കയ്യിൽ ഒരു ബിസ്ക്കറ്റ് വെച്ചിട്ട് പറഞ്ഞു. 'ആ നഗരത്തിലേക്കുള്ള പാച്ചിൽ കൊണ്ടെന്താ ഫലം? രക്തച്ചൊരിച്ചിലും, കൊല്ലും കൊലയും. രണ്ടു ദിവസം പൈപ്പിൽ വെള്ളമില്ലെങ്കിൽ എല്ലാമുപേക്ഷിച്ച് ഓടണമെന്ന് തോന്നും. നീ കുശവനല്ലേ? മൺകലങ്ങൾ ഉണ്ടാക്കൂ. ശുക്തിമത്സ്യം വളർത്തൂ. വിനായകചതുർത്ഥിക്ക് അമ്പത് അറുപത് ഗണപതി വിഗ്രഹങ്ങളുണ്ടാക്കൂ. മുംബയിൽ പോയി കാണാതായാൽ നിന്നെ ആരാ അന്വേഷിക്കുക?'

കുശവന്റെ മനസ്സിൽ മണ്ണ് കലക്കി തേച്ച പോലെയായി. ഒരു ചക്രം, ദിവസവും കറങ്ങും, കുന്നിലെ ചുമന്ന മണ്ണ്, കുളത്തിലെ കളിമണ്ണ് , അടിക്കൽ, നനക്കൽ, കുഴയ്ക്കൽ, ചൂളയിൽ വെക്കൽ.... കറങ്ങിക്കൊണ്ടിരിക്കുന്ന ചക്രത്തിൽ നിന്ന് ഉരുത്തിരിയുന്ന കലത്തിന്റെ കഴുത്തു പോലെ ആ മനുഷ്യരും, മനസ്സും, ആഗ്രഹങ്ങളും ഇല്ലാത്ത കളിമൺ പ്രതിമകൾ തന്നെയായി തീർന്നിരിക്കുന്നു.

സത്യത്തിൽ അവന്റെ മോഹങ്ങൾ അവിടെ അസ്തമിച്ചു. അപ്പോൾ അവന് ശ്വാസം മുട്ടുന്ന പോലെ തോന്നി. ദേഷ്യം വരുമായിരുന്നു, അവൻ ആഹാരം ഉപേക്ഷിച്ചു. വീട്ടിൽ ഒരു ജോലിയും ചെയ്യാതെയായി. ഏതെങ്കിലും വൃക്ഷച്ചുവട്ടിൽ പോയി നിശ്ശബ്ദനായിരിക്കും. അവൻ

കൈവിട്ടുപോയതായി കണ്ട് അച്ഛനും ശകാരവർഷം തന്നെ നടത്തുമായിരുന്നു. 'ഇവിടെ അച്ഛന്റെ കൂടെ ജോലി ചെയ്യേണ്ടിവരുമെന്ന് കണ്ട് അവൻ കാർവാറിൽ പോയി സുഖിക്കുവാൻ ഉദ്ദേശിക്കുകയാണ്. പഠിക്കണമെങ്കിൽ ബ്രാഹ്മണകുടുംബത്തിൽ ജനിക്കണം. കുശവന്റെ കുടിലിൽ എന്തിന് ജനിച്ചു? ജന്മം പോലെയായിരിക്കും ധർമ്മം. തന്റെ ധർമ്മം ഉപേക്ഷിച്ചിട്ടുള്ള മുന്നേറ്റം നല്ലതിനല്ല.'

ഒരു ദിവസം സദാനന്ദ് അനസോടിയിലുള്ള തന്റെ സഹോദരിയുടെ വീട്ടിൽ പോയി. അവനെക്കാൾ നാലു വയസ്സ് മൂത്ത സഹോദരി, വിശ്രാന്തിയെ അവിടെയാണ് വിവാഹം കഴിച്ചയച്ചത്. വിശ്രാന്തി നെറ്റിയിൽ വലിയ ഒരു കുങ്കുമപ്പൊട്ട് തൊടുമായിരുന്നു. ദൂരെ നിന്ന് അവരെപ്പോലും കാണുന്നതിനു മുമ്പ് അവരുടെ കുങ്കുമപ്പൊട്ട് ആദ്യം കാണുമായിരുന്നു. വിവാഹത്തിനു മുമ്പ് വീട്ടു ജോലി ചെയ്യുന്നില്ലെന്ന് അമ്മ അവളെ ശകാരിക്കും. പകൽ മുഴുവനും കുശത്തെരുവിലെ ഓരോ വീട്ടിലും കയറിയിറങ്ങുക അവളുടെ പതിവായിരുന്നു. എല്ലാ സമയവും അമ്മ ഉറക്കെ വിളിക്കും. ഏതെങ്കിലും വീട്ടിൽ നിന്ന് 'ദാ വന്നു' എന്നു പറഞ്ഞ് അവൾ ഓടിയെത്തും. കിണറ്റിൽ നിന്ന് വെള്ളം കോരാൻ പോയാൽ ആദ്യം മറ്റേതെങ്കിലും വീട്ടുകാർക്കു വേണ്ടി രണ്ടു കുടം കോരി വെക്കും. പിന്നെ സ്വന്തം വീട്ടിലേക്ക് രണ്ടു കുടം നിറച്ചു കൊണ്ടുവരും. വിവാഹം കഴിഞ്ഞയുടൻ അവൾ ഭർത്താവിന്റെ വീട് ഭരിച്ചു തുടങ്ങി. മനസ്സു കൊണ്ട് സ്നേഹം നിറഞ്ഞവൾ, കൈ നിറയെ കൊടുക്കുന്നവൾ. തുടക്കം മുതൽ ഒരു ചിരിക്കുടുക്ക. എല്ലാ കാര്യങ്ങളും ചിരിച്ചു കൊണ്ടു ചെയ്യും. അമ്മായമ്മ അയൽപക്കത്തുള്ള സ്ത്രീയോട് പറയും, 'ഞങ്ങളുടെ വീട്ടിൽ വർഷം മുഴുവനും പിച്ചിപ്പൂവാണ്.'

കുശവപ്പണിയുടെ കൂടെ തന്നെ അവർക്ക് ഒരു ചെറിയ നെൽ പാടമുണ്ടായിരുന്നു. ആറു മാസം ഉണ്ണാൻ പാകത്തിലുള്ള നെല്ല് അതിൽ വിളയും. അത് കിളച്ച്, ഉഴുത്, കൃഷി ചെയ്യും. ഒന്നു രണ്ടു വർഷത്തിനുള്ളിൽ വിശ്രാന്തി അമ്മായപ്പനു വേണ്ടി കൃഷിപ്പണിയും പഠിച്ചു. ഇപ്പോൾ അമ്മായി അപ്പനും മരുമകളുമാണ് അധികവും കൃഷിപ്പണി നോക്കി ചെയ്യുന്നത്. അമ്മായപ്പൻ മൺവെട്ടി തോളിൽ വെച്ച് വയലിലേക്ക് പോകുമ്പോൾ പുറകിൽ വരുന്ന മരുമകളോട് പറയും, 'വാടീ, കലംതല്ലിയും കൊണ്ട് വയലിലേക്ക് വാ.'സദാനന്ദ് ആദ്യം സഹോദരിയോടും പിന്നെ അളിയനോടും പറഞ്ഞു,' ഞാൻ വരുംകൊല്ലം കൂടി കാർവാറിലെ കോളേജിൽ പോകും. ചിലവു ചെയ്യേണ്ടതിനാൽ അച്ഛൻ പോകണ്ടാ എന്നു പറയുന്നു'

'എന്തു ചിലവ് വരും?'

'ആരുടെയെങ്കിലും പഴയ സൈക്കിൾ വാങ്ങിയാൽ പുസ്തകങ്ങളും, ഫീസും കൂടി ആയിരം, രണ്ടായിരം വേണ്ടി വരും.'

സഹോദരി ഉൽകണ്ഠയോടെ ഭർത്താവിനുനേരെ നോക്കി. അളിയൻ പറഞ്ഞു, 'കുശവൻ എത്ര തന്നെ പണിയെടുത്താലും ഒരു കൈ കൊണ്ട് ഇരുന്നൂരു രൂപാ പോലും ഉണ്ടാക്കാൻ സാധിക്കുകയില്ല. അച്ഛനോട് പറഞ്ഞു നോക്കാം'

അൻസോടിയിലെ കുശവരുടെ മൺകലങ്ങൾക്ക് ഗ്രാമത്തിൽ ഒരു വിലയും ഇല്ലായിരുന്നു. വേറെ ഗ്രാമത്തിലെ കുശവർ അവരെ കളിയാക്കുമായിരുന്നു. 'നിങ്ങളുടെ കുളത്തിൽ എരുമക്കിടാവുകൾ കിടക്കുന്നതു കൊണ്ട് നിങ്ങളുടെ മണ്ണ് ചാണകമണ്ണ്. മറ്റുള്ളവരുടെ ദോശയിൽ ചുളിവ് വന്നിട്ടുണ്ടെങ്കിൽ നിങ്ങളുടെ ദോശക്കല്ലിനു തന്നെ കുഴിവുകളുണ്ടെന്നുള്ളതാണ് സത്യം. 'പിറ്റേ ദിവസം സഹോദരിയുടെ അമ്മായപ്പൻ അവനോട് പറഞ്ഞു, 'നോക്കട്ടെ, എന്റെ ഒരു ബാല്യകാലസുഹൃത്ത് രാമേശ്വരത്തെ സാളുംഖെയിൽ സുബേദാരായിട്ട് റിട്ടയർ ചെയ്തു. ആവശ്യപ്പെട്ടാൽ ഒരായിരം രൂപാ വരെ കടമായി തന്നേക്കും. കുറെ രൂപാ ഞാൻ എന്റെ കയ്യിൽ നിന്ന് തരാം. നീ പഠിക്കണമെന്ന് പറഞ്ഞപ്പോൾ എനിക്ക് സന്തോഷമായി. നിന്റെ അച്ഛനോട് ഒന്നിവിടം വരെയൊന്നു വരാൻ പറയണം. അവനത്ര ശരിയല്ല. ആദ്യം തന്നെ അവനോട് പറയണം. കുശവരുടെ കളിമണ്ണിൽ നിന്ന് രക്ഷപ്പെടൽ വളരെ കഠിനമാണ് മോനേ! കാൽമുട്ടു വരെ താഴ്ന്നു പോകും.'

സദാനന്ദ് വീട്ടിൽ വന്ന് ആദ്യം തന്നെ ഈ വാർത്ത അമ്മയോട് പറഞ്ഞു. പിന്നീട് അമ്മ അച്ഛൻ ചക്രം തിരിക്കുന്നിടത്ത് ചെന്ന് അയാളുടെ മുമ്പിലിരുന്ന് എല്ലാം ധരിപ്പിച്ചു. 'അവൻ പഠിക്കുവാൻ പോകാൻ തന്നെ തീരുമാനിച്ചു. വിശ്രാന്തിയുടെ അമ്മായച്ഛൻ കടമെടുത്ത് രൂപാ തരാമെന്ന് പറഞ്ഞത്രേ! നിങ്ങളുടെ സമ്മതം വേണമെന്ന് പറയുന്നു.'

ഇതു കേട്ട് യശവന്ത് ചക്രം വളരെ വേഗം കറക്കി, ചക്രത്തിന്റെ നടുവിൽ രണ്ടു കൈകളും കൊണ്ട് പിടിച്ച മണ്ണ് മുകളിലോട്ട് തെറിച്ചു പോയി. അയാൾക്ക് ദേഷ്യം വന്നു. 'ഈ കടം എവിടെ നിന്ന് കൊടുത്തുതീർക്കും? അച്ഛൻ മരിക്കുമ്പോൾ എല്ലുകൾ വിറ്റ് കാശുണ്ടാക്കുമോ? ഈ മൂധേവിയെങ്കിലും മനസ്സിലാക്കണമായിരുന്നു, അവൻ ബന്ധുവീട്ടിൽ യാചിക്കാൻ പോയി അല്ലേ?'

'പഠിച്ചു കഴിഞ്ഞ് ജോലി കിട്ടുമ്പോൾ അവൻ കൊടുത്തു തീർക്കും.'

'എപ്പോൾ?, എത്ര വർഷം കൊണ്ട്? പഠിച്ചെന്നു വെച്ച് കുശവനെ ആരും അന്വേഷിക്കുകയില്ല. കുശവന്റെ കയ്യിലും, മുഖത്തും എല്ലാം

മണ്ണു തന്നെ. എന്നോടിനി ഒന്നും തന്നെ പറയരുത്. ഇനി സംസാരിച്ചാൽ തലക്കിട്ടൊരു കൊട്ടു കൊടുക്കും.'

ഇതെല്ലാം കേട്ട് സദാനന്ദ് ഇറയത്ത് നിൽക്കുന്നുണ്ടായിരുന്നു. ഇപ്പോൾ അവൻ ദേഷ്യം കൊണ്ട് തെല്ലൊന്ന് വിറച്ചു. ഓടിയടുത്തു വന്ന് അവൻ അലറി. 'നിന്റെ കലംതല്ലികളും മൺകലങ്ങളുമൊക്കെ നെഞ്ചത്ത് അടിച്ചുടയ്ക്കൂ. ജീവിതം മുഴുവനും കലമുണ്ടാക്കി, ഒരു നല്ല ഷർട്ട് പോലും തയ്പ്പിക്കാൻ പറ്റിയില്ല. കൃഷിക്കാരുടെ മക്കളുടെ പഴയ പുസ്തകങ്ങൾ യാചിച്ച് വാങ്ങിക്കൊണ്ടുവന്നാണ് ഞാൻ പഠിച്ചത്. ഇപ്പോൾ എങ്ങനെയെങ്കിലും ഇത് തുടരണമെന്നു പറഞ്ഞപ്പോൾ തടസ്സം പറയുന്നു. ഞാൻ ഇനി ഈ വീട്ടിൽ താമസിക്കുകയില്ല. 'ഇന്നലത്തെ ചൂളയിൽ നിന്ന് പുറത്തെടുത്ത മൺകലങ്ങൾ മുറ്റത്തുണ്ടായിരുന്നു. ദേഷ്യം കൊണ്ട് അയാൾ ഒരു വടിയെടുത്ത് അടിച്ചു. ഒരടി കൊണ്ടു തന്നെ മൂന്നു കലങ്ങൾ പൊടിഞ്ഞു പോയി. പിന്നെ വടി അവിടെ ഇട്ട് അവൻ കുശത്തെരുവിൽ നിന്ന് പുറത്തേക്ക് ഓടി. അരുവിയുടേയും, പ്രധാന വഴിയുടേയും നടുവിൽ ഒരു ചെറിയ കുന്നുണ്ടായിരുന്നു. അവിടെയുള്ള വൃക്ഷങ്ങൾക്കിടയിലൂടെ അവൻ അപ്രത്യക്ഷനായി.

അച്ഛനും തുരുതുരെ ശകാരിക്കുന്നുണ്ടായിരുന്നു. അമ്മ അവന്റെ പിന്നാലെ വയലിന്റെ അതിരുവരെ പോയി നിന്നു. കുറെ നേരം നിന്നിട്ട് അവർ മടങ്ങി.

സന്ധ്യയായി. നേരം ഇരുട്ടിത്തുടങ്ങി. അയാൾ തിരിച്ചു വീട്ടിൽ വന്നില്ല. അമ്മ ചിമ്മിണി വിളക്കുകത്തിച്ചു. ഇളയ മകനേയും ധർമ്മുവിന്റെ ഭാര്യ ദേവകിയേയും കൂട്ടി കുന്നിന്റെ വഴിയേ പോയി. ചിമ്മിണി അണഞ്ഞു പോകാതിരിക്കാൻ സാരിയുടെ മറയിൽ ഒരു വശത്ത് മാറ്റി പിടിച്ചു. അവൾ വന്ന് കുന്നിന്റെ അടുത്തുള്ള വയലിന്റെ അതിരിൽ ഇരുന്നു. വിഷമം കൊണ്ട് അവിടെ ഇരുന്ന് തുടർച്ചയായി മകനെ വിളിച്ചു കരഞ്ഞു, 'എന്റെ മോനേ, സദാനന്ദാ, വാടാ' ആ വിളി പരുന്തിന്റെ കരച്ചിൽ പോലെ ആ സന്ധ്യാവെളിച്ചത്തിൽ പ്രതിധ്വനിച്ചു.

പിന്നെ കുറെ കുശവർ അവിടെ വന്നു. അവർ പറഞ്ഞു, 'അവനെന്താ രാത്രിയിൽ മരത്തിന്റെ ചുവട്ടിൽ ഇരിക്കുകയാണോ? അവൻ എവിടേയോ പോയി. ചുറുചുറുക്കുള്ള പയ്യനാണ്. മരുഭൂമിയിൽ കൊണ്ടിട്ടാലും പട്ടിണി കിടക്കുകയില്ല.' വീട്ടിലേക്ക് മടങ്ങിവന്നപ്പോൾ അച്ഛൻ, യശവന്ത് മൗനിയായി ഇരിക്കുന്നുണ്ടായിരുന്നു. ഇപ്പോൾ അയാൾ തലയിൽ തല്ലി കരയുമെന്നു തോന്നി.

13

വിധവകൾ ഉണ്ടാക്കുന്ന കഴുത്തില്ലാത്ത മൺകലങ്ങൾ, കോപ്പകൾ, പരന്ന വറവു ചട്ടികൾ മൺവീപ്പകൾ, അപ്പച്ചട്ടികൾ, ദോശക്കല്ലുകൾ, വിളക്കുകൾ എന്നിവ സീതായയും അവരുടെ മരുമകൾ താരയും കൂടി ഉണ്ടാക്കുമായിരുന്നു. ആരെങ്കിലും ചൂള കത്തിക്കുമ്പോൾ തങ്ങളുടെ അരികില്ലാത്ത ഈ മൺകലങ്ങൾ മറ്റു കലങ്ങളുടെഅടുക്കിനിടയിൽ തിരുകി വെക്കും. പരമ്പരാഗതമായി ചെയ്തുകൊണ്ടിരിക്കുന്ന ഈ കാര്യം ആരും വേണ്ടെന്ന് പറയുകയില്ല.

വിധവകൾക്ക് വേണ്ടി വെച്ചിരിക്കുന്ന പാത്രങ്ങൾ സധവയായ ഒരു സ്ത്രീയും ഈ കുശത്തെരുവിൽ നാളിതു വരെ ഉണ്ടാക്കിയിട്ടില്ല. ഒരു പുരുഷനും അത് ചെയ്തിട്ടുമില്ല. അവർ ഉണ്ടാക്കിയ പാത്രങ്ങൾ ചൂളയിൽ വെക്കുന്ന കാര്യത്തിൽ ആരും, ഒരിക്കലും ഒരു എതിർപ്പും പറഞ്ഞിട്ടില്ല. ആളുകൾ വർഷങ്ങളായി ഇത് നിഷ്ഠയോടെ പാലിച്ചു കൊണ്ടിരിക്കുന്നു.

സീതായയുടെ മരുമകൾ താര കുട്ടയിൽ ഈ പാത്രങ്ങൾ നിറച്ച് അത്രാപെരെഗ്രാമത്തിൽ വിൽക്കാൻ കൊണ്ടുപോകുമായിരുന്നു. എന്നാൽ ഇപ്പോൾ വിൽപന വളരെ കുറഞ്ഞു. പകുതിയിൽ കൂടുതൽ തിരിച്ചുകൊണ്ടു വരുമായിരുന്നു. താര കുട്ട കൊണ്ടുവന്ന് വരാന്തയിൽ വെച്ചു. അമ്മായി അമ്മ എന്തു തന്നെ പറഞ്ഞാലും അവൾ എതിരു പറയുമായിരുന്നു. 'നിങ്ങളുടെ ഈ മൺകട്ട ആർക്കു വേണം ? ഓരോ വീട്ടിലും സ്റ്റീലിന്റെയും അലൂമിനിയത്തിന്റെയും വറവു ചട്ടികൾ കാണാം. ആളുകൾ പറയും, ഇപ്പോൾ ഞങ്ങൾക്ക് മൺകലങ്ങൾ, ചട്ടികൾ എന്നിവയുടെ കൂടെ കോപ്പയും കിട്ടും.

സീതായ ഞെട്ടിപ്പോയി. അവർ ഓർത്തു, പണ്ട് കുശവൻ മൺകലം, കോപ്പ, കുടം, പാന, ഇവയെല്ലാം ഒരുമിച്ച് വിൽക്കുകയില്ലായിരുന്നു. കോപ്പകൾ വിധവകൾക്കായി മാറ്റി വെക്കുമായിരുന്നു. പിന്നെ ആളുകൾ ഇവ ഞങ്ങളുടെ കയ്യിൽ നിന്നു മാത്രമേ വാങ്ങാറുള്ളൂ. ഇപ്പോൾ എന്തൊരു അവലക്ഷണമാണിത്? ഇവർ എന്തു വിചാരിച്ചാ ഈ വേണ്ടാ ത്തരം വരുത്തി വെക്കുന്നത്.

ഇത് ഇങ്ങനെ പോയാൽ കുട്ടികളെ ഞങ്ങൾ എങ്ങനെ വളർത്തും? താരക്കാണെങ്കിൽ കൃഷിക്കാരുടെ വയലുകളിൽ പണിക്കു പോകാൻ ഇഷ്ടമില്ല!

ഒരു ദിവസം കൊച്ചുമോന് മരുന്നിനു വേണ്ടി കിരിയാത്ത് കൊണ്ടു

വരുവാൻ അവൾ ഗോപാലിന്റ വീടിന് പുറകു വശത്തു പോയി. അവിടെ പതിനഞ്ച് ഇരുപത് കോപ്പകൾ വെയിലത്ത് വെച്ചിരുന്നു. അവൾക്ക് സങ്കടം തോന്നി. ഗോപാലന്റെ വീട്ടിൽ ഏതു വിധവയാണ് ഉള്ളത്? ഗോപാലൻ ഇന്നും മരിച്ചില്ലല്ലോ? അവൾ ദേഷ്യം കൊണ്ട് വിറച്ചു. അവിടന്ന് അവർ ശപിച്ചു കൊണ്ട് മുൻവശത്തേക്ക് വന്നു.' ഗോപാൽ, നിങ്ങളുടെ വീട്ടിൽ ഏതു പുരുഷൻ മരിച്ച വിധവയാണുള്ളത്? വൃഷണമുള്ള പുരുഷന്മാരും, പുരുഷന്മാരെ വിഴുങ്ങുന്ന ഭാര്യമാരും കോപ്പകളുണ്ടാക്കാൻ തുടങ്ങിയോ?

ഗോപാൽ 'ഫേം, ഫേം' എന്ന് എന്തൊക്കേയോ പറയുന്നുണ്ടായിരുന്നു. ഭാര്യ ഗുലാബി പാമ്പിനെപോലെ തലയും നീട്ടി വാതിലിന്റെ മറവിൽ നിൽക്കുന്നുണ്ടായിരുന്നു. വഴക്കിടുവാൻ തീരുമാനിച്ചിറങ്ങി അവൾ കൈത്തണ്ടകളും ഉറപ്പിച്ച് ശക്തിപ്പെടുത്തി നിൽക്കുന്നതു പോലെ തോന്നി. സീതായയും അവിടെ നിന്നു പോയി പ്രായമായ സൊയ്റുവിനേയും കൂട്ടി തിരിച്ചു വന്നു. അയാളെ വിളിച്ചു കൊണ്ടു വന്ന് അവൾ പുറകുവശത്ത് വെയിലിൽ ഉണക്കാൻ വെച്ചിരുന്ന കോപ്പകൾ കാണിച്ചു കൊടുത്തു. അവർ പറഞ്ഞു,

'ഇത്രയും നാൾ ഈ ജോലി ഞങ്ങൾക്കു മാത്രമായി വെച്ചിരുന്നതാണ്. ഇങ്ങനെ ഭർതൃമതികളായ സ്ത്രീകളും, പുരുഷന്മാരും കോപ്പകളും, ദോശക്കല്ലുകളും നിർമ്മിക്കാൻ തുടങ്ങിയാൽ ഞങ്ങൾ എന്തു ചെയ്യും? എന്തു ഭക്ഷിക്കും?'

സൊയ്റു അതീവ വൃദ്ധനായിരുന്നു. സീതായയെ വിവാഹം കഴിച്ചു കൊണ്ടുവന്നപ്പോൾ തന്നെ അയാൾക്ക് നല്ല പ്രായമുണ്ടായിരുന്നു. അയാളുടെ വിവാഹം കഴിഞ്ഞ് കുട്ടികൾ വലുതായി. അയാൾ കൗപീനം ധരിച്ച്, കട്ടിയുള്ള കണ്ണാടിയോടു കൂടിയ കണ്ണടയും വെച്ച് തന്റെ വീടിന്റെ വരാന്തയിലോ മാവിന്റെ ചുവട്ടിലോ നിശ്ശബ്ദനായി ഇരിക്കുമായിരുന്നു. ചിലപ്പോൾ ചൂളക്കടുത്തിരുന്ന് ചൂട് കൊള്ളുമായിരുന്നു. കുശത്തെരുവിൽ വൃദ്ധന്മാർ വളരെ കുറവാണ്. കുശവൻ ദിവസം മുഴുവനും ഇരുന്ന് മൺകലങ്ങൾ നിർമ്മിക്കുമ്പോൾ അവന്റെ നട്ടെല്ലിന് ബലഹീനതയുണ്ടാകുന്നത് സഹജമാണ്. വയറ്റിൽ ഒന്നും ഇല്ലാതെയിരിക്കുമ്പോൾ, രോഗിയായിരിക്കുമ്പോൾ, സമയത്ത് ചികിത്സ കിട്ടാത്തതിനാൽ അവൻ പെട്ടെന്ന് മരിക്കുക പതിവാണ്. ഗോപാലിന്റെ മുറ്റത്തു നിന്നു കൊണ്ട് സൊയ്റു പറഞ്ഞു.

'ഇത് ശരിയല്ല. കുശവന്റെ പേരിന് കളങ്കമുണ്ടാക്കും. പൂർവ്വികരുടെ ശാസ്ത്രം തെറ്റിച്ചാൽ ഒരിക്കലും നന്നാകുകയില്ല. സീതായ ഇടക്ക് കയറി പറഞ്ഞു.

'സ്വാർത്ഥത്തിനു മുന്നിൽ അവൻ ശാസ്ത്രം ചുട്ടു തിന്നു. ഇതു

കൊണ്ട് കുട്ടികളുണ്ടാകാതിരിക്കും എന്ന് അവനറിഞ്ഞുകൂടാ.'

ഗോപാലിന്റെ ഇളയ സഹോദരൻ വിശ്രാമ് അടുത്തു തന്നെ ഒരു വശത്ത് ഒരു മൂലയിൽ മണ്ണ് കുഴച്ചുകൊണ്ടിരുന്നു. അയാൾ അത് അവിടെയിട്ട് കൈകളിൽ അഴുക്കുമായി മുമ്പിൽ വന്ന് ദേഷ്യത്തോടെ പറഞ്ഞു:

'സീതായ അമ്മേ, ഇതു വരെ ഞാൻ ശ്രദ്ധിച്ചു കൊണ്ടിരുന്നു. നിങ്ങൾ പല തരത്തിലും കുറ്റപ്പെടുത്തുകയാണ്. നിങ്ങൾ എന്തു ശാസ്ത്രമാണീ പറയുന്നത്? പുരാണത്തിലെ അർഥമില്ലായ്മയാണോ? ആളുകൾക്ക് ഇപ്പോൾ മൺകലത്തിനൊപ്പം കോപ്പകളും ആവശ്യമാണ്. നിങ്ങളെ കാത്തു നിൽക്കാൻ അവർക്ക് നേരമില്ല, ക്ഷമയില്ല. ആളുകൾ നിങ്ങളെ കാത്ത് എന്തിനിരിക്കണം? കാലം മാറിപ്പോയി. തീയാണ്, തീ. ആദ്യം വയറു നിറക്കണം പിന്നെയാണ് നീതിയും, നിയമവും. അല്ലെങ്കിൽ എല്ലാം തന്നെ അടുപ്പിലിട്ട് കത്തിക്കേണ്ടി വരും.'

'വയറു നിറക്കണമെന്ന് പറഞ്ഞ് ആരെങ്കിലും മലം ഭക്ഷിക്കാറുണ്ടോ?'

'അത് നിങ്ങളുടെ വായിൽ തന്നെയല്ലേ കിടക്കുന്നത്? നിങ്ങൾ അമ്മായിഅമ്മയും, മരുമകളും കോപ്പകളുടേയും, വിളക്കുകളുടേയും പേരും പറഞ്ഞ് കരച്ചിലാണല്ലോ.'

ഇത് സീതായക്ക് ശരിക്കു കൊണ്ടു. അവർ ശകാരിച്ചു തുടങ്ങി. അവർക്കിടയിൽ ചൂടേറിയ വഴക്കുണ്ടായി, ഗോപാലും, ഭാര്യ ഗുലാബിയും മുമ്പിൽ വന്ന് കയ്യും കലാശവും കാണിച്ച് അവരെ കുറ്റപ്പെടുത്തി. അവരുടെ ഈ കുറ്റപ്പെടുത്തലുകളും, കോലാഹലങ്ങളും കൊണ്ട് തെരുവ് മുഴുവൻ ശബ്ദായമാനമായി. എല്ലാവരുടേയും വാക്കുകൾക്ക് മറുപടി പറയുവാൻ സീതായ മാത്രമായി. അവരുടെ മരുമകൾ അടുത്തു തന്നെ നിന്ന് അമ്മായിഅമ്മയോട് എന്തോ പറയുന്നുണ്ടായിരുന്നു. പിന്നെ അവൾക്കും ശകാരം കേൾക്കേണ്ടി വന്നു.

അപ്പോൾ പുരുഷനും ശിവറാമും മുന്നോട്ട് വന്നു. അവർ സീതായയെ മാറ്റി നിർത്തി. ഗോപാലിനേയും വിശ്രാമിനേയും വീട്ടിനകത്തേക്ക് തള്ളി. അവർ സീതായയോട് പറഞ്ഞു. 'സീതായ അമ്മേ, നിങ്ങൾ വെറുതെയാണ് വഴക്കിടുന്നത്. വെറുതെ ചോര വറ്റിക്കുന്നു. കാലം മാറിപ്പോയി. ഇനി ഒന്നും തന്നെ നടക്കുകയില്ല. പ്ളാസ്റ്റിക്കിന്റെയും സ്റ്റീലിന്റെയും പാത്രങ്ങൾ വന്നു. ആളുകൾ മൺകലങ്ങൾ ഉപേക്ഷിച്ചു. ഞങ്ങൾക്ക് എന്തു ചെയ്യാൻ പറ്റും? ശാസ്ത്രത്തിനെ മുറുകെ പിടിച്ചാലും മരിക്കും, ഇല്ലെങ്കിലും മരിക്കും.'

അപ്പോൾ മുറ്റത്തു മാറിനിൽക്കുന്ന മറ്റുള്ളവരും അതു തന്നെ

പറഞ്ഞുകൊണ്ടിരുന്നു. കുശവരുടെ ഈ വ്യവസായം നശിച്ചു കൊണ്ടിരിക്കുകയാണ്. എങ്ങനെയെങ്കിലും വയറു നിറക്കണം, അതു തന്നെ ഗുണം. ഇപ്പോൾ പഴയ പുരാണവും കൊണ്ടു നടന്നാൽ എങ്ങനെയാ കഴിയുക? ലോകം എത്രയോ മുന്നോട്ടു പോയിക്കഴിഞ്ഞു. ...... എല്ലാം വിട്ടു കളയുക.

ഇത് സീതായ കേട്ടു. അവർ പറഞ്ഞു, 'എന്താ വിട്ടു കളയേണ്ടത്? നാളെ ഞങ്ങൾ വിധവകൾ ചക്രം തിരിച്ച് കലത്തിന്റെ കഴുത്ത് മെനഞ്ഞെടുത്താൽ നിങ്ങളത് ശരിയെന്ന് പറയുമോ? കല്ലും കൊണ്ട് അടിക്കുവാൻ വരും. വിധവകൾ ഗർഭം ധരിച്ചുവെന്ന് പറയും.'

കുശവരെല്ലാം പറഞ്ഞത് ശരി വെച്ച് പുരുഷൻ പറഞ്ഞു, 'ആരാ തടസ്സം പറഞ്ഞത്, ആരാ വേണ്ടാന്ന് പറഞ്ഞത്? ഇവിടെ ഓരോരുത്തർക്കും തന്നിഷ്ടം പോലെ കഴിയാം. 'അങ്ങനേയോ, ഇങ്ങനേയോ, എങ്ങനെയെങ്കിലും, ആരെങ്കിലും ഗർഭം ധരിക്കുകയാണെങ്കിൽ ആർക്കും ഇപ്പോൾ ഒന്നും നഷ്ടമാകാൻ പോകുന്നില്ല.! 'ഈ വാക്കുകൾ സീതായയുടെ മനസ്സിനെ വ്യാകുലപ്പെടുത്തി. അവർക്ക് ദേഷ്യം വന്നു. ഗ്രാമത്തിന്റെ ഭാരം മുഴുവൻ എന്റെ തോളിലാണെന്ന് ഞാൻ ധരിച്ചിരുന്നു, ഗ്രാമവും സീതായയെ മാനിക്കുന്നുണ്ടായിരുന്നു. പിന്നെ ഇപ്പോൾ ഇതെന്താ ഇവിടെ പറഞ്ഞത്? കാലത്തിന് മുള്ളുകൾ മുളച്ചു എന്നുള്ളത് ശരി തന്നെ! അവർ വീട്ടിനകത്തേക്ക് പോയി ഇരുട്ടു പുതച്ച പോലെ പണിപ്പുരയിൽ മിണ്ടാതിരുന്നു. വഴക്കിൽ ആളുകൾ പറഞ്ഞ ഓരോ വാക്കും നായയുടെ പല്ലുകൾ പോലെ ശരീരത്തിൽ കുത്തിക്കയറുന്നുണ്ടായിരുന്നു.

മരുമകൾ അടുക്കളയിൽ ജോലി ചെയ്തു കൊണ്ടിരുന്നു. അവിടത്തെ പാത്രങ്ങളുടെ ഒച്ച പോലും അവർക്ക് സഹിക്കാനാകുമായിരുന്നില്ല. ഇടക്ക് മരുമകളോട് അവർ തട്ടിക്കയറി. 'ഭർത്താവിൽ ജനിച്ച മൂന്നു കുട്ടികളുണ്ടല്ലോ നിനക്ക്, ഇപ്പോൾ ചക്രത്തിന്മേൽ കലത്തിന്റെ കഴുത്ത് മെനഞ്ഞെടുക്കുമെന്ന തയ്യാറെടുപ്പിലാണ് നീ. മെനഞ്ഞെടുത്തോ. നമ്മളോട് ഇനി ആരും ഒന്നും ചോദിക്കുവാൻ വരികയില്ല. ഇതു കേട്ട് മരുമകൾ ഉറച്ചു നിന്നു. ഭ്രമിച്ച പോലെ ഇവർ എങ്ങനെ സംസാരിച്ചു! അവൾ ഉടനെ പുറത്തേക്ക് വന്നു. 'നിങ്ങൾക്ക് ഭ്രാന്ത് പിടിക്കും നാട്ടിലെ കാര്യം വിട്ടു കളയണം. ശാസ്ത്രം ക്ഷയിച്ചു. ആരുടെയെങ്കിലും ചാളയിൽ ആരുടെയെങ്കിലും ശരീരം ചൂടായാൽ, ഓക്കാനമുണ്ടായി എന്നറിഞ്ഞാൽ പകലും, രാവും നോക്കാതെ നിങ്ങൾ ഓടിപ്പോയിക്കൊണ്ടിരുന്നതല്ലേ . ഇനി നിങ്ങളെ ഞാൻ ഈ വീട്ടിൽ നിന്ന് പുറത്തേക്ക് കാലു കുത്താൻ സമ്മതിക്കുകയില്ല.'

ഒരു പായക്കഷ്ണം വിരിച്ച് രാത്രി മുഴുവനും അവർ പണിപ്പുരയിൽ

തന്നെ കിടന്നു. വിഷമിച്ചു കൊണ്ട് പലതും ചിന്തിച്ചുകൊണ്ടിരുന്നു. കുളത്തിന് അണക്കെട്ടു വരുമ്പോൾ വെള്ളപ്പൊക്കം വന്ന് കുശവന് മരിക്കുവാനുള്ള നിമിത്തമാകും. അതിനു മുമ്പ് തന്നെ ഈ ജീവിതം കഠിനമായിരിക്കുന്നു. മാലോകരുടെ ജീവിതത്തിന് ഇങ്ങനെയൊരു പല്ലു മുളയ്ക്കൽ! ഞാൻ ചോദിക്കുമായിരുന്നു, മാവിന്മേൽ ഇത്രയധികം മൂങ്ങകളും, വവ്വാലുകളും തൂങ്ങിക്കിടക്കുന്നതെന്തിനാണെന്ന്. പറയൂ! കുശവർ എന്തു ദ്രോഹം ചെയ്തു? എപ്പോഴെങ്കിലും മണ്ണിന്റെ കൂടെ കീടങ്ങളേയും ഉറുമ്പുകളേയും തല്ലിച്ചതച്ചു കാണും. അല്ലാതെ കിണറ്റിലെ വെള്ളം പോലെ നിർമ്മലമായ, മാമ്പഴത്തിന്റെ മാധുര്യ മുള്ള നിഷ്കളങ്കമായ ഒരു ജീവിതം. അണ്ണാൻ കഴിച്ച മാങ്ങയെന്നു ചൊല്ലി കഴിക്കുന്നവർ. ഈ വെള്ളം എങ്ങനെ കലങ്ങി? നല്ലവർക്ക് മരണം നേരത്തെ വരുമെന്ന് പറയുന്നത് ശരിയാണ്. അവർ പകുതി ഉറക്കത്തിന്റെ മയക്കത്തിൽ അവ്യക്തമായ ഓർമ്മകളിൽ മുന്നോട്ടും പിന്നോട്ടും പോയിക്കൊണ്ടിരുന്നു.... ഞാനും ശിവരാമിന്റെ അമ്മ ഗൗരിയും, അവർ പാവം മരിച്ചു പോയി, രണ്ടു പേരും തലയിൽ വലക്കൂ ടുമായി അമ്പഴക്കുഴി വഴി ദേവഗാളിയിലേയ്ക്ക് പോകുകയായിരുന്നു. ഇടക്ക് കാട്ടിലെ ഇടവഴിയിൽ വളരെ മുകളിലേക്ക് പെട്ടെന്ന് തേനീച്ച കൾ കൂട്ടംവിട്ട് പറന്നു തുടങ്ങി. മുകളിൽ നോക്കുമ്പോൾ ഒരു കരടി മരത്തിന്മേൽ കയറി തേനീച്ചക്കൂട് പൊളിച്ച് തേൻ വലിച്ചു കുടിക്കുന്നു. ഞങ്ങൾ താഴെ, തലയുടെ മുകളിൽ നാലു വശവും തേനീച്ചകൾ. തലയിലെ വലക്കൂടുകളും കൊണ്ട് ഞങ്ങൾ ഓടിത്തുടങ്ങി. പുറകെ തേനീച്ചകളും കൂട്ടത്തോടെ പറന്നു വന്നു. കാൽമുട്ടുകൾ കൊണ്ട് വലക്കൂടുകൾ താങ്ങി വേഗത്തിൽ താഴെയിട്ടു. ഉടുത്ത സാരി അഴിച്ചെടുത്ത് അതു കൊണ്ട് ശരിരം മുഴുവനും പുതച്ച് നിലത്തു കിടന്നു. അന്നു മുതൽ തേനീച്ചകളെ സ്വപ്നം കാണും.... അവർ കലം കടം ചോദിച്ചു. ഞാൻ കൊടുക്കുകയും ചെയ്തു. കുറച്ചു മുന്നോട്ടു പോയപ്പോൾ അവർ എന്നെ തിരിച്ച് വിളിച്ചു. ഞാൻ പോയി, 'എന്താ?' അവർ പറഞ്ഞു, 'നിങ്ങൾ കുശവർ കടം തീർക്കാൻ സ്വൽപം വൈകി യാൽ ശപിക്കുമെന്ന് കേട്ടിട്ടുണ്ട്. മൺകലം ശ്മശാനത്തിൽ ചിതയിൽ അടിച്ചുപൊട്ടിക്കാനുള്ളതാണ്.' ഞാൻ ചിരിച്ചു . ആ സ്ത്രീ അകത്തു പോയി രണ്ടു നാഴി അരി കൊണ്ടു വന്ന് എന്റെ സഞ്ചിയിൽ ഇട്ടു തന്നു. അവർ പറഞ്ഞു, 'വൈകിട്ട് ചോറുണ്ടാക്കാൻ വെച്ചതാണ്!'

ഇപ്പോൾ ലോകത്ത് മാരണം വന്നിരിക്കുകയാണ്. ആരെങ്കിലും മരണാവശ്യത്തിനു വേണ്ടി മൺകലം കൊണ്ടുപോകാൻ വന്നാൽ കുശ ത്തെരുവിൽ ഇതു വാങ്ങിച്ചോളൂ, ഇതു വാങ്ങിച്ചോളൂ എന്നു പറഞ്ഞ് ആളുകൾ മുന്നോട്ടു വരും. സ്ത്രീകളുടെ സാരിയുടെ പിൻവശത്തുള്ള

ഞൊറി നോക്കി കളിയാക്കും. കോപ്പകളുണ്ടാക്കി ഞങ്ങളുടെ വയറ്റ ത്തടിക്കും. പിന്നെ പശുവിനെ കൊന്നാൽ പകരമായി കിടാവിനെ കൊ ല്ലുന്നതു പോലെ അവർ നിഷ്ഠുരതയോടെ ഇങ്ങനെ തീരുമാനിച്ചു.

എപ്പോഴോ അവർ ഒന്നു മയങ്ങി. മയക്കത്തിൽ നിറയെ സ്വപ്നങ്ങ ളുടെ നിരയായിരുന്നു. ഒരു വലിയ ചക്രം. അതിന്റെ നടുവിൽ തിരികല്ലി ന്റെ വലിപ്പത്തിലുള്ള ഒരു പമ്പരം. അത് വളരെ വേഗത്തിൽ കറങ്ങി ക്കൊണ്ടിരുന്നു. അതിന്റെ കറക്കത്തിൽ കുശത്തെരുവ് മുഴുവ നും ഉണ്ട്. അവരുടെ അച്ഛനും കുനിഞ്ഞു നിന്ന് കലത്തിന്റെ കഴുത്ത് മെനഞ്ഞെ ടുക്കുന്നു. ചക്രത്തിലെ മണ്ണ് കറങ്ങിക്കൊണ്ടിരിക്കുന്നു. നെഞ്ചിന്റെ പൊക്കത്തിൽ വലിയ ലിംഗാകൃതിയിലുള്ള മണ്ണ് കാണാം. ആരുടേയോ കഴുത്ത് പിടിച്ച് ഞെക്കുന്ന പോലെ അച്ഛൻ കൈ കൊണ്ട് മണ്ണ് ഒതുക്കി യൊതുക്കി, അമക്കിയമക്കി കലത്തിന്റെ കഴുത്ത് മെന ഞ്ഞെടുക്കുന്നു. വലുതും ചെറുതുമായി നൂറു കണക്കിന് കഴുത്തു കളുടെ നിര തന്നെ കാണാം. ചിലപ്പോൾ അവ മണ്ണിൽ നിന്ന് പുറത്തു വരുന്ന മുളയെ പ്പോലെ കാണുന്നു. മറ്റു ചിലപ്പോൾ ചിരിക്കുന്ന മുഖങ്ങളെപ്പോലെ. അച്ഛൻ ആ കഴുത്തുകളെല്ലാം വീടിന്റെ അത്രയും വലിപ്പത്തിലുള്ള വലക്കൂട്ടിൽ നിറച്ച് തലയിലെടുക്കുന്നു. പിന്നെ വൃക്ഷത്തെപ്പോലെ കുതിക്കുന്നു.... പിന്നെ അവൾ പെട്ടെന്ന് മുന്നോട്ടു വരുന്നു. ചലിക്കാത്ത ചക്രം കൈ കൊണ്ട് തിരിക്കുന്നു. അത് വട്ടമിട്ട് പറക്കുന്ന ഇയ്യലുകളെ പ്പോലെ ശബ്ദമുണ്ടാക്കി തിരിയുന്നു. പിന്നെ ഒരു വശത്തുള്ള മൺ-ഉരുളയെടുത്ത് ചക്രത്തിന്റെ നടുക്കുവെക്കുന്നു. ആ മണ്ണിൽ കൂടി കയ്യോടിക്കുന്നു. തന്റെ കൊച്ചു മക്കൾ മണ്ണിൽ വിരലമർത്തി ഒരു കഴുത്തുണ്ടാക്കുന്നു. അത് പൂർണ്ണമാകാത്തതും വികൃതമായതുമാണ്. അത് കയ്യിലെടുക്കുന്നു. പിന്നെ ചിരിക്കുന്നു..... മുൻവശത്തു കൂടി ഭിക്കുവിന്റെ മുത്തച്ഛൻ പോകുകയായിരുന്നു. അദ്ദേഹം പറഞ്ഞു,

'ആകട്ടെ, നീ ചക്രത്തിന്മേൽ കൈ വെച്ച് കഴുത്തു മെനഞ്ഞെടു ത്തു. നിന്റെ പ്രായം പത്ത് പന്ത്രണ്ട് വയസ്സു മാത്രം. ഒന്നും ചെയ്യാൻ പാടില്ല.' ഒരു ക്ഷണത്തിൽ ഭിക്കുച്ചേട്ടന്റെ കണ്ണുകൾ ദ്വേഷ്യം കൊണ്ട് ചുമന്നു. അയാളുടെ ശബ്ദം മുഴങ്ങി.

'ഇത് അവസാനത്തെയാണ്. ഇനി ചക്രത്തിന്റെ നടുക്ക് കൈ വെച്ചാൽ കഴുത്ത് കണ്ടിച്ചുകളയും ശരീരത്തിന് ചോരയുടെ മണം പിടിച്ചാൽ പിന്നെ എല്ലാം പാതകമാണെന്ന് നിനക്കറിയാമല്ലോ.'

അവർ പെട്ടെന്ന് ഉറക്കത്തിൽ നിന്ന് എഴുന്നേറ്റു. ഭിക്കു മുത്തച്ഛന്റെ രക്തം പുരണ്ട ആ മുഖം കുറെ നേരം ശരിക്കും കൺമുന്നിൽ വന്നു തുടങ്ങി.

സത്യം പറഞ്ഞാൽ പതിനൊന്ന് പന്ത്രണ്ട് വയസ്സുള്ളപ്പോൾ പല

പ്പോഴും അച്ഛന്റെയും, ഇളയച്ഛന്റെയും കൂടെ കളിച്ചും കൊണ്ട് ചക്രം തിരിക്കാനും, അതിന്റെ നടുക്ക് മണ്ണു വെച്ച് കഴുത്ത് മെനഞ്ഞെടുക്കാനും അവർ പഠിച്ചു. പിന്നെ എല്ലാം തന്നെ പോയ്പോയി.

രാത്രി മുഴുവൻ ഉറക്കത്തിന്റെ മയക്കവും, പകുതി ഉറക്കത്തിൽ വരുന്ന സ്വപ്നങ്ങളും. എന്നാലും അവർ രാവിലെ നേരത്തെ തന്നെ എഴുന്നേറ്റു. ഇപ്പോൾ അവർക്ക് കുശത്തെരുവിൽ ചെന്ന് പ്രതികാരം ചെയ്യാനുണ്ടായിരുന്നു. ഇത്രയും കാലം അവനെ അവർ ഓലപ്പാമ്പ് എന്നു വിളിച്ചിരുന്നു. എന്നാൽ ഇപ്പോൾ അവരുടെ മനസ്സിൽ വിഷം നിറഞ്ഞു തുടങ്ങി. അവളുടെ ക്രോധം കൂടിക്കൂടിത്തുടങ്ങി..... തന്റെ വയറ് തന്നെ നല്ലത്, വയറെന്നു പറഞ്ഞാൽ എണ്ണ കായുന്ന വറവുചട്ടി പോലെയാണ്.... ഞാൻ ഇന്നു വരെ ശാസ്ത്രം പാലിച്ചു. ശാസ്ത്രം നോക്കുന്ന വീട്ടിലായിരിക്കും പതിനേഴു തരം വിഘ്നങ്ങൾ വരുന്നത്.

അവർ കരിയെടുത്ത് കിണറ്റിൻകരയിൽ ചെന്ന് പല്ലു തേച്ച് മുഖം കഴുകി വരുമ്പോൾ വലിയ കുടവും, ചെറിയ കുടവും നിറച്ചു കൊണ്ടു വന്നു. മരുമകൾ അരകല്ലിൽ അരി അരച്ച് മാവുണ്ടാക്കി. ആ മാവു ഒരു തുണിക്കഷ്ണത്തിന്മേൽ വെച്ച് അവൾ അപ്പം ഉണ്ടാക്കി. കൊച്ചു മകൻ ഇപ്പോൾ എഴുന്നേറ്റു വന്നതേയുള്ളൂ. അവൻ അഞ്ചിൽ പഠിക്കുന്നു. അവന് സ്കൂളിൽ പോകാനുണ്ട്. സീതായ മച്ചിൻമുകളിൽ കയ റാനായി ഏണി ശരിയാക്കി വെച്ചു. തിടുക്കത്തിൽ മച്ചിൻപുറത്തു കയറി. മകൻ മരിച്ചപ്പോൾ എടുത്തുവെച്ച ചക്രവും, ഇരിപ്പടവും മേലറയിൽ തന്നെയുണ്ടായിരുന്നു. അവർ ഉറക്കെ മരുമകളെ വിളിച്ചു. ചെറു മകനോട് ഒരു കൈ സഹായം ആവശ്യപ്പെട്ടു. തീയിൽ വെച്ച ഭാകരി* എടുത്ത ശേഷം വറവുചട്ടി അതേ പടി അടുപ്പിൽ വെച്ച് മരുമകൾ വന്നു. ചക്രം താഴെയിറക്കുമ്പോൾ മരുമകളുടെ വാരിയെല്ലും നട്ടെല്ലും ഒടിയാൻ പാകത്തിൽ വളഞ്ഞു. സീതായ മനസ്സിൽ തന്നെ പറഞ്ഞു, ഇതു ശരിക്കും വാടിയുണങ്ങി. ഇതു പോലെ ചോറിനു വേണ്ടി ചത്തു പ്രയത്നിച്ചാൽ കുട്ടികളെ അനാഥരാക്കേണ്ടി വരും. പാകം ചെയ്തതെല്ലാം എന്റെ കിണ്ണത്തിലിട്ട് കുട്ടികൾക്ക് വയറു നിറയെ കൊടുത്ത് സ്വയം ഇത്തിരി മാത്രം ഭക്ഷിക്കുന്നു. അവർ ചക്രവും ഇരിപ്പിടവും കൊണ്ടുവന്ന് മുറ്റത്തു വെച്ചു. അത് വളഞ്ഞും തിളങ്ങുമിരുന്നു. പകൽ മുഴുവനും അവർ ശ്രദ്ധാപൂർവ്വം നിരീക്ഷിച്ചുകൊണ്ടിരുന്നു. ആരും നോക്കുന്നില്ല , ഒന്നുംപറയുന്നില്ല. ഒരാൾ മാത്രം നോക്കിക്കൊണ്ടിരുന്നു. അയാൾ മിണ്ടാതെ പോയി. അവർക്കു തോന്നി , ആരെങ്കിലും അറിയുന്നവനോ അറിയാത്തവനോ പറയും, 'സീതായ അമ്മേ, ഈ ചക്രം ആരാ തിരിക്കുക? ആരാണ് പമ്പരത്തിൽ മണ്ണ് കുഴച്ചു ചക്രത്തിന്റെ

*ഒരു തരം പലഹാരം

മധ്യഭാഗത്ത് വെച്ച് കൈ കൊണ്ട് ആകൃതി കൊടുക്കുക?' പിന്നെ മുഴുവൻ നാടു തന്നെ ശത്രുവായ പോലെ ഒന്നും മിണ്ടിയില്ല. അവർക്ക് ശ്വാസം മുട്ടിത്തുടങ്ങി. അവർക്കു തോന്നി , ഇപ്പോൾ വെള്ളം വേണ്ടാ. അത് വായ്ക്കടുത്തു വരെ എത്തിയിട്ടുണ്ട്.

പിറ്റേ ദിവസം അവർ വൃക്ഷച്ചുവട്ടിൽ ഇരിപ്പിടം വെച്ച് പമ്പരം ശരിയാക്കി ചക്രം തയ്യാറാക്കി. രണ്ടു മണിക്കൂർ നേരം 'ഖുട് ഖുട്' എന്ന് ശബ്ദമുണ്ടാക്കി ഇരിപ്പിടം നിലത്ത് ഉറപ്പിച്ചു. പമ്പരത്തിന്മേൽ ചക്രത്തിന്റെ ഭാരം ശരിയാക്കാൻ അവർ പ്രയത്നിച്ചു കൊണ്ടിരുന്നു. ഇറമ്പത്ത് മണ്ണു നനക്കാൻ വെച്ചിരുന്നു. അവർ കൊച്ചുമകനോട് പറഞ്ഞു. അവൻ കലത്തിൽ നിന്ന് മണ്ണെടുത്ത് കലത്തിന്റെ കഷ്ണ ത്തിൽ വെച്ച് കൊണ്ടുവന്നു. അത് അവർ ഉരുട്ടിയെടുത്ത് ചക്രത്തിന്റെ മധ്യഭാഗത്ത് വെച്ചു. ചെറുമകന്റെ കയ്യിൽ വടി കൊടുത്ത് അത് ചക്രത്തിന്റെ ആരക്ക് നടുവിൽ വെച്ച് ബലത്തോടെ ചക്രം തിരിക്കാൻ പറഞ്ഞു. സീതായ ആ മണ്ണ് പമ്പരത്തിന്മേൽ വെച്ച് മണ്ണിൽ വിരലുകളമർത്തി കഴുത്ത് മെനയാൻ തുടങ്ങി. മരുമകൾ വാതിൽക്കൽ നിൽക്കുന്നുണ്ടായിരുന്നു. അവൾ ഇതു കണ്ട് നിലവിളിച്ചു. 'എന്താ അമ്മേ, ഈ ചെയ്യുന്നത്?'

കുശത്തെരുവിലെ കുറെ ആളുകൾ വന്ന് നിശ്ശബ്ദരായി ദൂരെ മാറി നിന്നു.

അവർ ശ്രദ്ധിച്ചില്ല. മണ്ണ് അമക്കിത്തേച്ച് കൈ അനക്കിക്കൊണ്ട് അവർ ലിംഗാകൃതിയിലാക്കിത്തുടങ്ങി. അവർ വളഞ്ഞ ആകൃതിയി ലുള്ള നാലു കഴുത്തുകൾ മെനഞ്ഞെടുത്തു. അവ ഒരു വരിയിൽ വെച്ചു. അപ്പോഴേക്കും തീരെ വയ്യാതായി അവർ കുറച്ചുനേരം നിവർന്നു നിന്നു. പിന്നെ പോയി മുറ്റത്ത് ഒരു ഭാഗത്തിരുന്നു. താൻ മെനഞ്ഞെടുത്ത കഴുത്തുകൾ അവർ കുറച്ചു നേരം നോക്കി നിന്നു. അവർക്ക് കരച്ചിൽ വന്നു. കരഞ്ഞു കൊണ്ട് അവർ മുറ്റത്തിന്റെ അരിക് ചേർന്ന് ഇരുന്നു. ശാണു വന്ന് മിണ്ടാതെ അവരുടെ മുമ്പിലിരുന്നു. അവന്റെ കണ്ണുകളിൽ നിന്ന് കണ്ണുനീർ ഒഴുകുന്നുണ്ടായിരുന്നു.

14

ശാണു ധർമ്മുവിന്റെ ഇളയ സഹോദരനാണ്. ഇരുനിറം. മുടന്തു ണ്ടെങ്കിലും കായ്ബലമുള്ളവൻ. അയാളുടെ ഒരു കാലിന് കുറച്ച് മുടന്തുണ്ടായിരുന്നു. അതുകാരണം നടക്കുമ്പോൾ അയാൾ ഒരു വശം

ചരിയും. കുശവന്റെ എല്ലാ ജോലികളും ശരിക്ക് ചെയ്യും. കുളത്തിൽ പോയി മണ്ണ് ശേഖരിച്ച് കുട്ടയിലാക്കി കൊണ്ടുവരും. ചൂള തയ്യാറാക്കും. സഹോദരന്റെ ഭാര്യയുടെ കൂടെ മൺകലങ്ങളുടെ വലക്കൂടും കൊണ്ട് വിൽക്കാൻ പോകും. കൃഷിക്കാർ വിളിച്ചാൽ കൊയ്യാനും മെതിക്കാനും പോകും. മൂത്ത സഹോദരൻ ധർമ്മു ചക്രം തിരിക്കുമ്പോൾ കലം മെനയുന്ന ജോലി മാത്രമേ നോക്കിയിരുന്നുള്ളൂ. ബാക്കി എല്ലാ ജോലികളും അയാളും അയാളുടെ സഹോദരന്റെ ഭാര്യയും കൂടി ചെയ്യുമായിരുന്നു. ധർമ്മു മദ്യപിച്ച് ശാണുവിനെ തെറി വിളിക്കും. പക്ഷെ അവൻ തിരിച്ചൊന്നും പറയുകയില്ല. ആളുകളോടു പറയും, 'മദ്യം കഴിച്ചു തുടങ്ങിയപ്പോഴാണ് ഇയാൾ ഇത്രയും വഷളായത്. ചെറുപ്പത്തിൽ തന്നെ അച്ഛൻ മരിച്ചതിനാൽ ഇയാൾ തന്നെയാണ് എന്നെ വളർത്തി വലുതാക്കിയത്.'

പക്ഷെ ഇതു മുഴുവൻ അത്ര സത്യമല്ലായിരുന്നു. ശാണുവിന് താഴെ രണ്ടു പെൺമക്കളായിരുന്നു. അവർക്ക് പ്രായമായിട്ടും ശാണു അവരുടെ വിവാഹക്കാര്യത്തെപ്പറ്റി ചിന്തിച്ചിരുന്നില്ല. ശാണുവും, ധർമ്മുവിന്റെ ഭാര്യയും കൂടി വളരെ ബുദ്ധിമുട്ടിയാണ് അവരുടെ വിവാഹം നടത്തിയത്. അവർക്ക് ഇപ്പോൾ കുട്ടികളുണ്ട്. പക്ഷെ ശാണുവിന്റെ വിവാഹക്കാര്യത്തിൽ ആരും ശ്രദ്ധിച്ചില്ല. ധർമ്മുവിനോടു ചോദിച്ചാൽ അയാൾ പറയും, 'ആ മുടന്തന് ആരു പെണ്ണു കൊടുക്കും? കുശവന്റെ മക്കൾക്ക് ഇരുപതോ, ഇരുപത്തിയൊന്നോ വയസ്സാകുമ്പോൾ വിവാഹത്തിന്റെ ആഗ്രഹമുണ്ടാകും. ശാണുവിന് ഇപ്പോൾ ഇരുപത്തിയേഴ് വയസ്സായി. ഇപ്പോഴും വിവാഹക്കാര്യം ഒന്നും തന്നെ ആയില്ല.

ഈ കാര്യത്തിനും സഹോദരഭാര്യ തന്നെ മുന്നോട്ടു വന്നു. പത്ത് പതിനേഴു പേരോട് പറഞ്ഞ് അവർ ഒരു പെണ്ണിനെ കണ്ടു. പെണ്ണ് ദൂരെ കൈഗ്യാവയർ കാട്ടിൽ ഹപ്കുളെ എന്നു പേരുള്ള ഗ്രാമത്തിലെയാണ്. ഭർത്താവും, സഹോദരനും, പിന്നെ കുശത്തെരുവിലെ നാലഞ്ചു പേരും കൂടി അവിടെ പോയി വിവാഹം കഴിഞ്ഞ് വധുവിനെയും കൂട്ടി വന്നു. അവർ തന്നെയാണ് അവിടെപ്പോയി വിവാഹത്തിന് ആവശ്യമായതെല്ലാം ചെയ്തത്. പോകുമ്പോൾ കുറെ ശർക്കരയും കൈവശം വെച്ചു. അത് ഉരുളയാക്കാൻ അവരോട് പറഞ്ഞു. പുരോഹിതൻ , വാദ്യഘോഷം ഇവയൊന്നുമില്ലാതെ കഴുത്തിൽ ഇലഞ്ഞിപ്പൂക്കൾ കൊണ്ടുള്ള മാല ധരിപ്പിച്ച് വിവാഹം നടത്തി. അവിടെ മുകളിലത്തെ വഴിയിലുള്ള ഒരു വീട്ടിൽ ഒരാൾ വേദന കൊണ്ട് പുളഞ്ഞ് നിലവിളിക്കുന്നുണ്ടായിരുന്നു. നാലു ദിവസം മുമ്പ് തേൻ ശേഖരിക്കുമ്പോൾ അയാൾ മരത്തിന്റെ മുകളിൽ നിന്ന് താഴെ വീണു. അയാളെ അവിടെ നിന്ന് വീട്ടിലേക്ക് കൊണ്ടുവന്നു.

പെണ്ണ് കറുത്തതും, ഒത്ത ശരീരമുള്ളവളും ആയിരുന്നു. വിവാഹത്തിന് വരുമ്പോൾ അവൾ ഒരു വാക്കു പോലും സംസാരിച്ചില്ല. 'ഹൂം ഹും' എന്ന ശബ്ദം മാത്രം. അവൾ മൂക്കു കൊണ്ടാണ് സംസാരിക്കുന്നതെന്ന് വീട്ടിലെത്തിയപ്പോഴാണ് അറിയുന്നത്. സഹോദരന്റെ ഭാര്യക്ക് നിരാശയായി. അവരുടെ മുഖം വാടി. ശാണു പറഞ്ഞു, 'ഒന്നും നോക്കണ്ടാ ചേച്ചീ, ഈശ്വരൻ തന്നതല്ലേ? എന്റെ കാലുനോക്കൂ, മുടന്തില്ലേ?' പക്ഷെ ആ കുട്ടി സ്നേഹമുള്ളവളായിരു ന്നു. പറഞ്ഞതെല്ലാം അനുസരിക്കും. നന്നായി ജോലി ചെയ്യും. അറിയാത്ത ജോലി പഠിക്കും. കുറച്ചു ദിവസങ്ങൾ കൊണ്ട് ശാണു അവളെ തന്റെ ജീവനെപ്പോലെ സ്നേഹിച്ചു തുടങ്ങി. അതിനേയും കൂട്ടി മണ്ണെടുക്കുവാൻ കുളത്തിലേക്ക് പോകും. അവൾ സുഖമായി നാലു ചുറ്റും കറങ്ങി നടക്കും. കാട്ടിൽ നിന്ന് വിറകു കൊണ്ടുവരുവാൻ കൂടെ പോയിവരുമ്പോൾ ചേട്ടത്തി ചോദിക്കും, 'ഇത്രയും നേരം കാട്ടിൽ എന്തു ചെയ്യുകയായിരുന്നു? ചന്ദനമരം അന്വേഷിച്ച് നടക്കുകയായിരുന്നോ?'

ശാണു തന്നത്താൻ ചിരിക്കും, മണ്ണ് അടിച്ചു പരത്തുമ്പോഴും, കുഴച്ചു കൂട്ടുമ്പോഴും, ചൂള തയ്യാറാക്കുമ്പോഴും, എല്ലാം എന്നും ഭാര്യ മുമ്പിൽ വേണം, അല്ലെങ്കിൽ അയാൾ നാലു ചുറ്റും നോക്കിക്കൊണ്ടിരിക്കും, ഉറക്കെ വിളിക്കും, അല്ലെങ്കിൽ എന്തെങ്കിലും കൊണ്ടുവരാൻ പറയും. 'അംബുവിനറിയാമോ, നിലാവുള്ള ദിവസങ്ങളിൽ കലം മെനയുമ്പോൾ മണ്ണ് വളരെ മാർദ്ദവമുള്ളതായിരിക്കും. ഇരുട്ടുള്ള രാത്രികളിൽ അത് കട്ടിയുള്ളതായി അനുഭവപ്പെടും. ഞങ്ങളുടെ പൂർവ്വികർ ഓരോ വെളുത്ത വാവിനും രാത്രി മുഴുവൻ പുറത്തിരുന്ന് കലങ്ങൾ മെനഞ്ഞെടുക്കുമായിരുന്നു. അവർ കലംതല്ലിയുടെ താളത്തിൽ പാടുമായിരുന്നു. രാമകൃഷ്ണ ഹരി, രാമകൃഷ്ണ ഹരി ..... നീയെന്താ ലജ്ജിക്കുന്നേ? ഭർത്താവിന്റെ മുമ്പിൽ നാണിക്കണോ? ഈ വരുന്ന ശനിയാഴ്ച കാൺകോണിൽ ശിഗമോ (ഹോളി) ഉത്സവമാണ്. രണ്ടു വലക്കൂടുകൾ നിറയെ മൺകലങ്ങൾ കൊണ്ടുപോകണം. മൺകലം വിൽക്കുകയും ഉത്സവം കാണുകയും ചെയ്യാം.'

വിവാഹം കഴിഞ്ഞ് ഒന്നര വർഷം കൊണ്ട് അംബുവിന്റെ മാസക്കുളി തെറ്റി.

അംബുവിന് ഇഷ്ടമുള്ള നെല്ലിക്ക, കാരയ്ക്ക, എന്നിവ എവിടെയൊക്കെയോ നിന്ന് അയാൾ കൊണ്ടുവരും. അവൾക്കിഷ്ടമുള്ള ചീര അയാൾ മാജാളയിലെ ചന്തയിൽ നിന്ന് വാങ്ങിക്കൊണ്ടുവരും. അവൾക്ക് ഇഷ്ടമായ ഈന്തപ്പഴം കാർവാറിൽ നിന്ന് ഒരു കിലോ വാങ്ങിക്കൊണ്ട് വന്ന് മൺകലത്തിൽ ഇട്ടുവെക്കും.

പ്രസവത്തോടെ അംബു ഈ ലോകത്തോട് വിട പറഞ്ഞു. രണ്ടു

ദിവസം അവൾ ചതഞ്ഞപാമ്പിനെപ്പോലെ കടുത്ത വേദന കൊണ്ട് പുളയുകയായിരുന്നു. ഒടുവിൽ മരിച്ച കുട്ടി പുറത്തുവന്നു. പുറത്തു വന്നു എന്നതിലുമുപരി വേറ്റി വലിച്ചെടുത്തു എന്ന് പറയുന്നതാവും ശരി. ചോരയുടെ നിരന്തരപ്രവാഹം. ഇന്നു വരെ കുശവന്റെ ഗർഭിണി യായ ഭാര്യ ആശുപത്രിയുടെ പടി പോലും കയറിയിട്ടില്ല. അംബു കുശക്കുടിയിൽ തന്നെ പ്രസവിച്ചു കൊണ്ട് മരിച്ചു.

പുരോഹിതൻ പറഞ്ഞു, 'ഭ്രഷ്ടുണ്ട്, ദഹിപ്പിക്കാൻ പാടില്ല. മണ്ണിൽ കുഴിച്ചിടണം.'

കുന്നിൻ ചരിവിൽ കുഴിച്ചിട്ടാൽ കൃഷിക്കാർ തടസ്സം പറയും. ഒടുവിൽ കാട്ടിനകത്തേക്ക് കൊണ്ടുപോയി. അവളേയും കുട്ടിയേയും ഒരുമിച്ചു കുഴിച്ചിട്ടു.

ശാണു ഭ്രാന്തനായി. അയാൾ സീതായയുടെ അടുക്കളയിൽ വന്നിരിക്കും. അവിടെയിരുന്ന് കരയും. കുശത്തെരുവിൽ ചെന്ന് ഭാര്യ യുടെ ശവമഞ്ചം കൊണ്ടുപോയ വഴിയേ നോക്കി നിൽക്കും. അവിടെ തന്നെ മണ്ണിലിരിക്കും. തലയിലടിച്ചു കൊണ്ട് പറയും, 'എത്രയോ ഗുണവതിയായിരുന്നു. എന്നെ പരിഹസിച്ച് ഇറങ്ങിപ്പോയി. ഞാൻ ഇപ്പോൾ ചാകും.'

എട്ടു ദിവസം കഴിഞ്ഞപ്പോൾ വാർത്ത കേട്ടു.— കാട്ടിൽ പോയവരെ അംബു പേടിപ്പിക്കുന്നു. അധികവും കൃഷിക്കാരായിരുന്നു ഈ വാർത്തയുമായി വന്നത്. അവൾ പുറകെ നിന്ന് വിറകിന്റെ കെട്ട് പിടിച്ചുവലിക്കും. അതിന്മേൽ കയറിയിരിക്കും. ഒരോ അടി വെക്കുമ്പോഴും ചുമടിന് ഭാരം കൂടുന്നതായി അനുഭവപ്പെടും. കുറ്റിക്കട്ടിനുള്ളിൽ നിന്ന് 'സരസര' ശബ്ദം കേൾക്കും. ആരോ കുഞ്ഞിനേയും കൊണ്ട് നടക്കുന്നതു പോലെ തോന്നും. ദൂരെ കുറ്റിക്കാട്ടിൽ നിന്ന് കരച്ചിലും കേൾക്കാം. ..ശാണുവിന് ഇത് കേട്ട് ഭ്രാന്ത് കൂടിത്തുടങ്ങി.

പിന്നെ വയലിന്റെ അരികിൽ അരുവിയുടെ വക്കത്ത് ദിവസവും ഉറക്കെ കരയുന്ന ശബ്ദം കേട്ടു തുടങ്ങി. ഇടക്കിടയ്ക്ക് വിളക്കു കാണാം. പിന്നെ അതില്ലാതാകും. ആളുകൾ പറയും, രാത്രിയാകുമ്പോൾ ഭൂതത്തിന് ശക്തിയേറും. കൃഷിക്കാരുടെ കോളനിയിൽ ഒരു സ്ത്രീക്ക് പ്രേതബാധയുണ്ടായി. അവൾ അംബുവിന്റെ പേർ വിളിച്ചു തുടങ്ങി.

ഒരു കൃഷിക്കാരൻ ഒരു ദിവസം തെരുവിൽ നിന്നു കൊണ്ട് ഒരു കുശവനെ ഭീഷണിപ്പെടുത്തി. 'ആളുകൾ വയലിലും കാട്ടിലും പോകുവാൻ പേടിക്കുന്നു. അവരുടെ നെഞ്ചിടിപ്പ് കൂടുന്നു. ദേവപൂജ നടത്തണം, അല്ലെങ്കിൽ മന്ത്രവാദിയെ വിളിക്കണം. ഭൂതം ശാന്തമാകും.

അല്ലെങ്കിൽ ഗ്രാമവാസികൾ നിങ്ങളെ ഈ ഗ്രാമത്തിൽ പൊറുപ്പിക്കുക യില്ല.'

ശാണു അവിടെയുണ്ടായിരുന്നു. അയാൾ നിശ്ശബ്ദനായി നിന്നു.

അയാളുടെ മനസ്സിൽ എന്തോ ഉണ്ടായിരുന്നു. മനസ്സും ശരീരവും അസ്വസ്ഥമായി.

സന്ധ്യക്കു ശേഷം ഇരുട്ടായപ്പോൾ അയാൾ ആദ്യം സഹോദരന്റെ ഭാര്യയോടും പിന്നെ സീതായയോടും പറഞ്ഞു, 'അവൾ രാത്രി ഇങ്ങനെ ഇറങ്ങി നടക്കുകയാണെങ്കിൽ ഞാൻ ഒന്നു പോയി അവളെ കണ്ടോട്ടെ. ഞാൻ അവളുടെ ഭർത്താവല്ലേ. എന്നെ അവൾക്ക് ജീവ നാണ്. അവൾ എന്റെ കൂടെ വരാതിരിക്കുകയില്ല. പറയും, നിങ്ങളി ങ്ങനെ രാത്രി ഇറങ്ങി നടക്കല്ലെ , ഞങ്ങൾക്ക് രണ്ടു പേർക്കും കുടിൽ കെട്ടി കാട്ടിൽ താമസിക്കാം.'

ആ രാത്രി അയാൾ മദ്യപിച്ചവനെ പോലെ ഭ്രാന്തനായി ഇരുട്ടിൽ മറഞ്ഞു.

പിന്നെ മൂന്നു ദിവസം അയാൾ കുന്നിൻ ചരിവിലും, വയലിന്റെ അതിർത്തിയിലും, വരമ്പുകളിലും രാത്രിയിലെ ഇരുട്ടിൽ ഇറങ്ങി നടക്കുമായിരുന്നു. ഇരുട്ടിൽ മറയുവാൻ വേണ്ടി രാത്രിയാകാനായി അയാൾ കാത്തിരിക്കും. എവിടെയും അയാൾക്ക് അംബുവിന്റെ സൂചന പോലും കിട്ടിയില്ല. ദൂരെ എവിടെയോ നിന്ന് കരച്ചിൽ കേൾക്കു മായിരുന്നു. പക്ഷെ ആ വഴിയെ പോയാൽ അവിടെ ആരും കാണുന്നി ല്ലായിരുന്നു. എവിടെയെങ്കിലും നിന്ന് അംബു ഇപ്പോൾ വരും , മുമ്പിൽ വന്നു നിൽക്കും എന്നോർത്ത് അയാൾ ഇരുട്ടിനെ കൂട്ടാക്കാതെ, വിശപ്പും ദാഹവും സഹിച്ച് ഭയരഹിതനായി നടക്കുമായിരുന്നു.

നാലാം ദിവസം അയാൾ കുന്നിൽ നിന്നു വരുന്ന വഴിക്ക് നിശ്ശബ്ദ തയോടു കൂടിയ ഇരുട്ടിൽ ഒരു കരച്ചിൽ കേട്ടു. ഒരു വരമ്പിലൂടെയാ യിരുന്നു ആ വഴി പോയിരുന്നത്. കരച്ചിൽ അടുത്തപ്പോൾ ശാണു മുമ്പിൽ പോയി. അയാളെ കണ്ടപ്പോൾ തലയിൽ ചുമടുമായി വന്ന നാലു പേർ വരമ്പിൽ കൂടിയിറങ്ങി വയലിലൂടെ ഓടി. രാത്രി ഗോവയിൽ നിന്ന് പാത്തും പതുങ്ങിയും കള്ളവഴിയിൽ കൂടി മദ്യത്തിന്റെ ചുമടുക ൾ കൊണ്ടുവരുന്ന ഇവർ ആരും മുമ്പിൽ വരരുതെന്ന് കരുതി ശബ്ദ മുണ്ടാക്കി പ്രസവസമയത്ത് മരിച്ച അംബുവിന്റെ പേരും പറഞ്ഞ് ആളുകളെ പേടിപ്പിക്കുന്നതാണെന്ന് ശാണുവിന് മനസ്സിലായി. പണ്ടൊ രിക്കൽ ഇവരെ പിടിച്ച് നാട്ടുകാർ പോലീസിനെ ഏൽപ്പിച്ചതായിരുന്നു. ഒരു തവണ അവർ ചുമട് വയലിൽ തന്നെ ഉപേക്ഷിച്ച് ഓടിക്കളഞ്ഞതു മായിരുന്നു.

ശാണു ദ്വേഷ്യം കൊണ്ട് വിറച്ച് അവരെ തെറി വിളിച്ചു തുടങ്ങി. അയാളുടെ ശബ്ദം ആ പ്രദേശം മുഴുവനും പ്രതിധ്വനിച്ചു. ആളുകളെല്ലാം തെരുവിനു പുറത്തു വന്ന് നിന്നു. മുറ്റത്തു നിന്നിരുന്ന സീതായയെ നോക്കി അയാൾ പറഞ്ഞു , 'കള്ള് കളവിൽ കൊണ്ടുപോകുന്നവർ ദുർഭൂതത്തെപ്പോലെ കൂകിവിളിക്കുന്നു. നല്ല സ്വഭാവമുള്ള എന്റെ അംബു എങ്ങനെ ദുർഭൂതമാകും? നാളെ ആ കൃഷിക്കാർ വീണ്ടും എന്തെങ്കിലും പറയട്ടെ, ഞാൻ അവരെ ഗുണദോഷിക്കാം.'

15

സന്ധ്യയായപ്പോൾ അവർ കുശക്കുടിയിലെത്തി. ഇത്രയും പുതിയതും സ്വച്ഛമായതുമായ വസ്ത്രങ്ങൾ ഉടുത്ത് ആളുകൾ കുശ തെരുവിലേക്ക് വന്നിട്ട് എത്ര കാലമായിക്കാണും ആവോ! സഖാറാമ് അരവരെ എത്തുന്ന അയഞ്ഞ ഷർട്ടും, പൈജാമയും ഇട്ടിരുന്നു. ഷീലയുടെ ശരീരത്തിൽ നല്ലതും വിലയുള്ളതുമായ സാരിയും അതിന് ചേരുന്ന ബ്ളൗസും ഉണ്ടായിരുന്നു. അവളുടെ കഴുത്തിലെ താലിമാല സ്വർണ്ണം കൊണ്ടുണ്ടാക്കിയതാണോ, അതെയോ സ്വർണ്ണം പൂശിയതാണോ എന്നു മനസ്സിലാക്കുവാൻ പ്രയാസമായിരുന്നു. കയ്യിൽ തിളങ്ങുന്ന വലിയ ഹാൻഡ്ബാഗ് ഉണ്ടായിരുന്നു. ഇത്തരമൊരു ഹാൻഡ്ബാഗ് കുശത്തെരുവിലെ ആളുകൾ ആദ്യമായി കാണുകയാണ്.

സഖാറാമ് ഷീലയെന്ന അഭിനേത്രിയെ തന്റെ മണവാട്ടിയായി സ്വീകരിച്ച് കുശത്തെരുവിലേക്ക് കൂട്ടിക്കൊണ്ടു വന്നു. ഷീല അവിടെ എത്തിയപ്പോൾ അവിടത്തെ തണുപ്പും തണലും ശാന്തമായ അന്തരീക്ഷവും അവൾക്ക് വളരെ ഇഷ്ടപ്പെട്ടു. അവൾ നേരെ സഖാറാമിന്റെ പുറകെ അയാളുടെ വീട്ടിലേക്ക് വന്നു. വീട്ടിനകത്തു കയറിയപ്പോൾ സഖാറാമ് വീട്ടിലുണ്ടായിരുന്ന ഒരു വലിയ ഇരിപ്പു പലക കൊണ്ടുവന്ന് അവൾക്കിരിക്കുവാനായി സ്വീകരണമുറിയിൽ ഇട്ടു കൊടുത്തു. അച്ഛൻ പുരുഷനും മുറ്റത്തുണ്ടായിരുന്നു. അയാൾ സ്വീകരണമുറിയിൽ പോയി അകത്തുണ്ടായിരുന്ന ഭാര്യയെ വിളിച്ചു. ഭാര്യ പുറത്തേക്ക് വന്നു. കുറച്ചുനേരം അവൾ നിശ്ശബ്ദയായി നോക്കിക്കൊണ്ടുനിന്നു. കഴുത്തിൽ താലിമാലയുണ്ട്! അവൾക്ക് ഷീലയെ മനസ്സിലായി. പണ്ട് ഒരു തവണ ഈ തെരുവിൽ വന്നിരുന്നു.

'എന്താ സഖാറാമ്' അവൾ ചോദിച്ചു.

'അമ്മേ ഞങ്ങൾ അയൽപക്കത്തെ അമ്പലത്തിൽ ചെന്ന് വിവാഹം

കഴിച്ചു.'

മാതാപിതാക്കളുടെ ദേഷ്യത്തിന്റെ അളവ് പെട്ടെന്ന് വർദ്ധിച്ചു.. പക്ഷെ മുമ്പിൽ സൗന്ദര്യമുള്ള പരിചയമില്ലാത്ത ഒരു കുട്ടി ഇരിക്കുന്നു. അവൾ പുതിയ തരം വസ്ത്രങ്ങൾ അണിഞ്ഞിരുന്നു.

'എടാ, ഞങ്ങളെ അറിയിച്ചില്ലല്ലോ നീ', അച്ഛന്റെ ശബ്ദം കുറച്ചു യർന്നു കേട്ടു.

'ഒരു പ്രയോജനവുമില്ല. അവളുടെ ആൾക്കാർ ഈ വിവാഹത്തിന് സമ്മതം മൂളിയില്ല. അഞ്ചാറു പേർ മാത്രമേ വിവാഹസമയത്ത് ഉണ്ടായിരുന്നുള്ളൂ. അവർ പുറത്തു നിന്നുള്ളവരായിരുന്നു.'

ഇത് ജാനകിക്ക് സഹിച്ചില്ല. അവൾ മുറ്റത്തു വന്ന് സീതായയോട് കൂടി. 'സീതായച്ചിറ്റമ്മേ, കുറച്ചു നേരത്തേക്ക് ഇങ്ങോട്ടു വരൂ.' അപ്പോൾ തെരുവിലെ കുറെ പേർ മുറ്റത്തു വന്നു നിൽക്കുന്നതായി അവർ കണ്ടു. അവർ ഔത്സുക്യത്തോടെ നോക്കുന്നു, ചിരിക്കുന്നു. അവർ ഇപ്പോൾ മുറ്റത്ത് നൃത്തം വെച്ചുതുടങ്ങും, പിന്നെ പടക്കം പൊട്ടിക്കും എന്നു അവൾക്ക് തോന്നി.

സീതായ വന്നപ്പോൾ തന്നെ വീട്ടിനകത്തേക്ക് പോയി. പുറകിൽ കുറെ ആളുകൾ വന്നു വാതിൽക്കൽ നിൽക്കുന്നുണ്ടായിരുന്നു. ജാനകി പറഞ്ഞു, ' നോക്കൂ, ചെറിയമ്മേ, അവൻ വിവാഹം കഴിഞ്ഞ് വരികയാ ണെന്നു പറയുന്നു. അവളുടെ വാക്കുകളിൽ ഭയമുണ്ടായിരുന്നു.

സീതായ ഷീലയോട് ചോദിച്ചു, 'വിവാഹം കഴിഞ്ഞു വന്നതാണോ അതേയോ കഴുത്തിൽ വെറുതെ ഒരു മാല ഇട്ടിരിക്കുകയാണോ?'

അവൾ ശരീരമൊതുക്കി മിണ്ടാതിരുന്നു. അമങ്ങിയ സ്വരത്തിൽ അവൾ പറഞ്ഞു, 'ഫോട്ടോ എടുത്തില്ല. എന്റെ ചെറിയമ്മയുടെ മകൾ വിവാഹത്തിന് വന്നിരുന്നു.'

'അയാൾ നാടകവും അഭിനയിച്ച് നാടു മുഴുവൻ നടക്കുന്നു. നിന്നെ ശരിക്ക് നോക്കുമോ എന്തോ? നിന്റെ വയറു നിറയ്ക്കുമോ?എന്താ വെളുത്തു ബ്രാഹ്മണനെപ്പോലെ ഉള്ളതിനാൽ വിവാഹം നടന്നു അല്ലേ?'

'കുറേ സമയത്തേക്ക് നാടകത്തിൽ അഭിനയിക്കാൻ എന്നോടും പറഞ്ഞിട്ടുണ്ട്. അഭിനയം മതിയാക്കുന്നില്ല.'

'ഭാവിയിൽ ഗർഭമുണ്ടായാൽ വയറും വെച്ച് നാടകത്തിൽ നൃത്തം ചവിട്ടുമോ?'

ഷീലക്ക് ഈ വാക്കുകൾ ശരിക്ക് കൊണ്ടു. കണ്ണുകളിൽ വെള്ളം നിറഞ്ഞു ആയിരത്തോളം ആളുകളുടെ മുമ്പിൽ സംസാരിച്ചും, പാട്ടു

പാടിയും മഹിമ കാണിച്ച് അവരുടെ മനസ്സും, ഹൃദയവും കവർന്നെടുത്ത അവൾ ഈ കുശവരുടെ മുന്നിൽ ഇത്തിരി മുഖവുമായി ഇരിക്കുന്നു. അവൾ ചോദിച്ചു, 'അദ്ദേഹത്തിന് മൺകലമുണ്ടാക്കാൻ അറിഞ്ഞുകൂടായെങ്കിലോ?' 'കുശവന്റെ മകന് മൺകലമുണ്ടാക്കാൻ പഠിപ്പിച്ചിട്ടു വേണോ? അവൻ കലങ്ങൾ മെനഞ്ഞെടുത്താൽ നീ അതും കൊണ്ട് വിൽക്കാൻ പോകേണ്ടി വരും. മണ്ണടിച്ച് പരത്തിക്കൊടുക്കലും, കുഴച്ചു കൊടുക്കലുമൊക്കെ വേണ്ടി വരും.'

ഷീല ഇപ്പോൾ സ്വരമൊന്ന് പൊക്കി പറഞ്ഞു, 'എല്ലാം ആലോചിച്ചാണ് ഞാൻ വന്നിരിക്കുന്നത്. ഗ്രാമത്തിൽ അഭിനേത്രിയുടെ ജോലി ചെയ്തിട്ടെന്തു കാര്യം? മറവിൽ നിന്ന് ആളുകൾ കളിയാക്കും.'

അമ്മ ജാനകി ഇടക്ക് കയറി പറഞ്ഞു. 'ജാതിയേതാണെന്ന് മനസ്സിലാക്കണം.'

സീതായ പറഞ്ഞു, 'ജാതിയില്ലാത്ത കുശവരേക്കാൾ താണ ജാതിയല്ല അവളുടേത്. ഞങ്ങളുടെ കൂട്ടത്തിലും 'ദെവ്ളി' കുശവരുണ്ട്. അവരുമായി ഞങ്ങൾ ഇപ്പോൾ ആഹാരം പങ്കുവെക്കും, ബന്ധവും ഉണ്ടാക്കും. അവൾക്ക് അച്ഛനുണ്ടല്ലോ ഗഢയിലെ രാജാവിന്റെ മകളാണ് അവൾ.'

ജാനകി നിശ്ശബ്ദയായി നിന്നു. സീതായ സഖാറാമിനെ മുന്നോട്ടു വിളിച്ച് മണവാട്ടിയേയും കൊണ്ട് അമ്മയുടെയും അച്ഛന്റെയും കാലുകളിൽ വന്ദിക്കുവാൻ പറഞ്ഞു. അവർ അച്ഛനമ്മമാരുടെ കാലുകളിൽ തൊട്ടു തൊഴുതുകൊണ്ട് അവിടെ ഉണ്ടായിരുന്ന മുതിർന്ന മറ്റെല്ലാവരുടെയും കാലുകളിൽ നമസ്കരിച്ചു. ഷീല കുനിഞ്ഞ് രണ്ടു കാലുകളും കൈ കൊണ്ട് തൊട്ട് നമസ്കരിച്ചു. അവർക്കെല്ലാവർക്കും അതിശയവും, മതിപ്പും തോന്നി. ഈ പെണ്ണ് ഗുണവതിയായിരിക്കും.... പിന്നെ അവൾ ഒമ്പതു വാര (പതിനെട്ടു മുഴം) സാരി ഹാൻഡ്ബാഗിൽ നിന്നെടുത്ത് ജാനകിയുടെ കയ്യിൽ കൊടുത്തു. കണ്ടു നിന്ന എല്ലാവർക്കും അതിശയമായി. സ്ത്രീകൾ മുമ്പിൽ വന്ന് പ്രശംസിച്ചു കൊണ്ട് സാരി കൈകൊണ്ട് തൊട്ടു നോക്കി.

പിറ്റേ ദിവസം രാവിലെ അവർ നടന്നു വരുന്നതു കണ്ടു. കാലുകൾ നീട്ടി വെച്ച്, പൊടി പരത്തികൊണ്ട് വയലിലൂടെ അവർ നടന്നു വന്നു. പ്രേമാനന്ദ് മൺകലങ്ങൾ ഉണക്കാൻ വെയിലന്വേഷിച്ച് തെരുവിൽ എത്തിയതാണ്. അവൻ അവരെ കാണുകയും തിരിച്ചറിയുകയും ചെയ്തു. ഇവർ ഗഢകാർ ആണ്. ഇവർ എന്തിനാ ഇവിടെ വരുന്നതെന്നും അവന് മനസ്സിലായി. മൺകലങ്ങൾ അവിടെ തന്നെ വെച്ച് അവൻ ശിവരാമിന്റെ അടുക്കലേക്ക് ഓടി. 'ശിവറാമണ്ണാ, അവർ ഗഢയിൽ നിന്ന് വരുന്നുണ്ട്, ഷീലയെ കൊണ്ടുപോകാൻ ആണെന്ന് തോന്നുന്നു. ഞ

ങ്ങൾ അവരെ കൊണ്ടു പോകാൻ അനുവദിക്കുകയില്ല.'

ശിവറാമ് ജാഗ്രതയോടെ നിന്നു. പ്രേമാനന്ദ് പിന്നെ നേരെ പുരുഷന്റെ വീട്ടിലേക്ക് പോയി. അവൻ സഖാറാമിനോട് പറഞ്ഞു , 'അവർ വരുന്നു. ആവശ്യമില്ലാതെ വഴക്കുണ്ടാക്കും. പെണ്ണിനെ പിടിച്ചു കൊണ്ടുപോകാൻ നോക്കും. നീ അവളേയും കൊണ്ട് തെരുവിനു പുറത്ത് കുന്നു വഴി പോയി എവിടെയെങ്കിലും ഒളിച്ചിരുന്നോളൂ. ബാക്കി ഞങ്ങൾ നോക്കിക്കൊള്ളാം.'

സഖാറാമും ഷീലയും ഉടുത്ത വസ്ത്രങ്ങളിൽ തന്നെ തെരുവിൽ നിന്ന് പുറത്തേക്ക് ഓടി. അടുത്ത് തന്നെ വയലിൽ പൊക്കത്തിൽ ഒരു പറമ്പുണ്ടായിരുന്നു. അതിൽ വലിയ ഒരു ഞാവൽ മരം ഉണ്ടായിരുന്നു. അവർ അതിന്റെ പുറകെ പോയി ഒളിച്ചു.

ഇതിനകം വന്നവർ ചൂളയ്ക്കു മുമ്പിൽ വന്നു നിന്നു. അവർ അഞ്ചു പേർ ഉണ്ടായിരുന്നു. അവരിൽ രണ്ടു പേർ തടിച്ചു കൊഴുത്ത ജവാന്മാരായിരുന്നു. അച്ഛൻ പൊക്കം കുറഞ്ഞതും തല നിവർത്തിപ്പിടിച്ചതുമായ ഒരാളായിരുന്നു. അയാളുടെ തല വെളുത്ത ലിംഗം പോലെ ഉണ്ടായിരുന്നു. അതിൽ ഒരു മുടി പോലും ഇല്ലായിരുന്നു. ഇനിയൊരാൾ പഠിച്ചവനും, വെളുത്ത വസ്ത്രം ധരിച്ചവനും, നല്ല ബുദ്ധി പറഞ്ഞു കൊടുക്കുന്നവനും , കുശവരെ നല്ല ബുദ്ധി ഉപദേശിക്കാൻ വന്നവനുമായിരുന്നു. ഇനിയൊരാൾ മെലിഞ്ഞ് ശോഷിച്ച് ശവമഞ്ചത്തിൽ കിടത്തിയവനും, തീ കൊളുത്തിയപ്പോൾ ചൂട് സഹിക്കാതെ ജീവനും കൊണ്ട് ഓടി വന്നതാണെന്നും തോന്നിയിരുന്നു. ഇയാളെ ഈ വഴക്കിനിടയിൽ എന്തിന് കൊണ്ടുവന്നു എന്ന് അറിഞ്ഞു കൂടാ.

പ്രേമാനന്ദും, ശിവരാമും മുന്നിലോട്ട് വന്നു.

വന്നവർ ചോദിച്ചു, 'സഖാറാമിന്റെ വീടെവിടെയാണ്?'

'എത് സഖാറാമ്?'

'നാടകത്തിലഭിനയിക്കുന്നവൻ'

'ഇവിടത്തെ കുശവരെല്ലാം അഭിനയിക്കുന്നവരാണ്. മുഖത്ത് ചായം പുരട്ടാതെതന്നെ അഭിനയിക്കും. ഓരോരുത്തനും എത്ര സുന്ദരമായി പാടുമെന്നറിയാമോ?'

ഇടക്ക് ഒരാൾ ചൂടായി. 'നിങ്ങളുടെ വിവരമൊന്നും പറയേണ്ടാ. ആദ്യം സഖാറാമ് എവിടെയാണെന്നു പറയൂ.'

'എതു സഖാറാമിനെയാണ് നിങ്ങൾ അന്വേഷിക്കുന്നത്?'

'ഈ കുശത്തെരുവിൽ എത്ര സഖാറാമ് ഉണ്ട്?'

'പുരുഷന്റെ ഒരു സദാനന്ദ് ഉണ്ട്. അവനെ കയ്യിൽ കിട്ടുകയില്ല. നാടകമഭിനയിച്ച് നാടുചുറ്റുകയാണ്. രാവിലെ അച്ഛൻ ശകാരിക്കുന്നു ണ്ടായിരുന്നു. മൂന്നു ദിവസമായി വീട്ടിൽ ചെന്നില്ലത്രെ.'

'അയാളുടെ വീട് കാണിച്ചു തരൂ.' പ്രേമാനന്ദ് പുരുഷന്റെ വീട്ടിലേക്ക് വിരൽ ചൂണ്ടി. അവർ ആ വഴിയിലൂടെ പോയി. ഇപ്പോൾ തെരുവു മുഴുവൻ വന്നവരുടെ കൂടെ ഒരുമിച്ചു കൂടി. അവരുടെ പുറകെ തന്നെ പോയി.

പുരുഷന്റെ അടുത്തു ചെന്ന് നിങ്ങളുടെ മകൻ എവിടെയാണെന്ന് ചോദിച്ചപ്പോൾ അയാൾ പറഞ്ഞു, 'അയാൾ എവിടെയാണെന്ന് അറി ഞ്ഞുകൂടാ. അയാൾ ഒരു ദെവ്ളി കുശവന്റ പെണ്ണിനെ വിവാഹം കഴി ച്ചു എന്ന് ഞാൻ കേട്ടു. ആ പെണ്ണ് അവനെ വശത്താക്കിയതാ ണെന്ന് പറയുന്നു.'

'നിങ്ങളുടെ ജാതിയേതാ?'

'കുശവന് ജാതിയില്ല. ബ്രാഹ്മണൻ മുതൽ ദെവ്ളി വരെ ഞങ്ങളുടെ ഇടയിലുണ്ട്.'

അവരുടെ കൂട്ടത്തിലുള്ള തടിച്ചുകൊഴുത്ത മനുഷ്യൻ പെട്ടെന്ന് ചൂടായി. 'നിങ്ങളുടെ കൂട്ടത്തിലെ ആ തെമ്മാടി അവളെ വിളിച്ചു കൊണ്ടുപോയി. കയ്യിൽ കിട്ടണമായിരുന്നു. എല്ലൊടിച്ചു കളയും.'

കുശവരുടെ നാലു സ്ത്രീകൾ 'കലകല' ശബ്ദത്തോടെ മുമ്പിൽ വന്നു. 'നല്ല കുട്ടിയാണ്. അയാളെ നിങ്ങൾ തെമ്മാടിയെന്ന് പറയുന്നോ? നിങ്ങളുടെ ഈ അഭിനേത്രി ഒന്നും മിണ്ടാതെ തന്നെ അവനെ ഇരയാ ക്കിയില്ലേ? ഇപ്പോൾ അവരുടെ വിവാഹം കഴിഞ്ഞു. താന്തോന്നിത്തം പറയാതെ'

'ഞങ്ങൾ അവളെ കുശവരുടെ കൂടെ വിടുകയില്ല. വലിച്ചു കൊണ്ട് പോകും.' ഘനശ്യാമിന്റെ ഭാര്യ രുക്മിണി മുമ്പിൽ വന്നു. അവൾ പറഞ്ഞു, 'നിങ്ങൾക്കവളെ വീട്ടിൽ കൊണ്ടുപോകാം, പ്രസവത്തിനു വേണ്ടി.'

തെരുവിൽ എന്താണ് സംഭവിക്കുന്നതെന്നു നോക്കാനായി സഖാറാമ് ആ പൊക്കപ്രദേശത്ത് കയറിനിന്നു. വന്നവരുടെ ഇടയിലെ മെലിഞ്ഞു ശോഷിച്ച ആൾ സഖാറാമിനെ കണ്ടു. അങ്ങോട്ട് ചൂണ്ടിയിട്ട് അയാൾ ഉറക്കെ പറഞ്ഞു,

'ദാ, നോക്കൂ, മതിലിന്റെ പുറകെ ഒളിച്ചിരിക്കുകയാണ്. ഞാവൽ വൃക്ഷത്തിന്റെ പുറകിൽ.'

അവർ അഞ്ചു പേരും ഞാവൽ വൃക്ഷത്തിന്റെ നേരെ തിരിഞ്ഞു. അവരുടെ പുറകെ തെരുവിലെ മുഴുവൻ ആളുകളും പോയി. പുരുഷ

ന്മാർ, സ്ത്രീകൾ, കുട്ടികൾ ...... കുശവർ ഇടക്കിടയ്ക്ക് അവർക്ക് തടസ്സമുണ്ടാക്കുമായിരുന്നു. അവരാണെങ്കിൽ കുശവരെ മാറ്റി നിറുത്തി ഓടുന്നുണ്ടായിരുന്നു. ഇവർ ഓടിവരുന്നതു കണ്ട് സഖാറാമും, ഷീലയും തുറസ്സായി കിടക്കുന്ന വയലിൽ കൂടി കാട്ടിലേക്ക് ഓടിത്തുട ങ്ങി. കുശവർ അവരോട് ഉറക്കെ വിളിച്ചു പറയുന്നുണ്ടായിരുന്നു. 'ഓടിപ്പോകൂ, കാട്ടിലേക്ക് പോകൂ.'

വയസ്സായവരും അല്ലാത്തവരുമെല്ലാം കിതച്ചു കൊണ്ട് ഓടി. സഖാറാമും ഷീലയും വയലുകൾ താണ്ടി കാട്ടിനടുത്തെത്തി. തെളിഞ്ഞ വെയിലിൽ അവർ ഒഴുകിപ്പോകുന്നതു പോലെ തോന്നി.

അതിനിടക്ക് അവരുടെ കൂട്ടത്തിലുള്ള മെലിഞ്ഞു ശോഷിച്ച ആൾ വരമ്പിൽ കാലു തട്ടി കമഴ്ന്നു വീണു. കുശവർ നിലവിളിച്ചു. 'അയാൾ വീണു, മരിച്ചു, മരിച്ചു....'

എല്ലാവരും കിതപ്പ് പുറത്തു കാണിക്കാതെ നിന്നു. വന്നവരും കുറച്ചു നേരം നിന്നു കൊണ്ട് പുറംതിരിഞ്ഞു നോക്കി. അപ്പോൾ കുശവരെല്ലാം അവരുടെ മുമ്പിൽ വന്നു നിന്നു. സഖാറാമും, ഷീലയും പതിനഞ്ചു മിനിട്ട് നേരം ഓടിയിട്ട് കാട്ടിൽ മറഞ്ഞു. കാട്ടിൽ മറഞ്ഞു കൊണ്ടിരിക്കുന്ന അവർ കുറ്റിക്കാട്ടിലെ ചെടികളെ പോലെ തോന്നി.

ഗഢ്കാർ ഇപ്പോൾ തിരിച്ചോടാൻ തുടങ്ങി. കുശവരുടെ കൂട്ടത്തിലെ പുരുഷന്മാർ അവരെ പിടിച്ചുനിറുത്തി പറഞ്ഞു, 'ഒരു പ്രയോജനവും ഇല്ല. ഈ കാട്ടിലേക്ക് പതിനേഴ് വഴികളാണ് പോകുന്നത്. സഖാറാമിന് എല്ലാം നന്നായി അറിയാം. നിങ്ങൾ കാട്ടിൽ കയറിയാൽ വഴി വിട്ടു പോകും. അവരിപ്പോൾ ഗോവയിലെ പൈംഗിണിയിൽ പോകുന്ന വഴിയിൽ എത്തിയിട്ടുണ്ടാകും. അവരുടെ പരിചയക്കാർ അവിടെയുണ്ട്.'

അപ്പോൾ പ്രേമാനന്ദ്, സുരേഷ്, ചന്ദ്രകാന്ത് മുതലായ ചാളയിലെ യുവാക്കളെല്ലാം നെഞ്ചു വിരിച്ച് വെറും അഭിനയം കാണിച്ച് മുഷ്ടി ചുരുട്ടി നിന്നു. അവരിൽ രണ്ടു പേർ ചൂടായി, 'ഞങ്ങൾ അവരെ വിടുകയില്ല. എന്തായാലും വിടാൻ ഉദ്ദേശിച്ചിട്ടില്ല. അവരെക്കൊണ്ട് ഞങ്ങൾ നൃത്തം വെപ്പിക്കുന്നതു കാണൂ.' സത്യം പറഞ്ഞാൽ ഇത് അവരുടെ കടം വാങ്ങിയ അഭിനയമായിരുന്നു.

രാമചന്ദർ പറഞ്ഞു, 'കണ്ടില്ലേ നിങ്ങളുടെ ആ പെണ്ണ് എങ്ങനെയാണ് ഭർത്താവിന്റെ പുറകെ ഓടി കാട്ടിൽ ചെന്നൊളിച്ചത് ? നിങ്ങൾക്കിനി അവരെ വേർപിരിക്കുവാൻ പറ്റുമോ? എപ്പോഴെങ്കിലും വിവാഹംകഴിച്ചല്ലേ തീരൂ. എത്ര കാലത്തേക്ക് അവർക്ക് അഭിനയിക്കാൻ പറ്റും?' 'കുശവരായ നിങ്ങളുടെ വീട്ടിൽ വേണ്ടായിരിക്കും. നിങ്ങളുടെ ജോലി ദാരിദ്ര്യം പിടിച്ചതാണ്.' അവളുടെ അച്ഛൻ പറഞ്ഞു.

ഇതു കേട്ട് കുശവർക്ക് ഇത്തിരി ദേഷ്യം പോലും ഉണ്ടായില്ല. ഒരാൾ പറഞ്ഞു. 'ഏഴാം ക്ലാസ്സ് വരെ പഠിച്ച സമർഥനായ പയ്യനാണവൻ. എവിടെയെങ്കിലും പോയി മാന്യമായി ജോലിചെയ്യും. നിങ്ങളുടെ പടിക്കൽ വരികയില്ല. അവൻ മാത്രം വെളുത്ത വസ്ത്രങ്ങൾ ധരിക്കുന്നവനും, പഠിച്ചവനും, കാണാൻ സൗന്ദര്യമുള്ളവനും ആണെന്ന് അയാൾ പറഞ്ഞു.'ഷീല അങ്ങനെ അയാളുടെ കൂടെ കാട്ടിലെ മുള്ളുനിറഞ്ഞ കുറ്റിച്ചെടിക്കിടയിൽ കൂടി ഓടിപ്പോയതു കണ്ട് ആശ്ചര്യം തോന്നുന്നു. അവളുടെ ഭാഗ്യം അവന്റെ കൂടെയാണെന്ന് പറയാം.'

അവർ മടങ്ങി. തെരുവിലെത്തിയപ്പോൾ തന്നെ ഷീലയുടെ അച്ഛൻ കരഞ്ഞു തുടങ്ങി. കരയുമ്പോൾ അയാളുടെ തല, കഴുത്ത്, നെഞ്ച് എല്ലാം തന്നെ ചലിച്ചു കൊണ്ടിരുന്നു. കരഞ്ഞു കൊണ്ട് അയാൾ സംസാരിച്ചു, 'അവൾ ഞാൻ പറഞ്ഞാൽ അനുസരിക്കുന്നവളാണ്. എന്നെ മാനിക്കുമായിരുന്നു. ഇന്ന് എന്നെ കണ്ടപ്പോൾ അവൾ കാട്ടിലേക്ക് ഓടി ഒളിച്ചു. എന്തു മന്ത്രവാദമാണ് അവളുടെ നേരെ ചെയ്തത്?'

അവരുടെയിടയിൽ ഒരു യുവാവ് ഉണ്ടായിരുന്നു. അയാൾ ഭയപ്പെടുത്തുമാറ് പറഞ്ഞു, 'മറുനാട്ടിൽ വന്ന് എന്തിനാണ് കരയുന്നത്? അവളുടെ വിധി അവൾക്കുണ്ടാകും.'

പുരുഷൻ സ്വീകരണമുറിയിൽ പുതിയ പായ വിരിച്ച് താഴ്മയായി അവരോട് വന്നിരിക്കുവാൻ അപേക്ഷിച്ചു. അവർ വന്നില്ല. നേരെ നടന്നു. അരുവി കടന്ന് ദൃഷ്ടിയിൽ നിന്നും മറഞ്ഞപ്പോൾ രണ്ടു മൂന്നു കുട്ടികൾ കാട്ടിലേക്ക് ഓടി. അവർ കാട്ടിൽ ചെന്ന് ഉറക്കെ സഖാറാമിനെ വിളിച്ചു, 'സഖാറാമ്, സഖാറാമ്, അവർ പോയി, പോയി, കേട്ടോ...'

കുറെ നേരം കഴിഞ്ഞപ്പോൾ കാട്ടിനകത്തു നിന്ന് ഉത്തരം കിട്ടി. പിന്നെ മിനിട്ടുകൾ കൊണ്ട് അവർ കാടിന്റെ അതിർത്തിയിലെത്തി. രാവിലെ നല്ല ഉന്മേഷത്തോടെയിരുന്ന അവർ ഇപ്പോൾ മുഖം വാടി കാട്ടിലെ മനുഷ്യരെ പോലെ കറുത്തു. ഷീലയുടെ കറുത്ത് ചുമന്ന മുഖം വിയർപ്പു കൊണ്ട് നിറഞ്ഞു. അവളുടെ അഴിഞ്ഞ മുടി നെറ്റിയിലും കവിളിലുമൊക്കെ ചിതറിക്കിടന്നു. കുറ്റിച്ചെടിക്കടുത്ത് നിറയെ പുല്ലുണ്ടായിരുന്നതിനാൽ ഉടുത്ത സാരിയിലെല്ലാം പുല്ലിന്റെ വിത്തുകൾ പറ്റിപ്പിടിച്ചിരുന്നു.

ഷീല അവരോട് ഉറക്കെ ചോദിച്ചു, 'അവർ പോയോ?'

'അതെ, പോയി. അവരെ ഓടിച്ചതാണ്.'

'വഴക്കൊന്നുമുണ്ടായില്ലല്ലോ? ആരും വേണ്ടാത്തതൊന്നും പറഞ്ഞില്ലല്ലോ?'

ഷീല വിഷമിച്ചു ചോദിച്ചു.

'ഇല്ല, അവർ ഞങ്ങളെയാണ് പേടിപ്പിച്ചത്. കുശവർ വഴക്കു കൂടുന്ന കാര്യത്തിൽ വളരെ മോശമാണ് എന്റെ ചേട്ടത്തീ'

'ചേട്ടത്തി' എന്ന വാക്കു കേട്ടപ്പോൾ ഷീലക്ക് തോന്നി, ഇവർ ഇപ്പോൾ എന്നെ എന്നെന്നേക്കുമായി കെട്ടിക്കൊണ്ടുവന്നിരിക്കുകയാണ്.

സൂര്യൻ തലക്കു മീതെ എത്തിയിരുന്നു. കുന്നിൻചരിവിലെ വഴിയിൽ പ്രകാശത്തിന്റെ തിളക്കം വയലുകളിൽ പതിച്ച് കാറ്റത്ത് ആടിക്കൊണ്ടിരുന്നു. വയലുകളിലും, ഗ്രാമങ്ങളിലും പ്രകാശത്തിന്റെ മഹാസാഗരം തന്നെ വ്യാപിച്ചിരുന്നു. ആ മഹാസാഗരം ഒഴുകിയൊഴുകി കുശത്തെരുവിൽ വന്നു തുടങ്ങി. എന്നാലും അവിടെ നോക്കുമ്പോൾ അതേ ഇരുണ്ട തണൽ കാണാമായിരുന്നു. അതിനു മേലെ ആ മാവ് മുമ്പിലേക്ക് ചാഞ്ഞു നിൽക്കുന്നതു പോലെ തോന്നി. വെയിലിന്റെ ഈ തിളക്കത്തിൽ ആ ഇരുണ്ട തണൽ ഇന്ന് അത്ര നല്ലതാണെന്ന് ഷീലക്ക് തോന്നിയില്ല. ഈ തെരുവ് വളരെ മുമ്പു മുതലേ ആരാണ് ഇങ്ങനെ മൂടിവെച്ചിരിക്കുന്നതെന്ന് അവൾക്ക് തോന്നി.

മൂന്നു മാസം ഷീല കുശത്തെരുവിൽ താമസിച്ചു. ഇതിനിടയിൽ രണ്ടു പേരും കൂടി നാലഞ്ചു നാടകങ്ങളിൽ അഭിനയിച്ചു. ഷീലയുടെ അച്ഛനും പിന്നീട് അവർക്കിടയിൽ വന്നില്ല. ഹോസാളിയിൽ ഒരു നാടകം കാണാൻ അച്ഛനും വന്നിരുന്നു. നാടകം തീരുന്നതു വരെ ഇരുന്നു. പിന്നെ അവളുടെ മുമ്പിൽ വന്ന് അദ്ദേഹം പറഞ്ഞു, 'നന്നായി, കേട്ടോ'

ഷീലയുടെ കണ്ണുകൾ നിറഞ്ഞു. 'അതെയച്ഛാ, വിഷമിക്കേണ്ടാ. വിവാഹം കഴിഞ്ഞ ഞാൻ ഭർത്താവിന്റെ വീട്ടിൽ താമസിക്കുകയല്ലേ?'

ഈ മൂന്നു മാസത്തോളം ഷീല കുശവരുടെ എല്ലാ ജോലികളും ചെയ്തു. കുളത്തിലും, കുന്നിലും പോയി മണ്ണു കൊണ്ടു വന്നു. അത് അടിച്ചു പരത്തി കൂട്ടിക്കുഴച്ചെടുത്തു. മണ്ണ് കുഴച്ചെടുക്കുമ്പോൾ മുടിയും വസ്ത്രങ്ങളുമെല്ലാം മണ്ണു കൊണ്ട് മൂടുമായിരുന്നു. അവൾ അത് കുടഞ്ഞു ശരിയാക്കി അടുത്ത ജോലി ചെയ്യുമായിരുന്നു.

ചുരുക്കിപ്പറഞ്ഞാൽ അവൾ നല്ല വാക്കുകൾ പറയുന്ന നല്ല സ്വഭാവമുള്ള ഒരു കുട്ടിയായിരുന്നു. കുശവരുടെ തെരുവും അവളുമായി ഒരു സ്നേഹബന്ധമുണ്ടായി. ഒരു ദിവസം സീതായയും അവളുടെ അമ്മായി അമ്മ ജാനകിയും ഷീലയോട് പറഞ്ഞു, 'ഇപ്പോൾ കുശവപ്പണിയിൽ മാന്ദ്യം അനുഭവപ്പെടുന്നു. മഴക്കാലത്ത് നിനക്ക് വിശപ്പ് സഹിക്കുവാൻ ബുദ്ധിമുട്ടായിരിക്കും. കുശവർക്ക് അത് ശീലമായി. നീ

സഖാറാമിനേയും കൊണ്ട് ഗോവയിലേക്ക് പോകൂ. നിങ്ങൾക്ക് രണ്ടു പേർക്കും ജീവിക്കുവാൻ നന്നായി അറിയാം.'

ഷീലയുടെ മനസ്സിലും ഇങ്ങനെയൊരു ചിന്ത ഉണ്ടായിരുന്നു. അവളുടെ അമ്മാവൻ ഗോവയിലെ സാംഖവാളെയിൽ താമസിക്കുന്നു. പിന്നേയും പരിചയക്കാരായ പലരും ഗോവയിൽ ഉണ്ട്. നാടകത്തിലെ നടിയെന്ന് അവൾക്ക് പേരും പെരുമയും ഉണ്ട്. പലരുമായി പരിചയമുണ്ട്. കഴിഞ്ഞ മൂന്നു നാലു വർഷങ്ങളായി അവൾ നാടക ങ്ങളിൽ അഭിനയിക്കുന്നു. കയ്യിൽ കുറച്ചു പണവുമുണ്ട്. ഒമ്പതു വരെ പഠിച്ചു. രണ്ടു പ്രാവശ്യം അവൾ ഒറ്റക്ക് ഗോവയിൽ പോയി വന്നു. പിന്നെ സഖാറാമിനേയും കൂട്ടത്തിൽ കൊ ണ്ടുപോയി. പോകുമ്പോൾ അവൾ അമ്മായി അമ്മയുടെ സാരിത്തു മ്പിൽ പിടിച്ചു കൊണ്ട് പറഞ്ഞു, 'ഗോവയിൽ പോയി എന്നു വിചാരിച്ച് നിങ്ങളെയൊന്നും മറക്കുകയില്ല, ഇടക്കിടയ്ക്ക് വരും.'

16

മേയ് മാസം അവസാനിക്കാറായി. കുശവർക്ക് തിരക്കായി. കുളത്തിൽ കാൽപാദം മുങ്ങത്തക്ക വിധത്തിൽ മാത്രമേ വെള്ളമുണ്ടായിരുന്നുള്ളൂ. എങ്കിലും മൺകലങ്ങളുണ്ടാക്കുവാനുള്ള മണ്ണ് കിട്ടുകയില്ലായിരുന്നു. ഉണങ്ങിയ മൺകട്ടകൾ കൊണ്ടുവന്ന് കൂട്ടിയിട്ടിട്ടു വേണം കലമുണ്ടാക്കാൻ. ഭാര്യ മുടന്തുള്ളവളാണ്, അംഗവൈകല്യമുള്ള വളാണ്, രോഗിയാണ്, ഗർഭിണിയുമാണ് എന്നുള്ളതു നോക്കാതെ തന്നെ അവളെ കുശവൻ കുളത്തിലും, കുന്നിലും പോകുമ്പോൾ കൂടെ കൂട്ടുമായിരുന്നു. അയാൾ മണ്ണ് കുട്ടയിൽ നിറച്ച് അവളുടെ തലയിൽ വെച്ചു കൊടുക്കും. കഴുത്തൊടിയുന്ന പാകത്തിൽ സ്വയം മണ്ണു ചുമക്കുകയും ചെയ്യും. അയാൾ ശരീരത്തിൽ മാംസം അധികമില്ലാത്തവനും, ഉയരം കുറഞ്ഞവനും, അസ്ഥിപഞ്ചരം പോലെയിരിക്കുന്നവനും, തലയിൽ മൺകുട്ടയുമെടുത്ത് വളഞ്ഞു പുളഞ്ഞു നടക്കുന്നവനുമായിരുന്നു.

ദൂരെയുള്ള കുന്നിന്റെ മുകളിൽ വലിയ ഒരു കാടുണ്ട്. കറുത്തിരുണ്ടിരിക്കുന്ന ആ സ്ഥലത്ത് മുകളിൽ പുകയുടെ നീണ്ടു കിടക്കുന്ന വെളുത്ത തുണ്ടം പോലെ കാണാമായിരുന്നു. അതിന് മഴയുടെ ചെറിയൊരു ഗന്ധം ഉണ്ടായിരുന്നതായി തോന്നി. ആ ഗന്ധം കുശവന്റെ മൂക്കിലടിച്ചതു പോലെയാണ് അയാൾ തിരക്ക് പിടിച്ചു കൊണ്ടിരുന്നത്,

കുന്തിക്കുന്തി വേഗം നടന്നുകൊണ്ടിരുന്നത്.

ഘനശ്യാം ഗ്രീഷ്മകാലത്തിലെ ഒടുവിലത്തെ ചൂള തയ്യാറാക്കുവാൻ കുറച്ചു വൈകി. മൺകലങ്ങൾ മെനഞ്ഞെടുക്കുന്നതിനിടയിൽ അവന് സുഖമില്ലാതായി. തല ചുറ്റുന്നതു പോലെ തോന്നി. തല ചാരി വെച്ച് ഉറങ്ങണമെന്നൊരു തോന്നൽ. മെനഞ്ഞെടുത്ത മൺകലങ്ങൾ ഉണങ്ങി കട്ടിയായിത്തുടങ്ങി. ഭാര്യയും ഇളയ മകളും ചേർന്ന് കുടത്തിനുള്ള വിറകും താഴെ വിരിക്കാനുള്ള പൊടിവിറകും, പൊടിപ്പുല്ലും എല്ലാം ഒരുക്കിവെച്ചു. മുകളിൽ ചൂള മെഴുകുവാൻ പൊടിപ്പുല്ലും ചുമന്ന മണ്ണും കൊണ്ടുവന്നു.

ഒരു ദിവസം ഉച്ചസമയത്ത് ഘനശ്യാം ചൂളയുടെ മുഖത്ത് ഒരു മാറളവ് വീതിയും, ഒന്നര മാറളവ് നീളവുമുള്ള സ്ഥലത്ത് ചെറിയ വിറകു കഷ്ണങ്ങളും, പൊടിവിറകും, പുല്ലും വിരിച്ചു. അതിനു മുകളിൽ ഓരോ മൺകലത്തിനടിയിൽ ചുമ്മാട് വെച്ച് നീളത്തിൽ മൂന്നു നിരകളുണ്ടാക്കി. അതിനു മുകളിൽ രണ്ടു നിരകൾ വെറെ. എല്ലാം കൂടി ഒമ്പതെണ്ണം. ഒരോ നിരയിലും ആറു മൺകലം വീതം വെച്ചു. അവയിൽ താഴികക്കുടങ്ങൾ, കുടങ്ങൾ, പാനകൾ, പിടിയുള്ള പാത്രങ്ങൾ, വലിയ കുടങ്ങൾ എന്നിങ്ങനെ ഗുണമേന്മയുള്ള വലിയ പാത്രങ്ങൾ. ഘനശ്യാമിന്റെ പാത്രങ്ങൾ വെച്ചു കഴിഞ്ഞപ്പോഴേക്കും സീതായുടെ മരുമകൾ താര കുട്ട നിറയെ വിളക്കുകളും, ചട്ടികളും കൊണ്ടുവന്നു. അവൾ ആ പാത്രങ്ങൾ ഒഴിവുള്ള സ്ഥലത്ത് ചെലുത്തിവെച്ചു.

ഇങ്ങനെയായിരുന്നു ചെയ്തുകൊണ്ടിരുന്നത്. കുശവരുടെ വിധവകൾ വേറിട്ടൊരു ചൂള ഒരിക്കലും തയ്യാറാക്കിയിരുന്നില്ല. ആരുടെയെങ്കിലും ചൂളയിൽ അവർ തങ്ങളുടെ കൊച്ചു പാത്രങ്ങൾ ചരിച്ചുവെക്കുമായിരുന്നു.

നിരകളെല്ലാം അടുക്കിക്കഴിഞ്ഞപ്പോൾ ഘനശ്യാം അവയ്ക്കു മുകളിൽ കനത്തിൽ പുൽകെട്ട് വെച്ച് മറച്ചു. പിന്നെ ചൂള മുകളിൽ നിന്ന് വെള്ളത്തിൽ കലക്കിയ ചുമന്ന മണ്ണുകൊണ്ട് മൂടി. അത് ഇപ്പോൾ ആനയുടെ പുറം പോലെ തോന്നി. ചൂളയുടെ മുഖത്ത് ഉണങ്ങിയ വിറകുകഷ്ണങ്ങൾ കത്തിച്ച് അയാൾ ഇഷ്ടം പോലെ കനലുണ്ടാക്കി. കുറേശ്ശെയായി ഈ കനൽ നാലഞ്ചു തവണ മുഖഭാഗത്ത് ശരിയാക്കി വെച്ച് ചൂള ചൂടാക്കി. ചൂള കുറേശ്ശെയായി ചൂടാക്കാതെ നേരെ തീ കത്തിച്ചാൽ മൺകലങ്ങളുടെ കഷ്ണങ്ങളായിരിക്കും കയ്യിൽ കിട്ടുക. ചൂള ചൂടാക്കിയ ശേഷം അയാൾ അകത്തെ ചെറിയ വിറകു കഷ്ണങ്ങൾ, പൊടിവിറക്, പൊടിപ്പുല്ല് എന്നിവക്ക് തീ വെച്ചു. അകത്തുകൂടി ചൂളയിൽ തീ കൊളുത്താനും അത്

പ്രവർത്തിപ്പിക്കുവാനും തുടങ്ങി. രണ്ടു വശത്തുള്ള ദ്വാരങ്ങളിൽ കൂടിയും പുക പുറത്തേക്ക് വന്നു തുടങ്ങി. ചൂളയിൽ തീ വ്യാപിക്കുന്നതിനോടൊപ്പം മുകളിൽ പുറത്തു കൂടി പതുക്കെ അടിച്ചു കൊടുത്ത് ചിമ്മിണി വിടർത്തുകയും തീ മുഴുവൻ ചൂളയിൽ എത്തിക്കു കയും ചെയ്തു. ഇപ്പോൾ രണ്ടു വശത്തുമുള്ള ദ്വാരങ്ങളിൽ കൂടിയും, ചിമ്മിണിയിൽ കൂടിയും തീ ആളുന്നത് കാണാൻ പറ്റി. അകത്തു നിന്ന് പുക മുകളിലോട്ട് പോയിത്തുടങ്ങി. ഉച്ചക്ക് മൂന്നു മണിക്ക് അയാൾ പാത്രങ്ങളുടെ നിരകൾ വെക്കാൻ തുടങ്ങി. മൺപാത്രങ്ങൾ പാകമായി മുകളിലെ തീ കെട്ടുപോയപ്പോഴേക്കും രാത്രി മണി പത്തായി.

ഘനശ്യാമ് മഴയിൽ നിന്ന് രക്ഷപ്പെട്ടു. അതിനുശേഷം രണ്ടു ദിവസം കഴിഞ്ഞ് ചൂള തയ്യാറാക്കിയ യശവന്തിന് ബുദ്ധിമുട്ടുണ്ടായി. ചൂളയിൽ മൺകലങ്ങൾ അടുക്കി മുകളിൽ കൂടി പുല്ലു പരത്തിവെച്ച് തീക്കനൽ ഇട്ട് അത് ചൂടാക്കിക്കൊണ്ടിരിക്കുമ്പോൾ ഓർക്കാപ്പുറത്ത് 'സോം, സോം' എന്ന് ശബ്ദമുണ്ടാക്കി കാറ്റു വീശിത്തുടങ്ങി. ഇപ്പോൾ ചൂളക്ക് തീ കൊളുത്തിയാൽ തീയോടു കൂടി ചൂളയുടെ മേൽപടലം പറന്നുയരു മെന്ന് തോന്നി. കാറ്റിനൊപ്പം ആകാശവും ഇരുണ്ടു തുടങ്ങി. കാറ്റു ശമിച്ചപ്പോൾ മഴ പെയ്തു. എന്തു ചെയ്യണമറിയാനെ യശവന്ത് കുഴഞ്ഞു. ചൂളയിൽ അടുക്കിയ പാത്രങ്ങൾ പുറത്തെടുക്കണമായി രുന്നു. ഇത്രയുമായപ്പോൾ അയാളുടെ ഭാര്യയും, കുട്ടികളും, ബാക്കി എല്ലാവരും ഓടി വന്നു. അവർ ചൂളയിൽ നിന്ന് പച്ച ചട്ടികൾ എടുത്തു മാറ്റി അടുത്തു തന്നെ നനയാത്ത സ്ഥലത്തു കൊണ്ടുവെച്ചു. മഴ വലുതായി. ഒടുവിൽ നാല് മൺകലങ്ങൾ നനഞ്ഞു ചളി മാത്രം അവ ശേഷിച്ചു.

മേയ് മാസം കഴിയാറായപ്പോൾ മഴക്കാലം വന്നെങ്കിലും ഇടക്കിട യ്ക്ക് പാത്തും പതുങ്ങിയും മാത്രമേ മഴ പെയ്തു തുടങ്ങിയുള്ളൂ. കുറെ കുശവരുടെ മെനഞ്ഞെടുത്ത കലങ്ങൾ വീട്ടിനകത്തുതന്നെ ഇരുന്നു. മുറ്റത്ത് ഉണക്കാൻ വെച്ചതെല്ലാം കളിമണ്ണ് മാത്രമായി അവശേഷിച്ചു. തോർച്ചയും, നല്ല വെയിലുമില്ലാതെ കുശവന്റെ ഒരു കാര്യവും നടക്കുകയില്ല. മണ്ണ് ഉണക്കി അടിച്ചു പൊടിച്ച് കുഴച്ച് ശരിയാക്കാനും, മെനഞ്ഞെടുത്ത മൺകലങ്ങൾ ഉണക്കാനും, ചൂള പ്രവർത്തിപ്പിക്കാ നും, കലങ്ങൾ വിൽക്കാൻ കൊണ്ടുപോകാനും തോർച്ച ആവശ്യമായി രുന്നു.

ഇത്തവണ മഴക്കാലം ഇത്തിരി നേരത്തെ തന്നെ തുടങ്ങി. മഴ പെയ്യാൻ തുടങ്ങിയിട്ട് ഇതുവരെ അത് നിന്നിട്ടില്ല. വേനൽകാലത്ത് വീട്ടിനകത്ത് നിരയാക്കി വെച്ച മൺകലങ്ങൾ സ്ത്രീകൾ ദേഷ്യം വരുമ്പോൾ കുട്ടയിലിട്ട് വിൽക്കാൻ കൊണ്ടുപോകുമായിരുന്നു. ഇടക്ക്

നന്നായി മഴ പെയ്യും. മൺകലങ്ങളിൽ വെള്ളം നിറയും. സ്ത്രീകൾ കുട്ടകൾ കാൽമുട്ടുകളിൽ താങ്ങി താഴെ വെക്കുകയും മഴനനഞ്ഞ് നിൽക്കുകയും പതിവാണ്. ശരീരത്തിൽ നനഞ്ഞ വസ്ത്രങ്ങളും കൊണ്ട് അവർ നാടാകെ ചുറ്റിക്കറങ്ങും. 'ഒരെണ്ണമെങ്കിലും വാങ്ങിച്ചോളൂ, വിശപ്പു മാറ്റാനാണ്' എന്നു പറയും. വീട്ടിൽ വന്ന് ചുമച്ചുതുടങ്ങും. മുടിയിലെ പേൻ നുള്ളിക്കൊണ്ടിരിക്കും.

മഴക്കാലത്ത് മൂന്നു മാസമെങ്കിലും കുശവരുടെ ജോലി നടക്കുകയില്ല. പുരുഷന്മാർക്കു പണി ഒട്ടും തന്നെ ഉണ്ടാകുകയില്ല. അവർ വീട്ടിനുള്ളിൽ ചുരുണ്ടു കൂടി കിടക്കും. വിശപ്പു സഹിക്കലും, വിശപ്പ് ഇല്ലാതാക്കലുമാണ് കുശവരുടെ ഇപ്പോഴത്തെ പ്രധാന ജോലി. ഇരുണ്ടു കുടിയ ആകാശത്തിൽ സൂര്യൻ ഉദിക്കുന്നതോ, അസ്തമിക്കുന്നതോ അവർ അറിയുന്നില്ല. വിശപ്പിന്റെ ചക്രത്തിൽ ദിവസങ്ങൾ എണ്ണുമായിരുന്നു. വയലിലാണെങ്കിൽ നാലു ചുറ്റും കൃഷിക്കാരുടെ നിലങ്ങൾ പച്ചപ്പ് കൊണ്ട് നിറഞ്ഞ് സമ്പന്നമായിരിക്കും. ഗ്രാമം മുഴുവൻ സന്തോഷിക്കുകയും, തൃപ്തിപ്പെടുകയും ചെയ്യും. ആ സമയത്ത് കുശവരുടെ തെരുവുകൾ മാത്രം വിശപ്പുകൊണ്ട് ക്ഷീണിച്ച് മ്ളാനമായിരിക്കും. അവിടം നിശ്ശബ്ദമായിരിക്കും. ആകാശത്തിലെ മഴത്തുള്ളികളിൽ നിന്നുള്ള ചാറ്റൽ മാത്രം എല്ലാ വീടുകളിലും എത്തുമായിരുന്നു.

ശ്രാവണം തുടങ്ങിയപ്പോൾ കുശവർക്ക് ശരിക്കും ശക്തിക്ഷയമുണ്ടായി. അരിയും, ധാന്യങ്ങളും മുഴുവൻ തീർന്നു. സ്ത്രീകൾ രാവിലെയും, വൈകിട്ടും സഞ്ചികളുമായി കൃഷിക്കാരുടെ കോളനികളിലും, വ്യാപാരികളുടെ കടകളിലും കടം വാങ്ങാൻ പോകുമായിരുന്നു. അരയിൽ പഴയ തുണിക്കഷ്ണവും കെട്ടി അവർ കൃഷിക്കാരടെ വയലുകളിൽ കള പറിക്കാൻ പോകുമായിരുന്നു. നാഴി അരിക്കു വേണ്ടി ദിവസം മുഴുവനും അവിടെ നിൽക്കുമായിരുന്നു. കൃഷിക്കാരുടെ സ്ത്രീകളോടൊപ്പം കള പറിക്കാനും, നെല്ലു കുത്താനും അവർക്ക് പറ്റുകയില്ലായിരുന്നു. അവർ ഈ ജോലികളിൽ പുറകോട്ടായിരുന്നു. അവർക്ക് നടുവേദനയുണ്ടാകും. നിവർന്നു നിന്ന് ജോലി ചെയ്താൽ ശകാരമായിരുന്നു ഫലം. വിശപ്പിന്റെ ശക്തികൊണ്ട് കൈകാലുകൾ തളരുന്നുണ്ടാകും. അവർ ജോലിസ്ഥലത്തു നിന്ന് പതുക്കെ മാറി പാടത്തുള്ള കുളത്തിൽ ചെന്ന് വെള്ളം കുടിച്ച് വരും.

കൃഷിപ്പണിക്ക് പോയാൽ ഉച്ചസമയത്ത് ഊണ് വയലിനരികിലാണ്. വീടു അടുത്താണെങ്കിൽ സ്ത്രീകൾ ഇത്തിരി കഴിച്ച് ബാക്കി ആഹാരം ഇലയിൽ ചുരുട്ടി വീട്ടിൽ കൊണ്ടുവന്ന് കുട്ടികൾക്ക് നൽകും. ഒരു ദിവസം ഗോപാലിന്റെ ഭാര്യ ഗുലാബി മുകുന്ദ് നായ്ക്കിന്റെ വയലിൽ കള പറിക്കാൻ ചെന്നു. അവളുടെ ഒരു കാലിന് മുടന്തുണ്ട്. എന്നാലും

വീട്ടുജോലിക്ക് അവളുടെ കഴിവ് അപാരം തന്നെ. മുടന്തുണ്ടെങ്കിലും കൃഷിക്കാർ അവളെ ജോലിചെയ്യാൻ എന്നും വിളിക്കുമായിരുന്നു. മുകുന്ദന്റെ മരുമകൾ ഉച്ചസമയത്ത് വയലിനരികിൽ ഊണും കൊണ്ട് വന്നു. അവരുടെ കൂടെ അമ്മായിഅമ്മയും, ദിവസവേതനം പറ്റുന്ന രണ്ടു ജോലിക്കാരും ഉണ്ടായിരുന്നു. ഗുലാബി നല്ല വിശപ്പുണ്ടെന്നു പറഞ്ഞ് കുറച്ചു കൂടുതൽ ചോറ് മരുമകളുടെ കയ്യിൽനിന്ന് വാങ്ങി. കഴിച്ചു കഴിച്ചില്ല എന്ന് വരുത്തി ഇല തെറുത്തെടുത്ത് വരമ്പത്തു കൂടിതന്റെ വീട്ടിലേക്ക് ഓടിപ്പോയി.

'എവിടെ പോകുന്നു?'

'രാവിലെ മുതൽ വീട്ടിൽ എല്ലാവരും വിശന്നിരിക്കുകയാണ്. ഞാൻ ഇപ്പോൾ തന്നെ വരാം.'

മുകുന്ദിന്റെ മരുമകൾ അവളെ പുറകോട്ട് വിളിച്ച് താൻ കഴിക്കാനായി വെച്ച ചോറിൽ നിന്ന് പകുതി ഇലയിൽ വിളമ്പിയിട്ട് കോപ്പയിൽ നിന്ന് കുറച്ചു മീൻകറിയും ഒഴിച്ചു കൊടുത്തു. ഗുലാബി യുടെ മനസ്സ് നിറഞ്ഞു. അവൾ പറഞ്ഞു, 'നിങ്ങൾ, ദേവി, അമ്മ തന്നെയാണ്.'

വിനായകചതുർത്ഥിക്ക് ഗണപതി വിഗ്രഹങ്ങളുണ്ടാക്കുന്ന രാമചന്ദർ ഒരു ദിവസം രാവിലെ എഴുന്നേറ്റ് കുളത്തിൽ നിന്ന് കളിമണ്ണ് ശേഖരിക്കുവാൻ പോയി. കഴുത്തറ്റം വെള്ളമുള്ള കുളത്തിലിറങ്ങി അയാൾ പലവട്ടം മുങ്ങിക്കൊണ്ട് കളിമണ്ണ് ശേഖരിച്ചു. ഇടക്കിടെ മഴയും പെയ്യുന്നുണ്ടായിരുന്നു. നല്ല തണുപ്പ്. നാലു വശവും പച്ചപ്പുള്ള വയലുകൾ. പുല്ലു കൊണ്ടു നിറഞ്ഞ വരമ്പുകൾ. ഇടക്കിടയ്ക്ക് മഴ. കൂട്ടത്തിൽ തണുപ്പും.

മുങ്ങിക്കൊണ്ട് കളിമണ്ണെടുക്കുമ്പോൾ തന്നെ അവന്റെ വിശപ്പ് വർദ്ധിച്ചു. തലയിൽ കളിമണ്ണേന്തി നടക്കുമ്പോൾ അയാൾ വല്ലാതെ തളർന്നു. രാത്രി ശരിക്കും ഊണ് കഴിച്ചില്ലായിരുന്നു. രാവിലേയും ഒന്നും കഴിച്ചില്ല. നടന്നു പോകുമ്പോൾ വിശപ്പ് കഠിനമായി അയാളെ വിഷമിപ്പിച്ചു. വയലിന്റെ വരമ്പിൽ കൂടി നടക്കുമ്പോൾ അയാൾ മദ്യപാനി യെപ്പോലെ ആടി ആടി നടക്കുന്നുണ്ടായിരുന്നു. ഇടക്കിടയ്ക്ക് കാലടികൾ കുഴഞ്ഞ് ചുവടുകൾ വയലിലോട്ട് ഇറങ്ങുമായിരുന്നു. ശക്തി സംഭരിച്ച് അയാൾ നടന്ന് കുശത്തെരുവിനടുത്ത് എത്തി. അമ്പോലെം വീട്ടിലുണ്ടായിരുന്ന ചെറിയൊരു കുടം കയ്യിലെടുത്ത് ആർക്കെങ്കിലും കൊടുത്ത് നാഴിയരി വാങ്ങാനായി ഗ്രാമത്തിലേക്ക് പോകാൻ ഇറങ്ങിയതായിരുന്നു. അവൾ ഇത് കണ്ടു. ഇയാൾ എന്തിനാ ണിങ്ങനെ ആടിയാടി നടക്കുന്നത്...... അടുത്ത നിമിഷത്തിൽ അയാൾ കളിമൺ ഉരുളകളുമായി വയലിലെ വെള്ളത്തിലേക്ക് മറിഞ്ഞു വീണു.

അവൾ ഉറക്കെ നിലവിളിച്ചു. 'ഓടി വാ, എടീ ആനന്ദി, നിന്റെ ഭർത്താവ് വയലിൽ വീണുകിടക്കുന്നു.'

ആനന്ദിയും വേറെ ചിലരും ആ വഴിക്ക് ഓടി. അബൊലെംയും പുറകെ ഓടി. എല്ലാവരും കൂടി അയാളെ പിടിച്ചു കൊണ്ടുവന്നു. രാമചന്ദർ പിറുപിറുത്തു. 'വിശപ്പ് സഹിക്കുവാൻ പറ്റിയില്ല. കുശവന്റെ വിശപ്പ് പുറത്തറിയുകയില്ല. ഉമിനീരിറക്കുന്നത് മനസ്സിലാകുകയില്ല.'

ആനന്ദിയുടെ കഞ്ഞി അപ്പോഴും അടുപ്പിൽ തിളയ്ക്കുന്നുണ്ടായിരുന്നു , അയലത്തുള്ള ഗോകുൽ കോപ്പയിൽ കഞ്ഞിയുമായി വന്നു. വിശപ്പ് സഹിക്കാൻ വയ്യാതെ കുഞ്ഞുങ്ങൾ ദിവസം മുഴുവനും കരഞ്ഞുകൊണ്ടിരുന്നു. അവർ 'തിന്നാൻ തരൂ, ഊണ് വിളമ്പൂ' എന്ന് പറയുന്നുണ്ടായിരുന്നു. ഒരു കാര്യം സ്ത്രീകൾക്കറിയാമായിരുന്നു. മലയിൽ 'പേടാറൊ' എന്നു പറയുന്ന ഒരുതരം കിഴങ്ങുണ്ടായിരുന്നു. അത് ഉരുളക്കിളങ്ങു പോലെയിരിക്കും. പുഴുങ്ങിയാൽ വളരെയധികം രുചിയുള്ളതായിരുന്നു, എന്നാൽ ദഹിക്കാൻ പ്രയാസം. തിന്നു കഴിഞ്ഞാൽ പിന്നെ ദിവസം മുഴുവനും വിശപ്പുണ്ടാകുകയില്ല. അത് കുഴിച്ചുകൊണ്ടുവന്ന് തിന്നുകയെന്നുള്ളത് നല്ല മനുഷ്യന് യോജിച്ചതല്ലായിരുന്നു. അത് കുറച്ചിലായി കരുതുമായിരുന്നു. പക്ഷെ സ്ത്രീകൾ രഹസ്യമായി അത് മലയിൽ നിന്ന് മാന്തിയെടുത്ത് വസ്ത്രങ്ങളുടെയിടയിൽ ഒളിച്ചു വെച്ച് വീട്ടിൽ കൊണ്ടു വന്ന് രാവിലെ കുട്ടികൾക്ക് പുഴുങ്ങി കൊടുക്കും. അപ്പോൾ വിശപ്പു കൊണ്ടുള്ള കരച്ചിൽ ദിവസം മുഴുവൻ കേൾക്കേണ്ടി വരികയില്ല.

പുരുഷന്റെ ഭാര്യ ജാനകി ഉറച്ച എല്ലുകളോടു കൂടിയവളായിരുന്നു. അവൾ കൊയ്ത്തുകാലത്ത് കൃഷിക്കാരുടെ വയലുകളിൽ കൊയ്യാനും മെതിക്കാനും പോകുമായിരുന്നു. 'അമ്മാവാ, ഞാൻ കൊയ്യാനും മെതിക്കാനും വരാം' എന്നു പറഞ്ഞ് മഴക്കാലം തുടങ്ങുന്നതിന് മുമ്പ് തന്നെ അരിയും നെല്ലും മുൻകൂറായി വാങ്ങുമായിരുന്നു. രാവിലെ എഴുന്നേറ്റു നോക്കിയപ്പോൾ ജാനകിയുടെ ചെറിയ മൺകലത്തിലും, വലിയ മൺകലത്തിലും ഒരുപിടി അരി പോലും ഉണ്ടായിരുന്നില്ല. ഭർത്താവിനും കുട്ടികൾക്കും എന്തെങ്കിലും പാകം ചെയ്തു കൊടുക്കണ്ടേ? അവൾക്ക് മകൻ വിശ്വാസിനെപ്പറ്റി കൂടുതൽ ഉൽകണ്ഠയായിരുന്നു. അവന്റെ വിശപ്പ് കൂടിക്കൊണ്ടേയിരിക്കും. യദൃച്ഛയാ പണ്ടു മുതൽക്കേ അവന് വിശപ്പ് ഒട്ടും സഹിക്കുവാൻ പറ്റുകയില്ല. പിന്നെ മഴയും. മുഴുവൻ പ്രദേശവും നനഞ്ഞ കമ്പളം പോലെയിരുന്നു.

അവൾ എഴുന്നേറ്റു. കൃഷിക്കാരനായ ഉത്തമന്റെ വീട്ടിൽ പോയി. 'അമ്മാവാ, അടുപ്പിൽ പാത്രവും വെച്ച് വരികയാണ്. ഒരു കുടവ അരി തരൂ. കൊയ്യാൻ വരുമ്പോൾ കണക്ക് ശരിയാക്കാം.'

ഉത്തമൻ പറഞ്ഞു, 'നിങ്ങൾ കുശവസ്ത്രീയല്ലേ? നിങ്ങളെക്കൊണ്ട് വെയിലുള്ളപ്പോൾ ഒരു ജോലിയും നടക്കുകയില്ല. വെറുതെയിരിക്കുമ്പോൾ പലതും ചോദിച്ചു വരും. കൊയ്യാൻ വന്നാൽ ഒരു കറ്റയാകുന്നതിനു മുമ്പ് തന്നെ നിവർന്ന് നിൽക്കും. തലയിൽ നെല്ലിന്റെ ചുമടെടുത്തു കഴിഞ്ഞാൽ നടക്കുമ്പോൾ കാലിലടിയിലെ ഉറുമ്പു പോലും ചാകുകയില്ല. നിങ്ങൾ കള്ളം പറയുകയില്ല അതുകൊണ്ട് ഞങ്ങൾ നിങ്ങളെ മാനിക്കുന്നു.'

'എന്റെ ജോലി അങ്ങനെയല്ല അമ്മാവാ, എന്റെ ജോലി നിങ്ങൾ കണ്ടിട്ടില്ല. മഴ പെയ്താലും ഞാൻ ഓടിനടന്ന് കൊയ്ത കറ്റകളെടുത്ത് ഉമ്മറത്ത് അടുക്കി വെക്കും.'

ഉത്തമൻ അരിയില്ലെന്നു പറഞ്ഞു. എന്നിട്ട് നാലു കുടവ നെല്ല് അളന്നു കൊടുത്തു. അതും തലയിൽ വെച്ച് വരുമ്പോൾ ജാനകി വിചാരിച്ചു, ഈ നെല്ല് ഈ മഴക്കാലത്ത് എങ്ങനെയാണ് പുഴുങ്ങുക, എങ്ങനെയാണ് ഉണക്കുക, എപ്പോഴാണ് ഞാൻ അരിയുണ്ടാക്കുക? ഇന്നത്തെ വിശപ്പ് അടക്കണമായിരുന്നു. അവൾ വീട്ടിൽ വന്ന് രണ്ടു കുടവ നെല്ല് മാറ്റി അത് ചെറിയ മൺകുടത്തിലിട്ട് പുഴുങ്ങാൻ അടുപ്പത്ത് വെച്ചു. പഴയ നെല്ല് പുഴുങ്ങാതെ കുത്തിയാൽ പൊടിഞ്ഞു പോകും. അധികം പുഴുങ്ങിയാൽ വേഗം ഉണങ്ങുകയില്ല. അതുകൊണ്ട് അവൾ തൊണ്ട് പൊട്ടിയപ്പോൾ തന്നെ അടുപ്പത്തു നിന്ന് വാങ്ങി വെച്ചു. ചോറു വാർക്കുന്നതു പോലെ വാർത്തുവെച്ച് അതിലെ വെള്ളം മുഴുവൻ പുറത്തുകളഞ്ഞു.

അതിനു ശേഷം അവൾ കീറിയ ചാക്കു കഷ്ണങ്ങൾ അ ടുപ്പിനു മുകളിൽ വിരിച്ചിട്ട് പുഴുങ്ങിയ നെല്ല് അതിന്മേൽ പരത്തിയിട്ടു. അടിയിൽ കൂടി ചെറിയ വിറകുകഷ്ണങ്ങളും, ചുള്ളി വിറകും വെച്ച് അടുപ്പ് കത്തിച്ചു. അടിയിൽ കൂടി തീ കത്തിക്കുകയും, മുകളിൽ കൂടി നെല്ല് ഇളക്കിക്കൊടുക്കുകയും ചെയ്തു. അത് നന്നായി ഉണങ്ങിയപ്പോൾ സൂര്യൻ തലയ്ക്കു മീതെ നിന്ന് ഇറങ്ങിക്കഴിഞ്ഞിരുന്നു.

ഉണങ്ങിയപ്പോൾ അത് ഉരലിലിട്ട് ഉലക്ക കൊണ്ട് പതുക്കെ പതുക്കെ കുത്തി അരിയുണ്ടാക്കി. പിന്നെ മുറത്തിലിട്ട് പേറ്റി ആവശ്യമുള്ളത് പാത്രത്തിലെടുത്തു. അവളുടെ മകൻ വിശ്വാസ് എല്ലാം നോക്കിക്കൊണ്ട് നിന്നു. അവൻ അമ്മയോട് പറഞ്ഞു, 'ചേട്ടനും ഷീലച്ചേട്ടത്തിയും ഗോവയിലേക്ക് പോയത് നന്നായി. അല്ലേ അമ്മേ?'

'അതെ മോനേ, പുറത്തു നിന്നു വന്ന അവൾ ഈ ദാരിദ്ര്യം കാണേണ്ടി വന്നില്ല. ഞാൻ നിന്നോടുപറയുകയാണ്, അവൾ ഇവിടെ ഉണ്ടായിരുന്നുവെങ്കിൽ നമ്മളുടെ കൂടെ നിന്ന് നിശ്ശബ്ദമായി വിശപ്പ് സഹിച്ചേനേ.'

'ഇപ്പോൾ ഒരു കാര്യത്തിലും അർഥമില്ലമ്മേ. നമ്മൾ ഈ കുശവപ്പണി വേണ്ടെന്നു വെക്കണം.'

ചതുർത്ഥി അടുത്തപ്പോഴേക്കും കുശവൻ ക്ഷീണിച്ച് പകുതിയായി. കുട്ടികളിലാണെങ്കിൽ ജീവൻ മാത്രം ശേഷിച്ചു. ഒരു മഴക്കാലം അവരുടെ ശരീരത്തിൽ ജീവനെങ്കിലും ബാക്കി വെച്ചത് അവരുടെ സൽക്കർമ്മങ്ങൾ കൊണ്ടു മാത്രമാണ്. ആളുകൾ പറയും, കുശവരുടെ മരണം അധികവും മഴക്കാലത്തു തന്നെയാണ് സംഭവിക്കുന്നത്, ശരീരം ശോഷിച്ച് ബലഹീനത കൊണ്ടുമാത്രം.

ചതുർത്ഥി അടുത്തു. മഴ കുറഞ്ഞു. കുശത്തെരുവിൽ വെയിലിന് ചൂട് വന്നു തുടങ്ങി. മഴയുടെയും വെയിലിന്റെയും മാറി മാറിയുള്ള വരവിലും, പോക്കിലും കുശവൻ തന്റെ മൺകലങ്ങൾ ഉണക്കിയെടുത്തു. കാലാവസ്ഥ കാലേ കൂട്ടി മനസ്സിലാക്കി ചൂള പ്രവർത്തിപ്പിച്ചു തുടങ്ങി. കലങ്ങൾ കൊണ്ടു നിറഞ്ഞ വലക്കൂടുകൾ പല ഗ്രാമങ്ങളിലും പോയിത്തുടങ്ങി. 'ചേച്ചീ, ചതുർത്ഥിയല്ലേ? ഒരു കലം വാങ്ങിച്ചോളൂ' എന്നു പറയുമ്പോൾ കലങ്ങൾ വിറ്റുപോകുന്നുണ്ടായിരുന്നു.

കുശത്തെരുവിലെ നാലു വീടുകളിൽ വിനായകചതുർത്ഥിക്ക് ഗണപതിയുടെ പ്രതിമകൾ ഉണ്ടാക്കി. അവയുടെ കളിമണ്ണിൽ നിറം കൊടുത്തപ്പോൾ കുശത്തെരുവിന്റെ മുഖത്തും ഉത്സാഹത്തിമിർപ്പ് ഉണ്ടായി.

17

കുശവൻ അധികവും മുമ്പു പറഞ്ഞ ഗണപതിയുടെ പ്രതിമകൾ പരമ്പരാഗതമായി കൊല്ലത്തിൽ ഒരിക്കൽ മാത്രം ഉണ്ടാക്കുന്നു. ആവശ്യക്കാർ ഒരു ദിവസം വന്ന് വാഗ്ദാനം ചെയ്ത് നാളികേരം കൊടുത്തുപോകും. കുശവൻ അതനുസരിച്ച് ആ പേരിൽ ഗണപതിയുടെ പ്രതിമയുണ്ടാക്കും. ഗണപതിയുടെ വിഗ്രഹങ്ങൾ അധികം ഉണ്ടാക്കി വെക്കാൻ കുശത്തെരുവ് വഴിയരികിൽ ആയിരുന്നില്ല. അവിടെയെത്താൻ പ്രത്യേകം വഴിയില്ലായിരുന്നു. മഴക്കാലത്ത് വെള്ളം കൊണ്ടു നിറഞ്ഞ അരുവികൾ കടന്ന് വയലിന്റെ വരമ്പത്തു കൂടി വരേണ്ടി വരും. കുശത്തെരുവിൽ രാമചന്ദർ, ഗോപാൽ, ശിവരാമ്, പുരുഷൻ ഈ നാലു പേരായിരന്നു ഏഴോ എട്ടോ ഗണപതി പ്രതിമകൾ നിർമ്മിച്ചിരുന്നത്. ശിവരാമ് ഒറ്റക്ക് തന്നെ പറയുന്നതിലും കൂടുതൽ ഗണപതി വിഗ്രഹങ്ങൾ ഉണ്ടാക്കുമായിരുന്നു. അയാളും ഭാര്യയും കൂടി അവ തലയിൽ

എടുത്തു കൊണ്ട് മാജാളയിലെ ചന്തയിൽ ആരുടെയെങ്കിലും വരാന്തയിൽ വിൽപനക്കായി വെക്കും.

ഗണപതിയുടെ വിഗ്രഹം നിർമ്മിക്കാൻ തുടങ്ങുമ്പോൾ മത്സ്യമാംസാദികൾ വീട്ടിനകത്ത് കൊണ്ടുവരുന്നത് വിലക്കിയിരുന്നു. ഇതായിരുന്നു നിയമം. എല്ലാവരും ആ നിയമം പാലിക്കും. എന്നാൽ ശിവരാമ് മാത്രം അതൊന്നും പാലിക്കുകയില്ലായിരുന്നു. ഒരു വരിയിൽ ഗണപതി വിഗ്രഹങ്ങൾ വെക്കും. ഇതിന്റെ കൂടെ തന്നെ അടുപ്പിൽ ചുട്ടുകൊണ്ടിരിക്കുന്ന മത്സ്യത്തിന്റെ മണവും വരുമായിരുന്നു. അയാളുടെ ഭാര്യ ചിലപ്പോൾ മീൻ വൃത്തിയാക്കി ഈശ്വരവിഗ്രഹ ത്തിന്റെ മുന്നിൽ കൂടി കൊണ്ടുപോകും. അയാൾ പറയും, 'ഗണപതി വിഗ്രഹ ത്തിന് കണ്ണുകൾ വരച്ചാലല്ലാതെ അത് ഈശ്വരനാകുകയില്ല.' ചതുർത്ഥിക്ക് രണ്ടു ദിവസം മാത്രമുള്ളപ്പോൾ ഭാര്യയെക്കൊണ്ട് ചുമപ്പിച്ച് അയാൾ ഈ വിഗ്രഹങ്ങൾ മാജാളയിലേക്ക് കൊണ്ടുപോകും. വഴിയിൽ വെച്ച് ഒരു പ്രാവശ്യം വിഠൾ നായ്ക്ക് പറഞ്ഞു, 'ശിവരാമ്, ഭാര്യയുടെ തലയിൽ ദൈവമോ? ഇങ്ങനെ ഒരിക്കലും ഉണ്ടായി കണ്ടിട്ടില്ല.'

'അമ്മാവാ ദൈവത്തിന് കണ്ണുകൾ വരച്ചില്ല, അത് ചെയ്യുന്നതിനു മുമ്പ് വിഗ്രഹം വെറും കളിമണ്ണ് മാത്രം.'

അയാളുടെ പക്കൽ പഴയ മൂന്നു ഗണപതി വിഗ്രഹങ്ങൾ ഉണ്ടായിരുന്നു. പരമ്പരാഗതമായി മുത്തച്ഛന്റെയും, മുതുമുത്തച്ഛന്റെയും കാലം മുതൽക്കേ അവർ ഈ വിഗ്രഹങ്ങൾ നിർമ്മിച്ചു തുടങ്ങി. മുൻകൂട്ടി വന്നു പറഞ്ഞില്ല എന്നുണ്ടെങ്കിൽ ചതുർത്ഥി വരുമ്പോൾ വിഗ്രഹനിർമ്മാണം മുടങ്ങില്ലെന്ന് പറയാൻപറ്റുകയില്ല. ചതുർത്ഥി ദിവസം രാവിലെ അവർ അന്നവസ്ത്രാദികൾ കൊണ്ടുവന്ന് കൊട്ടും മേളവുമായി ഗണപതിവിഗ്രഹം കൊണ്ടുപോകുമായിരുന്നു. ഇങ്ങനെ ഗണപതി വിഗ്രഹം പൂജക്ക് കൊണ്ടുപോകുന്നതുവരെ ആരുടെയെ ങ്കിലും വീട്ടിൽ വെക്കുന്നത് ആദരവായി കരുതുന്നുണ്ടായിരുന്നു. ആരും പരമ്പരാഗതമായ നിയമം ലംഘിച്ചിരുന്നില്ല. ഇങ്ങനെ മാലോകരുടെയും, കുശവരുടെയും ഇടയിൽ ഭാവനയുടെ ഒരു സ്നേഹബന്ധം നിലനിൽക്കുന്നുണ്ടായിരുന്നു.

വിനായകചതുർത്ഥി ദിവസം രാവിലെ കുശത്തെരുവിൽ വലിയ ഉത്സവമായിരുന്നു. ഗ്രാമത്തിലെ ആളുകൾ സമൂഹമായി 'പോ!' എന്ന ശബ്ദത്തോടെ കൊട്ടും വാദ്യവുമായി വരുമായിരുന്നു.

അന്നവസ്ത്രാദികളും പണവും വെച്ച് ഗണപതിയെ കൊണ്ടുപോ കും. ഗണപതിയെ എടുക്കുമ്പോൾ നാലു പ്രാവശ്യം വെടി പൊട്ടും. വലിയ ശബ്ദമുണ്ടാകും. നല്ല നല്ല ഉടുപ്പുകളിട്ട് പുതിയ ആളുകൾ

ഗ്രാമത്തിൽ വരുമ്പോൾ കാണാൻ നല്ല രസമുണ്ടായിരുന്നു. അവർ വാസനയുള്ള അത്തറും പൂശി വരുമായിരുന്നു. ഈ സുഗന്ധം കുശത്തെരുവിലാകെ പരക്കും. ഇന്ന് വെയിലും നാലിരട്ടിയായിരുന്നു. വലിയ മാവിനെ വകവെക്കാതെ വെയിലിന്റെ കിരണങ്ങൾ ഭൂമിയിൽ പതിക്കുന്നുണ്ടായിരുന്നു. ശോഷിച്ച കുശവൻ മഴക്കാലത്ത് മൂന്നു മാസം സഹിച്ച വിശപ്പ് മുഴുവൻ മറന്ന് ഈ ഉത്സവത്തിൽ പങ്കു ചേർന്നു.

പരമ്പരാഗതമായ ആചാരപ്രകാരം ഗണപതിയെ കൊണ്ടുപോകുവാൻ ദേശായി കോളനിയിലെ ആളുകൾ കൊട്ടും വാദ്യവുമായി വന്നു. വാദ്യങ്ങൾ മുഴക്കിക്കൊണ്ട് അവർ ഉത്സാഹത്തോടെ രാമചന്ദറിന്റെ വീട്ടിലേക്ക് നീങ്ങിത്തുടങ്ങി.

കുറച്ചു സമയം കൊണ്ട് അയാളുടെ മുറ്റത്ത് അവരുടെ വാദ്യമേളം തുടങ്ങിയെങ്കിലും പെട്ടെന്നു നിന്നു പോയി. ഉറക്കെയുള്ള സംസാരവും കേട്ടു. കുശവർ ആ വഴിയിലോട്ട് കാതോർത്തു നിന്നു. സീതായ മുറ്റത്തു വന്നു നിന്നു...

തലമുറകളായി നടന്നു വരുന്ന, കൊല്ലത്തിൽ ഒരിക്കൽ മാത്രം പരമ്പരാഗതമായി ആഘോഷിക്കുന്ന ഈ ഉത്സവത്തിൽ ഗണപതിയുടെ വില വാക്കുകൾ കൊണ്ട് പറഞ്ഞു മനസ്സിലാക്കുവാൻ പറ്റുകയില്ല എന്നായിരുന്നു പഴയ കാലം മുതൽക്കേ ഉള്ള നിയമം. വരുന്നവർ ഗണപതിക്ക് വെക്കുന്ന അന്നവസ്ത്രാദികൾ സ്വീകരിക്കുക എന്നതായിരുന്നു കീഴ്വഴക്കം. അത് ഇന്നു വരെ കുശവൻ പാലിച്ചു. പക്ഷെ ഇപ്പോൾ കാലം മോശമായി. സാധനങ്ങളുടെ വില ആകാശത്തോളമുയർന്നു. കുറെയാളുകൾ പഴയ നിയമത്തിന്റെ ഗുണാനുഭവത്തിന് വേണ്ടി വളരെ കുറച്ചു പണം മാത്രമേ ഗണപതിക്ക് വെച്ചുള്ളൂ. ഇത് കുശവന് ഒരു തരം ശ്വാസം മുട്ടലായിരുന്നു, വിഗ്രഹത്തിന് നിറം കൊടുക്കുന്ന ചായക്കൂട്ടിന്റെ വില പോലും അവന് കിട്ടിയില്ല.

രാമചന്ദർ ഇത് ശ്രദ്ധിച്ചിരുന്നു. സുബ്രായ് ദേസായിയുടെ ആളുകൾ കഴിഞ്ഞ നാലു വർഷമായി ദക്ഷിണയായി നൂറ്റി ഒന്നു രൂപ മാത്രം വെച്ച് ഗണപതി വിഗ്രഹം എടുത്തു കൊണ്ടുപോകുമായിരുന്നു. ഇത്തവണയും അത് തന്നെ ആവർത്തിച്ചത് കണ്ടപ്പോൾ അയാൾക്ക് ദേഷ്യം വന്നു. ദേഷ്യമടക്കി അയാൾ മൂന്നു വിരലുകൾ കാണിച്ച് മുന്നൂറു രൂപ വേണമെന്ന് അവകാശം പറഞ്ഞു. അവർ ഇത് കണ്ട ഭാവം നടിക്കാതെ മുന്നോട്ടു പോയി ഗണപതി വിഗ്രഹം പൊക്കിയെടുത്തു. ആരോ പറഞ്ഞു, 'തീർന്നു, തിർന്നു, ഇത്രയെയുള്ളൂ.'

രാമചന്ദർ അവരെ പിടിച്ചു നിർത്തി ദേഷ്യത്തോടെ പറഞ്ഞു, 'നാലഞ്ചു വർഷമായി ഞാൻ ശ്രദ്ധിച്ചുകൊണ്ടിരിക്കുകയാണ്, നൂറ്റി ഒന്നു രൂപയിട്ടിട്ട് നിങ്ങൾ ഗണപതിവിഗ്രഹം എടുത്തു കൊണ്ടുപോ

കുന്നു. നിങ്ങൾ, ദേസായിമാരുടെ ആസ്തി ഇത്രയേയുള്ളൂ എന്നു ഞങ്ങൾ മനസ്സിലാക്കുന്നു. വിലക്കയറ്റം എവിടെയെത്തി എന്നറിയാമോ? നിങ്ങളുടെ നൂറു രൂപക്ക് ഒരു നല്ല മീൻ പോലും കിട്ടുകയില്ല.'

അവരുടെ ഇടയിൽ കുറെ യുവാക്കൾ ഉണ്ടായിരുന്നു. അവർക്കിത് അപമാനമായി. അവർ തുരുതുരെ ശകാരിച്ചു തുടങ്ങി, 'ഞങ്ങളുടെ ആസ്തി നോക്കുന്നോ? മീനോ, എവിടെ മീൻ.... ദൈവം തന്ന കുളത്തിലെ കളിമണ്ണല്ലേ ഇത്. നീ കൊണ്ടുവന്ന് മെനഞ്ഞെടുത്തു, ഇത്തിരി ചായക്കൂട്ടും ചേർത്തു....'

രാമചന്ദറിന്റെ ദേഷ്യംകൂടി. 'ദൈവം തന്നതാണെന്ന് നിങ്ങൾ പറയുന്നു അല്ലേ? നിങ്ങൾ, കൃഷിക്കാരുടെ വയലുകളിൽ ദൈവം നെല്ലു വിളയിക്കുന്നുണ്ടെന്ന് കരുതി നിങ്ങൾ അത് വന്നവർക്ക് വെറുതെ കൊടുക്കുമോ? ഒരു മൺകലം വാങ്ങിയാൽ നിങ്ങളുടെ ഭാര്യമാർ നേല്ലിന്റെ പതിരല്ലേ വിലയായി തരുന്നത്?'

ഈ വഴക്ക് ഇനിയും കൂടിയേനെ. അപ്പോഴേക്കും യശവന്തും വിശ്രാമും അവിടെയെത്തി. ദേസായിമാരുടെ കൂട്ടത്തിലെ പ്രായമായ ഒരാൾ ഇത്തിരി അറിവുള്ള കൂട്ടത്തിലായിരുന്നു. അയാൾ മുമ്പോട്ടുവന്ന് പറഞ്ഞു, 'ദൈവത്തിനു മുന്നിൽ വഴക്കു കൂടുന്നതു ശരിയല്ല. അവിടെയും അതൃപ്തി കാണിക്കുകയാണെങ്കിൽ പിന്നെ ദൈവം എന്തിന്? ദേവപൂജയെന്തിന്?'

വിശ്രാമ് രാമചന്ദറിനെ കൈ പിടിച്ച് അകത്തേക്ക് കൊണ്ടുപോയി. അയാളുടെ ഭാര്യ ഇറമ്പത്ത് നിൽക്കുന്നുണ്ടായിരുന്നു. അവൾ പറഞ്ഞു, 'നിങ്ങളുടെ ദൈവമായിരിക്കാം. പക്ഷെ ഞങ്ങൾക്കത് ഉപജീവന മാർഗ്ഗമാണ്. നിങ്ങൾ ദേസായിമാരുടെ വലിയ പേരും പറഞ്ഞ് ഞങ്ങളുടെ വയറ്റത്ത ടിക്കുവാൻ നോക്കുകയാണ്. ഇതെന്തൊരഹങ്കാരമാണ്? 'ആനന്ദി പറഞ്ഞത് അൽപ്പം കൂടിപ്പോയി എന്ന് അവൾക്കു തന്നെ തോന്നി. അവർ അവളുടെ നേരെ ദേഷ്യത്തോടെ നോക്കി. ഒരാൾ പറഞ്ഞു, 'അവൾ ഞങ്ങളുടെ കുലവും പേരും പറഞ്ഞ് കളിക്കുകയാണ്. അവരു ടെ ഗണപതി വിഗ്രഹം ഞങ്ങൾക്ക് വേണ്ടാ. ഞങ്ങൾക്ക് തിരിച്ചു കൊടുക്കാം.'

പ്രായമായ ആൾ പറഞ്ഞു, 'ദൈവത്തെ പടി കടത്തി പുറത്തു കൊണ്ടുവന്നു. മുമ്പിൽ ദക്ഷിണയും വെച്ചു. അത് മാനിക്കാതെ തിരിച്ചു കൊണ്ടുപോകുന്നത് ശരിയല്ല. ഭാവിയിൽ കുട്ടികൾക്ക് നല്ലതു വരേണ്ടതല്ലേ?'

അവർ നോട്ടുകളെടുത്ത് ദക്ഷിണയായി വെച്ചു. യശവന്ത് പുറത്ത് നിൽക്കുന്നുണ്ടായിരുന്നു. അയാൾ രാമചന്ദറെ വിളിച്ച് പുറത്തേക്ക് കൊ

ണ്ടുപോയി ഗണപതി വിഗ്രഹം എടുത്ത് അവരുടെ തലയിൽ വെച്ചു കൊടുക്കുവാൻ പറഞ്ഞു.

രാമചന്ദർ നിശ്ശബ്ദനായി കൊട്ടും വാദ്യവും, വെടിക്കെട്ടും ഇല്ലാതെ ഗണപതി വിഗ്രഹം അവരുടെ തലയിൽ വെച്ചു കൊടുത്തു. അവരും നിശ്ശബ്ദരായി പോയിത്തുടങ്ങി.

കുറച്ചു മുന്നോട്ടു പോയപ്പോൾ അതിലെ പ്രായം ചെന്ന ഒരാൾ പുറകോട്ടു തിരിഞ്ഞ് പറഞ്ഞു, 'അടുത്ത വർഷം മുതൽ ഗണപതിവിഗ്രഹം ഉണ്ടാക്കേണ്ട. ഇതു തന്നെ അവസാനത്തെ ആയിക്കോട്ടെ. ഞങ്ങളുടെ പൂർവ്വികരുടെ വാക്ക് ഞങ്ങൾ തിരിച്ചെടുക്കുന്നു.'

അപ്പോൾ അവിടെ ശാന്തമായ ഒരു തണുപ്പ് അനുഭവപ്പെട്ടു. ചിറകൊടിഞ്ഞ കാക്ക പെട്ടെന്ന് മുമ്പിൽ വന്ന് വീണതു പോലെയായി. വിശ്രാമ് വീട്ടിലേക്ക് പോകാൻ തുടങ്ങുകയായിരുന്നു.

സീതായ മുറ്റത്തു നിന്നുകൊണ്ട് അയാളെ വിളിച്ചു, 'എന്തു പറ്റിയെടാ വിശ്രാമ്?'

'ദൈവത്തിന് മുമ്പിൽ വെച്ചുതന്നെ അവർ കലഹിച്ചു. വില പേശിയതാണ്. ദക്ഷണയായി വളരെ കുറച്ചു പണം മാത്രമേ വെച്ചുള്ളൂ. രാമചന്ദർ ചേട്ടൻ പറഞ്ഞു, നൂറ്റിഒന്നു രൂപക്ക് ഒരു മീൻ പോലും കിട്ടുകയില്ലെന്ന്. അവർ ദേഷ്യപ്പെട്ട് പോയി. ഇനി ഗണപതി വിഗ്രഹം വേണ്ട എന്നും പറഞ്ഞു.'

'ഇത് ശരിയായില്ല വിശ്രാമ്. എന്നെ വിവാഹം കഴിച്ചു കൊണ്ടു വന്നതു മുതൽ ഈ ദേസായിമാർ ഓരോ വർഷവും വന്ന് ഗണപതി വിഗ്രഹം കൊണ്ടുപോകുന്നതായി ഞാൻ കാണുന്നു. ആ ഒരു കാരണം കൊണ്ട് ഈ കുശത്തെരുവിൽ വലിയ ആൾക്കാരുടെ കാലടികൾ പതിക്കുമായിരുന്നു. പോകാൻ നേരത്ത് കുശത്തെരുവിന് ഒരു ശാപവും നൽകി അവർ പോയിക്കാണും.'

'എന്നാൽ സീതായ അമ്മേ, ഞാൻ പറയുന്നു, ഈ കാലത്ത് കുശവൻ എന്തിന് നിസ്സാരനാകണം? പുറംനാട്ടിൽ അഞ്ഞൂറും അറുന്നൂറും കൊടുത്ത് ഗണപതി വിഗ്രഹം വാങ്ങുന്നു. ഇവിടെ കുശവന്റെ മുമ്പിൽ നൂറു ഉറുപ്പിക എറിഞ്ഞു പോകുകയാണ്. ഞങ്ങളുടെ ഗണപതിക്ക് മാത്രം, ഞങ്ങളുടെ മൺകലങ്ങൾക്കുമാത്രം എന്തു കൊണ്ട് വിലയില്ല.? കുശവരുടെ വസ്ത്രംകൊണ്ട് അരിച്ചെടുക്കുന്ന മണ്ണിൽ കല്ല് ചേർത്തിട്ടുണ്ട് സീതായ അമ്മേ.'

'എന്നാലും വിശപ്പുണ്ടെന്നു വെച്ച് ആരെങ്കിലും ഉറവിടം നശിപ്പിക്കാറില്ല...' ഇത് പറഞ്ഞു കഴിഞ്ഞ് പിന്നെ സീതായ ഒന്നും തന്നെ മിണ്ടിയില്ല. അവർ നിശ്ശബ്ദയായി.

കഴിഞ്ഞ മാസത്തിന് മുമ്പ് അവരും ഉറവിടം നശിപ്പിക്കാനൊരുങ്ങിയതാണ്. സുമംഗലികൾ മൺകോപ്പകളും, മൺവിളക്കുകളും ഉണ്ടാക്കിത്തുടങ്ങിയപ്പോൾ ശാസ്ത്രം മാനിക്കാതെ അവർ ഒരു വിധവയാണെങ്കിലും ചക്രങ്ങളുടെ ഗോളകത്തിൽ കൈ വെച്ച് മൺകലങ്ങളുടെ കഴുത്തുകൾക്ക് ആകാരം കൊടുത്തു. അവ പിന്നെ കുറെ സമയത്തേക്ക് മുറ്റത്തിനപ്പുറത്ത് ആത്തചക്കയുടെ വൃക്ഷത്തിന്റെ മൂട്ടിൽ അങ്ങനെ തന്നെ കിടന്ന് ഉണങ്ങി പൊട്ടിപ്പോയി. ഒരു ദിവസം മരുമകൾ, താര, ദേഷ്യം കൊണ്ട് അവ കുട്ടയിലെടുത്ത് ദൂരെ കൊണ്ടുപോയി പൊട്ടിച്ചുകളഞ്ഞു. അവൾ മനസ്സിൽ പറഞ്ഞു, കാണുന്നത് ശവം, വരുന്നത് കരച്ചിൽ.

18

ഘനശ്യാമിന്റെ ഒരു ചിറ്റപ്പൻ മല്ലാപൂരിലുള്ള അമ്മായപ്പന്റെ വീട്ടിലാണ് താമസിച്ചിരുന്നത്. അയാൾക്ക് നാലു അൺമക്കളായിരുന്നു. ഒരു ദിവസം അയാളുടെ ഇളയ മകൻ സീതാറാമ് ഓർക്കാപ്പുറത്ത് കുശത്തെരുവിലെത്തി. അയാളുടെ കൂടെ അയാളുടെ ഭാര്യയുമുണ്ടായിരുന്നു. അവൾ വെളുത്തു വിടർന്ന മുഖമുള്ളവളും, ഒത്ത ശരീരമുള്ളവളും ആയിരുന്നു. അയാൾ വന്ന് ഘനശ്യാമിനോട് പറഞ്ഞു തുടങ്ങി, 'അവിടെ കച്ചവടം നഷ്ടത്തിലാണ്. ആരുടേയും സഹായമില്ല. ഞാൻ ഇവിടെ തന്നെ നിങ്ങളോടൊപ്പം താമസിക്കാം. നിന്റെ ചിറ്റപ്പന്റെ മകനാണല്ലോ.'

എന്നാൽ ഘനശ്യാമിന്റെ ഭാര്യ രുക്മിണി അവരെ കൂട്ടത്തിൽ പാർപ്പിക്കുവാൻ ഒരു വിധത്തിലും തയ്യാറായില്ല. അവൾ പറഞ്ഞു, 'അവിടെ നിങ്ങളുടെ വ്യാപാരം നഷ്ടത്തിലായി. ഇവിടെ എന്തിനാണ് വന്നിരിക്കുന്നത്? നീ അവരോട് വഴക്കുണ്ടാക്കിയിട്ടാണ് വന്നിരിക്കുന്നതെന്നു തോന്നുന്നു. വേണ്ട, ഞങ്ങളുടെ കൂടെ താമസിക്കേണ്ട. നിന്നെ എനിക്ക് നന്നായി അറിയാം. നീ എവിടേയും ഉറച്ചു നിൽക്കുന്ന മനുഷ്യനല്ല.'

അയാളും ഭാര്യയും തിണ്ണയിൽ അതു പോലെ തന്നെ ഇരുന്നു. കൂട്ടത്തിൽ ചാക്കിൽ കൊണ്ടുവന്ന കുറെ സാധനങ്ങളുമുണ്ടായിരുന്നു. രണ്ടു ദിവസം ഘനശ്യാം അയാൾക്ക് കഞ്ഞിയും ചോറും കൊടുത്തു. അയാൾ തിരിച്ചു പോയില്ല.

അയാൾ പറഞ്ഞു, 'എന്റെ പൂർവ്വികരുടെ സ്ഥലമാണിത്, ഞാൻ ഇവിടെ തന്നെ താമസിക്കും. അവിടെ വഴക്കുണ്ടാക്കിയാണ് ഞാൻ പോന്നിട്ടുള്ളത്. തിരിച്ച് ഇനി മുഖം പോലും കാണിക്കുകയില്ലെന്നു

പറഞ്ഞിട്ടാണ് വന്നിരിക്കുന്നത്.' ഘനശ്യാം ചിന്തിച്ചു, അവൻ സ്വന്തം തെരുവിൽ വന്നിരിക്കുന്നു. അവനും ഇവിടെ അവകാശമുണ്ടല്ലോ. അയാൾ സീതാറാമിനോട് പറഞ്ഞു,

'നിന്റെ കയ്യിൽ പണമെന്തെങ്കിലും ഉണ്ടോ? മുരിക്കുമരത്തിന്റെ അടുത്ത് ഒരു കുടിൽ ശരിയാക്കിയെടുക്കാം.'

താൻ അഞ്ഞൂറു രൂപയെടുക്കാം എന്നു പറഞ്ഞപ്പോൾ രണ്ടു ദിവസം കൊണ്ട് കാലു പിടിച്ച് ഏഴെട്ടു കുശവരേയും കൂട്ടി അവർ കാട്ടിൽ പോയി മേൽക്കൂരയുടെ കഴുക്കോലിനും, ഉത്തരത്തിനും, ഇതര ഭാഗങ്ങൾക്കും ആവശ്യമായ മര ഉരുപ്പടികൾ കൊണ്ടുവന്നു. ദിവസക്കൂലിക്ക് കുറച്ചു പേരെ വിളിച്ച് അവിടവിടെയായി കിടക്കുന്ന കല്ലുകൾ പെറുക്കി കൊണ്ടു വന്നു. കളിമണ്ണു കൊണ്ട് നെഞ്ചോളം പൊക്കംവരുന്ന നല്ല ബലമുള്ള മതിൽ കെട്ടി. പത്തു പന്ത്രണ്ടു ദിവസങ്ങൾ കൊണ്ട് പുല്ലും, മടലും ചേർത്ത് കുടിൽ മേഞ്ഞു. കാലു നീട്ടി ഉറങ്ങാൻ പറ്റുന്ന ഒരു മുറി മാത്രമേ ഉണ്ടായിരുന്നുള്ളൂ.

ഘനശ്യാമിന്റെ വീടിനു പുറകിൽ ഒരു വശത്ത് മൂലയോടു ചേർന്നായിരുന്നു കുടിൽ നിർമ്മിച്ചത്. അതിനു മുകളിൽ മുരിക്കിൻ വൃക്ഷം പടർന്നു നിൽക്കുന്നുണ്ടായിരുന്നു. പൗഷ, മാഘ മാസങ്ങൾ വരുമ്പോൾ അത് ചുമന്ന പൂക്കൾ കൊണ്ട് നിറയുമായിരുന്നു. കുടിലി ന്മേലും, അതിനു ചുറ്റുമുള്ള സ്ഥലത്തും നിറയെ പൂക്കൾ. പിന്നെ മുരിക്കിന്റെ ബീജകോശം പൊട്ടിത്തുടങ്ങുമ്പോൾ ചുമന്ന വിത്തുകൾ ചിതറിക്കിടക്കും. ആളുകൾ ആ കുടിലിന് മുരിക്കിൻകുടിൽ എന്നു വിളിക്കുമായിരുന്നു. ഈ വഴിയിൽ ആളുകളുടെ പോക്കുവരവും കുറവായിരുന്നു. കുടിലിന് തൊട്ടു താഴെക്കുള്ള വഴിയിൽ നെടുനീളെ വലിയ മുളങ്കാടുകൾ ഉണ്ട്. അതു കാരണം കുശത്തെരുവിന്റെ പുറ ത്തു കൂടി നോക്കുന്നവർക്ക് ആ ഭാഗത്ത് കുടിലുണ്ടെന്ന് മനസ്സി ലാ ക്കുക പ്രയാസമാണ്.

സീതാറാമിന്റെ ഭാര്യ വെളുത്തു തുടുത്ത ശരീരമുള്ളവളായിരുന്നു. അവൾ സാധുവായിരുന്നു. പക്ഷെ മറയിയുമായിരുന്നു. ആരെന്തു പറഞ്ഞാലും 'അതെ ചേച്ചീ' എന്ന് പറഞ്ഞ് തലയാട്ടി കാണിക്കും. 'എടീ, നിന്റെ ഭർത്താവ് നിന്നെ വിവാഹം കഴിക്കുന്നതിനു മുമ്പ് മൂന്നു തവണ വിവാഹം കഴിച്ചവനാണ്. മൂന്നു ഗ്രാമങ്ങളിലായി അയാൾക്ക് മൂന്നു ഭാര്യമാരുണ്ട്.' എന്നു പറഞ്ഞാൽ 'അതെ ചേച്ചീ, നന്നായി ചേച്ചീ' എന്ന് പറയും. പിന്നെ വേറെയെന്തെങ്കിലും സംസാരിക്കും. 'ഞാൻ ആറുമാസം വയറ്റിലുള്ള സമയത്ത് അമ്മ പഴം കഴിച്ച് തൊണ്ടു ജനാലയിൽ നിന്ന് പുറത്തെറിഞ്ഞു. അത് പുലയന്റെ കയ്യിൽ കിട്ടി. അയാൾ തമാശ പറയും, നിനക്ക് പഴവും എനിക്ക് പഴത്തൊലിയും.'

കാട്ടിൽ വിറക് ശേഖരിക്കാൻ പോയാൽ കാരസ്കരം, ഒതളം, എന്നു വേണ്ട ഏതു കൊള്ളരുതാത്ത വിറകായാലും കെട്ടിക്കൊണ്ടു വരും, ഭർത്താവിന്റെ ശകാരവും കേൾക്കും, അടിയും കൊള്ളും. അവൾ കുന്നിന്മേലും, കുളത്തിലും പോയി എത്ര ഭാരമുള്ള ചുമടാണെങ്കിലും കിതപ്പില്ലാതെ തന്നെ കൊണ്ടുവന്ന് മുറ്റത്തിടും. അധികവും മറ്റു ള്ളവരുടെ ചുമടാണ് അവൾ എടുക്കുന്നത്. അവളുടെ ഭർത്താവ് മൺ കലങ്ങൾ ഉണ്ടാക്കുകയില്ല. തനിക്കു വേണ്ട കളിമണ്ണ് തന്നത്താൻ കൊണ്ടുവരും. അതുകൊണ്ട് വിളക്കുകൾ ഉണ്ടാക്കും. മണ്ണും കൊണ്ട് സീതായയുടെ മുറ്റത്തു കൂടി പോകുമ്പോൾ അവൾ കേൾക്കേ പറയും, 'ഭ്രാന്തി ചൂളച്ചി, അവൾക്ക് മണ്ണ് അടിച്ചു പരത്താൻ അറിഞ്ഞു കൂടാ, നനയ്ക്കുവാനും അറിഞ്ഞുകൂടാ. പൊട്ടിപ്പെണ്ണ്.'

ബായ്ജ മാംസളമായ ശരീരമുള്ളവളായിരുന്നു. നെഞ്ച് ബ്ളൗസ്സിൽ നിറഞ്ഞു കാണാം. പക്ഷെ വിവാഹം കഴിഞ്ഞിട്ട് നാലു വർഷമായിട്ടും അവൾക്ക് കുട്ടികളുണ്ടായില്ല. സ്ത്രീകൾ അവളെ കളിയാക്കുമായി രുന്നു. 'എടീ പെണ്ണേ, നിന്റെ ഉടുക്കിൽ അടി കിട്ടാറില്ല അല്ലേ?'

അവൾ സ്വയം പറയും, 'എന്റെ അച്ഛൻ ഓന്തുകളെ കൊന്നു കൊ ണ്ടുവരും. അതിന്റ തൊലിയെടുത്ത് ഉടുക്കിൽ ഒട്ടിക്കുമായിരുന്നു. നന്നായി ഉടുക്കുകൊട്ടും. എന്റെ അച്ഛനെ അറിയുമോ? അമ്മയാണെ ങ്കിൽ ഓന്തിറച്ചി നന്നായി വെക്കും. എന്റെ ആൾ മൺകലം, താഴിക ക്കുടം, എന്തുണ്ടാക്കാൻ പറഞ്ഞാലും വിളക്കുകളാണുണ്ടാക്കുക.'

സീതാറാമ് വിളക്കുകൾ മാത്രമായിരുന്നു ഉണ്ടാക്കിയിരുന്നത്, അ തും ഭ്രാന്തു പിടിച്ച പോലെ. എല്ലാ ഗ്രാമങ്ങളിലും ഉത്സവത്തിന് അ യാൾ ഉണ്ടാക്കിയ വിളക്കുകളുടെ പഞ്ചാരത്* സ്ത്രീകളുടെ തലയിൽ കാണാമായിരുന്നു. വിളക്കുകളുടെ ഉത്സവസ്ഥലത്ത് ഒരിക്കലും അ യാൾ എത്താതിരിക്കുകയില്ല. കാൺകോൺ, കാർവാർ ഏതു ഗ്രാമ ത്തിലെ ഉത്സവമായാലും കാലേ കൂട്ടി മനസ്സിലാക്കി നാൽപത് അമ്പത് വിളക്കുകൾ ഉണ്ടാക്കി കുട്ടയിൽ നിറച്ച് അത് തലയിലെടുത്ത് നടക്കു വാൻ തുടങ്ങും. പിന്നെ നാലഞ്ചു ദിവസം നൃത്തമുണ്ടായിരുന്നു. എവിടെയൊക്കെ ഉത്സവം കൂടുകയും ആഹാരം കഴിക്കുകയും ചെയ്തു എന്ന് പറയാൻ പ്രയാസമായിരുന്നു. ഭാര്യ ഇവിടെ മറ്റുള്ളവരുടെ മണ്ണു നിറഞ്ഞ കുട്ടകൾ തലയിൽ ചുമക്കും ആരുടെയെങ്കിലും വീട്ടിൽ നിന്ന് കഞ്ഞി കുടിക്കും.

ഉത്സവത്തിന് പോകുമ്പോൾ പുറംലോകവും കണ്ടു വരും. ഭാര്യ സംസാരിക്കുമ്പോൾ എന്തെങ്കിലും തെറ്റ് പറ്റിയാൽ അവളെ പിടിച്ച് അടിക്കും. അവളാണെങ്കിൽ കൊച്ചുകുട്ടികളെപ്പോലെ കരയും.

* അഞ്ചു വിളക്കുകൾ കൂടിയ ഒറ്റ വിളക്ക്

'നിങ്ങൾ വരുമെന്ന് കരുതി നാഴിയരി ഞാൻ കാത്തു സൂക്ഷിച്ചു. ചോറ് വെന്തു കഴിഞ്ഞാൽ വേവ് കൂടുതലായി എന്നു പറയും. അതല്ലെങ്കിൽ വെന്തത് പോരാ എന്ന് പറയും. എനിക്ക് ഭ്രാന്താണെന്നും പറയും. ഒരു ദിവസം സീതാറാമ് ഉത്സവത്തിന് വിളക്കുകളുമായി പോയി. പിന്നെ തിരിച്ചു വന്നതേയില്ല. ദിവസം എട്ടു കഴിഞ്ഞു, പതിനഞ്ചു കഴിഞ്ഞു, ഒരു മാസം കഴിഞ്ഞു, മൂന്നു മാസം കഴിഞ്ഞു, അയാൾ വന്നില്ല. അയാൾ ഫതരപ്യായിൽ ഒരുത്തിയുമായി വീണ്ടും വിവാഹം കഴിച്ചുവെന്ന് മല്ലാപൂരിലെ അയാളുടെ സഹോദരനിൽ നിന്ന് അറിയാൻ കഴിഞ്ഞു.

വിവരം അറിഞ്ഞപ്പോൾ ഭാര്യ പറഞ്ഞു, 'ആ ആഭാസൻ അങ്ങനെ തന്നെയാണ്. വിളക്കുകൾ വിറ്റുതീർന്നാൽ താൻ ഉത്സവത്തിനു കനകാമ്പരപ്പൂക്കൾ വിൽക്കാനിരിക്കുമെന്ന് എന്നോടു പറഞ്ഞിരുന്നു. പൂക്കൾ ചൂടിച്ച് വിളക്കു തലയിൽ വെപ്പിച്ച് ആരെയെങ്കിലും ചതിച്ചു കാണും.' പകൽസമയത്ത് അവൾ ഇങ്ങനെ പറഞ്ഞെങ്കിലും സന്ധ്യയായപ്പോൾ കുടിലിന്റെ വാതിൽക്കൽ ഇരുന്ന് ആരോ മരിച്ചതുപോലെ തേങ്ങിത്തേങ്ങി കരഞ്ഞു തുടങ്ങി. പിന്നെ എവിടെയോ ദൂരത്ത് ഇരിക്കുന്ന മൂന്നാലു നായകൾ അവളുടെ കരച്ചിലിന് താളം പിടിക്കുന്ന മട്ടിൽ ഓലിയിട്ടു തുടങ്ങി. കുശത്തെരുവിൽ അവലക്ഷണവും, കൊടും ദുരിതവും വ്യാപിച്ച പോലെയായി.

എത്രയെത്ര പുരുഷന്മാരും, സ്ത്രീകളും ആ വഴിയിലൂടെ പോയി. യശവന്ത് പറഞ്ഞു, 'അവൻ മരിച്ചാൽ കരയുന്ന മാതിരി എന്തിനാണ് നീ കരയുന്നത്? അവൻ അവിടെ പോയി തന്റെ ചൊറിച്ചിൽ മാറ്റുന്നു. വരണമെന്നു തോന്നുമ്പോൾ വരും. നീ നിന്റെ കാര്യം നോക്കൂ.'

ആരെങ്കിലും കുന്നിലോ, കുളത്തിലോ കളിമണ്ണെടുക്കുവാൻ പോകുന്നതു കണ്ടാൽ അവൾ അയാളുടെ പുറകെ ഓടും. അയാളുടെ കൂടെ മണ്ണ് ചുമക്കും. വരണ്ടായെന്നു പറഞ്ഞാൽ കേൾക്കുകയില്ല. ആരെങ്കിലും മുറ്റത്ത് മണ്ണ് അടിച്ചു പരത്താനിരുന്നാൽ അവളും കലംതല്ലിയുമായി കൂടെയിരുന്ന് മണ്ണ് അടിച്ചു പരത്തും. ആരെങ്കിലും ചൂള തയ്യാറാക്കുമ്പോൾ അവിടെ മടിച്ചു മടിച്ചു നിൽക്കും. ഒരു ദിവസം ഗോപാലൻ ചൂള ഒരുക്കി. അടുക്കി വെക്കാൻ കയ്യിൽ മൺപാത്രങ്ങളുമായി വന്നപ്പോൾ തന്നെ അവൾ പറഞ്ഞു, 'ചൂളയിൽ മൺകലം പൊട്ടുകയാണെങ്കിൽ എനിക്കു തരണം. വയലിൽ പേക്കോലത്തിന്റെ തലയിൽ വെക്കാൻ വേണമെന്ന് ഒരു കൃഷിക്കാരൻ പറഞ്ഞു.'

ഗോപാലിന് പെട്ടെന്ന് ദേഷ്യം വന്നു. 'ആ ചൂളച്ചിയുടെ അവലക്ഷണം. ചൂളയൊരുക്കുമ്പോൾ തന്നെ മൺകലം പൊട്ടുന്ന കാര്യമാണ് പറയുന്നത്. പൊക്കോ, ഇവിടെ നിന്ന് എവിടെയെങ്കിലും

പൊക്കോ, അല്ലെങ്കിൽ തലയിൽ കുറുവടി കൊണ്ട് തല്ലും.' ഭർത്താവ് ഉപേക്ഷിച്ചു പോയപ്പോൾ മുതൽ മറ്റു പുരുഷന്മാർ അവളുടെ കുടിലിനരികെയെത്തുമ്പോൾ ഒരു തരത്തിലും അവൾ മടി കാണിക്കാറില്ലായിരുന്നു. കുളത്തിൽ ആരെങ്കിലും അവളുടെ തലയിൽ ചുമട് വെച്ചു കൊടുക്കുകയും അവളെ ഒന്നു പിച്ചുകയും ചെയ്യും, നെഞ്ചു ഞെക്കിപ്പിഴിയും. അവൾ 'ഷീ, വേദനിക്കുന്നു' എന്നു പറയും, പുറം തിരിഞ്ഞു പോകുകയും ചെയ്യും. ഇപ്പോൾ രാത്രികാലങ്ങളിൽ വളരെ വൈകി ആരെങ്കിലുമൊക്കെ അവളുടെ കുടിലിൽ കയറിച്ചെല്ലും. അവളുടെ അരക്കെട്ടിൽ കൈ കൊണ്ട് പിടിച്ച് അവളെ കിടത്തും. അവൾ തയ്യാറാണെന്നോ, അല്ലെന്നോ ഒന്നും മിണ്ടുകയില്ല. കുറുക്കന്മാരുടെ ഇടക്ക് വന്നുപെടുന്ന പെൺകുറുക്കനെപ്പോലെ 'ചീം, ചീം' എന്ന് ശബ്ദമുണ്ടാക്കി അവൾ മിണ്ടാതെ കിടക്കും. പ്രായമായവരും, അല്ലാത്തവരും അവിടെ വരും. പിന്നെ കുശത്തെരുവിന്റെ പുറത്തെ വഴിയിലൂടെ കൃഷിക്കാരിൽ പലരും വന്ന് അവളുടെ കുടിലിൽ കയറിത്തുടങ്ങി.

ഒന്നര വർഷം ഇങ്ങനെ കടന്നു പോയി. അനേകം പേർ ഇതിൽ കുരുങ്ങി. ആരും ഒന്നും മിണ്ടിയില്ല. സ്ത്രീകളും ഇതറിഞ്ഞു. അവർ ദുശ്ചിന്തയോടു കൂടി ഈ കളി കണ്ട് ആസ്വദിക്കുമായിരുന്നു. തമ്മിൽ തമ്മിൽ കുശുകുശുക്കും. അവർ പറയും, 'അവൾക്ക് അവളുടേതായ ശരീരമില്ല. അവൾക്കാ സുഖവും വേണ്ടാ.' പലതും മണത്തറിയുവാനായി ഉച്ച സമയത്ത് അവളുടെ കുടിലിൽ ചെന്ന് ഇരിക്കും. കുശത്തെരുവിൽ ഇങ്ങനെയൊരു സംഭവം ഇതു വരെയുണ്ടായിട്ടില്ല. ഇത് ആദ്യമായിട്ടാണ്. ഈ പുതിയ വാർത്ത സ്ത്രീകളും, പുരുഷന്മാരും തമാശയോടെ കേൾക്കുമായിരുന്നു.

ഒരു സ്ത്രീ സീതായയോടു ചെന്നു പറഞ്ഞു. സീതായ ഇതിന്റെ സത്യാവസ്ഥ കണ്ടെത്താനായി ഇത് രഹസ്യമായി നോക്കിക്കാണുകയായിരുന്നു. മരുമകൾ അടുത്തുണ്ടാകരുതെന്ന് അവർ പ്രത്യേകം ശ്രദ്ധിച്ചിരുന്നു.

ഒരു വശത്ത് യുവതിയായ മരുമകൾ വിധവയായി വീട്ടിനകത്ത് ജീവിക്കുന്നു. അവളുടെ ശ്വാസംമുട്ടൽ അവർ കണ്ടുകൊണ്ടിരുന്നു. അവൾ അടുപ്പിലെ കത്തുന്ന വിറകുകഷ്ണങ്ങൾ പുറത്തെടുത്ത് അടിക്കുന്നതും, പാത്രങ്ങൾ വലിച്ചെറിയുന്നതും സീതായ നിർവ്വികാരയായി നോക്കിക്കാണുമായിരുന്നു. ശരീരത്തിൽ നുള്ളിയാൽ പോലും അവൾക്ക് മിണ്ടാട്ടമില്ലായിരുന്നു. എന്നാലും ഗ്രാമത്തിലെ ഈ വക ദുരാചാരങ്ങളിൽ നിന്ന് അവർ തന്റെ മരുമകളെ മാറ്റി നിർത്തുമായിരുന്നു. സീതായ വളരെ ദൂരത്തായിരുന്നു താമസിച്ചിരുന്നത്. അല്ലെങ്കിൽ അവർ പോയി ബായ്ജയുടെ മുടിയിൽ പിടിച്ച് വലിച്ചിഴ

ച്ചേനേ.

ക്രമേണ ബായ്ജ എല്ലാവരേയും വെറുത്തു തുടങ്ങി. അവൾ നിശ്ശബ്ദയായി നടന്നു. ഏതെങ്കിലും പുരുഷന്റെ ശബ്ദം കേട്ടാലുടൻ അവൾ ഭയപ്പെടുമായിരുന്നു. അയാൾ അരയിൽ കൈ ചുറ്റുമ്പോൾ തന്നെ 'ഈ, ഈ' എന്നു പറഞ്ഞു കൊണ്ട് കൊച്ചു കുട്ടികളെപ്പോലെ കരയും.

ധർമ്മുവിന്റെ മുത്തശ്ശിക്ക് ഇപ്പോൾ തൊണ്ണൂറു വയസ്സ് തികഞ്ഞു കാണും. ധർമ്മുവിന്റെ അമ്മ നേരത്തെ തന്നെ മരിച്ചു. മുത്തശ്ശി ഇപ്പോഴും ജീവിച്ചിരിക്കുന്നുണ്ടായിരുന്നു. ധർമ്മുവിന്റെ മദ്യപാനം രണ്ടു മൂന്നു വർഷമായി വളരെ കൂടിയിരുന്നു. മദ്യപിച്ച് വയൽ വരമ്പിലും, പറമ്പിൽ എവിടെയുമൊക്കെ വീണു കിടക്കുന്നത് പതിവായിരുന്നു. വീട്ടിലെത്തിയാൽ വീട്ടുവരാന്തയിലിരുന്ന് ആരുടെയൊക്കെയോ പേർ ഉറക്കെ വിളി ച്ചുകൊണ്ടിരുന്നു. ശരീരമാണെങ്കിൽ ശോഷിച്ച് എല്ലും തോലുമായി. ഭാര്യയും മൂത്ത മകൻ പ്രേമാനന്ദും കുശവപ്പണി ചെയ്ത് എങ്ങനെയെ ങ്കിലും ജീവിക്കുമായിരുന്നു. ധർമ്മുവിന്റെ ഇളയ സഹോദരൻ, ശാണു ഭാര്യ മരിച്ചപ്പോൾ ഭ്രാന്തനെപ്പോലെയായി. മുത്തശ്ശിയെ നോക്കാൻ ആരുമില്ലായിരുന്നു. അവരും വാശിക്കാരിയായിരുന്നു. പുറത്തുനിന്ന് യാചിച്ച് കഴിക്കുന്നത് അവർക്കിഷ്ടമായിരുന്നു.. കയ്യിൽ ഒരു കോപ്പ യുമായി മറ്റുള്ളവരുടെ വീട്ടുവാതിൽക്കൽ പോകുക, കഞ്ഞി വാങ്ങി കുടിക്കുക, ഇതായിരുന്നു അവരുടെ പരിപാടി. ചിലപ്പോൾ അവർ കോപ്പയുമായി വടി കുത്തി 'ഹും. ഹും' എന്ന് ശബ്ദമുണ്ടാക്കി കൃഷിക്കാരുടെ കോളനിയിൽ പോകും. അവരുടെ വായിൽ പല്ലുകൾ ഒന്നും തന്നെ ഉണ്ടായിരുന്നില്ല. വായ കണ്ടാൽ ഒരു പഴ്സ് പോലെ തോന്നിക്കുമായിരുന്നു. ധർമ്മുവിനെപ്പോലെ അവരുടെ നിറം കറുപ്പാ യിരുന്നു. പിന്നെ കവിളുകൾ ഒട്ടിയിരുന്നതു കൊണ്ടും, നെറുകയിലെ തലമുടി കൊഴിഞ്ഞുപോയതു കൊണ്ടും അവർ വിരൂപയായി കാണ പ്പെട്ടു. കയ്യിൽ വടിയുമേന്തി മെലിഞ്ഞ കാലുകൾ വലിച്ചും കൊണ്ട് അവർ നടക്കും. അടുത്ത് വന്ന് കണ്ണുകൾ ചെറുതാക്കി നോക്കിക്കൊണ്ട് ചോദിക്കും, 'രാത്രി നിങ്ങളുടെ വീട്ടിൽ ആരാണ് കരഞ്ഞു കൊണ്ടി രുന്നത്?'

വളരെ മുമ്പ് അവർ ഒരു കഥ പറഞ്ഞിരുന്നു. ഒരിക്കൽ ഒരിടത്ത് ദൈവം സന്യാസിയുടെ വേഷം ധരിച്ച് കുശവന്റെ സത്യപരീക്ഷ നടത്താൻ ഭൂമിയിലേക്ക് വന്നു. ചൂളയിൽ വെക്കാനായി കുശവൻ മൺ കലങ്ങൾ തയ്യാറാക്കുമ്പോൾ അദ്ദേഹം സ്വർണ്ണത്തിന്റെ ഒരു ചെറിയ കലം കുശവൻ കാണാതെ പാത്രങ്ങൾക്കടിയിൽ വെച്ചു.

പിറ്റേ ദിവസം ചൂളയിൽ നിന്ന് പാത്രങ്ങൾ പുറത്തെടുക്കു മ്പോൾ

കുശവൻ സ്വർണ്ണത്തിന്റെ ഈ പാത്രം കണ്ടു. അയാൾ മിണ്ടാതെ അത് വീട്ടിനകത്ത് കൊണ്ടുവെച്ചു.

പിറ്റേ ദിവസം ദൈവം വാതിൽക്കൽ വന്നു ചോദിച്ചു, 'ചൂള എങ്ങനെയുണ്ടായിരുന്നു? അതിൽ നിന്ന് എന്തു കിട്ടി?'

കുശവൻ പറഞ്ഞു, 'എന്തു കിട്ടാൻ? കളിമണ്ണു ചാരവും കിട്ടി.'

ദൈവം ശപിച്ചു, 'നിങ്ങൾക്ക് ജീവിതത്തിൽ കളിമണ്ണും ചാരവും മാത്രമേ കിട്ടുകയുള്ളൂ.'

പിന്നെയെന്തു പറ്റി, ആ കുശവന് ഇളയ രണ്ടു സഹോദരന്മാർ ഉണ്ടായിരുന്നു. അവർ ആ സ്വർണ്ണ പാത്രത്തിനു വേണ്ടി വഴക്കിട്ട് തമ്മിൽ തമ്മിൽ തല്ലി മരിച്ചു.

ഇന്നും കുശവന്മാരിൽ സഹോദരസ്നേഹം ഒട്ടും തന്നെയില്ല. വിവാഹത്തിന് പിറ്റേ ദിവസം തന്നെ ഇളയ സഹോദരൻ രണ്ടാമതോരു അടുപ്പ് തയ്യാറാക്കുന്നു. അതിനുപരി കളിമണ്ണും ചാരവും തിന്നാൻ പാകത്തിൽ ദാരിദ്ര്യവും.

വയസ്സായ മുത്തശ്ശി രാത്രികാലങ്ങളിൽ തെരുവിൽ മുഴുവനും ചുറ്റി നടക്കുമായിരുന്നു. പുരുഷന്മാർ രാത്രിയിൽ ബായജയുടെ കുടിലിൽ കയറുന്നത് അവർ കാണാറുണ്ടായിരുന്നു. അവർ അവളെ കൊത്തി വിഴുങ്ങുന്നുണ്ടായിരുന്നു. കുടിലിന് പുറകുവശത്ത് ഒരു ജനാല മാത്രമേ ഉണ്ടായിരിന്നു. അതിൽ ചാക്കിട്ടിരുന്നു. ചാക്ക് സ്വൽപം മാറ്റി അവർ ഒളിഞ്ഞു നോക്കി. ചിമ്മിണി വിളക്കിന്റെ വെളിച്ചത്തിൽ അവർ കണ്ടു, പുരുഷൻ അരയിൽ കൈവെക്കുമ്പോൾ ബായ്ജയുടെ കര ച്ചിൽ കേൾക്കാമായിരുന്നു. പിന്നെ അയാളുടെ ശരീരത്തിനടിയി ലാകുമ്പോൾ അവൾ മിണ്ടാതെ കിടക്കും. കേവലം കിതച്ചു കൊണ്ടി രിക്കും. ഒരു ദിവസം നട്ടുച്ചക്ക് അവർ ബായ്ജയുടെ അടുത്തേക്ക് പോയി. പല്ലില്ലാത്ത വായകൊണ്ട് സ്ഫുടതയില്ലാത്ത വാക്കുകളിൽ അവൾ പറഞ്ഞു, 'ലൈംഗികമായി ആകർഷിക്കാൻ കഴിവുള്ള ഗ്രാമവേശ്യയായി നീ എല്ലാവരേയും വീട്ടിനകത്ത് കയറ്റുന്നോ? നിനക്ക്, ഭ്രാന്തിക്ക് ഇത്രയധികം ലൈംഗികാകർഷണമോ?'

'അവർ പുരുഷന്മാരല്ലേ ? കയറി വന്ന് മുറുക്കിപ്പിടിക്കും. ഞാനെന്തു ചെയ്യാനാണ്? ഭർത്താവ് എന്തിന് എന്നെ ഉപേക്ഷിച്ചുപോയി? അയാൾക്ക് എന്നോടൊപ്പം താമസിച്ചു കൂടേ?'

'ആരാ നിന്റെ വസ്ത്രങ്ങളിൽ കൈ വെക്കുന്നതെന്ന് നോക്കട്ടെ കലത്തിനകത്ത് എന്തെങ്കിലും ഉണ്ടെങ്കിൽ എനിക്കു തരൂ.'

അവൾ എല്ലാ രാത്രികളിലും ബായ്ജയുടെ കുടിലിന്റെ വാതിൽ ക്കൽ വട്ടം കിടന്ന് ഉറങ്ങുമായിരുന്നു. പുറത്ത് കാലൊച്ച കേൾക്കുമ്പോ

ൾ തന്നെ വടി കൊണ്ട് നിലത്തടിച്ച് ശബ്ദമുണ്ടാക്കും. ആരെങ്കിലും വന്ന് കുടിലിന്റെ വാതിലിൽ കൈ വെച്ചാൽ ശബ്ദത്തോടു കൂടിയ ഏമ്പക്കം വിട്ട് ചുമയ്ക്കും, ഇപ്പോൾ അവർ വന്നവന്റെ നേരെ കാർക്കിച്ചു തുപ്പുമെന്ന് തോന്നും. വന്നയാൾ ഉടൻ അപ്രത്യക്ഷനാകുമായിരുന്നു.

19

മുക്കുവർ മാവ് വിലക്കെടുക്കുവാൻ വീണ്ടും വന്നു. മൂന്നു പേർ വൃക്ഷത്തിന്റെ ചുവട്ടിൽ വന്ന് ചുറ്റും കറങ്ങിനടന്ന് നോക്കി. കൺമുകളിൽ കൈ വെച്ച് മുകളിലോട്ട് നോക്കി. ആരോ വൃക്ഷത്തിന് ചുവട്ടിൽ വന്ന് സംസാരിക്കുന്നു, വൃക്ഷം നോക്കിക്കാണുന്നു. ഗോപാൽ, പുരുഷൻ, ശിവറാമ് തങ്ങളുടെ ജോലി വിട്ട് അവരുടെ അടുത്തെത്തി. പുരുഷൻ പറഞ്ഞു,

'നേരത്തെ ഒരു പ്രാവശ്യം മാവ് തരികയില്ലെന്നു പറഞ്ഞ് ഞങ്ങൾ നിങ്ങളെ തിരിച്ചയച്ചതല്ലേ? വീണ്ടും നിങ്ങൾ എന്തിനു വന്നു?'

'ഇപ്പോൾ വൃക്ഷം തരുമെന്ന് നിങ്ങളുടെ ആൾ വന്ന് പറഞ്ഞു.
ആരാണവൻ?'

അവർ മിണ്ടിയില്ല. 'കണ്ടാലറിയാം. പേര് അറിഞ്ഞുകൂടാ.'

എല്ലാവരും കുറച്ചു നേരം നിശ്ശബ്ദരായി നിന്നു. ഇപ്പോൾ 'ഇല്ല' എന്നു പറയാനുള്ള ശക്തി കുശവരിലുണ്ടായിരുന്നില്ല. വ്യവസായം നഷ്ടത്തിലാണ്. ഓരോരുത്തനും ബുദ്ധിമുട്ട് അനുഭവിക്കുന്നു. ഗോപാലിന്റെ മകൾക്ക് പതിനാറു വയസ്സ് തികഞ്ഞു. കുശവപ്പെണ്ണിന് പതിനാറ് എന്നു പറഞ്ഞാൽ പ്രായം വളരെ അധികമായി. യശവന്തിന്റെ വീടിന്റെ പുറകുവശത്തുള്ള ഓല മേഞ്ഞ ഭാഗം ഒടിഞ്ഞ് വീണുകിടക്കുന്നു. ധർമ്മുവിന്റെ മദ്യാസക്തി ദിവസം തോറും വർദ്ധിച്ചു കൊണ്ടേയിരുന്നു. സീതായക്ക് കൊച്ചുമക്കളുടെ വിശപ്പു കൊണ്ടുള്ള വിളി സഹിക്കാൻ പറ്റാതായി. ഓരോരുത്തനും ഏതെങ്കിലും കഷ്ടപ്പാടിൽ അകപ്പെട്ടിരിക്കുന്നു.

അവർ മുക്കുവരോടു പറഞ്ഞു, 'ഞങ്ങൾ വൈകിട്ട് എല്ലാവരേയും വിളിച്ചിട്ട് ഒന്നാലോചിക്കട്ടെ. അവരുടെ അനുവാദം കൂടി വാങ്ങട്ടെ. എന്നാൽ കുറഞ്ഞ വിലയ്ക്ക് കൊണ്ടുപോകാമെന്ന് കരുതണ്ടാ. ഒന്നു രണ്ടു ദിവസം കഴിഞ്ഞ് വരൂ.'

'വരാം, വരാം. കൂടുതലോ കുറവോ പ്രശ്നമല്ല, ഞങ്ങൾ അതു

വാങ്ങും. തീർച്ച.'

അവർ പോയി. വൈകുന്നേരം ഓരോ കുശവനും നിശ്ശബ്ദനായി വന്ന് വൃദ്ധനായ സൊയ്റുവിന്റെ മുറ്റത്ത് ഒരുമിച്ചു കൂടി. ഓരോരുത്ത ന്റെയും മനസ്സിൽ തോന്നി, ഇത് നാടിന് തണലാണ്, കുട്ടികൾക്ക് ഇഷ്ട മാണ്, ഇത് വിൽക്കരുത്. മാങ്ങയുണ്ടാകുന്നകാലത്ത് ഇവിടെ ഒരു ഉത്സവം തന്നെയാണ്. ഇത് കുശവരുടെ പൊതുമുതലാണ്. ഇതു കണ്ട് കുശവർക്ക് അവരൊന്നാണെന്നുള്ള ഭാവം ഉണ്ടാകുന്നു. എന്നാൽ ബുദ്ധിമുട്ടുമ്പോൾ ഓരോ പൈസയും പൂർണ്ണചന്ദ്രന്റെ മുദ്രയെന്നവണ്ണം കൺമുമ്പിൽ കാണാമായിരുന്നു.

പണ്ട് ഈ കുശവർ വിവരം തേടുമ്പോൾ തങ്ങളുടെ ബലം കാണിച്ച് ഓരോരുത്തനേയും വെവ്വേറെയായി കാണുമായിരുന്നു. പക്ഷേ ഇന്നോ എല്ലാവരും നിശ്ശബ്ദരായിരിക്കുന്നു. എങ്ങനെയെങ്കിലും ആരെങ്കിലു മൊരാൾ ഇതിനെപ്പറ്റി സംസാരിച്ച് തീരുമാനമെടുക്കട്ടെ എന്ന് എല്ലാ വർക്കും തോന്നിയിരുന്നു. ഓരോരുത്തന്റെയും വെവ്വേറെ വാക്കു കൊ ണ്ട് തങ്ങളുടെ കാര്യങ്ങളിൽ വിഘ്നം വരുത്തേണ്ടാ എന്ന് അവർക്ക് തോന്നി. എല്ലാം ശരിയാണെന്ന് പറഞ്ഞ് തല കുലുക്കാം എന്ന് മാത്രം അവർ വിചാരിച്ചു.

എല്ലാവരും കുറെ സമയം മിണ്ടാതിരുന്നു. രാമചന്ദർ എല്ലാവരും തയ്യാറാണെന്ന് വിശ്വസിച്ച് ഇടക്ക് കയറി പറഞ്ഞു, 'പതിനഞ്ച് തരു മെന്ന് പുറകെ നിന്ന് കേട്ടു. ഞങ്ങൾ അത് ഇരുപത്തിഅഞ്ചിനല്ലാതെ കൊടുക്കുകയില്ല.'

'അതെ, ഇരുപത്തിയഞ്ച് പറയാം' പുരുഷൻ പറഞ്ഞു.

ഘനശ്യാം നന്നായി ചിന്തിച്ചു കൊണ്ട് പറഞ്ഞു, 'എറ്റവും കുറവ് ഇരുപത്തിനാല് വരെ പറയാം. അതിൽ കുറവ് ഇല്ലേ, ഇല്ല. 'ഘന ശ്യാമിന്റെ കണക്ക് വളരെ എളുപ്പമായിരുന്നു. ഇരുപത്തിനാല് എന്നു പറയുമ്പോൾ എട്ടു വീടുകൾക്ക് മൂവായിരം വീതം പങ്കിട്ടെടുക്കാം.

രാഘോബ എല്ലാവരോടുമായി ചോദിച്ചു, 'മരം കൊടുക്കണ്ടേ?'

മൂലയിൽ നിന്ന് പതിഞ്ഞ സ്വരം കേട്ടു, 'അത് വളരെ അധികം ത ണലുണ്ടാക്കുന്നു, വർഷം മുഴുവനും തണുപ്പ്, മൺകലങ്ങൾ ഉണക്കാ നുള്ള സ്ഥലം പുറത്തന്വേഷിക്കണം'

സീതായയും ഒരു വശത്ത് മാറിനിന്നു. ഇത് കേട്ട് അവർക്ക് കര യണോ, ചിരിക്കണോ എന്നു മനസ്സിലായില്ല. പല്ലിറുക്കി അവർ മിണ്ടാ തെ നിന്നു. പിന്നെ ആരും ഇതിനെപ്പറ്റി ഒന്നും സംസാരിച്ചില്ല.

അധികം തർക്കിക്കാതെ എല്ലാവരും കൂടി ഏകകണ്ഠമായി തീരു

മാനിച്ചു. എല്ലാവരുടെ മനസ്സിലും മരം കൊടുക്കണമെന്നുണ്ട്. പിന്നെ അവർ യശവന്തിനേയും, പുരുഷനേയും കച്ചവടം ഉറപ്പിക്കാൻ വേണ്ടി മുക്കുവരോട് സംസാരിക്കാൻ ഏർപ്പാടാക്കി. എല്ലാവരും ഓരോരുത്തരായി അവിടെ നിന്നും പോയി.

ഒരു ദിവസം പത്തു പന്ത്രണ്ട് മുക്കുവർ വലിയ വടവുമായി വന്നു. അവരിൽ രണ്ടു പേർ മരം വെട്ടുന്നതിൽ വൈദഗ്ധ്യമുള്ളവരായിരുന്നു. അവർ കയറിട്ട് മുകളിൽ മരത്തുമ്പത്ത് കയറി. ആദ്യം തന്നെ അവർ വൃക്ഷം മുഴുവനും താഴെവരെ അളന്നു. വൃക്ഷത്തിന്റെ മുകളിൽ നിൽക്കുമ്പോൾ ആകാശത്ത് നിൽക്കുന്നതു പോലെ തോന്നി. താഴെ നിന്ന് അവരെ കാണുന്നവർക്ക് തല ചുറ്റുന്നതുപോലെ തോന്നിയിരുന്നു. ജോലി അൽപ്പം അപകടസാധ്യതയുള്ളതായിരുന്നു. ശാഖകളൊക്കെ ഓരോ വീടിനു മുകളിലും പടർന്നുനിന്നിരുന്നു. ശാഖകൾ സൂക്ഷിച്ചുവെട്ടുന്നതായിരുന്നു ആവശ്യം.

പകൽ മുഴുവനും രണ്ടുപേരും കൂടി മരം വെട്ടി മറിച്ചിട്ടു. പിറ്റേ ദിവസം ഓരോ ശാഖയും താഴെ ഇറക്കി. മരം വെട്ടിയിട്ടപ്പോൾ തന്നെ കുശത്തെരുവിലാകമാനം ആകാശം തെളിഞ്ഞു കണ്ടു. സൂര്യൻ വാതിൽക്കൽ വന്നുനിൽക്കുന്ന പോലെ തോന്നി. ഇത്രയും കാലം പുതിയതാണെന്നു തോന്നിയിരുന്ന മേൽക്കൂരകൾ മോശമായവയും, കുനിഞ്ഞ് നിൽക്കുന്നതും, കോട്ടമുള്ളവയായും തോന്നി. പകൽ മുഴുവനും കുശവർ അസ്വസ്ഥരായി അകത്തും പുറത്തമായി ഉലാത്തുകയായിരുന്നു. അവർക്ക് വീടിന്റെ മേൽകൂടുകൾ തണൽ കൊണ്ട് മറയ്ക്കണമെന്ന് തോന്നി. ഇങ്ങനെ തുറന്നു കിടക്കുന്ന ആകാശം, ഈ വെളിച്ചം, തങ്ങൾക്ക് സഹിക്കാൻ വയ്യ! മാത്രമല്ല, തങ്ങൾ സ്വന്തമായി കണ്ടിരുന്ന പൊതുവായ തണൽ വിറ്റു മുടിച്ചല്ലോ എന്നുള്ള മനോവേദന നിമിത്തം അവർ പുളയുകയായിരുന്നു.

ആദ്യത്തെ ശാഖ ഭൂമിയിൽ വീണുകൊ ണ്ടിരിക്കുമ്പോൾ തന്നെ ധർമ്മൻ എവിടെ നിന്നോ വന്നു. അവൻ മദ്യത്തിന്റെ മയക്കത്തിലായിരുന്നു. വന്ന ഉടനെ വഴക്കു തുടങ്ങി. 'എടാ, വലിയ വഞ്ചിക്കാരാ, നീ വൃക്ഷം മുറിക്കുന്നതിനു മുമ്പ് അതിനെ പൂജിച്ചോ?'

'അതെ, ആദ്യം നമസ്കരിച്ചു തന്നെയാണ് വെട്ടിയത്.'

'വൃക്ഷത്തിനു മേൽ ചന്ദനവും, പുഷ്പവുമില്ലാത്തത് എന്തുകൊണ്ട്?'

'അങ്ങനെ പൂജിച്ചില്ല, വെറുതെയൊന്നു നമസ്കരിച്ചു.'

'സാരമില്ല. ഈ സ്ഥലം മുഴുവനും കൃഷിക്കാരുടെയാണ്. വൃക്ഷം സർക്കാറിന്റേതും. ഇത് കുശവർക്ക് താമസിക്കാൻ വേണ്ടി നൽകിയ

വേരുകളിൽ നിന്ന് വെള്ളത്തുള്ളികൾ ഊർന്നു വീഴുന്നു. ആരുടെ പേര് പറഞ്ഞാണ് അത് വിലപിച്ചത്? ആരെയാണ് ശപിച്ചത്?

അന്നേ ദിവസം തന്നെ കുശവർ തങ്ങളുടെ വീതം വാങ്ങിച്ചു, ഓരോ വീട്ടിലും മുവ്വായിരം വീതം. രണ്ടു സഹോദരന്മാരുള്ള വീടുകളിൽ രണ്ടു പേർക്കും വീതം നൽകി. പണം കിട്ടിയതിന്റെ ഉത്സാഹം ആരുടെയും മുഖത്ത് കണ്ടില്ല. ധർമ്മു മാത്രം എട്ടു ദിവസം കലഹമുണ്ടാക്കി. അവന്റെ പണം ഭാര്യയെയാണ് ഏൽപ്പിച്ചത്. മദ്യപിക്കാൻ പണം വേണമെന്ന് ആവശ്യപ്പെട്ട് അവൻ ഭാര്യയെ ശകാരിച്ചുകൊണ്ടിരുന്നു. ഭാര്യയെ പണം എൽപിച്ചവരേയും എന്തിനിങ്ങനെ ചെയ്തുവെന്ന് ചോദിച്ചുകൊണ്ട് അവൻ ശകാരിച്ചു. അവന്റെ സഹോദരൻ ശാണു അവർക്കിടയിൽ നിന്നു. അയാൾ പറഞ്ഞു, 'നിങ്ങൾ പണം ചേട്ടത്തിയെ ഏൽപ്പിക്കല്ലേ . എന്റെ വീതവും ഉണ്ടെന്ന് പറയൂ.' സീതായക്ക് മാത്രം ആശ്വാസമായി. അവൾ പറഞ്ഞു, മരുമകൾക്ക് ഒരു പുതിയ സാരി വാങ്ങാൻ പറ്റും. അവൾ ഉടുക്കുന്ന സാരികൾ കണ്ട് എനിക്കു പോലും ലജ്ജ തോന്നുമായിരുന്നു. കൊച്ചുമോന് ഒരു ഷർട്ടും, നിക്കറും തയ്പ്പിക്കണം. തോളിന്റെ വശം കീറിയ ഷർട്ട് ധരിച്ചാണ് അവൻ സ്കൂളിലേക്ക് പോകുന്നത്. മഴയ്ക്കു മുമ്പ് ഒരു ചാക്ക് അരി വാങ്ങിവെക്കണം. മഴക്കാലത്ത് ഒരു ചാക്ക് അരി, ഇത് വിചാരിച്ചപ്പോൾ തന്നെ അവർക്ക് സന്തോഷമായി.

20

രാത്രി പത്തു മണിയായി. രാഘോബ വരാന്തയിലിരുന്ന് മൺകലങ്ങൾ ഉണ്ടാക്കിക്കൊണ്ടിരുന്നു. മൺകലം വളരെ വലുതായിരുന്നു. മുൻവശത്തെ കുഴിയിലിട്ട് തിരിച്ച് തിരിച്ച് അയാൾ അത് ശരിയാക്കിയെടുത്തു. കത്തിച്ചു വെച്ചിരുന്ന വിളക്കിന്റെ വെളിച്ചത്തിൽ കലം ബലിപീഠത്തിൽ ഇരിക്കുന്ന ദൈവത്തെപ്പോലെ തോന്നിച്ചു. ഒരു കയ്യിൽ കലംതല്ലിയും, മറുകയ്യിൽ പിടിച്ച കല്ലും കൃത്യം ലക്ഷ്യത്തിൽ പതിക്കുന്ന വിധം അയാൾ അടിച്ചുകൊണ്ടിരുന്നു. ഇടക്കിടയ്ക്ക് ചുമന്ന മണ്ണിൽ കളിമണ്ണ് ചേർത്തുകൊണ്ടിരുന്നു. മണ്ണ് ഉണങ്ങുമ്പോൾ വശത്തു വെച്ച കലത്തിലെ വെള്ളത്തിൽ മുക്കിയ തുണി കൊണ്ട് ഇടക്കിടയ്ക്ക് നനച്ചു കൊണ്ടിരുന്നു. അങ്ങനെ മണ്ണ് കലംതല്ലിക്ക് അനുസൃതമായി ഓടിക്കൊണ്ടിരുന്നു. അപ്പോഴാണ് ഗോപാൽ കയറിവന്നത്. അവിടെയുള്ള ഒരു ഇരിപ്പുപലകയെടുത്ത് അയാൾ മുമ്പിൽതന്നെ ഇരുന്നു. അയാളുടെ കൈകളിൽ മണ്ണു പറ്റിയിരുന്നു. അയാളും കലമുണ്ടാക്കുന്നത് വിട്ട് ഓടിവന്നതാണെന്നു തോന്നുന്നു.

താണ്. സാരമില്ല, ഇപ്പോൾ ഞാൻ പോയി കൃഷിക്കാരോട് പറയാം, സർക്കാറിനെ അറിയിക്കാം. ഒന്നും തന്നെ അനക്കാൻ പറ്റുകയില്ല.'

'നിങ്ങൾ സൊയ്റു ഭഗത്തുമായി ഇരുപത്തി നാലായിരം രൂപാക്ക് ഉറപ്പാക്കി.'

'ഇരുപത്തിയഞ്ച് പറഞ്ഞതാ, ഇരുപത്തിനാലായിരത്തിൽ ഉറപ്പിച്ചു.'

'എനിക്കറിയാം ആ പുരുഷനും, യശവന്തും കൂടി നിങ്ങളുടെ പക്കൽ നിന്ന് കമ്മീഷൻ വാങ്ങിക്കാണും.'

'അങ്ങനെയോന്നുമുണ്ടായില്ല', മുക്കുവൻ പറഞ്ഞു.

'എന്തുകൊണ്ട്? ഞാൻ വനപാലകന്റെ അടുത്തേക്കാണ് പോകുന്നത്.'

രാമചന്ദർ അവിടെ തന്നെ ഒരു വശത്ത് മാറി നിൽക്കുകയായിരുന്നു. അയാൾ മുന്നിലോട്ടു വന്ന് ദേഷ്യത്തോടെ പറഞ്ഞു, 'നെറികെട്ടവനെ, വഞ്ചകാ, നീ സർക്കാറിന്റെയും, കൃഷിക്കാരുടെയും പേര് പറഞ്ഞ് പേടിപ്പിക്കുകയാണ് അല്ലേ? കഴിഞ്ഞ നൂറു വർഷങ്ങളായി കുശവർ ഇവിടെ താമസിക്കുന്നു. സർക്കാറിന്റെ ലിസ്റ്റിൽ ഞങ്ങളുടെ പേര് വന്നു കഴിഞ്ഞു. അവരെ വിളിച്ചു കൊണ്ടുവാ. അവരെന്തു ചെയ്യുമെന്ന് ഞാനൊന്നു കാണട്ടെ. മദ്യത്തിനോടും, മൂത്രത്തിനോടും കൂടുതൽ ഇഷ്ടമാണെങ്കിൽ അവരുടെ കയ്യിൽനിന്ന് അഞ്ചോ, പത്തോ വാങ്ങിച്ചോളൂ. ഇത്തരത്തിൽ ഭയപ്പെടുത്തേണ്ട.'

വയസ്സുമൂത്ത ആ മുക്കുവൻ ധർമ്മുവിനെ അടുത്തുവിളിച്ചു. പത്തിന്റെ രണ്ടു നോട്ടുകളെടുത്ത് അവന് കൊടുത്തു. അവൻ പോയി. പോകുമ്പോൾ അവ്യക്തമായി പറയുകയായിരുന്നു ... 'ഈ തെരുവിൽ മീൻകുമ്പാരം കെട്ടിക്കിടക്കും കണ്ടോളൂ, നല്ല മീനുകൾ, പല തരത്തിലുള്ളവ. കുശവരെ ഓർമ്മിക്കുക, അവർ എത്തിച്ചു തരും. ഈ കുശവർ ഈശ്വരന്മാരെയുണ്ടാക്കുന്നു. സ്വാർത്ഥികളായ കൃഷിക്കാരെപ്പോലെ കഴുത്തിൽ കലപ്പ കെട്ടി കാളകളുടെ പുറംഭാഗം അടിച്ചു പൊട്ടിക്കുന്നില്ല....'

മൂന്നാം ദിവസം മുക്കുവർ വൃക്ഷത്തിന്റെ ചുവട് കുഴിച്ച് വേരോടെ വെട്ടി നീക്കി. ഇത് വളരെ പ്രയാസമുള്ള ജോലിയായിരുന്നു. നൂറുകണക്കിന് വർഷങ്ങൾ മണ്ണിലെ തണുപ്പ് വലിച്ചെടുത്ത് ഇലകൾ, പൂവുകൾ, പഴങ്ങൾ എന്നിവയുടെ രൂപത്തിൽ മുതിർന്നവരേയും, അല്ലാത്തവരേയും ആശ്വാസം നൽകിയിരുന്ന ആ ദേവർഷി അടി കൊണ്ട് കഴുത്ത് വെട്ടിയെടുത്ത പോലെ ഭൂമിയിലോട്ട് വീണു. ഇന്നലെ വരെ ഭൂമിയെ അടിവേരാക്കി ആകാശത്തെ ശാഖകളാക്കി ഈ വൃക്ഷമിവിടെ നില നിന്നു. ഇന്നിതാ അതിന്റെ വെട്ടിയ തടി നിലത്ത് കുറുകെ കിടക്കുന്നു.

'അറിയാമോ രാഘോബാ, കുശവന്റെ കൈകളിൽ ദത്താത്രേയന്റെ നാലു കൈകളിലെന്നപോലെ നാല് അസ്ത്രങ്ങളുണ്ട്.... ചക്രം, പദ്മം, ഗദ. ശംഖ്.. ചക്രം സുദർശനചക്രം പോലെ കുശവൻ ചലിപ്പിക്കുന്നു. നമ്മൾ മണ്ണടിച്ച് പരത്താനുപയോഗിക്കുന്ന കലംതല്ലിയാണ് ഗദ. കയ്യിൽ ചുറ്റികയെടുത്ത് സൂക്ഷ്മതയോടെ കലമുണ്ടാക്കുന്നു, അതിന് ആകൃതി കൊടുക്കുന്നു. അതാണ് പദ്മം, എന്നു പറഞ്ഞാൽ താമര. മണ്ണിനകത്ത് ഉരുണ്ടുരുണ്ട് കിടക്കുന്ന കല്ലുകൾ ശംഖിനെപ്പോലെ ഇരിക്കും.'

'വളരെ ശരിയാണ് ഗോപാലണ്ണാ, എല്ലാറ്റിലും ആദ്യമുണ്ടായത് ഈ ജോലിയാണ്. ബ്രഹ്മദേവൻ ഭൂമിയുണ്ടാക്കുമ്പോൾ ഗണേശന് ആഹാരവും വസ്ത്രവും വെച്ച് പൂജിച്ചു. ആ സമയത്ത് ആദരവോടെ കുശവനെയാണത്രേ പൂർണ്ണകുംഭത്തോടെ വിളിച്ചു കൊണ്ടു പോയത്. ഒന്നാംസ്ഥാനം അമ്പലത്തിനായിരുന്നു. അവിടെ കൊടിമരത്തിന്മേൽ കുശവൻ തീർത്ത താഴികക്കുടങ്ങളാണ് ഉള്ളത്. ഞങ്ങളുടെ പൂർവ്വികർ ഒരാൾ പൊക്കമുള്ള ഭംഗിയുള്ള താഴികക്കുടങ്ങൾ നിർമ്മിക്കുമായിരുന്നു. കുശ്ട മുത്തച്ഛൻ ആദ്യമാദ്യം കുറെ നല്ല കാര്യങ്ങൾ പറഞ്ഞുകൊണ്ടിരുന്നു. മരണത്തിനു മാത്രമല്ല പലനല്ല കാര്യങ്ങൾക്കും, വിവാഹം, വിത്ത് വിതയ്ക്കുന്നതിന് മുമ്പുള്ള സ്ഥലപൂജ, ഉപനയനം, ഗൃഹപ്രവേശം, ശാന്തിപൂജ എന്നിവക്ക് ഞങ്ങളുടെ കലങ്ങ ളായിരുന്നു ഉപയോഗിച്ചുകൊണ്ടിരുന്നത്. കലങ്ങൾ പല തരമുണ്ട്. ചട്ടി, കുടം, പാന, കയിൽ, വറവുചട്ടി, കോരി മുതലായവ.

എന്നാൽ ഇപ്പോൾ ഞങ്ങൾ കുടങ്ങൾ മാത്രമുണ്ടാക്കുന്നു.

'പറയൂ, എന്തിനാണ് വന്നത്?' രാഘോബ ചോദിച്ചു.

ഗോപാൽ പറഞ്ഞു,

'മകൾ ശകുന്തളക്ക് ഒരു വിവാഹാലോചന വന്നിരിക്കുന്നു. കണസഗിരിയിൽനിന്ന്. ചെറുക്കന്റെ പേര് ഹരി മുൾവേകാർ എന്നാണ്. നിങ്ങളുടെ ഭാര്യവീട് അവിടെയാണല്ലോ. ചെറുക്കൻ കൊള്ളാമോ? അവന്റെ അച്ഛൻ എങ്ങനെയാണ്?'

രാഘോബ പറഞ്ഞു,

'അമ്മായച്ഛന്റെ വീടോ, കണസഗിരിയിൽ ഞാൻ പോയിട്ട് കുറെ വർഷങ്ങളായി. ഞങ്ങളുടെ സ്ത്രീകളാണ് നാട് ചുറ്റുന്നത്. പുരുഷന്മാരുടെ ചന്തിക്കടിയിലെ ചാക്കുകഷ്ണം ഒരിക്കലും ഒഴിഞ്ഞുകിട്ടുകയില്ല. കലമുണ്ടാക്കുക, അത് ചൂളയിൽ വെക്കുക. സ്ത്രീകളുടെ തലയിൽ വലക്കൂടുകൾ വെച്ചുകൊടുത്താൽ ഞങ്ങൾ മുക്തരായി. എനിക്കവിടെ പരിചയം പോരാ. അപരൂപെയോടു ചോദിച്ചു നോക്കൂ.'

അപരൂപെം അകത്തെ മുറിയുടെ വാതിൽക്കൽ നിൽക്കുന്നുണ്ടായിരുന്നു. വിവാഹത്തിനു ശേഷം എട്ടു വർഷം കഴിഞ്ഞപ്പോൾ അവൾക്ക് ഗർഭമുണ്ടായി. തേൻ, നെയ്യ് മുതലായവ കൂട്ടി ഊണു കഴിച്ചു വന്നതുപോലെ സന്തോഷവതിയായി കണ്ടു. സാധാരണയുള്ള കറുത്ത നിറം മാറി വെളുത്തുതുടുത്തിരുന്നു. അവൾ മുല്ലപ്പൂ പറിക്കുമ്പോളെന്ന പോലെ 'ഉസ്, ഉസ്,' എന്ന ശബ്ദം ഉണ്ടാക്കിക്കൊണ്ടിരുന്നു.

ചോദിച്ചപ്പോൾ തന്നെ അവൾ പറഞ്ഞു , 'ചെറുക്കന്റെ അമ്മ തങ്കം പോലത്തെ സ്വഭാവമുള്ളവളാണ്. ആവശ്യപ്പെട്ടാൽ ഹൃദയം വരെ പറിച്ചു കൊടുക്കും. അർദ്ധരാത്രിയിൽ പോലും ഏതെങ്കിലും അതിഥി അവിടെയെത്തിയാൽ വിശന്നിരിക്കേണ്ടി വരികയില്ല. അച്ഛൻ ഹരിദാദ് പാവം നിശ്ശബ്ദനായിരിക്കും. ഇങ്ങോട്ടോ അങ്ങോട്ടോ ഒരു വാക്കു പോലും പറയുകയില്ല. തനിക്ക് തൻകാര്യം തന്നെ വലുത്.'

'ചെറുക്കൻ എങ്ങനെയാണ്?'

'രണ്ടാമത്തെവൻ ദിനു ആയിരിക്കണം. ഇപ്പോൾ കുട്ടികളെപ്പറ്റി ഒന്നും തന്നെ അറിഞ്ഞുകൂടാ. അവരുടെ മക്കളെല്ലാം നല്ലവരാണ്. കഴിവുള്ളവരാണ്. കാർവാറിലെ ചന്തയിൽ ഓരോ ഞായറാഴ്ചയും രണ്ടു വലക്കൂടുകൾ നിറയെ മൺകലങ്ങൾ അവർ എന്നും വാങ്ങും.'

ഗോപാലിന് കുറച്ചൊന്ന് ആശ്ചര്യം തോന്നി. പണ്ടു മുതൽക്കേ ഇവൾ ഇത്തിരി എരിവോടെ സംസാരിക്കുന്നവളാണ്. ഇന്ന് വളരെ മധുരമായി സംസാരിക്കുന്നു. അവളിലുള്ള ദൃഷ്ടിദോഷം മാറ്റണമെന്നു തോന്നി.

രാഘോബ ഇടക്ക് കയറി പറഞ്ഞു. 'കുശവൻ നല്ലതും, ചീത്തയും. കൈകാലുകൾക്ക് ബലമുണ്ടെങ്കിലായി. നല്ലതാണെന്നു പറഞ്ഞ് സ്വർണ്ണം വിളയിക്കുമോ? ഒടുവിൽ കൈകളിൽ കലംതല്ലിയും കല്ലും മാത്രമല്ലേ?' അങ്ങനെയല്ല രാഘോബാ, കുശവപ്പണിയിൽ ഇപ്പോൾ മന്ദതയാണ് കാണുന്നത്. കുറച്ചു സാമർത്ഥ്യമുണ്ടെങ്കിൽ വേറെയെന്തെങ്കിലും ചെയ്യാം.'

അപരൂപെം പറഞ്ഞു, 'അവർ ഉത്സാഹമുള്ളവരാണ്. എങ്ങനെയെങ്കിലും പട്ടിണിയില്ലാതെ കഴിയുന്നില്ലേ? സന്ദർഭം പോലെ നല്ലതെന്തോ അത് ചെയ്യും. നിങ്ങൾ വിചാരപ്പെടണ്ട.'

ശകുന്തളയുടെ വിവാഹം കണസഗിരിയിൽ തന്നെ ഉറപ്പിച്ചു. ഒരു ദിവസം നാലഞ്ചു കുശവന്മാർ കൂടി അവിടെ പോയി. നാളികേരം ഉടച്ച് വാക്ക് ഉറപ്പിച്ച് വന്നു. കൊടുക്കലും, വാങ്ങലും, മാനാപമാനവും ഒന്നും ഉണ്ടായില്ല. പെണ്ണിന്റെ അച്ഛൻ മുറ്റത്ത് പന്തൽ കെട്ടി. ശാസ്ത്രാനുസരണം എല്ലാം ചെയ്തു. വിവാഹത്തിന് സദ്യയൊരുക്കി ചടങ്ങ് ഭംഗി

യായി നടത്തി. അത്ര തന്നെ.

ഗോപാൽ വരന് സ്വാഗതം ചെയ്യാനുള്ള ശ്രീമന്തപൂജക്ക് മണവാളനു കൊടുക്കാൻ പാന്റും, അമ്മക്ക് കൊടുക്കാൻ ഒരു സാരിയും കൊണ്ടു വന്നു.

വൃക്ഷം വിറ്റതിന്റെ കണക്കിൽ മുവ്വായിരം രൂപ കിട്ടിയിരുന്നു. ഗോപാലിന്റെ വിവാഹംകഴിച്ച സഹോദരൻ, വിശ്രാമ് അയാളുടെ കൂടെ താമസിച്ചിരുന്നു. പണത്തിനു വേണ്ടി എന്തു ചെയ്യണമെന്ന് അയാളോട് ചോദിച്ചപ്പോൾ അയാൾ പറഞ്ഞു, 'നിങ്ങൾ വിവാഹത്തി ന്റെ ചിലവ് ആദ്യം നോക്കൂ, അതുമാത്രം ശരിയാക്കൂ.'

അതുകൊണ്ട് മാത്രം അത് നടക്കുകയില്ലായിരുന്നു. ഇനി കടം വാങ്ങുക തന്നെ വേണം. ഒരു കാര്യം. കുശവരെ ആളുകൾ വിശ്വസി ച്ചിരുന്നു. മാജാളയിലെ ചന്തയിൽ വാണിയർ കുശവരെ അവരുടെ പ്രാപ്തിയനുസരിച്ച് കടം കൊടുക്കുമായിരുന്നു. പിന്നെ കുശവർ അത് അടച്ചു തീർക്കുന്നതു വരെ ഓടിനടക്കുമായിരുന്നു. എന്നാൽ ഒരിക്കൽ പോലും അവർ കടം തിരിച്ചു കൊടുക്കാതിരുന്നിട്ടില്ല. സ്ത്രീകളാണെ ങ്കിൽ കടം വീട്ടാൻ ആവേശത്തോടെ തയ്യാറാകുമായിരുന്നു.

സീതായയാകട്ടെ കഴിഞ്ഞ എട്ടു ദിവസം ഗോപാലിന്റെ വീട്ടിലാ യിരുന്നു. എന്തു വിധി, എന്തു ശാസ്ത്രം, എപ്പോൾ എങ്ങനത്തെ സാധ നം വേണം, എത്ര വേണം എന്നൊക്കെ അവർ കൃത്യമായി പറയുമായി രുന്നു. സദ്യവട്ടങ്ങളിൽ ഓരോ ഇനവും കാണിക്കുന്ന വിവരപ്പട്ടിക അവർ ഗോപാലിന്റെ കയ്യിൽ ഏൽപ്പിച്ചു. വാങ്ങിക്കൊണ്ടു വരുന്ന സാധനങ്ങൾ അവർ സൂക്ഷിച്ചുവെച്ച് ആവശ്യത്തിന് മാത്രം കൊടുക്കും. ഗോപാലിന്റെ ഭാര്യ എന്തെങ്കിലും തിടുക്കം കാണിച്ചാൽ രണ്ടു കൊടുക്കാനും അവർ മടിച്ചില്ല.

സീതായ അമ്മയുടെ സ്വഭാവം ഇതായിരുന്നു. കുശക്കുടിയിലെ ഏതെങ്കിലും വീട്ടിൽ മരണമോ, പ്രസവമോ വിവാഹമോ എന്തെങ്കിലും ഉണ്ടായാൽ ആ സമയം മുഴുവനും അത് തന്റെ സ്വന്തം വീടായി അവർ കണക്കാക്കും. പഴയ വൈരമുണ്ടെങ്കിൽ മറന്ന് ശത്രുതയൊന്നും കൂട്ടാക്കാതെ അവർ അവിടെ ഉത്സാഹത്തോടെ പ്രവർത്തിക്കും. ഒരു വർഷം മുമ്പ് പുരുഷന്മാരും, സുമംഗലികളായ സ്ത്രീകളും മൺവിള ക്കുകളും, മൺകോപ്പകളും നിർമ്മിക്കുന്ന കാര്യം പറഞ്ഞ് ഗോപാലും അവരും തമ്മിൽ വലിയ വഴക്കുണ്ടായതാണ്. പക്ഷെ ഇന്ന് അതിന്റെ തരിമ്പ് പോലും അവരുടെ മനസ്സിൽ അവശേഷിച്ചിരുന്നില്ല.

വിവാഹത്തിന് നാലു ദിവസം മുമ്പ് പുരുഷന്മാർ കൂടി മണ്ഡ പത്തിന് തൂണ് നാട്ടി നല്ലൊരു വിവാഹമണ്ഡപം തയ്യാറാക്കി. സ്ത്രീ കൾ രണ്ടു ദിവസം തുടർച്ചയായി അഞ്ചു തിരികല്ലുകൾ വീതം തയ്യാ റാക്കി വിവാഹസദ്യയുടെ ചട്ടവട്ടങ്ങൾ ഒരുക്കി. തിരികല്ല് തിരിച്ചു

കൊണ്ടിരുന്നപ്പോൾ നല്ല പോലെ ഹോവികളും* പാടിയിരുന്നു. വിശ്രാമിന്റെ ഭാര്യ – ശ്രീമതിയുടെ സ്വരം വളരെ മധുരവും, ഉച്ചത്തിലുള്ളതും ആയിരുന്നു. അവൾക്ക് ഹോവികൾ വളരെ അധികം അറിയാമായിരുന്നു. അവൾ ഹോവി പാടി, മറ്റുള്ളവർ ഏറ്റു പാടി. —

മണവാളന്റെ വീട്ടിൽ ചെമ്പുകലവറ

മണവാളനാകട്ടെ വെളുവെളുത്ത ബ്രാഹ്മണൻ ....

ശകുന്തളാ ബായ് നീ എന്തിന് ലജ്ജിക്കുന്നു

മണവാളൻ വരുമല്ലോ പല്ലക്കിലിരുന്ന്...............

വിവാഹത്തിന്റെ തലേ ദിവസം പുരുഷന്മാർ കൃഷിക്കാരുടെ കോളനിയിൽ പോയി. നെല്ല് സംഭരിക്കാൻ ചൂരൽ കൊണ്ടുണ്ടാക്കിയ വലിയ പാത്രവും, ആളുകൾക്ക് ഇരിക്കാനുള്ള മുളമ്പായും കൊണ്ടുവന്നു. ഇതേ വസ്തുക്കൾ കൊണ്ട് പന്തലിനുള്ള മറയും ഉണ്ടാക്കി. ആളുകൾക്കിരിക്കുവാൻ മുറ്റത്ത് മുളംപായ വിരിച്ചു. പിന്നെ പന്തലിന് നെടുകെയും, കുറുകെയും മാവിലകൊണ്ടുള്ള തോരണവും കെട്ടി. എല്ലാമായപ്പോൾ പന്തൽ ഒരു ദേവമണ്ഡപം പോലെ ശോഭിച്ചു. അതിന് അമ്പലത്തിന്റെ പവിത്രതയും ദൈവകൃപയും ഉള്ളതു പോലെ തോന്നി. ചൂളയുടെ വശത്ത് അവർ ഒരു ചെറിയ ദേഹണ്ണമണ്ഡപം ഒരുക്കി അവിടെ വലിയ രണ്ടു കളിമൺകലങ്ങളിൽ വെള്ളം നിറച്ചുവെച്ചു. വെക്കാനും വിളമ്പാനും വേണ്ടി കൃഷിക്കാരുടെ കോളനിയിൽ പോയി വലിയ ചെമ്പ്, കുട്ടകം, തൊട്ടി, തൂക്ക്, തളികകൾ മുതലായ പാത്രങ്ങളും ചോദിച്ചുവാങ്ങി.

ആദ്യത്തെ ദിവസം ഉച്ചനേരത്ത് മഞ്ഞൾ പുരട്ടുന്ന ചടങ്ങ് നടന്നു. ഇതിനായി ഗോപാലും ഗുലാബിയും ചേർന്ന് ശകുന്തളയെ അവരുടെ കൂടെയിരുത്തി. പുരോഹിതൻ മന്ത്രോച്ചാരണം നടത്തി. അദ്ദേഹം ഇടക്കിടയ്ക്ക് എന്തൊക്കേയോ കൽപ്പിക്കുന്നുണ്ടായിരുന്നു. ഒരു പ്രാവശ്യം പുരോഹിതൻ ഗോപാലിന് പൂവ് കൊടുത്തു. പിന്നെ പറഞ്ഞു, 'പൂണൂലിൽ തിരുകി വെക്കു.'

ഒരു വശത്ത് മാറി കുറെ പുരുഷന്മാർ ഇരിക്കുന്നുണ്ടായിരുന്നു. അവരിൽ നിന്ന് രാമചന്ദർ പറഞ്ഞു, 'ഞങ്ങൾ, കുശവർക്ക് പൂണൂലും, പുരോഹിതനും എവിടെന്നാണ്? നിങ്ങൾ ഞങ്ങളുടെ ഉപനയനം നടത്തിയില്ലല്ലോ.'

'ഉപനയനം നടത്താൻ ഗോത്രം വേണ്ടേ? നിങ്ങളുടെ ഗോത്രമേതാണ്? ഗോത്രമില്ലാത്ത ശങ്കരമഹാദേവന്റെ ഉപനയനം പോലും ഞങ്ങൾ നടത്തിയിട്ടില്ല. അയാൾ വനവാസിയായിരുന്നു. നിങ്ങൾ ഉണ്ടാ

*നാലു വരികളുള്ള ഒരു നാടൻപാട്ട്

നായി ഇരിക്കുന്നുണ്ടായിരുന്നു. അദ്ദേഹം പറഞ്ഞു, 'നിങ്ങൾ സൗകര്യം പോലെ വധൂവരന്മാരെ കൊണ്ടു വന്ന് ഇവിടെ നിർത്തുക. ഞാൻ അക്ഷതം ഇട്ട് മംഗളാഷ്ടകം ചൊല്ലാം.'

മാവ് വെട്ടിയപ്പോൾ കുശത്തെരുവിലാകമാനം സൂര്യപ്രകാശം പരന്നു. തണൽ മുഴുവൻ മാഞ്ഞ് ദൂരെപോയ പോലെ തോന്നിയിരുന്നു. ആളുകൾ വെയിലത്ത് ദൂരെ ദൂരെ നിൽക്കുന്നു. മുമ്പത്തെ പോലെ അടുത്ത് നിന്ന് ചെവിയിൽ പറയാൻ പറ്റുന്നില്ലയെന്ന് തോന്നിയിരുന്നു. വൃക്ഷം മുറിച്ചു മാറ്റിയ ശേഷം ഇത് ആദ്യമായി നടക്കന്ന വിവാഹമാണ്. പുരുഷന്മാർക്ക് ഈ ചൂട് കൂടുതലായി അനുഭവപ്പെട്ടു. ഇതിനിടയിൽ വരഘോഷയാത്രയുടെ കൊട്ടും, വാദ്യവും ചെവിയിൽ കുത്തിത്തുളച്ച് കയറുന്ന വിധത്തിൽ അടുത്തു വന്നു. കുശത്തെരുവിൽ ഉത്സാഹത്തിമിർപ്പ് കണ്ടു തുടങ്ങി.

വരഘോഷയാത്ര അകത്തേക്ക് പ്രവേശിക്കുമ്പോൾ കയ്യിൽ വാച്ച് കെട്ടിയ ഒരാൾ തിരക്കു കൂട്ടി തുടങ്ങി, 'വൈകിപ്പോയി, വളരെ വൈകിപ്പോയി. അവിടെ നിൽക്കുന്ന ഒരാൾ അയാളെ ശകാരിച്ചു. 'നി ങ്ങളുടെ വാച്ച് വേഗത്തിലാണ് ഓടുന്നത്. അതിന് ഇത്തിരി തണുത്ത വെള്ളം കുടിപ്പിച്ചോളൂ.'

വിവാഹത്തിന് മൊത്തം നൂറ്റി ഇരുപത്തിയഞ്ചോളം ആളുകളുണ്ടാ യിരുന്നു. കുശക്കുടിയിൽ നിന്ന് അമ്പത്, വരയാത്രയിൽ വന്നവർ നാൽ പത് പിന്നെ ഗോപാലിന്റെ ബന്ധുക്കൾ. കൊങ്കണി കൃഷിക്കാരും നാല ഞ്ചു പേർ ഉണ്ടായിരുന്നു. അവരെ ഗോപാൽ പ്രത്യേകം സൽക്കരിച്ച് ആദരവോടെ അകത്തു വിളിച്ച് മുളംപായയിൽ ഇരുത്തി. ഊണു കഴിഞ്ഞേ പോകാവൂ എന്നും അപേക്ഷിച്ചു.

പുരോഹിതൻ വിവാഹച്ചടങ്ങ് ഒന്നൊന്നര മണിക്കൂർ കൊണ്ട് അവസാനിപ്പിച്ചു. സത്യത്തിൽ കുശവരുടെ ദാരിദ്ര്യം കണ്ട് അയാൾക്ക് വെറുപ്പ് തോന്നി. സ്വർണ്ണം കൊണ്ടുണ്ടാക്കിയ വസ്തു കൊണ്ടുവരാൻ പറഞ്ഞാൽ അവർ ചെമ്പു കൊണ്ടുണ്ടാക്കിയത് കൊണ്ടുവരും., നെയ്യും, തേനും വേണമെന്ന് പറഞ്ഞാൽ നല്ലെണ്ണയും, വെളിച്ചെണ്ണയും കൊണ്ടുവരും. ദക്ഷിണയിടാൻ പറഞ്ഞാൽ രണ്ടണയും, കാൽ രൂപയും ഇട്ട് കൈകൂപ്പി പറയും. 'ഇതു തന്നെ മതി എന്ന് വിചാരിച്ച് എടുത്തു വെയ്ക്കണം, ഭട്മാമ്' (പുരോഹിതൻ).

വരനും വധുവും തമ്മിൽ നല്ല ചേർച്ച ഉണ്ടായിരുന്നു. രണ്ടു പേരും വെളുത്തിട്ട് പൊക്കം കുറഞ്ഞ്. വധുവിന് പതിനാറു വയസ്സ്, വരന് ഇരുപത്തി രണ്ട്. വിവാഹത്തിന്റെ കാറ്റടിക്കാൻ തുടങ്ങിയപ്പോൾ തന്നെ രണ്ടു പേരുടെയും ശരീരത്തിൽ കുങ്കുമവർണ്ണത്തിലുള്ള ചുമപ്പും,

ക്കുന്ന മൺകലം ശ്മശാനത്തിൽ കൊണ്ടുപോയി ഉടയ്ക്കുന്നില്ലേ? കൃഷിക്കാർ മണ്ണിൽ കൂമ്പു മുളപ്പിക്കുന്നു. നിങ്ങൾ മണ്ണ് ചൂടാക്കി ക്കൊണ്ട് കലമുണ്ടാക്കുന്നു........'

ഗോപാൽ ഇടയ്ക്ക് ഒന്ന് ചൂടായി. 'മംഗളകരമായ ഈ സമയത്ത് എന്ത് അവലക്ഷണമാണീ പറയുന്നത്?'

പിന്നെ സ്ത്രീകൾ ഒത്തുകൂടി മണവാട്ടിയുടെ ശരീരം മുഴുവനും മഞ്ഞൾ തേച്ചു. ഒരു വടിയുടെ അറ്റത്ത് ചെമ്പു കൊണ്ടൊരു തവി കെട്ടി. അഞ്ചു സുമംഗലികൾ ആ വടി പിടിച്ച് പാട്ടുകൾ പാടി തവി അരച്ചമഞ്ഞളിൽ മുക്കി വധുവിന്റെ ശരീരത്തിൽ തേച്ചുകൊണ്ടിരുന്നു.

പിന്നെ പുരോഹിതൻ വധുവിനേയും, അച്ഛനേയും, അമ്മയേയും ദേഹണ്ണപ്പന്തലിൽ കൊണ്ടുപോയി അടുപ്പ് പൂജിപ്പിച്ചു. അടുപ്പിൽ പുതിയ മൺകലം വെച്ച് അഞ്ചു സുമംഗലികൾ കൂടി കയ്യിൽ നിന്ന് അഞ്ചു തരം ധാന്യം ഇട്ട് വധുവിന്റെ കൈ കൊണ്ട് അടുപ്പ് കത്തിച്ചു. ബാക്കി അടുപ്പുകളിൽ വലിയ പരന്ന വറവു ചട്ടികൾ വെച്ച് അവയിൽ മുളക്, കൊത്തമല്ലി, മഞ്ഞൾ, കുരുമുളക്, ഉലുവാ എല്ലാം വറുത്തെ ടുത്തു.

കുശത്തെരുവിലെ പുരുഷന്മാരും സ്ത്രീകളും മുഴുവൻ വീട്ടിലെ പന്തലിൽ സാമാന്യമെല്ലായിടത്തും ജോലിചെയ്തുകൊണ്ടിരുന്നു. കുട്ടികൾ പന്തലിൽ ഇരുന്ന് ബഹളം വെക്കുന്നുണ്ടായിരുന്നു. അവരെ ല്ലാം ഉത്സാഹഭരിതരായിരുന്നു. ഇത് ഗ്രാമത്തിലെ ഒരു തീർത്ഥക്ഷേത്ര വും നാളെ ഇവിടത്തെ ഉത്സവവുമാണ്. നാലുചുറ്റും ദാരിദ്ര്യത്തിന്റെ കോലാഹലം. അതിനിടക്ക് കുശവൻ കണ്ട ഒരു ദേവസ്വപ്നം ഇങ്ങനെ യുള്ള പൊതുസ്വപ്നങ്ങൾ വീണ്ടും വിണ്ടും വരുകയും കുശവർ തങ്ങളുയടെ ദാരിദ്ര്യത്തെക്കുറിച്ച് ചിന്തിക്കാതെ തന്നെ ആ സന്ദർഭങ്ങ ളൊക്കെ ഒന്നിച്ചു ചേർന്ന് പണത്തിന്റെ അല്ലെങ്കിൽ പൊതുതാൽപര്യ ത്തിന്റെ ബലത്തിൽ ആഡംബരത്തോടെ നടത്തുകയും ചെയ്യുമാ യിരുന്നു.

പന്ത്രണ്ട് മണിയോടടുത്തായിരുന്നു മുഹൂർത്തം. എന്നാൽ വരന്റെ ഘോഷയാത്ര തുടങ്ങിയപ്പോൾ തന്നെ വൈകി. അവർ വളരെ പഴയ ഒരു ടെംപോയിലാണ് വന്നത്. ടെംപോ വഴിയിൽ നിർത്തി വയലിൽ കൂടി നടന്ന് കുശത്തെരുവിലെത്തുന്നതു വരെ പിന്നെയും വൈകി. കഴിഞ്ഞ വർഷം വിവാഹം കഴിഞ്ഞ ഗർഭിണിയായ വരന്റെ സഹോദരി ഇതിനിടയിൽ തല ചുറ്റി വീണു. അതു നിമിത്തം പിന്നെയും വൈകി.

പുരോഹിതൻ നേരത്തെ തന്നെ വന്ന് ഹോമം നടത്താനുള്ള സ്ഥലത്ത് സ്വസ്തിക് വരച്ച് എല്ലാം ഒതുക്കി വെച്ച് പന്തലിൽ നിശ്ശബ്ദ

ചുറുചുറുക്കും വന്നു തുടങ്ങി. കുശവരുടെ വിവാഹത്തിന് ആദ്യമായി ട്ടാണ് വധു അഞ്ചു വാര നീളമുള്ള സാരിയുടുത്തത്. റോസ് നിറത്തി ലുള്ള സാരിയും, കടും പച്ച നിറത്തിലുള്ള ബ്ളൗസും. വധുവിനെ കാണുമ്പോൾ ദേവി, മഹാമായ പന്തലിൽ വന്ന് നിൽക്കുന്നതു പോലെ തോന്നിയിരുന്നു. ഈ സൗന്ദര്യം ഓരോ കുശവന്റെയും വധുവിൽ കാണാമായിരുന്നു. കുറച്ചുകാലം ആനന്ദത്തോടെ കഴിയും. അതിനു ശേഷം പെട്ടെന്ന് അവൾ വാടിത്തളർന്ന് പോകുമായിരുന്നു. തലയിൽ കളിമൺകുട്ടകൾ എടുത്ത്, മൺകട്ടകൾ കലംതല്ലി കൊണ്ട് അടിച്ച് പൊട്ടിച്ച്, മുടിയിലാകമാനം കളിമണ്ണ് വ്യാപിച്ച് അവരുടെ മുടിയുടെ സൗന്ദര്യം നഷ്ടപ്പെടുമായിരുന്നു. ശരീരമാണെങ്കിൽ മെലിഞ്ഞു തുടങ്ങും. എന്നാൽ ഈ വിവരം ഒരു കുശവനു പോലും അറിയാമാ യിരുന്നില്ല എന്നുള്ളതായിരുന്നു സത്യം.

ഇത്രയും സ്ത്രീകൾ പന്തലിലുണ്ടായിരുന്നിട്ടും കൂട്ടത്തിൽ ഒരു സ്ത്രീ പോലും സ്വർണ്ണാഭരണം അണിഞ്ഞ് കണ്ടില്ല. വധുവിന്റെ ശരീരത്തിലാണെങ്കിൽ താലിമാലയുടെ രണ്ടു സ്വർണ്ണമണികളും അവക്ക് നടുവിലായി ഒരു ആഭരണവും ചേർന്ന ഒരു മാല മാത്രം. എല്ലാം കൂടിയാൽ കഷ്ടിച്ച് ഒരു മൂന്നു ഗ്രാം സ്വർണ്ണം വരും. അത്രയും തയ്യാറാക്കാൻ ഗോപാൽ വളരെ അധികം കഷ്ടപ്പെടേണ്ടി വന്നു.

സദ്യക്ക് നാലു കൂട്ടം മാത്രമേ ഉണ്ടായിരുന്നുള്ളൂ. തിരികല്ലിൽ പൊടിച്ചെടുത്ത അരിയും, ശർക്കരയും കൂട്ടിക്കുഴച്ചത്, അതിനകത്ത് കൊട്ടത്തേങ്ങ മുറിച്ച് വറുത്ത് ചേർത്തിരുന്നു. കടച്ചക്കയും, മുരിങ്ങാ ക്കായും ചേർത്ത് പട്ടാണിപ്പയറ് കൊണ്ടുണ്ടാക്കിയ ഒരു തരം കറി, പച്ചച്ചക്ക ചതച്ചുണ്ടാക്കിയ തോരൻ, തുവരപ്പരിപ്പ് വേവിച്ച് അതിൽ പുളിയും, പച്ചമുളകും, കായവും, വെളുത്തുള്ളിയും ചേർത്ത് ഒരു തരം ഒഴിച്ചുകറി.

രാവിലെ മുതൽ പുറത്തും അകത്തുമായി ജോലി ചെയ്യാൻ പുരു ഷന്മാരും, സ്ത്രീകളും കൂട്ടത്തോടെ ഇറങ്ങിയിരുന്നു. പുരുഷന്മാർ തേങ്ങ ഉടച്ചു കൊടുക്കും. സ്ത്രീകൾ തേങ്ങ ചിരണ്ടിയെടുക്കും. സ്ത്രീകൾ ആഹാരം പാകം ചെയ്യുമ്പോൾ പുരുഷന്മാർ അടുപ്പിൽ നി ന്ന് ഭാരമുള്ള പാത്രങ്ങൾ ഇറക്കുവാനും, ചോറ് വാർത്തെടുക്കുവാനും മുന്നോട്ടു വരും. സ്ത്രീകൾ ചാണകം തളിച്ച് പന്തൽ മുഴുവനും അടി ച്ചു വൃത്തിയാക്കും. പുരുഷന്മാർ ഇലയിട്ട് വിളമ്പിക്കൊടുക്കും.

ഷീലയും സഖാറാമും വിവാഹം കൂടാൻ വന്നിരുന്നു. ഗോവയിൽ പോയിട്ടും വിവാഹമണ്ഡപത്തിൽ വന്ന് ഇത്രയും സുന്ദരമായി, ഉത്സാഹത്തോടു കൂടി ബാക്കി സ്ത്രീകളുമായി ചേർന്ന് ഷീല ജോലി ചെയ്യുന്നുണ്ടായിരുന്നു. അതു കണ്ട് എല്ലാവർക്കും ആശ്ചര്യം തോന്നി.

അവൾ വിളമ്പാനും, എച്ചിലില എടുത്തു മാറ്റാനും, ചൂലു കൊണ്ട് അടിച്ചു വൃത്തിയാക്കാനും സഹായിച്ചു. സ്ത്രീകൾ അവളെ അടുത്ത് വിളിച്ച് അവളുടെ കവിളുകളിൽ വിരലുകൾ അമർത്തുമായിരുന്നു. അവൾ ഗോവയിൽ പോയിട്ട് ഒരു വർഷം ആകുന്നതേയുള്ളൂ. സാംഖളിയിലെ ഒരു കമ്പനിയിൽ പാക്കിങ്ങ് ഗേൾ ആയി അവൾ ജോലി നോക്കിയിരുന്നു. ആറു മാസം കൊണ്ട് അവൾ പാക്കിങ്ങ് സൂപ്പർവൈസറായി. സഖാറാമ് ഗേരേജിൽ കാർ നന്നാക്കുന്ന ജോലി പഠിച്ചു കൊണ്ടിരുന്നു.

വധുവിനെ ടെംപോ വരെ എത്തിക്കാൻ കുശക്കുടി മുഴുവനും ഒത്തുകൂടി. അവർ വയലിൽ കൂടി നടന്ന് അരുവി കടന്ന് വഴിയിലെത്തി. വധു കരഞ്ഞും കൊണ്ട് മുമ്പിൽ നടക്കുകയായിരുന്നു. പുറകെപോകുന്നവരുടെ കണ്ണുകളും നിറഞ്ഞൊഴുകുന്നുണ്ടായിരുന്നു. നക്ഷത്രം പോലെ തിളക്കമുള്ള കൊച്ച്. ചിരിച്ചാൽ പ്രകാശം പരക്കുന്ന വിധത്തിലായിരുന്നു. ഗ്രാമം ഒഴിച്ചിട്ടിട്ട് പോകുകയാണ്!

കുശക്കുടിയിൽ സീതായ ഒറ്റക്കായിരുന്നു. അവർ ഗോപാലിന്റ വീട്ടുവാതിൽക്കൽ ഇരിക്കുന്നുണ്ടായിരുന്നു. സീതായയുടെ മരുമകളും അരുവി വരെ എത്തിച്ചിട്ടു വരാം എന്ന് പറഞ്ഞ് അവരുടെ കൂടെ പോയി. സീതായ കുശക്കുടിയിൽ ഒറ്റക്കിരുന്ന് ചുറ്റുമുള്ള നിശ്ശബ്ദത കണ്ട് പേടിച്ചതു പോലെയായി.

അവർ ചിന്തിച്ചു, കുശവന്റെ വ്യവസായം നഷ്ടത്തിലായി. പുതിയ കുട്ടികൾ ഗ്രാമം വിട്ടു പോകുന്ന കാര്യം സംസാരിച്ചു തുടങ്ങിയിരിക്കുന്നു. കുളത്തിന്റെ മുകളിൽ അണകെട്ടിയാൽ എല്ലാവരും ഗ്രാമം വിട്ട് പോയിത്തുടങ്ങും.

21

വിശപ്പിന്റെ പിടച്ചിലിൽ ഒരു മഴക്കാലം കൂടി കുശവന്റെ ജീവിതത്തിൽ കടന്നു പോയി. എന്നാലും അവൻ തന്റെ അസ്ഥിപഞ്ജരത്തിൽ ജീവനെ നിലനിർത്തി. ഈ ദിവസങ്ങളിൽ അവർ കൃഷിക്കാരുടെ വീടുകളിൽ കൊയ്യാനും മെതിക്കാനും പോയി. പുരുഷന് മാത്രം മാള്യാമസ്ഥിയിലെ ഭൂമിപൂജയ്ക്കുവേണ്ടി തയ്യാറെടുക്കാനുള്ള തിരക്കായി. അയാൾ ഈ ദിവസങ്ങളിൽ അതുമായി ബന്ധപ്പെട്ട കാര്യങ്ങളിൽ അധികം ശ്രദ്ധിച്ചു.

മുഡ്ഗേരി ഗ്രാമത്തിലുള്ള മാള്യാമസ്ഥിയിലെ വയലുകളിൽ നെല്ല് മെതിക്കുന്നതിനു മുമ്പ് ആ സ്ഥലത്തെ ഭയമുണ്ടാക്കുന്ന രൂപങ്ങളേയും,

പല തരം ഭൂതങ്ങളേയും പ്രസാദിപ്പിക്കാൻ വേണ്ടി പൂജ നടത്തുമായിരുന്നു. ഈ പൂജ കഴിയുന്നതിനു മുമ്പ് നെല്ലിന്റെ ഒരു കറ്റ പോലും മെതിക്കാൻ പാടില്ല. ഒരു പിടി നെല്ലു പോലും വീട്ടിനകത്ത് പൂജ കഴിയാതെ കയറ്റുമായിരുന്നില്ല. കൊയ്തെടുത്ത നെല്ല് കറ്റകളാക്കുമ്പോൾ പനമ്പുപായയിൽ കിടക്കുന്ന നെന്മണികൾ പോലും കുന്നു കൂട്ടി സൂക്ഷിക്കും. ഈ പ്രദേശത്തുള്ള സ്ഥലങ്ങളിൽ വെച്ച് ഇവിടെ മാത്രമേ മുഴുവൻ ഭൂതസമൂഹത്തെ പ്രസാദിപ്പിക്കുന്ന ചടങ്ങ് നടത്തുന്നുണ്ടായിരുന്നുള്ളൂ. മറ്റു സ്ഥലങ്ങളിൽ ഇതിനുള്ള ദിവസം നേരത്തെ നിശ്ചയിക്കുമായിരുന്നില്ല. കൃഷിക്കാർ തങ്ങളുടെ സൗകര്യമനുസരിച്ച് ഈ ചടങ്ങ് നടത്തിക്കൊണ്ടിരുന്നു. എന്നാൽ മാള്യാമസ്ഥിയിലെ വയലുകളിലെ ഈ ചടങ്ങിന് മുൻകൂട്ടി ദിവസം നിശ്ചയിച്ചിരുന്നു. തുളസിപൂജയുടെ പിറ്റേ ദിവസം ഉച്ച തിരിഞ്ഞ് ഈ ചടങ്ങ് നടത്തും. ഗ്രാമത്തിലെ മുതലാളി ഈ ചടങ്ങിന്റെ യജമാനത്വം വഹിക്കുമായിരുന്നു.

വയൽ കുന്നിൻചരിവിൽ നിന്നും അകത്തു കയറി സ്ഥിതി ചെയ്യുന്ന പോലെ തോന്നിയിരുന്നു. ഗ്രാമവാസികൾ കാട്ടിൽ നിന്നും വിറകു കൊണ്ടുവരുന്നതും, പശുക്കളേയും കാളകളേയും മേയ്ക്കാൻ കൊണ്ടുപോകുന്നതും മാള്യാമസ്ഥിയുടെ ഒരു വശത്തു ചേർന്നു കിടക്കുന്ന വരമ്പിൽ സ്ഥിതിചെയ്യുന്ന വഴിയിലൂടെയായിരുന്നു. ഈ വയലുകളിൽ വിളവെടുക്കാറാകുമ്പോൾ കാട്ടുപന്നികളുടെയും, മാനുകളുടെയും ശല്യം ഉണ്ടാകുന്നതു നിമിത്തം കൃഷിക്കാർ ഇവിടെ മാടം കെട്ടി രാത്രികാലങ്ങളിൽ വയൽ സൂക്ഷിക്കുവാനായി കാത്തുകിടക്കുമായിരുന്നു. പത്തിരുപതു കൃഷിക്കാർക്ക് ഇവിടെ വയലുകൾ ഉണ്ടായിരുന്നു. അവിടവിടായി വലിയ കൊയ്ത്തുകളങ്ങളുമുണ്ടായിരുന്നു.

ഇവിടത്തെ ചടങ്ങ് വെറും വയലുകളേയും, അവയിലെ വിളവുകളേയും മാത്രം ആശ്രയിച്ചല്ല, ഭൂതങ്ങളേയും, കന്നുകാലികളേയും, കാട്ടിൽ കൂടി പോക്കുവരവ് നടത്തുന്ന നല്ലവരായ മനുഷ്യരേയും ഉദ്ദേശിച്ച് നടത്തുന്ന ഒന്നായിരുന്നു.

ഭൂതങ്ങളുടെ രൂപങ്ങൾ കൃഷിക്കാർക്ക് കുശവരായിരുന്നു ഉണ്ടാക്കിക്കൊടുത്തിരുന്നത്. ഇവയുണ്ടാക്കുന്ന ജോലി പരമ്പരാഗതമായി പുരുഷന്റെ ചുമലിൽ എത്തിച്ചേർന്നു. ആരെങ്കിലും വന്ന് മുമ്പേതന്നെ പറഞ്ഞാലും, പറഞ്ഞില്ലെങ്കിലും തുളസിപൂജയുടെ പിറ്റേ ദിവസം ഉച്ചക്ക് പൂജാവിഗ്രഹങ്ങളുമായി മാള്യാമസ്ഥിയിൽ എത്തണമെന്നുള്ളത് നിർബന്ധമായിരുന്നു. കുശവൻ ഒരിക്കലും ഈ നിയമം തെറ്റിച്ചില്ല. ഉടമസ്ഥൻ അന്വേഷിച്ചുവരാൻ ഇടയാക്കിയിട്ടില്ല.

ഈ ചടങ്ങിന് 'ചരു' തയ്യാറാക്കാനായി ഏഴു പാനകളും, റൊട്ടി

ചുട്ടെടുക്കാനായി ഒരു ചട്ടിയും, മാത്രമല്ല എത്രയോ തരത്തിലുള്ള രൂപങ്ങൾ, കുതിര, രാവത്, ബർമോ*, കൊള്ളക്കാരൻ, ശിപായി, പുലി, ചീങ്കണ്ണി, പാമ്പ്, പല്ലക്ക്, പല്ലക്ക് ചുമക്കുന്നവൻ, ദേവദാസി, ചെണ്ട, എന്നിവയുടെ കളിമണ്ണ് കൊണ്ടുള്ള രൂപങ്ങൾ. ഇവ ചുട്ടെടുക്കാനായി പ്രത്യേകം ഒരു ചൂള തന്നെ ഉണ്ടായിരുന്നു.

ചടങ്ങ് നടക്കുന്ന ദിവസം ഒരു വലിയ കുട്ടയിൽ ഇതെല്ലാം നിറച്ച് ഒരു മണിക്കൂർ നടന്ന് പുരുഷൻ കൃത്യസമയത്ത് അവിടെ എത്തുമായിരുന്നു. അതിനു ശേഷം മെതിക്കൽ തുടങ്ങുമ്പോൾ ചാക്കുകൾ നിറച്ച് തലയിലെടുത്ത് ഓരോ കളത്തിലും എത്തിക്കും. ഓരോ കൃഷിക്കാരനും ഒന്നോ രണ്ടോ കുടവ നെല്ല് പുരുഷന് ചാക്കിലിട്ടു കൊടുക്കും. മൊത്തം ഒന്നര കണ്ടിയോളം നെല്ല് അയാൾ വീട്ടിൽ കൊണ്ടുവരും.

ഈ വർഷവും അയാൾ പതിവു പോലെ പൂജക്കു വേണ്ടി കുട്ട നിറയെ വിഗ്രഹങ്ങളുമായി അവിടെ എത്തി. വയലിന്റെ അടുത്തെത്തിയപ്പോൾ അയാൾക്ക് ആശ്ചര്യം തോന്നി. നാൽപ്പത് അമ്പത് ഏക്കർ വരുന്ന മാള്യാമഡ്ഡിയിലെ ആ സ്ഥലം തരിശായി കിടക്കുന്നു. നെല്ലില്ല, നെൽക്കറ്റകളില്ല, കളമില്ല, വയലുകളുടെ തരിശുഭൂമി മാത്രം. അയാൾ കുറെനേരം അവിടെ നിന്നു. പിന്നെ തലയിൽ നിന്ന് ഭാരം ഇറക്കി വെച്ചു. അയാൾ ചിന്തിച്ചു. മുമ്പുള്ള വർഷങ്ങളിൽ താൻ വിഗ്രഹങ്ങൾ കൊണ്ടുവന്നപ്പോൾ ഇവിടെ ആളുകളുടെ ബഹളമായിരുന്നു. എല്ലാ കൃഷിക്കാരും ചടങ്ങ് നടക്കുന്ന സ്ഥലത്ത് വന്നുകൂടിയിരുന്നു. പക്ഷെ ഇന്ന് അവിടെ ഒരു മനുഷ്യൻ പോലുമില്ല. കൃഷിയിടങ്ങൾ നോക്കി നടത്തുന്നവർ കഴിഞ്ഞ വർഷം നനക്കാനുള്ള സൗകര്യം ഇല്ലാത്തതിനാൽ നിലം തരിശായിട്ടു. അവിടത്തെ ആ തരിശുഭൂമി കണ്ട് തരള ഹൃദയനായ പുരുഷന് സഹിക്കാൻ പറ്റിയില്ല.

അപ്പോഴേക്കും ആരോ കാട്ടുവഴിയിൽകൂടി തലയിൽ വിറകിന്റെ ചുമടുമേന്തി വരുന്നതു കണ്ടു. അടുത്തെത്തിയപ്പോൾ പുരുഷൻ അയാളെ തിരിച്ചറിഞ്ഞു. മുമ്പിലെത്തിയപ്പോൾ അയാൾ ചോദിച്ചു,

'ഗിരിധർ മാമാ, വയൽ തരിശായി ഇട്ടിരിക്കുന്നതെന്തിന്? ഈ സ്ഥലത്തിന്റെ ഭൂതപൂജ നടത്തണ്ടേ?'

'എടാ പുരുഷാ, നീ വിഗ്രഹങ്ങളും കൊണ്ട് വന്നോ? ഉടമസ്ഥൻ ആരെയും പറഞ്ഞു വിട്ടില്ലേ? അവനെന്തു മനുഷ്യനാണ്? കയ്യിൽ കാശു വന്നപ്പോൾ എല്ലാം മറന്നു പോയി.'

'എന്തു പറ്റി?'

'ഇപ്പോൾ ചടങ്ങ് നടത്തുന്നത് പണം കടം കൊടുക്കുന്ന സമ്പന്ന

*ഒരു ഗ്രാമദേവത

നാണ്. അയാൾ ചുമട് അവിടെ തന്നെ ചാരി വെക്കാൻ പുരുഷനോട് പറഞ്ഞു, 'പുരുഷാ, നിനക്കറിഞ്ഞുകൂടെ, ഈ ഭൂമിയെല്ലാം ബാംഗ്ളൂരിലെ ഒരു സമ്പന്നൻ വാങ്ങിയിരിക്കുകയാണ്. അയാൾ എന്തോ ഫാക്ടറി തുടങ്ങാൻ പോകുകയാണത്രേ. തീവണ്ടിപ്പാത സമീപത്തു കൂടി പോകുന്നുണ്ടല്ലോ. ഒന്നു രണ്ടു മാസങ്ങൾക്കുള്ളിൽ പണി തുടങ്ങുമെന്നാണ് പറയുന്നത്.'

'എവിടേയോ ഫാക്ടറി തുടങ്ങുകയാണെന്ന് മുമ്പേ കേട്ടു. ഇവിടെയാണെന്നറിഞ്ഞില്ല. ഇപ്പോൾ ഞാൻ ഈ വിഗ്രഹങ്ങൾ എന്തു ചെയ്യും? തലയിലടിച്ച് പൊട്ടിക്കണോ?'

'നേരത്തെ തന്നെ നിന്നെ അറിയിക്കേണ്ടതായിരുന്നു. പണം കയ്യിൽ വന്നപ്പോൾ അവർക്ക് ബോധമില്ലാതായി. പണം മാത്രമല്ല, വീട്ടിലെ ഒരാൾക്ക് ഒരു ജോലിയും.'

'നിങ്ങളുടെ നിലവും അക്കൂട്ടത്തിലുണ്ടായിരുന്നതല്ലേ?'

'എന്റെ നിലം ഇത്തിരിയേയുള്ളൂ. ഞങ്ങളുടെ കൂട്ടത്തിൽ ഇപ്പോൾ ആർക്കാണ് ജോലി വേണ്ടത്? എന്റെ ഒരു മകൻ പോലീസിലാണ്. രണ്ടാമത്തേവൻ മിലിട്ടറിയിൽ. അവർ സർക്കാർ ജോലി ഉപേക്ഷിച്ച് ഫാക്ടറിയിൽ ജോലിക്ക് എന്തിന് വരണം?' സംസാരിച്ചു കൊണ്ടിരിക്കുമ്പോൾ തന്നെ പുരുഷൻ ചുമടെടുത്ത് തിരിച്ചു പോകാൻ തുടങ്ങി. പുരുഷൻ കുറെ നേരം അവിടെ നിന്നു. ഉച്ചയായപ്പോൾ അവിടം മുഴുവനും ശ്മശാനമൂകത പരന്നു. ആ നിലം കുന്നിന്റെ അതിർത്തിയിൽ മാത്രമല്ല, കുന്നിന്റെ അകത്തും തരിശായി തന്നെ കിടന്നു. മുഴുവൻ സ്ഥലവും ഇതിൽ പെട്ടുപോയതായി തോന്നി. വയലിലെ പുല്ലും, കുന്നിലെ പുല്ലുമൊക്കെ കരിഞ്ഞു തുടങ്ങി. മുഴുവൻ മഞ്ഞയായി. ആരോ ഇതിനെ നശിച്ചുപോകണമെന്ന് ശപിച്ച പോലെ തോന്നിയിരുന്നു. വിഗ്രഹങ്ങൾ എന്തു ചെയ്യണമെന്ന് പുരുഷന് അറിഞ്ഞു കൂടായിരുന്നു. പിന്നെ അയാൾക്ക് എന്തോ തോന്നി. അയാൾ കുട്ടയെടുത്ത് തലയിൽ വെക്കുമ്പോൾ അത് ചരിഞ്ഞുപോയി. അക്കൂട്ടത്തിലുണ്ടായിരുന്ന കൊള്ളക്കാരന്റെ പ്രതിമ താഴെ വീണു. അതിന്റെ കഴുത്ത് ഉടലിൽനിന്ന് വേർപ്പെട്ടു. പുരുഷൻ ദേഷ്യം കൊണ്ട് അത് അവിടെ തന്നെ ഇട്ടു. അയാൾ വേഗം വേഗം നടന്ന് കുന്നിൻചരിവി ലെത്തി. അവിടത്തെ വൃക്ഷങ്ങൾക്കിടയിൽ പ്രതിമകൾ നിക്ഷേപിച്ച് കുട്ട കാലിയാക്കി. മനസ്സിൽ തന്നെ പറഞ്ഞു, അവർക്കുള്ള പ്രതിമകൾ അവിടെ തന്നെ നിക്ഷേപിച്ചു. പൂജിക്കട്ടെ അല്ലെങ്കിൽ കളയട്ടെ. സ്ഥലത്തിനേയും, ഈശ്വരനേയും മറക്കുന്ന ഈ ലോകത്തിൽ എന്തിനാ പ്രസക്തി? ദയവില്ലാത്തവർ!

ഒഴിഞ്ഞ കുട്ടയുമായി തിരിച്ചു വരുമ്പോൾ അയാൾ വിചാരിച്ചു, ഇവിടത്തെ വയലുകളിൽ നിന്ന് സ്വർണ്ണം വിളയിക്കുമായിരുന്നു. വിളയെടുക്കൽ, മെതിക്കൽ എന്നിവയുമായി ബന്ധപ്പെട്ട് പല ചടങ്ങു കളുമുണ്ടായിരുന്നു. ഒഴിഞ്ഞ മുറ്റങ്ങൾ ഈശ്വരൻ ഇരിക്കുന്ന അമ്പല മുറ്റങ്ങൾ പോലെ തോന്നിയിരുന്നു. ഇനിയെല്ലാം അവസാനിച്ചു , അയാൾക്ക് ദു:ഖം തോന്നി.

22

സീതായക്ക് സുഖമില്ലായിരുന്നു. സന്ധിവേദനയായിരുന്നു. ഇപ്പോൾ നട്ടെല്ല് തെല്ലൊന്നുവളഞ്ഞു. ജീവിതത്തിൽ അവർ അഭിമാനത്തോടെ നിവർന്നു നിൽക്കാൻ വളരെ അധികം പ്രയത്നിച്ചു. എന്നാൽ ഭാഗ്യം അവരുടെ പക്ഷത്തായിരുന്നില്ല. നല്ല പ്രായത്തിൽ തന്നെ ഭർത്താവ് ന്യൂമോണിയ രോഗം വന്ന് മരിച്ചു. ഒറ്റ മകനാണെങ്കിൽ മണ്ണിടിഞ്ഞ് വീണ് അതിനുള്ളിൽൽപെട്ട് മരിച്ചു.

അവനുണ്ടായിരുന്നെങ്കിൽ അവർ മുഴുവൻ ലോകത്തേയും ഒരു വശത്ത് മാറ്റി നിർത്തുമായിരുന്നു. അവരുടെ പാവം മരുമകൾ താര എങ്ങനെയെങ്കിലും ജീവിതം തള്ളി നീക്കി കൊണ്ടുപോകുന്നു. അവൾ കരയും, പിടയും, എല്ലാവരോടും ദേഷ്യപ്പെടും. എന്നാലും എല്ലാം മിണ്ടാതെ സഹിക്കും. കുശവരുടെ കൂട്ടത്തിൽ വിധവകളുടെ ജീവിതം കുറച്ചു കഠിനം തന്നെയാണ്. മൺകോപ്പകളും, മൺവിളക്കുകളും, മൺചട്ടികളും ചുട്ടെടുക്കണമെങ്കിൽ ഏതെങ്കിലും പുരുഷന്മാരുടെ സഹായം വേണം, മറ്റുള്ളവരുടെ ചൂളയിൽ വേണം ചുട്ടെടുക്കാൻ. അവരുടെ സഹായവും കാത്ത് നിൽക്കണം. മൺകോപ്പകളും, മൺവിളക്കുകളും സുമംഗലികളായ സ്ത്രീകൾ ഉണ്ടാക്കി തുടങ്ങിയ പ്പോൾ അവർ നാടു മുഴുവൻ നടന്ന് വഴക്കുണ്ടാക്കി. മച്ചിൻപുറത്തുള്ള ചക്രം താഴെയിറക്കി സീതായ വാശിയോടെ അത് പ്രവർത്തിപ്പിച്ചു. പക്ഷെ അവരെക്കൊണ്ട് അത് മുന്നോട്ടു കൊണ്ടുപോകുവാൻ പറ്റിയില്ല. മരുമകളും ഭയം കൊണ്ട് പിൻവാങ്ങി. അവളുടെ സഹായവും കിട്ടിയില്ല.

സീതായയുടെ കൊച്ചുമകന് ഇപ്പോൾ പതിന്നാലു വയസ്സായി. ആറാം ക്ളാസ്സിൽ തോറ്റ ശേഷം അവൻ വീട്ടിൽ തന്നെയുണ്ട്. അവനെ എന്തു ചെയ്യണമെന്ന് അവർക്കറിഞ്ഞുകൂടാ. കുശവരുടെ പണി ഒരു പാട് സമയവും, സഹനശക്തിയും വേണ്ട ഒരു തൊഴിലാണ്. അതു മാത്രമല്ല ലാഭമില്ലാത്തതുമാണ്. അവർ ഒരു കാര്യം മനസ്സിൽ തീരു

മാനിച്ചു, ഞാൻ എന്റെ കൊച്ചുമകനെ നല്ല വഴിയെ നയിക്കും. അതിനു മുമ്പ് മരിക്കുകയില്ല. സഖാറാമിന്റെ ഭാര്യ ഷീല വരുമ്പോൾ അവനേയും കൂടി ഗോവയിൽ കൊണ്ടുപോകണമെന്ന് പറയും. എന്തെങ്കിലും ഒരു ഉപജീവനമാർഗ്ഗം അവനും ഉണ്ടാക്കി കൊടുക്കണമെന്ന് പറയും. അച്ഛനില്ലാത്ത കുട്ടിയാണ്.

അങ്ങനെ അവർ ഇന്നും മനസ്സു കൊണ്ട് അഭിമാനത്തോടെ നിവർന്നു ജീവിക്കുന്നു. കഴിഞ്ഞ വിനായകചതുർത്ഥിക്ക് മുമ്പ് ഒരു ദിവസം കൃഷിക്കാരൻ, ഖുശാലിയും, അയാളുടെ രണ്ടു സുന്ദരന്മാരായ ആൺകുട്ടികളും കുശത്തെരുവിൽ 'വന്ന് കയറുവാൻ' നോക്കി. 'അന്നേരം സീതായയുടെ അലർച്ച കേട്ടപ്പേൾ അവർ പിൻവാങ്ങി. ചൂളയുടെ വടക്കുള്ള സ്വൽപം പൊങ്ങിയ ആ സ്ഥലം കുശവരുടെ പൊതുവായ സ്ഥലമാണ്. വടക്കുവശത്തുള്ള മൂന്നു 'ഗുണ്ഠെ'* സ്ഥലത്ത് ഒരു 'അടമി' വൃക്ഷവും ഇലകളില്ലാത്ത ഒരു മാവും , ഒരു അത്തിമരവും ഉണ്ട്. ത്രികോണാകൃതിയിലുള്ള ആ സ്ഥലത്തിന്റെ കുറച്ച് ഭാഗം ഖുശാലിയുടെ വയലിനകത്ത് കയറി കിടപ്പുണ്ട്. ഖുശാലി ഇടക്കിടയ്ക്ക് വന്ന് അടമി വൃക്ഷത്തിലെ പച്ചക്കായകളും, മാവിലെ കണ്ണിമാങ്ങയും ഉപ്പിലിടാനാണെന്നു പറഞ്ഞ് പറിച്ചു കൊണ്ടു പോകും. കുശവർ അത്ര കാര്യമാക്കിയില്ല. പത്തു വർഷമായി ഒരു കുഞ്ഞു പോലുമുണ്ടാകാത്ത കൃഷിക്കാരൻ, ഭിക്കു മരിച്ചപ്പോൾ അവർ വന്ന് ശവം ദഹിപ്പിക്കാനാണെന്ന് പറഞ്ഞ് മാവിന്റെ ഒരു വലിയ കൊമ്പ് വെട്ടിക്കൊണ്ടു പോയി. അന്നും കുശവർ അത് കാര്യമാക്കിയില്ല.

എന്നാൽ അന്നേ ദിവസം ഖുശാലിയും അയാളുടെ മക്കളും കൂടി മൂന്നു ചുമട് കുറ്റികളും മുൾവിറകിന്റെ ഒരു ചുമടും കൊണ്ടുവന്ന് ഇറക്കി. കുശക്കുടിയുടെ ആ വഴിയിൽ വേലി കെട്ടി തുടങ്ങി. കുറ്റി നാട്ടാനും അളവെടുക്കാനും തുടങ്ങി. യശവന്ത്, രാമചന്ദർ, രാഘോബ തുടങ്ങിയവർ അവിടെയെത്തി ചോദിച്ചപ്പോൾ അവർ പറഞ്ഞു തുടങ്ങി, 'ഈ വയലും, ഈ സ്ഥലവും ഞങ്ങളുടെതാണ്. ഞങ്ങൾ വേലി കെട്ടുകയാണ്. നിങ്ങളാരാ ചോദിക്കാൻ?' അവർ വലിയ അഹങ്കാരത്തോടെ പറഞ്ഞ് കുറ്റിയുറപ്പിച്ചു തുടങ്ങി.

സീതായയും അവിടെയെത്തി. അവർ പറഞ്ഞു, 'ഈ മുഴുവൻ സ്ഥലവും ഞങ്ങളുടെ പൂർവ്വികർ കൈവശം വെച്ചിരുന്നതാണ്. കുശത്തെരുവിന്റെ അതിര് തിരിച്ചു കൊണ്ട് ഞങ്ങൾ വേലിയിടാത്തതു കൊണ്ടാണ് നിങ്ങൾ ഈ സ്ഥലം നിങ്ങളുടേതാണെന്ന് പറയുന്നത്. ചുറ്റുമുള്ള വയലുകൾ നിങ്ങളുടെതാണെന്നു വെച്ച് ഈ സ്ഥലവും

---

*'ഗുണ്ഠ' = ഒരേക്കറിന്റെ നാൽപ്പതിലൊരംശം

നിങ്ങളുടെതാകുന്നില്ല. ഈ കുറ്റി ഇവിടെ അടിക്കേണ്ട കാര്യമില്ല. ഞങ്ങൾ പറിച്ചു കളയും.'

'സീതായ അമ്മേ, നിങ്ങൾ അധികമൊന്നും സംസാരിക്കേണ്ടാ. ഞങ്ങളുടെ നന്മ കൊണ്ടാണ് നിങ്ങളിവിടെ താമസിക്കുന്നത്. ഞങ്ങളുടെ പൂർവ്വികരുടെ ദയ കൊണ്ട് മാത്രം. കോടതിയിൽ പോകുകയാണെങ്കിൽ നിങ്ങൾക്ക് കുടിയൊഴിഞ്ഞു പോകേണ്ടിവരും.'

ഖുശാലി, നിങ്ങളിതാരോടാ പറയുന്നത്? ഇവിടെ മൂന്നു വർഷം വയലുകൾ ഉഴുതു കഴിഞ്ഞാൽവയലുകൾ ഉഴുന്നവന്റെ ആകുന്നു. നിങ്ങളും ഇതു പോലെ വേറെ ആളുകളുടെ വയലുകൾ പിടിച്ചു പറിച്ചിട്ടുണ്ട്. ഞങ്ങൾ നൂറ്, ഇരുന്നൂറ് വർഷങ്ങളായി ഇവിടെ താമസിക്കുകയാണ്. സർക്കാർ ഉറങ്ങിയിട്ടില്ല. കച്ചേരിയിൽ പോയി രേഖകൾ നോക്കൂ.'

അയാൾ കുറ്റികൾ ഉറപ്പിച്ചു കൊണ്ടേയിരുന്നു. സീതായ ഉറക്കെ ശബ്ദമുണ്ടാക്കി കുശത്തെരുവിലെ പുരുഷന്മാരേയും, സ്ത്രീകളേയും വിളിച്ചു വരുത്തി. അവർ പറഞ്ഞു, 'എല്ലാം പറിച്ചുകളയൂ.' ആരോക്കെയോ മുന്നോട്ടു വന്നു.

ഖുശാലിയുടെ രണ്ടു മക്കളും, സദാശിവും, രാമേശ്വറും, അരക്കെട്ടിൽ തിരുകിയ വാക്കത്തി കയ്യിൽ പിടിച്ച് മുമ്പോട്ടു വന്നു. അവർ പറഞ്ഞു, 'മുമ്പിൽ വന്നാൽ ഓരോരുത്തനേയും വെട്ടും.'

സീതായ കുറച്ചു പിന്നോട്ടു മാറി. പിന്നെ അവർ ചണ്ഡികയെന്ന പോലെ ഒച്ചപ്പാട് ഉണ്ടാക്കിയിട്ട് പറഞ്ഞു, 'പുരുഷന്മാരും, സ്ത്രീകളും ഇപ്പോൾ വീടുകളിലേക്ക് പൊക്കോളൂ. ഓരോരുത്തരും കയ്യിൽ പുതിയൊരു മൺകലവുമായി തിരിച്ചു വന്നോളൂ. 'ഈ കലം നിങ്ങളുടെ ശവത്തിൽ പൊട്ടിക്കുന്നു' എന്ന് പറഞ്ഞ് ഇവിടെ കൊണ്ടുവന്ന് പൊട്ടിക്കൂ. അതിനു ശേഷം ആ സ്ഥലം അവർ തിന്നു തുലയട്ടെ, നന്നാകുകയില്ല.'

പറഞ്ഞ പോലെ പുരുഷന്മാരും, സ്ത്രീകളും ഓടി വീട്ടിൽ ചെന്ന് പുതിയ മൺകലവുമായി വന്നു. ഖുശാലി കുറ്റികൾ അവിടെ തന്നെ ഉപേക്ഷിച്ച് മക്കളേയും കൂട്ടി നിശ്ശബ്ദനായി സ്ഥലം വിട്ടു പോയി. കുടിക്ക് പുറത്ത് വയലിനരികിൽ നിന്നു കൊണ്ട് അയാൾ കുശവരെ ചീത്ത വിളിക്കാൻ തുടങ്ങി. സീതായയുടെ ഉടുവസ്ത്രങ്ങൾ അയാൾ വലിച്ചഴിച്ചു. കുശവർ ആരും ഒന്നും മിണ്ടിയില്ല. ഘനശ്യാമിന്റെ ഭാര്യ രുഗ്മിണി സഹിക്കാൻ വയ്യാതെ ഒടുവിൽ ഇത്രയും പറഞ്ഞു, 'നിങ്ങളുടെതന്നെ വയലിൽനിന്ന് നിങ്ങൾ അവലക്ഷണവാക്കുകൾ പറയുന്നു. വയലാണെങ്കിൽ കതിര് വന്നുനിൽക്കുന്നു. നിങ്ങൾക്ക് പതിര്

മാത്രം ബാക്കിയാകും.'

സീതായ ഇത്രയും പറഞ്ഞു, 'ശത്രുവിന്റെ മുമ്പിൽ കരഞ്ഞാൽ അവൻ കൂടുതൽ കൂടുതൽ ആക്രമിക്കും എന്ന് കുശവൻ ഇപ്പോൾ മനസ്സിലാക്കണം. ഏതെങ്കിലും കൃഷിക്കാരൻ ഈ കുടിയിൽ വന്നോട്ടെ അപ്പോൾ കാണാം.'

ഇത് അധികം മുമ്പോട്ടു പോയില്ല. എന്തെന്നാൽ ഖുശാലിയുടെ ചെയ്തികൾ മറ്റു കൃഷിക്കാർക്ക് അത്ര ഇഷ്ടപ്പെട്ടില്ല. അവർ ഖുശാലിയേയും അയാളുടെ മക്കളേയും കുറ്റപ്പെടുത്തി പറയുന്നുണ്ടായിരുന്നു.

ഒരു ദിവസം കുശവർ ആ കുറ്റികളെല്ലാം എടുത്ത് കെട്ടുകെട്ടി വയലിനരികിൽ കൊണ്ടിട്ടു. അവരുടെ സ്ത്രീകൾ വന്ന് അവ പെറുക്കിയെടുത്ത് കൊണ്ടുപോയി.

23

യശവന്തിന്റെ മകൻ സദാനന്ദ്, പഠിക്കുവാൻ വേണ്ടി വീടുവിട്ട് പൂനയിൽ പോയവൻ, അഞ്ചര വർഷം കഴിഞ്ഞപ്പോൾ വീട്ടിലേക്ക് മടങ്ങി. പണ്ടേ നീണ്ടു മെലിഞ്ഞു സുന്ദരനായ അവൻ ഇപ്പോൾ കൂടുതൽ സൗന്ദര്യമുള്ളവനായി തോന്നി. കണ്ണുകളിൽ നല്ല പ്രകാശമുണ്ടായിരുന്നു. അവൻ ബി.എ. ഒന്നാം ക്ളാസ്സിൽ പാസ്സായി. ഡിഗ്രി അവന്റെ കയ്യിലുണ്ടായിരുന്നു. ദേഷ്യംകൊണ്ട് മുറ്റത്ത് ഉണക്കാൻ വെച്ച കലങ്ങൾ പൊട്ടിച്ചിട്ട് പോയ അവൻ പഠിച്ച് വലിയവനായി തിരിച്ചു വന്നിരിക്കുന്നു.

വന്ന ദിവസം തന്നെ അവൻ അച്ഛൻ ചക്രം പ്രവർത്തിപ്പിക്കുന്ന സ്ഥലത്ത് പോയി നിന്നു. മകനെ കണ്ടപ്പോൾ തന്നെ അയാളുടെ കണ്ണു നിറഞ്ഞ് കുടുകുടെ ഒഴുകിതുടങ്ങി. അയാൾ പറഞ്ഞു,

'മകനേ അമ്മയും, അച്ഛനും മക്കളുടെ നന്മ മാത്രമേ ഇച്ഛിക്കുന്നുള്ളൂ. എന്നാൽ വിഡ്ഢികളായ ഞങ്ങൾക്ക് നല്ലതെന്താ ചീത്തയെന്താ ഒന്നും തന്നെ അറിഞ്ഞുകൂടാ.' അയാൾ ഭാര്യയോടായി ഉറക്കെ പറഞ്ഞു,

'എടീ, നമ്മളുടെ മകൻ സദാനന്ദ് തിരിച്ചെത്തിയിരിക്കുന്നു. നോക്കൂ'

കേൾക്കേണ്ട താമസം അവൾ ഓടിയെത്തി. അവനെ ചേർത്തു പിടിച്ച് കണ്ണീരൊഴുക്കി മിണ്ടാതെ തന്നെ കെട്ടിപ്പിടിച്ചു. ഇപ്പോൾ അവൾ അവനെ പൊക്കിയെടുത്ത് സാരിത്തുമ്പിലിട്ടു പുതച്ച് മുലയൂട്ടുമെന്ന് തോന്നി. 'ഓരോ തവണയും വരുമ്പോൾ ശിവറാമ് മാമന്റെ മകൻ

ആത്മാറാമിനോട് നീ ഇവിടെ വന്നു പോകണമെന്ന് ഞാൻ പറഞ്ഞു വിട്ടിരുന്നതല്ലേ? നീ വന്നില്ല. ഞങ്ങളെപ്പറ്റിയുള്ള ഓർമ്മ പോലും നിനക്കുണ്ടായില്ല.'

'ഉണ്ടായിരുന്നെങ്കിൽ ചെറിയ ഒരു ജോലി ചെയ്ത് പഠിക്കുമായിരുന്നില്ലേ? മുഴുവൻ പഠിച്ചുകഴിഞ്ഞ് അഭിമാനത്തോടെ നിങ്ങളുടെ മുമ്പിൽ വരാമെന്ന് വിചാരിച്ചു.'

'നന്നായി നീ നല്ല കാര്യം ചെയ്തു. അമ്മയുടെയും , അച്ഛന്റെയും അഭിമാനം നിലനിർത്തി.'

വിവരമറിഞ്ഞ് കുശത്തെരുവിലെ എല്ലാവരും മുറ്റത്തു വന്നു കൂടി. എന്തൊരു സന്തോഷം, എത്രയെത്ര ചോദ്യങ്ങൾ, എന്തൊരൗത്സുക്യം! ആളുകളെല്ലാവരം കൂടി ഇപ്പോൾ അയാളെ ചുമലിലേന്തി വാദ്യഘോഷത്തോടെ കുശക്കുടി മുഴുവനും കൊണ്ടുനടക്കുമെന്ന് തോന്നി... അടുത്ത ദിവസം അയാൾ കൃഷിക്കാരനായ ഗോവിന്ദ് നായ്ക്കിന്റെ വീട്ടിൽ പോയി. അയാൾ ഗോവിന്ദ് മാമിന്റെ മകൻ, ആത്മാറാമിന്റെ കൂടെ താമസിച്ചാണ് പുണെയിൽ പഠിച്ചുകൊണ്ടിരുന്നത്. ഒരു തവണ ആത്മാറാമ് അവധിക്ക് വന്നപ്പോൾ 'ഞാൻ മെട്രിക് എഴുതിയിട്ടുണ്ട്, ആത്മാരാമണ്ണാ, 'എന്നു പറഞ്ഞപ്പോൾ ആത്മാറാമ് പറഞ്ഞു, 'നല്ല മാർക്ക് വാങ്ങി പാസ്സായാൽ പുണെയിൽ വന്നോളൂ. നമുക്ക് എന്തെങ്കിലും നോക്കാം.' അയാൾ അത്രയും സഹായിച്ചു.

അഞ്ചര വർഷം മുമ്പ് വീട്ടിൽ നിന്ന് ഓടിപ്പോയപ്പോൾ രണ്ടു ദിവസം അവൻ ഗഡയിൽ ഖാനാപൂർകാർ മാസ്റ്ററുടെ വീട്ടിൽ തങ്ങി. താൻ തുടർന്നു പഠിക്കുവാൻ പുണെയിൽ പോകുന്നു എന്നു പറഞ്ഞപ്പോൾ ഖാനാപൂർകാർ മാസ്റ്റർ പറഞ്ഞു, 'പൊക്കോളൂ, എവിടെ വേണമെങ്കിലും പൊക്കോളൂ. നന്നായി പഠിക്കണം. പടി കടക്കുന്നവന് മാത്രമേ വിജയം കിട്ടുകയുള്ളൂ. വയറു പോറ്റാൻ പാകത്തിൽ ഒരു ജോലി നേടുക, കോളേജിൽ പോകുക, ഒരുപാട് വായിക്കുക, എഴുതുക, ഓരോ പരീക്ഷയിലും ഒന്നാം ക്ളാസ്സിൽ പാസ്സാകണം. ഗ്രാജുവേറ്റ് ആയി തിരിച്ചു വരണം. എവിടെയാണ് പോകുന്നത്, ആരുടെ കൂടെ താമസിക്കും?'

'പുണെയിൽ സാൻമുഡ്ഗേരിയിലെ ഗോവിന്ദമാമന്റെ മകൻ ആത്മാറാമ് ഉണ്ട്. അയാൾ വരാൻ പറഞ്ഞിട്ടുണ്ട്.'

'ഇതിലെ വരാൻ പറയുന്നതും അവിടെയെത്തുമ്പോൾ ആശ്രയം കൊടുക്കുന്നതും തമ്മിൽ വ്യത്യാസമുണ്ട്. നഗരത്തിലെ ആളുകൾ പെറുമാറ്റത്തിലും കള്ളത്തരം കാണിക്കും.'

'അയാൾ നല്ലവനാണ്. ഗോവിന്ദമാമൻ നല്ലമനുഷ്യനാണ്. മഴക്കാ

ലത്ത് അമ്മ എപ്പോൾ പോയാലും ചോറ് ഇലയിൽ പൊതിഞ്ഞു തരും. അദ്ദേഹത്തിന്റെ മൂന്നു മക്കളും പഠിച്ചവരാണ്.'

പിറ്റേ ദിവസം അവൻ മുൻസൂചന കൊടുക്കാതെ തന്നെ സ്കൂളിൽ നിന്ന് യോഗ്യതാപത്രം വാങ്ങിച്ചു ഗോവിന്ദ്നായ്ക്കിന്റെ വീട്ടിൽ പോയി ആത്മാറാമിന്റെ മേൽവിലാസം വാങ്ങിച്ചു. പോകുമ്പോൾ ഖാനാപൂർ കാർ മാസ്റ്റർ അവന്റെ കയ്യിലേക്ക് നാന്നൂറുരൂപ വെച്ചുകൊടുത്തു. അദ്ദേഹം പറഞ്ഞു, 'വടവൃക്ഷത്തിന്റെ വിത്ത് വളരെ ചെറുതാണ്. ആ വിത്തിൽ നിന്നാണ് ആയിരത്തിൽ പരം ശാഖകളുള്ള വൃക്ഷമുണ്ടാകുന്നത്. അത് വളർന്ന് ആകാശംവരെ എത്തും. ഈ പൈസയും അതു പോലെ വിത്തു മാത്രം. ആ വിത്തിന്റെ പൂർണ്ണ ചുമതല ഏറ്റെടുത്തോളൂ.'

അവൻ മാസ്റ്ററോട് പറഞ്ഞു, 'ഞാൻ ശരിക്കും പഠിക്കും സർ, ഞാൻ പോയാൽ നിങ്ങൾ അച്ഛനേയും, അമ്മയേയും സമാധാനിപ്പിക്കണം.'

ആത്മാറാമ് പുണെയിലെ കംപ് എന്ന സ്ഥലത്താണ് താമസിച്ചിരുന്നത്. അയാൾ മിലിട്ടറി അക്കൗണ്ട്സിൽ ജോലി ചെയ്തിരുന്നു. അയാളുടെ മേൽവിലാസം കൈമോശം വരുമോ എന്ന് സദാനന്ദ് പേടിച്ചു. അവൻ അത് സൂക്ഷിച്ചുവെച്ചിരുന്നു.

സദാനന്ദ് കാർവാറിൽ നിന്ന് ബസ്സിലാണ് പോയത്. അവൻ പുണെ ബസ്സ് സ്റ്റാൻഡിൽ വന്നിറങ്ങി. സമുദ്രത്തിലെ നീർമനുഷ്യൻ വഴി തെറ്റി ദ്വീപിലെത്തിയ പേലെയായിരുന്നു അവന്റെ അവസ്ഥ. നാലു ചുറ്റും ആളുകളുടെ മഹാസാഗരം. എന്നാൽ പരിചയമുള്ള ഒരു മുഖം പോലും ഇല്ല. ഈ ലോകത്തിൽ ഇത്രയും അധികം അപരിചിതരായ മനുഷ്യർ ഓരോ സ്ഥലത്തും ഉണ്ടാകാം എന്ന് അവന് തോന്നിയിരുന്നില്ല. അവൻ വിചാരിച്ചു, 'ഞാൻ എന്റെ പേരും അടയാളവുമായി എന്നെ പരിചയപ്പെടുത്താൻ ശ്രമിക്കുന്നു. ആ പരിചയം നേടാൻ ഇവിടെ വളരെ പ്രയാസമാണെന്നു തോന്നുന്നു....'

അവൻ സംഭ്രാന്തനായി. അവന്റെ കണ്ണുകൾ നിറഞ്ഞു. 'ഞാൻ വഴി എങ്ങനെ മനസ്സിലാക്കും? അവൻ അവിടെ ഒരു ബഞ്ചിലിരുന്നു. അറിയാതെ തന്നെ അവൻ നാട്ടിലെ മാവിൻതണലിലെത്തി. ചൂളയുടെ മുമ്പിൽ അട്ടിയിട്ടു വെച്ച മൺകലങ്ങളുടെ നിര... സീതായ അമ്മയുടെ കൈകൾ കൊണ്ടുണ്ടാക്കിയ മൺവിളക്കുകൾ... ഞാൻ ഇങ്ങനെ പുതിയ മൺകലങ്ങൾ പൊട്ടിച്ചിട്ട് വന്നത് ശരിയായില്ല. അത് അവരുടെ ഉപജീവനമാർഗ്ഗമല്ലേ? ഇവിടെയാണെങ്കിൽ നാളെ വയറ്റിനുള്ളതു പോലും ആഗ്രഹിക്കേണ്ട...' പെട്ടെന്ന് അവന്റെ ചെവി യിൽ വിസ്മയിപ്പിക്കുന്ന ഒരു സ്വരം മുഴങ്ങി കേട്ടു....... രാത്രിയിലെ തണുപ്പ്, ശാന്തമായ അന്തരീക്ഷം, മുകളിൽ വ്യാപിച്ചു കിടക്കുന്ന മാവിൻ

വൃക്ഷം. ഓരോ വീട്ടിലും പുരുഷന്മാർ കലംതല്ലി കൊണ്ട് മണ്ണ് അടിച്ചു പരത്തുന്ന താളമയമായ ശബ്ദം. ആ താളത്തിന്റെ അനുഭവവുമായി അവൻ കുറച്ചുനേരം നിശ്ശബ്ദനായിരുന്നു. ..... കലംതല്ലിയുടെ താളത്തിനൊത്ത് ആരോ ഭജന പാടുന്നു. ..... വിഠോബാ, വിഠോബാ, വിഠോബാ രഖുമായീ...

ശനിയാഴ്ച വൈകിട്ട് അവൻ ആത്മാറാമിന്റെ വസതിയിലെത്തി. ആത്മാറാമും അയാളുടെ കൂടെ താമസിക്കന്ന രണ്ടു സ്നേഹിതരും വെച്ചു വിളമ്പി കഴിക്കുന്നത് ഇവിടെ തന്നെയാണ്. സദാനന്ദിനെ കണ്ടിട്ട് ആത്മാറാമ് തണുത്ത മട്ടിൽ പറഞ്ഞു, 'വന്നു, ഇവൻ, വരൂ. നാട്ടിൽ എല്ലാവർക്കും സുഖം തന്നെയല്ലേ, അറിയിക്കാതെ തന്നെ വന്നെത്തി യോ?' ആരോടുമല്ലാത്ത ആത്മാറാമിന്റെ ഈ വാക്കുകൾ അവന്റെ മനസ്സിനെ വേദനിപ്പിച്ചു. അവന്റെ മനസ്സിൽ ഭയം തോന്നി.

രണ്ടു മുറികളുള്ള ചെറിയ വീട്. അവർ മൂന്നു പേരും ഹാഫ് പാന്റും ബനിയനും ധരിച്ചിരുന്നു. തുണി ഉണക്കാൻ വേണ്ടി കെട്ടിയ മുളയിൽ വസ്ത്രങ്ങളെല്ലാം അവിടവിടെ കിടക്കുന്നു. കഴുകിയതും കഴുകാത്തതുമായ പാത്രങ്ങൾ അങ്ങിങ്ങായി കിടക്കുന്നു. പിച്ചളയിൽ നിർമ്മിച്ച ഒരു പഴയ സ്റ്റൗ. വിവാഹം കഴിക്കുന്നതിനു മുൻപ് ഒരവ സ്ഥയിൽ മനുഷ്യൻ അലസനും, ശ്രദ്ധയില്ലാത്തവനുമായിരിക്കും. അതിന്റെ പ്രതിബിംബമാണ് ഇവിടെ കാണുന്നത്. ആത്മാറാമ്, നാട്ടിലെ ഒരു നല്ല കൃഷിക്കാരന്റെ മകൻ, നാട്ടിൽ തന്റെ മോടി കാണിച്ച് എല്ലാ വരേയും മയക്കുമായിരുന്നു. അയാൾക്ക് ഇവിടെ അലക്ഷ്യമായി പിടിച്ച പോലെ ഒരു നിമിഷം. അയാൾ തെല്ലൊന്ന് വിനയാന്വിതനായി.

സദാനന്ദിന്റെ ശരീരത്തിലെ വസ്ത്രങ്ങൾ നൂലടർന്നു പോയവയും അഴുക്കുള്ളവയും ആയിരുന്നു. കയ്യിൽ പഴയ വസ്ത്രങ്ങൾ വെച്ച ഒരു പൊതിക്കെട്ടുമുണ്ടായിരുന്നു. വിയർപ്പു കൊണ്ട് തലമുടിയും, മുഴുവൻ ശരിരം തന്നെയും തൊട്ടു കഴിഞ്ഞാൽ ഒട്ടുന്ന വിധത്തിലായി. സാധാ രണ അയാൾ വെളുത്തതും, പ്രസന്നമുഖനും ആയിരുന്നു. പതിനേഴു വയസ്സായപ്പോൾ കൗമാരവും, യൗവനവും കൂടിച്ചേരുന്ന സമയത്തുള്ള പ്രത്യേകതരത്തിലുള്ള ഒരു പുത്തൻ ഉന്മേഷം അയാളുടെ ശരീര ത്തിൽ ഉണ്ടായിരുന്നു.

അവർ മൂന്നു പേരും കൂടി അയാളെ സ്വാഗതം ചെയ്തു. ആത്മാറാമ് പറഞ്ഞു, 'പാണ്ഡെ, സാമന്ത്, ഇയാളെ അറിയുമോ, ഇയാൾ നാട്ടിലുള്ള ആളാണ്. പേര് സദാനന്ദ്. മെട്രിക് പാസ്സായി....'

സദാനന്ദ് ഇടക്ക് കയറി പറഞ്ഞു, 'അതെ, ഫസ്റ്റ് ക്ളാസ്സിൽ പാസ്സാ യി. തുടർന്നു പഠിക്കണം എന്ന് ആഗ്രഹമുണ്ട്.'

അവർ മിണ്ടിയില്ല. ഒരാൾ അവന് കുളിക്കാൻ ബക്കറ്റ് നിറച്ചു കൊടുത്തു. മറ്റൊരാൾ അവിടെ ബാക്കിയുള്ള ഭക്ഷണം ചൂടാക്കാനായി സ്റ്റൗവിൽ വെച്ചു.

കാർവാറിലെ ബസ്സിലിരിക്കുമ്പോൾ വിൽക്കാൻ കൊണ്ടുവന്ന ഒരു പുതിയ ഷർട്ടും ട്രൗസറും അകത്തിടുന്ന ഒരു ഷഡ്ഡിയും ആദായവിലക്ക് വാങ്ങിച്ചിരുന്നു. കുളിച്ചു വന്ന് അവൻ അതു ധരിച്ചു. ഈ വസ്ത്രങ്ങളിലൂടെ അയാളുടെ ദാരിദ്ര്യവും, അപ്രീതിയും തെളിഞ്ഞുകാണാമായിരുന്നു. ആദ്യത്തെ തവണ ഊണു കഴിക്കാൻ ഇരുന്നപ്പോൾ കൃതജ്ഞത കൊണ്ട് അവന്റെ മനസ്സ് നിറഞ്ഞു. കൂടെ ഭയവും തോന്നി.

'ഞാൻ ഇവരുടെ മേൽ ഒരു ഭാരമാകരുത്!' അയാൾ പറഞ്ഞു, 'ഞാൻ ചെറിയ ഒരു ജോലി ചെയ്ത് പഠിക്കും.' പിന്നെ താൻ അവരെ വിശ്വസിപ്പിച്ചു എന്നു കരുതി അവൻ സന്തോഷിച്ചു.

ഒന്നര മാസത്തോളം അയാൾക്ക് ജോലിയൊന്നും കിട്ടിയില്ല. ജോലി നിശ്ചിതസമയത്ത് വേണമല്ലോ. അത് ഇത്തിരി പ്രയാസമുള്ള കാര്യമായിരുന്നു. എന്നാലും റെയിൽവേ സ്റ്റേഷനിലെ മുനിസിപ്പാലിറ്റിയുടെ വക സ്കൂളിൽ അവൻ പതിനൊന്നാം ക്ളാസ്സിൽ ചേർന്നു. മൂന്നു പേരും കൂടി പഠിക്കുവാൻ അവനെ സഹായിച്ചു. എവിടെ നിന്നൊക്കെയോ പഴയ പുസ്തകങ്ങൾ കൊണ്ടുവന്നു കൊടുത്തു. ആത്മാറാം അഡ്മിഷനുള്ള പണം കൊടുത്തു. സാമന്തും, പാണ്ഡെയും ഇടക്കിടയ്ക്ക് ബസ്സുകൂലി കൊടുത്തു. പകരമായി വേണ്ടെന്ന് പറഞ്ഞാൽ പോലും സദാനന്ദ് അവർക്കു വേണ്ടി പാത്രങ്ങൾ കഴുകും, തുണി നനയ്ക്കും. അടിച്ചു വാരി വൃത്തിയാക്കും, നിലം തുടച്ച്. വീടു മുഴുവൻ വൃത്തിയാക്കി വെക്കുമായിരുന്നു. അവർക്കതിഷ്ടമായി.

ജോലിയില്ലാതിരിക്കുന്നത് അവന് പ്രയാസമുണ്ടാക്കുന്ന കാര്യമായിരുന്നു. സ്കൂളിൽ പോകണം, ആഹാരം വേണം, ചില്ലറ ചില വുകളുമുണ്ടാകും. സദാനന്ദ് ഒറ്റക്കുള്ളപ്പോൾ ഒരു ദിവസം പാണ്ഡെ പറഞ്ഞു. 'ഖഡ്കി റോഡ് കോളനിയിൽ നിന്ന് ഒരു വൃദ്ധൻ ഇരുപത്തി നാല് ചോറ്റുപാത്രങ്ങൾ ഞങ്ങളുടെ ഓഫീസിൽ എത്തിക്കുമായിരുന്നു. ഓരോ പാത്രത്തിനും മുപ്പത്തി അഞ്ചു രൂപാ വീതം. ആ വൃദ്ധൻ ഇപ്പോൾ വരുന്നില്ല. വാർദ്ധക്യം നിമിത്തമാണ്. നിനക്ക് അത് ഏറ്റെടുക്കുവാൻ പറ്റുമോ എന്നു നോക്കൂ. നിന്റെ വൈകിട്ടത്തെ സ്കൂ ളാണെങ്കിൽ ഒരു മണി മുതൽ ആറു മണി വരെയാണ്. ഇവിടെനിന്ന് പന്ത്രണ്ടരയാകുമ്പോൾ നിനക്കു പോകാം. പിന്നെ ഉടനെ സ്കൂളിൽ പോകാം.' സദാനന്ദ് തയ്യാറായി. പിറ്റേദിവസം മുതൽ ചോറ്റുപാത്രം കൊണ്ടുകൊടുത്തു തുടങ്ങി. ഒമ്പതു വയസ്സ് പ്രായമുള്ളപ്പോൾ മുതൽ

അവൻ കുളത്തിൽ നിന്ന് മണ്ണു നിറച്ച കുട്ടകൾ തലയിലെടുക്കുമായിരുന്നു. അവന് അത് ഭാരമായി തോന്നിയിരുന്നില്ല. രാവിലെ പത്തു മണിക്ക് ഒഴിഞ്ഞ കുട്ടയുമായി ഖഡ്കി റോഡ് കോളനിയിൽ പോകുന്നുണ്ടായിരുന്നു. ചോറ്റുപാത്രങ്ങൾ പെറുക്കി കൂട്ടും. അവ കുട്ടയിലിട്ട് തലയിലെടുത്ത് സ്റ്റേഷനിനടുത്തുള്ള ഡിഫൻസ് അക്കൗണ്ട്സ് ആഫീസിൽ കൊണ്ടു വരും. ഒന്നൊന്നര മണിക്കൂർ നേരത്തെ വഴി, പന്ത്രണ്ടര മുതൽ പന്ത്രണ്ടേ മുക്കാൽവരെ അയാൾ അവിടെ നിൽക്കണം. പിന്നെ സ്വതന്ത്രനാകും. പിന്നെ ഓടിയോടി സ്കൂളിലേക്കു പോകും. പുസ്തകങ്ങളും ചോറുമൊക്കെ കുട്ടയിൽ തന്നെയിട്ട് കൊണ്ടു വരും.

സ്കൂളിലെത്തുമ്പോൾ വിയർപ്പ് കൊണ്ട് കുളിച്ചിരിക്കും. നല്ല ക്ഷീണവും കാണും അതുകൊണ്ട് കുറച്ചൊന്നു മയങ്ങും.

രാവിലെ കുട്ട തലയിലേന്തി കൊണ്ടുവരുമ്പോഴും തിരിച്ചു കൊണ്ടു പോകുമ്പോഴും സ്കൂളിലെ ഒരു കുട്ടി ഇത് കാണുന്നുണ്ടായിരുന്നു. അതിനാൽ അവന് ലജ്ജ തോന്നുമായിരുന്നു.

ആത്മാറാമിനോട് അവർ ഒന്നും തന്നെ പറഞ്ഞില്ല. പാണ്ഡെ പറയാതെ തന്നെ എല്ലാം ചെയ്തു. അയാൾ അറിഞ്ഞപ്പോൾ പാണ്ഡെയെ ശകാരിച്ചു. ഈ ശകാരത്തിൽ ഒന്നും തന്നെയില്ല എന്ന് സദാനന്ദിന് മനസ്സിലായി. ഭാവിയിൽ പേർ നിലനിർത്താനുള്ള ഒരു തുടക്കം മാത്രമായിരുന്നു ആ ശകാരം.

പതിനൊന്നിലും, പന്ത്രണ്ടിലും പഠിക്കുമ്പോൾ അവൻ ചോറ്റുപാത്രങ്ങൾ തലയിലെടുത്തു കൊണ്ട് അവിടെ കൊടുക്കുമായിരുന്നു. പണത്തിന്റെ കാര്യത്തിൽ അവർ ഉദാരമനസ്കരായിരുന്നു എന്നു പറയുകവയ്യ. വേറെ പല കാര്യങ്ങളിലും അവന് അവരുടെ പൂർണ്ണമായ പിന്തുണ ലഭിച്ചിരുന്നു. സ്കൂളിനെ സംബന്ധിച്ച്, പഠിപ്പിനെ സംബന്ധിച്ച് അവർ ചോദിച്ചു കൊണ്ടിരുന്നു. അറിയാത്ത കാര്യങ്ങൾ പറഞ്ഞു മനസ്സിലാക്കുമായിരുന്നു. എവിടെയോ നിന്നൊക്കെ ആവശ്യമുള്ള പുസ്തകങ്ങൾ കൊണ്ടുവന്ന് കൊടുക്കുമായിരുന്നു. ഉറങ്ങുന്നതിനു മുമ്പു വായിക്കണം, പഠിക്കണം എന്നു പറഞ്ഞ് രാത്രി വായിച്ചു പഠിക്കാൻ അകത്തെ മുറി അവനു മാത്രമായി വിട്ടു കൊടുത്തിരുന്നു. വന്ന ദിവസം സാമന്ത് അവന് ഒരു പരവതാനി കൊടുത്തു, ആത്മാറാം ഒരു വിരിപ്പും. അകത്ത് അയാൾ ഒറ്റക്കിരുന്ന് വായിക്കും. വളരെ വൈകിയാണ് ഉറങ്ങുന്നത്. ചോറ്റുപാത്രം ചുമക്കുന്ന ഇനത്തിൽ അവന് കിട്ടുന്ന എണ്ണൂറു രൂപ എങ്ങനെയാണ് ചിലവാക്കുന്നതെന്നുള്ളതിലും അവരുടെ ദൃഷ്ടി പതിച്ചിരുന്നു. അവൻ കൊടുക്കുന്ന ഊണിന്റെ പൈസ അവർ സ്വീകരിച്ചിരുന്നു.

വെയ്പുപണി അവൻ തന്നെ ചെയ്യും. പാത്രങ്ങളും കഴുകി വെയ്ക്കും. രാവിലെ മുതൽ രാത്രി വരെ ഓട്ടത്തോടോട്ടം. ക്ഷീണിച്ചു തളരും. ഇടക്കിടയ്ക്ക് മയങ്ങും. ദാരിദ്ര്യത്തിന്റെ ചിന്ത കൊണ്ടു തന്നെ ജിവൻ കുറേശ്ശെയായി ഇല്ലാതാകും. പിന്നെ ലജ്ജയും, ഇടക്കിടയ്ക്ക് പെട്ടെന്നുണ്ടാകുന്ന കരച്ചിലും.

എന്നാലും പന്ത്രണ്ടാം ക്ളാസ്സിൽ അവന് അറുപത്തി അഞ്ച് മാർക്കുണ്ടായിരുന്നു. പിന്നെ പേരുകേട്ട എസ്. പി. കോളേജിൽ അവൻ ബി. എ. ക്ക് ചേർന്നു പഠിച്ചു. രണ്ടു വർഷം ചോറ്റുപാത്രങ്ങൾ ചുമന്നിട്ടും ആത്മാറാമിന്റെ പക്കൽ നിന്ന് പണം വാങ്ങേണ്ടി വന്നു.

കോളേജ് രാവിലെ മാത്രമായിരുന്നു. അങ്ങനെ ചോറ്റുപാത്രം ചുമക്കാനുള്ള അവസരം നഷ്ടമായി. ഇടയ്ക്ക് മൂന്നു മാസം ഒരു ജോലിയുമില്ലായിരുന്നു. പണം കൊടുക്കാതെ കഴിയ്ക്കുന്ന ഊണ് അയാൾക്ക് ഭാരമായി തോന്നി. ബസ്സുയാത്രക്ക് കുറച്ചു പണം ചിലവാകുന്നുണ്ടായിരുന്നു. പണമില്ലെങ്കിൽ പിന്നെ അവൻ നടന്നും ഓടിയും കോളേജിൽ എത്തും. എത്രയോ തവണ എല്ലാം ഉപേക്ഷിച്ച് തിരിച്ച് നാട്ടിലേക്ക് തന്നെ പോകാമെന്നു തോന്നിയിട്ടുണ്ട്. അവിടെ പോയാൽ മൺകലങ്ങൾ ഉണ്ടാക്കിയെങ്കിലും വയറു നിറക്കാം. എന്നാൽ കുശവപ്പണിക്ക് നാട്ടിൽ ഇപ്പോൾ വിപണിയില്ലെന്ന് നാട്ടിൽ എല്ലാവരും, എല്ലായപ്പോഴും പറയും. പാണ്ഡെ ഒരു ദിവസം പറയുകയും ചെയ്തു. 'പന്ത്രണ്ട് മതിയെന്നു വെച്ചോ. ചെറിയ ജോലിയൊക്കെ എവിടെയും കിട്ടും.' ഇത് കേട്ട് അവൻ നിരാശനായി.

ഇവിടെയും ഇടക്കിടയ്ക്ക് ജോലി ചെയ്യേണ്ടി വന്നു. ജോലി അന്വേഷിച്ചാൽ കിട്ടുന്നതല്ലായിരുന്നു. ഒരു ദിവസം അവൻ തന്റെ കോളേജിലെ ചെറുപ്പക്കാരനായ ലക്ചററെ തന്റെ ബുദ്ധിമുട്ട് അറിയിച്ചു. സംസാരിച്ചു കൊണ്ടിരിക്കവേ അയാളുടെ തൊണ്ടയിടറി. കണ്ണുകളിൽ വെള്ളം നിറഞ്ഞു. ആ ലക്ചറർ പറഞ്ഞു, 'ഇത് ഗർഭിണിയായ ഒരു സ്ത്രീയുടെ അവസ്ഥയെപ്പോലെയുണ്ട്. അവളുടെ കഷ്ടതകൾ നാളത്തെ നല്ലതിനു വേണ്ടിയാണല്ലോ.'

മൂന്നു ദിവസം കഴിഞ്ഞ് ആ ലക്ചറർ അവനെ വിളിച്ചു കൊണ്ടു പോയി. അയാൾ പറഞ്ഞു, 'ഇവിടെ അടുത്തു തന്നെ സദാശിവ് പേഠയിൽ നിന്ന് 'യശശ്രീ' എന്ന ഒരു ആഴ്ചപ്പതിപ്പ് ഇറങ്ങുന്നുണ്ട്. എന്റെ ചിറ്റപ്പൻ അവിടെ സഹപത്രാധിപരാണ്. ആഴ്ചപ്പതിപ്പ് കവറിലാക്കാനും, അതിന്മേൽ പേരൊട്ടിക്കാനും, പോസ്റ്റ്ചെയ്യാനും അവിടെ ഒരു ഹെൽപർ ആവശ്യമുണ്ട്. പല നാടുകളിലും കെട്ടുകണക്കിന് അയക്കണം. അവയൊക്കെ ബസ്സ് സ്റ്റാന്റ് വരെ എത്തിക്കണം.

'എപ്പോഴാണ്? എത്ര മണിക്കൂർ ജോലി ചെയ്യണം?'

'വൈകിട്ട് മൂന്നു നാലു മണിക്കൂർ പണിയുണ്ടാകും. ആൾക്കാർ പലരുമുണ്ട്. പക്ഷെ നിന്റെ കാര്യം ഞാൻ ചിറ്റപ്പനോട് പ്രത്യേകം പറഞ്ഞിട്ടുണ്ട്. ആഴ്ചയിൽ ഇരുന്നൂറ് രൂപ ശമ്പളമായി നൽകുമെന്നാണ് പറഞ്ഞത്.'

മൂന്നു വർഷം അവൻ ആ ആഴ്ചപ്പതിപ്പിന്റെ ജോലിയിൽ ഏർപ്പെട്ടു. കൂടെ പഠിപ്പും നടന്നു. സദാശിവ് പേഠയിൽ ശനിപാരക്കടുത്ത് 'അന്നബ്രഹ്മ' എന്ന് പേരുള്ള ഒരു ഭക്ഷണശാല ഉണ്ടായിരുന്നു. അവിടെ ഹാഫ് ഊണ്, ഊണ്, ഫുൾ ഊണ് എന്ന് മൂന്നു തരത്തിൽ ഊണ് കിട്ടുമായിരുന്നു. അവിടെ തൊണ്ണൂറ്റി നാല്, തൊണ്ണൂറ്റി അഞ്ച് എന്ന് പറയപ്പെടുന്ന ഹാഫ് ഊണ് ഏഴു രൂപക്കും, ഊണ് പന്ത്രണ്ടു രൂപക്കും ഫുൾ ഊണ് പതിനെട്ടു രൂപക്കും കിട്ടുമായിരുന്നു. ഹാഫ് ഊണിന് രണ്ടു പൂരിയും, ഭാജിയും, ഒരു പുളിയുള്ള കറിയും, ഊണിനാണെങ്കിൽ ചോറും കൂടി കിട്ടും. സദാനന്ദ് കോളേജിൽ നിന്ന് വരുമ്പോൾ അവിടെ നിന്ന് ഹാഫ് ഊണ് കഴിച്ച് ആഴ്ചപ്പതിപ്പിന്റെ ജോലി നോക്കുമായിരുന്നു. ആറു മണി വരെ അവിടെ ജോലിചെയ്ത് ആറര ഏഴു മണിക്ക് മുറിയിലെത്തും.

സദാനന്ദിനെ ഇപ്പോൾ മൂന്നു പേരും കൂടുതൽ ഇഷ്ടപ്പെട്ടു തുടങ്ങി. അവർക്ക് അവനെ വിശ്വാസമായിരുന്നു. തങ്ങളുടെ ഇളയസഹോദരനായി അവനെ അവർ കണ്ടു തുടങ്ങി. അപ്രകാരമായിരുന്നു പെരുമാറ്റവും. അവനിൽ നിന്ന് മുറിയുടെ വാടകയോ, വൈദ്യുതിച്ചിലവോ, വെള്ളത്തിന്റെ കരമോ ഒന്നും അവർ വാങ്ങിയിരുന്നില്ല. ഊണിന്റെ പൈസ മാത്രം അവർ വാങ്ങിയിരുന്നു. ആ പണം അവർ സൂക്ഷിച്ചു വെച്ചിരുന്നു. ഭക്ഷണം പാകം ചെയ്യുമ്പോൾ അധികം തുടക്കാനോ വെടുപ്പാക്കാനോ നിന്നാൽ അവർ അവനെ ശകാരിക്കും. 'നീ പൊക്കോളൂ, പോയി പഠിക്കാൻ ഇരുന്നോളൂ.' അവർ എവിടെയെങ്കിലും പോയാൽ അവന് ഒരു ഷർട്ട് കൊണ്ടുവരും. അവർ പറയും, 'ആദായവിൽപ്പനയിൽ കിട്ടിയതാണ്' അവരുടെ കൂട്ടത്തിൽ പ്രഹ്ളാദ് സാമന്ത് വിട്ടുവീഴ്ചക്ക് തയ്യാറാകാത്ത, ചിട്ടയുള്ള ഉറച്ച ഒരു മനുഷ്യനായിരുന്നു.

ദിവസേനയുള്ള ജോലിയിൽ, പെരുമാറ്റത്തിൽ, ഉടുക്കുന്നതിൽ എല്ലായിടത്തും അയാൾ ശുചിത്വം പാലിച്ചിരുന്നു. പണം കൈകാര്യം ചെയ്യുന്നതിലും അയാൾ കൃത്യത പാലിച്ചിരുന്നു. ഒരു പൈസപോലും ഇങ്ങോട്ടുമില്ല, അങ്ങോട്ടുമില്ല. നരേശ് പാണ്ഡെ കുറച്ച് ഉൾക്കാഴ്ചയുള്ളവനായിരുന്നു. അധികം സംസാരിക്കും, വിടുവാക്കു പറയും, നാട്ടുകാര്യങ്ങളിൽ പൊങ്ങച്ചം പറയും. എന്നാൽ അയാൾ ഭക്ഷണം പാകം ചെയ്യുന്ന കാര്യത്തിൽ ഒരു കൈ സഹായം പോലും ചെയ്യുകയില്ല. അയാൾ പിശുക്കനാണെങ്കിൽപോലും ഭക്ഷണസാമഗ്രികൾക്കു വേണ്ടി

ചിലവുചെയ്യുന്ന കാര്യങ്ങളിൽ പിശുക്കകാണിച്ചിരുന്നില്ല.. ആത്മാറാമ് കൂടുതൽ പക്വത കാണിക്കുന്നവനായിരുന്നു. അയാളുടെ വാക്ക് അവരെല്ലാം മാനിക്കും. സത്യത്തിൽ അയാൾ വളരെ ശുദ്ധമായ മനസ്സ് ഉള്ളവനായിരുന്നു. വളരെകുറച്ചു മാത്രം സംസാരിക്കുന്ന ശീലമുള്ള തിനാൽ അയാൾക്ക് ആരുമായി അടുപ്പം ഇല്ലായിരുന്നു. എന്തെങ്കിലും തെറ്റ് പറ്റിയാൽ സദാനന്ദിനെ ശകാരിക്കും. സദാനന്ദ് ഭയന്നു വിറച്ച് 'തെറ്റിപ്പോയി ആത്മാരാമണ്ണാ' എന്നു പറയും. പണം കൊടുത്തു സഹായിക്കാൻ അയാൾ ഒട്ടും പുറകിലല്ലായിരുന്നു. എങ്കിലും സൂക്ഷ്മപരിശോധന കൂടാതെ കൊടുക്കുകയില്ലായിരുന്നു. തീരുമാനമെടുക്കാതെ തന്നെ സദാനന്ദിന്റെ കാര്യത്തിൽ പതുക്കെ പതുക്കെ അവർക്ക് ഒരു വശത്തു മാത്രം ശ്രദ്ധിക്കുന്ന മനോഭാവം ഉണ്ടായി. ഈ നിഷ്കപടനായ, കഷ്ടപ്പെടുന്ന കുട്ടിയെ പഠിപ്പിക്കാൻ വേണ്ടി ഞങ്ങൾ എന്തിന് സഹായം ചെയ്യണം? സദാനന്ദ് നാട്ടിൽ വന്നപ്പോൾ സീതായയോട് സംസാരിക്കുന്ന കൂട്ടത്തിൽ പറഞ്ഞു, 'എന്റെ തൊലി യുരിച്ച് ചെരുപ്പുണ്ടാക്കി അവരുടെ കാലുകളിൽ ഇട്ടാൽ പോലും അവർ ചെയ്ത സഹായത്തിനുള്ള പ്രതിഫലം ആകുകയില്ല.'

24

മൺകലങ്ങൾക്ക് പഴയതു പോലെ ചിലവുണ്ടായിരുന്നില്ല.. കുശവർ അലസതയോടെയാണ് പാത്രങ്ങൾ ഉണ്ടാക്കിയിരുന്നത്. തുടക്കത്തിൽ പതിനഞ്ചു ദിവസത്തിൽ ഒരിക്കൽ ചൂള പ്രവർത്തിപ്പിക്കുന്നിടത്ത് ഇപ്പോൾ മാസത്തിൽ ഒരിക്കൽ മാത്രമേ അത് ചെയ്യുന്നുള്ളൂ. കുശവർക്ക് യാതൊരു വിലയും ഇല്ലാതായി. തെരുവാകട്ടെ പടം പൊഴിക്കാനായി ചുരുണ്ടു കിടക്കുന്ന സർപ്പം പോലെ അലസമായി തോന്നി. എന്നാൽ അവലക്ഷണമെന്ന പോലെ വിശപ്പ് എല്ലായ്പ്പോഴും ഉണ്ടായിരുന്നു. കുശവൻ വിശക്കുന്നതു കൊണ്ടു മാത്രം ജീവിച്ചിരുന്നു, കൈകാലുകളനക്കി ജോലി ചെയ്യുമായിരുന്നു. പുരുഷൻ ദേഷ്യപ്പെട്ട് പറയും, 'നഗ്നത മാത്രമുള്ള ഗ്രാമത്തിൽ അലക്കുകാരന്റെ ആവശ്യമില്ല എന്ന പോലെ ആയിരിക്കുന്നു നമ്മുടെ അവസ്ഥ.'

എന്നാൽ ദുശ്ശീലമെന്ന പോലെ കുശവരുടെ ഒരോ വീട്ടിൽ നിന്നും എല്ലായ്പ്പോഴും കുറച്ചു സമയമെങ്കിലും മൺകലങ്ങൾ ഉണ്ടാക്കുന്ന ശബ്ദം കേൾക്കാമായിരുന്നു. ആ ശബ്ദം കേൾക്കാതെ കുശവന് സ്വസ്ഥത കിട്ടുകയില്ലായിരുന്നു, ഉറക്കം വരികയുമില്ലായിരുന്നു.

ഈ ദിവസങ്ങളിൽ ശങ്കറിന്റെയും, രാമചന്ദ്രറിന്റെയും കലംതല്ലികൾക്ക് അനക്കമില്ലാതായി. കഴിഞ്ഞ മാസം മുഴുവൻ അവർ കലമുണ്ടാക്കുന്ന ശബ്ദമേ കേട്ടിട്ടില്ല. എന്നു മാത്രമല്ല അവ ചൂളയിൽ വെച്ചത് കണ്ടിട്ടുമില്ല. ദിവസം മുഴുവനും ഇരുന്നും, എഴുന്നേറ്റും ബാക്കിയുള്ളവരുമായി വഴക്കിട്ടും, മുഷിഞ്ഞും, ഇതുതന്നെ ആവർത്തിച്ചു കൊണ്ടിരുന്നു. സന്ധ്യയാകുമ്പോൾ അവർ രണ്ടുപേരും കൂടി എവിടെയോ പോകുന്നുണ്ടെന്നും, പിന്നെ വളരെ വൈകിയാണ് തിരിച്ചു വരുന്നതെന്നും ആരോ പറഞ്ഞു.

സത്യത്തിൽ കുശക്കുടിയിൽ മുഴുവൻ ഭയമായിരുന്നു. അവിടെ എന്തെങ്കിലും വിഘ്നം വരാതിരുന്നാൽ മതി! അവിചാരിതമായി കുടിയിലെ മാവ് വെട്ടിയപ്പോൾ എല്ലാം തന്നെ മാഞ്ഞുപോയ പോലെയായി. നേരത്തെ അതിന്റെ തണലിലായിരുന്നപ്പോൾ ഒരുമിച്ച് തേരട്ടയെ കൊന്നപോലെ ആളുകൾക്ക് ആശ്വാസം തോന്നിയിരുന്നു. ഇപ്പോൾ ഈ പുതിയ ഭയം..... ഒരു ദിവസം സന്ധ്യക്ക് അവർ പോയി. പുറകെ തന്നെ ധർമ്മുവിന്റെ മുത്തശ്ശി ബായ്ജയുടെ കുടിലിൽ വെച്ച് മരിച്ചു. കഴിഞ്ഞ രണ്ടു രണ്ടര വർഷം അവർ കയ്യിൽ വടിയുമായി വാതിൽക്കൽ കിടന്ന് ബായ്ജയെ രക്ഷിക്കുമായിരുന്നു. അവർ മരിച്ചപ്പോൾ ബായ്ജനിലവിളിച്ച് ഓടി വന്നു. 'അവർ വിളിച്ചാൽ വിളി കേൾക്കുന്നില്ല. കൈ കൊണ്ട് അനക്കി നോക്കിയാൽ അനങ്ങുന്നില്ല. വായതുറന്നു കിടക്കുകയാണ്.' ആളുകൾ മുഴുവനും ബായ്ജയുടെ കുടിലിലേക്ക് ഓടിയെത്തി.

ശങ്കറും, രാമചന്ദ്രറും കുടിയിൽ ഇല്ലായിരുന്നു. ശവം ധർമ്മുവിന്റെ വീട്ടിൽ കൊണ്ടുവന്ന് കിടത്തി. പുരുഷന്മാരെല്ലാം അവർ വരുന്നതും നോക്കി നിന്നു. അവർ രാമചന്ദ്രറിന്റെയും മുത്തശ്ശിയായിരുന്നു.

അവർ രണ്ടുപേരും രാത്രി വളരെ വൈകിയാണ് വന്നത്. എവിടെപ്പോയി? എവിടെയുമല്ല.... എന്തുകൊണ്ടുവന്നു? ഒന്നുമില്ല. ആളുകളുടെ മനസ്സിൽ വെറും സംശയവും, കോലാഹലവും. ഇവർ കക്കാനായി രാത്രി എവിടെയാണ് പോകുന്നത്? ഭൂതങ്ങളുടെ കൂട്ടത്തിലാണോ പോക്ക്!

കുശവർ ഒരിക്കലും ശവം വീട്ടിൽ വെച്ചിട്ടില്ല. അന്ന് രാത്രി മുഴുവനും ശവം വീട്ടിനകത്ത് കിടന്നു.

കുശവന് വഴി, ഗ്രാമം, ചന്ത, മരുന്നു കട, ഇവയെല്ലാം ദൂരെയാണ്. എന്നാൽ ശ്മശാനം വളരെ അടുത്താണ്. ശവമഞ്ചമെടുത്ത് അഞ്ചു മിനിട്ട് നടക്കുമ്പോൾ കുന്നിൻചരിവിൽ ശ്മശാനം. ഇത് ഗ്രാമത്തിലെ പൊതുശ്മശാനമായിരുന്നു. ആണ്ടു മുഴുവൻ ആരുടെയെങ്കിലും ശവദാഹത്തിൽ നിന്നുയരുന്ന പുക കുശവൻ തന്റെ വാതിൽക്കൽ

ഇരുന്ന് കാണുമായിരുന്നു. അവനാകട്ടെ മരണത്തേയും, ഭൂതത്തേയും പേടിക്കുകയില്ലായിരുന്നു. ധർമ്മുവിന്റെ സഹോദരൻ ശാണു പണ്ടൊരിക്കൽ തന്റെ മരിച്ച പത്നിയുടെ ഭൂതത്തെ അന്വേഷിച്ച് നടക്കുമായിരുന്നു.

അന്നേ ദിവസം അവർ വന്നപ്പോൾ പാതി രാത്രി കഴിഞ്ഞു. അതുവരെ പ്രേതം വീട്ടിനകത്തു തന്നെ കിടന്നു. പിന്നെ രാവിലെ കൊണ്ടുപോയി ദാഹകർമ്മം നടത്തി.

ശങ്കറും, രാമചന്ദറും പകൽസമയത്ത് ഒരു ജോലിയും ചെയ്തിരുന്നില്ല. രാത്രി എവിടെ പോകുന്നുവെന്ന് ആർക്കും അറിഞ്ഞുകൂടാ. എന്നാൽ അവർ പൊതിയിൽ അരിയും കൊണ്ടുവരുമായിരുന്നു. നല്ല മത്സ്യം വാങ്ങിക്കൊണ്ടുവരും. ഇടക്കിടയ്ക്ക് കാർവാറിൽ പോയി സാധനങ്ങൾ വാങ്ങിക്കൊണ്ടുവരും. അവർ കുളിക്കുമ്പോൾ അവിടെയെല്ലാം മണക്കുന്ന സോപ്പിന്റെ സുഗന്ധമുണ്ടാകുമായിരുന്നു.

ഒന്നു രണ്ടു മാസം ഇങ്ങനെ പോയി.

സീതായക്ക് ഈ ദിവസങ്ങളിൽ രാത്രി കിടന്നാൽ ഉറക്കം വരുകയില്ലായിരുന്നു. കൊച്ചുമക്കൾക്കെന്തു സംഭവിക്കും, മരുമകൾ എങ്ങനെ കഴിയും, ഞാൻ വയസ്സുകാലത്ത് കിടപ്പിലാകാതിരുന്നാൽ മതി..... അവർ ചിന്തിച്ചുകോണ്ടേയിരുന്നു.

ഒരു ദിവസം പാതി രാത്രി പെട്ടെന്ന് പുറത്തെ മുറ്റത്ത് 'ധബ്, ധബ് 'ആരോ ഓടുന്ന ശബ്ദം കേട്ടു. അതിനു പുറകെ പിന്നെയും കാലൊച്ച കേട്ടു. വാതിലിന്റെ ഇടയിൽ കൂടി പെട്ടെന്ന് ഇത്തിരി വെളിച്ചവും അകത്ത് പ്രവേശിച്ചു. 'ആരാണ്, ആരാണ്' എന്ന് ചോദിച്ച് അവർ വാതിൽ തുറന്ന് പുറത്തേക്ക് വന്നു.

'താരേ, ആരോ മുറ്റത്തു കൂടി ഓടിപ്പോയല്ലോ'

'നിങ്ങളൊന്നു മിണ്ടാതിരിക്കുമോ, നിങ്ങളെ ആർക്കു വേണം? നിങ്ങളുടെ വീട്ടിൽ ആരു കയറാനാണ്.' അവരുടെ മരുമകൾ താര പറഞ്ഞു.

അവർ മുറ്റത്തു വന്നുനിന്നു. രാമചന്ദറിന്റെ വീട്ടിലേക്കുള്ള വഴിയിൽ ആരോ ആരേയോ ശകാരിക്കുകയായിരുന്നു. അയാൾ പറഞ്ഞു, 'ഇപ്പോൾ ചുമടിട്ടിട്ട് ഇങ്ങോട്ടേക്ക് ഓടിവന്നിരിക്കുകയാണ്. ഞങ്ങളെ പുറകെ ഓടിച്ചില്ലേ? നിങ്ങളെ വിട്ടയക്കാൻ ഉദ്ദേശ്യമില്ല. അതേ ചുമട് തലയിൽ എടുപ്പിച്ച് പോലീസ് സ്റ്റേഷൻ വരെ കൊണ്ടു പോയി അകത്താക്കും.'

സീതായ രാമചന്ദറിന്റെ വീട്ടിലേക്ക് പോയി. കാക്കി ധരിച്ച രണ്ടു പോലീസുകാർ കൈയ്യിൽ ബാറ്ററി വിളക്കും വടികളുമായി വാതിൽക്കൽ നിൽക്കുന്നു. രാമചന്ദറും, ശങ്കറും ചുരുണ്ടുകൂടി വരാന്തയിൽ

ഇരിക്കുന്നു. രാമചന്ദറിന്റെ ഭാര്യ കയ്യിൽ ചിമ്മിണി വിളക്കുമെടുത്ത് വാതിൽക്കൽ നിൽക്കുകയായിരുന്നു. കരഞ്ഞു കൊണ്ട് പോലീസുകാരോട് എന്തൊക്കേയോ പറയുന്നുണ്ടായിരുന്നു.

ഇത്രയുമായപ്പോൾ കോലാഹലം കേട്ട് കുശത്തെരുവിലെ കുറെ പേർ വന്ന് മുറ്റത്ത് നിന്നു. പോലീസ് പറഞ്ഞു, 'ഞങ്ങൾ ഇവിടെ അടുത്തു തന്നെ അരുവിയുടെ മറുവശത്ത് സുരി വൃക്ഷത്തിന്റെ ചുവട്ടിൽ ഇരുട്ടിൽ പാറാവിരിക്കുന്നുണ്ടായിരുന്നു. ഇവർ തലയിൽ മദ്യത്തിന്റെ ചുമടുമായി വന്നു. ഞങ്ങൾ അടുത്ത് ചെന്ന് സംസാരിച്ചപ്പോഴേക്ക് ചുമട് താഴെയിട്ട് ഓടിത്തുടങ്ങി. ഞങ്ങളും വിട്ടില്ല. പുറകെ ഓടി. ബാറ്ററി വിളക്കിന്റെ പ്രകാശത്തിൽ ഇവിടെ ഈ വീട്ടിനകത്ത് പ്രവേശിക്കുന്നത് കണ്ടു'. രാമചന്ദറും, ശങ്കറും കഴിഞ്ഞ രണ്ടു രണ്ടര മാസം ഗോവയിൽ നിന്ന് അനധികൃതമായി മദ്യം കൊണ്ടുവന്ന് കുന്നിൻകോട്ടയുടെ ഓരോ സ്ഥലത്ത് എത്തിച്ചുകൊണ്ടിരുന്നു.

സീതായ അവരുടെ കാൽക്കൽ വീണ് കാലു പിടിച്ചു. മറ്റ് ആളുകളും അവരുടെ കാലുപിടിക്കാൻ തുടങ്ങി. സീതായ പറഞ്ഞു, 'ഒരിക്കലും പോലീസ് കുശത്തെരുവിൽ വന്നിട്ടില്ല. കുശവൻ ആരേയും ദ്രോഹിച്ചിട്ടില്ല. ആരുടെയും ഒരിലപോലും നുള്ളിയിട്ടില്ല. അയാളുടെ പേർ മോശമാകും. വിശപ്പടക്കാൻ ഇത്തിരി മലം ഭക്ഷിച്ചു കാണും. അത് നാടുമായി ബന്ധപ്പെടുത്തണ്ടാ. കുശവന്റെ ജോലി ഇപ്പോൾ ഇല്ലാതായിത്തുടങ്ങി.' പെട്ടെന്ന് രാമചന്ദറിന്റെ ഭാര്യയും, കുട്ടികളും കരയാൻ തുടങ്ങി.ആ വഴിയെ ശങ്കരന്റെ ഭാര്യയും കരഞ്ഞുകൊണ്ട് വന്നു. പിന്നെ എന്തു സംഭവിച്ചു എന്ന് അറിഞ്ഞുകൂടാ. മുറ്റത്തു കൂടിയ ആളുകളെല്ലാം കരയാൻ തുടങ്ങി.

പോലീസ് അവിടെനിന്ന് ഒരു വശത്തേക്ക് മാറി. മുറ്റത്തെ അതിരിൽ നിന്ന് കയ്യിലെ വടികൾ ചുഴറ്റിക്കൊണ്ട് അവർ പറഞ്ഞു, 'ഇനിമേൽ എതെങ്കിലും കുശവൻ മദ്യം കൊണ്ടുവരുന്നതായികണ്ടാൽ നോക്കിക്കോ, തെരുവിലുള്ള എല്ലാ ആളുകളേയും പിടിച്ചുകെട്ടിക്കൊണ്ട് പോകും. അവരുപേക്ഷിച്ച സാധനം ആളില്ലാത്തതാണെന്ന് മഹസ്സർ തയ്യാറാക്കാം.'

അവർ പോകാൻ തുടങ്ങി. കുശത്തെരുവിലെ ഓരോ മനുഷ്യനും ഒരു വാക്കു പോലും മിണ്ടാതെ തങ്ങളുടെ വീടുകളിലേക്ക് പിരിഞ്ഞു പോയി. തെരുവു മുഴുവൻ പൊതുവായി ഒരു കുറ്റം ചെയ്ത പോലെ.

25

ആ പോത്ത് ഏതു വഴിയെ വന്നുവെന്നും, എപ്പോൾ കുശക്കുടിയിൽ കയറിയെന്നും ആരും അറിഞ്ഞില്ല. തെരുവിനുള്ളിൽ നിന്നുകൊണ്ട് അമറാൻതുടങ്ങിയപ്പോൾ പോത്ത് തെരുവിൽ വന്നുവെന്ന് മനസ്സിലായി. കുശവർക്ക് അടുത്തുള്ള കൃഷിക്കാരുടെ കന്നുകാലികളെയും കന്നുകുട്ടികളെയും അറിയാമായിരുന്നു. എന്നാൽ ഇതുവരെ കാണാത്ത ഉദ്ധതനായ ഈ പോത്ത് കഴുത്തറ്റം ചളിയിൽ പൂണ്ട് വന്നതാണെന്ന് തോന്നി. ഓരോ ക്ഷണത്തിലും ശരീരത്തിലെ രോമങ്ങളും ചെവികളും ഇളക്കിക്കൊണ്ടിരുന്നു.

മുൻവശത്തു വന്നാൽ കൊമ്പുകൾ കൊണ്ട് വെട്ടിക്കൊല്ലുമെന്ന് പറയുന്നതു പോലെ തോന്നി. ആരെങ്കിലും ശബ്ദമുണ്ടാക്കിയാൽ നാസാദ്വാരങ്ങൾ വലുതാക്കി ദേഷ്യത്തിൽ ഒരു നോട്ടം. ഇപ്പോൾ ഓടിവന്നു മേക്കിട്ടുകയറുമെന്ന് തോന്നി. മുൻവശത്തു കൂടി നോക്കിയാൽ അതിന്റെ തല ആമയുടെ പുറംതോടു പോലെ ഉറച്ചതായി രുന്നു. അതിന്മേൽ രണ്ടു ചെറിയ കൊമ്പുകൾ ഉണ്ടായിരുന്നു. അവ കറുപ്പു നിറമുള്ളവയായിരുന്നു. രാത്രിയിൽ കാട്ടിലുണ്ടാകുന്ന ഇരുട്ട് ആരോ അതിന്റെ ശരീരത്തിൽ ഒട്ടിച്ചുവെച്ചപോലെ കണ്ടാൽ തോന്നും. കറുത്ത നിറവും, സദാസമയം വെള്ളമൊഴുക്കിക്കൊണ്ടിരിക്കുന്ന ചുമന്ന കണ്ണുകളും കണ്ടാൽ നെഞ്ചിടിപ്പ് വർദ്ധിക്കും. ആളുകളെല്ലാം കോലാഹലമുണ്ടാക്കി തങ്ങളുടെ വീടുകളിലേക്ക് ഓടിപ്പോകുകയും വീടിന്റെ വാതിലുകൾ അടക്കുകയും ചെയ്തു.

ഇവിടെ ഇപ്പോൾ എന്റെ രാജ്യമാണ് എന്ന് പറയുംവണ്ണം അത് തെരുവിൽ മുഴുവനും ഓടിത്തുടങ്ങി. ശിവറാമിന്റെ മുറ്റത്തു കൂട്ടിയിട്ട മണ്ണ് അമറിക്കൊണ്ട് കൊമ്പുകളാൽ കുത്തിമറിച്ചു. ആളുകൾ മുറ്റത്ത് ഉണക്കാൻ വെച്ച മൺകലങ്ങൾ ഓടുമ്പോൾ കാലിനടിയിൽ പെട്ട് പൊടിയായി. ഇറച്ചാട്ടത്തിന്റെ മടലുകൾ ഇറങ്ങിനിൽക്കുന്ന വീടുകളുടെ മേൽപടലം അതിന്റെ കൊമ്പുകളിൽ ഉടക്കി അതും കൊണ്ട് അത് തെരുവ് മുഴുവൻ ഓടിക്കൊണ്ടിരുന്നു.

അതിന്റെ പുറത്താണെങ്കിൽ യമരാജാവ് ഇരിക്കുന്നതായും അതിന്റെ മൂക്കുകയർ വലിച്ച് അതിനെ മുന്നോട്ട് ഓടിക്കുന്നതായും തോന്നി.

ഭ്രാന്തി ബായ്ജ തന്റെ കുടിലിന്റെ വാതിൽക്കൽ നിൽക്കുന്നുണ്ടായിരുന്നു. എവിടെയോ, എന്തോ കൊലാഹലമുണ്ടായി ഇപ്പോൾ തീർന്നതേയുള്ളു. ആകാശം ഇടിഞ്ഞു വീണ മാതിരി ആരാണ് ഇങ്ങനെ കിടന്ന് അമറുന്നത്? അവൾക്ക് അത് വിചിത്രമായി തോന്നി. അത് തന്നെ മാടിവിളിക്കുന്നതു പോലെ അവൾക്ക് തോന്നി. അമ്മവീടിന്റെ പുറകിലത്തെ വൃക്ഷനിരകളിലും ഇവിടെ കുളത്തിന് ചുറ്റുമുള്ള മുളങ്കാട്ടിലും

നിന്ന് ഇങ്ങനത്തെ ശബ്ദങ്ങൾ അവൾ പല തവണ സ്വപ്നത്തിൽ കേൾക്കാറുണ്ടായിരുന്നു. അവൾ എഴുന്നേറ്റു. ഘനശ്യാ മിന്റെ വീടിനു പുറകെ കൂടി മുമ്പിൽ വന്ന് മുറ്റത്തു നിന്നു. നോക്കി യപ്പോൾ മുൻവശത്ത് രണ്ടു മാറ് അകലെ പോത്ത് നിൽക്കുന്നു. ചുമന്ന കണ്ണുകളോടു കൂടിയ കറുത്ത പോത്ത്, ചൂളയിൽ കരിഞ്ഞ മൺകുട ത്തെ പോലെ നെറ്റി , അവൾക്ക് ഭയം തോന്നിയില്ല. ഇന്നെന്താ നിന്റെ കൊമ്പുകൾ പൊള്ളയാണല്ലോ. ശരീരത്തിൽ കയറി നോക്കൂ. അടുത്ത നിമിഷത്തിൽ പോത്ത് ബായ്ജയുടെ നേരെ ചാടിവീണു. അവളെ കൊമ്പുകൾകൊണ്ട് വെട്ടി. അവളുടെ ശരീരം ദൂരെ മലർന്നടിച്ചു വീ ണു. മാത്രമല്ല, പോത്ത് പുറകെ ഓടി മുമ്പിലെ രണ്ടു കാലുകളും അവളുടെ വയറിലും, നെഞ്ചിലും വെച്ച് നൃത്തം ചെയ്തു തുടങ്ങി. ഒരു വശത്തു മാത്രം അരികുള്ള അവളുടെ സാരി ശരീരത്തിൽ നിന്ന് വിട്ടു കീറി ഒരു വശത്തു മാറി കിടന്നു. അടുത്ത നിമിഷത്തിൽ തന്നെ അത് കൊമ്പുകൾ കൊണ്ട് അവളുടെ നെഞ്ചിൽ കുത്തി കഴു ത്തിലൂടെ പുറത്തെടുത്തു. നെഞ്ചു മുതൽ താടി വരെ ശരീരം മുഴുവനും തകർന്നു.

തന്റെ വാതിലിൽ കൂടി നോക്കിക്കൊണ്ടിരുന്ന ഘനശ്യാമിന്റെ ഭാര്യ നിലവിളിച്ചു, 'ഓടിപ്പോകൂ, ബായ്ജയെ കൊന്നു. കയ്യിൽ കലംതല്ലികളെ ടുത്ത് ഓടിവരൂ'

അഞ്ചാറു പുരുഷന്മാർ ഉടനെ കയ്യിൽ മൺകട്ടകളടിച്ചു പൊട്ടിക്കുന്ന കലംതല്ലികളുമായി ഓടിവന്നു. കലംതല്ലി കാണിച്ച് 'ഹയ് ഹയ്' ശബ്ദ മുണ്ടാക്കി പോത്തിനെ ഓടിച്ചുതുടങ്ങി. പോത്ത് പതുക്കെ പതുക്കെ തെരുവിൽ നിന്ന് പുറത്തുപോയി. വയലിൽ കൂടി നടന്നു തുടങ്ങി. പി ന്നെ പെട്ടെന്ന് ഓടിത്തുടങ്ങി. പുരുഷന്മാർ കുറെ നേരം തെരുവിനു പുറത്തു നിന്ന് എല്ലാം മറന്ന് അതിനെ നോക്കുന്നുണ്ടായിരുന്നു. പിന്നെ പെട്ടെന്ന് അവർക്ക് ബായ്ജയുടെ ഓർമ്മ വന്നു. അവർ കുശക്കുടിയിൽ തിരിച്ചെത്തി.

ബായ്ജ രക്തത്തിൽ കുളിച്ചു കിടന്നിരുന്നു. സ്ത്രീകൾ ചുറ്റും കൂടി പക്ഷെ ആർക്കും മുന്നോട്ടു വന്ന് തൊടുവാനുള്ള ധൈര്യം ഉണ്ടായില്ല. ഒരു സ്ത്രീ അവളുടെ ഒരു വശത്ത് കിടന്ന വസ്ത്രം നുള്ളിയെടുത്ത് അരയിൽ തിരുകിവെച്ചു.

ബായ്ജയുടെ മരണവൃത്താന്തം സദാനന്ദ് പോലീസിനെ അറി യിച്ചു. അവർ വന്ന് ശവം കൊണ്ടുപോയി. പിറ്റേ ദിവസം കൊണ്ടുവന്ന് ഘനശ്യാമിനെ ഏൽപ്പിച്ചു. ഒടുവിൽ വരെ ആ പോത്ത് ആരുടെയെന്ന് അറിഞ്ഞില്ല. അത് ഗോവയുടെ അതിർത്തി കടന്ന് ഈ വഴിയെ വന്നതാണെന്ന് ആരോ പറഞ്ഞു.

ബായ്ജയുടെ മരണശേഷം അവളുടെ കുടിലിൽ ആകെ അവശേഷിച്ചത് കറിയുണ്ടാക്കാനുള്ള ഒരു ചട്ടിയും, ചോറുണ്ടാക്കാനുള്ള പാനയും, കഞ്ഞിക്കലവും, ഒരു കോപ്പയും, ഒരു കുടവും, അലൂമിനിയത്തിന്റെ രണ്ടു തട്ടുകളും മാത്രമായിരുന്നു. അയയിൽ ഒരു പഴയ വസ്ത്രവും, ഒരു ചെറിയ കലത്തിൽ രണ്ടു പിടി അരിയും ഉണ്ടായിരുന്നു. ഇവയല്ലാതെ മറ്റൊന്നും തന്നെ അവിടെ ഉണ്ടായിരുന്നില്ല.

26

സദാനന്ദ് ബി.എ. പാസ്സായി വന്നശേഷം നാട്ടിൽ ഒന്നു രണ്ടു മാസം മാത്രമേ ഉണ്ടായിരുന്നുള്ളൂ. അയാൾ ഖാനാപൂർകാർ മാസ്റ്ററിന്റെ അടുത്തും, പോസ്റ്റാഫീസിലും പോയിരുന്നു. ബായ്ജ മരിച്ചപ്പോൾ മാത്രം കുശക്കുടിയിൽ അയാളുടെ സഹായം കിട്ടി. പോലീസിനെ വിളിച്ചു കൊണ്ടു വരുവാനും, ശവം ഏറ്റുവാങ്ങുമ്പോഴും എല്ലാം കുടിയ്ക്കു പുറത്ത് ആരേയും ആശ്രയിക്കേണ്ടി വന്നില്ല. പോലീസിന്റെ ചോദ്യങ്ങൾക്കൊക്കെ അയാൾ കൃത്യമായി മറുപടി പറഞ്ഞു. കുശവരുടെ തെരുവിൽ ആദ്യത്തെ തവണയായിരുന്നു ആളുകൾ ഇംഗ്ളീഷ് ഭാഷ പറഞ്ഞു കേട്ടത്.

കുശത്തെരുവിന് അഭിമാനമായി. അവരുടെ പ്രതീക്ഷ വർദ്ധിച്ചു. അയാൾ തെരുവിനെ ഏതു വിപത്തിൽ നിന്നും രക്ഷിക്കും. കുശവർ നാളിതുവരെ പഠിപ്പില്ലാത്തവരായിരുന്നു.

എന്നാൽ സദാനന്ദ് കണ്ടിരുന്നത് പണമില്ലായ്മയും അതു കാരണം വന്നു കൂടുന്ന ദാരിദ്ര്യവും ആണ്. ഇത് ഒരു രോഗം പോലെ ഇവിടെ വ്യാപിച്ചിരുന്നു. വയറിനുവേണ്ടി മാത്രം ജീവിക്കുമ്പോൾ വയറു നിറയുന്നില്ല. ആർക്കെങ്കിലും നന്മ ഉപദേശിച്ചാൽ അവർ തിരിച്ചടിക്കും. അമ്മേ, അമ്മേ, എന്തിനാ കുട്ടികളെ സ്കൂളിൽ വിടാത്തതെന്നു ചോദിച്ചാൽ അവർ പറയും., 'നിങ്ങളുടെ പുസ്തകത്തിലും വലുത് ഞങ്ങൾക്ക് ആഹാരമാണ്. നിന്നെപ്പോലെ വീട്ടിൽ നിന്ന് ഓടിപ്പോകണമെന്ന് അവരോട് പറയൂ, പിന്നെ നിന്റെ അമ്മയെപ്പോലെ വിഷമമില്ലാതെ ഞങ്ങളും ജീവിക്കും.' ഇത് ദേഷ്യത്തോടെയുള്ള പറച്ചിലായിരുന്നു.

ഇപ്പോൾ കുശവർ കൂടുതൽ നിർബന്ധബുദ്ധിക്കാരായി മാറിയെന്ന് സദാനന്ദിന് തോന്നിയിരുന്നു. അവർ ഏതു സാഹചര്യത്തിലും വഴക്കിന് തയ്യാറായി നിൽക്കുന്നുണ്ടായിരുന്നു. എതു സമയത്തും വിശന്ന വയറോടു കൂടി സംസാരിക്കുന്നതുപോലെ കാണാം. ഞാൻ ഇനി ഈ നാട്ടിൽ താമസിച്ച് ഒന്നും ചെയ്യാനില്ല. ഇവിടെ ഒരു മാറ്റവും വരികയില്ല.

ഒരു ദിവസം അയാൾക്ക് പ്രഹ്ളാദ് സാമന്തിന്റെ കത്തു കിട്ടി. അയാൾ എഴുതിയിരുന്നു. 'നീ നാട്ടിൽ പോകുന്നതിനു മുമ്പ് നിനക്കു വേണ്ടി ജോലി അന്വേഷിച്ച് ഞങ്ങൾ മൂന്നു നാലു സ്ഥലത്തു പോയി. നിനക്കറിയാമോ, ബണ്ട് ഗാർഡനിനടുത്ത് ഹിന്ദുസ്താൻ ലീവറിന്റെ ഒരു സെയിൽസ് ഡിപ്പോ ഉണ്ട്. അവിടെ ഒരു സെയിൽസ് സൂപ്പർവൈ സർ ആവശ്യമുണ്ട്. മാനേജർ പരിചയക്കാരനാണ് കാര്യം നടക്കും.'

അമ്മയോടും അച്ഛനോടും വന്ന എഴുത്തിനെപ്പറ്റിയും ജോലിയെപ്പറ്റിയും പറഞ്ഞപ്പോൾ അവർ ഒട്ടും പ്രതികരിച്ചില്ല. അമ്മ പല തവണ ചെറിയ ശബ്ദത്തോടെ പറഞ്ഞു, 'എവിടെയെങ്കിലും പോയി വയറു നിറക്കുക തന്നെ. 'അയാൾ ഈ കാര്യം പറയുവാനായി സീതായയുടെ അടുത്തേക്ക് പോയി. സീതായ പറഞ്ഞു, 'കുശത്തെരുവിൽ പഠിച്ച കുട്ടി നീ മാത്രം. തെരുവിന് ആശ്രയം തരാതെ വിട്ടുപോകുകയാണോ?'

'നാട്ടിൽ തന്നെ താമസിക്കണമെന്ന് എനിക്ക് ആഗ്രഹമുണ്ട്. പുണെയിലുള്ളപ്പോൾ നാടിന്റെ ഓർമ്മ വന്നാൽ ഒറ്റക്കിരുന്ന് ഞാൻ ദു:ഖിക്കുമായിരുന്നു. പക്ഷെ ഇവിടെ താമസിച്ച് ഞാൻ എന്തു ചെയ്യാനാണ്?

എന്തു ജോലി കിട്ടും? എത്ര ബുദ്ധിമുട്ടിയാലും കുശവപ്പണി മുന്നോട്ടുപോകുമെന്ന് തോന്നുന്നില്ല. ഈ ജോലിയിൽ ഗുണമുണ്ടായിരുന്നെങ്കിൽ പട്ടണത്തിലെ പണക്കാർ ഇവിടെ വന്ന് ഫാക്ടറി തുടങ്ങുമായിരുന്നു. അത് നിങ്ങളുടെ കയ്യിൽ ഇരിക്കുകയുമില്ലായിരുന്നു. കുശവരുടെ ദു:ഖത്തിന്റെ ഏകകാരണം പണമില്ല എന്നുള്ളതാണ്. എങ്ങനെയെങ്കിലും കുശവർ ഇപ്പോൾ പണമുണ്ടാക്കണം. എന്നാലേ കുട്ടികൾക്ക് പഠിക്കാൻ പറ്റുകയുള്ളൂ, പുസ്തകങ്ങളും, വസ്ത്രങ്ങളും കിട്ടുകയുള്ളൂ, വയറു നിറച്ച് ആഹാരം ലഭിക്കുകയുള്ളൂ.'

'പണമാണ് വലിയതെന്ന് നീ പറയുന്നു! പാരമ്പര്യമായി ചെയ്തു വരുന്ന ജോലിയല്ലേ? അത് നശിപ്പിക്കണമെന്നാണോ പറയുന്നത്?'

'കുശവപ്പണി നമ്മൾ മാത്രം എന്തിനു ചെയ്യണം? നമ്മൾ ഇപ്പോൾ വേറെ ജോലി ചെയ്യണം. കുശവൻ എന്നാൽ ഒരു വ്യവസായം മാത്രം. ജാതിയല്ല, മതമല്ല, എന്തിന് അതിൽ പിടിച്ചു നിൽക്കണം?'

'നീ പഠിച്ചവൻ, നീ ചവിട്ടുന്നിടത്ത് വെള്ളം വരും. എന്നാൽ ബാക്കിയുള്ളവർക്ക് അത് അപകടമാണ്. ഇന്നു കളിമൺ ഉരുളയെ ആശ്രയിച്ചാണ് കുശവൻ തന്റെ ഉപജീവനം മുന്നോട്ടു കൊണ്ടുപോകുന്നത്.'

'ലോകം മുന്നോട്ടു പോകുകയാണ്. അതനുസരിച്ച് നമ്മളും മാറണ്ടേ? അറിയാം, താഴ്ന്ന ജാതിക്കാർക്ക് എല്ലായിടത്തും സംവരണം ഉണ്ട്. പഠിപ്പിനും, ജോലിക്കും, എം.എൽ.എയുടെ സ്ഥാനത്തിനും..... എന്നാൽ നമ്മൾ ഇതിലൊന്നിലും പെടുകയില്ല. നമ്മൾ സ്വന്തം കാലിൽ

നിവർന്നു നിൽക്കണം. സ്വാതന്ത്ര്യം കിട്ടിയിട്ട് അമ്പതു വർഷങ്ങളായി. നമ്മൾക്ക് ഇനിയും വൈദ്യുതിയില്ല, നല്ല വഴിയില്ല, അരുവിക്ക് ഒരു പാലമില്ല. എന്നെപ്പോലെയുള്ളവർക്ക് പഠിക്കണമെങ്കിൽ മറ്റുള്ളവരുടെ ചോറ്റുപാത്രങ്ങൾ തലയിൽ വെച്ച് ചുമക്കണം. പിന്നെയും , കുട്ടികളെ പഠിപ്പിക്കാൻ പറഞ്ഞാൽ ഈ തെരുവിലെ ആളുകൾ എന്നെ ആക്രമിക്കാൻ വരുന്നു.'

'വിശന്ന വയറിനു മുമ്പിൽ പുരാണം വായിച്ച് ഒരു കാര്യവുമില്ല, സദാനന്ദ്. വിശപ്പാകട്ടെ മേയുന്ന കാളയെപ്പോലെയാണ്.'

'പഠിപ്പില്ലാത്തതിനാൽ പണമില്ല, പണമില്ലാത്തതിനാൽ വിശപ്പടക്കുക സാധ്യമല്ല, ഒരു വിഷമവൃത്തത്തിൽ കിടന്ന് തിരിയുകയാണ് ഈ കുശവർ.'

സീതായ കുറച്ചു നേരം മിണ്ടാതിരുന്നു. പിന്നെ അവർ പറഞ്ഞു, 'സർക്കാർ കുളത്തിന് മേലെ അണ കെട്ടി നമ്മുടെ മണ്ണ് വെള്ളത്തിലാക്കാൻ ശ്രമിക്കുന്നു. നിന്നെപ്പോലെ പഠിച്ച കുട്ടികളുണ്ടെങ്കിൽ അത് നിർത്താനും, വഴക്കുണ്ടാക്കാനുമൊക്കെ പറ്റും. ഇപ്പോൾ പണി മുമ്പോട്ടു കൊണ്ടുപോകുന്നുവെന്ന് കേട്ടു.'

'ഒരു തടസ്സവും ഉണ്ടാകുകയില്ല. നിങ്ങൾക്കറിഞ്ഞുകൂടാ. മറ്റു സ്ഥലങ്ങളിൽ സർക്കാർ നൂറുകണക്കിന് ഗ്രാമങ്ങളിൽ നിന്ന് ആളുകളെ മാറ്റി നദികളിൽ അണ കെട്ടുന്നു. അവർക്കൊന്നും കേൾക്കണ്ടാ. പത്തു ഗ്രാമങ്ങൾക്കു മുഴുവൻ അണക്കെട്ട് വേണമെന്നുണ്ടെങ്കിൽ പിന്നെ നമ്മൾ പറഞ്ഞത് ആര് കേൾക്കാനാ? നമ്മളുടെ ഈ എട്ടു വീടുകൾ. കുശവർ ഇപ്പോൾ എല്ലാ ദു:ഖങ്ങളും നേരിടാൻ തയ്യാറായിരിക്കണം.'

'ഞങ്ങളെപ്പോലെയുള്ള വയസ്സന്മാരുടെ കാര്യം വിട്ടുകളയൂ. എങ്ങനെയെങ്കിലും ഒന്ന് മരിക്കണം. പക്ഷെ നിങ്ങളെപ്പോലെയുള്ള കുട്ടികൾ ഏതെങ്കിലും നാട്ടിൽ പോയി വയറു നിറയ്ക്കും. ചിറകുമുളച്ചതല്ലേയുള്ളൂ. എന്നാൽ ഇപ്പോൾ പകുതി ആയുസ്സ് കഴിഞ്ഞവർക്ക് മണ്ണ് തന്നെ ആശ്രയം. അവരെന്തുചെയ്യാൻ? സദാനന്ദ്, ഞാൻ നിന്നോടു പറയുകയാണ്. കുളത്തിൽ അണ കെട്ടി കുളം വെള്ളം കൊണ്ട് നിറച്ചാൽ കുശത്തെരുവിലെ ഓരോ പുരുഷനും കുളത്തിൽ ചാടി മരിക്കും.'

സദാനന്ദ് കുറച്ചു നേരം സീതായയെ നോക്കി നിന്നു. അയാളുടെ കണ്ണുകൾ നിറഞ്ഞിരുന്നു.

ഇടറിയ ശബ്ദത്തിൽ അയാൾ പറഞ്ഞു , 'വരട്ടെ അമ്മേ' അയാൾ എഴുന്നേറ്റ് നടന്നു തുടങ്ങി.

സീതായ വേഗം എഴുന്നേറ്റു നിന്നു. അവർ പറഞ്ഞു, 'സദാനന്ദ്, എന്റെ കൊച്ചുമകന് എവിടെയെങ്കിലും എന്തെങ്കിലും ജോലി കിട്ടുമോ

എന്ന് നോക്കണം. വരുന്ന അഷ്ടമിരോഹിണിക്ക് അവന് പതിന്നാലു വയസ്സ് തികഞ്ഞ പതിനഞ്ചു നടപ്പാകും.'

27

കാർത്തിക മാസം തുടങ്ങി. രാവിലെ നല്ല തണുപ്പാണ്. കുശത്തെരുവിൽ ഇടക്കിടയ്ക്ക് തെളിയുന്ന വെയിൽ കാണപ്പെട്ടു. ശങ്കർ തല മുട്ടുകളിൽ താങ്ങി വെച്ച് ഈ വെയിൽ ശരിക്കും ആസ്വദിക്കുന്നുണ്ടായിരുന്നു. അയാളുടെ മുകളിൽ പൊന്തിനിൽക്കുന്ന കാൽമുട്ടുകൾ മാത്രം കാണാമായിരുന്നു. തല രണ്ടു മുട്ടുകൾക്കിടയിൽ മറഞ്ഞിരുന്നു.

വിശ്രാമ് മുൻവശത്തു കൂടി പോകുന്നുണ്ടായിരുന്നു. അയാൾ ചോദിച്ചു, 'ശങ്കർ ചേട്ടാ, തണുപ്പു കൂടുതലാണോ?'

'രാത്രി മുഴുവനും വിറയ്ക്കുന്ന തണുപ്പ്. ഇപ്പോഴും തണുപ്പിന്റെ ശക്തി മാറാൻ പ്രയാസം.'

'നിനക്കെന്താ അത്ര മാത്രം വയസ്സായില്ലല്ലോ'

'കുശവൻ വയസ്സായാലും ഇല്ലെങ്കിലും നാൽപത് കഴിഞ്ഞാൽ പിന്നെ അവസാനിച്ചു. ചൂളയിൽ ചുട്ടെടുത്ത പോലെ ചോരയെല്ലാം വറ്റിപ്പോകുന്നു. മരണം നേരത്തെ വന്നുവെന്ന് പറഞ്ഞ് മോശമൊന്നുമില്ലല്ലോ. വിശ്രാമ്, കുശവൻ മരിക്കുന്നത് പെട്ടെന്നായിരിക്കണം. ശിവറാമിന്റെ വീട്ടിലെ ആ വാഴ കണ്ടോ, അതിന്റെ ഇല എത്ര വലുതാണ് അത് വളർന്ന് വളർന്ന് വിടിന്റെ, മേൽക്കൂരയിൽ ചാരിനിൽക്കുന്നു. ഇത്ര വലിയ ഇല എവിടെയെങ്കിലും കണ്ടിട്ടുണ്ടോ? കുശവൻ ക്ഷീണിച്ചു തുടങ്ങി. ഈ വാഴക്ക് ഇത്രയും വലിയ ഇല എങ്ങനെ? എന്റെ ശവമഞ്ചത്തിൽ വിരിക്കാൻ അതുപകരിക്കും വിശ്രാമ്.'

അതിനു ശേഷം അയാൾ പെട്ടെന്ന് ഏഴുന്നേറ്റ് നിന്നു, ഉറക്കെ വിളിച്ച് പറഞ്ഞു തുടങ്ങി, 'ശിവറാമ്, നിങ്ങളുടെ വാതിൽക്കൽ നിൽക്കുന്ന ആ വാഴയുടെ ഇല നോക്കൂ, വീടിന്റെ മേൽക്കൂരയിൽ ചാരിനിൽക്കുന്നു. പനമ്പുപായ പോലെയുള്ള ഇല. അവലക്ഷണമാണ്. ദുൽബ മരിച്ചപ്പോൾ അതേ വാഴയുടെ ഇലയല്ലേ ശവമഞ്ചത്തിൽ വിരിച്ചത്?'

ഒന്നൊന്നര വർഷം മുമ്പ് ശങ്കർ മദ്യത്തിന്റെ ചുമട് വഴിയിലിട്ട് കുശക്കുടിയിലേക്ക് ഓടിവന്നു. പോലീസ് പുറകെയെത്തി. കുടിയിലെ ആളുകൾ പോലീസിന്റെ കാലു പിടിച്ച് അയാളെ രക്ഷപ്പെടുത്തി.

അന്നു മുതൽ ശങ്കറിന് ഒരു ഉദാസീനത വന്നു കൂടി. അയാൾ തലക്ക് സ്ഥിരതയില്ലാത്തതു പോലെ പെരുമാറിയിരുന്നു. ചിലപ്പോൾ കലമുണ്ടാക്കാനാണെന്നു പറഞ്ഞ് മണ്ണ് നനയ്ക്കും. അത് എട്ടു പത്തു ദിവസം അവിടെ കിടന്ന് ചീയും. മനസ്സിൽ നിരാശയുണ്ടാകുമ്പോൾ ചക്രത്തിൽ കൈ വെച്ച് അത് പ്രവർത്തിപ്പിക്കും. ചിലപ്പോൾ കലക്കൂട്ട് കട്ടപിടിക്കുമായിരുന്നു. ഭാര്യയും മക്കളും അയാളെ കൊള്ളരുതാത്തവനാണെന്ന് തള്ളിപ്പറഞ്ഞു. അയാൾ എപ്പോഴാണ് മദ്യം കൊണ്ടുപോയിരുന്നതെന്ന് അറിഞ്ഞുകൂടാ. എന്നാൽ ഇപ്പോൾ അയാൾ ഒരു ജോലിയും ശരിക്ക് ചെയ്യുന്നില്ല.

മുമ്പൊരു തവണ അയാൾ ചൂള ശരിയായി പ്രവർത്തിപ്പിച്ചു. ഒരു തവണ ഭാര്യയും, അയാളും കൂടി രണ്ടു വലക്കൂടുകൾ തലയിലെടുത്ത് ഏഴു മൈൽ നടന്ന് കോഡീബാഗിൽ മൺകലങ്ങൾ കൊണ്ടുപോയി. രാവിലെ മുതൽ വൈകുന്നേരം വരെ ഒരു കൂടിലെ കലങ്ങൾ പോലും ചിലവായില്ല. കയ്യിലുള്ളതും കൊണ്ട് വീട്ടിലേക്ക് മടങ്ങുമ്പോൾ രാത്രിയായി. അവർ ക്ഷീണിച്ച് അവശരായി. അവരുടെ ശരീരം വാഴപ്പിണ്ടി പോലെയായി.

ഈയിടെ അയാളുടെ കൈകൾ പ്രവർത്തനരഹിതമായി. ചിലപ്പോൾ ഭാര്യയെ കെട്ടിയിട്ടിട്ട് അയാൾ അസഭ്യം പറയുന്നു. 'എന്തിനാണ് അടിച്ചുപരത്തുന്നത്, എന്തിനാണവൾ കളിമണ്ണ് പേറ്റുന്നത്? ആളുകൾ മൺകലങ്ങളിൽ ഭക്ഷണം പാകം ചെയ്യുന്നത് നിർത്തി. മരണാവശ്യത്തിന് കലം വാങ്ങാൻ വേണ്ടി നാട്ടിലെ എല്ലാവരും മരിക്കട്ടെ. എന്നു പ്രാർഥിക്കൂ. സ്റ്റീൽ പാത്രങ്ങളിൽ ഭക്ഷണം പാകം ചെയ്തു കഴിച്ച് പല രോഗങ്ങളും വന്ന് അവർ മരിക്കും. നോക്കിക്കോ, കാൻസർ എന്ന് നീ കേട്ടിട്ടുണ്ടോ?'

ഇപ്പോൾ അയാൾ പുതുതായി കേൾക്കുകയാണ്. അയാളുടെ മകൻ പ്രകാശ് ചന്തക്കടുത്ത് വടവൃക്ഷത്തിനടുത്തുള്ള ഇടവഴിയിൽ തെങ്ങോല കൊണ്ട് മറച്ച് മുകളിൽ ഓല കെട്ടി സർബ്ബത്ത്, കടല, ചോക്കലേറ്റ്, ബിസ്ക്കറ്റ്, തിപ്പെട്ടി, ബീഡി മുതലായവ വിൽക്കാനായി ഒരു കടയുണ്ടാക്കി. അവിടെ ഒരു പലക വെച്ച് കുറെ ഭരണികളും നിരത്തി വെച്ചു.സത്യത്തിൽ അവിടെ അയാൾ മദ്യം വിൽക്കുന്നുണ്ടായിരുന്നു. ചിലപ്പോൾ ഗോവയുടെ അതിരു കടന്ന് അകത്തു പോയി സ്വയം മദ്യം കൊണ്ടുവരും. മറ്റുചിലപ്പോൾ വേറെ ആളുകളെക്കൊണ്ട് വരുത്തും. ത്രിസന്ധ്യക്ക് അവിടെ ആളുകളുടെ ബഹളമായിരുന്നു. ചിലർ മദ്യവും കൊണ്ട് മരങ്ങളുടെ ചുവട്ടിൽ ചെന്ന് ഒരു വശത്ത് മാറി ഇരിക്കും.

പ്രകാശ് ബുദ്ധിപൂർവ്വം ഒരു കാര്യം ചെയ്തു. പോലീസിനെ കണ്ട് അയാൾ മാസം തോറും ഗഡുക്കളായി പണം എത്തിക്കാനുള്ള ഏർ

പ്പാട് ചെയ്തിരുന്നു. സ്വതവേ പ്രകാശ് പണ്ടേ മുതൽ കുശക്കുടിയിൽ താന്തോന്നിയും അനുസരണയില്ലാത്തവനുമാണെന്ന് ആളുകൾക്കറിയാം. കേട്ടപ്പോൾ തന്നെ ശങ്കർ പറഞ്ഞു, 'ഞാൻ ഇപ്പോൾ രക്ഷപ്പെട്ടു. ജോലിയിൽ നിന്ന് മുക്തനായി. മരിക്കാനും തയ്യാർ! ഒരു ദിവസം അയാൾ ഉറക്കെ വിളിച്ച് സീതായയോട് പറഞ്ഞു, 'സീതായച്ചിറ്റേ, ഞങ്ങളുടെ പ്രകാശിന് ജോലിയായി. കുശവപ്പണിയേക്കാൾ മോശം ജോലി വേറെയൊന്നും തന്നെയില്ല. ഞങ്ങൾ എല്ലാവരേയും പേടിച്ചു കഴിഞ്ഞു. ഇപ്പോൾ ആരും ആരേയും പേടിക്കുന്നില്ല.

28

കുശത്തെരുവിന്റെ അടുത്തുതന്നെ ഒരു വിളിപ്പാടകലെ കൃഷിക്കാരുടെ ഒരു വലിയ കളം ഉണ്ടായിരുന്നു. അവിടെ മെതിക്കാനുള്ള നെൽക്കറ്റകളുടെ നാൽപതോളം കൂനകൾ ഉണ്ടായിരുന്നു. നാലുദിവസങ്ങൾക്കുള്ളിൽ മെതിക്കൽ തുടങ്ങും. മിനിഞ്ഞാന്ന് സ്ഥലപൂജയായിരുന്നു. കൃഷിക്കാർ പത്തിരിയും, ചരുവും ഉണ്ടാക്കി ഭൂതപ്രേതാദികൾക്കും, ഗ്രഹങ്ങൾക്കുമായി അർപ്പിച്ചു.

അതിനു പിറ്റേ ദിവസം രാത്രി സുമാർ രണ്ടു മണിയോടെ കുശവൻ, രാഘോബ മൂത്രം ഒഴിക്കാനായി പുറത്തു വന്നപ്പോൾ അയാൾക്ക് കണ്ണുകളിൽ വെളിച്ചമടിച്ച പോലെ തോന്നി. തീ ആളിക്കത്തുന്നത് അയാൾ കണ്ടു. മുറ്റത്തിട്ടിരുന്ന കുന്നുകൂട്ടിയ നെല്ല് കത്തിക്കൊണ്ടിരുന്നു. അതിന്റെ അഗ്നിജ്വാല മുകളിലോട്ട് ഉയരുന്നതായി അയാൾ കണ്ടു.

ദൈവമേ, കൃഷിക്കാരുടെ ഒരു വർഷത്തെ അധ്വാനം , അവരുടെ വയറ്! അയാൾ പെട്ടെന്ന് തൊള്ളതുറന്ന് തെരുവ് മുഴുവൻ കുലുങ്ങുന്ന വിധത്തിൽ ഉച്ചത്തിൽ വിളിച്ചു പറഞ്ഞു.

'ഓടിക്കോ, ഓടിക്കോ, കളത്തിലെ കറ്റയ്ക്ക് തീ പിടിച്ചു ഓടിക്കോ.'

ആദ്യം ഉണർന്നവൻ, ആദ്യം ഈ നിലവിളി കേട്ടവൻ എഴുന്നേറ്റ് ഉറക്കെ നിലവിളിച്ചു തുടങ്ങി. കുറെ സമയം എന്തു പറ്റിയെന്നറിയാതെ ശബ്ദം കൊണ്ട് തെരുവ് മുഴുവൻ പ്രതിധ്വനിച്ചു. പിന്നെ ആളുകൾക്ക് ബോധമുണ്ടായി. വീട്ടിനകത്ത്, വാതിൽക്കൽ, മുറ്റത്ത് എവിടെ നോക്കിയാലും വെള്ളം നിറഞ്ഞ കുടങ്ങൾ, വെള്ളം നിറഞ്ഞ കൂജകൾ. ആളുകൾ അവയും കൊണ്ട് മുറ്റത്തു കൂടി ഓടിത്തുടങ്ങി. കുറെ ആളുകൾ

തങ്ങളുടെ കുടങ്ങൾ കിണറ്റിനരികിൽ കൊണ്ടുപോയി വേഗം വേഗം നിറച്ചു കൊണ്ടുവന്നു.

പത്ത് പന്ത്രണ്ട് പുരുഷന്മാർ, അത്രയും തന്നെ സ്ത്രീകൾ, കുട്ടികൾ വയലിലും വരമ്പുകളിലും കൂടി ചാടിച്ചാടി മുമ്പിലും പിമ്പിലും ഓടുകയായിരുന്നു. ആളിക്കത്തുന്ന മുഴുവൻ കൂനയുടെ പ്രകാശം അവിടെ ചുറ്റും പരന്നിരുന്നു. കൂടാതെ രണ്ടെണ്ണം കൂടി കത്തിത്തുടങ്ങി. ഈ പ്രകാശത്തിൽ തന്നെ അവർ ഓടിനടന്ന് തീ കെടുത്തിക്കൊണ്ടിരുന്നു എന്ന് പറയുന്നതാണ് ശരി.

ആദ്യം വന്നവർ തുടരെ തുടരെ കൂനകളുടെ മേൽ വെള്ളമൊഴിച്ചു തുടങ്ങി. തീ പടർന്നുപിടിക്കാതിരിക്കുവാൻ അടുത്തുള്ള കൂനകൾ നനച്ചു. കുറേശ്ശെയായി മഞ്ഞു പെയ്യുന്നുണ്ടായിരുന്നു. അതുകൊണ്ട് തീ പെട്ടെന്ന് പടർന്നു പിടിക്കാൻ പ്രയാസമായിരുന്നു.

മൂന്നു കൂനകളിലും തി പടർന്നു. ഒരെണ്ണം മുഴുവനും കത്തിപ്പോയി. ബാക്കി രണ്ടെണ്ണം പകുതി കത്തി. അവയുടെ അകത്തുള്ള നെല്ലു വരെ തീ ഇപ്പോഴും എത്തിയിട്ടില്ലായിരുന്നു. പകുതി കത്തിയ കൂനകൾ കുശവർ കുടങ്ങളിൽ നിന്ന് വെള്ളമൊഴിച്ച് കെടുത്തി. മുഴുവൻ കത്തിയ കൂനകൾ പൂർണ്ണമായും നിയന്ത്രണത്തിൽ വന്നില്ല. അവയിലെ തീ കത്തിക്കൊണ്ടേ ഇരുന്നു. ഒരാൾ പൊക്കമുള്ള ഈ കൂനകളിൽ മധ്യഭാഗത്തുള്ള ഉണങ്ങിയ നെല്ല് കത്തിത്തുടങ്ങി. അവയിലെ തീ ഒരു മഹാജ്യോതി കത്തുന്നതുപോലെ മുകളിലേക്ക് ഉയരുന്നുണ്ടായിരുന്നു. കുശവർ മനോവേദന കൊണ്ട് പിടയുകയായിരുന്നു, 'ദൈവമേ, ആരുടെയൊക്കെയോ സ്വത്ത് കൺമുമ്പിൽ കത്തിക്കരിയുന്നു!' അവർ തീ അധികം പടരാതിരിക്കുവാൻ ചുറ്റുമുള്ള കുനകളിൽ വെള്ളം നനച്ചു കൊണ്ടിരുന്നു. കൃഷിക്കാരുടെ കോളനിയിലേക്കുള്ള വഴിയിലൂടെ വിശ്രാമ് ഓടിത്തുടങ്ങി.

കോളനിയുടെ മധ്യത്തിലെത്തി അയാൾ ഉച്ചത്തിൽ പറഞ്ഞു, 'ഓടിക്കോ, നിങ്ങളുടെ കളപ്പുരയിൽ കിടക്കുന്ന നെൽകൂനകൾക്ക് തീ പീടിച്ചു.' ഇരുട്ടിൽ നിന്നു കൊണ്ട് അയാൾ ഉറക്കെ പറഞ്ഞു. കൂടെ നായ്ക്കളും ആപത്തു വന്നപോലെ ഓലിയിടുന്നുണ്ടായിരുന്നു

ഇരുപത് ഇരുപത്തഞ്ചോളം വീടുകളുള്ള ആ കോളനിയിൽ. ആരുടെയൊക്കെയോ വാതിലിൽ കൂടി ശബ്ദം അകത്തു കടന്നു. കേട്ടയാൾ എഴുന്നേറ്റ് പുറത്തേക്ക് വന്നു. ഓടിപ്പോയി അയാൾ രണ്ടാമത്തേവന്റെ വാതിലിൽ മുട്ടി. രണ്ടാമത്തേവൻ മൂന്നാമത്തേവന്റെ വാതിലിൽ മുട്ടി. എല്ലാവരും ക്ഷണത്തിൽ വീട്ടിനകത്തു നിന്ന് പുറത്തേക്ക് വന്നു. എല്ലാവരുടെ കരച്ചിലും ശബ്ദവും ഉയർന്നു , 'ദൈവമേ,

ചതിച്ചല്ലോ, ഞങ്ങളുടെ വയറ് തീ തിന്നു.'

അവർ കളത്തിലെത്തി. രണ്ടു കൂനകൾ പകുതി കത്തിയിരിക്കുന്നത് കണ്ടു. അവക്കു മുമ്പിൽ അവർ കൂടിനിന്നു. ഒരു കൂന മുഴുവൻ കത്തി നശിച്ചു. ആ ചാരക്കൂനയിൽ നിന്ന് പുക മാത്രം ഉയർന്നു.

തുറന്ന ആകാശത്തിൽ നിറയെ നക്ഷത്രങ്ങൾ മിന്നിക്കൊണ്ടിരുന്നു. കളത്തിൽ നാൽപതോളം കൂനകൾ ഊനം തട്ടാതെ ഉണ്ടായിരുന്നു. തണുപ്പിന്റെ വിറയൽ നിമിത്തം ഒരു വശത്ത് കുശവർ ചടഞ്ഞുകൂടിയിരിക്കുന്നുണ്ടായിരുന്നു. മറുവശത്ത് കൃഷിക്കാർ. ഇരുട്ടിൽ എല്ലാവരും ഒരുപോലെ തന്നെ കാണപ്പെട്ടു. സത്യം പറഞ്ഞാൽ ഒരു കൊടും ദുരന്തം ഒഴിവായി. അതിന്റെ സന്തോഷം കൊണ്ടാടുന്നതിനു പകരം കളത്തിലെ മുഴുവൻ കൂനകൾക്കും തീ പിടിച്ചിരുന്നെങ്കിൽ എന്തു സംഭവിക്കുമായിരുന്നു എന്നുള്ള ഭയത്തിൽ അവർ അകപ്പെട്ടിരുന്നു.

കൃഷിക്കാരുടെ കൂട്ടത്തിൽ നിന്ന് ആരോ ഇടക്ക് സംസാരിച്ചു, 'നമ്മൾ ഇത്രയും നാൾ സ്നേഹത്തോടെ അടുത്തടുത്തു കഴിഞ്ഞു. ഞങ്ങളുടെ കളത്തിലെ തീ കെടുത്തിയത് നിങ്ങളാണ്. അത് ഞങ്ങൾ ഒരിക്കലും മറക്കുയില്ല.'

പുരുഷൻ ആ ശബ്ദം തിരിച്ചറിഞ്ഞു. ഒരു വർഷം മുമ്പ് ചൂളയുടെ താഴെ കൂടി പോകുന്ന വഴിയരികിലുള്ള ഞങ്ങളുടെ ഭൂമി അവരുടേതാണെന്ന് പറഞ്ഞ് വേലി കെട്ടിയെടുക്കാൻ വന്നവനും ഞങ്ങൾ തടസ്സം പറഞ്ഞ് ബഹളമുണ്ടാക്കിയപ്പോൾ ഞങ്ങളെ അസഭ്യം പറഞ്ഞ് തിരിച്ചു പോയവനുമായ ഖുശാലി. അയാളുടെ നെല്ലിൻകൂന കത്തിക്കൊണ്ടിരിക്കുമ്പോൾ ഞങ്ങളാണ് തീ കെടുത്തിയത്. ആരായാലും രണ്ടു കുടം വെള്ളം ആ പുകഞ്ഞു കൊണ്ടിരിക്കുന്ന ചാരത്തിന്റെ കൂനയിൽ കൊണ്ടുപോയി ഒഴിച്ചു. പിന്നെ എല്ലാവരും അവിടെ നിന്ന് എഴുന്നേറ്റു പോയി.

പിറ്റേ ദിവസം രാവിലെ കൃഷിക്കാർ കളത്തിൽ വന്ന് നോക്കി.. വയലിൽ കൂടിയാണ് തീ നെൽകൂനകളിൽ പടർന്നു പിടിച്ചതെന്ന് അവർക്കു തോന്നി.

ഇന്നലെ വൈകിട്ട് സൈരോബ തന്റെ വയലിൽ വരമ്പ് ശരിയാക്കുകയായിരുന്നു. വീട്ടിൽ നിന്നുവരുമ്പോൾ അയാൾ ബീഡി വലിക്കുവാനായി ചാണകവും കത്തിച്ചു കൊണ്ടു വന്നു. പോകുമ്പോൾ ആ ചാണകം അവിടെത്തന്നെ ഇട്ടു. വിളവെടുപ്പിന് നെല്ല് കെട്ടുകളാക്കി കൊണ്ടുപോകുമ്പോൾ അവിടെ ചുറ്റും ഇഷ്ടം പോലെ പുല്ലു കിടപ്പുണ്ടായിരുന്നു. കൊയ്ത്ത് കഴിഞ്ഞ നെൽച്ചെടികളും അവിടെ

ഉണങ്ങിനിൽക്കുന്നുണ്ടായിരുന്നു. ചാണകത്തിൽ നിന്ന് തീ ആ പുല്ലിലേക്ക് പടർന്നു. അവിടെ നിന്ന് വ്യാപിച്ച് അത് കളത്തിലെ നെൽകൂന വരെ എത്തി.

29

ഒരു വർഷം മുമ്പ് ചന്ദ്രകാന്തിന്റെ വിവാഹം കഴിഞ്ഞു. അയാളുടെ ഭാര്യയെ ഗോവയിലെ ബള്ളിയിൽ നിന്നായിരുന്നു വിവാഹം കഴിച്ചു കൊണ്ടുവന്നത്. അവൾ കാണാൻ സുന്ദരിയായിരുന്നു, മാത്രമല്ല നാലക്ഷരം പഠിച്ചവളുമായിരുന്നു. ഫാഷൻ കാര്യത്തിലാണെങ്കിൽ വളരെ മുമ്പിൽ. ഒരു മേക്കപ്പ് ബോക്സ് അവളുടെ കയ്യിൽ എപ്പോഴുമുണ്ടാകും. മാർക്കറ്റിൽ നിന്നു വാങ്ങിയ ഷാംപൂവിന്റെ ചെറിയ പാക്കറ്റുകൾ കൊണ്ടാണ് അവൾ കുളിച്ചിരുന്നത്. അവളുടെ പെട്ടിയിൽ രണ്ടു ജോഡി സാൽവാർ കമ്മീസ് ഉണ്ടായിരുന്നുവെന്ന് പറയപ്പെടുന്നു. അവൾക്ക് അത് കുശക്കുടിയിൽ വെച്ച് ഉടുക്കുവാനുള്ള ധൈര്യമില്ലായിരുന്നു. പെട്ടിയിൽ നിന്ന് ഇടക്കിടയ്ക്ക് അവൾ അത് എടുത്തു നോക്കും. തിരിച്ച് പെട്ടിയിൽതന്നെ വെക്കും. വിവാഹത്തിനു മുമ്പ് ഒന്നൊന്നര വർഷക്കാലം അവൾ വാസ്കോയിലുള്ള തന്റെ ചിറ്റമ്മയുടെ വീട്ടിലായിരുന്നു താമസം. ഇടക്കിടയ്ക്ക് കുശക്കുടിയിലെ സ്ത്രീകൾക്ക് അവൾ വാസ്കോയിലെ വിവരങ്ങൾ പറഞ്ഞു കേൾപ്പിക്കും.

വാസ്കോയിൽ നിങ്ങൾക്കറിയാമോ, അറിയാമോ, ചിറ്റമ്മയുടെ വീട്ടുമുറ്റത്തുനിന്ന് നോക്കിയാൽ തുറമുഖത്ത് ബോട്ടുകൾ കിടക്കുന്നത് കാണാം. വലിയ വലിയ ബോട്ടുകൾ ബാള്ളിയിൽ അവളുടെ അച്ഛൻ കുശവപ്പണി ചെയ്തിരുന്നില്ല. വേനൽക്കാലത്ത് കശുവണ്ടി കച്ചവടം ചെയ്യുമായിരുന്നു. മഴക്കാലത്ത് തൂമ്പാപണിയും ചെയ്യും. അവർ നാലു മക്കൾ. ശരിക്കും ദാരിദ്ര്യം. അതുമല്ല, അവരുടെ ജാതിയിൽ പെട്ട കുശവർ വളരെ കുറവുമായിരുന്നു. അതുകൊണ്ട് വിവാഹം അന്വേഷിച്ച് ഒരുപാട് നടക്കേണ്ടി വന്നു.

ഒരിക്കൽ വിശ്രാമിന്റെ ഭാര്യ ശ്രീമന്തി ബാള്ളിയിലുള്ള അവളുടെ സഹോദരിയുടെ വീട്ടിൽ പോയി. അപ്പോൾ അവൾ രജനി യുടെ അച്ഛനോട് പറഞ്ഞു, 'ഞങ്ങളുടെ തെരുവിൽ ചന്ദ്രകാന്ത് എന്ന് പേരുള്ള നല്ലൊരു പയ്യനുണ്ട്. രജനിക്ക് നന്നായി ചേരും...' വരാനുള്ള നല്ല ഫലത്തിന്റെ അറിയിപ്പുപോലെ രജനിയുടെ അച്ഛൻ ശ്രീമന്തിയുടെ കൂടെ തന്നെ മാജാളയിലേക്ക് വന്ന് എല്ലാം തീരുമാനിച്ച് തിരിച്ചുപോയി.

വീട്ടിലുള്ളതിനേക്കാൾ കൂടുതൽ ദാരിദ്ര്യം ഇവിടെയാണ്. മാത്രമല്ല ജിവിതത്തിനു ഒരു വിധത്തിലുള്ള പകിട്ടും ഇല്ല. മുഖത്ത് തേക്കാൻ

പൗഡർ, കുളിക്കുവാൻ വാസനസോപ്പ് മുതലായ ദിവസേന ആവശ്യം വരുന്ന വസ്തുക്കൾ ഇവിടെയില്ല. ആരെങ്കിലും വാസനസോപ്പ് മാർക്കറ്റിൽ നിന്ന് വാങ്ങി കൊണ്ടുവന്നാൽ ആ ദിവസം ഇവിടെ ഉത്സവമായിരിക്കും.

തലയിൽ മൺകലം ചുമന്നുകൊണ്ട് പോകുമ്പോഴും രജനി മുഖത്ത് പൗഡർ പുരട്ടുമായിരുന്നു. സ്ത്രീകൾ പുറകെ നിന്നു കൊണ്ട് പിറുപിറുക്കും. പിന്നെ അത് ഒരു വാർത്തയാക്കും. അമ്മായി അമ്മ ഒരു ദിവസം പറഞ്ഞു, 'പൗഡർ എന്തിനാണ്, കുളത്തിലെ കുറച്ച് 'മാഠ'*യെടുത്ത് മുഖത്തു തേച്ചോളൂ. നല്ലൊരു കുശത്തിയെപ്പോലെ തോന്നും.'

ഇത് കേട്ട് രജനി അവരുമായി വഴക്കുണ്ടാക്കി. 'നിങ്ങളുടെ കുശവർ മണ്ണു തേക്കുമായിരിക്കും. പുറമെയുള്ള ലോകത്തെപ്പറ്റി നിങ്ങൾക്കെന്തറിയാം? ചളിയിൽ വളരുന്ന വരാലിന് ചളി തന്നെ സ്വർഗ്ഗം.'

അന്ന് അമ്മായി അമ്മയും മരുമകളും തമ്മിൽ ഒരു യുദ്ധം തന്നെയുണ്ടായി.

രജനിയുടെ ഭർത്താവ് ചന്ദ്രകാന്ത് അമ്മയുടെ പക്ഷവും , ഭാര്യയുടെ പക്ഷവും പിടിക്കാതെ ഒന്നും മിണ്ടാതെ മുറ്റത്തിരുന്ന് കലംതല്ലി കൊണ്ട് മണ്ണ് അടിച്ചു പരത്തുന്നുണ്ടായിരുന്നു. 'നീ പെൺകോന്തനാണ്, ഭാര്യയുടെ മുഖത്ത് അടിക്കാൻ അറിയാത്തവൻ' എന്ന് ഒരു തവണ അമ്മ പറഞ്ഞപ്പോൾ അയാൾ ഇത്രമാത്രം പറഞ്ഞു, 'നിങ്ങൾ അവിടെ യുദ്ധം ചെയ്തു മരിക്കൂ, എന്നെ എന്തിനാണ് ഇടക്ക് വലിച്ചിഴക്കുന്നത്?'

സാമാന്യമായി ചന്ദ്രകാന്ത് ഇത്തിരി തണുപ്പൻ മട്ടിലുള്ള ഒരു ശുദ്ധാത്മാവായിരുന്നു. മറ്റുള്ള യുവാക്കൾ ഷർട്ട് അകത്താക്കി നീളമുള്ള പാന്റ് ധരിക്കാൻ തുടങ്ങിയപ്പോൾ പോലും ചന്ദ്രകാന്ത് ഹാഫ് പാന്റ് മാത്രമേ ഉപയോഗിച്ചിരുന്നുള്ളൂ. അയാൾ പാന്ററിന്റെ മുകളിലായിരുന്നു ഷർട്ട് ധരിച്ചിരുന്നത്. കുളത്തിൽ പോകുമ്പോൾ ഭാര്യ ചുറ്റിക്കറങ്ങാമെന്നു പറഞ്ഞാൽ 'എന്തിനാടീ, അവിടെ മുള്ളുകൾക്കിടയിൽചെന്നുപെടാനാണോ?' എന്ന് ചോദിക്കുമായിരുന്നു.

ഗഡയിൽ മഹാമായയുടെ ഉത്സവമായിരുന്നു. പണ്ട് ഈ ഉത്സവത്തിന് പത്തു പന്ത്രണ്ട് വലക്കൂടുകൾ നിറയെ മൺകലങ്ങൾ വിറ്റുപോകുമായിരുന്നു. കുശത്തെരുവിലെ സ്ത്രീകൾ എല്ലാവരും വലക്കൂടുകൾ കൊണ്ടുപോകും. പക്ഷെ ഇപ്പോൾ ആളുകൾക്ക് ഉത്സവ സമയത്ത് കയ്യിൽ മൺകലവുമായി പോകാൻ ലജ്ജയായിരിക്കുന്നു. ഈ വർഷം രജനിയുടെ അമ്മായി അപ്പൻ ശിവറാമ് മരുമകളേയും കൂട്ടി രണ്ടു വലക്കൂടുകൾ നിറയെ മൺകലങ്ങൾ ഉത്സവസ്ഥലത്ത്

---

*ഒരു തരം കളിമണ്ണ്

കൊണ്ടുപോയി. രാവിലെ തന്നെ മരുമകൾക്കു വേണ്ടി മൺകലങ്ങളുടെ വിൽപ്പന ഒരുക്കി വെച്ച് അയാൾ വീട്ടിലേക്ക് മടങ്ങി. മടങ്ങുമ്പോൾ അയാൾ പറഞ്ഞു,

'ചിലവാകുന്നതു ചിലവാകട്ടെ. ബാക്കി വലക്കൂട്ടിലിട്ട് കെട്ടി ചെമ്പു പാത്രം വിൽക്കുന്ന കടയിൽ ഏൽപ്പിച്ച് വൈകുന്നേരം വീട്ടിലോട്ട് മടങ്ങൂ.'

പറഞ്ഞ പ്രകാരം അന്ന് അവൾ വീട്ടിലേക്ക് മടങ്ങി. പിറ്റേന്ന് അവളുടെ ഭർത്താവ് വലക്കൂടുകൾ എടുത്ത് അവളുടെ ഒപ്പം പോയി. അയാളും രജനിയെ കലങ്ങൾ വിൽക്കാൻ ഏൽപ്പിച്ചു കൊടുത്ത് മടങ്ങി വന്നു. രണ്ടു ദിവസവും അവൾ സന്ധ്യക്ക് വീട്ടിലെത്തി.

മൂന്നാം ദിവസം, അതായത് ഒടുവിലത്തെ ദിവസം, താൻ ബാക്കി വരുന്ന മൺകലങ്ങളും ചിലവാക്കി ഒഴിഞ്ഞ വലക്കൂടുകളുമായി വരുമെന്ന് പറഞ്ഞ് അവൾ ഒറ്റക്ക് ഉത്സവസ്ഥലത്ത് പോയി. അന്നേ ദിവസം സന്ധ്യയായിട്ടും, രാത്രിയായിട്ടും രജനി വീട്ടിലേക്ക് വന്നില്ല. ഇന്ന് എല്ലാം തന്നെ കൂട്ടിക്കെട്ടി വേഗം വരാൻ പറഞ്ഞതാണ്. ഭർത്താവും അമ്മായച്ഛനും ഒന്നൊന്നേകാൽ മണിക്കൂർവരുന്ന ആ വഴി നടന്ന് ഉത്സവസ്ഥലത്തേക്ക് പുറപ്പെട്ടു. ശ്വാസംപിടിച്ചുകൊണ്ട് ഇരുവരും ഓടി ഉത്സവസ്ഥലത്തേക്ക് പാഞ്ഞു.

പോകുമ്പോൾ അവർ സംസാരിച്ചു, 'അവളെ ഒറ്റക്ക് വിടരുതായിരുന്നു കാന്തു. ഇപ്പോൾ പണ്ടത്തെപ്പോലെയല്ല, കാലം മാറിപ്പോയി. നേരും നെറിവുമില്ലാത്ത കാലമാണ്.'

'അതെ ഇത്തിരി വായിക്കാനും എഴുതാനും അവൾക്കറിയാം. നാടകത്തിൽ പറയും പോലെ അവൾ സംസാരിക്കും.'

'അമ്മവീട്ടിൽ പോകുമെന്നു പറഞ്ഞിരുന്നോ? 'ഇല്ല എന്നോട് ജോലി അന്വേഷിച്ച് ഗോവയിൽ പോകാൻ പറഞ്ഞിരുന്നു'

'കന്നഡ നാലാം ക്ളാസ്സ് വരെ പഠിച്ച നിങ്ങൾ അതും മറന്നു, ഗോവയിൽ പോയാൽ കാണാതെ പോകും.'

മഹാമായയുടെ അമ്പലത്തിനടുത്ത് എത്തിയപ്പോഴേക്കും അവിടത്തെ ഉത്സവക്കച്ചവടം അവസാനിച്ചിരുന്നു. അമ്പലമൈതാനം ഒഴിഞ്ഞു കിടക്കുകയായിരുന്നു. ഒരു ശബ്ദവും കേൾക്കാനില്ല. ആളുകളുടെ പോക്കും വരവും ഒന്നും ഉണ്ടായിരുന്നില്ല. അവിടവിടെ പ്രകാശവും, ഇരുട്ടും കലർന്ന ഛായകൾ കാണാമായിരുന്നു. അമ്പലത്തിലാണെങ്കിൽ അമ്പലമണി അനക്കമില്ലാതെയിരുന്നു. ഗർഭഗൃഹത്തിൽ അങ്ങകത്ത് കത്തിച്ചു വെച്ച വിളക്കുകൾ ആകെ മങ്ങിയിരുന്നു.

ശിവറാമ് മനസ്സിൽ തന്നെ പറഞ്ഞു, 'വലിയ ഉത്സവമായിരുന്നിട്ടും

വീട്ടിലേക്ക് പോകുന്ന വഴിയിൽ വിടുമെന്നാണ് ഞങ്ങൾ വിചാരിച്ചത്.'

'അതെപ്പോഴാണ്?'

'ഏകദേശം നാലു മണിക്ക് ഇപ്പോൾ ഒമ്പതു മണിയാകുന്നു.'

അച്ഛനും മകനും ചരിച്ചു വെച്ച വലക്കൂടും കൊണ്ട് മടങ്ങിപ്പോയി. വഴിയിൽ വെച്ച് അവർ ഒന്നും സംസാരിച്ചില്ല. അവർ ഇരുട്ടിൽ കൂടി നടക്കുന്നുണ്ടായിരുന്നു. ഇരുട്ട് ഒരു ഭൂതത്തെപ്പോലെ അവരെ പിന്തുടരുന്നുണ്ടായിരുന്നു. എന്തെങ്കിലും സംസാരിച്ചാൽ ശുദ്ധഗതിക്കാരനായ തന്റെ മകൻ കരഞ്ഞുതുടങ്ങുമെന്ന് ശിവറാം ഭയന്നിരുന്നു.

വീട്ടിൽ വന്ന് അയാൾ ഭാര്യയോട് ഇത്ര മാത്രം പറഞ്ഞു, 'വണ്ടിയിലിരുന്ന് ആരുടെയോ കൂടെ അവൾ പോയിരിക്കുന്നു. ഈ കാര്യത്തിൽ മറ്റു ഭാര്യമാർ കുശവർക്കൊപ്പം നിൽക്കുകയില്ല' വീട്ടിനകത്ത് കരയാനും, ശകാരിക്കാനും വയ്യാത്ത ഗതിയായി. കുശത്തെരുവിൽ ഈ വാർത്ത പടർന്നു. അവിടെ ഒരു തരത്തിലുള്ള മരവിപ്പും തണുപ്പും വ്യാപിച്ചു. സത്യം പറഞ്ഞാൽ ഈ വാർത്ത കേട്ട് തെരുവ് മുഴുവൻ കുലുങ്ങി.

30

കൃഷിക്കാരുടെ കുട്ടികൾ ഇപ്പോൾ നന്നായി പഠിച്ച് ഗോവ, മുംബയ്, പുണെ എന്നിവിടങ്ങളിൽ ജോലിക്ക് പോയിത്തുടങ്ങി. നാട്ടിൽ പ്രായമായവർ മാത്രം. അതുകൊണ്ട് നല്ല നല്ല വയലുകൾ തരിശായി കിടക്കുവാൻ തുടങ്ങി. വിളവിറക്കുന്നവർക്ക് അവർ വയലുകൾ ഇപ്പോൾ കുറഞ്ഞ പാട്ടത്തിന് കൊടുക്കുമായിരുന്നു. ഗോപാൽ വിചാരിച്ചു, ഇനി കൃഷിക്കാരുടെ വയലുകൾ പാട്ടത്തിന് എടുക്കാം. തന്റെ ഈ പദ്ധതിയെപ്പറ്റി തെരുവിലുള്ള പലരോടും അയാൾ പറഞ്ഞിരുന്നു. മറ്റു ഗ്രാമങ്ങളിലെ കുശവർ ഇങ്ങനെ വയലുകൾ എടുക്കുമായിരുന്നു. അവരുടെ സ്വന്തം വയലുകളും ഇതിൽ ഉണ്ടായിരുന്നു. ഈ നാട്ടിലെ കുശവർ ഒരിക്കലും സ്വന്തം വയലുകളിൽ കൃഷി ഇറക്കുമായിരുന്നില്ല. കൃഷിക്കാരുടെ വയലുകളിൽ കാവൽ ജോലിക്ക് പോകും. എന്നാൽ സ്വന്തം വയൽ ഇതുവരെ ഉഴുകയോ അതിൽ വിളവിറക്കുകയോ ചെയ്തിരുന്നില്ല.

കഴിഞ്ഞ അഞ്ചാറു വർഷംവരെ നാലു ചുറ്റുമുള്ള വയലുകൾ മഴക്കാലത്ത് പച്ച പിടിച്ച് നിൽക്കുമായിരുന്നു. അവ വിളവെടുക്കാൻ പാകമാകുമ്പോൾ വേനൽകാലത്ത് അവയിൽ പൊന്നുരുക്കിയൊഴിച്ച

പോലെ തോന്നുമായിരുന്നു. പതുക്കെ പതുക്കെ കഷ്ണം കഷ്ണമായി വയലുകൾ തരിശുനിലങ്ങളായി മാറി. വയലുകൾ രക്ഷിക്കാതെ വന്നപ്പോൾ കന്നുകാലികൾ അവയിൽതന്നെ കിടന്നുതുടങ്ങി. അവ നട്ടതെല്ലാം തിന്നു നശിപ്പിച്ചു. വയലുകളുടെ വില കുറഞ്ഞു. വർഷം മുഴുവൻ വയലുകളിൽ പണിയെടുക്കുന്നത് ആർക്കും ഇഷ്ടമല്ലാതായി. കൃഷിക്കാരുടെ ജോലിക്കു പോയ കുട്ടികൾ അവധിക്ക് വരുമ്പോൾ വയലുകളിൽ ചുറ്റിനടന്ന് അമ്മയേയും, അച്ഛനേയും ധരിപ്പിക്കുമായിരുന്നു, 'വയലുകളിൽ ഒന്നും ചെയ്യണ്ട. ഇപ്പോൾ ഇത് ബുദ്ധിമുട്ടുള്ള പണിയാണ്. നിങ്ങളെക്കൊണ്ട് ആവുകയില്ല.'

മാഘമാസം വന്നെത്തി. ഒരു ദിവസം ഗോപാൽ എവിടെയോ നിന്ന് രണ്ടു കാളകളെ കൊണ്ടുവന്നു. മെലിഞ്ഞുണങ്ങിയവ. അവയുടെ നട്ടെല്ല് വളഞ്ഞിരുന്നു. മെലിഞ്ഞുണങ്ങിയ വയർ എല്ലാ വശവും തൂങ്ങിക്കിടന്നു. അവയെ കൊണ്ടുവന്ന് അയാൾ ചൂളയുടെ അടുത്തുള്ള പ്ളാവിൽ കെട്ടി. അവിടെ തന്നെ ഒരു വശത്ത് കലപ്പകെട്ടി നുകം തയ്യാറാക്കി. പൂർണ്ണമായി തേഞ്ഞു തീർന്ന ഒരു പഴയ കലപ്പ, ഒടിഞ്ഞ കാലുകൾ ഉള്ള കലപ്പ, പഴക്കം കൊണ്ട് അതിന്റെ അറ്റം തേഞ്ഞ് അതിലോല മായി. കാളയുടെ കഴുത്തിലും കൊമ്പിലും കെട്ടിയ കയറ് തേഞ്ഞ് പൊട്ടുന്ന പരുവത്തിലായിരുന്നു.

ഓരോ കുശവനും വന്നു കണ്ട് പോയിക്കൊണ്ടിരുന്നു. അവർ മനസ്സിൽ പറയും, 'ഇത് മുഴുവൻ പഴയത് കൂട്ടിച്ചേർത്തത് ആരുടേയോ പക്കൽ നിന്ന് ഇയാൾ ചോദിച്ചു വാങ്ങിയതാണ്.' ഘനശ്യാം അയാളോടു പറഞ്ഞു, 'ഗോപാൽ, മാംസമെടുക്കുന്നതിനു വേണ്ടി കൊല്ലാൻ കൊണ്ടുപോകുമ്പോൾ ഈ കാളകളെ നീ വിടുവിച്ചു കൊണ്ടുവന്നതാണോ? നീ തന്നെ കുറ്റം ഏൽക്കേണ്ടി വരും, നോക്കിക്കോ.'

'അത് സദാശിവന്റെ നുകമാണ്. പഴയതായി. ഉപയോഗിക്കാതെ കെട്ടി വെച്ചിട്ട് അധികം മോശമായി.'

അയാൾ പറഞ്ഞു, 'നീ തന്നെ കാളകളെ നോക്കൂ. കുളത്തിനടുത്ത് എന്റെ മൂന്നു കണ്ടി വയൽ ഉഴുത് ശരിയാക്കി വിത്ത് വിതച്ചോളൂ. നീ തരുന്നത് മതി.'

'കുളത്തിനരികെയുള്ള ആ വയൽ എന്തു പ്രയാസമുള്ളതാണെന്നോ? ഉഴുമ്പോൾ കാളകളുടെ ഗുദത്തിൽ നിന്ന് നുരയും പതയും വരും. മൺകട്ടകൾ പൊടിയാതെ തന്നെ ശബ്ദമുണ്ടാക്കി തെറിച്ചുപോകുന്നു. അയാൾ പറയുന്നു എന്തു തന്നാൽ അത് മതിയെന്ന്. അയാൾ കൊങ്കണി കൃഷിക്കാരൻ നാളെ ചാക്കും കൊണ്ട് തന്റെ കളത്തിൽ വന്ന് കുത്തിയിരിക്കും.'

എന്നാലും ഗോപാൽ പിറ്റേ ദിവസം തന്നെ തോളിൽ കലപ്പയും വെച്ച് കാളകളെ മേച്ച് കുളത്തിനരികെയുള്ള വയലിൽ കൊണ്ടുപോയി നുകം കെട്ടി. ആ വയൽ ഉഴുന്നത് അത്ര എളുപ്പമായിരുന്നില്ല. കലപ്പയിൽ കല്ലു പോലെയുള്ളമൺകട്ടകൾ തടയുന്നുണ്ടായിരുന്നു. കലപ്പ മുറുക്കിപ്പിടിച്ച് കാളകളുടെ പുറത്ത് അടിക്കുമ്പോൾ അവ ഉഴുതു തുടങ്ങും. കൈപത്തി മുതൽ തോൾ വരെയുള്ള ഭാഗം നന്നായി വേദനിക്കമായിരുന്നു. എന്നാലും അയാൾക്ക് താൻ ഇന്ന് സുരക്ഷിതനാണെന്നും എന്നെങ്കിലും ലക്ഷ്യപ്രാപ്തി വരുമെന്നും ചിന്തിച്ചപ്പോൾ ആശ്വാസമായി.

31

ശങ്കർ പണ്ട് ഇടക്കിടെ മദ്യപിക്കുമായിരുന്നു. എന്നാൽ അയാൾ എന്നും മദ്യനിയന്ത്രണത്തിനെ പറ്റി ശക്തമായി പ്രസംഗിക്കും. എപ്പോഴും പുതച്ച് ഇരുട്ടിൽ ഇരിക്കുന്നതു പോലെ അയാൾ ഒറ്റക്ക് എവിടെയെങ്കിലും മാറിയിരിക്കും. ജ്വരത്തിന്റെ വിറയൽ നിമിത്തം കൈകൾ ശരീരത്തിലൊതുക്കിപ്പിടിച്ചാണ് ഇരിക്കുക. ഒരു ദിവസം അയാൾ ഓടിയോടി സീതായയുടെ അടുത്തു വന്നു. 'സീതായച്ചിറ്റേ, വന്നു കണ്ടോളൂ, ചൂളയുടെ മുൻവശത്ത് മുറം പോലെ വലിയ ഒരു കടവാതിൽ ചിറകു വിടർത്തി ചത്തുകിടക്കുന്നു.'

സീതായ ഭയന്നു. അവർ വേഗം ചൂളയുടെ അരികിൽ പോയി. നോക്കുമ്പേൾ അവിടെ ഒന്നും തന്നെ കണ്ടില്ല. 'എവിടെപ്പോയി?'

'കറുത്ത് കുടയുടെ തുണി പോലെ. കണ്ണിനു മുമ്പിൽ കണ്ടതാണ്. സമാധാനമായി. കുറച്ചു മുമ്പ് വരെ കുടവ നിറയെ കുറെ കറുത്ത കുടങ്ങളും കണ്ടിരുന്നു. ഇപ്പോൾ അവയുമില്ല.'

സീതായ അയാളെ സൂക്ഷിച്ചു നോക്കി. 'ശങ്കർ, നിങ്ങൾ ഇപ്പോൾ ഒരു ദിവസം രണ്ടു മൺകുടങ്ങൾ എങ്കിലും നിർമ്മിച്ചോ അല്ലെങ്കിൽ പെട്ടെന്ന് മരിക്കും. അത് കുശവന്റെ തൊഴിലാണ്. മരിക്കുന്നതു വരെ നിർത്തരുത്.'

'മൺകലങ്ങളുണ്ടാക്കി അവ വിൽക്കാൻ ഞാൻ പോകണോ? എന്റെ തന്നെ ശവദാഹത്തിന് ഉടയ്ക്കാനായി ഞാൻ തന്നെ കലം ഉണ്ടാക്കണോ? എന്റെ മകൻ ജോലിയിലായി. ഞാൻ ഇപ്പോൾ വെറുതെ ഇരുന്നു ഭക്ഷിക്കുന്നു. അയാൾ പോലീസിനെ പോറ്റുകയാണെന്ന് അറിയാമല്ലോ?'

സീതായ ഒന്നും മിണ്ടാതെ മടങ്ങി. ജോലിയായത്രേ. എന്നാണ്

പോലീസ് അയാളെ മദ്യത്തോടേ പിടിക്കുകയെന്ന് പറയാൻ പറ്റുക യില്ല.

ഘനശ്യാമിന്റെ മകൻ സുരേഷ് കഴിഞ്ഞ നാലഞ്ചു വർഷങ്ങളായി അച്ഛന്റെ കൂടെ കുശവപ്പണി ചെയ്തുകൊണ്ടിരുന്നു. കുറെ സമയം അയാൾ ആ ജോലി വിട്ട് നാട് മുഴുവൻ ചുറ്റുമായിരുന്നു. ഇപ്പോൾ രാവിലെ തന്നെ അഴുക്കുള്ള ശരീരത്തിൽ എണ്ണയുടെ കാറൽമണ ത്തോടു കൂടിയ കമ്മീസും, ട്രൗസറുമിട്ട് പോകുന്നതു കണ്ടു. അയാൾ ഇപ്പോൾ ആരുടേയോ ട്രക്കിലെ ക്ളീനർ ആണെന്ന് സീതായക്ക് അറി യാമായിരുന്നു.

'എടാ സുരേഷ്, ആരുടെ ട്രക്കാണെന്നാണ് നീ പറഞ്ഞത്?'

'കാജുവാഡയിൽ വിവേക് ഒരു ട്രക്ക് വാങ്ങി. ഗോവയിൽ മണ്ണെടു ക്കാനായി ഉപയോഗിക്കുന്നു.'

'വിവേക് നാഗേഷ് നായ്ക്കിന്റെ മകനല്ലേ?'

'അതെ.

നാഗേഷ് മാമ്, ഇപ്പോൾ റിട്ടയറായി.'

'ഇപ്പോൾ ദിവസവും നീ ഗോവയിൽ പോകുന്നു. നിനക്കൊരു നേരമ്പോക്കായി'

സുരേഷ് ചിരിച്ചു. 'അയാളുടെ ഡ്രൈവർ എന്നെ ട്രക്ക് ഓടിക്കാൻ പഠിപ്പിക്കാമെന്ന് പറഞ്ഞു. അതിനുശേഷം ഞാൻ ലയ്സെൻസ് എടുക്കും.'

സുരേഷ് പോകാനിറങ്ങി. സീതായ വിചാരിച്ചു, 'കുശവൻ ട്രക്കിലെ കിലിണ്ടറായി., നാളെ ട്രക്ക് ഓടിക്കും....'സുരേഷിനെ വിളിച്ച് പെട്ടെന്ന് പറയണമെന്ന് അവർക്ക് തോന്നി. 'സുരേഷ്, എന്റെ കൊച്ചുമകൻ പ്രമോദിന് എന്തെങ്കിലും ജോലി ശരിയാക്കൂ. അടുത്ത അഷ്ടമി രോഹിണിനാൾ അവന് പതിനേഴ് തികയും.'

32

യശവന്ത് ഇപ്പോൾ വിശ്രമത്തിലാണ്. ആവശ്യമുള്ളപ്പോൾ മാത്രം മൺകലങ്ങൾ നിർമ്മിക്കുന്നു. സൗകര്യം പോലെ ചൂള ഒരുക്കും. അയാ ളുടെ മകൻ സദാനന്ദ് വിദ്യാഭ്യാസം കഴിഞ്ഞ് ഇപ്പോൾ രണ്ടു വർഷ ത്തോളമായി പുണെയിൽ ജോലി നോക്കുന്നു. മാസം തോറും അയാ ളുടെ മണിയോർഡർ വീട്ടിൽ എത്തും. ആറു മാസം കൂടുമ്പോൾ അയാ ൾ വരും. അന്നേരം യശവന്തിന്റെ വീട്ടിൽ ഉത്സവമാണ്. വരുമ്പോൾ

അയാൾ സഹോദരങ്ങൾക്കും, അമ്മയ്ക്കും, അച്ഛനും പുതിയ വസ്ത്ര ങ്ങളുമായി വരും. അയാൾ വരുമ്പോൾ വീട്ടുമുറ്റത്തും, പറമ്പിലും ചോക്കലേറ്റിന്റെയും, ബിസ്ക്കറ്റിന്റെയും മിന്നുന്ന കടലാസ്സ് വീണു കിടക്കും.

എന്നാൽ എന്തുകൊണ്ടാണെന്നറിയില്ല, അവരുടെ വീട്ടിൽ ആളുകളുടെ വരവും പോക്കും കുറഞ്ഞു. യശവന്തിന്റെ ഭാര്യ ഗോകുൾ ധരിച്ചിരിക്കുന്ന പുതിയ സാരി കണ്ട് സ്ത്രീകൾ കുശുകുശുക്കുമായി രുന്നു, നെടുവീർപ്പിടുമായിരുന്നു. അവർ പറയും , ' മുട്ടയ്ക്ക് അടയിരുന്ന കോഴി ഇപ്പോൾ എത്ര മാറിയിരിക്കുന്നു, അവൾക്ക് അഹങ്കാരമാണ്. പണ്ട് അതു വേണം, ഇതു വേണം എന്ന് പറഞ്ഞ് അവൾ മറ്റുള്ളവരുടെ വാതിലിൽ മുട്ടുമായിരുന്നു. ഇപ്പോൾ സംസാരിക്കുന്നതു തന്നെ വളരെ കുറവ്. അഹങ്കാരമാണ്. ദൈവത്തിനും, പണത്തിനും ആരുമായി ബന്ധമില്ലെന്ന് അറിഞ്ഞുകൂടേ.' യശവന്തിന്റെ വീടുമായുള്ള ബന്ധം ആളുകൾ സാവധാനം കുറച്ചു തുടങ്ങി. കുശത്തെരുവിൽ അത് 'സമ്പന്നരുടെ' വീടായി മാറി.

ധർമ്മു അവരുടെ വരാന്തയിൽ പോയി ഇരിക്കുമായിരുന്നു. അയാൾ പറയും, 'യശവന്ത് എനിക്ക് ദാഹം സഹിക്കാൻ വയ്യ ഈ ദാഹം കൊണ്ടു ഞാൻ ഇപ്പോൾ തന്നെ മരിക്കും. എനിക്ക് എന്തെങ്കിലും തരൂ.'

ധർമ്മു ഇപ്പോൾ ആഹാരം കഴിക്കാതായി. ലിവർ വളർന്നു വലുതായി. വയറ് ഒരു ഭാഗത്തു മാത്രം വീർത്ത് മദ്ദളം പോലെയായി. തല ചുറ്റി വീണാലും മദ്യം വിൽക്കുന്ന കടയിൽ അയാൾ പോകുന്നത് നിർത്തിയിരുന്നില്ല. തെണ്ടിയെപ്പോലെ ഓരോരുത്തരുടെ മുമ്പിൽ കയ്യും നീട്ടി നിൽക്കും. ഒന്നു രണ്ടു മാസം കൊണ്ട് ഇയാൾ മരിക്കു മെന്ന് ആളുകൾക്കറിയാം.

യശവന്ത് പുറമെ പരുക്കനായി തോന്നിയിരുന്നെങ്കിലും ഉള്ളിന്റെ ഉള്ളിൽ അയാൾ വളരെ ദയാലുവായിരുന്നു. അയാൾ ആളുകളെ വേദ നിപ്പിച്ച് സംസാരിച്ചിരിക്കാം. പക്ഷെ അപ്പോൾ തന്നെ അയാൾ അത് മറന്നുകളയും. വീണ്ടും തെരുവിലെ ആളുകൾ അയാളുടെ കൂടെ കൂടുമായിരുന്നു. അയാൾ ഇപ്പോൾ സോപ്പു കൊണ്ടു കഴുകിയ വെളു ത്ത ടവ്വൽ ധരിക്കുന്നു. അതിനു മുകളിൽ വെളുത്ത ഷർട്ടും ധരിക്കും. വല്ലവരുടെ വീട്ടു മുറ്റത്തു പോയിരുന്നാൽ പണ്ടത്തെപ്പോലെ മനസ്സു തുറന്നു സംസാരിക്കുവാൻ പറ്റുമായിരുന്നില്ല.

ഒരു ദിവസം രാമചന്ദർ നേരിയ വിറകുകഷ്ണങ്ങളുടെ കെട്ട് കൊണ്ടുവന്ന് ചൂളയൊരുക്കാനായി അതിനടുത്തുള്ള ആത്തച്ചക്കമര ത്തിൽ ചാരി വെച്ചു. അത് അവിടെ നിന്ന് കാറ്റു കൊണ്ട് മറിഞ്ഞ്

നടവഴിയുടെ നടുവിൽ കുറുകെ വീണു കിടന്നു. സന്ധ്യ മുഴുവൻ അത് അവിടെ തന്നെ കിടന്നു. യശവന്ത് അതിലെ പോകുമ്പോൾ രാമചന്ദറിനോട് ഉറക്കെ പറഞ്ഞു, 'എടാ, ഈ കെട്ട് വഴിയിലാണ് കിടക്കുന്നത്. നീ കണ്ടില്ലേ, വഴി മുടക്കിയിരിക്കുകയാണ്.'

രാമചന്ദറിന് ദേഷ്യം വന്നു. അയാൾ ചൂടായി. 'പൊക്കോളൂ, പൊക്കോളൂ, വഴി മാറിപ്പോയാൽ നിന്റെ കാലുകൾ ഒടിഞ്ഞു പോകുമോ? നീ പണ്ട് മുൾച്ചെടികളുടെ ചുള്ളികൾ ചൂള നിറയ്ക്കാൻ കൊണ്ടുവരാരുണ്ടായിരുന്നു. ഞങ്ങളുടെ കാലുകളിൽ മുള്ളുകൾ കയറിയിട്ടുണ്ട്. ആ ദിവസങ്ങളൊക്കെ പോയല്ലോ ഇപ്പോൾ നീ കാണുന്നത് എന്റെ കെട്ടാണ്.'

'എടാ, എന്തിനാണ് ഒരു വിഡ്ഢിയെപ്പോലെ തടസ്സം പറയുന്നത്. ഭ്രാന്തുണ്ടോ?' 'അതെ, ഞങ്ങൾ പണമില്ലാത്ത ഭ്രാന്തന്മാരാണല്ലോ. നീ മാത്രം ബുദ്ധിമാൻ. ബുദ്ധിമാനല്ല, പണത്തിന്റെ അഹങ്കാരം.'

അവർ തമ്മിൽ കൊടുംവഴക്കായി. യശവന്തും തന്റെ പഴയ സ്വഭാവം കാണിച്ച് കുടിലതയോടെ സംസാരിച്ചു.

വാസ്തവത്തിൽ ഇത് രാമചന്ദറിന്റെ അസൂയ മാത്രമാണ്.

സീതായ തന്റെ മുറ്റത്ത് നിൽക്കുന്നുണ്ടായിരുന്നു. അവർ മനസ്സിൽ തന്നെ പറഞ്ഞു,

'കുശത്തെരുവിൽ ഈ അസൂയ ഇന്നുവരെ കണ്ടിട്ടില്ല. ഇതുകൊണ്ടു തന്നെയാണ് ഇവർ ദാരിദ്ര്യം കൊണ്ട് ഗ്രസിക്കപ്പെട്ട ഭൂതങ്ങളായത്. ആ കുട്ടി നന്നായി പഠിച്ചു അവൻ പുറത്തു തന്നെ പോകേണ്ടി വന്നു. കുശത്തെരുവിന് അവനെ കൊണ്ട് ഒരു ഉപയോ ഗവും ഉണ്ടായില്ല. പഠിച്ചു കഴിഞ്ഞ് ഇവിടെ നിന്നു കൊണ്ട് അവൻ എന്തു ചെയ്യാനാണ്? ഈ കുശവർ ഭാഗ്യമില്ലാത്തവരാണ്. ഇവിടെ നല്ലതൊന്നും നിൽക്കുകയില്ല. ദൈവമേ, കുശവർ മണ്ണു ചൂടാക്കി പാപമോ മറ്റോ ചെയ്യുന്നില്ലല്ലോ?'

33

രാഘോബ പണ്ടത്തെക്കാൾ കൂടുതൽ തടി വെച്ചിട്ടുണ്ട്. തടിച്ച അരക്കെട്ട്, പുഷ്ടിയുള്ള വെളുത്ത മുഖം. കുശവരുടെ എല്ലാ ജോലികളും, വ്യവസായവും അയാൾ ശരിക്കു ചെയ്യുമായിരുന്നു. അയാളുടെ ഭാര്യ അപരൂപെം വിവാഹം കഴിഞ്ഞ് എട്ടു വർഷങ്ങൾക്കു ശേഷം ഗർഭിണിയായി. രണ്ടു വർഷം മുമ്പ് ഒരു കുഞ്ഞിനെ പ്രസവിച്ചു. വീട്ടിൽ പ്രായം

ചെന്ന അച്ഛനും, വിവാഹപ്രായമായ ഒരു സഹോദരിയും ഉണ്ടായിരുന്നു.

ഇടയ്ക്ക് പലപ്പോഴും അയാൾ എല്ലാവരോടും ദേഷ്യം കാണിച്ചിരുന്നു. എല്ലാവരുമായി വഴക്കിടുമായിരുന്നു. വിൽക്കാൻ കൊണ്ടുപോയ മൺകലങ്ങൾ തിരിച്ചു കൊണ്ടുവന്നാൽ ഭാര്യയെ ശകാരിക്കുമായിരുന്നു. അച്ഛൻ എന്തെങ്കിലും പറഞ്ഞാൽ കയർത്ത് സംസാരിക്കും. ദേഷ്യം വന്നാൽ പുതിയ മൺകലമെടുത്ത് നിലത്ത് അടിച്ചു പൊട്ടിക്കും. ഒരു ദിവസം ശിവറാമ് പറഞ്ഞു, 'കണ്ടോ രാഘോബാ, കുശത്തെരുവിൽ രാത്രി ചാണകം വീണിരിക്കുന്നു. ഈ കൃഷിക്കാർ തൊഴുത്തിൽ കന്നുകാലികളെ കെട്ടാതെ രാത്രി വഴിയിലേക്ക് ഇറക്കിവിടുന്നു.'

ഇതു കേട്ട് രാഘോബ പെട്ടെന്ന് ദേഷ്യപ്പെട്ടു. 'എന്നോടെന്തിനാണ് പറയുന്നത് പോയി കൃഷിക്കാരോട് പറയണം, അവരുമായി വഴക്കിട്ടോളൂ.'

കഴിഞ്ഞ മഴക്കാലത്ത് അവർ ആഹാരത്തിനു വേണ്ടി വല്ലാതെ ബുദ്ധിമുട്ടി. അച്ഛനാണെങ്കിൽ മഴക്കാലം മുഴുവനും മരിക്കുമോ, ജീവിക്കുമോ എന്ന മട്ടിലായിരുന്നു. കുട്ടികളുടെ പഠിപ്പും മുടങ്ങി. രാഘോബ ഈ സമയത്ത് വല്ലാതെ ക്ഷീണിച്ചു. അരക്കെട്ട് മെലിഞ്ഞു പോയി. മുഖം ക്ഷീണിച്ച് തൂങ്ങി തുടങ്ങി. ഇടക്ക് തെരുവിനു പുറത്തു തന്നെ താമസിച്ചു. എവിടെ പോകുന്നു, എന്തു ചെയ്യുന്നു എന്ന് ആർക്കും ഒന്നും അറിഞ്ഞുകൂടാ. ഉച്ചക്ക് വൈകിയേ വരികയുള്ളൂ. അതും വളരെ ക്ഷീണിച്ച് നിറഞ്ഞ വിയർപ്പുമായി. അയാളുടെ ഹാഫ് പാന്റ് അരക്കെട്ടിൽ ചുരുട്ടിവെച്ചത് കാണാമായിരുന്നു. ശരീരത്തിൽ ഉരഞ്ഞ പാടുകൾ, രക്തം പൊടിയുന്നപോലെ. കുടിയിലേക്ക് വരുമ്പോൾ അയാൾ ക്ഷീണംകൊണ്ട് മെലിഞ്ഞ് ആടി ആടി നടക്കുമായിരുന്നു.

ഒരു ദിവസം ധർമ്മുവിന്റെ ഭാര്യ മൺകലങ്ങളുമായി ദേവവാഡയിൽ പോയി. വൈകുണ്ഠ് സാവന്തിന്റെ വാതിൽക്കൽ നിൽക്കുന്ന തെങ്ങ് കയറി ആരോ തേങ്ങയിടുന്നത് കണ്ടു. അവൾ മുകളിൽ നോക്കിക്കൊണ്ട് ചോദിച്ചു, 'ആരാണ് തേങ്ങയിടുന്നത്?'

വൈകുണ്ഠ് പറഞ്ഞു, 'അത് നിങ്ങളുടെ കൂട്ടത്തിലുള്ള കുശവൻ രാഘോബയാണ്.'

ധർമ്മുവിന്റെ ഭാര്യ നോക്കിക്കൊണ്ട് നിന്നു. മുകളിലേക്ക് നോക്കുമ്പോൾ തടിയൻ എല്ലുകളുള്ള ആ മനുഷ്യൻ ഇപ്പോൾ ശരിക്കും ക്ഷീണിച്ച് നരിച്ചീർ പോലെ തോന്നിക്കുന്നു. അയാൾ വെറും ജീവനുള്ള വല അവിടെ തൂക്കിയിട്ട പോലെ കാണപ്പെട്ടു. ധർമ്മുവിന്റെ ഭാര്യ മനസ്സിൽ തന്നെ പറഞ്ഞു,

'ഇയാൾക്ക് ഈ ജോലി വേണ്ടായിരുന്നു.' ചെറുപ്പം മുതൽ അവൾ അവനെ കാണാൻ തുടങ്ങിയതല്ലേ. അവൾക്ക് വളരെ വിഷമം തോന്നി.

വീട്ടിൽ വന്നപ്പോൾ അവൾ അപരൂപെയോട് ഇങ്ങനെ പറഞ്ഞു, 'നിന്റെ ഭർത്താവ് രാഘോബ നാട്ടിൽ തെങ്ങു കയറാൻ പോകുന്നുണ്ടല്ലോ. അയാളെക്കൊണ്ട് അത് സാധിക്കുമോ?'

അപരൂപെക്ക് അറിയാമായിരുന്നു. അവൾ തണുത്തമട്ടിൽ പറഞ്ഞു, 'വയറല്ലേ, വയറിന് വേണ്ടി കൈകാലുകളിട്ട് അടിക്കേണ്ടിയിരിക്കുന്നു.'

34

അമ്മായി അമ്മയ്ക്ക് സുഖമില്ല, വന്നിട്ടുപോകൂ, എന്നു പുരുഷൻ ഷീലയെ ആരോ മുഖാന്തിരം അറിയിച്ചു. ആ ശനിയാഴ്ച തന്നെ ഷീലയും സദാനന്ദും ഗോവയിൽ നിന്ന് വന്നു. പണ്ട് നാടകത്തിലഭിനയിക്കുമ്പോൾ ഉള്ള അതേ വൈഭവം, സൗന്ദര്യം, അസാമാന്യമായ ശോഭ, ചിരിക്കുന്നമുഖം, എല്ലാം അതുപോലെ ഇപ്പോഴും ഉണ്ടായിരുന്നു. അവൾ നല്ല ഭംഗിയുള്ള, ശോഭിക്കുന്ന അഞ്ചു വാര സാരിയുടുത്തിട്ടുണ്ടായിരുന്നു. വെളുത്ത ബ്ളൗസ് ധരിച്ചിരുന്നു. അവൾ കുശത്തെരുവിലെ ഒരു വീട്ടിൽ നിന്ന് വേറെ വീട്ടിൽ പോകുമ്പോൾ അമ്പലത്തിലെ മണി ചെറുതായി മുഴങ്ങിക്കൊണ്ടിരിക്കുന്നതുപോലെ തോന്നി.

അമ്മായി അമ്മയ്ക്ക് കാര്യമായി ഒന്നും തന്നെ ഉണ്ടായിരുന്നില്ല. എന്നാൽ ശരീരത്തിന് സ്വൽപം ചൂട് ഉണ്ടായിരുന്നു. ശരീരം കത്തുന്നതു പോലെ തോന്നിയിരുന്നു. ഈ കാരണവും പറഞ്ഞ് അവൾ ഒന്ന് വന്ന് പോകട്ടെ എന്നോർത്ത് പുരുഷൻ പറഞ്ഞതാണെങ്കിലും ഷീല അമ്മായി അമ്മയെ കാർവാറിൽ കൊണ്ടുപോയി വൈദ്യപരിശോധന നടത്തി തിരിച്ചു കൊണ്ടു വന്നു. എഴുതിക്കൊടുത്ത മരുന്നുകളും വാങ്ങിച്ചു. പേടിക്കാനൊന്നുമില്ലെന്നായിരുന്നു ഡാക്ടർ പറഞ്ഞത്. അവൾ അമ്മായി അമ്മയെ മാജാളയിലെ ചന്തയിൽ കൂടി ബസ്സിൽ നിന്ന് ഇറക്കിക്കൊണ്ടു വരുമ്പോൾ എല്ലാവരും അവളെ ആദരവോടെ നോക്കിക്കൊണ്ടിരുന്നു. ആരാണ് മുന്നോട്ട് വന്ന് അവളുടെ നേരെയുള്ള ദൃഷ്ടിദോഷം മാറ്റുക എന്ന വിചാരം മനസ്സിൽ വരുമായിരുന്നു.

ഷീല വരുമ്പോഴെല്ലാം സീതായയുടെ ഒരേയൊരു അഭ്യർഥന ഇങ്ങനെയായിരുന്നു, 'എന്റെ കൊച്ചുമകനേയും കൊണ്ടുപോയി എവിടെയെങ്കിലും ഉപജീവനമാർഗ്ഗം ഉണ്ടാക്കിക്കൊടുക്കൂ.'

ഷീല പലയിടത്തും അന്വേഷിച്ചു. പക്ഷെ സീതായയുടെ കൊച്ചു

മകൻ വസന്തിന് പതിനെട്ട് വയസ്സ് തികയാത്തതു കൊണ്ട് എല്ലാവരും മടിക്കുമായിരുന്നു. മാത്രമല്ല, അവൻ ആറാം ക്ലാസ്സ് വരെ കന്നഡ മാത്രമേ പഠിച്ചിട്ടുള്ളൂ. അതിന്റെ ഉപയോഗം ഗോവയിൽ ഇല്ലാ യിരുന്നു. ഷീല ജോലി ചെയ്യുന്ന സാംഖവാളിൽ അതേ ഫാക്ടറിയുടെ അടുത്ത് ബ്രഡ്, ടോസ്റ്റ്, കേക്ക് മുതലായവ ഉണ്ടാക്കുന്ന ഒരു വലിയ ബേക്കറി ഉണ്ടായിരുന്നു. വണ്ടിയിലിട്ട് അവർ ബ്രഡും, കേക്കും ഗോവയിൽ മുഴുവൻ എത്തിക്കുമായിരുന്നു.

ഷീല അവിടത്തെ മാനേജരുമായി സംസാരിച്ചു. അയാൾ പറഞ്ഞു, 'അവൻ പതിനെട്ട് തികയും വരെ പഠിച്ചോട്ടെ. ഒരു വർഷം കഴിഞ്ഞ് ഇവിടെ വന്നാൽ മതി. പതിനെട്ടു കഴിയുമ്പോൾ നോക്കാം.'

ഷീല പറഞ്ഞു, 'പഠിക്കുമ്പോൾ വയറിനായി എന്തെങ്കിലും കൊടു ക്കേണ്ടി വരും.'

'മാനേജർ പറഞ്ഞു, 'നോക്കാം, നോക്കാം.'

അതിന്റെ വെളിച്ചത്തിൽ ഷീല സീതായയോടും അവരുടെ മരുമക ളോടും ഇതിനെപ്പറ്റി പറഞ്ഞു. അവർ ഉടനെ അവനെ ഷീലയുടെ കൂടെ പറഞ്ഞുവിടാൻ തയ്യാറായി.സീതായ പറഞ്ഞു, 'ഇവിടെയാണെങ്കിൽ കുശവർ ചൂളയിൽ മൺകലങ്ങൾ ചുട്ടെടുക്കും. അവൻ ചുട്ടടുപ്പിൽ തന്റെ കാല് ചുട്ടെടുക്കും.'

'ഞങ്ങൾ ദാബോളിയിലാണ് താമസം. വീട് അത്ര വലുതൊന്നുമല്ല. പുറമെ ഒരു മുറി, അകത്ത് വേറൊന്ന്.'

'നീ എങ്ങനെയെങ്കിലും അവനേയും കൊണ്ട് പോകൂ'

'സത്യം പറയുകയാണെങ്കിൽ കുറച്ച് കാത്തിരിക്കേണ്ടി വരും. തടസ്സമെല്ലാം സഹിക്കേണ്ടി വരും. എല്ലാം അവനോട് നേരെ പറയണം.' ഷീല കക്ഷത്തിലിരുന്നു കൊണ്ട് ചെവിയിൽ മൂളുന്നതുപോലെ ഇത്ര യും മനോഹരമായി സംസാരിക്കുന്നുണ്ടായിരുന്നു. അവൾ പറയുന്നത് എല്ലാം തന്നെ സത്യമാണെന്നേ തോന്നുകയുള്ളൂ.

വസന്ത് ഇത്തിരി സ്ഥിരതയില്ലാത്തവനും വികൃതിയുമായിരുന്നു. ഒരിടത്തും ഉറച്ചു നിൽക്കുമായിരുന്നില്ല. ഇപ്പോൾ മാവിന്മേൽ ആണെ ങ്കിൽ അടുത്തത് കശുമാവിന്മേൽ, ഇപ്പോൾ കശുമാവിന്മേൽ ആണെ ങ്കിൽ അടുത്തത് വെറെ എതെങ്കിലും വൃക്ഷത്തിൽ. മണ്ണെടുക്കുവാൻ കുളത്തിലേക്ക് പോകും. കുട്ടയും, കൂന്താലിയും അവിടെ തന്നെയിട്ട് കാട്ടിലൊക്കെ അലഞ്ഞു തിരിഞ്ഞ് നടക്കും. പതിനേഴു വയസ്സായെ ങ്കിലും കാണാൻ കൊച്ചു കുട്ടിയായിരുന്നു. മുത്തശ്ശിയും അമ്മയും അവനെ അടുത്തിരുത്തി എല്ലാം ശരിക്കു പറഞ്ഞു കൊടുത്തിട്ടുണ്ട്. 'നിനക്ക് ഒരു ആയുസ്സ് മുഴുവൻ ജീവിക്കുവാനുണ്ട്. ഈ കുശവപ്പണി

യിൽ ഇവിടെ ഒന്നും കിട്ടുകയില്ല. ഞങ്ങൾ ഇന്ന് ഉണ്ടാകും, നാളെ ഇല്ലാണ്ടാകും. നിന്റെ കൊച്ചു പെങ്ങൾമാരുടെ ഭാവി നീ തന്നെ നോക്കേണ്ടി വരും.'

ആ കുട്ടി അന്നത്തെ ദിവസം മുഴുവൻ മിണ്ടാട്ടമില്ലാതെയിരുന്നു. അവന്റെ കാലുകൾ ആരോ പിടിച്ചുകെട്ടിയ പോലെ തോന്നി. അമ്മ താര സന്ധ്യ മുഴുവനും അവന്റെ ശരീരത്തിലും, തലയിലും കൈ കൊണ്ട് തഴുകിയിരുന്നു.

പിറ്റേ ദിവസം രാവിലെ മുത്തശ്ശി പോകാനും , വരാനുമായി അവന്റെ കയ്യിൽ നൂറ്റി അമ്പതോളം രൂപ കൊടുത്തു. ധരിച്ചിരുന്ന ഒരു ജോഡി അഴുക്ക വസ്ത്രങ്ങൾ, പിന്നെ സഞ്ചിയിൽ വെച്ച ഒരു ജോഡി വസ്ത്രങ്ങൾ — ഷർട്ടും, ഹാഫ് പാന്റും. ഇത്രയും കൊണ്ട് അവൻ സദാനന്ദിന്റെയും ഷീലയുടെയും കൂടെ പോയി. ഇളയ രണ്ടു സഹോദരിമാരും അവനെ മാൻപേടകളെപ്പോലെ നിറകണ്ണുകളോടെ നോക്കിക്കൊണ്ടു നിന്നു.

സീതായ അവനെ വിടാൻ ബസ്സുവരെ പോയി. വഴി മുഴുവനും അവനോട് സദാനന്ദ് ചേട്ടനേയും, ഷീലച്ചേട്ടത്തിയേയും അനുസരിച്ചു കഴിയണം എന്നൊക്കെ പറഞ്ഞു കൊണ്ടിരുന്നു. കുട്ടിയെ നല്ലവണ്ണം നോക്കണം എന്ന് അവരോടും പറഞ്ഞു.

അവരെ ബസ്സിൽ കയറ്റി വിട്ട് മടങ്ങുമ്പോൾ സീതായ ശരിക്കും ക്ഷീണം കൊണ്ട് അവശയായി, കുനിഞ്ഞ് ആടിയാടി നടക്കുന്നുണ്ടായിരുന്നു. അതുകണ്ടാൽ ഇപ്പോൾ അവരുടെ കയ്യിൽ ഒരു ഊന്നുവടി കൊടുക്കണമെന്ന് തോന്നുമായിരുന്നു. അവർ വീട്ടിലെത്തിയപ്പോൾ മൂത്ത കോച്ചുമോൾ മാലി, അവൾക്കിപ്പോൾ പതിനാല് വയസ്സായി, വന്ന് മുത്തശ്ശിയോടു ചേർന്നുനിന്നു. സീതായ ഒന്നും മിണ്ടാതെ അവളുടെ മുടിയിൽ കൈകൊണ്ട് തഴുകിക്കൊണ്ടിരുന്നു.

35

സന്ധ്യയായി. ഇരുട്ട് പുക പോലെ വ്യാപിച്ചു തുടങ്ങി. സീതായ കോലായിൽ ഇരിക്കുന്നുണ്ടായിരുന്നു. അകത്ത് മരുമകൾ താര കഴുത്തിൽ ആരോ ഞെക്കിപ്പിടിച്ച പോലെ 'ഹും, ഹും' എന്ന് മൂളിക്കൊണ്ടിരുന്നു. കറുത്ത തിളങ്ങുന്ന കണ്ണുകളോടു കൂടിയ സുന്ദരിയും യുവതിയുമായിരുന്ന അവൾ ഇപ്പോൾ മെലിഞ്ഞു തുടങ്ങിയിരുന്നു, പറിച്ചിട്ട ചെടിയെപ്പോലെ. സീതായയുടെ ശക്തിയും ഇപ്പോൾ ക്ഷയിച്ചതായി തോന്നി. പൊക്കവും, തടിയുമുള്ള ആ സ്ത്രീയുടെ ശരീരം

ഇപ്പോൾ ആമയെപ്പോലെ ഉള്ളിലേക്ക് വലിഞ്ഞിരിക്കുന്നു. അവരുടെ കൊച്ചുമകൻ പോയിട്ട് ഇപ്പോൾ ഒന്നൊന്നര മാസമായി. കാട്ടിൽ പുല്ലു തിന്നു കൊണ്ടു നടക്കുന്ന പശുക്കുട്ടി പെട്ടെന്ന് കാണാതാകുമ്പോൾ വിഷമിച്ച് നിലവിളിക്കുന്ന തള്ളപ്പശുവിനെപ്പോലെയായിരുന്നു അവർ രണ്ടു പേരുടേയും അവസ്ഥ. അച്ഛൻ മരിച്ചതിൽ പിന്നെ വീട്ടിലുണ്ടായിരുന്ന ഒറ്റ ആൺതരി, അതും ഒന്നും അറിയാത്ത ഈ ചെറുപ്രായത്തിൽ ഉപജീവനത്തിനു വേണ്ടി ഇപ്പോൾ ദൂരെ ഏവിടേയോ പോയിരിക്കുന്നു.

സന്ധ്യയ്ക്ക് ആരോ അള്ളിപ്പിടിച്ച് പ്രകാശത്തിന്റെ കിരണങ്ങൾ പെറുക്കിയെടുത്ത് വെറും ഇരുട്ടുമാത്രം പുറത്തേക്ക് വിടുന്നതായി തോന്നി. മുൻവശത്തെ മലയിലെ ഇരുട്ട് കുളവും, നിലവുമൊക്കെ താണ്ടി കുശത്തെരുവിൽ വന്ന് ചൂളം വിളിക്കുന്നതു പോലെ തോന്നി. നാലു വശത്തും തണുപ്പ്. ഒരു ഒറ്റപ്പെടലിന്റെ അനുഭവം. സീതായ ആദ്യമായി ഇരുട്ടിനെ ഭയക്കുന്നപോലെ തോന്നി. അവർ സ്വബോധം നഷ്ടപ്പെട്ടപോലെ മരുമകളോട് ഉറക്കെ പറഞ്ഞു, 'താരേ, നിന്റെ മകൻ വസന്ത്, നീ നോക്കിക്കോ പാന്റും, ബൂട്ടും ഇട്ടു വരും. വരുമ്പോൾ നിനക്കു വേണ്ടി നോട്ടുകളുടേയും, സാരികളുടേയും കെട്ടുകൾ കൊണ്ടുവരും. ചിരിക്കേണ്ട സമയമല്ലേ നിന്റേത്. എന്തിനു കരയുന്നു? ഈ സന്ധ്യാസമയത്ത് അൽപ്പമെങ്കിലും സന്തോഷിക്കൂ. പെൺമക്കളുമൊത്ത് ഫുഗഡി* കളിച്ചോ.' താര അകത്ത് ഇരുട്ടിൽ മുഴുകിയിരുന്നു. അമ്മായി അമ്മയുടെ വാക്കുകൾ അവളെ ഉണർത്തിയതായി തോന്നി. അവൾ വിളക്കു വെക്കാനായി എഴുന്നേറ്റ് അകത്തു പോയി. പോകുമ്പോൾ അവൾ പറഞ്ഞു,

'നിങ്ങൾക്ക് വൃദ്ധചാപല്യമാണ്. ഈ ഭ്രാന്ത് എന്നോടു വേണ്ടാ.'

സീതായ ഇരുട്ടിൽ ഇരുന്ന് വീണ്ടും ചിന്തിക്കുവാൻ തുടങ്ങി. അവർക്ക് ശരിക്കും ഓർമ്മയുണ്ട് വിവാഹം കഴിഞ്ഞ് ഒരു സന്ധ്യക്കാണ് അവർ കുശത്തെരുവിലെത്തിയത്. തെരുവിലേക്ക് കയറുമ്പോൾ ഘനശ്യാമിന്റെ അച്ഛന്റെ കത്തിപ്പോയ വീട് കണ്ടു. കുടങ്ങൾക്കു വേണ്ടി നിൽക്കുന്ന ആളുകളുടെ നീണ്ട നിര അവിടെ കാണാമായിരുന്നു. വീടിരുന്ന സ്ഥലത്ത് മുഴുവൻ ചാരം മാത്രം ബാക്കി. ആളുകൾ പറഞ്ഞു,

'കുശത്തെരുവിന്റെ പടിഞ്ഞാറു വശത്ത് ഒരു ചൂളയുണ്ടായിരുന്നു. ഒരു ദിവസം ചൂള കത്തിച്ചപ്പോൾ കത്തിക്കൊണ്ടിരുന്ന ഒരു പുൽക്കൊടി കാറ്റത്തു പറന്നു വന്ന് മുകളിലോട്ട് ഉയരുകയും അത് വീടിൻമുകളിൽ ചെന്ന് വീഴുകയും ചെയ്തു. പുല്ലും മടലും കൊണ്ട് മേഞ്ഞ വീട് കത്തിയെരിഞ്ഞു, കുറച്ചു സമയം കൊണ്ട് അതു മുഴുവൻ ചാമ്പലായി. ഘന

* കൊങ്കണികളുടെ ഒരു നാടൻനൃത്തം

ശ്യാമിന്റെ പിതാവ് കുറച്ചു ദിവസം ഇവിടെയും അവിടെയുമായി പല വീടുകളുടേയും കോലായിൽ കയറി കിടന്നു. പിന്നെ ഒരു ദിവസം കക്ഷത്തിൽ സഞ്ചിയുമായി അയാൾ പല നാടുകളിലും പോയി ആളുകളുടെ സഹായം തേടി. അയാൾ പറഞ്ഞു, 'അഗ്നി എന്റെ വീട് കത്തിച്ചാമ്പലാക്കി. വീണ്ടും ഒരു വീടുണ്ടാക്കുവാൻ എന്നെ സഹായിക്കണം. നിങ്ങളുടെ ഒരു മുളയെങ്കിലും കിട്ടിയാൽ വലിയ ഉപകാരമായിരിക്കും.' ആളുകൾ നെല്ല്, അരി, പണം, അവരുടെ കയ്യിലുള്ളത് എന്താണോ അത് അയാളുടെ സഞ്ചിയിൽ ഇട്ടു. പിന്നെ അയാൾ അതേ സ്ഥലത്ത് പുതിയൊരു വീടുണ്ടാക്കി.

ഈ തെരുവിലെ ഓടു മേഞ്ഞ ഒരേ ഒരു വീട് ഇതാണ്. ആളുകൾ പറയും, 'അഗ്നിനാരായണന്റെ കൃപയാണ്'

ആ സമയത്ത് ആളുകൾ സുഖമായി കഴിഞ്ഞു. ഉത്സവത്തിന്, അനുഷ്ഠാനങ്ങൾക്ക് ആട്ടുകല്ലിൽ ഒരു ചെറിയ പാത്രം നിറയെ മാവ് അരയ്ക്കും. അപ്പം, ദോശ, പത്തിരി മുതലായവ ഉണ്ടാക്കി കഴിക്കും. ചട്ടി നിറയെ മീൻകറി. തലയിൽ മൺകലങ്ങളുടെ വലക്കൂട് എടുത്ത് വേനൽക്കാലം മുഴുവൻ ഉത്സവം ആഘോഷിക്കൽ. മധുരപലഹാരങ്ങൾ പോലെ മൺകലങ്ങൾ വിറ്റഴിയും. മൺകലങ്ങൾ വാങ്ങാനായി ആളുകൾ ഉത്സവസ്ഥലത്ത് വന്നു കൂടും. ഇന്നത്തെപ്പോലെ മൺകലങ്ങൾ മരണാവശ്യത്തിനു മാത്രമല്ല ഉപയോഗിച്ചിരുന്നത്.

പുരുഷന്മാർ സ്ത്രീകളേയും കൂട്ടി വിറകെടുക്കാൻ കാട്ടിലേക്ക് പോകും. തിരിച്ചു വരുമ്പോൾ തലയിൽ വിറകു കെട്ടുമായി വരുന്ന അവർ സന്തുഷ്ടരായിരിക്കും, അവരുടെ മുഖം ചുമന്നിരിക്കും. അന്ന് കാട് പച്ചപ്പ് നിറഞ്ഞതായിരുന്നു.... ഈ മല എത്ര അടുത്തായിട്ടാണ് തോന്നിയിരുന്നത്. കുളത്തിലെ കളിമണ്ണിന്റെ മണം കാറ്റു കൊണ്ട് മുറ്റത്തു വരെ എത്തുമായിരുന്നു. ശ്മശാനം മാത്രം അൽപ്പം ദൂരെ മലയുടെ മറുവശത്തായിരുന്നു. ഇന്ന് അത് മുറ്റത്തുള്ള പോലെ അടുത്തായി കാണപ്പെടുന്നു.

ഒരു വർഷം ഓർക്കാപ്പുറത്ത് ഗർഭിണികളായ എല്ലാ സ്ത്രീകളുടെയും ഗർഭം അലസിപ്പോയി. കുട്ടികൾ പെട്ടെന്ന് മരിച്ചു. കൃഷിക്കാരുടെ വയലുകളിലെ നെല്ലു മുഴുവൻ പതിരായി. തെങ്ങിലുള്ള മച്ചിങ്ങ മുഴുവനും കൊഴിഞ്ഞു വീണു. അതേ വർഷം എന്റെ ഭർത്താവ് മരിച്ചു. അന്നു മുതൽ ആളുകൾ ദുരാചാരികളായി അട്ടയുടെ കാലുകൾ എന്നപോലെ ദൂരെ ദൂരെ പോയിത്തുടങ്ങി. അവർ പിന്നെ അടുത്തു വന്നതേയില്ല. കുശത്തെരുവിലെ പാവം ആ മാവ് കൊല്ലം തോറും നിഷ്ഠയോടെ നിയമം പാലിച്ച് പൂത്തിരുന്നു. അതിന്മേൽ കണ്ണിമാങ്ങയുണ്ടാകും. അതും മുറിച്ചു താഴെയിട്ടപ്പോൾ അതിന്റെ മൂട്ടിൽ കുടം നിറയെ

കണ്ണുനീർ വീണ് അത് ചുനയായി മാറി. അത് ആർക്കു വേണ്ടിയാണ് കരഞ്ഞിരുന്നത്! ആരെയാണ് ശപിച്ചത്! ദൈവമേ, എന്റെ ഒരേ ഒരു വിത്ത് വയറു നിറക്കാൻ വേണ്ടി പുറംനാട്ടിൽ പോയിരിക്കുന്നു. അവ നെ രക്ഷിക്കണേ!

ക്ഷണത്തിൽ ഇരുട്ട് വ്യാപിച്ചു തുടങ്ങി. സീതായയുടെ ചെവികളിൽ ഇരുട്ടിന്റെ ചൂളംവിളി മുഴങ്ങിത്തുടങ്ങി. അവർ ചെവി കൊടുത്ത് ശ്രദ്ധിച്ചു. ഇങ്ങനെ ഇരുട്ടിന്റെ ചൂളംവിളി പണ്ടൊരിക്കൽ അവർ കേട്ടിരുന്നു. ഭർത്താവിന്റെ മരണശേഷം പന്ത്രണ്ടാം നാൾ രാത്രി..... മകൻ മരിച്ചപ്പോൾ മരുമകൾ രാത്രി മുഴുവൻ 'ഹും, ഹും' എന്നു ശബ്ദ മുണ്ടാക്കി തേങ്ങിത്തേങ്ങിക്കരഞ്ഞുകൊണ്ടിരുന്നു. അപ്പോഴും പുറമെ ഇരുട്ട് ചൂളം വിളിക്കുന്നുണ്ടായിരുന്നു.

കുശത്തെരുവിലാകമാനം തണുപ്പായിരുന്നു. ഇരുട്ടിന്റെ മേഘം വ്യാപിക്കുന്നതായും, അതിനകത്ത് ചിതൽപ്പുറ്റിനെപ്പോലെ വീടുകൾ നിൽക്കുന്നതായും തോന്നി. എല്ലാ മൺകലങ്ങളും അടിച്ചുടച്ച് ചൂളയിൽ വെള്ളവുമൊഴിച്ച് കുശവർ ശയ്യോപകരണങ്ങൾ കെട്ടിയെടുത്ത് പുറംനാട്ടിലേക്ക് പോയിരിക്കുന്നുവെന്ന് സീതായക്ക് തോന്നി. ഈ കാണുന്നതൊന്നും വീടുകളല്ല, വെറും ഉടച്ച മൺകലങ്ങളുടെ കഷ്ണ ങ്ങളാണ്.

വയലിന്റെ അടുത്തുള്ള വഴിയിൽ കൂടി ഇരുട്ടിൽ ആരോ വരുന്നു. സീതായ കുറച്ചൊന്ന് ഇരുട്ടിലോട്ടുനീങ്ങി. വന്ന മൂന്നുപേരും ആടി ആടി നടന്ന് അവരുടെ മുറ്റത്തു കൂടി കടന്നു പോയി. സീതായക്ക് ആ ശ്ചര്യം തോന്നി. ഇവർ മദ്യപിച്ചിരിക്കുന്നു. ഇവരുടെ കീഴ്താടി എന്താ ഇരുന്നുപോയത്? അവർക്കു തോന്നി, ഇവർ മദ്യത്തിന്റെ ശക്തി കാര ണം ശബ്ദമുണ്ടാക്കി തെരുവിലുള്ളവരെ മുഴുവൻ വിളിച്ചുണർത്തും. ഇവരിൽ പുറകിലുള്ളവനെ അവർ തിരിച്ചറിഞ്ഞു. ചെറിയ കുടം പോലെ ഇരിക്കുന്ന ശാണു. ഭാര്യ മരിച്ചപ്പോൾ ഈ മനുഷ്യൻ വീട്ടിൽ നിന്നും പുറത്തായി. എന്നും വൈകിട്ട് മദ്യപിക്കും. തലയും കുനിച്ച് എവിടെയെങ്കിലും ഇരിക്കും. ഒരു വാക്ക് പോലും പറയുകയില്ല. മാത്ര മല്ല, രാത്രി കൂകി വിളിച്ച് ഭാര്യയെ അന്വേഷിച്ച് കാടുകളിൽ നടക്കും.

ചൂളയുടെ വഴിയിൽ കുറ്റിയിൽ കെട്ടിയ രാമചന്ദറിന്റെ കാളകൾ കുറ്റിയിൽ കൊമ്പുകൾ ഉരച്ചുകൊണ്ടിരുന്നു. അവയെ ഇവിടെ കൊണ്ടു വന്ന് കെട്ടിയിട്ടിട്ട് ദിവസങ്ങൾ പതിനഞ്ചായി. ഇടക്കിടയ്ക്ക് വിശപ്പു കൊണ്ട് ദേഷ്യം വന്ന മട്ടിൽ രാത്രികാലങ്ങളിൽ അവ കുറ്റിയിൽ 'ഖഡ്, ഖഡ്' ശബ്ദമുണ്ടാക്കി കൊമ്പുകൾ ഉരയ്ക്കും. ഈ കാളകൾക്ക് കുശത്തെരുവിൽ ഒട്ടും സമാധാനമില്ലെന്ന് കണ്ടാൽ തോന്നും. നല്ല വയറുണ്ട്. പക്ഷെ വളരെ മെലിഞ്ഞിരിക്കുന്നു. എപ്പോഴും കണ്ണുകളിൽ

നിന്ന് വെള്ളം ഒഴുകുന്നത് കാണാം.

ഇതിനിടയിൽ ഇനിയൊരാൾ കൂടി ഇരുട്ടിൽ ക്ഷോഭിച്ചു കൊണ്ട് വരുന്നത് കണ്ടു. അയാൾ എങ്ങാനും തെറ്റി കിണറിന്റെ വഴിക്ക് പോകുമോ എന്ന് സീതായക്ക് ഭയം തോന്നി. ചുറ്റുമതിലില്ലാത്ത ഈ കിണറ് എത്രയോ കാലമായി വാ തുറന്ന് കാത്തിരിക്കുന്നു. പകലോ, രാത്രിയിലോ, എപ്പോഴെങ്കിലും ആരെങ്കിലും ഇതിനകത്ത് വീഴുമെന്ന് തോന്നിപ്പോകുന്നു.

സീതായയുടെ മുറ്റത്തെത്തിയ അയാൾ ആരാണ് ? അയാൾ ദയനീയമായി വിളിച്ചു, 'സീതായഅമ്മേ'

അയാൾ വാതിൽക്കൽ വന്നു നിന്നു. പെട്ടെന്ന് മദ്യത്തിന്റെ ഒരു ഗന്ധം.

'ആരാ, ധർമ്മുവിന്റെ പ്രേമാനന്ദ് ആണോ? ഇന്നലത്തെ കൊച്ചല്ലേ നീ, എന്താണടാ നിന്റെ അവസ്ഥ! അച്ഛനും കുടിയനായിരുന്നു. നിനക്കും ഇത് വേണമായിരുന്നോ, എന്തിന്?'

'അച്ഛൻ അന്നം മുടക്കിയില്ലേ? ഇപ്പോളാണെങ്കിൽ മൺകലങ്ങൾക്ക് യാതൊരു വിലയുമില്ല. ഞാൻ മാജാളയിലെ കൊല്ലക്കുടിയിൽ കൂടം കൊണ്ടു ഇരുമ്പ് തല്ലി പാകപ്പെടുത്താൻ പോകുന്നു. കൈ കണ്ടില്ലേ?'

'ഇപ്പോഴെങ്ങനെയുണ്ട് ഈ കൈകൾ?' മുമ്പ് കൂടം കൊണ്ട് ഇരുമ്പ് തല്ലി പാകപ്പെടുത്തുമ്പോൾ അയാളുടെ കൈപ്പത്തിയിലെ വിരലുകൾ പൊട്ടി അതിലൂടെ രക്തം ഒഴുകിയിരുന്നു. സീതായക്ക് ഇത് അറിയാമായിരുന്നു.

'കൈകൾ നശിച്ചു പോകട്ടെ കൂടം കൊണ്ട് നൂറു പ്രാവശ്യം തല്ലിയാൽ ഇരുപതു രൂപ കിട്ടും. അതു തന്നെ വലുത് . അച്ഛന് ഇപ്പോൾ വിശപ്പുണ്ടാകാറില്ലെന്നു പറയുന്നു. അദ്ദേഹം അധികം താമസിയാതെ മരിക്കും. അമ്മയ്ക്ക് ദിവസവും പത്തു രൂപ കൊടുക്കും. അച്ഛൻ മരിച്ചാൽ അവർ രക്ഷപ്പെടും.'

അവന്റെ ഈ സംസാരം കേട്ട് സീതായയുടെ മനസ്സിൽ മുള്ളു തറച്ച പോലെയായി. അവർ നിശ്ശബ്ദയായി. പ്രേമാനന്ദ് തടർന്നും സംസാരിക്കുന്നുണ്ടായിരുന്നു. 'ചുറ്റിക മണ്ണടിച്ചു പരത്തുന്ന കുശവന്റെ ആയുധമാണ്. അത് പൂക്കൾ പോലെയുള്ള കൈകൾ കൊണ്ട് ചെയ്യുന്നതല്ല. അതു കൊണ്ട് ചൂടായ ലോഹത്തിന്മേൽ അടിച്ചു കഴിഞ്ഞാൽ തീ പാറിപ്പറക്കും.'

മരുമകൾ താര വാതിൽക്കൽ വന്നു. 'എന്താ അമ്മേ ഈ ഇരുട്ടിൽ ഒരു ഭൂതത്തെപോലെ ഇരിക്കുന്നത്? മലയുടെ അടിവാരത്ത് ശ്മശാന

ത്തിൽ ആരെങ്കിലും ചിത കത്തിച്ചത് നോക്കിയിരിക്കുകയാണോ? നിങ്ങളുടെ ഈ തെരുവ് നശിച്ചതാണ്. വാതിൽക്കൽ നിന്നാൽ ചിത കത്തുന്നതു കാണാം.'

'എന്ത് അനാവശ്യമാണ് നീ പറയുന്നത്, അതും ത്രിസന്ധ്യാസമയത്ത്? നിന്റെ മകൻ ഉപജീവനത്തിനായി പുറംനാട്ടിൽ പോയിരിക്കുകയല്ലേ?.....' സീതായ കുറച്ചു നേരം മിണ്ടാതിരുന്നു. പിന്നെ അകത്തോട്ട് മുഖം തിരിച്ച് പറഞ്ഞു, 'താരേ ഞാൻ മരിച്ചാൽ എന്റെ കൊച്ചുമകനെക്കൊണ്ട് തന്നെ ദഹിപ്പിക്കണം. പ്രേതത്തെ കാത്തു വെച്ച് അവനെ കൊണ്ടുവരാൻ ഗോവയിൽ ആളെ അയക്കണം.' പിന്നെ ദീർഘശ്വാസം വലിച്ച് അവർ പറഞ്ഞു, 'എന്റെ കൊച്ചുമകളുടെ വിവാഹം കഴിയാതെ ഞാൻ മരിക്കുകയില്ല.'

താരയ്ക്ക് അമ്മായി അമ്മയോട് വളരെയധികം സ്നേഹമുണ്ട്. അവൾക്ക് സീതായയോട് ദയ തോന്നി.

അവരുടെ മുമ്പിലിരുന്ന് കരയണമെന്ന് തോന്നി. അവൾ പെട്ടെന്ന് അകത്തേക്ക് പോയി, 'വരൂ, ഊണു കഴിക്കാൻ വന്നോളൂ. ഞാൻ വിളമ്പിത്തരാം.'

36

മാജാളയിൽ പൗഷമാസത്തിലെ പൗർണമി നാളിൽ നടത്തുന്ന ഭാണ്ടി ഉത്സവത്തിന് എട്ടുദിവസം കഴിഞ്ഞു. ആദ്യത്തെ നാലു ദിവസം വലിയ തിരക്ക് അനുഭവപ്പെട്ടു. ഉത്സവത്തിന്റെ ബഹളം, രഥം വലിച്ചപ്പോൾ 'അയ്യയ്യോ വരൂ, വരൂ, രഥമേ വരൂ' എന്ന ശബ്ദം, രഥത്തിന്റെ ചക്രങ്ങളുടെ കരകര ശബ്ദം, രാത്രി കാലങ്ങളിൽ നാടകത്തിലെ അഭിനേതാക്കളുടെ സംവാദത്തിന്റെ ശബ്ദം കുശത്തെരുവ് വരെ നന്നായി കേൾക്കാമായിരുന്നു. പണ്ട് സീതായ ഒരു വലക്കൂടു നിറയെ മൺകലങ്ങളും കൊണ്ട് ഉത്സവത്തിന് പോകുമായിരുന്നു. കലങ്ങൾ വിൽക്കുന്ന കൂട്ടത്തിൽ ഉത്സവത്തിലും പങ്കെടുക്കും. മകൻ മരിച്ചപ്പോൾ അവർ ഉത്സവത്തിന് പോയില്ല. ത്രിസന്ധ്യാസമയത്ത് പുറമെ വരാന്തയിലിരുന്ന് ഉത്സവത്തിന്റെ ബഹളത്തിന്റെ കൂടെ എല്ലാ ചിത്രങ്ങളും കൺമുമ്പിൽ കാണും. അവർക്ക് ഉത്സവത്തിൽ എറ്റവും കൂടുതൽ ഇഷ്ടം ഈ സമയത്ത് കുട്ട നിറയെ വിൽക്കാൻ വെക്കുന്ന കനകാമ്പരപ്പൂക്കളായിരുന്നു. ആ പൂക്കളും ചൂടി തലയിൽ വിളക്കുകളുമെടുത്ത് രഥത്തിന് മുമ്പിൽ നടക്കുന്ന നൂറു കണക്കിന് സുമംഗലികൾ. ഇപ്പോൾ അത് അവർക്കും, അവരുടെ മരുമകൾക്കും ഓർക്കാൻ പോ

ലും പറ്റുകയില്ല. കനകാമ്പരപ്പൂക്കൾ കാണുമ്പോൾ തന്നെ ശരീരത്തിന കത്ത് ഒരു വിറയൽ. ജീവന് ഉൽകണ്ഠ, മനസ്സാണെങ്കിൽ ആരേയോ ശപിക്കുന്നു.

ഉത്സവദിവസം കുശത്തെരുവിൽ വലിയ വെടിക്കെട്ടു ണ്ടായി. വീട്ടിനകത്ത് നാലു കോഴികളെ അറുത്തു. ചെറിയ പാത്രം നിറയെ ദോശമാവ് അരച്ചു വെച്ചു. പാത്രം നിറയെ ദോശകൾ ചുട്ടെടുത്തു. പോള്യാസാനിൽ കാൽനടയായി പോയി ഒരാൾ മദ്യത്തിന്റെ രണ്ടു വലി യ കുപ്പികൾ വാങ്ങിക്കൊണ്ടുവന്നു. അസനോടി, കണസഗിരി, ഫാതർപെ, ജാംബാവലി മുതലായ സ്ഥലങ്ങളിൽ നിന്നും ആൾക്കാർ എത്തി. ശിവറാമ് വാടകക്ക് ഒരു പെട്രോമാക്സ് കൊണ്ടുവന്ന് അത് കത്തിച്ചിട്ട് മുറ്റത്തെ പന്തലിൽ തൂക്കിയിട്ടു. അതിന്റെ പ്രകാശം മറ്റു കുശവരുടെ വീടുമുറ്റത്തോളം എത്തിയിരുന്നു. വീടിന്റെ പൂമുഖത്തും ഇത്തിരി കാണാമായിരുന്നു. രാത്രിയായപ്പോഴേക്കും വീടുകളിൽ നിന്ന് സംസാരിക്കുന്നതിന്റെ ശബ്ദം കേട്ടുതുടങ്ങി. തെരുവ് ഒരു തരം താന്തോന്നിത്തത്തിന്റെ ലഹരിയിലായിരുന്നു. കുശവൻ ക്ഷണനേര ത്തേക്ക് തന്റെ എല്ലാ കഷ്ടതകളും, ദു:ഖങ്ങളും കഴിഞ്ഞു പോയ കാലത്തിനോപ്പം മറന്നു കളഞ്ഞു.

ഇന്ന് കുശത്തെരുവ് പൊടിയെല്ലാം നിലത്ത് അടിഞ്ഞതുപോലെ തണുത്തിരുന്നു, അലസമായിരുന്നു. മലയുടെ ചരിവിൽ കൂടി ഒഴുകി വരുന്ന വെള്ളം മുഴുവൻ കുളത്തിന്റെ അടിത്തട്ടു വരെ ചെന്നു ചേർന്നു. നാലു ചുറ്റുമുള്ള കുശവരും കൃഷിക്കാരും കുട്ടകൾ നിറയെ കുളത്തിലെ പലതരം മത്സ്യങ്ങൾ പിടിച്ചുകൊണ്ടു പോയി. വെള്ളം ചളിയോടുകൂടി കലക്കിയിട്ടിരുന്നു. രാത്രി അതിന്റെ ദുർഗന്ധം കുശക്കുടിവരെ എത്തി. സീതായയുടെ മനസ്സിൽ ഒരു ചോദ്യം ഉയർന്നു. 'ഈ ചീഞ്ഞ കളിമണ്ണു കൊണ്ടുള്ള കലങ്ങൾ ചൂളയിൽ വെച്ച് ചുട്ടെടുക്കുമ്പോൾ എങ്ങനെ നിറം മാറി ചുമപ്പാകുന്നു?' ചിലപ്പോൾ ആ കലങ്ങൾ മുടി നിറയെ കനകാമ്പരപ്പൂക്കൾ ചൂടിയ സുമംഗലികളുടെ തല പോലെ അവൾക്കു തോന്നി. ഈ പ്രശ്നം സദാനന്ദിന്റെ മുമ്പിൽ വെക്കേണ്ടിയിരുന്നു. അവനാണെങ്കിൽ ഈ കുശവപ്പണിയിൽ പുരോഗതിയില്ലെന്നു പറഞ്ഞ് ഇപ്പോൾ പുണെയിൽ പോയി. സദാനന്ദ് വിദ്യാഭ്യാസം പൂർത്തിയാക്കി.. അവൻ തന്റെ കണ്ണുകളിൽ നിന്ന് സ്വർണ്ണനിറം ചിതറുന്നതായികാണു ന്നവർക്കു തോന്നുന്നു. സഖാറാമിന്റെ ഭാര്യ ഷീല വഴിതെറ്റിവന്ന ഒരു സ്വർണ്ണമാനിനെപ്പോലെ ഈ നാട്ടിൽ എത്തി. അവളും കുശവന്റെ ഈ നാട് വിട്ടു പോയി. ഇവിടെ നല്ലവർക്ക് സ്ഥലമില്ല, എന്താ!

സീതായക്ക് പെട്ടെന്ന് ഓർമ്മ വന്നു. ഇപ്പോൾ മാവ് പൂക്കുന്ന കാലമാണ്. മാവിൻ പൂങ്കുലകൾ ചെറിയ രഥങ്ങളെപ്പോലെ കാണുമായി

രുന്നു. പൂക്കളുടെ ഗന്ധം തെരുവു മുഴുവനും വ്യാപിച്ചിരുന്നു. ഈശ്വരാനുഗ്രഹമെന്നു പറയുന്നത് ഇതു തന്നെയാണെന്ന് അവർക്കു തോന്നി. കായ ഉണ്ടാകുന്നതിനു മുമ്പ് പൂക്കളുടെ ഗന്ധം. ആ അനുഗ്രഹം ഇപ്പോൾ ഇല്ലാതായി. മാവുണ്ടായിരുന്നപ്പോൾ ഈ കുശത്തെരുവ് ഒരു ക്ഷേത്രമായിരുന്നു. ഇപ്പോൾ ആ തേജസ്സ് നഷ്ടപ്പെട്ടിരിക്കുന്നു.

ഇതിനിടയിൽ വിഷ്ണുവിന്റെ ഭാര്യ ജായുവിന്റെ വേദന കൊണ്ടു പുളയുന്ന ശബ്ദം കേട്ടു. ഭയം കൊണ്ട് അവൾ പകുതി മരിച്ച പോലെയാണ്. കുറച്ചു ദിവസം മുമ്പ് അവളുടെ ശരീരത്തിൽ ചുമന്ന പാടുകൾ കണ്ടു തുടങ്ങി. വിഷ്ണു അവളേയും കൊണ്ട് ഗോവയിൽ ബാംബോളെ ആശുപത്രിയിൽ പോയി. അവളുടെ ഗർഭാശയത്തിൽ മുഴകൾ വളരുന്നതായി കണ്ടു. കാൻസർ കൊണ്ട് അങ്ങനെ സംഭവിക്കാമെന്ന് ഡോക്ടർ പറഞ്ഞു. എട്ടു ദിവസം കഴിഞ്ഞ് ഗർഭപാത്രം എടുത്തു കളയാൻ വീണ്ടും ആശുപത്രിയിൽ ചെല്ലാൻ പറഞ്ഞു. ജായുവിന് അഞ്ചു കുട്ടികൾ. സുന്ദരിമാരായ മൂന്നു പെൺകുട്ടികൾ വിവാഹം കഴിഞ്ഞ് തങ്ങളുടെ ഭർത്താക്കന്മാരുടെ കൂടെ ജീവിക്കുന്നു. രണ്ടു ആൺകുട്ടികൾ. രണ്ടുപേരും സൽസ്വഭാവികൾ. ദയവു കാണിക്കുന്ന കുട്ടികൽ, മറ്റുള്ളവർക്ക് തണൽ നൽകി സ്വയം വെയിലത്ത് നിൽക്കുന്നവർ. ആ ഗർഭപാത്രത്തിൽ ഇപ്പോൾ മുഴകൾ! വിഷ്ണു ഇപ്പോൾ ചക്രം തിരിക്കാറില്ല. ഒരു കലം പോലും ഉണ്ടാക്കുന്നില്ല. കലംതല്ലി ഒരിക്കൽ പോലും കയ്യിൽ എടുക്കുന്നില്ല. നിരാശാഭരിതനായി പറയുന്നു, 'ഞാൻ ഇന്നു വരെ എത്രയോ കലങ്ങളുണ്ടാക്കി, ഭാര്യ എത്രയോ പ്രാവശ്യം ഗർഭം ധരിച്ചു. പിന്നെയും ഞങ്ങൾക്ക്, കുശവർക്ക് ജീവിതത്തിൽ വിജയമില്ല.'

37

ഇന്ന് സൂര്യന് പ്രകാശം മാത്രമേ ഉണ്ടായിരുന്നുള്ളൂ. വെയിൽ ഒട്ടും തന്നെ ഇല്ലായിരുന്നു. തിരശ്ശീല കൊണ്ട് സൂര്യന്റെ മുഖം മറച്ചതു പോലെ തോന്നി. ദൂരെ മലയിടുക്കിൽ കാവൽക്കാരെപ്പോലെ ഒരേ നിരയിൽ നിൽക്കുന്ന വെളുത്ത അർജ്ജുനവൃക്ഷങ്ങൾ ഇപ്പോഴും മഞ്ഞിൽ നിന്ന് പൂർണ്ണമായി മുക്തരായിട്ടില്ല... കുളത്തിന്റെ അരികിൽ നിൽക്കുന്ന മുളങ്കാടിന്റെ വേരുകൾ രാക്ഷസന്റെ മുടിക്കെട്ട് പോലെ കാണാം. കുളത്തിനു ചുറ്റും നല്ല തണുപ്പ്. പക്ഷി ചിലയ്ക്കുന്ന ശബ്ദം പോലും ഇല്ലായിരുന്നു. തെരുവിന്റെ പുറകെയുള്ള വഴിയിൽ ഒരു

കൃഷിക്കാരൻ 'ഘടഘട' ശബ്ദത്തോടെ നുകം കെട്ടിയ കാളകളെ തെളിയിച്ച് വയൽ ഉഴുകയായിരുന്നു. അയാൾ ഇടയ്ക്ക് കാളയുടെ പുറത്ത് വടി കൊണ്ട് അടിക്കുന്ന ശബ്ദം ഇവിടെ കേൾക്കാമായിരുന്നു.

കുശവൻ എന്നും രാവിലെ വൈകിയേ എഴുന്നേൽക്കാറുള്ളൂ.. കൃഷിക്കാർ അവരെപ്പറ്റി പറയും,

'നിങ്ങൾ ഉറങ്ങുമ്പോൾ സൂര്യനെ കാലു കൊണ്ട് ചവിട്ടുന്നതിനാൽ നിങ്ങളുടെ വയറുകൾ നിറയുന്നില്ല.'

പക്ഷെ, അങ്ങനെയല്ല. കുശവൻ രാത്രി മുഴുവൻ ചിമ്മിണി വിളക്കിന്റെ പ്രകാശത്തിൽ മൺകലം ഉണ്ടാക്കിക്കൊണ്ടിരിക്കും. അവരുടെ സ്ത്രീകളും അവിടെ തന്നെ ചുറ്റിപ്പറ്റി നടക്കും. ഭർത്താവില്ലാതെ അവർ ഉറങ്ങാൻ പോകുകയില്ല. അന്നേ ദിവസം രാവിലെ എഴുന്നേറ്റ് അവർ കരിയെടുത്ത് പല്ലു തേച്ചുകൊണ്ടിരുന്നപ്പോൾ മലയുടെ മൂട്ടിൽ നിന്ന്, കുളത്തിനരികിൽ കൂടി 'ഘരഘര' ശബ്ദം കേട്ടു തുടങ്ങി.

ആളുകൾക്ക് ആശ്ചര്യമായി. മലയുടെ വഴിയിൽ ഇത് എന്തു യന്ത്രമാണ് ശബ്ദമുണ്ടാക്കുന്നത്! ഇടത്തേ വഴിയിൽ ദൂരെ വയലിൽ നോക്കിയാൽ പുരുഷന്മാരും സ്ത്രീകളും കൂടി ഇരുപതോളം ജോലിക്കാർ മഞ്ഞിൽനനഞ്ഞ് പാടത്തുകൂടി നടന്ന് കുളത്തിനരി കിൽ കൂടി പോയി. അവരുടെ കൈകളിൽ കുട്ടകൾ, മൺവെട്ടികൾ, പിക്കാസ് മുതലായ ഉപകരണങ്ങൾ ഉണ്ടായിരുന്നു. കുശവർ ഭയന്ന് നെഞ്ചിടിപ്പോടു കൂടി ആ വഴിയിലേക്ക് നോക്കിയിരുന്നു. കയ്യിൽ ഈ ഉപകരണങ്ങളുമായി ഓടിപ്പോകുന്നത് ആരുടെ ശവങ്ങൾ കുഴിച്ചിടാനാണ്? തങ്ങളുടെ തന്നെ കഴുത്തുകൾ വെട്ടി മരിക്കാനാണോ?

ഫാൽഗുന മാസത്തിൽ ഇലകൾ കൊഴിഞ്ഞ് ചെടികൾ അധികവും മൊട്ടയടിച്ചതു പോലെ തോന്നി. കുറച്ചു തളിരുകൾ മാത്രം നിൽക്കുന്നുണ്ടായിരുന്നു. ദൂരെ മലകളിൽ തളിരുകൾ കുഴികൾ പോലെ കാണപ്പെട്ടു. കുളത്തിലെ വെള്ളവും ഇപ്പോൾ വറ്റിപ്പോയിരുന്നു. ചളിയോടു കൂടിയ നനവ് മാത്രം ഉണ്ടായിരുന്നു. കുളത്തിൽ വിരിഞ്ഞ താമരകളും, അവയുടെ ഞെട്ടുകളും, ഇലകളും ഇപ്പോൾ ചളിയോടുകൂടി അടിയിൽ പറ്റിപ്പിടിച്ചിരുന്നു. ഇനി എട്ടു ദിവസം കഴിഞ്ഞാൽ കുശവർ കുളത്തിൽ നിന്ന് മണ്ണെടുക്കാൻ പോകും.

കുശവർ നിൽക്കുന്നിടത്ത് തണുപ്പു കൊണ്ട് വിറച്ച് അവർ താഴെ ഇരുന്നു. വയറ് തുടിക്കുന്നുണ്ടായിരുന്നു. മലയുടെ അരികിൽ ഇതെന്തു ശബ്ദമാണ്? രാമചന്ദർ രാവിലെ കാളകളെ അഴിച്ചുവിട്ട് കുളത്തിനരികെയുള്ള വഴിയിലൂടെ തെളിച്ചു കൊണ്ടുപോയി. കാളകളെ അവിടെ

തന്നെ വിട്ട് അയാൾ തിരിച്ചു വന്നു.

അയാൾ പറഞ്ഞു, 'മാജാളയിൽ വഴിയുണ്ടാക്കുവാൻ രണ്ടു ബുൾഡോസറുകളും രണ്ടു ട്രക്കുകളും കുളത്തിനടുത്ത് എത്തിയിട്ടുണ്ട്. കാർവാർ വഴി വന്ന ഉടമസ്ഥനും, കരാറുകാരനും കുളത്തിൽ പണിയെടുക്കുവാൻ ലമാണ* രുടെ ഒരു സംഘവുമെത്തിയിട്ടുണ്ട്. 'ഘനശ്യാമ് പറഞ്ഞു, 'വർഷം മുഴുവനും അവരുടെ വയലുകൾ, തെങ്ങുകൾ, കവുങ്ങുകൾ എല്ലാം അവർ നനയ്ക്കും. സുഖമായി ജീവിക്കും.

ഞങ്ങൾക്ക് മൺകലങ്ങളുണ്ടാക്കുവാൻ കുട്ട നിറയെ മണ്ണ് കിട്ടുകയില്ല. മണ്ണിനു വേണ്ടി യാചിച്ച് ഞങ്ങൾ എവിടെയാണ് പോകേണ്ടത്.

അയാൾ സീതായയെ ഉറക്കെ വിളിച്ചു. 'സീതായച്ചേച്ചീ, കണ്ടോളൂ, കുളത്തിൽ ആർക്കോ വേണ്ടി മരണത്തിന്റെ 'ഘരഘര' ശബ്ദം എത്തിയിരിക്കുന്നു. സീതായ തണുത്ത കാലുകളുമായി വന്ന് അവരുടെ കൂടെയിരുന്നു.

കൈകളും, കാലുകളും ഒടിഞ്ഞ് ശരീരം തകർന്നു കിടന്നതു പോലെ.........

* * *

*പണിയെടുക്കുന്ന ഒരു വർഗ്ഗത്തിന്റെ പേര്



The testimonial in Konkani Language as published in "Hortus Malabaricus", a comprehensive treatise that deals with the medicinal properties of the flora in the Indian state of Kerala, concieved by Hendrik van Rheede who served as a Governor of Dutch Malabar between 1670 and 1677. The testimonial certifies the authenticity of medicinal information rec

orded in the Volumes. It has been inscribed in Konkani Language, duly signed by Ranga Bhatta, Vinayaka Pandit and Appu Bhatta, three Konkani Physicians, who were the prominent contributers to the work. Apart from Latin, the plant names have also been recorded in Konkani Language in these volumes.

ശ്രീ. മഹാബളേശ്വർ സൈൽ (1943-) കൊങ്കണി ഭാഷയിലെ പേരുകേട്ട കഥാകൃത്തും നോവലിസ്റ്റുമാണ്. കൊങ്കണി നോവൽ സാഹിത്യത്തിൽ പുതിയ പ്രവണതകളുടെ വക്താവായി അദ്ദേഹം നിലക്കൊള്ളുന്നു. ഗോവയുടെ അതിർത്തിയിൽ കിടക്കുന്ന ഉത്തരകർണ്ണാടകത്തിലെ കാളീ നദീതീരത്തു താമസിക്കുന്ന ജനങ്ങളുടെ ജീവിതത്തെ ചിത്രീകരിക്കുന്ന അദ്ദേഹത്തിന്റെ 'തരംഗാം' എന്ന ചെറുകഥാ സമാഹാരത്തിന് 1993-ലെ കേന്ദ്ര സാഹിത്യ അക്കാദമിയുടെ പുരസ്കാരം ലഭിച്ചിട്ടുണ്ട്. കാർവാറിലെ കുശവരുടെ ജീവിതത്തെക്കുറിച്ചു പറയുന്ന 'ഹാവ്ഠണ്' എന്ന നോവൽ വളരെ പ്രാധാന്യമർഹിക്കുന്നു. ഈ നോവലാണ് ഇവിടെ 'ചൂള' എന്ന പേരിൽ മലയാളത്തിൽ ഡോ. എൽ. സുനീതാ ബായ് പരിഭാഷപ്പെടുത്തിയിരിക്കുന്നത്.

കൊച്ചി സർവകലാശാലയിൽനിന്ന് ഹിന്ദി വിഭാഗം മേധാവിയായി വിരമിച്ച ഡോ. എൽ. സുനീതാ ബായ് (1944-) ഒരു കൊങ്കണി നിഘണ്ടു പ്രസിദ്ധീകരിച്ചിട്ടുണ്ട്. വിവിധ ഗവേഷണ പ്രബന്ധങ്ങളും വിവർത്തനങ്ങളുമായി പതിനെട്ട് പുസ്തകങ്ങൾ ഇവരുടേതായിട്ടുണ്ട്. ഭാരതീയ അനുവാദ പരിഷത്തിന്റെ 2005-2006-ലെ 'ദ്വിവാഗീശ് പുരസ്കാരം' ഇവർക്ക് ലഭിച്ചിട്ടുണ്ട്.

മംഗലാപുരത്തെ 'കൊങ്കണി ഭാസ് അനി സംസ്കൃതി പ്രതിഷ്ഠാൻ' ഏർപ്പെടുത്തിയ ഒരു ലക്ഷം രൂപയുടെ 'വിമല വി. പൈ വിശ്വകൊങ്കണി സാഹിത്യ പുരസ്കാരം' 2010-ൽ ലഭിച്ച നോവലാണ് 'ഹാവ്ഠണ്'. ബാംഗ്ലൂരിലെ ശ്രീ. ടി.വി. മോഹൻദാസ് പൈ നൽകിയ മൂലധനം ഉപയോഗിച്ച് ഉത്തമ കൊങ്കണി കൃതിക്കുള്ള ഈ പുരസ്കാരം പ്രതിവർഷം നൽകിവരുന്നു.

കൊങ്കണി ഭാസ് അനി സംസ്കൃതി പ്രതിഷ്ഠാൻ,
വിശ്വ കൊങ്കണി കേന്ദ്രം, കൊങ്കണി ഗാംവ്, ശക്തിനഗർ, മംഗളൂർ - 575 016
www.vishwakonkani.org
ISBN 978-81-922856-7-2